This is a Centrally Sponsored Scheme having 50% Central Assistance. All pre-examination training centres in the state will function under this scheme and will be strengthened suitably under an apex body. It is intended to raise the standard of instructions in these centres as recommended by the Working Group. Training for writing entrance examinations of professional courses will also be given by these centres. Training for selected scheduled caste youths who are appearing for All India Service Examinations will be provided through the training centre established exclusively for the purpose. The Civil Service Examination Centre is proposed to be converted into a society (autonomous) and the provision includes the grant for the proposed society.

3. *Enforcement of PCR Act* .

(Outlay Rs. 12.00 lakhs)

The financing of the Police Squad will be done within the provision. The provision will be utilised for the organisation of "Awareness Camps" among Scheduled Castes in the districts of Idukky, Palakkad, Wayanad and Kasaragod. It is also proposed to form concensus groups at every Block/Panchayat among Scheduled Castes, especially in the above districts who will take up issue of attrocities on Scheduled Castes. The groups will have Scheduled Caste representatives and the elected SC/ST member of the Panchayat. A committee in each Taluk/Block level with the Taluk Development Officer for Scheduled Castes, Circle Inspector of Police and a member of the group will review every month the situation and take suitable action. Involvement of valuntary agencies or N.G.O's in the PCR will go a long way in the creation of awareness.

Exhibition of boardings, depicting the evils of untouchability, staging of dramas, conduct of seminars, conscientisation campaign and assistance to voluntary organisation etc., are also envisaged as part of the programmes. A programme of establishing counselling and guidance centres in each block so as to have an improved delivery system of benefits, opportunities, etc., is also thought of SC Women may be brought under the programme by organising them.

The provision under this scheme is also intended to ameliorate the social isolation and hardship experienced by the intercaste married couples and to make them self dependent for earning their livelihood. The assistance will be linked with an economic enterprises and the department will explore the possibility of availing institutional finance also for the beneficiaries to set up the enterprise.

4. *Kerala Institute for Research, Training and Development Studies for Scheduled Castes and Scheduled Tribes (KIRTADS)*

(Outlay Rs. 15.00 lakhs)

The Kerala Institute for Research, Training and Development Studies for Scheluled Castes/Scheduled Tribes is a specialised centre for research and evaluation. The centre is entrusted with the task of conducting studies and research during 1993-94 in areas of Scheduled Castes and Scheduled Tribes life, culture and development. Training programmes for officials and non-officials will also conducted during the year.

**Construction work**

For the construction of the head quarters building administrative sanction for Rs. 52 lakhs has been issued. The first phase of the Administrative Block has been constructed incurring an amount of Rs. 31 lakhs.

A separate building for Museum as envisaged in the original plan is to be constructed to conserve and display SC/ST artifacts collected so far.

Hence out of the total provision of Rs. 15 lakhs an amount of Rs. 3 lakhs is set apart for the construction of the proposed building for Museum in the KIRTADS campus during 1993-94.

5. *Book Banks to professional colleges & Polytechnics*

(Outaly Rs. 8 lakhs)

This is a centrally sponsored scheme with 50% central assistance. It is intended for providing costly text books and study material to scheduled caste students studying for professional courses. The scheme had covered only some of the professional colleges during the sixth plan and seventh plan and it is now proposed to cover all the professional colleges and polytechnics of the state during the eighth plan period. It is also intended to procure revised editions of the available books, provide sufficient storage facilities for the books and also purchase new books for these colleges. This provision will be utilised for the above purpose. The students of Agriculture/Law/Veterinary Colleges and those undergoing Diploma Courses in Polytechnics are covered by the scheme.

6. *Girls' Hostel*

(Outlay Rs. 13.00 lakhs)

This is a Centrally Sponsored Scheme having 50% Central Assistance. The entire outlay is shown under capital head as Central Assistance is available for construction of buildings for Girls' Hostels. The outlay will also be utilised for completing the works taken up during the previous years.

7. *Boys' Hostel*

(Outlay Rs. 6.00 lakhs)

This is a Centrally Sponsored Scheme having 50% Central Assistance for construction of Boys' hostels in district head quarters. The outlay is to be utilised for the construction of Boys' hostels at urban centres in the state which has been agreed to by Government of India. The target for 1993-94 is 2 boys' hostels.

8. *Pre-matric Scholarship to the children of Scheduled Castes who were engaged in unclean occupation*

(Outlay Rs. 1 lakh)

The outlay is for providing scholarships to the children of scheduled caste who were engaged in unclean occupation.

9. *Enforcement of Prevention of Atrocities Act*

(Outlay Rs. 15.00 lakhs)

It has been observed that poor scheduled castes who are subjected to atrocities or natural calamities are not able to tide over the situation due to financial constraints. They may even be forced to sell their assets to make living.

The scheme intends to provide assistance to SCs who happen to be victims of atrocities. The outlay is meant for providing financial assistance by way of grant/subsidy to the victims or dependents of the victims as monetary concessions, employment opportunities, adhoc relief etc.

10. *Construction of Girls' Hostel*

(Outlay Rs. 20.00 lakhs)

This is a 50% centrally assisted scheme. The scheme aims at construction of permanent buildings for Girls' Hostels in a phased manner. Out of 27 Girls' Hostels only 13 have permanent buildings and the remaining are housed in rented buildings or temporary sheds. The outlay of Rs. 20 lakhs provided is for meeting the completion of spillover works and taking up construction of new hostel buildings during 1993-94.

11. *Construction of Boys Hostel*

(Outlay Rs. 20.00 lakhs)

This is a centrally sponsored scheme having 50% Central Assistance. The objective of the scheme is to construct permanent buildings for the hostels functioning in rented buildings or temporary sheds. An outlay of Rs. 20 lakhs is provided as central share of the scheme.

12. *Share Capital Contribution to KSDC for SC/ST for taking up Schemes benefiting Schedule Tribes*

(Outlay Rs. 7.20 lakhs)

The outlay indicated is the share capital contribution to KSDC for taking up economic development schemes benefiting Scheduled Tribes. The outlay proposed is the 49% centrel share of the capital to the corporation. Matching contribution of 51% will be released by Government of Kerala.

13. *Model Residential School (Ashram School) for Boys at Nalloornadu, Wayanad (50% Centrally Sponsored Scheme)*

(Outlay Rs. 10.00 lakhs)

The Model Residential School for Boys at Nalloornadu was started during 1990.91 by admitting 30 students in standard V. 50% of the expenditure towards non-recurring items will be received from Government of India as Central Assistance.

Construction of the first phase of school building has been completed. Other construction works viz. hostel, play ground, staff quarters etc. are in in progress. During 1993-94 an outlay of Rs. 10 lakhs is provided as 50% central share for construction works.

14. *Model Residential Primary Schools (Ashram School) for Primitive Tribes in Wayanad and Malappuram.*

(Outlay 13.00 lakhs)

Considering the present stage of development of the primitive tribes especially in the educational field one public school model primary ashramam school was started at Noolpuzha in Wayanad District. At present standards I and II classes are functioning with a student strength of 30 each. All facilities, including food and accommodation, are provided to the students. It is proposed to start another similar school at Nilambur in Malappuram District, and Cholanaickan and Kattunaickan families will be the major beneficiaries of the proposed school. Each year 30 students will be given admission in standard I and they will be taught up to 4th standard. From 4th year onwards, there will be 120 students in all the classes taken together. As there are 1592 primitive tribes and 190 school going children among them in Malappuram, it is quite possible to give admission to 30 students in standard I during 1993-94.

50% of the non-recurring expenses of the school. will be received from Government of India as Central Assistance. During 1993-94 an outlay of Rs. 13.00 lakhs is provided as 50% Central share towards capital works for the school at Wayanad and Nilambur.

15. *Model Residential School (Ashram School) for Girls at Kattela, Thiruvananthapuram*

(Outlay Rs. 20.00 lakhs)

The scheme aims at providing better educational facilities to Schedulded Castes/Scheduled Tribes Girls in a school in the pattern of a public school. The school was started during 1990-91 by admitting 30 Scheduled Caste/Scherduled Tribes students. The school is now functioning in a rented building. Land for the school, has already been acquired and administrative sanction for construction works issued. 50% Central Assistance will be available for non-recurring expenditure of the scheme. During 1993-94, Rs. 20.00 lakhs is provided for the school as 50% central share of the non-recurring expenditure.

16. *Implementation of Atrocities Act 1989*

(Outlay Rs. 8.00 lakhs)

F r the speady disposal of cases registered under the Atrocities Act, a special bench in all District Courts has been constructed. The victims of atrocities have to be suitably compensated and rehabilitated. Appropriate schemes which ensure employment and other means of livelihood to the victims will have to be formulated. Wherever necessary, legal aid also will be given. In Wayanad District, a police mobile squad has since been sanctioned by Government to ensure prevention of atrocities on Scheduled Tribes and also follow-up action. Altogether, an amount of Rs. 8 lakhs is provided as Central share in 1993-94.

**Social Welfare**

1. *Welfare of Prisoners*

(Outlay Rs. 2.00 lakhs)

The provision is for modernisation and improvement of library facilities in Jails providing sports and games materials, arranging cultural programmes, annual day celebrations, providing T.V. Sets, radios, amplifires etc., in the Central Prison, District Jails, Women Prison, Brostal School etc. The anticipated central assistance during 1993-94 is Rs. 2 lakhs.

2. *Prepairing ex-servicemen for self employment*

(Outlay Rs. 2.00 lakhs)

The outlay is for imparting training to ex-service men self employment. The outlay provided is to train about 250 ex-service men.

3. *Establishment of Observation Homes under JJ Act*

(Outlay Rs. 10.00 lakhs)

Establishment and maintenance of observation homes for Juvenile delinquents is one of the major activities proposed under J J Act. The pattern of assistance is that 50% is given by the centre. The remaining 50% is to be met by the State. The outlay of Rs. 10 lakhs is anticipated as central assistance under the scheme during 1993-94.

**Secretariat Economic Services**

*State Planning Board*

1. *Strengthening of State Planning Machinery*

(Outlay Rs. 4.00 lakhs)

This is a centrally sponsored scheme with 2/3 central assistance. The provision is the central share for strengthening State Planning machinery.

2. *Strengthening of District Planning Machinery*

(Outlay Rs.2 lakh)

The outlay is the central share 50% for strengthening District Planning Machinery.

**Economic Advice & Statistics**

*Timely Reporting survey on Agriculture Statistics*

(Outlay Rs. 160.00 lakhs)

The outlay provided is the Central share for the continuance of the scheme during the year 1993-94.

**Public Works**

*Construction of a new Building for the High Court*

(Outlay Rs. 25.00 lakhs)

Administration of justice is now treated as a part of Plan scheme and Government of India have assured that funds for higher judiciary and District Court would be made available through a Centrally sponsored scheme on a 50:50 basis. Accordingly during 1993-94 an amount of Rs. 25.00 lakhs is anticipated as central share for the construotion of new building for the High Court.

# അനുബന്ധം എ

## സംസ്ഥാന പദ്ധതി

## 1. കൃഷിയും അനുബന്ധ മേഖലകളും

1992–ൽ സർക്കാർ പ്രഖ്യാപിച്ച കാർഷികവികസനനയം, കർഷകന് സാമൂഹ്യമായ ഔന്നത്യവും അന്തസ്സുമുള്ള ഒരു ജീവിതമാർഗ്ഗം ഉറപ്പു നല്കുന്ന ഒരു ശ്രേഷ്ഠതൊഴിലായി കാർഷിക വൃത്തിയെ അംഗീകരിക്കുന്നതിൽ ഊന്നൽ നല്കിക്കൊണ്ടുള്ളതാണ്. ഈ ലക്ഷ്യപ്രാപ്തിക്കുള്ള പ്രാരംഭ നടപടിയായി വിവിധ വികസനപരിപാടികളുടെ ഒരു 'പാക്കേജ്' നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ഇപ്പോൾ തുടർന്നു വരുന്ന കാർഷിക പരിപാടികളിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തിയും പുനർവിന്യാസം ചെയ്തും കൂടാതെ പുതിയ പരിപാടികൾ ആവിഷ്ക്കരിച്ചും പ്രഖ്യാപിത കാർഷികനയം യാഥാർത്ഥ്യമാക്കാൻ 1993–94–ലേക്കുള്ള വാർഷിക പദ്ധതി വ്യവസ്ഥ ചെയ്യുന്നു. ഇതുകൊണ്ട് കാർഷിക മേഖലയ്ക്കാകെ കരുത്താർന്ന ഉത്തേജനം നല്കുന്നതിന് സഹായകമാകുമെന്ന് കരുതുന്നു.

കൃഷിക്കാരുടെ മൊത്തത്തിലുള്ള സാമ്പത്തിക ഉന്നമനം നാമമാത്രകർഷകർക്ക് പ്രത്യേക ഊന്നൽ നല്കിക്കൊണ്ടും കർഷകത്തൊഴിലാളികൾക്ക് വർദ്ധിച്ച തൊഴിൽ സാദ്ധ്യതകൾ പരമാവധി ഉറപ്പുവരുത്തിക്കൊണ്ടും കൈവരിക്കുകയെന്നതാണ് കൃഷിയും ബന്ധപ്പെട്ട മേഖലകളിലും ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികൾകൊണ്ട് പ്രധാനമായി ലക്ഷ്യമിട്ടിട്ടുള്ളത്. തെങ്ങ്, കുരുമുളക്, കശുമാവ് തുടങ്ങിയ വിളകളുടെ പുനരുദ്ധാരണത്തിന് വായ്പാ പദ്ധതികളുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള പ്രാദേശിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കാനുദ്ദേശിക്കുന്ന ബൃഹത്ത് പദ്ധതികളിലൂടെയും അത്യുല്പാദനശേഷിയുള്ള നെൽ ജനസുകളുടെ കൃഷി 2.50 ലക്ഷം ഹെക്ടർ സ്ഥലത്ത് വ്യാപിപ്പിക്കുന്നതിലൂടെയും പച്ചക്കറി ഉല്പാദനം ക്രമാനുഗതമായി വികസിപ്പിച്ച് അഞ്ചു കൊല്ലം കൊണ്ട് സ്വയം പര്യാപ്തത കൈവരിക്കുന്നതിലൂടെയും, മുഖ്യ വിളകൾക്ക് ആവശ്യമായ വിപണന സംസ്ക്കരണ സംവിധാനങ്ങൾ കെട്ടിപ്പടുക്കുന്നതിലൂടെയും ഈ ലക്ഷ്യം കൈവരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി നെല്ലുല്പാദനരംഗത്ത് പ്രവർത്തിച്ചുവരുന്ന ഗ്രൂപ്പ് ഫാമിംഗ് സമിതികളുടെ കൂട്ടായ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായ രീതിയിൽ സംഘടിപ്പിക്കുന്നതിന് സജ്ജമാക്കി അവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട് ഉദ്യാന വികസനയത്നങ്ങൾക്ക് ഇ. ഇ. സി. യുടെ സഹായ പദ്ധതി ഒരു പുതിയ ആക്കം നൽകുന്നതാണ്. വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കാനുള്ള ഒരു പുതിയ പദ്ധതിയും നിർദ്ദേശത്തിലുണ്ട്.

ഗവേഷണ മേഖലയുടെ പ്രവർത്തന ശൈലി നമ്മുടെ കാർഷികരംഗം ഇന്നഭിമുഖീകരിച്ചുവരുന്ന പ്രധാന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് അനുയോജ്യമായ രീതിയിൽ പ്രത്യേക പ്രാധാന്യം നൽകി പുനരാവിഷ്ക്കരിക്കേണ്ടതുണ്ട്. മണ്ണു സംരക്ഷണ രംഗത്തെ പ്രവർത്തനങ്ങൾ കൂടുതൽ ത്വരിതപ്പെടുത്തുന്നതിനായി മണ്ണു സംരക്ഷണ പരിപാടികൾ 1993–94–ൽ 15000 ഹെക്ടർ പ്രദേശത്തുകൂടി വ്യാപിപ്പിക്കുന്നതാണ്.

കന്നുകാലി വികസനരംഗത്ത് കൃത്രിമ ബീജ സങ്കലന പ്രവർത്തനങ്ങൾ വ്യാപകമാക്കി വർഗ്ഗോദ്ധാരണം ത്വരിതപ്പെടുത്തുന്നതിനും മൃഗ ചികിത്സാ സൗകര്യങ്ങൾ ശക്തിപ്പെടുത്തി സങ്കരയിനം പശുക്കളുടെ ഉല്പാദന ക്ഷമത ഉയർത്തിക്കൊണ്ടു വരുന്നതിനുമാണ് മുൻതൂക്കം നല്കിയിട്ടുള്ളത്. ക്ഷീര വിപണന മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. പ്രത്യേക പ്രോത്സാഹനം നല്കിക്കൊണ്ട് സ്വകാര്യ നിക്ഷേപങ്ങൾ ഈ മേഖലയിൽ വർദ്ധിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കും.

കുവൈററി ഫണ്ട് സഹായത്തോടു കൂടി നടപ്പിലാക്കുവാനുദ്ദേശിക്കുന്ന ബൃഹത്തായ പദ്ധതി പ്രവൃത്തിപഥത്തിലെത്തുമ്പോൾ നമ്മുടെ ഉൾനാടൻ മത്സ്യ വികസന മേഖലകൾക്ക് ഒരു പുതിയ ഉണർവ് കൈവരും. സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്ന ഒരു സംയുക്ത സംരംഭമാക്കി മാററുന്നതിന് ഈ പദ്ധതിയുടെ ഘടനയിൽ ആവശ്യമായ വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ട്. കടലോര മത്സ്യ വികസന രംഗത്ത് ഉൾനാടൻ വിപണികളെ മത്സ്യ ബന്ധന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള വിപുലമായ വിപണന ശൃംഖല കെട്ടിപ്പടുക്കുന്നതിന് എൻ. സി. ഡി. സി. സഹായത്തോടെ നടപ്പിലാക്കി വരുന്ന മത്സ്യ വികസന പ്രോജക്ടിന്റെ മൂന്നാം ഘട്ടം സഹായകമാക്കുന്നതാണ്.

ലോക ബാങ്കിന്റെ ധനസഹായമുള്ള സാമൂഹ്യ വനവല്ക്കരണ പദ്ധതി 1992–93–ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടം നിർവഹണഘട്ടത്തിലാണ്.

കാർഷികമേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് അവശ്യം വേണ്ട മൂലധനം വായ്പാ ഏജൻസികളിൽ നിന്ന് സ്വരൂപിച്ച് കർഷകർക്ക് ലഭ്യമാക്കുകയെന്നുള്ളത് ബന്ധപ്പെട്ട വികസന വകുപ്പുകളിലെ ഗ്രാമതല പ്രവർത്തകരുടെ പ്രധാന ചുമതലയായി നിർവചിക്കപ്പെടും. സർക്കാർ വകുപ്പുകളിലൂടെ ലഭ്യമാക്കി വരുന്ന വിവിധ സാമ്പത്തിക സഹായങ്ങളും സേവനങ്ങളുമൊക്കെ ബാങ്ക് വായ്പകളുമായി ബന്ധപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള ഒരു പ്രവർത്തന ശൈലി വാർത്തെടുക്കുകയെന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം.

പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ള പ്രധാനപ്പെട്ട ഭൗതിക ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | അളവ് | 1992–93–ൽ പ്രതീക്ഷിക്കുന്ന നില വാരം | 1993–94 ലക്ഷ്യം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| I. | ഉല്പാദനരംഗം | | | |
| 1. | അരി | '000 ടൺ | 1100 | 1250 |
| 2. | പയർ | ,, | 25 | 40 |
| 3. | എണ്ണക്കുരുക്കൾ | ,, | 15 | 18 |
| 4. | നാളികേരം | ദശലക്ഷം | 5100 | 5250 |
| 5. | പഴങ്ങൾ | '000 ടൺ | 800 | 845 |
| 6. | പാല് | ,, | 1880 | 2000 |
| 7. | മുട്ട | ദശലക്ഷം | 1680 | 1765 |
| 8. | ഇറച്ചി | '000 ടൺ | 132 | 140 |
| 9. | മത്സ്യം | ,, | 592 | 665 |
| II. | ഉല്പാദന ഉപാധികളുടെ ലഭ്യതയും സേവന സൗകര്യങ്ങളും | | | |
| 1. | അത്യുല്പാദനശേഷിയുള്ള നെൽ ജനസുകളുടെ കൃഷി | '000 ഹെക്ടർ | 200 | 250 |
| 2. | വിത്തുവിതരണം | '000 ടൺ | 5.75 | 5.75 |
| 3. | രാസവസ്തുക്കളുടെ ഉപഭോഗം | ,, | 245 | 260 |
| 4. | മണ്ണുസംരക്ഷണം | '000 ഹെക്ടർ | 127 | 142 |
| 5. | കൃത്രിമ ബീജ സങ്കലനം | '000 എണ്ണം | 1500 | 1600 |
| 6. | ക്ഷീരവിപണനം | '000 ടൺ | 225 | 234 |
| 7. | മത്സ്യ മുട്ടയുടെ ഉല്പാദനം | ദശലക്ഷം എണ്ണം | 13 | 22 |
| 8. | മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനം | ,, | 5 | 9 |
| 9. | പെട്ടെന്ന് വളരുന്ന വന വൃക്ഷങ്ങളുടെ വ്യാപ്തി | ഹെക്ടർ | 2741 | 4100 |
| 10. | വാണിജ്യ പ്രാധാന്യമുള്ള വനവൃക്ഷങ്ങളുടെ വ്യാപ്തി | ,, | 605 | 4185 |
| 11. | സാമൂഹ്യ വനവല്ക്കരണം | ,, | 5560 | 3000 |
| 12. | വൃക്ഷത്തൈകളുടെ വിതരണം | ലക്ഷം എണ്ണം | 151 | 162 |
| 13. | സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ സ്റ്റോറേജ് | എണ്ണം | 151 | 162 |

# 1.1 കൃഷി

## എ. കാർഷിക ഗവേഷണവും വിദ്യാഭ്യാസവും

(വിഹിതം: 750 ലക്ഷംരൂപ)

കേരള കാർഷിക സർവ്വകലാശാലയിലേയും ബന്ധപ്പെട്ട മററ് 37 സ്ഥാപനങ്ങളിലെയും ബിരുദ, ബിരുദാനന്തര ബിരുദം ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും, വിദ്യാർത്ഥിക്ഷേമ പരിപാടികൾ, ഗവേഷണ പദ്ധതികൾ എന്നിവ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനും വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ തുടരുന്നതിനും കേന്ദ്രീകൃത സംവിധാനങ്ങൾ ഒരുക്കുന്നതിനും വേണ്ടിയാണ് തുക വകയിരുത്തിയിട്ടുള്ളത്. ഇൻഡ്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ ധനസഹായത്തോടെ നടപ്പാക്കേണ്ട പരിപാടികൾക്കുള്ള സർവ്വകലാശാലാ വിഹിതവും ഈ തുകയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വ്യക്തമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലായിരിക്കും വിവിധ ഫാക്കൽററികൾക്കും ഡിവിഷനുകൾക്കും ധനസഹായം ലഭ്യമാക്കുക.

## ബി. വിളസംരക്ഷണം

### 1. കൃഷിഭവനുകൾ കൂടുതൽ സൗകര്യങ്ങൾ

(വിഹിതം: 100.00 ലക്ഷം രൂപ)

ശാസ്ത്ര സാങ്കേതിക തത്വങ്ങളുടെ ഫീൽഡ് തല പ്രായോഗികതയുടെ കൂടുതൽ ലഭ്യതയ്ക്ക് മുൻഗണന നൽകിക്കൊണ്ട്, അനുയോജ്യമായ വിധത്തിൽ പ്രവർത്തനരീതികൾ നവീകരിച്ച്, കൃഷിഭവനുകളുടെ പ്രവർത്തനങ്ങൾ പഞ്ചായത്തുതലത്തിൽ കൂടുതൽ ഫലപ്രദമാക്കുന്നതാണ്. കൃഷിയെ സംബന്ധിച്ച് അടിസ്ഥാന സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്ന ജോലി 1993–94-ൽ പൂർത്തിയാക്കുന്നതും റിപ്പോർട്ടിംഗ് സമ്പ്രദായം കുറേക്കൂടെ സുഗമമാക്കുന്നതുമാണ്. കൃഷിഭവനുകൾക്ക്, ഫർണിച്ചർ, പണപ്പെട്ടി, അലമാര, മുതലായ അധിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ചെലവ് വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൃഷിഭവനുകളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന ജില്ലാതല ഉദ്യോഗസ്ഥൻമാരുടെ യാത്രാ ആവശ്യത്തിലേക്ക് 14 ഡീസൽ ജീപ്പുകൾ വാങ്ങുന്നതിനും വകയിരുത്തിയിട്ടുള്ള തുക ഉപയോഗിക്കാവുന്നതാണ്. വാടകയ്ക്ക് കെട്ടിടങ്ങൾ ലഭിക്കുന്നതിന് ബുദ്ധിമുട്ടുള്ള ഉൾനാടൻ ഗ്രാമങ്ങളിൽ പൊതുസംഭാവനകൾ സ്വരൂപിച്ചു കൊണ്ട് കൃഷിഭവനുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകാനും ഈ വിഹിതത്തിൽ നിന്നും തുക ചെലവിടാവുന്നതാണ്.

## വിത്തുകൾ

### 2. ഗ്രൂപ്പ് ഫാമിംഗ് സമിതികൾ/സർവ്വീസ് സഹകരണ സംഘങ്ങൾ വഴി ഭക്ഷ്യ ധാന്യ വിത്തുല്പാദന പരിപാടി.

(വിഹിതം: 200.00 ലക്ഷംരൂപ)

അത്യുല്പാദനശേഷിയുള്ള സങ്കരയിനം നെല്ലു വിളകളുടെ കൃഷി വിസ്തൃതി 1993–94-ൽ 1.60 ലക്ഷം ഹെക്ടറിൽ നിന്നു 2.50 ലക്ഷം ഹെക്ടർ ആയി വർദ്ധിപ്പിക്കുന്നതാണ്. ഇതിനായി, വിത്തുല്പാദനത്തിന്റേയും സംഭരണത്തിന്റേയും വിതരണത്തിന്റേയും ചുമതല ഗ്രൂപ്പ് ഫാമിംഗ് സമിതികൾ/സഹകരണസംഘങ്ങൾ/മററു കർഷകസമിതികൾ എന്നിവയെ ഏല്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ സമിതികൾക്ക് ആവശ്യമായി വരുന്ന മൂല വിത്തുശേഖരം നൽകിക്കൊണ്ട് ഈ പരിപാടിക്ക് അന്തിമ രൂപം നൽകുന്നത് കൃഷിവകുപ്പാണ്. കൃഷിഭവനുകളുടെ സാങ്കേതിക മേൽനോട്ടത്തിൽ പ്രസ്തുത സമിതികൾ വിത്തുല്പാദന പരിപാടികൾ സംഘടിപ്പിക്കുമ്പോൾ കർഷകർ വഹിക്കേണ്ടി വരുന്ന അധിക ചെലവ് സഹായധനമായി അവർക്ക് ലഭ്യമാക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കൂടാതെ സമിതികൾക്ക് വിത്ത് ഉണക്കുന്നതിനും, പാകപ്പെടുത്തുന്നതിനും, സൂക്ഷിക്കുന്നതിനും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ സംഘടിപ്പിക്കുന്നതിന് സഹായധനം നൽകുന്നതിനും വകയിരുത്തിയിട്ടുള്ള തുക വിനിയോഗിക്കാവുന്നതാണ്.

### 3. കൃഷിവകുപ്പ് ഫാമുകളിലെ നടീൽ വസ്തുക്കളുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കൽ.

(വിഹിതം: 110 ലക്ഷംരൂപ)

സംസ്ഥാനത്തൊട്ടാകെ കൃഷി വകുപ്പിന്റെ കീഴിൽ പത്ത് ജില്ലാ കൃഷിഫാമുകളും, പത്ത് സ്പെഷ്യൽ ഫാമുകളും 32 നെൽവിത്തു ഫാമുകളും 9 നാളികേര നേഴ്സറികളും പ്രവർത്തിക്കുന്നുണ്ട്. വിവിധ വിള വികസന പദ്ധതികൾക്ക് ആവശ്യാനുസൃതം നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിന് ഈ ഫാമുകളുടേയും നേഴ്സറികളുടേയും വിത്തുല്പാദന പരിപാടികൾ പുനഃസംഘടിപ്പിക്കുകയും നവീകരിക്കുകയും ചെയ്യേണ്ടതുണ്ട്. ലഭ്യമായിട്ടുള്ള സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ജനുസുകളുടെ വർഗ്ഗശുദ്ധി വർദ്ധിപ്പിച്ച് വർഗ്ഗ ഗുണമുള്ള നടീൽ വസ്തുക്കളുടെ കരുതൽ ശേഖര കേന്ദ്രങ്ങളായി ഈ ഫാമുകളെ പരിവർത്തനപ്പെടുത്തുന്നതിന് കേരള കാർഷിക സർവ്വകലാശാലയുമായി ആലോചിച്ച് ഒരു ദീർഘകാല പദ്ധതി തയ്യാറാക്കുന്നതാണ്. ഇതിനു വേണ്ടിവരുന്ന ചെലവ് വിഹിതത്തിൽനിന്നും വഹിക്കുന്നതാണ്. കൂടാതെ തൃശ്ശൂർ ചേലക്കര സ്ഥാപിക്കുന്ന പുതിയ ഫാമിന്റെ മുഴുവൻ ചെലവും ഈ വിഹിതത്തിൽ നിന്നും വഹിക്കുന്നതിനും ഉദ്ദേശിക്കുന്നു.

## ജൈവവളങ്ങളും രാസവളങ്ങളും

### 4. കർഷക സംഘടനകൾ മുഖാന്തിരമുള്ള ജൈവ വളവികസനം.

(വിഹിതം: 75.00 ലക്ഷംരൂപ)

രാസവളങ്ങളുടെ സമീപകാലത്തെ അമിത വില വർദ്ധനവും തത്ഫലമായുള്ള അവയുടെ കുറഞ്ഞ ഉപയോഗവും കണക്കിലെടുക്കുമ്പോൾ, ജൈവവളങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കേണ്ടത് വളരെ പ്രധാനമാണ്. കൃഷിയിടങ്ങളിലെ ജൈവ അവശിഷ്ടങ്ങളുടെ ഉപയോഗം, പച്ചിലവളപ്രയോഗം, പച്ചിലവള വൃക്ഷങ്ങളുടെ നടീൽ, കമ്പോസ്ററു നിർമ്മാണം എന്നിവയ്ക്ക് ഈ സാഹചര്യത്തിൽ വലിയ ഊന്നൽ നൽകേണ്ടതുണ്ട്. സൗജന്യനിരക്കിൽ 500 ടൺ പച്ചില വളവിത്തുകളുടെ വിതരണം, മുനിസിപ്പാലിററികൾ മുഖേന 32,000 ടൺ കമ്പോസ്ററു നിർമ്മാണം, ഗ്രൂപ്പ് ഫാമിംഗ് സമിതികൾ മുഖേന ഗ്രാമീണ തലത്തിൽ കമ്പോസ്ററ് നിർമ്മാണം, ഒഴിഞ്ഞു കിടക്കുന്ന 800 ഹെക്ടർ നെൽപ്പാടങ്ങളിൽ പച്ചില വളസസ്യങ്ങളുടെ കൃഷിയിറക്കൽ, ജൈവ വളങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കൽ, കൂടാതെ ഇക്കാര്യത്തിൽ ആവശ്യമായ പരിശീലനം കർഷകർക്ക് നൽകൽ എന്നീ പരിപാടികളാണ് ഈ പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പാക്കുന്നത്.

5. മണ്ണു പരിശോധനയും ഗുണനിയന്ത്രണവും—നിലവിലുള്ള ലബോറട്ടറികൾക്ക് അധിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

(വിഹിതം: 31.00 ലക്ഷം രൂപ)

സഞ്ചരിക്കുന്ന 9 ലബോറട്ടറികൾ ഉൾപ്പെടെ എല്ലാ ജില്ലയിലും മണ്ണു പരിശോധനാ സൗകര്യങ്ങൾ ലഭ്യമാണ്. 1990–91–ൽ അനുവദിച്ച കാസർകോട്, പത്തനംതിട്ട, ജില്ലകളിലെ ലബോറട്ടറികളും സഞ്ചരിക്കുന്ന 2 ലബോറട്ടറികളും പൂർണ്ണതോതിൽ സജ്ജീകരിക്കേണ്ടതുണ്ട്. പട്ടാമ്പിയിലുള്ള രാസവള ഗുണനിയന്ത്രണ ലബോറട്ടറിക്ക് കെട്ടിടം പണിയേണ്ടതുണ്ട്. കൂടാതെ മററ് ലബോറട്ടറികൾക്ക് ചില്ലറ ചെറുപണികൾ ഉൾപ്പെടെ കൂടുതൽ സൗകര്യങ്ങൾ ആവശ്യമാണെങ്കിൽ അവ ഏർപ്പെടുത്തികൊണ്ട് അവയുടെ മുഴുവൻ ശേഷിയും പ്രയോജനപ്പെടുത്തുന്നതിലേക്ക് തുക വിനിയോഗിക്കുന്നതാണ്.

6. ഗൗരവ സ്വഭാവമുള്ള കീടരോഗ ബാധകൾക്കെതിരെ, സാമൂഹ്യാടിസ്ഥാനത്തിലുള്ള നിയന്ത്രണ സംവിധാനം.

(വിഹിതം: 250.00 ലക്ഷം രൂപ)

കൃഷിഭവനുകളുടെ സാധാരണ രീതിയിലുള്ള പ്രവർത്തനങ്ങൾകൊണ്ട് നേരിടാൻ വയ്യാത്ത വിധത്തിൽ ഗൗരവമുള്ള കീടരോഗബാധകൾ പടർന്നു പിടിക്കുകയാണെങ്കിൽ അത്തരം സാഹചര്യങ്ങൾ അഭിമുഖീകരിക്കുന്നതിനും പരിഹരിക്കുന്നതിനും പ്രത്യേക സംവിധാനങ്ങൾ കൂടിയേ തീരൂ. കുരുമുളകു ചെടികളുടെ ദ്രുതവാട്ടം, കശുമാവിലെ തേയിലകൊതുകു ശല്യം, കമുകിനുണ്ടാകുന്ന മഹാളിരോഗം, തെങ്ങുകളുടെ കൂമ്പുചീയൽ എന്നീ ബാധകൾ ഇപ്പോൾതന്നെ പലജില്ലകളിലും ഗൗരവസ്വഭാവമുള്ളതായി തീർന്നിട്ടുണ്ട്. ഇവയ്ക്കെതിരെ കൃഷിവകുപ്പിന്റെ മേൽനോട്ടത്തിൽ സമൂഹ, തീവ്രസസ്യസംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

മരുന്നുതളി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുവേണ്ടി വരുന്ന ചെലവുകൾക്കും, സസ്യസംരക്ഷണ ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും, മരുന്ന് തളി നടത്താനുള്ള ചെലവിലേക്ക് ധനസഹായം നൽകുന്നതിനും വേണ്ടി തുക വിനിയോഗിക്കും.

7. സഞ്ചരിക്കുന്ന അഗ്രോ ക്ലിനിക്കുകൾ

(വിഹിതം: 6.00 ലക്ഷം രൂപ).

നെൽകൃഷിയിലെ സസ്യസംരക്ഷണ ചെലവുകൾ ഗണ്യമായി കുറയ്ക്കുന്നതിനും, കീട–രോഗ ബാധകൾ വിജയകരമായി തടയുന്നതിനും ഗ്രൂപ്പ് ഫാമിംഗ് പദ്ധതിയുടെ ഭാഗമായി രൂപം നല്കിയ സഞ്ചരിക്കുന്ന അഗ്രോക്ലിനിക്കുകൾ വളരെ ഫലപ്രദമായിരുന്നതായി കാണുന്നു. ഈ ക്ലിനിക്കുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 1990–91–ൽ അനുവദിച്ച 6 സഞ്ചരിക്കുന്ന അഗ്രോ ക്ലിനിക്കുകൾക്കും വാഹനങ്ങളുടെ ചേസിസുകൾ നേരത്തെതന്നെ വാങ്ങിയിരുന്നു. ഇവയുടെ പ്രവർത്തനം 1993–94–ൽ തന്നെ ആരംഭിക്കുന്നതാണ്. എട്ടാം പദ്ധതിയിൽ ഇനി പുതിയ യൂണിററുകൾക്കും അംഗീകാരം കൊടുക്കുന്നതല്ല. ഉദ്യോഗസ്ഥൻമാരുടെ ശമ്പളം, വാഹനങ്ങളുടെ ബോഡി നിർമ്മാണം, ഇന്ധനച്ചെലവ്, രാസവസ്തുക്കൾ, ഉപകരണങ്ങൾ എന്നിവയുടെ വില, മററുചെലവുകൾ എന്നിവ പദ്ധതി വിഹിതത്തിൽ നിന്നും വഹിക്കേണ്ടതാണ്.

പയറു വർഗ്ഗങ്ങൾ

8. ദേശീയ പയറുകൃഷി വികസന പ്രോജക്ട്

(സംസ്ഥാന വിഹിതം—50 ശതമാനം)

(വിഹിതം: 10.00 ലക്ഷം രൂപ).

ഈ പദ്ധതിയുടെ ഭാഗമായി മിനിക്കിററ് പ്രദർശനങ്ങൾ, ബ്ലോക്ക് പ്രദർശന തോട്ടങ്ങൾ, സസ്യസംരക്ഷണം, സൗജന്യനിരക്കിൽ സസ്യസംരക്ഷണ ഉപകരണങ്ങളുടെയും റൈസോബിയം കൾച്ചർ–ന്റേയും വിതരണം എന്നിവ കേന്ദ്ര സർക്കാർ സഹായത്തോടെ നടത്തുന്നതാണ്. ഇതിലേക്കുള്ള സംസ്ഥാന വിഹിതമാണ് നീക്കിവച്ചിട്ടുള്ളത്.

9. പാടശേഖര അടിസ്ഥാനത്തിൽ അധികവിളയായി പയറുകൃഷി.

(വിഹിതം: 80.00 ലക്ഷം രൂപ)

രണ്ടാം വിളയെത്തുടർന്ന് ഒഴിഞ്ഞുകിടക്കുന്ന നെൽപ്പാടങ്ങളിൽ ഉഴുന്ന്, ചെറുപയർ, തുവര, മുതിര, വൻപയർ, എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണീ പരിപാടി. ഗ്രൂപ്പ് ഫാമിംഗ് പരിപാടി നടപ്പിലാക്കിയിട്ടുള്ള പാടശേഖരങ്ങളിലായിരിക്കും ഇവയുടെ കൃഷി മുഖ്യമായും കേന്ദ്രീകരിക്കുന്നത്. മെച്ചപ്പെട്ട വിത്തും മററുല്പാദന ഉപാധികളും 50 ശതമാനം സൗജന്യനിരക്കിൽ കർഷകർക്കു ലഭ്യമാക്കി, 15000 ഹെക്ടർ സ്ഥലത്തുകൂടി പയർ കൃഷി വ്യാപിപ്പിക്കുന്നതിനാണ് തുക വിനിയോഗിക്കുക.

എണ്ണക്കുരുക്കൾ

നാളികേരം

10. നാളികേര ബോർഡ് പരിപാടി–ചെറുകിട തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഏകോപിത പരിപാടി (സംസ്ഥാന വിഹിതം—50 ശതമാനം).

(വിഹിതം: 70.00 ലക്ഷം രൂപ.)

ഈ കേന്ദ്രാവിഷ്കൃത പദ്ധതി അനുസരിച്ച് ചെറുകിട കേരകർഷകർക്ക് ജലസേചന വികസന പ്രവർത്തനങ്ങൾക്കു ധനസഹായം ലഭ്യമാക്കും.

ഈ പ്രവർത്തനങ്ങൾ തുടരുന്നതിനുവേണ്ടിയുള്ള സംസ്ഥാന വിഹിതമാണ് നീക്കിവച്ചിട്ടുള്ളത്.

1. 'പ്രദേശ്' അടിസ്ഥാനത്തിലുള്ള സമഗ്ര തെങ്ങു പുനരുദ്ധാരണ പരിപാടി.

(വിഹിതം: 400.00 ലക്ഷം രൂപ)

ഉല്പാദനക്ഷമതയില്ലാത്ത തെങ്ങുകൾ മുറിച്ചുമാററി പുതിയ തൈകൾ നടുക, ജലസേചനം ഏർപ്പെടുത്തുക, ഇടവിള പ്രോത്സാഹിപ്പിച്ച് ശാസ്ത്രീയ പരിപാലനം പ്രോത്സാഹിപ്പിക്കുക എന്നിവ ഉൾപ്പെടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ രണ്ടു ലക്ഷം ഹെക്ടർ സ്ഥലത്ത് ഘട്ടം ഘട്ടമായി നടപ്പാക്കാനുള്ള ഒരു സമഗ്രപരിപാടി 1992–93ൽ ആരംഭിച്ചു. കേരഫെഡിന്റെ കീഴിലുള്ള സംഘങ്ങൾ മുഖേന 8000 ജലസേചന യൂണിററുകൾ സ്ഥാപിച്ചുകൊണ്ട് ഒരു ലക്ഷം

തെങ്ങുകൾ ആവർത്തന കൃഷി ചെയ്തു ഈ പരിപാടി 1993—94-ൽ തുടരുന്നതാണ്. പ്രാരംഭ ചെലവുകൾക്ക് സബ്സിഡി നല്കുന്നതും പിന്നീടുണ്ടാകുന്ന ചെലവുകൾക്ക് ബാങ്ക്വായ്പ ലഭ്യമാക്കുന്നതുമാണ്. ഈ പരിപാടി തുടരുന്നതിനുള്ള സബ്സിഡി തുകയാണ് വിഹിതമായി നീക്കിവച്ചിരിക്കുന്നത്.

12. ഡിപ്പാർട്ടുമെൻറൽ നഴ്സറികളിലെ തെങ്ങിൻതൈ ഉല്പാദനവും വിതരണവും.

(വിഹിതം: 100.00 ലക്ഷം രൂപ)

ഓരോ വർഷവും കൃഷിവകുപ്പ് 15—17 ലക്ഷം തെങ്ങിൻ തൈകൾ വിതരണം ചെയ്തുവരുന്നു. തെങ്ങിൻ തൈകളുടെ ഉല്പാദനം വികേന്ദ്രീകൃത രീതിയിൽ ചെറുകിട കർഷകരെ ഏല്പിക്കുകയാണെങ്കിൽ ബഡ്ജററ് ചെലവ് ഗണ്യമായി കുറയ്ക്കാവുന്നതാണ്. 1992—93-ൽ സ്വകാര്യ നഴ്സറികൾ ഇതിനുള്ള തുടക്കം കുറിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള സ്വകാര്യ നഴ്സറികൾ പൂർണ്ണമായി പ്രവർത്തിച്ചു തുടങ്ങുന്നതുവരെ തൈകളുടെ ഉല്പാദനവും വിതരണവും ഡിപ്പാർട്ടുമെൻറൽ നഴ്സറികളിൽ തുടരേണ്ടതാണ്.

1991—92ൽ ശേഖരിച്ച വിത്തുനാളികേരം പാകുന്നതിനും മററും 1992—93ൽ ഉണ്ടാകുന്ന നഴ്സറി ചെലവുകളും ഈ ഡിപ്പാർട്ടുമെൻറൽ നഴ്സറികളുടെ തുടർന്നുള്ള നടത്തിപ്പിനുള്ള ചെലവും വിഹിതമായി ഉൾക്കൊള്ളിച്ചിരിക്കുന്നു.

13. ററി.×ഡി. സങ്കരയിനം തെങ്ങിൻ തൈകളുടെ ഉല്പാദനവും വിതരണവും (സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം: 15.00 ലക്ഷം രൂപ)

ഈ പദ്ധതി അനുസരിച്ച് ആണ്ടുതോറും സങ്കരയിനം തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിനുള്ള ചെലവിൻെറ 50 ശതമാനം ധനസഹായമായി കേന്ദ്രസർക്കാർ നൽകിവരുന്നു. ശേഷിക്കുന്ന 50 ശതമാനം ചെലവ് വഹിക്കുന്നതിനുള്ള വിഹിതമാണ് വകകൊള്ളിച്ചിട്ടുള്ള തുക.

14. നാളികേര ബോർഡ് പരിപാടി—തെങ്ങിൻ തോട്ടങ്ങളിൽ ജലസേചനം (സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം: 7.00 ലക്ഷം രൂപ)

തെങ്ങിൻതോട്ടങ്ങളിൽ ജലസേചന സൗകര്യാർത്ഥം പമ്പുസെററുകൾ സ്ഥാപിക്കുന്നതിന് 1,000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. ഇപ്രകാരം 1993—94-ൽ 1400 പമ്പുസെററുകൾ സ്ഥാപിക്കാൻ വേണ്ടിവരുന്ന തുകയുടെ 50 ശതമാനം സംസ്ഥാന വിഹിതമായാണ് വകയിരുത്തിയിട്ടുള്ളത്.

മററ് എണ്ണക്കുരുക്കൾ.

15. നിലക്കടല, എള്ള് എന്നിവയുടെ അധികവിള കൃഷിരീതി, പരമ്പരാഗതമായി നിലവിലില്ലാത്ത പ്രദേശങ്ങളിൽ പ്രദർശന തോട്ടങ്ങൾ.

(വിഹിതം: 20.00 ലക്ഷം രൂപ)

വേനൽകാലത്ത് മലമ്പുഴ ജലസേചന പദ്ധതിയുടെ 'കമാൻറ് ഏരിയാ' യിൽ വെള്ളം തുറന്നുവിടുന്നത് പുനക്രമീകരിച്ച്, വിളരീതി പുനഃസംവിധാനം ചെയ്തതുകൊണ്ട് നിലക്കടല അധികവിളയായി കൃഷി ചെയ്യുന്നതിനുള്ള പരിപാടി 1993—94-ൽ 1000 ഹെക്ടർ സ്ഥലത്തുകൂടെ വ്യാപിപ്പിക്കുന്നതാണ്. പരമ്പരാഗതമായി എള്ളുകൃഷി നിലവിലില്ലാത്ത പ്രദേശങ്ങളിൽ 1993—94ൽ 5000 ഹെക്ടർ സ്ഥലത്തു കൂടി ഈ കൃഷി വ്യാപിപ്പിക്കുന്നതിനും പരിപാടി ഉണ്ട്.

എള്ള്, നിലക്കടല എന്നീ കൃഷികൾക്കാവശ്യമായ ഉല്പാദനോപാധികൾ സൗജന്യവിലയ്ക്ക് വിതരണം ചെയ്യുന്നതിനുവേണ്ടിയാണ് തുക വിനിയോഗിക്കുക.

16. കശുമാവ്കൃഷി—വിസ്തൃതി വർദ്ധിപ്പിക്കലും ആവർത്തന കൃഷിയും.

(വിഹിതം: 25.00 ലക്ഷം രൂപ)

നടീൽവസ്തുക്കൾ സൗജന്യമായും നടീൽ ചെലവുകൾക്ക് സബ്സീഡി ഏർപ്പെടുത്തികൊണ്ടും 5000 ഹെക്ടർ സ്ഥലത്ത് അധികവിളയായി കശുമാവ് കൃഷിചെയ്യുന്ന പരിപാടി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. 2000 ഹെക്ടർ സ്ഥലത്തു കൂടി 1993—94-ൽ ഈ പരിപാടി വ്യാപിപ്പിക്കുന്നതിനുള്ള ധനസഹായമായിട്ടാണ് തുക വകയിരുത്തിയിരിക്കുന്നത്.

17. കശുമാവുതോട്ടങ്ങൾക്കു നല്ല പരിപാലനക്രമം.

(വിഹിതം: 36.00 ലക്ഷം രൂപ)

കശുമാവുതൈ തോട്ടങ്ങൾക്ക് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ ഉതകുമാറ് ശാസ്ത്രീയ അടിസ്ഥാനത്തിലുള്ള ഒരു പുതിയപരിപാലനക്രമം 1993—94 മുതൽ ആവിഷ്ക്കരിക്കുന്നതാണ്. ഇതിൻെറ ഭാഗമായിരാസവളങ്ങളും കീടനാശിനികളും സൗജന്യ വിലയ്ക്ക് നല്കും. ഇപ്രകാരം 5000 ഹെക്ടർ സ്ഥലത്ത് പുതിയ പരിപാലന ക്രമം ഏർപ്പെടുത്തുന്നതിനുള്ള സബ്സിഡി ഇനത്തിൽ തുക വിനിയോഗിക്കുന്നതാണ്.

18. കൊക്കോകൃഷി-വിസ്തൃതി വർദ്ധിപ്പിക്കൽ

(വിഹിതം: 5.00 ലക്ഷം രൂപ)

കൊക്കോയുടെ വിപണി ഡിമാൻഡ് വർദ്ധിച്ച സാഹചര്യത്തിൽ കൊക്കോകൃഷി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്യുകയും നൂതന പരിപാലന ക്രമം ആവിഷ്ക്കരിച്ച് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതായാൽ കൊക്കോ കൃഷിയുടെ വിസ്തൃതിയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാവുന്നതാണ്. ഈ പുതിയ പരിപാടിപ്രകാരം വിത്തുല്പാദനത്തിനും വിതരണത്തിനും വേണ്ടിവരുന്നചെലവും കർഷകർക്ക് പ്രോത്സാഹന ധനസഹായം നൽകുന്നതിനുള്ള ചെലവും ഈ തുകയിൽ നിന്നുംവഹിക്കുന്നതാണ്.

19. കിഴങ്ങുവർഗ്ഗങ്ങൾ—സങ്കരവർഗ്ഗങ്ങളുടെ പ്രോത്സാഹനം.

(വിഹിതം: 26.00 ലക്ഷം രൂപ)

സങ്കരയിനം മരച്ചീനിയുടെയും മററു കിഴങ്ങുവർഗ്ഗങ്ങളുടെയും കൃഷി തീവ്രതപ്പെടുത്തുന്നതിനുള്ള ഒരു സമഗ്രപരിപാടി കേന്ദ്രകിഴങ്ങുവിള ഗവേഷണകേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം, തെരഞ്ഞെടുക്കപ്പെട്ട കർഷകരിലൂടെയും ഡിപ്പാർട്ടുമെൻറ് ഫാമുകളിലൂടെയും ആവശ്യമായ നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തണം. ആദ്യഘട്ടം എന്ന നിലയിൽ കേന്ദ്ര കിഴങ്ങുവിള ഗവേഷണകേന്ദ്രം വികസിപ്പിച്ചെടുത്തു

നൽകിയ നടീൽവസ്തുക്കാം ഉപയോഗിച്ച് ഡിപ്പാർട്ടുമെൻറ് ഫാമിൽ 28 ഹെക്ടർ സ്ഥലത്ത് നടീൽ വസ്തുക്കളുടെ പ്രജനനം നടന്നുവരുന്നു. ഈ ഫാമിൽനിന്നും ലഭ്യമാകുന്ന നടീൽ വസ്തുക്കാം അവയുടെ പ്രജനനം വീണ്ടും വർദ്ധിപ്പിക്കുന്നതിലേക്ക്, മിനികിററ് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് 1993–94–ൽ നല്കുന്നതാണ്. മരച്ചീനി മധുരകിഴങ്ങ്, മററ് കിഴങ്ങുവർഗ്ഗങ്ങളാം എന്നിവയുടെ നടീൽവസ്തുക്കാം മിനികിററ് അടിസ്ഥാനത്തിൽ സൗജന്യവിലയ്ക്ക് കർഷകർക്ക് നൽകുന്നതിനും, ഡിപ്പാർട്ടുമെൻറ്ഫാമിൽ 50 ഹെക്ടർ സ്ഥലത്ത് ഫൗണ്ടേഷൻ സീഡ് വർദ്ധിപ്പിക്കുന്നതിനും വരുന്ന ചെലവിനായി തുക വിനിയോഗിക്കുന്നതാണ്.

## സുഗന്ധദ്രവ്യങ്ങാം

### 20. സുഗന്ധദ്രവ്യങ്ങളുടെ വികസനം

(വിഹിതം: 300. ലക്ഷം രൂപ)

1992–93–ൽ പുനരുദ്ധരിച്ച 2500 ഹെക്ടർ സ്ഥലത്തെ കുരുമുളകുതോട്ടങ്ങളിലെ തുടർ ജോലികാം 10,000 ഹെക്ടർ സ്ഥലത്തെ പുനരുദ്ധാരണ കുരുമുളകുകൃഷി; 200 പഞ്ചായത്തുകളിലെ വീട്ടുവളപ്പുകളിലുള്ള എല്ലാ വൃക്ഷങ്ങാംക്കും കുരുമുളകു ചെടി വച്ചുപിടിപ്പിക്കൽ, ഇഞ്ചി, മഞ്ഞാം മുതലായ കൃഷികളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് മിനികിററ് അടിസ്ഥാനത്തിൽ വിത്തുവിതരണം 2000 സിന്നാമൺ തൈകളുടെ ഉൽപ്പാദനവും വിതരണവും, 600 ഹെക്ടർ സ്ഥലത്ത് വററൽമുളകുകൃഷിക്ക് പ്രോത്സാഹനം, എന്നീ പരിപാടികളാണ് 1993–94–ൽ നടത്തുവാൻ ഉദ്ദേശിക്കുന്നത്. ഇതിലേക്ക് ആവശ്യമുള്ള നടീൽവസ്തുക്കളും ഉൽപ്പദനോപാധികളും ഉൽപ്പാദിപ്പിച്ച് സൗജന്യനിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നതിനുവരുന്ന ചെലവിലേക്ക് തുക വിനിയോഗിക്കുന്നതാണ്.

### 21. അടക്കാകൃഷി വികസനം

(വിഹിതം: 3.00 ലക്ഷം രൂപ)

പ്രായാധിക്യത്താൽ ഉല്പാദനക്ഷമത കുറഞ്ഞ കവുങ്ങുകാം വെട്ടിമാററി തൽസ്ഥാനത്ത് പുതിയ തൈകാം വച്ചുപിടിപ്പിക്കുന്നതിന് ആവശ്യമായ തൈകാം നല്കുന്നതിലേക്ക്, അത്യുല്പാദനശേഷിയുള്ള കവുങ്ങിൻ തൈകാം ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള ഒരു പുതിയ പരിപാടി നടപ്പിലാക്കുന്നതിനുവേണ്ടി തുക വിനിയോഗിക്കുന്നതാണ്.

## തോട്ടവിളകളും പച്ചക്കറികളും

### 22. പഴവർഗ്ഗവികസനം

(വിഹിതം: 35.00ലക്ഷം രൂപ)

യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സാമ്പത്തിക സഹായമുള്ള തോട്ടവിളകൃഷി വികസന പദ്ധതി പ്രകാരം മാമ്പഴം, കൈതച്ചക്ക, നേന്ത്രപ്പഴം മുതലായവ വാണിജ്യാടിസ്ഥാനത്തിൽ ഉല്പ്പാദിപ്പിക്കുന്നതിനും കൃഷി വികസിപ്പിക്കുന്നതിനും പ്രത്യേകസഹായം ലഭിക്കുന്നതാണ്. കയററുമതി പ്രാധാന്യമുള്ള ഫലങ്ങളുടെ ഉൽപ്പാദനത്തിന് മദ്ധ്യകേരളം കേന്ദ്രമാക്കി സ്ഥാപിക്കുന്ന ഒരു വൻകിട പ്രോജക്ടിന് എൻ. ഡി ഡി. ബി. യും സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട് 1993–94–ൽ തെരഞ്ഞെടുക്കപ്പെടുന്ന വീട്ടുവളപ്പുകളിൽ പഴവർഗ്ഗങ്ങാം കൃഷിചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിവകുപ്പ് 300 പഞ്ചായത്തുകാം തെരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നു. നടീൽ വസ്തുക്കളും മററ് ഉൽപ്പാദനോപാധികളും സൗജന്യ നിരക്കിൽ വിതരണം ചെയ്ത് പഴവർഗ്ഗകൃഷി വികസനം മററു പ്രദേശങ്ങളിൽ 1993–94–ൽ തുടർന്നുപോകുന്നതിന് തുക വിനിയോഗിക്കുന്നതാണ്.

### 23. അലങ്കാര സസ്യങ്ങളുടെ വികസനം

(വിഹിതം: 10.00 ലക്ഷം രൂപ)

തിരുവനന്തപുരം പട്ടണത്തിലെ തെരഞ്ഞെടുക്കപ്പെട്ട 1500 ഭവനങ്ങളെ ഉാംപ്പെടുത്തികൊണ്ട് വാണിജ്യാടിസ്ഥാനത്തിൽ പുഷ്പഫലകൃഷി നടത്തുന്നതിനുള്ള ഒരു പരിപാടി കേരള ഹോർട്ടികാംച്ചർ വികസന കോർപ്പറേഷൻ ആസൂത്രണം ചെയ്തിരിക്കുകയാണ്. ഉല്പാദനോപാധികളും മററു സേവനങ്ങളും വിപണന ബന്ധങ്ങളും ലഭ്യമാക്കി പ്രത്യേക ശ്രദ്ധ നല്കി ഓർക്കിഡ് പൂക്കളുടെ കാര്യത്തിൽ ആരംഭിക്കുന്ന ഈ പരിപാടി ക്രമേണ മററ് അലങ്കാര സസ്യങ്ങളുടെ വികസനത്തിലേക്കും വ്യാപിപ്പിക്കുന്നതാണ്. ഈ പരിപാടിയുടെ നടത്തിപ്പിന് കോർപ്പറേഷന് നൽകുവാനുള്ള തുകയാണ് വകകൊള്ളിച്ചിട്ടുള്ളത്.

### 24. തെരഞ്ഞെടുത്ത ഗ്രാമങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വികസനം

(വിഹിതം: 175.00 ലക്ഷം രൂപ)

പച്ചക്കറികളുടെ ഉൽപ്പാദനം ആഭ്യന്തരമായി വർദ്ധിപ്പിക്കുകയും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള അവയുടെ ഇറക്കുമതി ക്രമേണ കുറക്കുന്നതിനും ആദ്യന്തം ലക്ഷ്യമിട്ടിട്ടുള്ള ഒരു പദ്ധതിയാണിത്. വാണിജ്യാടിസ്ഥാനത്തിൽ സമഗ്രമായി പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി 188 പരമ്പരാഗത പച്ചക്കറി വില്ലേജുകാം ഹോർട്ടിക്കാംച്ചർ വികസന കാർപ്പറേഷൻ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും പച്ചക്കറി വിപണന സൗകര്യങ്ങാം സൃഷ്ടിക്കുന്നതിന് കോർപ്പറേഷൻ ശ്രമിച്ചു വരുന്നു. ഇടുക്കി ജില്ലയിലെ ഉയർന്ന പ്രദേശങ്ങാംക്ക് അനുയോജ്യമായ ശീതകാല പച്ചക്കറികാംക്കുള്ള ഒരു പ്രത്യേക പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വിദ്യാഭ്യാസസ്ഥാപനങ്ങാം, മഹിളാ സമാജങ്ങാം, വിദ്യാർത്ഥികാം, കർഷകർ എന്നിവർ മുഖേന വീട്ടുവളപ്പുകളിൽ പച്ചക്കറിയുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം തുടർന്നു നടത്തേണ്ടതുണ്ട്. ഇവയ്ക്കെല്ലാം ആവശ്യമായ ഉല്പാദനോപാധികളും സേവനങ്ങളും കൃഷിഭവനുകളിൽനിന്നും ലഭിക്കുന്നതാണ്. ഉല്പാദനോപാധികളുടെ സംഭരണത്തിനും വിതരണത്തിനും വേണ്ടിവരുന്ന ചെലവിനായി തുക വിനിയോഗിക്കുന്നതാണ്.

### 25. കേരള ഉദ്യാനകൃഷി വികസന പദ്ധതി. (ഇ.ഇ.സി. സഹായത്തോടെ).

(വിഹിതം: 1750.00 ലക്ഷം രൂപ)

ഉദ്യാനകൃഷിക്കുള്ള 6 മാതൃകാ പ്രോജക്ടുകളും, പഴവർഗ്ഗ സംസ്ക്കരണത്തിനുള്ള ഒരു മാതൃകാ പ്രോജക്ടും വിത്തുല്പാദനത്തിനുള്ള ഒരു മാതൃകാ പ്രോജക്ടും ഉാംപ്പെടുന്നതാണ് ഈ പദ്ധതി. 1993–94–ൽ പൂർണ്ണതോതിൽ പ്രവർത്തിച്ചുതുടങ്ങേണ്ട ഈ പ്രോജക്ടുകളുടെ സ്ഥാന നിർണ്ണയവും സർവ്വേയും പുരോഗതിയിലാണ്. ഈ പദ്ധതിക്കുള്ള സംസ്ഥാന വിഹിതമായി തുക വിനിയോഗിക്കുന്നതാണ്.

26. റിഷ്യൂകൾച്ചറിനുള്ള മാതൃകാ പദ്ധതി.

(വിഹിതം: 5.00 ലക്ഷം രൂപ)

വർഗ്ഗ ഗുണമുള്ള നേന്ത്രവാഴയുടെ വംശ വർദ്ധനവിന് ഉതകുന്ന റിഷ്യൂ കൾച്ചർ സങ്കേതം കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിനെ വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുന്നതിനു മുമ്പ് വാഴക്കന്നുകളുടെ ഗുണനിലവാരത്തെ സംബന്ധിച്ചും പ്രാഥമികതല പരിശോധനയും ഡിപ്പാർട്ടുമെൻറ് വക ഫാമുകളിൽ കൃഷിപരിശോധനയും ചെയ്യേണ്ടതുണ്ട്. ഈ മാതൃകാ പദ്ധതിക്കുവേണ്ടിവരുന്ന ചെലവിന് തുക ഉപയോഗിക്കുന്നതാണ്.

27. ഒപേക് സഹായത്തോടെ മഴയെ ആശ്രയിച്ചുള്ള കൃഷിവികസന പദ്ധതി.

(വിഹിതം: 170.00 ലക്ഷം രൂപ).

ഒപേക് സാമ്പത്തിക സഹായമുള്ള ഈ പദ്ധതി 1993--94–ലും തുടരുന്നതിനുള്ള സംസ്ഥാന വിഹിതമായി തുക വകകൊള്ളിച്ചിരിക്കുന്നു.

28. കാർഷിക ഉപകരണങ്ങളുടെ വിതരണം. (സംസ്ഥാന വിഹിതം: 50 ശതമാനം).

(വിഹിതം: 3.00 ലക്ഷം രൂപ)).

50 ശതമാനം കേന്ദ്രസഹായമുള്ള ഈ പദ്ധതിയുടെ സംസ്ഥാന വിഹിതമായി തുക വിനിയോഗിച്ച് കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതാണ്.

29. കാർഷിക എൻജിനീയറിംഗ് സേവനം

(വിഹിതം: 30.00 ലക്ഷം രൂപ)

തുണ്ടു ഭൂമികൾക്ക് അനുയോജ്യമായ കാർഷിക യന്ത്രോപകരണങ്ങൾ വികസിപ്പിച്ചെടുക്കേണ്ടത് പ്രത്യേക പരിഗണന അർഹിക്കുന്ന വിഷയമാണ്. ഇങ്ങനെ രൂപകല്പന ചെയ്തിട്ടുള്ള യന്ത്രോപകരണങ്ങൾ പരിശോധിച്ച് പരിഷ്കരിച്ച് പ്രദർശിപ്പിക്കുകയും പ്രചാരത്തിൽ വരുത്തുകയും വേണം. കർഷകർക്കും കർഷകതൊഴിലാളികൾക്കും ഈ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിൽ പരിശീലനം നല്കേണ്ടതുണ്ട്. നിലവിലുള്ള ജില്ലാതല എഞ്ചിനീയറിംഗ് യൂണിറ്റുകൾവഴി കൃഷിയിടങ്ങളിൽ പുതിയ ജലസേചന സങ്കേതങ്ങൾ ശാസ്ത്രീയമായി സംഘടിപ്പിക്കുന്നതിനും, സ്ഥാപിക്കുന്നതിനും, പരിചരിക്കുന്നതിനും വേണ്ട സാങ്കേതികോപദേശം ലഭ്യമാക്കുകയും വേണം. ഇങ്ങനെയുള്ള സേവനങ്ങൾ ഇപ്പോൾ ലഭ്യമല്ലാത്ത കാസർകോട്, പത്തനംതിട്ട എന്നീ പുതിയ ജില്ലകളിൽ കൂടി ലഭ്യമാക്കുന്നതാണ്.

യന്ത്രോപകരണങ്ങളുടെ വില, പ്രദർശന ചെലവുകൾ, പരിശീലന ചെലവുകൾ, ഉദ്യോഗസ്ഥൻമാരുടെ ശമ്പളം, കെട്ടിട നിർമ്മാണം, മററ് അത്യാവശ്യ ചെലവുകൾ എന്നിവയ്ക്കായി തുക വിനിയോഗിക്കുന്നതാണ്.

30. ചെറുകിട കൃഷിയിടങ്ങളുടെ യന്ത്രവൽക്കരിക്കൽ

(വിഹിതം: 120.00 ലക്ഷം രൂപ)

ഉല്പാദന ചെലവ് കുറച്ച് അററാദായം വർദ്ധിപ്പിക്കുന്നതിനെ ആശ്രയിച്ചാണ് കേരളത്തിലെ നെൽ കൃഷിയുടെ ഭാവി നിലകൊള്ളുന്നത്. ഈ ലക്ഷ്യം നിറവേററാൻ ഒരു പരിധിവരെ യന്ത്രവൽക്കരണം കൊണ്ട് സാധിക്കുന്നതാണ്. വേണ്ടത്ര തൊഴിലാളികളെ യഥാവസരം ലഭിക്കാത്തതുകൊണ്ട് കുട്ടനാട്ടിലും കോൾ നിലങ്ങളിലും പാലക്കാട്ടും പ്രധാനവിള വെടുപ്പു സമയങ്ങളിൽ കർഷകർ വിളവെടുപ്പു പൂർത്തിയാക്കുന്നതിന് വളരെ ബുദ്ധിമുട്ടുകയാണ്. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ചെറിയ മെതിയന്ത്രങ്ങൾ പ്രചാരം നേടിവരുന്നുണ്ട്. ആയതിനാൽ, ചെറുതും വലുതുമായ മെതിയന്ത്രങ്ങൾ 50 ശതമാനം സൗജന്യ വിലയ്ക്ക് കർഷകർക്കും കർഷക സമിതികൾക്കും നല്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നു. ഇപ്രകാരം 1500 യൂണിററുകൾക്കുള്ള ധനസഹായമാണ് വിഹിതമായി ഉൾക്കൊള്ളിച്ചിട്ടുള്ളത്.

മററുള്ളവ

31. പ്രത്യേക ഘടക പദ്ധതി.

(വിഹിതം: 640.00 ലക്ഷം രൂപ)

ഈ പദ്ധതിയിൽ പട്ടികജാതി കർഷകർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും പ്രത്യുല്പാദന പരമായ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും മുൻഗണന നല്കും. പട്ടികജാതി സങ്കേതങ്ങളിലെ വിഭവ സാദ്ധ്യതകൾ തിട്ടപ്പെടുത്തി, അവരുടെ വരുമാനം പരമാവധി വർദ്ധിപ്പിക്കുന്ന വിധത്തിൽ, പ്രത്യേക പ്രദേശ പ്രധാനങ്ങളായ സമഗ്രകൃഷി വികസന സ്കീമുകൾ തയ്യാറാക്കുന്നതാണ്. വരുമാന പ്രദമായ തൊഴിലുകൾ കണ്ടെത്തുന്നതിലേക്ക് നഴ്സറി പരിപാലനത്തിന് അവർക്ക് പരിശീലനം നൽകുന്നതുമാണ്. ഈ വക ചെലവുകൾക്കായി വകയിരുത്തിയിട്ടുള്ളതാണ് മേൽ വിഹിതം.

32. ഗിരിവർഗ്ഗ ഉപപദ്ധതി

(വിഹിതം 80.00 ലക്ഷം രൂപ).

പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വിഭവസാദ്ധ്യതകൾ തിട്ടപ്പെടുത്തി, അവരുടെ വരുമാനം പരമാവധി വർദ്ധിപ്പിക്കാവുന്ന വിധത്തിലും, പ്രത്യുല്പാദന പരമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൊണ്ടും സ്വയംതൊഴിൽ കണ്ടെത്തത്തക്കവിധത്തിലും പ്രത്യേക പ്രദേശങ്ങളിലെ വിളകൾ വർദ്ധിപ്പിക്കുന്ന തരത്തിൽ സമഗ്രമായ ഒരു കൃഷി വികസന പരിപാടിയാണ് ഉദ്ദേശിക്കുന്നത്. പട്ടികവർഗ്ഗക്കാർക്ക് നഴ്സറി പരിപാലനത്തിൽ പരിശീലനം നൽകുന്നതുമാണ്. വയനാടുജില്ലയിലെ വൈത്തിരി താലൂക്കിലുള്ള സുഗന്ധഗിരി ഏലം പ്രോജക്ടിലെ കൃഷിപരിപാടികളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും വേണ്ടി 20 ലക്ഷം രൂപാ ഈ വിഹിതത്തിൽ നിന്നും നീക്കിവെയ്ക്കുന്നതും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിർദ്ദേശപ്രകാരം ചെലവഴിക്കുന്നതിലേക്ക് പ്രസ്തുത തുക വയനാട് ജില്ലാ കളക്ടറെ ഏൽപ്പിക്കുന്നതുമാണ്.

33. കാർഷിക വിജ്ഞാനവും വിനിമയവും.

(വിഹിതം: 45.00 ലക്ഷം രൂപ)

ദൃശ്യ ശ്രവണ മാദ്ധ്യമങ്ങൾ, പത്രപംക്തികളിൽ കൃഷിഫീച്ചറുകൾ അവതരിപ്പിക്കൽ, ഗ്രാമീണ മേളകൾ സംഘടിപ്പിക്കൽ, കർഷകമേളകൾ സംഘടിപ്പിക്കൽ, വായനശാലകളിൽ കൃഷിപുസ്തകകോർണറുകൾ സ്ഥാപിക്കൽ, സ്ലൈഡുകൾ വിതരണം ചെയ്യൽ എന്നീ മാദ്ധ്യമങ്ങളിലൂടെയാണ് കാർഷിക ഇൻഫർ

മേഷൻ സർവ്വീസ് കാർഷികമേഖലയ്ക്കു മൊത്തത്തിലുള്ള പ്രചരണ സഹായങ്ങളും നൽകുന്നത്. ഈ പരിപാടികൾ തുടർന്നുപോകുന്നതിനുവേണ്ടി തുക വിനിയോഗിക്കുന്നതാണ്. കൂടാതെ കെട്ടിട നിർമ്മാണത്തിനും പ്രസ് സ്ഥാപിക്കുന്നതിനും, ഫിലിമുകൾ, കാസററുകൾ മുതലായവ വാങ്ങുന്നതിനും, പഴയതിനുപകരം പുതിയ വാഹനം വാങ്ങുന്നതിനും വിഹിതത്തിൽ തുക വകയിരുത്തിയിട്ടുണ്ട്.

34. വിള ഇൻഷ്വറൻസ് — ഒരു ഫണ്ട് രൂപീകരണം ഉൾപ്പെടെ.

(വിഹിതം: 100.00 ലക്ഷം രൂപ)

നെല്ല്, പയറുവർഗ്ഗങ്ങൾ എന്നീ വിളകൾ ഈ ദേശീയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രകൃതി ക്ഷോഭം മൂലം പലപ്പോഴും വിളനാശം സംഭവിക്കുന്ന തെങ്ങ്, നേന്ത്രവാഴ, റബർ, കുരുമുളക് എന്നീ പ്രധാന വിളകളുടെ സംരക്ഷണാർത്ഥം ഒരു ഫണ്ടും സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളായ കർഷകരിൽ നിന്നും ഈടാക്കുന്ന ഫീസ്, രജിസ്ട്രേഷൻ ഫീ, പ്രീമിയം തുക, സർക്കാർ സംഭാവന എന്നിവ സ്വരൂപിച്ചാണ് ഫണ്ടിന്റെ പ്രവർത്തനം നടത്തുന്നത്. ഇതിലേക്കുള്ള സർക്കാർ സംഭാവനയായി തുക വിനിയോഗിക്കുന്നതാണ്.

35. വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ പരിശീലനം.

(വിഹിതം: 10.00 ലക്ഷം രൂപ)

കൃഷി വകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് സംസ്ഥാനത്തിനുള്ളിലും വെളിയിലും പരിശീലനം നൽകുന്നതിനുള്ള ചെലവും, യാത്രാബത്തയും നൽകുന്നതിനും കേരള കാർഷിക സർവ്വകലാശാലയിലെ ഉദ്യോഗസ്ഥൻമാർക്ക് റിഫ്രഷർ കോഴ്സ് സംഘടിപ്പിക്കുന്നതിനുമുള്ള ചെലവുകൾക്കുള്ള തുകയാണ് വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

36. കാർഷിക പരിപാടികളിൽ പൊതുജന പങ്കാളിത്തം.

(വിഹിതം: 50.00 ലക്ഷം രൂപ)

സംസ്ഥാന, ജില്ലാ, പഞ്ചായത്തു തലങ്ങളിലുള്ള കാർഷിക ഉപദേശകസമിതികൾ തുടർന്നും പ്രവർത്തിക്കുന്നതാണ്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കാർഷിക വികസന നയം കാർഷിക വികസന പരിപാടികളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് പലനടപടി ക്രമങ്ങളും വിഭാവനം ചെയ്യുന്നുണ്ട്. പ്രഗത്ഭരായ കർഷകർക്കും, കാർഷിക ലേഖകർക്കും, കൃഷി തൊഴിലാളികൾക്കും അവാർഡു നൽകുക; ഓരോ പഞ്ചായത്തിലും കർഷകദിനം ആചരിക്കുക; കർഷക സെമിനാറുകൾ/മേളകൾ സംഘടിപ്പിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇത്തരം പ്രവർത്തനങ്ങൾക്കു വേണ്ടിവരുന്ന ചെലവും, സംസ്ഥാനതല, ജില്ലാതല, പഞ്ചായത്തുതല കാർഷിക ഉപദേശക സമിതികളിലെ അംഗങ്ങൾക്കും മീററിംഗുകളിൽ പങ്കെടുക്കുന്നതിനും കൊടുക്കേണ്ട സിററിംഗ് ഫീസും, യാത്രാബത്തയും ഉൾപ്പെടെയുള്ള ചെലവുകൾക്കായി തുക വിനിയോഗിക്കുന്നതാണ്.

37. കേരള സംസ്ഥാന ഉദ്യാനവിള ഉല്പന്ന വികസന കോർപ്പറേഷൻ.

(വിഹിതം: 50.00 ലക്ഷം രൂപ)

എല്ലാ ജില്ലാ ആസ്ഥാനത്തും പച്ചക്കറികൾ സംഭരിക്കുന്നതിനും വിററഴിക്കുന്നതിനുമുള്ള സംവിധാനമുൾപ്പെടെയുള്ള കോർപ്പറേഷന്റെ പ്രവർത്തനമേഖല വിപുലീകരിച്ചുവരികയാണ്. തെരഞ്ഞെടുക്കപ്പെട്ട പച്ചക്കറിഗ്രാമങ്ങളിലും, കുടുംബങ്ങളിലും വാണിജ്യാടിസ്ഥാനത്തിലുള്ള പുഷ്പഫലകൃഷി കോർപ്പറേഷൻ സംഘടിപ്പിക്കുന്നതാണ്. ഇതിലേയ്ക്ക് ആവശ്യമായ ബാങ്ക് വായ്പയും സംഘടിപ്പിക്കുന്നതാണ്. വകയിരുത്തിയിട്ടുള്ള തുക കോർപ്പറേഷൻ ഓഹരി വിഹിതമായി നൽകാനുള്ളതാണ്.

നെൽകൃഷി

38. നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ്.

(വിഹിതം: 800.00 ലക്ഷം രൂപ)

നെൽകൃഷിയുടെ വിസ്തൃതിയും നെല്ലുല്പാദനവും ഇന്നത്തേതുപോലെ നിലനിർത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ഗ്രൂപ്പ് ഫാമുകൾ പ്രവർത്തനം തുടരുന്നതാണ്. ഗ്രൂപ്പ് ഫാമുകൾക്ക് തുടക്കത്തിലുണ്ടായിരുന്ന മികവ് നിലനിർത്താനായിട്ടില്ല. പൊതുപരിശ്രമങ്ങൾക്ക് ഉല്പാദനോപാധികളുടെ കഴിവ്/മികവ് മെച്ചപ്പെടുത്തത്തക്ക വിധമുള്ള സാങ്കേതിക പരിഷ്ക്കാരങ്ങൾ കൂട്ടായിരിക്കേണ്ടതാണ്. നെൽപ്പാടങ്ങളുടെ പ്രത്യേകത അനുസരിച്ച് അത്യുല്പാദനശേഷിയുള്ള സങ്കരയിനം നെല്ല് വിത്തുകൾ തെരഞ്ഞെടുക്കൽ, ഓരോ പാടശേഖരത്തിനും അനുയോജ്യമായ വിധത്തിൽ മികവുററ ജലവിനിയോഗ ക്രമം രൂപപ്പെടുത്തൽ, വെള്ളക്കെട്ട്, വെള്ളപ്പൊക്കക്കെടുതികൾ ഉണ്ടാവുന്ന പാടശേഖരങ്ങളിൽ സമീകൃത വളംചേർക്കുന്ന രീതി പ്രചരിപ്പിക്കൽ, ജൈവ വളങ്ങളുടെ വികസനം, ഒഴിഞ്ഞുകിടക്കുന്ന നെൽപ്പാടങ്ങളിൽ ഇടവിള കൃഷി പ്രോൽസാഹിപ്പിക്കൽ, മുതലായവ സത്വരശ്രദ്ധയാകർഷിക്കുന്ന സാങ്കേതിക പരിഷ്ക്കാരങ്ങളാണ്. ഈ പ്രവർത്തനങ്ങൾക്ക് ഒരു സമഗ്ര പദ്ധതിയുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതാണ്. കൂടാതെ ഗ്രൂപ്പ് ഫാമിംഗ് സമിതികളുടെ അപ്പക്സ് ബോഡി എന്ന നിലയ്ക്ക് 'പാഡീ ബോർഡ്' രൂപീകരിക്കാനും നിർദ്ദേശമുണ്ട്.

പാഡി ബോർഡ് രൂപീകരിക്കുന്നതിനും, ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് ദീർഘകാല വികസന പരിപാടികൾ (മുകളിൽ പറഞ്ഞവ) ആവിഷ്ക്കരിക്കുന്നതിനും ഒരിക്കൽ മാത്രം നൽകുന്ന ഗ്രാൻറിനും വേണ്ടി തുക വിനിയോഗിക്കുന്നതാണ്.

39. ഏകോപിത നെൽകൃഷി വികസന പരിപാടി

(25 ശതമാനം സംസ്ഥാന വിഹിതം.)

(വിഹിതം: 100.00 ലക്ഷംരൂപ)

ഏഴ് ജില്ലകളിൽ നടപ്പിലാക്കിയിട്ടുള്ള ഈ 75 ശതമാനം കേന്ദ്രാവിഷ്ക്കൃത പദ്ധതി 1993–94–ൽ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം മെച്ചപ്പെട്ട വിത്തുകളുടെ വിതരണം. മണ്ണു പരിപോഷിണികൾ, കീടനാശിനികൾ, കളനാശിനികൾ, ഉപകരണങ്ങൾ, എന്നിവയുടേയും ട്രാക്ടറുകൾ, പവർ ടില്ലറുകൾ എന്നിവയുടെ വിതരണം തുടരുന്നതാണ്. സംസ്ഥാന വിഹിതമായ 25 ശതമാനം ചെലവിലേക്കാണ് തുക നീക്കി വച്ചിട്ടുള്ളത്.

40. പ്രത്യേക പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന പ്രദേശങ്ങളിലെ നെൽകൃഷി വികസനം.

(വിഹിതം: 200.00 ലക്ഷംരൂപ)

ആലപ്പുഴ ജില്ലയിലെ 3590 ഹെക്ടർ കരിനിലങ്ങളിലും, മലപ്പുറം/ തൃശ്ശൂർ ജില്ലകളിലെ 15375 ഹെക്ടർ കോൾനിലങ്ങളിലും, വൈക്കത്ത് 8600 ഹെക്ടർ കരിനിലങ്ങളിലും, വയനാട് ജില്ലയിലെ 17,225 ഹെക്ടർ ഉയർന്ന നെൽപ്പാടങ്ങളിലും കണ്ടുവരുന്ന പ്രത്യേക പ്രശ്നങ്ങൾക്കും പരിഹാരമായിട്ട് ഉല്പാദനക്ഷമത പൂർണ്ണമായി ചൂഷണം ചെയ്യത്തക്ക വിധത്തിൽ കടുംകൃഷിനടത്തുന്നതിനുള്ള ഒരു പ്രത്യേക പരിപാടി ആവിഷ്കരിക്കുന്നതിന് സഹായം നൽകാനുള്ളതാണ് ഈ പദ്ധതി. ഇതിനുവേണ്ട ദീർഘകാല നടപടികൾ സ്വീകരിക്കുന്നതിനുണ്ടാകുന്ന അധികചെലവ് പദ്ധതി അടിസ്ഥാനത്തിൽ വഹിക്കുന്നതിനാണ് തുക വിനിയോഗിക്കുന്നത്. പ്രോജക്ടുകളുടെ അടിസ്ഥാനത്തിലായിരിക്കും സഹായം നൽകുക.

41. പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തിര പദ്ധതി.

(വിഹിതം: 50.00 ലക്ഷം രൂപ)

നെല്ലിനും മററും വാർഷിക വിളകൾക്കുമുള്ള വിത്തുകളുടെ കരുതൽ ശേഖരമുണ്ടാക്കുന്നതിനും, പ്രകൃതിക്ഷോഭംമൂലം വിളനാശം സംഭവിച്ച കർഷകർക്ക് അവ വിതരണം ചെയ്യുന്നതിനും വരുന്ന ചെലവിലേക്ക് വകകൊള്ളിച്ചിട്ടുള്ള തുക ഉപയോഗിക്കുന്നതാണ്

42. പ്രാദേശിക സ്വഭാവമുള്ള വിളകളുടെ വികസനം

(വിഹിതം: 100.00 ലക്ഷം രൂപ)

പ്രധാന വിളകളോടൊപ്പം പ്രാദേശിക സ്വഭാവമുള്ള ഒട്ടേറെ വിളകൾ കൃഷിചെയ്തു വരുന്നുവെന്നുള്ളതാണ് കേരളത്തിന്റെ പ്രത്യേകത. ഇത്തരം വിളകളുടെ കൃഷി വളരെ ചുരുങ്ങിയ പ്രദേശങ്ങളിലെ ഉള്ളുവെങ്കിലും അവ വളരെ കൂടുതൽ ചെറുകിട നാമമാത്ര കർഷകർക്ക് ആശ്വാസം പകരുന്നുണ്ട്

മെച്ചപ്പെട്ട വിത്തുകളുടെ വിതരണം, ശാസ്ത്രീയമായ പരിപാലനം മുതലായവ ലഭ്യമാകത്തക്കവിധത്തിൽ ഇത്തരം പ്രാദേശിക വിളകളുടെ വികസനത്തിന് ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നത് തുടർന്നു പോകുന്നതിനായി തുക വിനിയോഗിക്കുന്നതാണ്.

43. സ്വകാര്യ മേഖലയിൽ അംഗീകൃത നേഴ്സറികൾ പ്രോത്സാഹിപ്പിക്കൽ.

(വിഹിതം 100 00 ലക്ഷം രൂപ)

തൈകളുടേയും മററ് നടീൽ വസ്തുക്കളുടേയും ഉല്പാദനവും വിതരണവും അടങ്ങുന്ന പ്രവർത്തനം എല്ലാ പഞ്ചായത്തുകളിലും അംഗീകൃത സ്വകാര്യ നേഴ്സറികൾ സ്ഥാപിച്ച് വികേന്ദ്രീകരിക്കുന്നതിനുള്ള പരിപാടിയാണിത് നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് ആവശ്യമായ മാതൃജന്യ വസ്തുക്കൾ കൃഷി വകുപ്പ് ഫാമുകൾ മുഖേന സ്വകാര്യ നേഴ്സറികൾക്ക് നല്കുന്നതാണ്. കൂടാതെ കർഷകർക്ക് നേഴ്സറി പരിപാലനത്തിൽ വിദഗ്ധ പരിശീലനം നൽകുന്നതുമാണ്. നേഴ്സറികൾ സ്ഥാപിക്കുന്നതിനുണ്ടാകുന്ന പ്രാരംഭചെലവുകൾക്ക് ഒരിക്കൽ മാത്രം സബ്സിഡി നൽകുന്നതിനായി തുക വിനിയോഗിക്കുന്നതാണ്.

44. വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വികസനത്തിലേക്ക് യുവജനങ്ങളെ ആകർഷിക്കൽ.

(വിഹിതം 500.00 ലക്ഷം രൂപ)

വർഷങ്ങളായി ശുഷ്ക്കിച്ചുകൊണ്ടിരിക്കുന്ന കൃഷിമേഖലയുടെ അന്തസത്തയും സാമൂഹ്യനിലവാരവും പുനഃസ്ഥാപിക്കുന്നതിന് മുൻതൂക്കം നൽകിക്കൊണ്ടാണ് പുതിയ കാർഷികനയം സർക്കാർ പ്രഖ്യാപിച്ചത്. യുവജനങ്ങളെ എത്രത്തോളം ആകർഷിച്ച് കാർഷിക മേഖലയിൽ നിലനിർത്താൻ കഴിയുമെന്നതിനെ ആശ്രയിച്ചാണ് കേരളത്തിലെ കൃഷിയുടെ ഭാവി നിലനില്ക്കുന്നതെന്ന് നയപ്രഖ്യാപനത്തിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അതനുസരിച്ച്, വാണിജ്യാടിസ്ഥാനത്തിലുള്ളതും തുടർച്ചയായി വിളവുലഭിക്കുന്ന ദീർഘകാല കൃഷിയും കാലിവളർത്തലും പ്രധാന തൊഴിലുകളായി പരിഗണിച്ച്, ഉല്പാദനോപാധികളും മററ് സേവനങ്ങളും ലഭ്യമാക്കിക്കൊണ്ട് കർഷക കുടുംബങ്ങളിൽപ്പെട്ട ഒരു ലക്ഷത്തോളം വരുന്ന തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് പ്രയോജനപ്പെടത്തക്ക വിധത്തിലുള്ള ഒരു പുതിയ പദ്ധതി നിർദ്ദേശിക്കുകയാണ്. നിക്ഷേപങ്ങൾക്കാവശ്യമായ ബാങ്ക് വായ്പ ക്രമപ്പെടുത്തുന്നതും ആരംഭച്ചെലവുകൾക്ക് ഒരിക്കൽ മാത്രം ധനസഹായം നൽകുന്നതുമാണ്. ഇപ്രകാരം ഒരിക്കൽമാത്രം ലഭിക്കുന്ന ധനസഹായവും ഗുണഭോക്താക്കളിൽ നിന്നും വാർഷികാടിസ്ഥാനത്തിൽ ലഭിക്കുന്ന സംഭാവനയും ബന്ധപ്പെടുത്തി ഇവർക്കു വേണ്ടി ആകർഷകമായ ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനും ഈ തുക വിനിയോഗിക്കുന്നതാണ്.

45. ഔഷധ സസ്യങ്ങളുടെ വികസനം

(വിഹിതം 5.00 ലക്ഷം രൂപ)

ഉല്പന്നങ്ങൾ ''ഔഷധി'' വിലയ്ക്ക് വാങ്ങിക്കൊള്ളുമെന്നുള്ള വ്യവസ്ഥയിൽ തൃശ്ശൂർ ജില്ലയിലെ വീട്ടുവളപ്പുകളിൽ ഔഷധ സസ്യങ്ങൾ കൃഷിചെയ്യുന്നതിനുള്ള ഒരു പദ്ധതിയാണിത്. വാണിജ്യാടിസ്ഥാനത്തിലുള്ള ഈ കൃഷിക്ക് വേണ്ടത്ര ഗുണനിലവാരം തിട്ടപ്പെടുത്തിയിട്ടുള്ള നടീൽ വസ്തുക്കളും മററും തെരഞ്ഞെടുക്കപ്പെടുന്ന കുടുംബങ്ങൾക്കു നല്കുന്നതാണ്. നടീൽ വസ്തുക്കൾക്കു വരുന്ന ചെലവും മററു ചെലവുകളും വഹിക്കുന്നതിനാണ് തുക വകകൊള്ളിച്ചിട്ടുള്ളത്.

46. പ്രയോജക ഗവേഷണം

(വിഹിതം 3.00 ലക്ഷം രൂപ)

കേരള കാർഷിക സർവ്വകലാശാലയുടേയും മററ് ഗവേഷണ സ്ഥാപനങ്ങളുടേയും നിലവിലുള്ള പരിപാടികളിൽ ഉൾപ്പെടാതെപോയിട്ടുള്ളതും അത്തരം സ്ഥാപനങ്ങൾക്ക് കൈകാര്യം ചെയ്യുന്നതിന് പരിമിതികൾ ഉള്ളവയുമായ പ്രത്യേക പ്രശ്നങ്ങളിൽ ഗവേഷണം സംഘടിപ്പിക്കുന്നതിനാണ് ഈ പദ്ധതി. മരച്ചീനിയുടെ വ്യാവസായിക ഉപഭോഗ സാദ്ധ്യതകളുടെ വികസനം, ചക്ക, കശുമാവ്, പഴം, പപ്പായ തുടങ്ങിയവയുടെ സംസ്ക്കരണ മേഖല വികസനം തുടങ്ങി സമ്പദ്ഘടനയ്ക്ക് പ്രാധാന്യമുള്ള പ്രശ്ന മേഖലകൾ കൃഷിവകുപ്പ് കണ്ടെത്തി, ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് യോഗ്യമായ ഗവേഷണ ഏജൻസികളെ ഏല്പിച്ച് ഗവേഷണം നടത്തുന്നതിനുള്ള ചെലവാണ് വിഹിതമായി വകകൊള്ളിച്ചിട്ടുള്ളത്.

## 1.2. മണ്ണു–ജല സംരക്ഷണം

### 1. ഭൂവിനിയോഗ ബോർഡ്

(വിഹിതം 18.00 ലക്ഷം രൂപ)

റിമോട്ട്. സെൻസിംഗ് ഉപയോഗിച്ച് സ്രോതസ്സുകളുടെ പര്യവേഷണം, നിയന്ത്രണ നിർവ്വഹണം, ഉപദേശ നിർദ്ദേശങ്ങൾ നൽകൽ ഇവയ്ക്കായി സംസ്ഥാനത്തുള്ള പ്രധാന ഏജൻസിയാണ് സംസ്ഥാന ഭൂവിനിയോഗ ബോർഡ്. കേരളത്തിലെ ഓരോ ജില്ലയുടേയും, പ്രധാന പട്ടണങ്ങളുടേയും ഭൂവിനിയോഗ പദ്ധതി റിമോട്ട് സെൻസിംഗ് ഉപയോഗിച്ച് ബോർഡ് തയ്യാറാക്കുന്നതാണ്. ഭാരത സർക്കാരിന്റെ ബഹിരാകാശ വകുപ്പുമായി സഹകരിച്ച് പാലക്കാട്, കാസർകോഡ് ജില്ലകളിലെ വരൾച്ച നിയന്ത്രണത്തെക്കുറിച്ച് ഒരു സംയോജിത പഠനം നടത്തുവാൻ ബോർഡ് ഉദ്ദേശിക്കുന്നു. ആധുനിക ഉപകരണങ്ങൾ സമ്പാദിക്കുക, റിമോട്ട് സെൻസിംഗ് ലബോറട്ടറി സുസജ്ജമാക്കുക, ജീവനക്കാർക്ക് പരിശീലനം നല്കുക എന്നിവയുടെ ചെലവുകൾക്കായി വിഹിതം വകകൊള്ളിച്ചിരിക്കുന്നു.

### 2. പഞ്ചായത്തുതല സ്രോതസ്സ് പര്യവേഷണം.

(വിഹിതം 12.00 ലക്ഷം രൂപ)

പഞ്ചായത്തുതലത്തിൽ നിലവിലുള്ള വിഭവ സ്രോതസ്സുകളുടെ അടിസ്ഥാന സൗകര്യങ്ങൾ തിട്ടപ്പെടുത്തി ഭൂപടങ്ങൾ തയ്യാറാക്കുന്നതാണ്. സെൻറർ ഫോർ എർത്ത് സയൻസ് സ്ററഡീസും ഭൂവിനിയോഗ ബോർഡും ചേർന്ന് മററു സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ശാസ്ത്രീയമായി ഭൂപടങ്ങൾ തയ്യാറാക്കുന്നതിനും അതിന് മററുള്ളവർക്ക് പരിശീലനം നല്കുന്നതിനും ബോർഡിലെ ജീവനക്കാരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്. പരിപാടി തുടരുന്നതിനായി തുക ഉൾക്കൊള്ളിച്ചിരിക്കുന്നു.

### 3. മണ്ണ് പര്യവേഷണ പരിപാടികൾ

(വിഹിതം 14.00 ലക്ഷം രൂപ)

1990–91-ൽ സോയിൽ സർവ്വേ വിംഗ് പുനഃസംഘടിപ്പിച്ചതോടെ എല്ലാ ജില്ലകളിലും സോയിൽ സർവ്വേ യൂണിററുകൾ പ്രവർത്തിച്ചു വരുന്നു. 8000 ഹെക്ടർ സ്ഥലത്ത് വിശദ പര്യവേഷണവും 3 ലക്ഷം ഹെക്ടർ സ്ഥലത്ത് ക്ഷിപ്ര പര്യവേഷണവും പൂർത്തിയാക്കാൻ ഉദ്ദേശിക്കുകയാണ്. ഇപ്പോഴുള്ള ജീവനക്കാരെ നിലനിർത്തുന്നതിനും വാഹനമുൾപ്പെടെ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി തുക വിനിയോഗിക്കും.

### 4. പരീക്ഷണശാലകൾ

(വിഹിതം 14.00 ലക്ഷം രൂപ)

മണ്ണ് പര്യവേഷണ കേന്ദ്ര ലബോറട്ടറി തിരുവനന്തപുരത്തേക്ക് മാററി സ്ഥാപിച്ചു. തിരുവമ്പാടിയിലുള്ള ലബോറട്ടറിയും ഉടൻതന്നെ മാററി സ്ഥാപിക്കുന്നതാണ്. ഇതിനുവേണ്ട സ്ഥിരം കെട്ടിട സൗകര്യങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. ഇപ്പോഴുള്ള ജീവനക്കാരെ തുടർന്നു നിലനിർത്തുന്നതിനുള്ള ചെലവ്, കെട്ടിട നിർമ്മാണം ലബോറട്ടറി ചെലവുകൾ, വാഹന അററകുററപ്പണി ചെലവുകൾ എന്നിവയ്ക്കായി തുക വിനിയോഗിക്കുന്നതാണ്.

### 5. ഓഫീസർമാർക്ക് പരിശീലനം

(വിഹിതം 2.00 ലക്ഷം രൂപ)

മണ്ണു പര്യവേഷണ ഉദ്യോഗസ്ഥന്മാരുടെ പരിശീലനത്തിനുള്ള ചെലവിനും, കൃഷി/മണ്ണ് ജലസംരക്ഷണ ഉദ്യോഗസ്ഥന്മാർക്കായി ജില്ലാ തലത്തിൽ ഓറിയന്റേഷൻ കോഴ്സുകൾക്കുള്ള ചെലവിനുമായി തുക വകകൊള്ളിച്ചിരിക്കുന്നു.

### 6. വിവിധയിനം മണ്ണുകളെ ശാസ്ത്രീയാടിസ്ഥാനത്തിൽ വേർതിരിച്ച് അവയെ മാതൃകയാക്കി സ്വഭാവനിർണ്ണയം ചെയ്യുന്ന പരിപാടി.

(വിഹിതം 3.00 ലക്ഷം രൂപ)

ഗവേഷണത്തിലൂടെ, കേരളത്തിലെ പ്രധാന മണ്ണിനങ്ങൾ കണ്ടെത്തി അവയുടെ പരമാവധി വിനിയോഗം സാദ്ധ്യമാക്കുന്നതിന് ഉതകുന്ന പരിശീലന മുറകൾക്ക് രൂപം നല്കുന്നതാണ്. സംസ്ഥാനത്തെ മണ്ണു പര്യവേഷണ വിഭാഗം വിവിധ പഠനങ്ങളിലൂടെ പ്രധാന മണ്ണിനങ്ങളെ തരംതിരിക്കുന്നതും കാർഷിക സർവ്വകലാശാല ഓരോ വിഭാഗത്തിനും അനുയോജ്യമായ പരിപാലന മുറകൾ രൂപപ്പെടുത്തിയെടുക്കുന്നതുമാണ്. ഇതിന്റെ ചെലവുകൾക്കായി തുക വകകൊള്ളിച്ചിരിക്കുന്നു.

### 7. ചെലവുകുറഞ്ഞ മണ്ണു സംരക്ഷണ സാങ്കേതിക വിദ്യയുടെ പ്രചരണം.

(വിഹിതം 5.00 ലക്ഷം രൂപ)

ചെലവു കുറഞ്ഞ മണ്ണു സംരക്ഷണ പദ്ധതികൾ പ്രചരിപ്പിക്കുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ നിന്ന് 10–15 വരെ പേർക്ക് ഹാൻറ് ലെവൽ ഉപയോഗിച്ച് കോണ്ടൂർ നിർണ്ണയിക്കുന്നതിനും മററു ചെലവുകുറഞ്ഞ പരിപാടികളിലും പരിശീലനം നല്കുന്നതാണ്. ഹെക്ടറിന് 6000 രൂപ നിരക്കിൽ ധനസഹായം നല്കി ഇത്തരം പ്രവർത്തനങ്ങൾ പ്രദർശനാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനും പരിശീലനത്തിനും തുക വിനിയോഗിക്കുന്നതാണ്.

### 8. ഗവേഷണവും പരിശീലനവും

(വിഹിതം 25.00 ലക്ഷം രൂപ)

കേരള സർവ്വകലാശാല, കേന്ദ്ര ജലവിഭവ വികസന കേന്ദ്രം എന്നീ സ്ഥാപനങ്ങളെകൂടെ പങ്കെടുപ്പിച്ചുകൊണ്ട് കോന്നിയിലെ ഗവേഷണ കേന്ദ്രം പുനരുദ്ധരിക്കുന്നതിനും കർഷകരുടെയും ഉദ്യോഗസ്ഥരുടേയും പരിശീലനത്തിനുള്ള ചെലവിനുമായി തുക വകകൊള്ളിച്ചിരിക്കുന്നു.

### 9. വാട്ടർഷെഡ് അടിസ്ഥാനത്തിൽ മണ്ണു ജല സംരക്ഷണം.

(വിഹിതം 100.00 ലക്ഷം രൂപ)

ലോണും സബ്സിഡിയുമായി ലഭിച്ചിരുന്ന സഹായം സംയോജിപ്പിച്ചുകൊണ്ട് മണ്ണ് സംരക്ഷണ പദ്ധതികൾ ഒരു വായ്പാ ബന്ധിത പദ്ധതിയായി പുനർഘടന ചെയ്യപ്പെട്ടിരിക്കുകയാണ്. ഇതിൻ

പ്രകാരം 1700 ഹെക്ടർ സ്ഥലത്ത് സംയുക്ത പ്രവർത്തനത്തിന് സബ്സിഡി നല്കാനുള്ള തുകയാണ് വിഹിതമായി ഉൾക്കൊള്ളിച്ചിരിക്കുന്നത്.

10. വെള്ളക്കെട്ടു പ്രദേശങ്ങൾ നികത്തിയെടുത്ത് കൃഷിക്ക് അനുയോജ്യമാക്കുക.

(വിഹിതം 25.00 ലക്ഷം രൂപ)

ഉചിതമായ സംരക്ഷണ പ്രവർത്തനത്തിലൂടെ മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിച്ചു നിലനിർത്തുന്ന പദ്ധതിയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതിനായി ജലനിർഗമന സൗകര്യങ്ങൾ നിർമ്മിക്കുന്നതും, ചാലുകൾ വെട്ടിതെളിക്കുന്നതും, കുഴൽ കിണർ കുഴിക്കുന്നതും മററുമായ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. പണികൾ ചെയ്യുന്നതിലേക്കുള്ള മുഴുവൻ ചെലവും സർക്കാർ വഹിക്കുന്നു. ഇതിന് തുക വിനിയോഗിക്കും. ഇപ്രകാരം കൊല്ലം, ആലപ്പുഴ, കോട്ടയം എറണാകുളം, മലപ്പുറം, തൃശ്ശൂർ, പാലക്കാട്, പത്തനംതിട്ട എന്നീ ജില്ലകളിലായി 185 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

11. ഒഴുക്കുമൂലമുണ്ടാകുന്ന നദികളുടെ കരയിടിച്ചിൽ നിയന്ത്രണപദ്ധതി

(വിഹിതം 20.00 ലക്ഷം രൂപ)

മരാമത്ത് പണികൾ, കാർഷിക പ്രവർത്തനങ്ങൾ മരം/പുല്ല് വച്ചു പിടിപ്പിക്കൽ, തുടങ്ങിയ വിദ്യകൾ ഉപയോഗിച്ച്, നദികളുടെ കര ഇടിയാതെ സംരക്ഷിക്കാനാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. 1993–94–ൽ 22 കി. മീ. ദൂരത്തിൽ ഇപ്രകാരമുള്ള സംരക്ഷണ പണികളുടെ ചെലവിലേക്കായി തുക വകയിരുത്തിയിട്ടുണ്ട്.

12. കുടിവെള്ള വിതരണത്തിനുള്ള ജലസംഭരണികളുടെ കാച്ച്മെൻറ് സംരക്ഷണ പദ്ധതി.

(വിഹിതം 15.00 ലക്ഷം രൂപ)

പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നല്കികൊണ്ട് അരുവിക്കര, ശാസ്താംകോട്ട എന്നീ ജലസംഭരണിപ്രദേശത്ത് സംയോജിത മണ്ണു–ജലസംരക്ഷണ പദ്ധതി നടപ്പാക്കുകയാണ് ലക്ഷ്യം. ഇപ്രകാരം 110 ഹെക്ടർ സ്ഥലത്തെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ടി തുക വകയിരുത്തിയിട്ടുണ്ട്.

13. ഉരുൾപൊട്ടൽ കെടുതിയിൽ നിന്നും വിളഭൂമിയെ സംരക്ഷിക്കൽ.

(വിഹിതം 25.00 ലക്ഷം രൂപ)

ഉരുൾ പൊട്ടൽ കെടിതിയിൽ പെട്ടിട്ടുള്ള 185 ഹെക്ടർ സ്ഥലത്ത് മണ്ണ്–ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി 1993–94–ൽ വരുന്ന ചെലവിന് തുക വിനിയോഗിക്കുന്നതാണ്.

14. പ്രത്യേക ഘടക പദ്ധതി

(വിഹിതം 60.00 ലക്ഷം രൂപ)

പട്ടികജാതിക്കാരുടെ കോളനികളിൽ 100 ശതമാനം സഹായത്തോടെ അനുയോജ്യമായ സംയോജിത മണ്ണു സംരക്ഷണ പരിപാടികൾ നടപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. 1993–94–ൽ ആപ്രകാരമുള്ള 450 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പാക്കുന്നതിനു വേണ്ട ചെലവിലേക്ക് തുക വിനിയോഗിക്കുന്നതാണ്.

15. പട്ടികവർഗ്ഗ ഉപ പദ്ധതി

(വിഹിതം 12.00 ലക്ഷം രൂപ)

പട്ടികവർഗ്ഗക്കാരുടെ ഭൂമിയിൽ 100 ശതമാനം സഹായത്തോടെ മണ്ണു സംരക്ഷണ പരിപാടികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി 1993–94–ൽ 90 ഹെക്ടർ സ്ഥലത്തെ പ്രവർത്തനങ്ങൾക്കായി തുകയുടെ ഏറിയ പങ്കും വിനിയോഗിക്കും. കൂടാതെ, വയനാടു ജില്ലയിലെ സുഗന്ധ ഗിരി കാർഡമം പ്രോജക്ടിലെ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾക്കായി 2.00 ലക്ഷം രൂപ വിനിയോഗിക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്.

## 1.3 മൃഗസംരക്ഷണം

### I. വിജ്ഞാനവ്യാപനവും പരിശീലനവും.

(വിഹിതം. 30.00 ലക്ഷം രൂപ)

മൃഗ ചികിത്സാരംഗത്തെ ഉദ്യോഗസ്ഥൻമാർക്ക് ഇൻസർവ്വീസ് പരിശീലനം നൽകുന്നതിന് നിലവിലുള്ള ലൈവ് സ്റ്റോക്ക് മാനേജ്മെൻറ് പരിശീലന കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും പാലക്കാട് പുതുതായി ഒരു പരിശീലനകേന്ദ്രം സ്ഥാപിക്കുന്നതിനും ഈ വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നു. പരിശീലന പരിപാടികളുമായി ബന്ധപ്പെട്ട് നടത്തുന്ന കന്നുകാലി പ്രദർശനങ്ങൾ സെമിനാറുകൾ കന്നുകാലി ഉല്പാദനത്തെക്കുറിച്ചുള്ള വർക്കുഷോപ്പുകൾ തുടങ്ങിയവയുടെ ചെലവുകളും ഉദ്യോഗസ്ഥൻമാരുടെ ശമ്പളവും ഈ വിഹിതത്തിൽ നിന്നും വഹിക്കേണ്ടതാണ്. മൃഗസംരക്ഷണ വിഷയങ്ങളിൽ തൊഴിലധിഷ്ഠിത സെക്കൻഡറി വിദ്യാഭ്യാസം കഴിഞ്ഞവർക്ക് അപ്രൻറീസ് ട്രെനിംഗിനുള്ള സ്റ്റൈപ്പൻറും ഉദ്യോഗസ്ഥൻമാരെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പരിശീലനകേന്ദ്രങ്ങളിൽ വിവിധ പരിശീലനങ്ങൾക്ക് നിയോഗിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകളും ഈ വിഹിതത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### II മൃഗചികിൽസയും മൃഗാരോഗ്യവും

1. മൃഗചികിൽസ

(വിഹിതം: 110.00 ലക്ഷം രൂപ)

മൃഗചികിത്സാ സൗകര്യങ്ങൾ വീടുകളിൽ ലഭ്യമാക്കുന്നതിന് 70 പുതിയ വെററിനറി ഡിസ്പെൻസറികൾ സ്ഥാപിക്കുവാനും പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറിയിലെ മൃഗഡോക്ടറുടെ സേവനം ആഴ്ചയിൽ ഒരിക്കൽ എന്നക്രമത്തിൽ മുൻകൂട്ടി നിശ്ചയിക്കുന്ന ദിവസവും സമയത്തും ആ പ്രദേശത്തെ ക്ഷീര സഹകരണ സംഘങ്ങൾക്ക് ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടിരിക്കുന്നു. പത്തനംതിട്ടയിലെ രോഗനിർണ്ണയ ലാബോറട്ടറി ശക്തിപ്പെടുത്താനും ഉദ്ദേശിക്കുന്നു. മരുന്നുകൾ ഉപകരണങ്ങൾ, രോഗനിർണ്ണയത്തിന് സഹായിക്കുന്ന രാസവസ്തുക്കൾ എന്നിവ വാങ്ങുന്നതിനും ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കുന്നതിനും മുകളിൽ പറഞ്ഞിട്ടുള്ള പരിപാടികൾ നടപ്പാക്കുന്നതിനാവശ്യമായ കെട്ടിട നിർമ്മാണത്തിനും പുറമേ ക്ലീനിക്കുകൾ സംഘടിപ്പിക്കുക, പേവിഷബാധക്ക് എതിരെ കുത്തിവയ്പ് നടത്തുക. സങ്കരയിനം കന്നുകുട്ടികളിലെ വിരബാധ നിർമ്മാർജ്ജനം ചെയ്യുക എന്നീ പരിപാടികൾ തുടർന്നു കൊണ്ടു പോകുന്നതിനും ഈ തുക വകകൊള്ളിച്ചിരിക്കുന്നു.

2. കന്നുകാലി വികസനത്തിനുള്ള മൃഗസംരക്ഷണ സേവനങ്ങൾ.

സംസ്ഥാനവിഹിതം: 50 ശതമാനം

(വിഹിതം: 35.00 ലക്ഷം രൂപ)

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ മൂന്ന് തെക്കൻ ജില്ലകളിൽ വ്യാപിച്ചിട്ടുള്ള ദേശീയ പ്രാധാന്യമുള്ള കന്നുകാലി രോഗങ്ങൾ, കന്നുകാലി വസന്ത, കുളമ്പുരോഗം എന്നിവയെ അടിസ്ഥാനപരമായി നിയന്ത്രിച്ച് ഒരു രോഗ വിമുക്ത മേഖല സൃഷ്ടിക്കുക എന്നതാണ് കേന്ദ്രാവിഷ്കൃതമായ ഈ പദ്ധതിയുടെ ലക്ഷ്യം. റിൻറർ പെസ്റ്റ് രോഗത്തിനും പേ വിഷബാധയ്ക്കും എതിരെയുള്ള കുത്തിവയ്പും ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പരിപാടിയുടെ നടത്തിപ്പിലേക്കായി 1993—94 വർഷത്തേയ്ക്കുള്ള സംസ്ഥാന വിഹിത മാണ് ഈ തുക. രോഗത്തിന് നിദാനമായ വൈറസ് വംശത്തെ കണ്ടെത്തുന്നതിനും ചെലവുകുറഞ്ഞ ഫലപ്രദമാർഗ്ഗങ്ങളിലൂടെ അവയെ നിയന്ത്രിക്കുന്നതിനും ഉപയുക്തമായ ഒരു വൈറസ് ടൈപ്പിംഗ് കേന്ദ്രം സ്ഥാപിക്കുന്നതിനും ഈ വിഹിതം ഉപയോഗിക്കേണ്ടതാണ്.

3. സംസ്ഥാന വെററിനറി കൗൺസിൽ
(സംസ്ഥാന വിഹിതം. 50 ശതമാനം)

(വിഹിതം: 1.50 ലക്ഷം രൂപ)

1984 ലെ ഇൻഡ്യൻ വെററിനറി കൗൺസിൽ ആക്ട് പ്രകാരം സ്ഥാപിച്ചിട്ടുള്ള കേരള സംസ്ഥാന വെററിനറി കൗൺസിലിൻെറ തുടർന്നുള്ള നടത്തിപ്പിനാവശ്യമായ ഓഫീസ് ചെലവിലേക്കും ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം നൽകുന്നതിനും വാഹനത്തിൻെറ അററകുററ പ്പണിക്കുമായിട്ടുള്ള. സംസ്ഥാന വിഹിതമായി ഈ തുക വകയിരുത്തിയിരിക്കുന്നു.

4. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്

(വിഹിതം. 20.00 ലക്ഷം രൂപ)

ടിഷ്യൂകൾച്ചർ റാബിസ് വാക്സിൻ ഉല്പാദിപ്പിക്കുന്നതിനുവേണ്ടി അനിമൽ ഹെൽത്ത് ആൻറ് വെററിനറി ബയോളജിക്കൽസിൻ അധിക അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നു. ഇൻട്രാവീനസ് ഫ്ളൂയിഡുപോലുള്ള സലൈൻെറയും ഡെക്സ്ട്രോസിൻെറയും ഉല്പാദനവും നടത്തുന്നതാണ്.

പരീക്ഷണോപകരണങ്ങൾ രാസവസ്തുക്കൾ, രാസ പരീക്ഷണസഹായികൾ എന്നിവയും, പരീക്ഷണ നിരീക്ഷണങ്ങൾക്കായി മൃഗങ്ങളേയും വാങ്ങുന്നതിനും പരിശീലനത്തിനും ഉദ്യോഗസ്ഥൻമാരെ നിയോഗിക്കുന്ന ഗിക്കുന്നതിനുമുള്ള ചെലവിലേക്കായി ഈ തുക വക കൊള്ളിച്ചിരിക്കുന്നു.

### III. വിശദമായ അന്വേഷണ പഠനങ്ങളും സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണവും.

1. കന്നുകാലിസെൻസസ് (സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം: 13.50 ലക്ഷം രൂപ)

പതിനഞ്ചാമത് കന്നുകാലി സെൻസസിൻെറ ചെലവിലേക്കുള്ള സംസ്ഥാന വിഹിതമായി തുക ഉൾപ്പെടുത്തിയിരിക്കുന്നു.

2. മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കും സാമ്പിൾ സർവ്വേയും (സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം: 10.00 ലക്ഷം രൂപ)

പ്രധാന മൃഗോല്പന്നങ്ങളുടെ ഉല്പാദനം തിട്ടപ്പെടുത്താനായി നടത്തിവരുന്ന സാമ്പിൾ സർവ്വേകൾ തുടർന്നും നടത്തുന്നതിനും മൃഗസംരക്ഷണ

ഡയറക്ടറേററിൽ പ്രവർത്തിക്കുന്ന സ്ററാററിസ്ററിക്കൽ സെല്ലിനെ പുനഃസജ്ജീകരിച്ച് ഫലപ്രദവും വിശ്വാസ്യവുമായ വിവരങ്ങൾ നൽകാൻ പ്രാപ്തമാക്കുന്നതിനും ഈ പരിപാടികൊണ്ടുദ്ദേശിക്കുന്നു.

ഈ പരിപാടിയുടെ നടത്തിപ്പിലേക്കുള്ള ചെലവുകൾക്കും ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കുന്നതിനും സംസ്ഥാന വിഹിതമായ ഈ തുക വിനിയോഗിക്കേണ്ടതാണ്.

## IV കന്നുകാലി/എരുമ വളർത്തൽ

### 1. ബീജസങ്കലന സൗകര്യങ്ങൾ വികസിപ്പിക്കൽ

(വിഹിതം: 35.00 ലക്ഷം രൂപ)

ഉത്തര കേരള ക്ഷീരവികസന പരിപാടിപ്രകാരം സ്ഥാപിക്കാനായി ലക്ഷ്യമിട്ടിട്ടുള്ള 360 ഊർജ്ജിത കന്നുകാലി വികസന യൂണിററുകളിൽ 100 എണ്ണം 1993–94 വർഷത്തിൽ സ്ഥാപിച്ച് ബീജസങ്കലന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതി ഉദ്ദേശിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവുകൾക്കും ഉദ്യോഗസ്ഥൻമാരുടെ ശമ്പളത്തിനുമായി തുക വകകൊള്ളിച്ചിരിക്കുന്നു.

### 2. ദേശീയ വിത്തുകാള വികസന പരിപാടി (സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം: 45.00 ലക്ഷം രൂപ)

ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ സർക്കാരിന്റെ കന്നുകാലി വംശവർദ്ധന ഫാമുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. തെരഞ്ഞെടുത്ത നല്ലയിനം പശുക്കളിൽ തെളിയിക്കപ്പെട്ട പിതൃഗുണമുള്ള കാളകളുടെ മേററിംഗ് വഴി വികസിപ്പിച്ചെടുത്ത 230 വിത്തുകാളകളുടെ ഒരു ശേഖരത്തെ സ്ഥിരമായി നിലനിർത്തത്തക്കവിധത്തിൽ കെ.എൽ.ഡി. ബോർഡിന്റെ മൂന്ന് ബുൾ സ്റേറഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതാണ്. ഇതിനുപുറമെ നല്ലയിനം വിത്തുകാളകളെ വികസിപ്പിച്ചെടുക്കുന്ന പരിപാടിയിൽ സന്നദ്ധ സംഘടനകളെയും സ്വകാര്യ വ്യക്തികളെയും പങ്കാളികളാക്കാനും ഉദ്ദേശമുണ്ട്. ഇതിന്റെ ചെലവിലേക്കുള്ള സംസ്ഥാന വിഹിതമായി ഈ തുക ഉൾപ്പെടുത്തിയിരിക്കുന്നു.

## V കോഴിവളർത്തൽ

### 1. കോഴിവളർത്തൽ കേന്ദ്രങ്ങളും ഉല്പാദന വർദ്ധനയും

(വിഹിതം: 65.00 ലക്ഷം രൂപ)

കുടിയിടകളിൽ തുറന്നു വിട്ടു കോഴി വളർത്തുന്നതിനെയും ഹൈസ്കൂൾ കുട്ടികൾ വീടുവളപ്പുകളിൽ കോഴി വളർത്തുന്നതിനെയും പ്രോൽസാഹിപ്പിക്കാനുള്ള ഒരു പരിപാടിയാണിത്. ഡിപ്പാർട്ടുമെൻറിന്റെ കോഴി വളർത്തൽ കേന്ദ്രങ്ങളിൽ പിതൃശേഖരത്തെ തീററിപ്പോററുന്നതിനും കേന്ദ്രത്തിലേക്കാവശ്യമായ ഉപകരണങ്ങൾ, മരുന്നുകൾ, പ്രതിരോധ കുത്തിവയ്പിനുള്ള മരുന്നുകൾ ഇവ വാങ്ങുന്നതിനും കൂടാതെ നല്ലതരം കോഴികളുടെ വംശവർദ്ധന നടത്തി വിതരണം ചെയ്യുന്നതിനുള്ള ചെലവിലേക്കുമായി തുക ഉൾപ്പെടുത്തിയിരിക്കുന്നു. സ്കൂൾ കുട്ടികളുടെ കോഴിവളർത്തൽ പരിപാടിയുമായി ബന്ധപ്പെട്ടുള്ള ചെലവുകളും ഈ വിഹിതത്തിൽ നിന്നും വഹിക്കേണ്ടതാണ്.

### 2. താറാവ് വളർത്തലും വികസനവും

(വിഹിതം: 6.50 ലക്ഷം രൂപ)

ഗുണമേൻമയുള്ള താറാ കുഞ്ഞുങ്ങളെയും കാടകുഞ്ഞുങ്ങളെയും ഡിപ്പാർട്ടുമെൻറിന്റെ വളർത്തൽ കേന്ദ്രങ്ങളിൽ ഉല്പാദിപ്പിച്ച് കർഷകർക്കിടയിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. വീട്ടുവളപ്പുകളിൽ താറാവിനെ വളർത്തുന്നതിനായി കർഷകർക്ക് താറാവിന്റെ കുഞ്ഞുങ്ങളെയും തീററയും നൽകുന്നതാണ്. കൂടാതെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിലേക്കാവശ്യമായ തുകയും ഈ വിഹിതത്തിൽ നിന്നും സബ്സിഡിയായി കൊടുക്കുന്നതാണ്.

### 3. ഇറച്ചിക്കോഴി വളർത്തുന്നതിനുള്ള എൻ.സി.ഡി.സി പരിപാടി

(വിഹിതം: 10.00 ലക്ഷം രൂപ)

സഹകരണമേഖലയിൽ എൻ.സി.ഡി.സി. യുടെ സഹായത്തോടെ വാണിജ്യാടിസ്ഥാനത്തിൽ 12.37 കോടി രൂപ ചെലവുവരുന്ന ഒരു ഇറച്ചിക്കോഴി ഉല്പാദന പദ്ധതിക്ക് കേരള പൗൾട്രി ഡവലപ്പ്മെൻറ് കോർപ്പറേഷൻ രൂപം നൽകിയിരിക്കുന്നു. സഹായത്തിന്റെ അനുപാതം 5:95 എന്ന രീതിയിലായിരിക്കും ഈ പദ്ധതിയുടെ 1993–94 വർഷത്തേക്കുള്ള ചെലവിലേക്കായി സംസ്ഥാന വിഹിതമായി തുക ഉൾപ്പെടുത്തിയിരിക്കുന്നു.

## VI പന്നി വളർത്തലിനായുള്ള ദേശീയ പരിപാടി (സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം: 30.00 ലക്ഷം രൂപ)

പ്രജനനാവശ്യത്തിലേക്ക് ഗുണമേൻമയുള്ള പന്നികളെ സർക്കാർ പന്നി വളർത്തൽ കേന്ദ്രങ്ങളിൽ ഉല്പാദിപ്പിക്കാനുള്ളതാണ് ഈ പരിപാടി. ഇതിനു പുറമെ ഉല്പാദന കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും പന്നിവളർത്തൽ/പ്രജനന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനു കർഷകർക്കു സാമ്പത്തിക സഹായം നൽകുന്നതിനും സംസ്ഥാന വിഹിതമായ തുക വിനിയോഗിക്കേണ്ടതാണ്.

## VII ആടുവളർത്തൽ

### മുട്ടനാടുകളെ വളർത്താനുള്ള ദേശീയ പദ്ധതി (സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം 28.00 ലക്ഷം രൂപ)

നല്ല ഉല്പാദനശേഷിയുള്ള 'മലബാറി' മുട്ടനാടുകളിൽ നിന്നും ഏററവും മെച്ചപ്പെട്ടവയെ തെരഞ്ഞെടുത്ത് വംശവർദ്ധനയ്ക്കായി ഉപയോഗിക്കുന്നതിനെ പ്രോൽസാഹിപ്പിക്കുക എന്നതാണ് ഈ ദേശീയ പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത്. തല്പരരായ കർഷകർക്ക് മൃഗചികിൽസാ സൗകര്യങ്ങളും മററു പ്രോൽസാഹനങ്ങളും നൽകുന്നതാണ്.

ഈ പരിപാടിയുടെ നടത്തിപ്പിനായി സംസ്ഥാന വിഹിതമായി തുക വകയിരുത്തിയിരിക്കുന്നു.

### 2. ആട് വളർത്തൽ കേന്ദ്രങ്ങളുടെ പ്രോൽസാഹനം

(വിഹിതം: 10.00 ലക്ഷം രൂപ)

ആദ്യ മുതൽ മുടക്കിന് സബ്സിഡി നൽകിക്കൊണ്ട് സ്വകാര്യ മേഖലയിൽ ആടുവളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ചെലവിലേക്കായി തുക വകയിരുത്തിയിരിക്കുന്നു.

## VIII കാലിത്തീററയും തീററപ്പുൽകൃഷി വികസനവും

### 1. കാലിത്തീററ മിശ്രിതങ്ങളുടെ ഗുണനിയന്ത്രണം

(വിഹിതം: 5.00 ലക്ഷം രൂപ)

ചീഫ് ഡിസീസ് ഇൻവെസ്ററിഗേഷൻ ലബോറട്ടറിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ഫീഡ് അനലററിക്കൽ യൂണിററുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാലിത്തീററയുടെ ഗുണനിയന്ത്രണം നടത്തുവാൻവേണ്ടി ഏതെങ്കിലും ഒരു വടക്കൻ ജില്ലയിൽ ഒരു ഫീഡ് അനലററിക്കൽ ലബോറട്ടറി സ്ഥാപിക്കുന്നതിനും വേണ്ടിവരുന്ന ചെലവ് വഹിക്കുന്നതിനുവേണ്ടി തുക ഉൾപ്പെടുത്തിയിരിക്കുന്നു.

### 2. ദേശീയ തീററപ്പുൽ കൃഷി വികസന പരിപാടി (സംസ്ഥാനവിഹിതം 50 ശതമാനം)

(വിഹിതം 70.00 ലക്ഷം രൂപ)

സിൽവിപാസ്ച്ചർ സമ്പ്രദായം വികസിപ്പിക്കുന്നതിന് സഹായം നൽകുക എന്നതാണ് ഈ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഉദ്ദേശം. മേൽത്തരം തീററപ്പുൽകൃഷിയ്ക്ക് വേണ്ട നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യാനായി വലിയതുറ ഫാമിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതാണ്. കെ. എൽ. ഡി. ബോർഡ് അവരുടെ ഫാമിലൂടെയും രജിസ്ററർ ചെയ്തിട്ടുള്ള കൃഷിക്കാരിലൂടെയും തീററപ്പുൽ വിത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതാണ്. ഇതിനുപുറമേ കെ. എൻ. ഡി ബോർഡ് പീരുമേട്ടിൽ ഒരു ഫോഡർ ബാങ്ക് സ്ഥാപിക്കുന്നതാണ്. 100 ഹെക്ടർ സ്ഥലത്ത് പുൽകൃഷി ചെയ്യുന്നതും തെരഞ്ഞെടുത്ത കർഷകർക്ക് അവരുടെ സ്ഥലങ്ങളിൽ സിൽവിപാസ്ചർ സമ്പ്രദായം വികസിപ്പിക്കുന്നതിനും സെല്ലിലോസ് വെയ്സ്ററ് സംപുഷ്ടമാക്കുന്നതിനും സഹായം നൽകുന്നതുമാണ്. ഈ പരിപാടികൾ ക്ഷീര വികസന വകുപ്പായിരിക്കും നടപ്പാക്കുക.

സ്കീമിന്റെ നടത്തിപ്പിലേയ്ക്കുള്ള സംസ്ഥാന വിഹിതമായി തുക വക കൊള്ളിച്ചിരിക്കുന്നു.

### 3. വാണിജ്യാടിസ്ഥാനത്തിൽ തീററപ്പുൽ ഉല്പാദനപരിപാടി

(വിഹിതം: 73.00 ലക്ഷം രൂപ)

തിരഞ്ഞെടുത്ത ക്ഷീര സഹകരണ സംഘങ്ങൾ മുഖാന്തിരമോ സ്വകാര്യവസ്തുക്കളിൽ തീററപ്പുൽ കൃഷിക്ക് പ്രോൽസാഹനം നൽകിയോ 1993–94 വർഷത്തിൽ 5000 ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ തീററപ്പുൽ കൃഷി സംഘടിപ്പിക്കുന്ന ചെലവിലേക്കായി ഈ തുക വകയിരുത്തിയിരിക്കുന്നു. പുൽക്കൃഷി നടത്തുന്ന ഫാം തലത്തിൽ വേണ്ടി വരുന്ന പ്രാരംഭ മുതൽ മുടക്കിനും സൊസൈററി തലത്തിൽ, തീററപ്പുല്ല് കേടാകാതെ സൂക്ഷിക്കുന്നതിന് വേണ്ടി വരുന്ന അധിക സൗകര്യം ഏർപ്പെടുത്തുന്നതിനും സബ്സിഡി നൽകുന്നതാണ്. സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ഫോഡർ ബാങ്കും ഹേബെയിലിംഗ് യൂണിററുകൾ സ്ഥാപിച്ചും മററും തീററപ്പുല്ലിന്റെ വാങ്ങലും വില്പനയും സ്ഥാപനവൽക്കരിക്കുന്നതിന് സംഘങ്ങളെ സഹായിക്കാനും പരിപാടിയുണ്ട്. സർവ്വോപരി സൈലേജ് സംഭരിച്ച് കേടാകാതെ സൂക്ഷിക്കുന്നതിനുവേണ്ട അധികസൗകര്യങ്ങൾ ശരിയാക്കുന്നതിന് വ്യക്തികളെയും സാമ്പത്തികമായി സഹായം നൽകുന്നതാണ്. ക്ഷീര വികസന വകുപ്പാണ് പരിപാടികൾ നടപ്പിലാക്കുന്നത്.

## IX മററു പദ്ധതികൾ

### 1. പ്രത്യേക കന്നുകാലി വികസന പരിപാടി

(വിഹിതം 200.00 ലക്ഷം രൂപ)

വേണ്ടത്ര ചികിൽസാ സൗകര്യങ്ങൾ ഉറപ്പാക്കിക്കൊണ്ട് പ്രത്യേക കന്നുകാലി വികസന പരിപാടി കൂടുതൽ ഫലപ്രദമായ രീതിയിൽ തുടരുന്നതിലേക്കാണ് നിശ്ചിത വിഹിതം വകയിരുത്തിയിട്ടുള്ളത്. സങ്കരയിനം പശുക്കുട്ടികൾക്ക് കാലിതീററ മിശ്രിതങ്ങൾ കുറഞ്ഞ നിരക്കിൽ നൽകുന്നതും അവയ്ക്കു വേണ്ട ചികിൽസാ സൗകര്യങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതുമാണ്. ഈ സഹായപരിപാടികൾ പന്നിവളർത്തു യൂണിററുകൾക്കും മുയൽ വളർത്തു കേന്ദ്രങ്ങളിലേക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

### 2. മുയൽ വളർത്തൽ വ്യാപകമാക്കാനുള്ള പൈലററ് പ്രോജക്ട്

(സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം: 1.50 ലക്ഷം രൂപ)

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നിലവിലുള്ള മുയൽ വളർത്തു കേന്ദ്രങ്ങളെ വികസിപ്പിക്കാനും മുയലിറച്ചിയ്ക്ക് വേണ്ടി ഡിപ്പാർട്ടുമെന്റ് ഫാമുകളിൽ പുതിയ പ്രജനന യൂണിററുകൾ തുടങ്ങാനും ഉദ്ദേശിക്കുന്നു.

ഈ പരിപാടികൾ നടപ്പാക്കാനുള്ള സംസ്ഥാന വിഹിതമായി തുക ഉൾപ്പെടുത്തിയിരിക്കുന്നു.

### 3. മൃഗക്ഷേമബോർഡ്

(വിഹിതം: 3.00 ലക്ഷം രൂപ)

കന്നുകാലി വളർത്തലിന്റെ അഭിവൃദ്ധി ലക്ഷ്യമാക്കിയുള്ള പരിപാടികൾ എസ്. പി. സി. എയും മററു സന്നദ്ധ സംഘടനകളെയും പങ്കെടുപ്പിച്ചു കൊണ്ട് മൃഗക്ഷേമബോർഡ് വഴി നടത്തുന്നതിനായി ഈ വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നു.

### 4. ഗവേഷണ സഹായം

(വിഹിതം 5.00 ലക്ഷം രൂപ)

അനുയോജ്യമായ ഗവേഷണ സ്ഥാപനങ്ങളെക്കൊണ്ട് മൃഗസംരക്ഷണ രംഗത്തെ അഭിമുഖീകരിക്കുന്നതും സംസ്ഥാനത്ത് നിലവിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ പഠന വിഷയമല്ലാത്തതുമായ പ്രശ്നങ്ങളെ സംബന്ധിച്ച ഗവേഷണ പദ്ധതികൾ ഏറെറടുത്തു നടത്തിക്കുന്ന ചെലവിലേക്ക് മൃഗസംരക്ഷണ വകുപ്പിന് നൽകിയിട്ടുള്ളതാണ് ഈ വിഹിതം.

### 5. സ്വകാര്യ മേഖലയിൽ ഹാച്ചറികൾ, റെയറിംഗ് യൂണിററുകൾ തീററ നിർമ്മാണ യൂണിററുകൾ എന്നിവയ്ക്ക് പ്രോൽസാഹനം.

(വിഹിതം 40.00 ലക്ഷം രൂപ)

സ്വകാര്യ മുതൽ മുടക്കിലൂടെ വാണിജ്യാടിസ്ഥാനത്തിൽ ഹാച്ചറികളും റയറിംഗ് യൂണിററുകളും സതീററ നിർമ്മാണ യൂണിററുകളും തുടങ്ങുന്നതിന് പ്രോൽസാഹനം നൽകുവാൻ പരിപാടി ഇട്ടിരിക്കുന്നു. ഈ പരിപാടിയുടെ നടത്തിപ്പിന് വേണ്ട പ്രാരംഭ മുതൽ മുടക്കിന് സബ്സിഡി നൽകുന്നതിനാണ് വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നത്.

X പ്രത്യേക ഘടക പദ്ധതി

(വിഹിതം 95.00 ലക്ഷം രൂപ)

കന്നുകാലി വളർത്തലിന് പട്ടികജാതിക്കാർക്ക് സാമ്പത്തിക സഹായം നൽകാനാണ് വിഹിതം കൊണ്ടുദ്ദേശിക്കുന്നത്.

XI പട്ടികവർഗ്ഗപദ്ധതി

(വിഹിതം 18.00 ലക്ഷം രൂപ)

പട്ടികവർഗ്ഗക്കാർക്ക് അവരുടെ വീട്ടുവളപ്പുകളിൽ കന്നുകാലി വളർത്തുന്നതിന് സഹായം നൽകാനായി ഈ വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നു.

XII പൊതുമേഖലാ നിക്ഷേപങ്ങൾ

1. മീററ് പ്രോഡക്ററ്സ് ഓഫ് ഇൻഡ്യ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കുള്ള സംസ്ഥാന വിഹിതം.

(വിഹിതം 20.00 ലക്ഷം രൂപ)

മീററ് പ്രോഡക്ററ്സ് ഓഫ് ഇൻഡ്യ നടപ്പാക്കുന്ന താഴെ വിവരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സാമ്പത്തിക സഹായം ചെയ്യുന്നതിനുള്ളതാണ് വകയിരുത്തിയിട്ടുള്ള തുക.

1. കയററുമതിക്കായി പോത്തിറച്ചി തയ്യാറാക്കുന്ന ഫാക്ടറി.
2. പന്നി ഇറച്ചി തയ്യാറാക്കുന്നതിന് അടിസ്ഥാന സൗകര്യം.
3. ആട്ടിറച്ചി തയ്യാർ ചെയ്യുന്നതിനുവേണ്ട അറവു സൗകര്യങ്ങൾ.
4. കോഴി ഇറച്ചി തയ്യാർ ചെയ്യാനുള്ള ശാല.
5. വിപണന സൗകര്യം വികസിപ്പിക്കൽ.

ഇതിൽ ഓരോ സ്കീമിനും കേന്ദ്ര ഗവൺമെൻറിൻെറ ഭരണാനുമതി കിട്ടിയതിനുശേഷം മാത്രമെ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിഹിതം റിലീസ് ചെയ്യുകയുള്ളു.

ഈ പരിപാടിയുടെ നടത്തിപ്പിനായിട്ടുള്ള സംസ്ഥാന വിഹിതമായി തുക വകയിരുത്തിയിരിക്കുന്നു.

2 കേരള കന്നുകാലി വികസന ബോർഡ്

(വിഹിതം 75.00 ലക്ഷം രൂപ)

മൃഗസംരക്ഷണമേഖലയ്ക്കാകെ ആവശ്യമായ ശീതികരിച്ച ബീജവും തീററപ്പുൽ വിത്തും വിതരണം ചെയ്യുന്നതിൻെറ ഉത്തരവാദിത്വം കെ. എൽ. ഡി. ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നു. ഈ പദ്ധതിപ്രകാരം ശീതബീജത്തിൻെറ ഉല്പാദനം ഇപ്പോഴത്തെ 24 ലക്ഷം ഡോസ്സ് എന്ന നിലവാരത്തിൽ നിന്നും 26 ലക്ഷം ഡോസ്സ് ആക്കി വർദ്ധപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഭ്രൂണം മാററിവയ്ക്കൽ കൃത്രിമ ബീജ സങ്കലനത്തിലൂടെ ആടിൻെറയും മുയലിൻെറയും വംശവർദ്ധന എന്നിങ്ങനെ വൈദഗ്ദ്ധ്യം വേണ്ട പ്രത്യേക മേഖലകളിൽ സാങ്കേതികത്വ പൂർണ്ണത കൈവരിക്കാനുള്ള ശ്രമങ്ങൾക്കുള്ള ഗവേഷണ സഹായം തുടരുന്നതുമാണ്.

കൂടുതലായി മുതൽമുടക്ക് ആവശ്യമായി വരുന്ന ഗവേഷണവും വികസനപരവുമായ പരിപാടികൾ ഏറെറടുക്കുന്നതിന് കെ. എൽ. ഡി. ബോർഡിന് സാമ്പത്തികസഹായം നൽകുന്നതിന് വേണ്ടിയാണ് വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നത്. വകയിരുത്തിയിട്ടുള്ള വിഹിതം ക്ഷീരവികസന വകുപ്പിൻെറ ബഡ്ജററ് ഹെഡ്ഡിൽ തുടർന്നും ഓപ്പറേററ് ചെയ്യേണ്ടതാണ്.

3. പൗൾട്രി ഡെവലപ്പ്മെൻറ് കോർപ്പറേഷൻ സ്ഥാപിക്കുന്ന ഫീഡ് മിക്സിങ് ഫാക്ടറിയ്ക്കുള്ള സംസ്ഥാന സഹായം. (സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം 10.00 ലക്ഷം രൂപ)

പൗൾട്രി ഡെവലപ്പ്മെൻറ് കോർപ്പറേഷൻ സ്ഥാപിക്കുന്ന ഫീഡ് മിക്സിങ് പ്ലാൻറിനുള്ള 50 ശതമാനം കേന്ദ്രവിഹിതം ഇൻഡ്യാ ഗവൺമെൻറ് നേരത്തെ തന്നെ അനുവദിച്ചിരുന്നു.

1992—93 വർഷത്തിൽ ബഡ്ജററിൽ പ്രത്യേകം തുക വകകൊള്ളിക്കാഞ്ഞതുകൊണ്ട് ഈ കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും കോർപ്പറേഷന് ലഭ്യമാക്കുവാൻ കഴിഞ്ഞില്ല.

കോർപ്പറേഷന് 1993–94 വർഷത്തിൽ ഈയിനത്തിൽ 20 ലക്ഷം രൂപ ലഭ്യമാക്കുന്നതിനുള്ള 50 ശതമാനം സംസ്ഥാന വിഹിതമായി തുക വകയിരുത്തിയിരിക്കുന്നു.

4. പൗൾട്രി ഡെവലപ്പ്മെൻറ് കോർപ്പറേഷൻ നടപ്പാക്കുന്ന സംസ്ഥാന സഹായമുള്ള കേന്ദ്രാവിഷ്കൃത എഗ്ഗ് കാർട്ടൂൺ പരിപാടി. (സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം 10.00 ലക്ഷം രൂപ)

എഗ്ഗ് കാർട്ടൂൺ പരിപാടി നടപ്പാക്കുന്നതിന് പൗൾട്രി ഡെവലപ്പ്മെൻറ് കോർപ്പറേഷന് ഇന്ത്യാ ഗവൺമെൻറ് 50 ശതമാനം സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഈ പരിപാടിക്കുള്ള 50 ശതമാനം സംസ്ഥാനവിഹിതമായ ഈ തുക കേന്ദ്രഗവൺമെൻറിൻെറ ഭരണാനുമതി കിട്ടിയതിന് ശേഷമേ ഉപയോഗിക്കാൻ പാടുള്ളു.

## 1.4 ക്ഷീരവികസനം

### വിജ്ഞാനവ്യാപനം

1. ഗ്രാമീണ വിജ്ഞാനവ്യാപനപ്രവർത്തനങ്ങളും ഫാം അഡ്‌വൈസറി സർവ്വീസും

(വിഹിതം 70.00 ലക്ഷം രൂപ)

ഗ്രാമതല ഗ്രൂപ്പ് ചർച്ചകൾ, കന്നുകാലി പ്രദർശനങ്ങൾ സെമിനാറുകൾ ക്ഷീരോല്പന്ന പ്രദർശന ക്ലാസ്സുകളോടുകൂടിയ പരിശീലനം തുടങ്ങിയ വിജ്ഞാനവ്യാപന പരിപാടികൾ തുടർന്നും നടത്തുന്നതിനുള്ളതാണ് ഈ പദ്ധതി. ഇതിനു പുറമേ ആധുനിക രീതിയിലുള്ള വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരയൂണിററുകളെ പ്രോത്സാഹിപ്പിക്കുന്നതും കാലിത്തീററകൾ സബ്സിഡി അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്ന പദ്ധതി തുടരുന്നതുമാണ്.

വീഡിയോ കാസററ് വാങ്ങുക, ദൃശ്യശ്രാവ്യ സഹായികൾ വാങ്ങുക, ലഘുലേഖകൾ അച്ചടിക്കുക, ചർച്ചാ ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർക്ക് ലഘുഭക്ഷണം നൽകുക തുടങ്ങിയ പരിപാടികളുൾപ്പെടെ മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ ചെലവിലേക്കായി തുക ഉൾപ്പെടുത്തിയിരിക്കുന്നു. രാസവസ്തുക്കൾ, ലാബറട്ടറി ഉപകരണങ്ങൾ സഞ്ചരിക്കുന്ന ഗുണനിയന്ത്രണ യൂണിററുകൾക്ക് അകസമാനങ്ങൾ എന്നിവ വാങ്ങുന്നതിനും പഴയ വാഹനങ്ങൾക്കു പകരം പുതിയവ വാങ്ങുന്നതിനും ഈ തുക വിനിയോഗിക്കേണ്ടതാണ്.

2. ഓപ്പറേഷൻ ഫ്ളഡ് പരിപാടിയിൽപ്പെടാത്ത പ്രദേശത്തെ ക്ഷീര വിജ്ഞാന വ്യാപനത്തിനു വേണ്ടിയുള്ളദേശീയ പരിപാടി. (സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം 20.00 ലക്ഷം രൂപ)

ഈ പരിപാടി അനുസരിച്ച് ഓപ്പറേഷൻ ഫ്ളഡ് ഏരിയയ്ക്ക് പുറമേ പ്രവർത്തിക്കുന്ന (ഓപ്പറേഷൻ ഫ്ളഡ് ജില്ലകളിൽപ്പെടുന്നതും എന്നാൽ ഈ പരിപാടിയിൽ ഉൾപ്പെടാത്തതുമായ പ്രദേശം ക്ഷീരസഹകരണസംഘങ്ങൾക്ക് പാൽ–പാൽ ഉല്പന്ന വിപണന പരിപാടികളുടെ വികസനാർത്ഥം ധനസഹായം ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

സംഘങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന വിഹിതമായി ഈ തുക വിനിയോഗിക്കുന്നതാണ്.

### 3. ഗവേഷണ വിദ്യാഭ്യാസവും പരിശീലനവും

1. ക്ഷീരവികസന പരിശീലനകേന്ദ്രങ്ങൾ

(വിഹിതം: 20.00ലക്ഷം രൂപ)

തിരുവനന്തപുരം, കോട്ടയം കോഴിക്കോട് എന്നീ ജില്ലകളിൽ നിലവിലുള്ള പരിശീലന കേന്ദ്രങ്ങളിൽ വകുപ്പ് ഉദ്യോഗസ്ഥന്മാർക്കും ക്ഷീരോല്പാദകർക്കും തുടർന്നും പരിശീലനം നൽകുന്നതിനുവേണ്ടി ഈ വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നു. തിരുവനന്തപുരം ക്ഷീരവികസന പരിശീലനകേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിനും പാലക്കാട് പരിശീലനകേന്ദ്രത്തിന് കൂടുതലായി വേണ്ടിവരുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ തുക ഉപയോഗിക്കേണ്ടതാണ്.

4. സ്വിസ് സഹായമുള്ള ഉത്തരകേരളക്ഷീരവികസന പരിപാടിയും ഓപ്പറേഷൻ ഫ്ളഡ് III നുള്ള സംസ്ഥാന സഹായവും.

(വിഹിതം 45.00 ലക്ഷം രൂപ)

ദേശീയ ക്ഷീര വികസനബോർഡിന്റെ പിന്തുണയുള്ള ഉത്തരകേരള ക്ഷീര വികസന പദ്ധതിയിൽ സ്വിററ്സർലണ്ടിന്റെ സഹായത്തോടെ സ്ഥാപിച്ചിട്ടുള്ള ക്ഷീർവികസന യൂണിററുകൾക്ക് ആവശ്യമായ ഭൂമിയും വെള്ളവും വൈദ്യുതിയും ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഡെയറിക്കും ശീതീകരണ പ്ലാൻറിനും കാലിത്തീററഫാക്ടറിക്കും സ്ഥലമെടുപ്പിനുള്ള ചെലവും നേരത്തെ നടപ്പാക്കിയ ഓപ്പറേഷൻ ഫ്ളഡ് പരിപാടിയിൽ എന്തെങ്കിലും ബാധ്യതകൾ തീർക്കാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിനുള്ള ചെലവും ഈ വിഹിതം ഉപയോഗിച്ച് ചെയ്യുന്നതാണ്. കൂടാതെ ഫെഡറേഷൻ ലാഭകരമല്ലാത്ത റൂട്ടുകളിലൂടെ പാൽ സംഭരണം നടത്തുന്നതിന് ട്രാൻസ്പോർട്ട് ചെലവുകൾക്ക് സബ്സിഡി കൊടുക്കുന്നതിനും ഈ തുകയിൽ ഒരു ഭാഗം വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു.

5. ക്ഷീരസഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായം.

1 ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള സഹായം (സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം 20.00 ലക്ഷം രൂപ)

പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ആവശ്യമായ പ്രാരംഭ മുതൽമുടക്കിന് സബ്സിഡി കൊടുക്കുന്നതിനും ആദ്യവർഷങ്ങളിലെ പരിമിത പ്രവർത്തനംമൂലം ഉണ്ടായേക്കാവുന്ന നഷ്ടം പരിഹരിക്കുന്നതിനും കേന്ദ്രാവിഷ്കൃതമായ ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നു. ഇതിൽ രണ്ടാമതു പറഞ്ഞിരിക്കുന്ന തരത്തിലുള്ള സഹായം വിദൂരസ്ഥലങ്ങളിലെ ഉൾപ്രദേശങ്ങളിൽ പൊതുനന്മയെ ലാക്കാക്കി നഷ്ടം സഹിച്ചും പ്രവർത്തിക്കുവാൻ നിർബന്ധിതമാകുന്ന സൊസൈററികൾക്കു മാത്രമായി പരിമിതിപ്പെടുത്തിയിരിക്കുന്നു.

ഈ പരിപാടിക്കുവേണ്ടിയുള്ള സംസ്ഥാന വിഹിതമായി ഈ തുക വകയിരുത്തിയിരിക്കുന്നു.

6. ക്ഷീരോല്പാദക സഹകരണസംഘങ്ങളുടെ നവീകരിക്കൽ

(വിഹിതം 43.00 ലക്ഷം രൂപ)

ക്ഷീരസഹകരണ സ്ഥാപനങ്ങളെ ജീവനക്ഷമമാക്കാൻ വേണ്ടിപാൽ ഉൽപ്പാദനം ഗുണനിയന്ത്രണം വിവിധങ്ങളായ പാൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണം അതിന്റെ വിപണനം എന്നിവയ്ക്ക് സഹായം നല്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ളതാണ് ഈ കേന്ദ്ര പദ്ധതി. സംഘങ്ങൾക്ക് സഹായം നൽകേണ്ടത് ഒരോ സംഘത്തിന്റെയും പ്രോജക്ടിൽ പറഞ്ഞിരിക്കുന്ന വികസന നവീകരണ പരിപാടികളുടെ അടിസ്ഥാനത്തിലായിരിക്കണം. സഹകരണ സ്ഥാപനങ്ങൾക്കും മഹിളാ സമാജങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും സ്വന്തമായി പാൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും അതിന്റെ വിപണനത്തിനും ഈ പദ്ധതിയുടെ സഹായ

ലഭിക്കും. കൂടാതെ കന്നുകാലിത്തീററ ഫാക്ടറി സ്ഥാപിക്കുന്നതിന് വേണ്ടിവരുന്ന ചെലവും ഈ വിഹിതത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

7. പ്രത്യേകഘടകപദ്ധതി.

(വിഹിതം 70.00 ലക്ഷം രൂപ)

പട്ടികജാതി കുടുംബങ്ങൾക്ക് ക്ഷീര വികസന മേഖലയിൽ ഉൽപ്പാദന പരമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും അധികവരുമാനം ഉണ്ടാക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം, 1993–94 വർഷത്തിൽ 1200 പട്ടികജാതി കുടുംബങ്ങൾക്ക് ആനുകൂല്യം കിട്ടത്തക്ക വിധം വിഹിതം ഉപയോഗിക്കുന്നതാണ്.

8. പട്ടികവർഗ്ഗ പദ്ധതി.

(വിഹിതം 12.00 ലക്ഷം രൂപ)

ഈ പദ്ധതി അനുസരിച്ച് 1993–94 വർഷത്തിൽ കൂടുതൽ വരുമാനവും തൊഴിലവസരവും ഉണ്ടാകത്തക്ക വിധത്തിൽ ക്ഷീരവികസനപരിപാടികൾ ഏറ്റെടുത്തു നടത്തുവാനും 200 പട്ടികവർഗ്ഗ കുടുംബങ്ങളെ സഹായിക്കുവാനും ഉദ്ദേശിക്കുന്നു.

## 1.5 മത്സ്യ വികസനം

(1) പൊതുമേഖലയിൽ ഓരുജലമത്സ്യ കൃഷിയിടങ്ങൾ—(സംസ്ഥാന വിഹിതം—50 ശതമാനം)

(വിഹിതം 10.00 ലക്ഷം രൂപ)

ഞാറയ്ക്കൽ, മാലിപ്പുറം, പാലക്കരി എന്നിവിടങ്ങളിൽ മത്സ്യകൃഷിയിടങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. എന്നാൽ ഇവയോടൊപ്പം പണി തുടങ്ങിയ പൊയ്യ, ആയിരംതെങ്ങ് എന്നിവിടങ്ങളിൽ ബാക്കി വേലകൾ ചെയ്തുതീർക്കേണ്ടതുണ്ട്. ആ ജോലികൾ പൂർത്തിയാക്കി ഈ ഫാമുകളെ മാതൃകാകൃഷിയിടമായും പരിശീലനകേന്ദ്രമായും വികസിപ്പിക്കുന്നതിനാണ് തുക കൊള്ളിച്ചിരിക്കുന്നത്.

(2) ചെമ്മീൻ മുട്ട വിരിപ്പു കേന്ദ്രങ്ങൾ—(സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം 5.00 ലക്ഷം രൂപ)

ചെമ്മീൻ കൃഷിയിലേർപ്പെട്ടിരിക്കുന്ന കർഷകർക്ക് കൃഷിക്കാവശ്യമായ സമയത്തും, ഉചിതമായ വില നിരക്കിലും ചെമ്മീൻ വിത്ത് ലഭ്യമാക്കുന്നതിന് ചെമ്മീൻ വിത്തുൽപ്പാദിപ്പിക്കുന്ന കർഷകർക്ക് സാമ്പത്തികസഹായം നൽകുന്നതിനാണ് തുക കൊള്ളിച്ചിരിക്കുന്നത്.

(3) എക്സ്റ്റൻഷൻ

(വിഹിതം 30.00 ലക്ഷം രൂപ)

ശാസ്ത്രീയമായ കൃഷി മുറകൾ കർഷകരിലേക്കെത്തിക്കുന്നതിനും, കൃഷിക്കനുയോജ്യമായ ജലാശയം കണ്ടെത്തുന്നതിനുള്ള സർവേ നടത്തുന്നതിനും മററുമുള്ള ചെലവിലേക്കാണ് തുക വച്ചിട്ടുള്ളത്.

(4) വിദ്യാഭ്യാസവും പരിശീലനവും

(വിഹിതം 45.00 ലക്ഷം രൂപ)

ഫിഷറീസ് സ്കൂളുകൾക്കും അതോടുചേർന്നുള്ള ഹോസ്ററലുകൾക്കും കെട്ടിടങ്ങൾ പണിയുന്നതിനും ഹോസ്ററലിൽ താമസിക്കുന്ന കുട്ടികളുടെ ആഹാരച്ചെലവുകൾക്കും വേണ്ടിയാണ് തുക കൊള്ളിച്ചിരിക്കുന്നത്.

(5) ഗവേഷണം

(വിഹിതം 7.00 ലക്ഷം രൂപ)

വള്ളം, വല, മത്സ്യവിത്ത്, മത്സ്യകൃഷി എന്നിവസംബന്ധിച്ച ഗവേഷണഫലങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ പ്രാവർത്തികമാക്കുക; ഉൾനാടൻ ജലാശയങ്ങളിൽ പ്രാഥമിക പഠനങ്ങൾ നടത്തുക എന്നീ പ്രവർത്തനങ്ങളും മററു ഗവേഷണ പഠനങ്ങളും നടത്തുന്നതിനാണ് തുക കൊള്ളിച്ചിരിക്കുന്നത്.

6. മൽസ്യകർഷക വികസന ഏജൻസികൾ—(സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം: 37.50 ലക്ഷം രൂപ)

മൽസ്യോൽപാദനം ഇപ്പോഴത്തെ നിരക്കായ ഹെക്ടർ ഒന്നിന് 1250 കി. ഗ്രാം എന്നതിൽ നിന്ന് 2500 കി. ഗ്രാം ആയി ഉയർത്തുന്നതിന് മേൻമയേറിയ സാങ്കേതിക രീതികൾ ആവിഷ്ക്കരിക്കുന്നതിനും മൽസ്യകൃഷിയിലേർപ്പെടുന്ന കർഷകർക്ക് ആവശ്യമായ സഹായധനം, വിത്ത്, തീററ, സാങ്കേതിക അറിവ്, വായ്പാ സൗകര്യം എന്നിവ ലഭ്യമാക്കി ശുദ്ധജല മൽസ്യകൃഷി വികസിപ്പിക്കുന്നതിനും വേണ്ടിയാണ് വിഹിതം കൊള്ളിച്ചിരിക്കുന്നത്.

7. ഓരു ജല മൽസ്യ/ചെമ്മീൻ കർഷക വികസന ഏജൻസികൾ— സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം: 37.50 ലക്ഷം രൂപ)

ചെമ്മീൻ കർഷകർക്കാവശ്യമായ സഹായങ്ങൾ നൽകുക എന്നതാണ് ഈ ഏജൻസികളുടെ പ്രധാന ലക്ഷ്യം. ചെമ്മീൻ വളർത്തലിനനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുക, കർഷകരെ പരിശീലിപ്പിക്കുക, തുടങ്ങിയവയും ഈ ഏജൻസികൾ നടത്തുന്നുണ്ട്. കൃഷി നടത്തുന്ന കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണവും നൽകുന്നതാണ്. 1993–94-ലെ ഈ ഏജൻസികളുടെ പ്രവർത്തനത്തിനാണ് വിഹിതം വച്ചിരിക്കുന്നത്.

8. നഴ്സറികൾ

(വിഹിതം: 30.00 ലക്ഷം രൂപ)

ചെമ്മീൻവിത്ത് വളർച്ച പ്രാപിക്കുന്നതിനായി സൂക്ഷിച്ചിടുന്നതിനും വിതരണത്തിനായി ശേഖരിച്ചിടുന്നതിനും ആവശ്യമായ നഴ്സറി പ്രദേശവും, വിത്തു ഡിപ്പോകളും ദേശീയ വിത്തുൽപ്പാദന കേന്ദ്രങ്ങളിൽ ഏർപ്പെടുത്തുന്നതിനാണ് തുക കൊള്ളിച്ചിരിക്കുന്നത്.

9. ജലസംഭരണികളിലേതുൾപ്പെടെയുള്ള സാമൂഹ്യ മൽസ്യ കൃഷി.

(വിഹിതം: 15.00 ലക്ഷം രൂപ)

1992–93 വരെ 50 ശതമാനം കേന്ദ്രസഹായത്തോടെ തുടർന്നു വന്ന ജലസംഭരണികളിലെ മൽസ്യകൃഷി പരിപാടി കേന്ദ്ര സഹായം ലഭ്യമാകാത്ത സാഹചര്യത്തിൽ തുടർന്നും നടത്തുന്നതിനായി സംസ്ഥാന പദ്ധതി വിഹിതത്തിൽപ്പെടുത്തി സാമൂഹ്യ മൽസ്യകൃഷി എന്ന പരിപാടിയുമായി യോജിപ്പിച്ച് നടത്തുന്നതാണ്. പൊതുജലാശയങ്ങളിൽ മൽസ്യ വിത്ത് വിതച്ച് പ്രകൃതിദത്തമായ മൽസ്യോൽപാദനം വർദ്ധിപ്പിക്കുന്ന പരിപാടിയാണ് സാമൂഹ്യ മൽസ്യ കൃഷി. ഈ രണ്ടു പരിപാടികളും നടത്തുന്നതിനാണ് തുക കൊള്ളിച്ചിരിക്കുന്നത്.

10. ദേശീയ വിത്തുൽപ്പാദന കേന്ദ്രങ്ങൾ—(സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം: 10.00 ലക്ഷം രൂപ)

മലമ്പുഴയിലേയും പോളച്ചിറയിലേയും ദേശീയ വിത്തുൽപാദന കേന്ദ്രങ്ങളിൽ അധിക ഉൽപ്പാദനത്തിന് വേണ്ട സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ചെലവിന്റെ സംസ്ഥാന വിഹിതമാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

11. സംയോജിത മൽസ്യ കൃഷി

(വിഹിതം: 3.00 ലക്ഷം രൂപ)

സ്വകാര്യമേഖലയിൽ മൽസ്യകൃഷിയോടൊപ്പം പന്നി, താറാവ്, കോഴി എന്നീ കൃഷിയും കൂടി സംയോജിപ്പിച്ച് നടത്തുന്നതിന് പ്രോൽസാഹനമെന്നനിലയിൽ സാമ്പത്തികസഹായം നൽകാനാണ് തുക കൊള്ളിച്ചിരിക്കുന്നത്.

12. ഉൾനാടൻ ജലാശയങ്ങളിൽ റോന്തുചുററൽ

(വിഹിതം: 7.00 ലക്ഷം രൂപ)

കായൽ പ്രദേശങ്ങളിലും അഴിമുഖ ജലാശയങ്ങളിലും അനധികൃതമായ രീതിയിൽ ഊന്നിവലകളും ചീനവലകളും സ്ഥാപിക്കുന്നതു തടയുക, ഏററസമയത്ത് മൽസ്യബന്ധനം നടത്തുന്നത് തടയുക, ലൈസൻസ് ഫീ അടയ്ക്കാത്തവരുടെ പേരിൽ നിയമനടപടി സ്വീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് തുകകൊള്ളിച്ചിരിക്കുന്നത്.

13. മൽസ്യരോഗ നിയന്ത്രണം—സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം: 5.00 ലക്ഷം രൂപ)

അടുത്തകാലത്തായി കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിൽ മൽസ്യരോഗം പടർന്നു പിടിച്ചതിന്റെ കാരണങ്ങൾ ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. ഈ മേഖലയിൽ ഗവേഷണം നടത്തുന്നതിനും പ്രത്യേക പഠനം നടത്തുന്നതിനും സാമ്പത്തിക സഹായം നൽകുന്നതിനാണ് തുക കൊള്ളിച്ചിരിക്കുന്നത്.

14. ചെമ്മീൻ കടുംകൃഷി

(വിഹിതം: 10.00 ലക്ഷം രൂപ)

കേരളത്തിൽ മൽസ്യ/ചെമ്മീൻ കൃഷി വ്യാപിപ്പിക്കുവാൻ 'അഡക്' (ഏജൻസി ഫോർ ഡവലപ്മെൻറ് ഓഫ് അക്വാ കൾച്ചർ കേരള) എന്ന പേരിൽ ഒരു ഏജൻസി പ്രവർത്തിക്കുന്നുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ ചെമ്മീൻ കടുംകൃഷി നടത്തുന്നതിനാണ് തുക കൊള്ളിച്ചിരിക്കുന്നത്.

സമുദ്ര മത്സ്യമേഖല

(എ) മത്സ്യം കരയ്ക്കടുപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ

15. വിഴിഞ്ഞം മത്സ്യബന്ധന തുറുമുഖം—(സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം 2.00 ലക്ഷം രൂപ)

1967-ൽ ആരംഭിച്ച ഈ തുറമുഖത്തിന്റെ പണി പുനരധിവാസ പ്രശ്നങ്ങളാൽ ഇതുവരെ പൂർത്തിയാക്കാൻ പററിയിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തടസം മാറുന്ന മുറയ്ക്ക് പണി പൂർത്തിയാക്കുന്നതാണ്.

16. നീണ്ടകര മത്സ്യബന്ധന തുറമുഖം—(സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം 20.00 ലക്ഷം രൂപ)

1988-ൽ ഈ തുറുമുഖം പ്രവർത്തനക്ഷമമായെങ്കിലും നാമമാത്രമായ പണികൾ തീരുവാനുണ്ട്. അവ പൂർണ്ണമായും 1993-94-ൽ തന്നെ പൂർത്തിയാക്കുന്നതിനാണ് സംസ്ഥാന വിഹിതം കൊള്ളിച്ചിരിക്കുന്നത്.

17. പുതിയാപ്പ മത്സ്യബന്ധന തുറമുഖം—(സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം 50.00 ലക്ഷം രൂപ)

ഭൂമി പൊന്നിൻവിലയ്ക്കെടുക്കലും, പ്രാഥമിക നിർമ്മാണ വേലകളും പൂർത്തിയായെങ്കിലും മററു പ്രധാന വേലകൾ ഇനിയും പൂർത്തിയാകേണ്ടതുണ്ട്. ബാക്കിയുള്ള ജോലികൾ തുടർന്ന് നടത്തുന്നതിനുള്ള സംസ്ഥാന വിഹിതമാണ് കാണിച്ചിരിക്കുന്നത്.

18. തങ്കശ്ശേരി മത്സ്യ ബന്ധന തുറമുഖം—സംസ്ഥാന വിഹിതം 50 ശതമാനം

(വിഹിതം 100.00 ലക്ഷം രൂപ)

1411 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന ഈ തുറമുഖത്തിന്റെ പണി 1994-95-ൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. തുടങ്ങിയ പണികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാനാണ് താരതമ്യേന ഉയർന്ന വിഹിതം കൊള്ളിച്ചിരിക്കുന്നത്.

19. മുനമ്പം മത്സ്യബന്ധന തുറമുഖം—(സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം 100.00 ലക്ഷം രൂപ)

1994-95-ൽ പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് താരതമ്യേന ഉയർന്ന വിഹിതം ഈ തുറമുഖത്തിന്റെ പണികൾക്കായി വകയിരുത്തിയിരിക്കുന്നത്.

20. പൊന്നാനി മത്സ്യ ബന്ധന തുറുമുഖം—(സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം 0.01 ലക്ഷം രൂപ)

കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള ഈ തുറമുഖത്തിന്റെ റിപ്പോർട്ട് അനുവാദം കിട്ടിയാലുടൻ പണി തുടങ്ങുന്നതിനു വേണ്ടിയാണ് നാമമാത്ര തുക കൊള്ളിച്ചിരിക്കുന്നത്.

21. മാപ്പിള ബേ തുറുമുഖം—സംസ്ഥാന വിഹിതം 50 ശതമാനം

(വിഹിതം 30.00 ലക്ഷം രൂപ)

അഞ്ചാം പദ്ധതിയിൽ പണി തുടങ്ങിയെങ്കിലും ചെളിയടിഞ്ഞു കയറിയതു കാരണം തുടർന്നു നടത്താൻ സാധിച്ചിരുന്നില്ല. മാതൃകാ പഠനങ്ങൾക്കു ശേഷം പണികൾ തുടങ്ങിയിട്ടുണ്ട്. 1993-94-ലെ ചെലവുകൾക്കുള്ള സംസ്ഥാന വിഹിതമാണ് കൊള്ളിച്ചിരിക്കുന്നത്.

22. ചൊമ്പാൽ മത്സ്യബന്ധന തുറുമുഖം—സംസ്ഥാന വിഹിതം 50 ശതമാനം

(വിഹിതം 30.00 ലക്ഷം രൂപ)

കേന്ദ്ര സർക്കാർ അനുമതി നൽകിയതും 1992–93-ൽ പണികൾ തുടങ്ങിയതുമായ ഈ തുറു മുഖത്തിന്റെ 1993–94-ലെ പണികൾ ചെയ്യുന്നതിനായുള്ള സംസ്ഥാന വിഹിതമാണ് വകയിരുത്തിയിരിക്കുന്നത്.

23. യന്ത്രവൽകൃത യാനങ്ങൾ അടുക്കുന്നതിനുള്ള കേന്ദ്രങ്ങൾ—സംസ്ഥാന വിഹിതം 50 ശതമാനം

(വിഹിതം 4.00 ലക്ഷം രൂപ)

വിവിധ കേന്ദ്രങ്ങളിൽ പണി തുടങ്ങിയവയിൽ ചേററുവായ്, പാലക്കോട് എന്നീ രണ്ടു സ്ഥലങ്ങളിലെ കേന്ദ്രങ്ങളുടെ പണികൾ പൂർത്തിയാക്കുവാനുണ്ട്. അത് തീർക്കുന്നതിനാണ് വിഹിതം കൊള്ളിച്ചിരിക്കുന്നത്.

24. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വള്ളങ്ങൾ അടുപ്പിക്കുവാനുള്ള കേന്ദ്രങ്ങൾ—സംസ്ഥാന വിഹിതം 50 ശതമാനം

(വിഹിതം 21.99 ലക്ഷം രൂപ

പണികൾ തുടങ്ങിയ കേന്ദ്രങ്ങളുടെ പണികൾ പൂർത്തീകരിക്കുന്നതിനും, പുതിയവ അത്യാവശ്യമായ സ്ഥലങ്ങളിൽ തുടങ്ങുന്നതിനും വേണ്ടിയാണ് തുക കൊള്ളിച്ചിരിക്കുന്നത്.

25. തുറമുഖങ്ങളുടെ നടത്തിപ്പും ഭരണവും—സംസ്ഥാന വിഹിതം 50 ശതമാനം

(വിഹിതം 2.00 ലക്ഷം രൂപ

പണികൾ പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുള്ള തുറമുഖങ്ങളുടെയും മററു ലാൻറിംഗ് കേന്ദ്രങ്ങളുടെയും നടത്തിപ്പും മേൽനോട്ടവും നടത്തുന്നതിനുള്ള സംസ്ഥാന വിഹിതമാണ് കൊള്ളിച്ചിരിക്കുന്നത്.

[ബി. മൽസ്യ സംസ്ക്കരണം പരിരക്ഷണം വിപണനം]

26. ഐസ് പ്ലാൻറുകളുടെ നവീകരണവും വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കലും.

(വിഹിതം 25.00 ലക്ഷം രൂപ)

ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഐസ് പ്ലാൻറുകൾ നവീകരിക്കുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി മത്സ്യ വിപണന സ്ററാളുകൾ തുടങ്ങുന്നവർക്ക് സ്ററാളുകളുടെ നിർമ്മാണ ചെലവിന്റെ 25 ശതമാനമോ 5000 രൂപയോ (കുറഞ്ഞത് ഏതോ അത്) സബ്സിഡി നൽകുന്നതിനുമാണ് തുക കൊള്ളിച്ചിരിക്കുന്നത്.

27. മേന്മ കുറഞ്ഞ മത്സ്യങ്ങൾ മററ് ഉപഭോഗ ഉൽപ്പന്നങ്ങളാക്കുന്ന സംരംഭം—സംസ്ഥാന വിഹിതം 50 ശതമാനം.

(വിഹിതം 3.00 ലക്ഷം രൂപ)

ഗുണ മേന്മ കുറഞ്ഞ മത്സ്യം മനുഷ്യന് ഉപയോഗിക്കാവുന്ന വിവിധയിനം മത്സ്യോൽപ്പന്നങ്ങളായി മാററുന്നതിനുള്ള യൂണിററുകൾ സ്ഥാപിക്കുന്നതിന് സ്വകാര്യ വ്യക്തികൾക്ക് സഹായം നൽകുന്നതിനും ഓഹരി പങ്കാളിത്തത്തോടെ ആരംഭിക്കുന്നതിന മൂലധന ഓഹരി എടുക്കുന്നതിനും വേണ്ടിയാണ് സംസ്ഥാന വിഹിതം കൊള്ളിച്ചിരിക്കുന്നത്.

28. ശീതസംഭരണ ശൃംഖലകൾ സ്ഥാപിക്കൽ—(സംസ്ഥാനവിഹിതം—50 ശതമാനം)

(വിഹിതം: 15.00 ലക്ഷം രൂപ)

മൽസ്യം പിടിച്ച് അടുപ്പിക്കുന്ന കേന്ദ്രങ്ങളിലും ഉൾനാടുകളിലെ പ്രധാന ഉപഭോക്തൃ കേന്ദ്രങ്ങളിലും ശീതസംഭരണികൾ സ്ഥാപിച്ച് മൽസ്യം സൂക്ഷിച്ചുവച്ച് എല്ലാക്കാലങ്ങളിലും നിശ്ചിത വിലയ്ക്ക് മൽസ്യം ലഭ്യമാക്കുന്നതിനും മൽസ്യവില ന്യായമായ നിരക്കിൽ നിലനിർത്തുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. ഇതിനാവശ്യമായ ശീത സംഭരണികൾ സ്ഥാപിക്കുക, ശീതീകരണശേഷിയുള്ള വാഹനങ്ങൾ വാങ്ങുക മററു സൗകര്യങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയവയ്ക്കുള്ള ചെലവിന്റെ സംസ്ഥാന വിഹിതമാണ് കൊള്ളിച്ചിരിക്കുന്നത്.

സി. യന്ത്രവൽക്കരണവും മൽസ്യ ബന്ധന നിയന്ത്രണവും.

29. നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കൽ—(സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം: 30.00 ലക്ഷം രൂപ)

പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ വള്ളങ്ങളിൽ മോട്ടോർ ഘടിപ്പിക്കുന്നതിന് മോട്ടോറിന്റെ ചെലവിന്റെ 50 ശതമാനം സബ്സിഡി നൽകുന്നതാണ്. ഇത് കേന്ദ്രവും സംസ്ഥാനവും തുല്യമായി വഹിക്കുന്നതാണ്.

30. പുതിയ തലമുറയിൽപ്പെട്ട വള്ളങ്ങൾ പ്രചരിപ്പിക്കൽ—(സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം: 10.00 ലക്ഷം രൂപ)

എഫ്.എ.ഒ. യുടെ നിർദ്ദേശാനുസരണം വികസിപ്പിച്ചെടുത്ത പുതിയ ഇനം വള്ളങ്ങൾ മൽസ്യത്തൊഴിലാളികൾക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നതിനുള്ള സംസ്ഥാന വിഹിതമാണ് വകയിരുത്തിയിരിക്കുന്നത്.

31. കേരള മൽസ്യബന്ധന നിയന്ത്രണ നിയമം നടപ്പാക്കൽ.

(വിഹിതം: 45.00 ലക്ഷം രൂപ)

മൽസ്യ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൽസ്യബന്ധന നിയന്ത്രണ നിയമം നടപ്പാക്കുന്ന പ്രത്യേക വിഭാഗത്തിന്റെ ചെലവുകൾക്കും പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വേണ്ടിയാണ് വിഹിതം കൊള്ളിച്ചിരിക്കുന്നത്.

32. മൽസ്യബന്ധന നിയന്ത്രണ നിയമം വിപുലീകരിക്കൽ—(സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം: 15.00 ലക്ഷം രൂപ)

കടലിലെ നിശ്ചിത നിരക്കിലുള്ള വിഭവം നിലനിൽക്കത്തക്കരീതിയിൽ ചൂഷണം ചെയ്യുന്നതു ഉറപ്പുവരുത്താനും വിവിധ മൽസ്യബന്ധന വിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും അവ

പരസ്പര വിരുദ്ധമായാൽ തമ്മിൽ ഉണ്ടാകാവുന്ന ഏറ്റുമുട്ടലുകൾ ഒഴിവാക്കുന്നതിനും നിലവിലുള്ള മത്സ്യബന്ധന നിയന്ത്രണ നിയമം ഫലപ്രദമായി നടപ്പാക്കേണ്ടതുണ്ട്. ഈ വിഭാഗത്തിനാവശ്യമായ ബോട്ടുകൾ, മറ്റുപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനുള്ള ചെലവിന്റെ സംസ്ഥാന വിഹിതമാണ് കൊള്ളിച്ചിരിക്കുന്നത്.

മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന ജീവിത സൗകര്യങ്ങൾ

33. ഹഡ്കോ സഹായത്തോടെയുള്ള ഭവന നിർമ്മാണവും ശൗചാലയനിർമ്മാണവും.

(വിഹിതം: 72.50 ലക്ഷം രൂപ)

രാജീവ് ലക്ഷം ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തി പതിനായിരം വീടുകൾ നിർമ്മിക്കുന്ന ഒരു പരിപാടിയാണിത്. ഒരു വീടിന്റെ ചെലവായ 15000 രൂപയിൽ 1500 രൂപ സർക്കാർ സബ്സിഡിയും 1000 രൂപ ഗുണഭോക്താവിന്റെ വിഹിതവും ബാക്കി 12500 രൂപ ഹഡ്കോയുടെ വായ്പയുമായിരിക്കും. ഇതോടൊപ്പം 3000 ശൗചാലയങ്ങൾ നിർമ്മിക്കുന്നതുമാണ്. ഒന്നിന്റെ നിർമ്മാണ ചെലവായ 3000 രൂപയിൽ 1500 രൂപ ഹഡ്കോ വായ്പയും 1500 രൂപ ഗുണഭോക്താവും സർക്കാരും തുല്യമായി വഹിക്കുകയും ചെയ്യുന്നതാണ്.

34. ദേശീയ മത്സ്യത്തൊഴിലാളിക്ഷേമ ഫണ്ടിന്റെ സഹായത്തോടെയുള്ള ഭവന നിർമ്മാണം.

(വിഹിതം: 70.00 ലക്ഷം രൂപ)

മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ അവർ കൂട്ടമായി വസിക്കുന്ന സ്ഥലത്ത് കുഴൽക്കിണർ, കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയ സൗകര്യങ്ങളടങ്ങിയ ഭവനങ്ങൾ നിർമ്മിക്കുന്ന ഒരു പരിപാടിയാണിത്. ആകെ ചെലവിന്റെ 50 ശതമാനം ദേശീയ മത്സ്യത്തൊഴിലാളിക്ഷേമ ഫണ്ടും 50 ശതമാനം കേരള സർക്കാരും വഹിക്കുന്നതാണ്.

35. തീരദേശ സാമൂഹിക അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം

(വിഹിതം: 20.00 ലക്ഷം രൂപ)

മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ജലവിതരണം, ആശുപത്രി കെട്ടിടങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തുന്നതിനാണ് തുക കൊള്ളിച്ചിരിക്കുന്നത്.

36. മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് സംരക്ഷണം—(സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം: 10.00 ലക്ഷം രൂപ)

സംസ്ഥാനത്ത് മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന 1.62 ലക്ഷം മത്സ്യത്തൊഴിലാളികളെ ജനറൽ ഇൻഷ്വറൻസ് കമ്പനിയിൽ ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇതിന്റെ വാർഷിക പ്രീമിയമടയ്ക്കുന്നതിനുള്ള സംസ്ഥാന വിഹിതമാണ് കൊള്ളിച്ചിരിക്കുന്നത്.

37. ഗ്രാമീണ മത്സ്യത്തൊഴിലാളി വികസന സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനവും പ്രവർത്തന ചെലവിനുള്ള സഹായവും.

(വിഹിതം: 50.00 ലക്ഷം രൂപ)

സംസ്ഥാനത്തെ 81 ഗ്രാമീണ മത്സ്യത്തൊഴിലാളിക്ഷേമ സഹകരണ സംഘങ്ങൾക്ക് അവയുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് ഭരണച്ചെലവിനുള്ള സഹായവും ഓഹരി മൂലധനവിഹിതവും നൽകുന്നതിനാണ് വിഹിതം കൊള്ളിച്ചിരിക്കുന്നത്.

38. പ്രത്യേക ഘടക പദ്ധതി

(വിഹിതം: 150.00 ലക്ഷം രൂപ)

പട്ടികജാതിക്കാരായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങളും മത്സ്യവിപണനത്തിനുള്ള സാമഗ്രികളും സാമ്പത്തിക സഹായവും നൽകുന്നതിനാണ് വിഹിതം കൊള്ളിച്ചിരിക്കുന്നത്.

39. ഗിരിവർഗ്ഗ ഉപ പദ്ധതി

(വിഹിതം 25.00 ലക്ഷം രൂപ)

പട്ടിക വർഗ്ഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മീൻപിടുത്ത ഉപകരണങ്ങളും മീൻ വില്പന ഉപകരണങ്ങളും വാങ്ങുവാനും ഭവനനിർമ്മാണം നടത്തുവാനും സാമ്പത്തിക സഹായം നൽകുന്നതിനാണ് വിഹിതം കൊള്ളിച്ചിരിക്കുന്നത്.

40. ആഴക്കടൽ മത്സ്യ ബന്ധനം—(സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം 5.00 ലക്ഷം രൂപ)

കേരളത്തിൽ ആഴക്കടൽ മത്സ്യ ബന്ധനം അതിന്റെ പൂർണ്ണ അർത്ഥത്തിൽ ഇനിയും വികസിക്കേണ്ടിയിരിക്കുന്നു. ഈ മേഖലയിൽ നിക്ഷേപം നടത്തുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനും ഈ മേഖലയെക്കുറിച്ച് വിശദമായി പഠനം നടത്തുന്നതിനുള്ള ചെലവിനുമാണ് തുക കൊള്ളിച്ചിരിക്കുന്നത്.

41. സ്ഥിതി വിവര കണക്ക് വിഭാഗത്തിന്റെ പ്രവർത്തനം—(സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം—6.00 ലക്ഷം രൂപ)

മത്സ്യബന്ധനം, മത്സ്യത്തിന്റെ വിപണന വില എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥിരമായി ശേഖരിക്കുക, പഠനങ്ങൾ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥിതി വിവരക്കണക്കു വിഭാഗം തുടർന്നു പോകുന്നതിനാണ് സംസ്ഥാന വിഹിതം കൊള്ളിച്ചിരിക്കുന്നത്.

42. സംയോജിത മത്സ്യ വികസന പ്രോജക്റ്റ്—(എൻ. സി. ഡി. സി. സഹായം)

(വിഹിതം 21.00 ലക്ഷം രൂപ)

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കി വരുന്ന സംയോജിത മത്സ്യ വികസന പരിപാടിയുടെ മൂന്നാം ഘട്ടം ഇപ്പോൾ നടക്കുകയാണ്. വള്ളം, വല, മോട്ടോർ

എന്നിവ നേടുന്നതിനുള്ള സഹായമാണ് മത്സ്യ ത്തൊഴിലാളികൾക്കു നൽകുന്നത്. ഇതിന്റെ 25 ശതമാനം സർക്കാർ സബ്സിഡി നൽകുന്നുണ്ട്. ഈ ചെലവു വഹിക്കുന്നതിനാണ് തുക കൊള്ളിച്ചിരി രിക്കുന്നത്.

43. ബാങ്ക് വഴി മത്സ്യ ബന്ധനോപകരണങ്ങളുടെ വിതരണം.

(വിഹിതം 5.00 ലക്ഷം രൂപ)

എൻ. സി. ഡി. സി. പരിപാടിയനുസരിച്ച് മത്സ്യ ബന്ധനോപകരണങ്ങൾ വാങ്ങുവാൻ സാധി ക്കാത്തവർക്ക് ബാങ്കു സഹായത്തോടെ അതു ലഭ്യ മാക്കുന്നതിനും അവർക്കർഹമായ സബ്സിഡി നൽകു ന്നതിനുമാണ് തുക കൊള്ളിച്ചിരിക്കുന്നത്.

44. കുവൈററ് സഹായത്തോടെയുള്ള ചെമ്മീൻ കൃഷി പദ്ധതി.

(വിഹിതം 500.00 ലക്ഷം രൂപ)

കേരളത്തിലെ ചെമ്മീൻ കൃഷിക്കനുയോജ്യമായ 1500 ഹെക്ടർ സ്ഥലത്ത് ആധുനിക രീതിയിലുള്ള ചെമ്മീൻ കൃഷിയും അതുമായി ബന്ധപ്പെട്ട ഹാച്ചറി, നഴ്സറി, തീററ ഫാക്ടറി, തുടങ്ങിയ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള രണ്ടാം വർഷത്തെ പ്രവർത്തന ങ്ങൾക്കാണ് വിഹിതം കൊള്ളിച്ചിരിക്കുന്നത്. കുവൈററ് സർക്കാരിന്റെ സാമ്പത്തിക സഹായമാണ് ഇതിനു ലഭിക്കുന്നത്.

45. സർവ്വീസ് ആൻറ് സപ്ലൈ സ്കീം

(വിഹിതം 10.00 ലക്ഷം രൂപ)

മത്സ്യബന്ധനത്തിനനുയോജ്യമല്ലാത്ത സമയത്ത് തൊഴിലാളികൾക്ക് ഇതര പണികളിലേർപ്പെടുവാൻ മത്സ്യബന്ധനവുമായി ബന്ധമുള്ള സർവ്വീസുകൾ ചെയ്തു കൊടുക്കുന്ന കേന്ദ്രങ്ങൾ തുടങ്ങുന്നതിനും നടത്തുന്നതിനുമുള്ള ചെലവിനാണ് തുക കൊള്ളിച്ചി രിക്കുന്നത്.

46. ഫിഷറീസ് പ്രോജക്ട് ആൻറ് റിസോഴ്സസ് മാനേജ്മെൻറ് സെൽ.

(വിഹിതം 7.00 ലക്ഷം രൂപ)

ഫിഷറീസ് ഡയറക്ടറേററിലെ റിസോഴ്സസ് വിഭാഗത്തിന്റെയും പ്രോജക്ട് വിഭാഗത്തിന്റേയും പ്രവർത്തനങ്ങൾ തുടരുന്നതിനുള്ള ചെലവു വഹി ക്കുന്നതിനാണ് തുക കൊള്ളിച്ചിരിക്കുന്നത്.

47. മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ—രക്ഷാ പദ്ധതി—(സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം 300.00 ലക്ഷം രൂപ)

മത്സ്യബന്ധനത്തിന് പോകാൻ പററാത്ത സമയങ്ങളിൽ (മൺസൂണുള്ള 4 മാസം) വരുമാനം ലഭിക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്. മത്സ്യ ബന്ധനമുള്ള 8 മാസങ്ങളിൽ ഒരു മാസം രൂപ 45 പ്രകാരം ഒരാൾ അടച്ചാൽ അതിന്റെ ഇരട്ടി സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും ചേർന്ന് അടയ്ക്കുകയും അങ്ങനെ ആണ്ടിൽ 1080 രൂപ ഒരാൾക്ക് നാലു മാസത്തേക്ക് വീതംവച്ച് നൽകുന്നു. ഇതിന്റെ സംസ്ഥാന വിഹിതമാണ് കാണിച്ചിരിക്കുന്നത്.

48. ലോക ഭക്ഷ്യ പരിപാടി

(വിഹിതം 1.00 ലക്ഷം രൂപ)

മത്സ്യഫെഡ് നടപ്പാക്കുന്ന പദ്ധതിയനുസരി രിച്ച് തൊഴിലിൽ ഏർപ്പെടുന്നവരുടെ വരുമാനത്തിന്റെ ഒരു ഭാഗം ഭക്ഷ്യ വസ്തുക്കളായി നൽകുന്നതാണ്. ഈ രീതിയിൽ ഭക്ഷ്യ വസ്തുക്കൾ വിവിധ കേന്ദ്രങ്ങളിൽ വിതരണം ചെയ്യുന്നതിന് അവിടുത്തേക്ക് എത്തിക്കുന്നതിനുള്ള കടത്തു കൂലിയാണ് കൊള്ളിച്ചി രിക്കുന്ന തുക.

49. കടലിന്റെ അടിത്തട്ടിൽ പാരു നിർമ്മിച്ചു സ്ഥാപിക്കുക

(വിഹിതം 2.50 ലക്ഷം രൂപ)

ട്രോളിംഗ് നടത്തി മത്സ്യ സങ്കേതങ്ങൾ കടലിന്റെ അടിത്തട്ടിൽ നശിച്ചുപോയത് കൃത്രിമമായി നിർമ്മിച്ച് സ്ഥാപിക്കുന്ന ഒരു പരിപാടിയാണിത്. ഇത് നിർമ്മിച്ചു സ്ഥാപിക്കുന്നതിനുള്ള ചെലവിലേ ക്കാണ് തുക കൊള്ളിച്ചിരിക്കുന്നത്.

50. ജർമ്മൻ സഹായത്തോടെയുള്ള ജലസംഭരണി കളിലെ മത്സ്യ കൃഷി വികസനം.

(വിഹിതം 30.00 ലക്ഷം രൂപ)

സംസ്ഥാനത്തെ പ്രധാനപ്പെട്ട നാലു ജല സംഭരണികളിൽ ശാസ്ത്രീയ രീതിയിൽ മത്സ്യ കൃഷി നടത്തുന്നതിന് ജർമ്മനിയുടെ സാമ്പത്തിക സാങ്കേതിക സഹായം ലഭിക്കുന്നതാണ്. ഇതിന്റെ ഓഫീസ് മററ് നടത്തിപ്പ് തുടങ്ങിയവയുടെ ചെലവിനാണ് തുക കൊള്ളിച്ചിരിക്കുന്നത്.

# 1.6. വനങ്ങളും വന്യജീവികളും

## 1. ഗവേഷണവും പരിശീലനവും

(വിഹിതം 27.00 ലക്ഷം രൂപ)

വനം വകുപ്പിന്റെ നിലവിലുള്ള ഗവേഷണ കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, വംശ മേന്മയുള്ള വിത്തിനങ്ങൾ വികസിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, വനപാലകരുടെ പരിശീലനത്തിനുള്ള ചെലവു വഹിക്കുന്നതിനും, നിയമ സംബന്ധമായ കാര്യങ്ങളിൽ കൂടി പരിശീലനം നൽകുവാൻ ആവശ്യമായ പുസ്തകങ്ങളും മററു സൗകര്യങ്ങളും പരിശീലനകേന്ദ്രങ്ങളിൽ ഏർപ്പെടുത്തുന്നതിനുമാണ് തുക കൊള്ളിച്ചിരിക്കുന്നത്.

## 2. വനാതിർത്തി അളന്നു തിട്ടപ്പെടുത്തലും വന വിഭവസർവ്വേയും പ്രവർത്തന പദ്ധതികളും

(വിഹിതം 115.00 ലക്ഷം രൂപ)

വനാതിർത്തി അളന്നു തിട്ടപ്പെടുത്തുന്നതിനും, അളന്നു കഴിഞ്ഞതിന്റെ ഭൂപടം നിർമ്മിക്കുന്നതിനും, അതിർത്തികളിൽ ജണ്ഡകൾ സ്ഥാപിക്കുന്നതിനും, വനവിഭവ കണക്കെടുപ്പ് നടത്തുന്നതിനും മററും ആവശ്യമായ ചെലവിലേക്കാണ് വിഹിതം കൊള്ളിച്ചിരിക്കുന്നത്.

## 3. വനസംരക്ഷണ വികസന പരിപാടികൾ

(വിഹിതം 345.00 ലക്ഷം രൂപ)

ഫലപ്രദമായ രീതിയിൽ വന സംരക്ഷണം നടത്തുന്നതിന് ഫോറസ്ററ് സ്റേറഷനുകൾ സ്ഥാപിക്കുന്നതിനും, സ്ററാഫിനാവശ്യമായ ആയുധങ്ങളും വാഹനങ്ങളും മററുപകരണങ്ങളും വാങ്ങുന്നതിനും അഗ്നിബാധ തടയുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വന വിഭവ വികസനത്തിനായി കളനീക്കം ചെയ്യുക ശിഖരങ്ങൾ വെട്ടിമുറിക്കുക എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനും ആവശ്യമായ ചെലവിലേക്കാണ് തുക കൊള്ളിച്ചിരിക്കുന്നത്.

## 4. റോഡുകളും കെട്ടിടങ്ങളും

(വിഹിതം 175.00 ലക്ഷം രൂപ)

വനവികസനത്തെ ബാധിക്കുന്ന അനധികൃതമായ തടിവെട്ട്, വനവിഭവമോഷണം, കഞ്ചാവ് കൃഷി തുടങ്ങിയവ ഫലപ്രദമായി നേരിടുവാൻ വനപാലകരുടെ പോക്കു വരവ് സുഗമമാക്കുവാൻ നിലവിലുള്ള റോഡുകൾ നന്നാക്കുക, പുതിയവ നിർമ്മിക്കുക വന പാലകർക്ക് താമസിക്കുന്നതിനാവശ്യമായ ക്വാർട്ടേഴ്സ് നിർമ്മിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് തുക കൊള്ളിച്ചിരിക്കുന്നത്.

## 5. ശീഘ്രവളർച്ചയുള്ളതും സാമ്പത്തിക പ്രാധാന്യമുള്ളതുമായ വൃക്ഷങ്ങളുടെ തോട്ടകൃഷി

(വിഹിതം 150.00 ലക്ഷം രൂപ)

വനവിഭവാധിഷ്ഠിത വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതപദാർത്ഥങ്ങൾ നൽകുവാൻ സർക്കാർ കരാറിലേർപ്പെട്ടിട്ടുണ്ട്. ഇവ നൽകുന്നതിനായി ഉള്ള തോട്ടങ്ങൾ വികസിപ്പിക്കുന്നതിനും പുതിയവ നട്ടു വളർത്തുന്നതിനും പരിപാടിയുണ്ട്. കൂടാതെ സാമ്പത്തിക പ്രാധാന്യമുള്ള ഇനങ്ങളുടെ പുതിയ തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ഉള്ളവ വികസിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. 1993–94–ലെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| | ഇനങ്ങൾ | വർദ്ധിപ്പിക്കൽ/ പുനർ നടീൽ | പരിപാലനം |
|---|---|---|---|
| | (1) | (2) | (3) |
| 1 | തേക്ക് | 602 ഹെക്ടർ | 800ഹെക്ടർ |
| 2 | ഉറപ്പു കുറഞ്ഞ തടി | 90 ,, | 158 ,, |
| 3 | മുള | .. | 405 ,, |
| 4 | കശുമാവ് | 25 ,, | 2100 ,, |
| 5 | ചന്ദനത്തടി | 40 ,, | 65 ,, |

## 6. സാമൂഹ്യ വന വൽക്കരണം—ലോകബാങ്ക് സഹായമുള്ള പദ്ധതി

(വിഹിതം 200.00 ലക്ഷം രൂപ)

ലോകബാങ്കസഹായമുള്ള സാമൂഹ്യ വന വല്ക്കരണ പദ്ധതി 1993 മാർച്ചിൽ അവസാനിക്കുമെങ്കിലും തുടങ്ങി വച്ച പല പരിപാടികളും പൂർത്തീകരിക്കേണ്ടതുണ്ട്. അങ്ങനെ അത്യാവശ്യമായി പൂർത്തീകരിക്കേണ്ടവ തുടരുന്നതിനും അവയുടെ നടത്തിപ്പിനു മാത്രം ആവശ്യമായ സ്ററാഫ് തുടരുന്നതിനും വേണ്ട ചെലവിലേക്കാണ് തുക കൊള്ളിച്ചിരിക്കുന്നത്.

പ്രത്യേക ഘടക പദ്ധതിക്കും പട്ടികവർഗ്ഗ ഉപപദ്ധതിക്കും വിഹിതത്തിൽ നിന്നും ഒരു ഭാഗം ഉപയോഗിക്കുന്നതാണ്.

## 7. വന്യജീവിസംരക്ഷണ വിഭാഗം

(വിഹിതം 30.00 ലക്ഷം രൂപ)

സംസ്ഥാനത്തെ വന്യമൃഗസങ്കേതങ്ങളുടേയും ദേശീയോദ്യാനങ്ങളുടേയും വികസന സംരക്ഷണ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന സ്ററാഫിന്റെ ചെലവുകൾക്കും മററുമാണ് തുകകൊള്ളിച്ചിരിക്കുന്നത്.

## 8. വന്യജീവിസങ്കേതങ്ങളും കടുവാകേന്ദ്രവും (50% സംസ്ഥാന വിഹിതം)

(വിഹിതം 160.00 ലക്ഷം രൂപ)

വന്യജീവികളുടെ ആവാസകേന്ദ്രങ്ങൾ മെച്ചപ്പെടുത്തുക, ബാഹ്യസഹ ഘടകങ്ങൾ വികസിപ്പിക്കുക, വന പരിപാലനം നടത്തുക, വന്യജീവി വംശവർദ്ധനവിനു വേണ്ട അനുകൂല ഘടകങ്ങൾ ഉണ്ടാക്കുക വാർത്താവിനിമയ സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, ജീവനക്കാർക്ക് വനപരിപാലന ഉപകരണങ്ങൾ നൽകുക, തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് തുക നീക്കിവച്ചിരിക്കുന്നത്. ഓരോ സങ്കേതങ്ങൾക്കും

പ്രത്യേകം നീക്കിവച്ചിരിക്കുന്ന തുക ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വന്യജീവി സങ്കേതം | 1993–94–ൽ മാററി വച്ചിരിക്കുന്ന തുക |
|---|---|---|
| 1 | പറമ്പിക്കുളം വന്യജീവി സങ്കേതം | 24.00 ലക്ഷം |
| 2 | നെയ്യാർ | 12.60 ,, |
| 3 | വയനാട് | 24.60 ,, |
| 4 | ഇടുക്കി | 12.00 ,, |
| 5 | പീച്ചി–വാഴാനി | 6.00 ,, |
| 6 | പേപ്പാറ | 10.00 ,, |
| 7 | ചെന്തുരുണി | 6.00 ,, |
| 8 | ചിമ്മിനി | 8.00 ,, |
| 9 | ആറളം | 10.00 ,, |
| 10 | ചിന്നാർ | 8.00 ,, |
| 11 | തട്ടേക്കാട് പക്ഷിസങ്കേതം | 10.00 ,, |
| 12 | പെരിയാർ കടുവാ സങ്കേതം | 30.00 ,, |
| | ആകെ | 160.00 ലക്ഷം |

9. പ്രത്യേക ഘടക പദ്ധതി

(വിഹിതം 40.00 ലക്ഷം രൂപ)

വനാതിർത്തികളിലും വനപ്രദേശങ്ങളിലും താമസിക്കുന്ന പട്ടികജാതിക്കാരുടെ സങ്കേതങ്ങളിലേക്ക് റോഡും വൈദ്യുതിമാർഗ്ഗവും ജലവിതരണ പദ്ധതിയും നിർമ്മിക്കുന്നതിനും സ്കൂൾ, ആശുപത്രി എന്നിവയ്ക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും വേണ്ടിയാണ് തുക കൊള്ളിച്ചിരിക്കുന്നത്.

10 ഗിരിവർഗ്ഗ ഉപ പദ്ധതി

(വിഹിതം 70.00 ലക്ഷം രൂപ)

ഗിരിവർഗ്ഗ ആവാസ കേന്ദ്രങ്ങളിൽ വെള്ളം, വെളിച്ചം, റോഡ് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സ്കൂൾ, ആശുപത്രി എന്നിവയ്ക്ക് കെട്ടിടം കെട്ടുന്നതിനും കമ്മ്യൂണിററിഹാൾ നിർമ്മിക്കുന്നതിനും വേണ്ടിയാണ് തുക കൊള്ളിച്ചിരിക്കുന്നത്.

11 ലോക ഭക്ഷ്യ പരിപാടി

(വിഹിതം 60.00 ലക്ഷംരൂപ)

ലോകഭക്ഷ്യ പരിപാടി കൂടുതൽ ജില്ലകളിൽകൂടി നടപ്പാക്കുന്നതിനുവേണ്ടി ഭക്ഷ്യവസ്തുക്കൾ ഗുണഭോക്താക്കൾക്കെത്തിക്കുന്നതിനാവശ്യമായ ഗതാഗത ചെലവുകൾ വഹിക്കുന്നതിനാണ് തുക കൊള്ളിച്ചിരിക്കുന്നത്.

12. റോസ്‌വുഡ് പദ്ധതി

(വിഹിതം 5.00 ലക്ഷം രൂപ)

വളരെ വിലപ്പെട്ടതും എന്നാൽ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ റോസ്‌വുഡ് എബണി, വെള്ളസിഡാർ, ഗ്രുട്ട എന്നീ ഇനങ്ങൾ കൂടുതൽ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള പദ്ധതി നടപ്പാക്കുന്നതിനാണ് തുക കൊള്ളിച്ചിരിക്കുന്നത്.

13. ഫോറസ്ററ് പബ്ലിസിററി

(വിഹിതം 15.00 ലക്ഷം രൂപ)

പൊതുജനങ്ങളിൽ വനസംരക്ഷണത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാൻ വിവിധ മാധ്യമങ്ങളിലൂടെ പ്രചാരണ പരിപാടികൾ നടത്തുന്നതിനാണ് വിഹിതം കൊള്ളിച്ചിരിക്കുന്നത്.

14. അനധികൃതനായാട്ടും മോഷണവും തടയൽ—സംസ്ഥാന വിഹിതം 50 ശതമാനം

(വിഹിതം 6.00 ലക്ഷം രൂപ)

വനവിഭവങ്ങൾ മോഷ്ടിക്കുകയും അനധികൃതമായി വിൽപ്പന നടത്തുകയും ചെയ്യുന്നത് നിയന്ത്രിക്കുന്നതിന് ആവശ്യമായ പ്രത്യേക സ്‌ക്വാഡിനെ നിയമിക്കുന്നതിനും അവർക്ക് ആയുധങ്ങളും വെടിക്കോപ്പുകളും വാങ്ങി നൽകുന്നതിനും വേണ്ടിയുള്ള ചെലവിലേക്കാണ് തുക കൊള്ളിച്ചിരിക്കുന്നത്.

15. വിദ്യാഭ്യാസവും വിശദീകരണവും—സംസ്ഥാന വിഹിതം 50 ശതമാനം

(വിഹിതം 12.00 ലക്ഷം രൂപ)

വനസംരക്ഷണാവബോധം ജനങ്ങളിൽ സൃഷ്ടിക്കുവാൻ വിവിധ മാധ്യമങ്ങളിലൂടെ പ്രചാരണം നടത്തുന്നതിനാണ് തുകകൊള്ളിച്ചിരിക്കുന്നത്.

16. ദേശീയ ഉദ്യാനങ്ങൾ—സംസ്ഥാന വിഹിതം 50 ശതമാനം

(വിഹിതം 24.00 ലക്ഷം രൂപ)

തമിഴ്നാടിൻെറ നീലഗിരി–ചീഠഭൂമി മുതൽ കേരളത്തിൻെറ താഴ്‌വാരം വരെ എത്തിക്കിടക്കുന്ന രാജ്യത്തെ ഏററവും സമൃദ്ധമായ ഒരു വനപ്രദേശമാണ് സൈലൻറ് വാലി ദേശീയോദ്യാനം. വന്യജീവികളുടെയും സസ്യജനങ്ങളുടെയും ഒരു വലിയ വംശാവലിതന്നെ ഈ പ്രദേശത്തുണ്ട്. അതുപോലെ മൂന്നാർ വന ഡിവിഷൻെറ ഇരവികുളം രാജമല്ലി വനപ്രദേശമാണ് ഇരവികുളം ദേശീയോദ്യാനമായി വികസിപ്പിച്ചിട്ടുള്ളത്. വന്യമൃഗസംരക്ഷണത്തിനും വനവികസന സംരക്ഷണപ്രവർത്തനങ്ങൾക്കുമാണ് തുക മാററി വച്ചിരിക്കുന്നത്.

17. ഗിരിവർഗ്ഗക്കാരിൽനിന്ന് വനസംരക്ഷണസേന രൂപീകരിക്കൽ

(വിഹിതം 5.00 ലക്ഷം രൂപ)

വനസംരക്ഷണം ഫലപ്രദമായി നടത്തുവാൻ വനവുമായി കൂടുതൽ ബന്ധമുള്ള ഗിരിവർഗ്ഗക്കാരായ യോഗ്യതയുള്ളവരിൽനിന്ന് തെരഞ്ഞെടുപ്പുനടത്തി ഒരു വനസംരക്ഷണസേന രൂപീകരിച്ചു നടത്തുവാനുള്ള ചെലവിനാണ് തുകകൊള്ളിച്ചിരിക്കുന്നത്.

18. വന്യജീവി ഗവേഷണം

(വിഹിതം 25.00 ലക്ഷം രൂപ)

പാരിസ്ഥിതിക ഘടകങ്ങളെക്കുറിച്ചും, വന്യജീവി ആവാസകേന്ദ്രങ്ങളെക്കുറിച്ചും, നാമാവശേഷമായിക്കൊണ്ടിരിക്കുന്ന സർവ്വജീവജാലങ്ങളെക്കുറിച്ചും, അർത്ഥപൂർണ്ണമായ ഗവേഷണം നടത്തുന്നതിന് മൂന്നാറിൽ തുടങ്ങുന്ന ഗവേഷണ കേന്ദ്രത്തിൻെറ ചെലവിനാണ് തുക കൊള്ളിച്ചിരിക്കുന്നത്.

19. അഗസ്ത്യവന ബയോളജിക്കൽ പാർക്ക്

(വിഹിതം 120.00 ലക്ഷംരൂപ)

വന്യജീവി സംരക്ഷണത്തിനും വിനോദസഞ്ചാര വികസനത്തിനും ലക്ഷ്യം വച്ചുള്ള ഒരു പദ്ധതിയാണിത്. എല്ലായിനം പക്ഷിമൃഗാദികൾക്കും പ്രത്യേക ആവാസ കേന്ദ്രങ്ങൾ സ്ഥാപിച്ച് സംരക്ഷിക്കുക എന്ന

താണ് ഇതിന്റെ മറ്റൊരു പ്രത്യേകത. ആരംഭഘട്ടത്തി ലെ നിർമ്മാണച്ചെലവുകൾക്കും മററു അനുബന്ധകാര്യ ങ്ങൾക്കും വേണ്ടിയാണ് തുകകൊള്ളിച്ചിരിക്കുന്നത്.

20. കുമരകത്തെ പക്ഷിസങ്കേതം

(വിഹിതം 6.00 ലക്ഷം രൂപ)

പല കാലാവസ്ഥകളിലും വിവിധയിനം പക്ഷി കൾ ദേശാടനം ചെയ്ത് എത്താറുള്ള ഇവിടം ഒരു പക്ഷി സങ്കേതമായി വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് തുക കൊള്ളിച്ചിരി ക്കുന്നത്.

21. ദേശീയനേതാക്കളുടെ സ്മരണയ്ക്കായി വനം നിർമ്മിക്കൽ

(വിഹിതം: 70.00 ലക്ഷം രൂപ)

രാജ്യത്തെ പ്രമുഖരായ ദേശീയ നേതാക്കളുടെ പേരിൽ വിവിധ സ്ഥലങ്ങളിൽ സ്ഥലം ഏറ്റെടു ത്ത് വനം നട്ടുപിടിപ്പിച്ച് സംരക്ഷിക്കുന്ന ഈ പരിപാടി യുടെ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് തുക മാററി വച്ചിരിക്കുന്നത്.

22. കല്ലാർ വാട്ടർ ഷെഡ് വികസനം

(വിഹിതം 20.00 ലക്ഷം രൂപ)

ക്ഷയോൻമുഖമായ വനപ്രദേശങ്ങൾ പുനരുജ്ജീ വിപ്പിച്ച് വനവികസനം സാദ്ധ്യമാക്കുന്ന ഒരു പരി പാടിയാണിത്. വാട്ടർഷെഡ് അടിസ്ഥാനത്തിൽ ഓരോ പ്രദേശവും തിരിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുന്നതാണ്. ആദ്യപടി എന്ന നിലയിൽ കല്ലാർ പ്രദേശമാണ് തെരഞ്ഞെടുത്തിരിക്കുന്നത്. വനവികസന സംബന്ധമായ വിവിധ പരിപാടികൾ നടപ്പാക്കുന്ന തിനാണ് തുക കൊള്ളിച്ചിരിക്കുന്നത്.

23. ഓപ്പറേഷൻ വാട്ടർ ഷെഡ്

(വിഹിതം 35.00 ലക്ഷംരൂപ)

വർഷകാലങ്ങളിൽ മഴവെള്ളം പാഴാകാതിരിക്കാനും മണ്ണൊലിപ്പ് തടയാനും അന്തരീക്ഷ സ്ഥിതിയുടെ ഏറ്റ കുറച്ചിൽ ക്രമീകരിക്കാനും വേണ്ടിയുള്ള ഒരു പരിപാടി യാണിത്. മഴവെള്ളം കെട്ടിനിർത്താനുള്ള ചെക്ക്ഡാമു കൾ നിർമ്മിക്കുകയും അതിൽ മൽസ്യ കൃഷി നടത്തു വാൻ ഗിരിവർഗ്ഗക്കാരെ അനുവദിക്കുകയും ചെയ്യുന്നഒരു വിവിധോദ്ദേശ പദ്ധതിയാണിത്. ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിനും മററ് അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടിയാണ് തുക കൊള്ളിച്ചിരിക്കു ന്നത്.

24. പരിസ്ഥിതികാവസ്ഥ നിലനിർത്തൽ

(വിഹിതം 25.00 ലക്ഷം രൂപ)

എ. ബൊമ്മിയാംപടി പ്രദേശം—അട്ടപ്പാടി

അട്ടപ്പാടിയിലെ ബൊമ്മിയാംപടി പ്രദേശത്തെ വനവികസന പരിപാടികൾ ഫലപ്രദമായി നടപ്പാക്കു ന്നതിനും സ്ഥലവാസികളായ ഗിരിവർഗ്ഗക്കാരെ ഉൾ പ്പെടുത്തി വികസന സാമൂഹ്യക്ഷേമ സഹകരണ പ്രവർത്ത നങ്ങൾ നടത്തുന്നതിനും വേണ്ടി വിഹിതത്തിൽ നിന്ന് പത്ത് ലക്ഷം രൂപ വിനിയോഗിക്കുന്നതാണ്.

ബി. ക്ഷയോൻമുഖമായ വനപ്രദേശങ്ങളുടെ പുനരുദ്ധരിക്കൽ

വിവിധ വനപ്രദേശങ്ങളിൽ പലേടത്തും വനം പല കാരണങ്ങളാൽ നശിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്രദേശങ്ങളിൽ അവ പരിഹരിച്ച് ഉചിതമായ വന വികസന പരിപാടികൾ ആവിഷ്ക്കരിക്കുന്നതിനായി പതിനഞ്ചു ലക്ഷം രൂപ വിനിയോഗിക്കുന്നതാണ്.

25. സിൽവൻ താഴ്വരയിലെ ഫേൺ സങ്കേതം

(വിഹിതം 10.00 ലക്ഷം രൂപ)

വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന 'ഫേൺ' വർഗ്ഗത്തിലുള്ള സസ്യങ്ങളുടെ വംശം നിലനിർത്തു ന്നതിനുള്ള ഒരു പദ്ധതിയാണിത്. ടിഷ്യു കൾച്ചർ നടത്തുന്നതിനുള്ള ഒരു പരീക്ഷണശാല സ്ഥാപിക്കു ന്നതിനും മററു അനുബന്ധ പരിപാടികൾ നടപ്പാക്കു ന്നതിനും വേണ്ടിയാണ് വിഹിതം കൊടുത്തിരിക്കുന്നത്.

## 1.7 കാർഷിക ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപം

### കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്—കടപ്പത്രങ്ങൾ വാങ്ങൽ

(വിഹിതം 350.00 ലക്ഷം രൂപ)

കാർഷിക വികസന പരിപാടികൾ നടപ്പാക്കുന്നതിന് കേരള സംസ്ഥാന സഹകരണ കാർഷികഗ്രാമ വികസന ബാങ്ക് കടപ്പത്രങ്ങൾ മുഖേന ധനം സ്വരൂപിക്കുന്നു. കടപ്പത്രങ്ങൾ വാങ്ങി സംസ്ഥാന സർക്കാർ ബാങ്കിന് ധനസഹായം നൽകി വരുന്നു. ഈ ചെലവിലേക്ക് 350.00 ലക്ഷംരൂപ വക കൊള്ളിച്ചിരിക്കുന്നു.

## 1.3 ഭക്ഷ്യസംരക്ഷണവും സൂക്ഷിപ്പും വിതരണവും

### 1. കാർഷിക വിഭവങ്ങളുടെ തരം തിരിക്കൽ

(വിഹിതം: 7150 ലക്ഷം രൂപ)

കാർഷിക വിഭവങ്ങളുടെ തരം തിരിക്കലിനായി 8 സംസ്ഥാന ലബോറട്ടറികളും 10 സ്വകാര്യ ലബോറട്ടറികളും ഇപ്പോൾ നിലവിലുണ്ട്. 8-ാം പദ്ധതി കാലത്ത് 4 പുതിയ ലബോറട്ടറികൾ കൂടി സ്ഥാപിക്കാൻ ഉദ്ദേശമുണ്ട്. കണ്ണൂരിൽ സ്ഥാപിക്കുന്ന ലബോറട്ടറിക്ക് ഉടനെ ഭരണാനുമതി കിട്ടും. ഉൽപ്പാദകരെക്കൊണ്ടു തന്നെ തരം തിരിക്കൽ നടത്തുന്നതിന് ആവശ്യമായ ഉപകരണങ്ങൾ സംഘടിപ്പിക്കുന്നതിന് പ്രാഥമിക വിപണന സംഘങ്ങൾക്കും കർഷക സംഘടനകൾക്കും ധനസഹായം നൽകിവരുന്നു. 1993-94 വർഷത്തിൽ ഒരു പുതിയ ലബോറട്ടറി പത്തനംതിട്ടയിൽ തുടങ്ങുന്നതിനും കർഷക സംഘടനകൾക്ക് സഹായധനം നൽകുന്നതിനുംവേണ്ടിയാണ് പദ്ധതി തുക വിനിയോഗിക്കുക.

### 2. വിപണന ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം

(വിഹിതം 1.00 ലക്ഷം രൂപ)

കൃഷി വകുപ്പിലെ വിപണന വിഭാഗത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് വിപണന വിഭാഗവും കേന്ദ്ര സർക്കാരും മററ് ഏജൻസികളും സംഘടിപ്പിക്കുന്ന പരിശീലന കോഴ്സുകളിൽ പരിശീലനം നൽകുന്നതിനും റിഫ്രഷർ കോഴ്സുകൾ സംഘടിപ്പിക്കുന്നതിനും പരിപാടിയുണ്ട്. യാത്രബത്തയ്ക്കും പരിശീലനവുമായി ബന്ധപ്പെട്ട മററു ചെലവുകൾക്കും വേണ്ടിയാണ് വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നത്.

### 3. വിപണന സർവ്വേകളും ഗവേഷണവും

(വിഹിതം 2.00 ലക്ഷം രൂപ)

പ്രധാനപ്പെട്ട കാർഷിക വിളകളെക്കുറിച്ച് വിപണന സർവ്വേകളും ഗവേഷണങ്ങളും സംഘടിപ്പിക്കുന്നതിന് കൃഷി വകുപ്പിലെ വിപണന വിഭാഗത്തിന് ധനസഹായം നൽകാനാണ് പദ്ധതി തുക. കൊപ്ര, ഇഞ്ചി, കുരുമുളക് എന്നിവയുടെ വില നിലവാരത്തെയനുബന്ധിക്കുന്ന പഠനവും നിലക്കടല, തക്കാളി, ചക്ക എന്നിവയ്ക്ക് സർവ്വേയും ഏർപ്പെടുത്തുന്നതാണ്.

### 4 വില നിലവാരം ഉറപ്പാക്കുന്നതിനുള്ള ഫണ്ട്

(വിഹിതം 46.00 ലക്ഷം രൂപ)

കേരളത്തിലെ കാർഷിക വിളകളുടെ വില ഏററക്കുറച്ചിലുകൾക്ക് വിധേയമാണ്. ക്രമാതീതമായ വില വർദ്ധന അനുഭവപ്പെടുമ്പോൾ അതിൽ നിന്നും ലഭിക്കുന്ന അധിക വരുമാനത്തിന്റെ ഒരു ചെറിയ ഭാഗമെങ്കിലും സ്വരൂപിച്ച് വിലക്കുറവു മൂലം ഉണ്ടാവുന്ന നഷ്ടം നികത്തുന്നതിന് ഒരു നിധി രൂപീകരിച്ചിട്ടുണ്ട്. ഇതിനു വേണ്ടി ഒരു പ്രൈസ് ബോർഡ് രൂപീകരിക്കേണ്ടതുണ്ട്. ഇതിലേയ്ക്കു വേണ്ടി വരുന്ന ചെലവിലേക്കാണ് പദ്ധതി തുക വിനിയോഗിക്കുക.

### 5 വിപണന വ്യാപനം

(വിഹിതം 0.50 ലക്ഷം രൂപ)

സെമിനാറുകൾ, കർഷക പരിശീലന പരിപാടികൾ, പ്രദർശന പരിപാടികൾ തുടങ്ങിയവയിലൂടെ വിപണന പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുവേണ്ടി വരുന്ന ചെലവിലേയ്ക്കാണ് പദ്ധതി വിഹിതം. കാർഷിക വിളകളുടെ തരം തിരിക്കൽ തുടങ്ങിയ വിളവെടുപ്പിനു ശേഷമുള്ള പരിപാടികൾക്കാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടത്.

### 6. പ്രാഥമിക തരം തിരിക്കൽ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

(വിഹിതം 15.00 ലക്ഷം രൂപ)

കാർഷിക ഉൽപ്പന്നങ്ങൾ പ്രാഥമികതലത്തിൽ തരം തിരിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേക്ക്, സഹകരണ സംഘങ്ങൾ, കർഷക സംഘങ്ങൾ, ഗ്രൂപ്പ് ഫാമിംഗ് സമിതികൾ എന്നിവക്ക് നൽകുന്ന സഹായത്തിനാണ് തുക വിനിയോഗിക്കുന്നത്

### 7. കേരള വിപണി വികസന പദ്ധതി

(വിഹിതം 1400.00 ലക്ഷം രൂപ)

ഈ പദ്ധതി അനുസരിച്ച് 44.26 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന 8 അർബൻ വിപണികളും 3 ഗ്രാമീണ വിപണികളും സ്ഥാപിക്കുന്നതാണ്. 3 അർബൻ വിപണികൾക്കുവേണ്ടിയുള്ള സ്ഥലം തെരഞ്ഞെടുക്കുകയും ആയത് അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുകയും ചെയ്തു. ഈ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടിയുള്ള സംസ്ഥാന വിഹിതമാണ് പദ്ധതി തുക. ഇത് റോഡ്, കെട്ടിടങ്ങൾ മുതലായവ നിർമ്മിക്കുന്നതിന് 1993-94-ൽ വിനിയോഗിക്കുന്നതാണ്.

### 8. നാളികേര വികസനം, സംസ്ക്കരണം, വിപണനം എന്നിവയ്ക്കുള്ള സംയോജിത പരിപാടി

(വിഹിതം 28 00 ലക്ഷം രൂപ)

ഇ. ഇ. സി. യുടെ സഹായത്തോടെ കേരഫെഡ് നടപ്പാക്കി വരുന്ന 93.40 കോടി രൂപ മുതൽ മുടക്കുള്ള സംയോജിത കേര വികസന പരിപാടി 1993-94 അവസാനത്തോടെ പൂർത്തിയാക്കുന്നതാണ്. ഈ പദ്ധതിയിലെ ആദ്യത്തെ ഓയിൽ മില്ല് 1991 ഏപ്രിൽ മാസത്തിൽ കരുനാഗപ്പള്ളിയിൽ പ്രവർത്തനം ആരംഭിച്ചു. കോഴിക്കോട്ടുള്ള 2-ാം കോംപ്ലക്സിന്റെ പണി പുരോഗതിയിൽ. കൊച്ചിയിലുള്ള 3-ാം കോംപ്ലക്സിനു സ്ഥലം എടുത്തു.

1992-93 അവസാനത്തോടെ ഈ പദ്ധതിക്കായുള്ള സംസ്ഥാന വിഹിതമായ 8.129 കോടി രൂപയിൽ 7.84 കോടി രൂപ നൽകിക്കഴിയും. ബാക്കി തുക നൽകാനാണ് വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നത്.

### 9. സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ

(വിഹിതം 15.00 ലക്ഷം രൂപ)

സംസ്ഥാന വേയർ ഹൗസിംഗ് കോർപ്പറേഷന് മൊത്തം 1.42 ലക്ഷം മെടിക്ക് ടൺ സംഭരണശേഷിയുള്ള ഗുദാമുകൾ 44 കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു. ഇതിനുപുറമേ ഏഴാം പദ്ധതിക്കാലത്ത് 25 കേന്ദ്രങ്ങളിലായി മൊത്തം 52,800 മെട്രിക് ടൺ സംഭരണ ശേഷിയുള്ള ഗുദാമുകൾ നിർമ്മിക്കാൻ കോർപ്പറേഷന് ഉദ്ദേശമുണ്ട്. 8150 ടൺ കപ്പാസിററിയുള്ള ഗോഡൗൺ നിർമ്മാണം ഉടൻ പൂർത്തിയാകും. 10800 ടൺ ശേഷിയുള്ള 6 കേന്ദ്രങ്ങളുടെ നിർമ്മാണം 93-94-ൽ തുടങ്ങും.

## II ഗ്രാമവികസനം

### 2.1 ഗ്രാമവികനം

സംയോജിത ഗ്രാമവികസന പരിപാടി (ഐ. ആർ. ഡി. പി.) സംസ്ഥാന വിഹിതം 50%)

ഗ്രാമപ്രദേശങ്ങളിലുള്ള നിർദ്ധന കുടുംബങ്ങളെ സ്വയം തൊഴിൽ കണ്ടെത്തുക വഴി അധികവരുമാനം ആർജ്ജിക്കുന്നതിനും തദ്വാരാ സ്ഥിരാടിസ്ഥാനത്തിൽ ദാരിദ്രരേഖയ്ക്കു മുകളിലെത്തുന്നതിനും സഹായിക്കുക എന്നതാണ് ഈ പരിപാടിയുടെ മുഖ്യലക്ഷ്യം. സംസ്ഥാനത്തെ മൊത്തം ഗ്രാമീണ കുടുംബങ്ങളിൽ സമീപകാലത്ത് നടത്തിയ കുടുംബ സർവ്വെ പ്രകാരം, 17.71 ലക്ഷം കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്കു താഴെയാണെന്നു കണ്ടു. 1991–92 വർഷത്തെ വിലനിലവാരമനുസരിച്ച് 11,000 രൂപയോ അതിൽ കുറവോ വാർഷിക വരുമാനമുള്ള കുടുംബങ്ങളെയാണ് ദാരിദ്ര്യരേഖയ്ക്കു താഴെയായി കണക്കാക്കുന്നത്. സാമ്പത്തികമായി ഏററവും താഴെക്കിടയിലുള്ള കുടുംബങ്ങൾക്കായിരിക്കണം ധനസഹായ കാര്യത്തിൽ മുൻഗണന എന്ന ലക്ഷ്യത്തോടെ 6000 രൂപയ്ക്കു താഴെ വാർഷികവരുമാനമുള്ള കുടുംബങ്ങൾക്കാണ് ആദ്യമായി സഹായധനം നൽകുന്നതു്. സംസ്ഥാനത്തെ 152 ഗ്രാമവികസന ബ്ലോക്കുകളും 14 ഡി. ആർ. ഡി. എ. കളും വഴിയാണ് പ്രസ്തുത പരിപാടികൾ നടപ്പിലാക്കുന്നത്. സംയോജിത ഗ്രാമവികസനപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിപാടികൾ താഴെപ്പറയുന്നവയാണ്.

1. ഭരണവും നടത്തിപ്പും സംസ്ഥാനവിഹിതം—50%

(വിഹിതം 8.00 ലക്ഷം രൂപ)

ആസ്ഥാന ഓഫീസിലെ ഉദ്യോഗസ്ഥൻമാരുടെ ശമ്പളം, യാത്രച്ചെലവ്, ഓഫീസ് ചെലവ്, മററു ചെലവുകൾ എന്നിവക്കുള്ളതാണ് പ്രസ്തു വിഹിതം.

2. ജില്ലാ വികസന ഏജൻസികൾക്കുള്ള സബ്സിഡി (സംസ്ഥാനവിഹിതം 50%)

(വിഹിതം 929.00 ലക്ഷം രൂപ)

50,000 കുടുംബങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സാമ്പത്തിക സഹായം നൽകാനുള്ളതാണ് ഈ പദ്ധതി. ശരാശരി 8000 രൂപയുടെ സഹായം ഓരോ കുടുംബത്തിനും ലഭിക്കുന്നതാണ്. ഇതിൽ മൂന്നിലൊരുഭാഗം സംസ്ഥാനസർക്കാരും കേന്ദ്രസർക്കാരും തുല്യമായി വഹിക്കുന്ന സബ്സിഡിയാണ്. ആകെ വിഹിതത്തിൽ 50% പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും, 40 ശതമാനം വനിതകൾക്കുമായി നീക്കി വച്ചിട്ടുണ്ട്. കൂടാതെ ട്രൈസം പദ്ധതിയിലെ പരിശീലകർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ സഹായധനവും ഈ പരിപാടിയനുസരിച്ച് നൽകുന്നുണ്ട്. പരിപാടിയുടെ നടത്തിപ്പിനുള്ള സംസ്ഥാന വിഹിതമാണ് ബഡ്ജററിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

3. പരിശീലനം (ട്രൈസം) (സംസ്ഥാന വിഹിതം 50%)

(വിഹിതം 76.00 ലക്ഷം രൂപ)

ഈ പദ്ധതി തൊഴിൽ രഹിതരായ യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീലനം നൽകുന്നതിനുള്ളതാണ്. സ്റൈറപ്പൻറ് നൽകുന്നതിനുള്ള സംസ്ഥാന വിഹിതമാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുക. 1993–94 സാമ്പത്തികവർഷം 7570 ആളുകൾക്ക് പരിശീലനം നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 50 ശതമാനം പരിശീലനാർത്ഥികൾ ഹരിജന/ഗിരി ജന വിഭാഗത്തിൽപ്പെട്ടവരായിരിക്കും.

4. ട്രൈസത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (സംസ്ഥാനവിതം—50 ശതമാനം)

(വിഹിതം 20.00 ലക്ഷം രൂപ)

ട്രൈസം പദ്ധതിയിൻകീഴിൽ പരിശീലനം നൽകുന്നതിനുവേണ്ടി യുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ബ്ലോക്കുകളിൽ പരിശീലന/സേവന/ഉൽപ്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ദൃശ്യ ശ്രവ്യ ഉപകരണങ്ങളുടെ വിതരണത്തിനും, ഐ. ആർ. ഡി. പി. ഗുണഭോക്താക്കൾ, ട്രൈസം പരിശീലനാർത്ഥികൾ, ഐ. ആർ. ഡി. പി. പ്രവർത്തന രംഗത്തെ ഉദ്യോഗസ്ഥർ എന്നിവർക്കെല്ലാം പരിശീലനം നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് പ്രസ്തുത വിഹിതം

5. ബ്ലോക്കുതലത്തിൽ ഭരണം ശക്തിപ്പെടുത്തൽ

(സംസ്ഥാനവിഹിതം 50ശതമാനം)

(വിഹിതം 45.00 ലക്ഷം രൂപ)

ഈ പദ്ധതിയിൽപെടുന്ന 192 തസ്തികകളിലെ ഉദ്യോഗസ്ഥൻമാരുടെ ശമ്പളം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുല്യമായി വഹിക്കുന്നതാണ്. പ്രസ്തുത ഉദ്യോഗസ്ഥരുടെ വേതന ചെലവുകൾ തുടരുന്നതിനുള്ള സംസ്ഥാന വിഹിതമാണ് പദ്ധതിത്തുക.

6. മോണിററിങ്ങ് സെൽ—ഐ. ആർ. ഡി. പി. (സംസ്ഥാനവിഹിതം—50ശതമാനം)

(വിഹിതം 2.00 ലക്ഷം രൂപ)

ഗ്രാമവികസനവകുപ്പിന്റെ ആസ്ഥാന ഓഫീസിൽ പ്രവർത്തിക്കുന്ന മോണിററിങ്ങ് സെല്ലിലെ ഉദ്യോഗസ്ഥൻമാരുടെ 1993–1994-ലെ എസ്ററാബ്ലിഷ്മെൻറ് ചെലവുകൾക്കുള്ളതാണ് പ്രസ്തുത വിഹിതം.

7. ഗ്രാമീണ വനിതാ ശിശു വികസനപരിപാടി (ഡി. ഡബ്ലിയു. സി. ആർ. എ.) സംസ്ഥാനവിഹിതം

(വിഹിതം 15.00 ലക്ഷം രൂപ)

ഡി, ഡബ്ലിയു. സി. ആർ. എ. പരിപാടി എട്ട് ജില്ലകളിൽ നടപ്പിലാക്കിവരുന്നു. ഈ പരിപാടി 1993–94 സാമ്പത്തിക വർഷം ഒരു ജില്ലയിലേയ്ക്കുകൂടി വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ വർഷം മൊത്തം 300 വനിതാ ഗ്രൂപ്പുകളെ സഹായിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. പരിപാടിയുടെ നടത്തിപ്പിനായുള്ള സംസ്ഥാനവിഹിതമാണ് നീക്കി വച്ചിട്ടുള്ള തുക.

8. കേരള ഗ്രാമ വികസന വിപണന സംഘം

(കേരംസ്) (സംസ്ഥാനവിഹിതം 50%)

വിഹിതം 5.00 ലക്ഷം രൂപ)

ഐ. ആർ. ഡി. പി. ഉൽപ്പന്നങ്ങളുടെ ശേഖരണം വിതരണം, വിപണനം എന്നിവയ്ക്കായി സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുള്ള സംഘടനയായ കേരംസി ന്റെ പ്രവർത്തനങ്ങൾ തുടരേണ്ടതുണ്ട്. സംഘടനയുടെ 1993–94–ലെ ആവർത്തനച്ചെലവുകൾക്കാണ് പദ്ധതി വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നത്.

9. ജവഹർ റോസ്ഗാർ യോജന (ജെ. ആർ. വൈ) സംസ്ഥാനവിഹിതം—20 ശതമാനം)

(വിഹിതം 1750.00 ലക്ഷം രൂപ)

സംസ്ഥാനത്തെ 14 ജില്ലാവികസന ഏജൻസികൾ നിലവിലുള്ള 152 ബ്ലോക്കുകൾ വഴിയും, എല്ലാ പഞ്ചായത്തുകളിലൂടെയും നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ് 'ജവഹർ റോസ്ഗാർ യോജന'. ആകെ പദ്ധതി ചിലവിന്റെ 80 ശതമാനം കേന്ദ്ര സർക്കാരും , 20 ശതമാനം സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. സംസ്ഥാനത്തെ ദരിദ്രഗ്രാമീണ രുടെ സംഖ്യയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര ത്തിൽനിന്നും ഈ പദ്ധതിക്കനുവദിക്കുന്ന തുക നിശ്ചയിക്കുന്നത്. ആകെ വിഹിതത്തിൽ 6 ശത മാനം ഇന്ദിരാ ആവാസ്‌യോജന പരിപാടിക്കായി നീക്കിവച്ചിരിക്കുന്നു. ഭരണച്ചിലവൊഴികെ ബാക്കി യുള്ള വിഹിതത്തിന്റെ 20 ശതമാനം പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അവരുടെ കൃഷി ഭൂമിയിൽ ജലസേജന സൗകര്യം വർദ്ധിപ്പിക്കാനുള്ള മില്ല്യൻവെൽപരിപാടിക്ക് ലഭ്യമാക്കും. അവശേഷിക്കുന്ന തുക ജില്ലാ ഗ്രാമവികസന ഏജൻസികൾക്കും പഞ്ചായത്തുകൾക്കുമായി 20:80 എന്ന അനുപാത ക്രമത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി വീതിക്കപ്പെടുന്നു. ആകെ വിഹിതത്തിൽ 40 ശതമാനത്തിൽ കുറയാത്ത തുക പട്ടികജാതി/പട്ടിക വർഗ്ഗക്കാർ, വനിതകൾ എന്നിവരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കും. ഈ പരിപാടി യുടെ വേതന/വേതനേതരച്ചെലവുകൾ തമ്മിലുള്ള അനുപാതം 60:40 എന്നു നിശ്ചയിച്ചിരിക്കുന്നു. 1993–94–ൽ 194 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പരിപാടിയുടെ 1993–94 വർഷത്തെ പ്രവർത്ത നത്തിനായുള്ള 20 ശതമാനം സംസ്ഥാനവിഹിതമാണ് ഉൾപ്പെടുത്തിയിട്ടുള്ള തുക.

10. പീപ്പിൾസ് ആക്ഷൻ ഫോർ ഡവലപ്മെന്റ്

(പാഡ്—കെ)

(വിഹിതം 5.00 ലക്ഷം രൂപ)

നിർമ്മാണപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി കപ്പാർട്ട് എന്ന സംഘടനയിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുവേണ്ടി സന്നദ്ധസംഘ ടനകളെ സഹായിക്കുന്നതിനാണ് പീപ്പിൾസ് ആക്ഷൻ ഫോർ ഡവലപ്പ്മെന്റ് (കേരള) രൂപവൽക്കരി ച്ചിട്ടുള്ളത്. ഈ സ്ഥാപനത്തിന്റെ നടത്തിപ്പിനുള്ള ചെലവുകൾക്കാണ് പദ്ധതിവിഹിതം.

## 2.2. സാമൂഹ്യ വികസനവും പഞ്ചായത്തും

1. വാഹനങ്ങൾ വാങ്ങുന്നതിന് ഗ്രാൻറ്.

(വിഹിതം 20.00 ലക്ഷം രൂപ)

സ്വന്തമായി വാഹനമില്ലാത്ത ബ്ലോക്കുകളിൽ അവ വാങ്ങുന്നതിനും ഉള്ള വാഹനങ്ങൾ ഉപയോഗ ക്ഷമമല്ലെങ്കിൽ അവ മാററി പുതിയവ വാങ്ങുന്നതിനും വേണ്ടിയാണ് ഈ തുക വകയിരുത്തിയിരിക്കുന്നത്.

2. എക്സ്റെറൻഷൻ ട്രെയിനിംഗ് സെൻററുകൾ.

(വിഹിതം 15.00 ലക്ഷം രൂപ)

ഗ്രാമ വികസന വകുപ്പിലെ ഗ്രാമതല പ്രവർത്തകർ, സന്നദ്ധ സംഘട നകളിലെ അംഗങ്ങൾ, പഞ്ചായത്ത് മെമ്പർമാർ ഗ്രാമീണയുവജനങ്ങൾ തുടങ്ങിയവർക്ക് കൊട്ടാരക്കര, മണ്ണുത്തി, തളിപ്പറമ്പ് എന്നീ മൂന്നു ഗ്രാമസേവക പരിശീലനകേന്ദ്രങ്ങളിൽ പരിശീലനം നൽകുന്നതിനാവശ്യമായ ചെലവിലേക്കാണ് പദ്ധതി വിഹിതം. കൂടാതെ ഈ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, പരിശീലന/സർവ്വീസ് കേന്ദ്രങ്ങൾ, ഉല്പാദന കേന്ദ്രങ്ങൾ, വർക്ഷോപ്പ് എന്നിവ സ്ഥാപിക്കുന്നതിനുവേണ്ട ചെലവിലേക്കും, മററു ആവർത്തന ചെലവുകൾക്കും ഈ തുക ഉപയോഗിക്കാവുന്നതാണ്.

3. മഹിളാസമാജങ്ങൾക്ക് പരിശീലനം.

(വിഹിതം 10.00 ലക്ഷം രൂപ)

ബ്ലോക്കുതലത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് മഹിളാസമാജങ്ങളിലെ അംഗങ്ങൾക്ക് ശിശുക്ഷേമം പോഷകാഹാരം, ആരോഗ്യപരിപാലനം, നേതൃത്വപരിശീലനം, ഗൃഹഭരണം എന്നിവയിൽ പരിശീലനം നൽകുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പരിപാടി. പദ്ധതിതുക 1993--94 സാമ്പത്തികവർഷം 1000 ക്യാമ്പുകൾ സംഘടിപ്പിക്കുവാനായി വിനിയോഗിക്കുന്നതാണ്.

4. പ്രത്യേകഘടക—പദ്ധതി.

(വിഹിതം 30.00 ലക്ഷം രൂപ)

ഹരിജനകുടുംബങ്ങൾക്ക് അടിസ്ഥാനസൗകര്യങ്ങൾ പ്രദാനം ചെയ്യുവാനുദ്ദേശിച്ചുകൊണ്ടുള്ളതാണ് പദ്ധതിതുക. 1993—94 സാമ്പത്തിക വർഷം 720 ഹരിജനകുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കുവാൻ പരിപാടിയിട്ടിരിക്കുന്നു.

5. പട്ടികവർഗ്ഗ ഉപപദ്ധതി.

(വിഹിതം 5.00 ലക്ഷം രൂപ)

പട്ടികവർഗ്ഗ കുടുംബങ്ങളുടെ ക്ഷേമത്തിനായി അടിസ്ഥാനസൗകര്യങ്ങൾ നൽകുവാനാണ് പദ്ധതി വിഹിതം കൊണ്ടുദ്ദേശിക്കുന്നത്. 1993-94 സാമ്പത്തിക വർഷം 200 കുടുംബങ്ങളെ സഹായിക്കുന്നതാണ്.

6. മരാമത്തുപണികൾ (മേജർ പണികൾ).

(വിഹിതം 10.00 ലക്ഷം രൂപ)

സ്ഥിരമായ ഹെഡ്ക്വാർട്ടേഴ്സ് കെട്ടിടമില്ലാത്ത 14 ബ്ലോക്കുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ് പദ്ധതി വിഹിതം.

7. ഗ്രാമവികസനത്തിനായുള്ള സംസ്ഥാന ഇൻസ്ററിററ്യൂട്ട്.

(വിഹിതം 20.0 ലക്ഷം രൂപ)

ഇ. ഇ. സി. സഹായത്തോടുകൂടി ആരംഭിച്ച പ്രസ്തുതസ്ഥാപനം വിവിധഗ്രാമതല പ്രവർത്തകർക്ക് ഗ്രാമവികസനരംഗത്ത് പരിശീലനം നൽകുന്നു. ഈ കേന്ദ്രത്തിന്റെ കെട്ടിടനിർമ്മാണത്തിനും , ഉപകരണങ്ങൾ, പഠനസഹായികൾ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുവേണ്ട ഉപാധികൾ എന്നിവ വാങ്ങുന്നതിനും വേണ്ടിയുള്ളതാണ് പദ്ധതിവിഹിതം.

8. ബ്ലോക്ക് ഇൻഫർമേഷൻ സെൻററുകൾ ശക്തിപ്പെടുത്തൽ.

(വിഹിതം 5.00 ലക്ഷം രൂപ)

വികസനപദ്ധതികളെക്കുറിച്ച് ഗ്രാമീണ ജനങ്ങളെ കൂടുതൽ ഉദ്ബുദ്ധരാക്കുന്നതിന് ബ്ലോക്കിലുള്ള ഇൻഫർമേഷൻ സെൻററുകളെ ശക്തിപ്പെടുത്തുന്നതിനായിപദ്ധതിത്തുക വിനിയോഗിക്കുന്നതാണ്.

9. കേരളാ ഇൻസ്ററിറ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കിലാ)

(വിഹിതം 10.00 ലക്ഷം രൂപ)

പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും ഇതര സ്ററാഫ് അംഗങ്ങൾക്കും ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥർക്കും തദ്ദേശസ്വയംഭരണത്തിൽ ഹ്രസ്വകാല പരിശീലനം നൽകാൻ ഉദ്ദേശിച്ചുകൊണ്ട് 1990—ൽ തൃശൂരിൽ സ്ഥാപിക്കപ്പെട്ട ഒരു പരിശീലന സ്ഥാപനമാണ് കേരളാ ഇസ്ററിററ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കി.ലാ). പരിശീലനത്തിനുതകുന്ന അധികസൗകര്യങ്ങൾ പ്രദാനം ചെയ്ത് കൂടുതൽ ആളുകളെ പരിശീലിപ്പിക്കുന്നതിന് പ്രാപ്തമാക്കുന്നതിനുവേണ്ടിയാണ് പദ്ധതിയിൽ 10 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളത്.

10. പ്രാദേശിക തലത്തിൽ പഞ്ചായത്തുകൾക്ക് അനുയോജ്യമെന്ന് തോന്നുന്ന പരിപാടികൾക്ക്വേണ്ടി നീക്കിവച്ചിട്ടുള്ള പദ്ധതിത്തുക.

(വിഹിതം 2100.00 ലക്ഷംരൂപ)

ആസൂത്രണ വികേന്ദ്രീകരണത്തിന്റെ ഭാഗമായി പ്രാദേശിക തലത്തിൽ പഞ്ചായത്തുകൾക്ക് യുക്തമെന്ന് തോന്നുന്ന അവശ്യാധിഷ്ഠിത തൊഴിൽ ദായക നിർമ്മാണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനാവശ്യമായ തുക ഈ പരിപാടിയിൽ വകയിരുത്തിയിട്ടുണ്ട്. ശുദ്ധജല വിതരണം, പൊതുജനാരോഗ്യ സംരക്ഷണം, പരിസര ശുചീകരണം, ഗ്രാമപ്രദേശങ്ങളിലെ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കൽ എന്നിവയാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ.

11. സ്വാശ്രയ ഗ്രാമങ്ങൾ.

(വിഹിതം 400.00 ലക്ഷംരൂപ)

വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി സംയോജിപ്പിച്ച് നടപ്പിലാക്കികൊണ്ട് സ്വാശ്രയഗ്രാമങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുകയാണ് ഈ

പദ്ധതിയുടെ ലക്ഷ്യം. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ ഫലങ്ങൾ ത്വരിത ഗതിയിൽ ജനങ്ങളിൽ എത്തിക്കുക എന്നതാണ് ഈ പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത്. സജീവമായ ജനപങ്കാളിത്തത്തോടെ സാദ്ധ്യമായ എല്ലാ സാമ്പത്തികപ്രവർത്തനങ്ങളും സംയോജിപ്പിച്ച് സ്വാശ്രയ ഗ്രാമങ്ങൾ (പഞ്ചായത്തുകൾ) രൂപപ്പെടുത്തി എല്ലാ രംഗങ്ങളിലും സ്വയം വരുമാന വർദ്ധക തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പ്രാദേശിക തലത്തിലുള്ള വിഭവ സ്രോതസ്സുകൾ പരമാവധി ചൂഷണം ചെയ്തു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ സമാഹരിച്ചും ഈ ലക്ഷ്യം കൈവരിക്കാവുന്നതാണ്. സ്വാശ്രയഗ്രാമങ്ങൾ അങ്ങിനെ മററു പഞ്ചായത്തുകൾക്ക് മാതൃകയും സ്വന്തം കാലിൽനിന്നുള്ള വികസനത്തിലേക്കുള്ള ഒരു പന്ഥാവ് തുറക്കലും ആയിത്തീരുന്നു. 1993–94–ൽ ഈ പരിപാടി 1992–93–ൽ തെരഞ്ഞെടുത്ത 113 പഞ്ചായത്തുകളിൽ തുടരുന്നതും പുതുതായി കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുന്നതുമാണ്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ട സ്വാശ്രയ പഞ്ചായത്തുകളിലെ വികസനോൻമുഖ പ്രക്രിയകളിലുണ്ടാകുന്ന സന്ദിഗ്ദ്ധ ഘട്ടം തരണം ചെയ്യുന്നതിലേക്ക് തുക വിനിയോഗിക്കാവുന്നതാണ്.

## 12. കേരള സംസ്ഥാന ഗ്രാമവികസന ബോർഡ്.

(വിഹിതം 100.00 ലക്ഷംരൂപ)

ഷോപ്പിംഗ് സെൻററുകൾ, വാണിജ്യ സ്ഥാപനങ്ങൾ, മാർക്കററ് സ്ററാളുകൾ, ബസ് സ്ററാൻഡുകൾ, ലോഡ്ജുകൾ, ഓഫീസ് കെട്ടിടങ്ങൾ എന്നിങ്ങനെ വരുമാനം ലഭിക്കുന്ന പദ്ധതികൾ ഗ്രാമ വികസന ബോർഡ് ഏറെറടുക്കുന്നതാണ്. ധന ലഭ്യതയ്ക്ക് അനുസരിച്ച് പഞ്ചായത്തുകളുടെ അപേക്ഷ പ്രകാരമാണ് ബോർഡ് പ്രസ്തുത പരിപാടികൾ ഗ്രാമപ്രദേശങ്ങളിൽ നടപ്പിലാക്കുന്നത്. ആദായപ്രദമായ വികസന പദ്ധതികളുടെ നടത്തിപ്പിലേക്കാവശ്യമായ മൂലധനം ബോർഡ് സർക്കാരിൻെറ ഉത്തരവാദിത്വത്തിൽ റിസർവ് ബാങ്കിൻെറ അനുമതിയോടു കൂടി പൊതുക്കടംവഴി സംഭരിക്കുന്നതാണ്.

## 2.3 ഭൂപരിഷ്ക്കരണം

1. മിച്ചഭൂമി ലഭിച്ചവർക്ക് ധനസഹായം. (സംസ്ഥാന വിഹിതം 50%)

(വിഹിതം 15.00 ലക്ഷം രൂപ)

മിച്ച ഭൂമി ലഭിച്ചവർക്ക് ആ ഭൂമി മെച്ചപ്പെടുത്തി കൃഷിക്ക് ഉപയുക്തമാക്കുന്നതിനും, കൃഷി ചെയ്യുന്നതിനുമായി ധനസഹായം നൽകുന്നതാണ്. ഹെക്ടറൊന്നിന് 2500 രൂപ എന്ന നിരക്കിലാണ് സഹായം. ഈ പരിപാടിയുടെ 50 ശതമാനം സംസ്ഥാന വിഹിതമാണ് വകയിരുത്തിയിട്ടുള്ള തുക. ഈ പരിപാടി അനുസരിച്ച് 1993–94 സാമ്പത്തിക വർഷം 2500 ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

2. റവന്യു സംവിധാനം മെച്ചപ്പെടുത്തലും, നാളിതുവരെയുള്ള അവകാശ പ്രമാണങ്ങളുടെ രേഖപ്പെടുത്തൽ പൂർണ്ണമാക്കലും. (സംസ്ഥാന വിഹിതം 50%)

(വിഹിതം 75.000 ലക്ഷം രൂപ)

നിലവിലുള്ള പട്ടയങ്ങളുടെ കമ്പ്യൂട്ടവൽക്കരണം, പുനർ സർവേയിലൂടെ മേൽപ്പറഞ്ഞ രേഖകൾ നാളതുവരെയാക്കി പുതുക്കുക എന്നീ രണ്ടു വിഭാഗങ്ങളാണ് ഈ പരിപാടിക്കുള്ളത്. തിരുവനന്തപുരം ജില്ലയിലെ രേഖകൾ കമ്പ്യൂട്ടവൽക്കരിക്കുന്നതിനായുള്ള ,ഒരു പൈലററ് പദ്ധതിക്ക് കേന്ദ്രം 100 ശതമാനം സഹായം ഇതിനകം നൽകി കഴിഞ്ഞു. ബാക്കിയുള്ള 13 ജില്ലകളിൽ, അഞ്ചു ജില്ലകളിലെ ജോലി ഈ പദ്ധതിയുടെ ഭാഗമായി 50 ശതമാനം കേന്ദ്ര സഹായത്തോടെ എട്ടാം പദ്ധതിക്കാലത്ത് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ഇതുവരെ 409 വില്ലേജുകളിൽ അവകാശ പ്രമാണങ്ങളുടെ നാളതുവരെയുള്ള രേഖപ്പെടുത്തൽ പൂർത്തിയാക്കിയിട്ടുണ്ട്. വർണ്ണഭൂപട നിർമ്മാണ സൗകര്യങ്ങളുൾപ്പെടെയുള്ള ഭൂപട പരിഷ്ക്കരണത്തിനും, പൂർണ്ണമാക്കിയ അവകാശ പ്രമാണരേഖകൾ ഭദ്രമായി സൂക്ഷിക്കുന്നതിനും വേണ്ട ആധുനിക രീതിയിലുള്ള സജ്ജീകരണങ്ങൾ നടത്തേണ്ടിയിരിക്കുന്നു. ബാക്കിയുള്ള 900 വില്ലേജുകളിലും ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ ഈ ജോലി പൂർത്തീകരിക്കേണ്ടതുണ്ട്. കമ്പ്യൂട്ടവൽക്കരണത്തിനും, അവകാശ പ്രമാണ രേഖകൾ പൂർണ്ണമാക്കുന്നതിനും ആവശ്യമായ ഉപകരണങ്ങൾ, യന്ത്രങ്ങൾ ഇവ വാങ്ങുന്നതിനും വേണ്ടി വരുന്ന ചെലവിലേക്കുള്ള 50 ശതമാനം സംസ്ഥാന വിഹിതമാണ് ഇവിടെ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## 2.2 പ്രാദേശിക വികസനത്തിനുള്ള പ്രത്യേകപരിപാടി

### പിന്നോക്ക പ്രദേശങ്ങളുടെ വികസനം

(വിഹിതം 120.00 ലക്ഷംരൂപ)

പിന്നോക്ക പ്രദേശ വികസന പരിപാടിയിൽ ഏററവും പിന്നോക്കം നിൽക്കുന്ന പ്രദേശമെന്ന നിലയിൽ മൊത്തം വിഹിതത്തിൽ 50 ശതമാനം തുക കാസർകോട് ജില്ലക്ക് വകയിരുത്തുകയായിരുന്നു പതിവ്. ബാക്കിയുള്ള 50 ശതമാനം തുക വയനാട്, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ മററു പ്രദേശങ്ങളുടെ വികസനം പ്രത്യേക ഘടക പദ്ധതി, ഗിരിവർഗ്ഗ ഉപ പദ്ധതി എന്നീ മൂന്ന് പരിപാടികളുടെ നടത്തിപ്പിനായി വീതിച്ചു പോന്നു. എന്നാൽ ഇത്തരം വികസന പ്രവർത്തനങ്ങൾക്ക് ജവഹർ റോസ്ഗാർ യോജനാ പദ്ധതി പ്രകാരവും പഞ്ചായത്തുകൾക്ക് നൽകി വരുന്ന അൺടൈഡ് ഫണ്ടു പ്രകാരവും വേണ്ടത്ര ധനസഹായം ഇപ്പോൾ ലഭ്യമാകുന്ന സാഹചര്യത്തിൽ 8-ാം പദ്ധതി കാലത്ത് പിന്നോക്ക പ്രദേശ വികസന പദ്ധതിയുടെ നടത്തിപ്പിലേക്കായി വയനാട്, മലപ്പുറം, ഇടുക്കി എന്നീ ജില്ലകൾക്ക് പ്രത്യേകമായി തുക ഉൾക്കൊള്ളിച്ചിട്ടില്ല. ഈ പരിപാടി മേലിൽ കാസർകോട് ജില്ലയിൽ മാത്രം ഒതുക്കി നിർത്തിക്കൊണ്ട് പ്രതിവർഷം 50 ലക്ഷംരൂപ വീതം ചെലവിടാനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ ഈ പദ്ധതി പ്രകാരം മററു ജില്ലകളിൽ നേരത്തെ തുടങ്ങി വച്ച പരിപാടികൾ പൂർത്തികരിക്കേണ്ടതുണ്ട് എന്ന പരിഗണനയിൽ 1993-94 ലേക്ക് 120 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തുകയാണ്. ഇതിൽ 50 ലക്ഷംരൂപ കാസർകോട് ജില്ലയ്ക്കും ബാക്കി 70 ലക്ഷംരൂപ മററു മൂന്ന് ജില്ലകളിലെ കുടിശിക ബാദ്ധ്യതകൾ തീർക്കുന്നതിനും വേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. കാസർകോട് ജില്ലയിൽത്തന്നെ റോഡു പണികൾ ഒഴിച്ച് നിർത്തിക്കൊണ്ട് ഉൽപ്പാദന പരമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുതകുന്ന പരിപാടികൾക്ക് മുൻഗണന നൽകി വിഹിതം ചെലവാക്കേണ്ടതാണ്.

### 2. പശ്ചിമ ഘട്ടപ്രദേശങ്ങളുടെ ത്വരിതവികസനം

(സംസ്ഥാന പദ്ധതി സഹായത്തിന് പുറമെയുള്ള പ്രത്യേക കേന്ദ്രസഹായം)

(വിഹിതം 745.68 ലക്ഷംരൂപ)

പശ്ചിമഘട്ട പ്രദേശങ്ങളുടെ വികസനത്തിനായുള്ള പരിപാടിയിൻ കീഴിലുള്ള വാട്ടർഷെഡ് പദ്ധതികൾ, വനവൽക്കരണ പരിപാടികൾ, ററി. ബി. ജി. ആർ.ഐ., കെ. എൽ. ഡി. ബോർഡ് എന്നിവ നടപ്പിലാക്കുന്ന പദ്ധതികൾ തുടങ്ങിയ വിവിധ പരിപാടികൾക്കായി പ്രതീക്ഷിക്കുന്ന പ്രത്യേക കേന്ദ്രസഹായമാണ് പ്രസ്തുത വിഹിതം. പശ്ചിമഘട്ട പ്രദേശങ്ങളിൽ പരിസ്ഥിതി, പുനരുദ്ധാരണം സംരക്ഷണം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള സാമൂഹ്യ സാമ്പത്തിക വികസനമാണ് ഈ പരിപാടികൾകൊണ്ടു ദ്ദേശിക്കുന്നത്.

# സഹകരണം

## I. വായ്പാ സഹകരണ സംഘങ്ങൾ

1. ദീർഘകാല നിധി പ്രവർത്തന പദ്ധതികൾ—വായ്പാ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സംഭാവന

(വിഹിതം 50.00ലക്ഷംരൂപ)

നബാർഡിന്റെ ദീർഘകാല പ്രവർത്തനനിധിയിൽ നിന്നും വായ്പയെടുത്ത് ധനസഹായം നൽകി വായ്പാ സഹകരണ സംഘങ്ങളുടെ മൂലധനശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ പദ്ധതി.

2. പ്രാഥമിക കാർഷിക വായ്പാ വിതരണ സംഘങ്ങൾക്കും അർബൻ സഹകരണ സംഘങ്ങൾക്കും സഹായം

(വിഹിതം 28.00 ലക്ഷം രൂപ)

ഭാരതീയ റിസർവ്വ് ബാങ്ക് സംഘടിപ്പിച്ച കാർഷിക വായ്പാ പുനഃപരിശോധനാ കമ്മിററിയുടെ നിർദ്ദേശപ്രകാരം ബിസിനസ് ഡെവലപ്പ്മെൻറ് പദ്ധതി നടപ്പാക്കാൻ തെരഞ്ഞെടുക്കപ്പെടുന്ന ദുർബല പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഈ പദ്ധതി മുഖേന ധനസഹായം ലഭ്യമാക്കുന്നതാണ്. ഈ സംഘങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കണ്ടുപിടിച്ച് വ്യക്തമായ പ്രോജക്ററ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പുനരുദ്ധാരണത്തിനുവേണ്ടി ഓഹരി മൂലധന സംഭാവനയായും, മേൽനോട്ട സബ്സിഡിയായും ധനസഹായം നൽകുന്നതിന് പദ്ധതി വിഹിതം ചെലവഴിക്കാവുന്നതാണ്. കൂടാതെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വായ്പ നൽകുന്ന അർബൻ ബാങ്കുകൾക്കും, പ്രാഥമിക വായ്പാ സംഘങ്ങൾക്കും പ്രോൽസാഹനം നൽകുന്നതിനും, പ്രാഥമിക സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി നൽകുന്നതിനും ഈ വിഹിതം വിനിയോഗിക്കാവുന്നതാണ്.

3. ദുർബലവിഭാഗങ്ങൾക്ക് ധനസഹായം നൽകുന്നതിനുവേണ്ടി പ്രത്യേക കിട്ടാക്കട കരുതൽ ധനം സ്വരൂപിക്കുന്നതിനുള്ളസഹായം

(വിഹിതം 1.00 ലക്ഷം രൂപ)

ദുർബലവിഭാഗത്തിൽപ്പെട്ട ജനങ്ങൾക്ക് വിദ്യാഭ്യാസം, വൈദ്യസഹായം, വിവാഹം, ശവസംസ്ക്കാരം, മതപരമായ ചടങ്ങുകളും ആഘോഷങ്ങളും സ്വയം തൊഴിൽ കണ്ടെത്തൽ തുടങ്ങിയ ആവശ്യങ്ങൾക്ക് നൽകുന്ന വായ്പയിൽ പിരിഞ്ഞുകിട്ടാതെ വരുന്ന തുക എഴുതിത്തള്ളുന്നതിന് വായ്പാ സഹകരണ സംഘങ്ങൾക്കും പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കും ധനസഹായം നൽകുന്നതിന് തുക വകകൊള്ളിച്ചിരിക്കുന്നു.

4. പ്രാഥമികാ കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് നിക്ഷേപ സമാഹരണത്തിനുള്ള പ്രോൽസാഹന ഗ്രാൻറ്

(വിഹിതം 14.00 ലക്ഷംരൂപ)

നിക്ഷേപ സമാഹരണയജ്ഞത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന പ്രാഥമിക വായ്പാ വിതരണ സംഘങ്ങൾക്ക് പ്രോൽസാഹന അവാർഡുകൾ നൽകുന്നതിനും ബാങ്കിംഗ് റെഗുലേഷൻ ആക്ററിന്റെ പരിധിയിൽ പെടാത്ത വായ്പാ സഹകരണ സംഘങ്ങളുടെ ഡെപ്പോസിററ് ഗ്യാരണ്ടി ഫണ്ടിലേക്ക് ധനസഹായം നൽകുന്നതിനുമാണ് തുക വകകൊള്ളിച്ചിരിക്കുന്നത്.

5. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ—(സംയോജിത സഹകരണ വികസന പദ്ധതി)—സംസ്ഥാന വിഹിതം)

(വിഹിതം 30.00 ലക്ഷം രൂപ)

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ വയനാട്, പാലക്കാട്, കോട്ടയം, എന്നീ ജില്ലകളിൽ നടപ്പാക്കി വരുന്ന സംയോജിത സഹകരണ വികസന പദ്ധതി തുടരുന്നതിനും പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലകളിലേയ്ക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനും പരിപാടിയുണ്ട്. സബ്സിഡി, വായ്പ, ഓഹരിമൂലധന സംഭാവന തുടങ്ങിയ ഇനങ്ങളിൽ എൻ. സി. ഡി. സി. യിൽ നിന്നും ഈ പദ്ധതിക്ക് ധനസഹായം ലഭിക്കുന്നു. പദ്ധതിയുടെ നടത്തിപ്പിനുവേണ്ടിവരുന്ന സബ്സിഡി തുകയുടെ 50 ശതമാനം സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. ഈ ചെലവിലേക്കാണ് പദ്ധതിവിഹിതം.

6. ജില്ലാ സഹകരണ ബാങ്കുകൾക്ക് വായ്പാ കുടിശ്ശിക തീർക്കുന്നതിനുള്ള ധനസഹായം

(സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം 10.00 ലക്ഷം രൂപ)

ഇത് 50 ശതമാനം കേന്ദ്രസഹായമുള്ള ഒരു കേന്ദ്രാവിഷ്കൃതപദ്ധതിയാണ്. ഈ പദ്ധതി അനുസരിച്ച് റിസർവ്വ് ബാങ്കിന്റെ വായ്പാ പരിധി പൂർണ്ണമായും കൈകാര്യം ചെയ്യാൻ ധനശേഷിയുടെ അപര്യാപ്തത മൂലം സാധിക്കാതെ വരുന്ന ജില്ലാ സഹകരണബാങ്കുകൾക്ക് വായ്പാ കുടിശ്ശിക നികത്തുന്നതിന് ധനസഹായം നൽകി വരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായുള്ള സംസ്ഥാന വിഹിതമാണ് അടങ്കൽ തുക.

7. വനിതാ അർബൻ സഹകരണ ബാങ്കുകൾക്ക് ധനസഹായം

(വിഹിതം 5.00 ലക്ഷം രൂപ)

വനിതകളിൽ സമ്പാദ്യശീലം വളർത്തുന്നതിന് വനിതാ അർബൻ സഹകരണ ബാങ്കുകൾ രൂപീകരിക്കാൻ വേണ്ടിയുള്ള പരിപാടിയാണിത്. ഈ ബാങ്കുകൾക്ക് ഓഹരിമൂലധന സംഭാവന നൽകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും മാനേജീരിയൽ സബ്സിഡി നൽകുന്നതിനും വേണ്ടിവരുന്ന ചെലവിലേക്കാണ് പദ്ധതി വിഹിതം.

8. മെർക്കൻറയിൽ സഹകരണ ബാങ്കിന് ധനസഹായം

(വിഹിതം 2.00 ലക്ഷംരൂപ)

സംസ്ഥാനത്ത് രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന മെർക്കൻറയിൽ ബാങ്കിന് ഓഹരി മൂലധന സംഭാവന നൽകുന്നതിനും മാനേജീരിയൽ സബ്സിഡി നൽകുന്നതിനുമാണ് പദ്ധതിവിഹിതം.

9. കാർഷികാ വായ്പാ സ്ഥിരതാ ഫണ്ട്

(വിഹിതം 2.00 ലക്ഷം രൂപ)

പ്രകൃതിക്ഷോഭം മൂലം വിളനാശം സംഭവിക്കുമ്പോൾ ഹ്രസ്വകാല വായ്പകളെ മദ്ധ്യകാല വായ്പകളാക്കി മാററുന്നതിന് സംസ്ഥാനതല കാർഷിക വായ്പാ സ്ഥിരതാ ഫണ്ടിലേക്ക് സംഭാവന ചെയ്യുന്നതിനായി തുക വകകൊള്ളിച്ചിരിക്കുന്നു.

## II. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ

10. ഭവനനിർമ്മാണ സഹകരണസംഘങ്ങൾക്ക് ധന സഹായം

(വിഹിതം 60.00 ലക്ഷം രൂപ)

പ്രാഥമിക ഭവന നിർമ്മാണ സംഘങ്ങൾക്ക് അവയുടെ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിന് ഹഡ്കോ, നാഷണൽ ഹൗസിംഗ് ബാങ്ക്, എൽ.ഐ.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കുന്നതിന് ഉതകുന്ന തരത്തിൽ ആവശ്യമായ ഓഹരിമൂലധനം സംഭാവന ചെയ്യുന്നതിനും, മാനേജീരിയൽ സബ്സിഡി നൽകുന്നതിനുമാണ് പദ്ധതി വിഹിതം.

## III. തൊഴിൽ കരാർ സഹകരണ സംഘങ്ങൾ

11. തൊഴിൽ കരാർ സംഘങ്ങൾക്ക് ധനസഹായം

(വിഹിതം 2.00ലക്ഷം രൂപ)

ജീവനക്ഷമതാസാദ്ധ്യതയുള്ള തൊഴിൽ കരാർ സംഘങ്ങൾക്ക് പുനരുജ്ജീവനത്തിനായി ഓഹരി മൂലധന സംഭാവന, മാനേജീരിയൽ സബ്സിഡി മുതലായ ഇനങ്ങളിൽ ധനസഹായം നൽകാനാണ് പദ്ധതി വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## IV. സംഭരണ, വിപണന സംഘങ്ങൾ

12. സഹകരണ വിപണനം ശക്തിപ്പെടുത്തൽ— വിപണനസഹകരണ സംഘങ്ങൾക്കും പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും ധനസഹായം

(വിഹിതം 46.00 ലക്ഷം രൂപ)

വിപണന സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള ഒരു പരിപാടിയാണിത്. ഈ പദ്ധതി അനുസരിച്ച് ദുർബല സംഘങ്ങളുടെ പുനരുദ്ധാരണത്തിന് വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അധിക ഓഹരി മൂലധന സംഭാവന നൽകുന്നതാണ്. വിപണന സംഘങ്ങൾക്ക് അവയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും, മാനേജീരിയൽ സബ്സിഡി നൽകുന്നതിനും രാസവളവിതരണത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും, വിപണന സംഘങ്ങൾ വഴി കാർഷികോൽപ്പന്നങ്ങൾ വിററഴിക്കുന്ന സംഘങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനും പദ്ധതിതുക വിനിയോഗിക്കാവുന്നതാണ്. കൂടാതെ പച്ചക്കറി വിൽപ്പന കേന്ദ്രങ്ങൾ തുറക്കുന്ന പ്രാഥമിക സംഘങ്ങൾക്ക് ഓഹരി മൂലധന സംഭാവന, മാനേജീരിയൽ സബ്സിഡി തുടങ്ങിയവ നൽകുന്നതിനും വിഹിതം ചെലവാക്കാവുന്നതാണ്.

13. വില വ്യതിയാന നിധി

(വിഹിത 1.00 ലക്ഷംരൂപ)

വിപണന സംഘങ്ങളുടെ വില വ്യതിയാന നിധിയിലേക്ക് സംസ്ഥാന സർക്കാരിന്റെ സംഭാവനയാണ് പദ്ധതി വിഹിതം.

14. സംസ്ഥാന സഹകരണ വിപണന ഫെഡറേഷന്റെ പുനരുദ്ധാരണ പദ്ധതി.

(വിഹിതം 20.00 ലക്ഷം രൂപ)

സംസ്ഥാന സഹകരണ വിപണന ഫെഡറേഷൻ ഇന്ന് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. വിപണന , സഹകരണ ശൃംഖലയുടെ അപ്പെക്സ് സ്ഥാപനമെന്ന നിലയിൽ ഈ ഫെഡറേഷൻ പുനരുദ്ധരിക്കേണ്ടത് അനിവാര്യമാണ്. ഇതിലേയ്ക്കാവശ്യമായ ചെലവിന്റെ ഭൂരിഭാഗവും ദേശീയ സഹകരണ വികസന കോർപ്പറേഷനിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായുള്ള സംസ്ഥാന വിഹിതമാണ് വകയിരുത്തിയിട്ടുള്ള തുക. ഒരു സമഗ്ര പുനരുദ്ധാരണ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമെ ധന സഹായം ലഭ്യമാക്കാൻ പാടുള്ളു.

15. ലോകബാങ്കിന്റെ സഹായമുള്ള എൻ.സി.ഡി.സി— IV സ്റേറാറേജ് പദ്ധതി

(വിഹിതം 25.00 ലക്ഷം രൂപ)

കാർഷികവിഭവങ്ങൾ, രാസവളം, കീടനാശിനികൾ തുടങ്ങിയവ സംഭരിച്ച് സൂക്ഷിക്കുന്നതിന് സഹകരണ മേഖലയിൽ ഇപ്പോഴുള്ള അപര്യാപ്ത നീക്കി സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ളതാണ് ഈ പദ്ധതി. ഇതിലേയ്ക്ക് വേണ്ടി വരുന്ന മതിപ്പ് ചെലവായ 42.65 കോടിരൂപയുടെ 85 ശതമാനം എൻ.സി.ഡി.സി വായ്പയായും 10 ശതമാനം സംസ്ഥാന വിഹിതമായും 5 ശതമാനം ഗുണഭോക്തൃ സംഘം സ്വന്തം നിലയിലും വഹിക്കേണ്ടതാണ്.

## സംസ്ക്കരണ സഹകരണ സംഘങ്ങളുടെ വികസനം

16. സംസ്ക്കരണ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സംഭാവന

(വിഹിതം 30.00 ലക്ഷം രൂപ)

ഈ പദ്ധതിപ്രകാരം സഹകരണ സംസ്കരണ യൂണിററുകളിൽ പ്രവർത്തന മാന്ദ്യം സംഭവിച്ചവ ശക്തിപ്പെടുത്തുന്നതിനും, പുതിയവ സ്ഥാപിക്കുന്നതിനും വേണ്ടി വരുന്ന ചെലവിന്റെ 65 ശതമാനം സഹകരണ വികസന കോർപ്പറേഷൻ വായ്പയായും 26 ശതമാനം സംസ്ഥാന സർക്കാർ ഓഹരി മൂലധനമായും 9 ശതമാനം സംഘങ്ങൾ അവയുടെ സ്വന്തം ഫണ്ടിൽ നിന്നും സ്വരൂപിക്കേണ്ടതാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള സംസ്ഥാന വിഹിതമാണ് പദ്ധതി തുക.

17. സംയോജിത റബ്ബർ വികസന പദ്ധതി

(വിഹിതം 50.00 ലക്ഷം രൂപ)

റബ്ബറിന്റെ ഉല്പാദനം, സംഭരണം, വിപണനം, സംസ്ക്കരണം തുടങ്ങിയ മേഖലകൾ വികസിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന റബ്ബർ മാർക്കററിംഗ് ഫെഡറേഷൻ തയ്യാറാക്കിയ ഒരു സംയോജിത റബ്ബർ വികസന പദ്ധതി എൻ.സി.ഡി.സി. യുടെ പരിഗണനയിലുണ്ട്. ഈ പദ്ധതിയുടെ മൊത്തം ചെലവ് 55.00 കോടി രൂപയാണ്. ഇതിൽ 80 ശതമാനം എൻ.സി.ഡി.സി യും 15 ശതമാനം സംസ്ഥാന സർക്കാരും 5 ശതമാനം റബ്ബർ മാർക്കററിംഗ് ഫെഡറേഷനും വഹിക്കേണ്ടതാണ്. ഈ പദ്ധതിക്കുള്ള സംസ്ഥാന വിഹിതമാണ് അടങ്കൽ തുക.

18. 'റെയ്ഡ്കോ' യുടെ ഭക്ഷ്യ—പഴവർഗ്ഗ സംസ്ക്കരണ യൂണിററുകൾ

(വിഹിതം 30.00 ലക്ഷം രൂപ)

എൻ.സി.ഡി.സി യുടെ സഹായത്തോടെ ഭക്ഷ്യ—പഴവർഗ്ഗ സംസ്ക്കരണ യൂണിററുകൾ സ്ഥാപിക്കുക്കുന്നതിന് 'റെയ്ഡ്കോ' ഒരു പദ്ധതി തയ്യാറാക്കി എൻ.സി.ഡി.സി യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ മൊത്തം ചെലവ് 16.62 കോടിരൂപയാണ്. ഈ ചെലവിന്റെ 80 ശതമാനം എൻ.സി.ഡി.സി യിൽ നിന്ന് വായ്പയായി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയ്ക്കായുള്ള സംസ്ഥാന വിഹിതമാണ് അടങ്കൽ തുക.

## ഉപഭോക്തൃ സഹകരണ സംഘങ്ങൾ

19. ഉപഭോക്തൃ സഹകരണ സംഘങ്ങൾ പുന:സംഘടിപ്പിക്കൽ

(വിഹിതം 50.00 ലക്ഷം രൂപ)

സഹകരണ ഉപഭോക്തൃ മേഖല പുന:സംഘടിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വേണ്ടി ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. ഈ പദ്ധതി തുടരുന്നതിനും ഉപഭോക്തൃ സംഘങ്ങൾക്ക് അവയുടെ പ്രവർത്തനം വികസിപ്പിക്കുന്നതിനുമായി ഓഹരി മൂലധന സംഭാവന, മേൽനോട്ട സബ്സിഡി, വായ്പ തുടങ്ങിയ ഇനങ്ങളിൽ ധനസഹായം നൽകുന്നതിനുമാണ് അടങ്കൽ തുക വകകൊള്ളിച്ചിരിക്കുന്നത്.

20. വിദ്യാർത്ഥി സഹകരണ സംഘങ്ങൾ / യൂണിവേഴ്സിററി സഹകരണ സംഘങ്ങൾ

(വിഹിതം 20.00 ലക്ഷം രൂപ)

വിദ്യാർത്ഥി സഹകരണ സംഘങ്ങൾക്ക് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് മൂലധന ഗ്രാൻറ്, മാനേജീരിയൽ സബ്സിഡി, ഓഹരിമൂലധന സംഭാവന തുടങ്ങിയവ നൽകുന്നതിനും യൂണിവേഴ്സിററി സഹകരണ സംഘങ്ങൾക്ക് ഓഹരിമൂലധന സംഭാവന നൽകുന്നതിനുമാണ് വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നത്

21. ഗ്രാമീണ—ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ വികസന പരിപാടിയുടെ കീഴിലുള്ള ലീഡ് സംഘങ്ങൾക്ക് ഓഫീസും, ഗുദാമും നിർമ്മിക്കുന്നതിന് സഹായം

(വിഹിതം 8.00 ലക്ഷം രൂപ)

ഗ്രാമീണ ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ വികസന പരിപാടിയുടെ കീഴിലുള്ള ലീഡ് സംഘങ്ങൾക്ക് ഗുദാമുകൾ നിർമ്മിക്കുന്നതിനും ഗ്രാമപ്രദേശങ്ങളിൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും വേണ്ടിവരുന്ന ചെലവിലേക്ക് പദ്ധതി തുക വിനിയോഗിക്കാവുന്നതാണ്.

22. ഉത്സവകാല ചന്തകൾ സംഘടിപ്പിക്കുന്നതിന് സബ്സിഡി

(വിഹിതം 15.00 ലക്ഷം രൂപ)

ഉത്സവ കാലങ്ങളിൽ അവശ്യസാധനങ്ങൾക്കുണ്ടാകാവുന്ന അമിതമായ വിലവർദ്ധന തടയുന്നതിന് സഹകരണ സംഘങ്ങൾ പ്രത്യേക വില്പന കേന്ദ്രങ്ങൾ സംഘടിപ്പിക്കാറുണ്ട്. തൻമൂലമുണ്ടാകുന്ന അധിക ചെലവുകൾ വഹിക്കുന്നതിന് ഇത്തരം സംഘങ്ങൾക്ക് ധനസഹായം നൽകാനാണ് അടങ്കൽ തുക വകകൊള്ളിച്ചിരിക്കുന്നത്.

23. സ്വയം തൊഴിൽ കണ്ടെത്തൽ പരിപാടിയുടെ ഭാഗമായി സഹകരണ കാൻറീനുകളും റെസ്റേറാറൻറുകളും നടത്തുന്നതിന് ധനസഹായം

(വിഹിതം 3.50 ലക്ഷം രൂപ)

സ്വയം തൊഴിൽ കണ്ടെത്തൽ പരിപാടിയുടെ ഭാഗമായി സംഘടിക്കപ്പെട്ടിട്ടുള്ള സഹകരണ കാൻറീനുകൾക്കും റെസ്റേറാറൻറുകൾക്കും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഓഹരി മൂലധന സംഭാവന നൽകാനാണ് പദ്ധതി വിഹിതം.

24. ഉപഭോക്തൃ ഫെഡറേഷന്റെ കീഴിലുള്ള ഗുണമേൻമ പരിശോധനാ ലബോറട്ടറിക്ക് ധനസഹായം

(വിഹിതം 0.50 ലക്ഷം രൂപ)

ഉപഭോക്തൃ സാധനങ്ങളുടെ ഗുണമേൻമ പരിശോധിക്കുന്നതിന് ഒരു ലബോറട്ടറി സ്ഥാപിക്കാൻ ഉപഭോക്തൃ ഫെഡറേഷന് ധനസഹായം നൽകുന്നതിനാണ് വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നത്.

25. നഗരപ്രദേശങ്ങളിലെ ഉപഭോക്തൃ സംഘങ്ങൾ വികസിപ്പിക്കൽ

(വിഹിതം 10.00 ലക്ഷം രൂപ)

നൂറു ശതമാനം കേന്ദ്ര സഹായത്തോടെ നടപ്പാക്കി വന്നിരുന്ന ഈ പദ്ധതി 1992 ഏപ്രിൽ മുതൽ സംസ്ഥാന പദ്ധതിയാക്കി മാററിയിരിക്കുകയാണ്. ഈ പദ്ധതി തുടർന്നു നടത്തുന്നതിനുള്ള സംസ്ഥാന വിഹിതമാണ് അടങ്കൽ തുക.

26. സഹകരണ സംഘങ്ങളുടെ കണക്കു പരിശോധന

(വിഹിതം 60.00 ലക്ഷം രൂപ)

സഹകരണ വകുപ്പിലെ ആഡിററു വിഭാഗം ശക്തിപ്പെടുത്തുന്നതിന് വേണ്ടി വരുന്ന ചെലവിലേക്കാണ് പദ്ധതി വിഹിതം. കൂടാതെ ജില്ലാ ഓഫീസുകൾക്ക് ആവശ്യമായ ഡീസൽ കാറുകൾ വാങ്ങുന്നതിനും പദ്ധതി വിഹിതം ചെലവാക്കുന്നതാണ്.

## VIII സഹകരണ വിദ്യാഭ്യാസം, ഗവേഷണം, പരിശീലനം

27. തിരുവനന്തപുരത്തെ സഹകരണ പരിശീലന കോളേജിന്റെ വികസനം

(വിഹിതം 2.00 ലക്ഷം രൂപ)

സഹകരണ പരിശീലന കോളേജിന്റെ ലൈബ്രറിക്കാവശ്യമായ പുസ്തകങ്ങൾ മററ് ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനും, കൂടുതൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, നിലവിലുള്ള കെട്ടിടങ്ങളുടെയും ഹോസ്ററലിന്റെയും അററകുററപ്പണികൾ ചെയ്യുന്നതിനും മററും വേണ്ടിവരുന്ന ചെലവിലേയ്ക്കാണ് പദ്ധതി തുക.

28. സർക്കിൾ സഹകരണ യൂണിയന് ഗ്രാൻറ്

(വിഹിതം 1.00 ലക്ഷം രൂപ)

സർക്കിൾ സഹകരണ യൂണിയനുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു ള്ള ചെലവിലേക്കാണ് പദ്ധതി തുക ഉൾക്കൊള്ളിച്ചിരിക്കുന്നത്.

29. സഹകരണ പരിശീലനം —സംസ്ഥാന സഹകരണ യൂണിയനു ധനസഹായം

(വിഹിതം 7.00 ലക്ഷം രൂപ)

നിലവിലുള്ള സഹകരണ പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനും, സഹകരണ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും സെമിനാറുകൾ, പഠനയാത്രകൾ തുടങ്ങിയവ നടത്തുന്നതിനും ഉള്ള ചെലവിലേക്കാണ് തുക വക കൊള്ളിച്ചിരിക്കുന്നത്.

30. ഉന്നത–മദ്ധ്യതല ജീവനക്കാരുടെ പരിശീലനം

(വിഹിതം 1.00 ലക്ഷം രൂപ)

സഹകരണ വകുപ്പുദ്യോഗസ്ഥൻമാരെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള അംഗീകൃത പരിശീലന കേന്ദ്രങ്ങളിൽ പരിശീലനത്തിനയക്കുന്നതിനുള്ള ചെലവിലേക്കും, റിഫ്രഷർ കോഴ്സുകൾ നടത്തുന്നതിനും, സെമിനാറുകൾ, പഠന യാത്രകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനും മററുമുള്ള ചെലവിലേയ്ക്കായി തുക വക കൊള്ളിച്ചിരിക്കുന്നു.

31. സഹകരണ പരിശീലന ഇൻസ്ററിററ്യൂട്ട്—കണ്ണൂർ

(വിഹിതം 10.00 ലക്ഷം രൂപ)

കേന്ദ്ര സർക്കാരിൻെറ ധനസഹായത്തോടെ ദേശീയ സഹകരണ കൗൺസിലിൻെറ ആഭിമുഖ്യത്തിൽ കണ്ണൂരിൽ ഒരു സഹകരണ പരിശീലന ഇൻസ്ററിററ്യൂട്ട് സ്ഥാപിച്ചിട്ടുണ്ട്. ഇൻസ്ററിററ്യൂട്ടിനാവശ്യമായ കെട്ടിടവും മററ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കേണ്ടതും സ്ഥാപനത്തിൻെറ നടത്തിപ്പിലേയ്ക്കാവശ്യമായ ചെലവിൻെറ 50 ശതമാനം വഹിക്കേണ്ടതും സംസ്ഥാന സർക്കാർ ആണ്. ഈ ചെലവിലേയ്ക്കാണ് പദ്ധതി വിഹിതം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

## IX സഹകരണ വാർത്താവിതരണം, പ്രചരണം

32. സഹകരണ ജേർണലിൻെറ പ്രസിദ്ധീകരണം.

(വിഹിതം 1.00 ലക്ഷം രൂപ)

സഹകരണവീഥി, ലഘുലേഖകൾ, ആനുകാലികങ്ങൾ തുടങ്ങിയവയുടെ പ്രസിദ്ധീകരണത്തിനും മററുമുള്ള ചെലവിലേക്കാണ് പദ്ധതി തുക ഉൾക്കൊള്ളിച്ചിരിക്കുന്നത്

## X മററു സഹകരണ സംഘങ്ങൾ

33. വനിതാ സഹകരണ സംഘങ്ങൾക്ക് ധനസഹായം

(വിഹിതം 20.00 ലക്ഷം രൂപ)

സഹകരണ സംഘങ്ങൾ മുഖേന വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ഒരു പദ്ധതിയാണിത്. ഇതിനായി തെരഞ്ഞെടുത്ത പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ വനിതാ വിഭാഗം രൂപീകരിക്കുന്നതാണ്. ഇതിലേക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് ഗ്രാൻറ്, ഓഹരി മൂലധന സംഭാവന, മാനേജീരിയൽ സബ്സിഡി തുടങ്ങിയവ ലഭ്യമാക്കും. നിലവിലുള്ളതും പുതുതായി രൂപം കൊടുക്കുന്നതുമായ സംഘങ്ങളെ ഈ വിധത്തിൽ സഹായിക്കുന്നതിന് പദ്ധതി വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നു.

34. ആരോഗ്യ സംരക്ഷണ വികസന സംഘങ്ങൾ—സഹകരണ ആശുപത്രികൾക്കും, ഡിസ്പെൻസറികൾക്കും ധനസഹായം

(വിഹിതം 50.00 ലക്ഷം രൂപ)

ജില്ലാ സഹകരണ ആശുപത്രികൾ ആധുനിക ഉപകരണങ്ങൾ കൊണ്ട് സജ്ജമാക്കുന്നതാണ്. കൂടാതെ തെരഞ്ഞെടുത്ത സഹകരണാശുപത്രികളിൽ നഴ്സിംഗ് തുടങ്ങിയ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതിനു വേണ്ടി വരുന്ന അധിക മുതൽ മുടക്കിന് സബ്സിഡി നൽകുന്നതിനും പരിപാടിയുണ്ട്. വളർച്ചയിൽ പിന്നോക്കം നിൽക്കുന്ന സംഘങ്ങൾക്ക് സ്ഥിതി മെച്ചപ്പെടുന്നതു വരെ മാനേജീരിയൽ സബ്സിഡി തുടർന്നു നൽകുന്നതാണ്. സഹകരണ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും മാനേജീരിയൽ സബ്സിഡി, കെട്ടിട നിർമ്മാണ സബ്സിഡി, വായ്പ, ആംബുലൻസ് വാങ്ങുന്നതിന് സബ്സിഡി മുതലായവ നൽകുന്നതിനും കൂടിയാണ് തുക വക കൊള്ളിച്ചിരിക്കുന്നത്.

35. കണ്ണൂരിൽ സ്ഥാപിക്കുന്ന സഹകരണ മെഡിക്കൽ കോംപ്ലക്സിന് ധനസഹായം

(വിഹിതം 75.00 ലക്ഷം രൂപ)

കണ്ണൂരിൽ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഒരു മെഡിക്കൽ കോംപ്ലക്സ് സഹകരണ മേഖലയിൽ ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതി ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്. ഇതിലേയ്ക്കാവശ്യമായ പ്രാരംഭ മൂലധനം ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സ്വരൂപിക്കുന്നതാണ്. ഈ മെഡിക്കൽ കോംപ്ലക്സിൻെറ പ്രവർത്തനത്തിനായി ഓഹരി മൂലധനം, കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും സബ്സിഡി, മാനേജീരിയൽ സബ്സിഡി മുതലായവ നൽകുന്നതിന് പദ്ധതി വിഹിതം ചെലവാക്കുന്നതാണ്

36. സർക്കാർ ജീവനക്കാരുടെ സഹകരണ സംഘങ്ങൾ

(വിഹിതം 5.00 ലക്ഷം രൂപ)

സർക്കാർ ജീവനക്കാരുടെ സഹകരണ സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി, ഓഹരി മൂലധന സംഭാവന, വാടക സബ്സിഡി തുടങ്ങിയവ നൽകുന്നതിന് വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നു

37. തൊഴിലധിഷ്ഠിത സഹകരണ സംഘങ്ങൾക്ക് ധനസഹായം

(വിഹിതം 50.00 ലക്ഷം രൂപ)

സഹകരണ സംഘങ്ങൾ മുഖേന സാങ്കേതിക പരിജ്ഞാനമുള്ള തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ നൽകുന്നതിന് ഉള്ള പദ്ധതിയാണിത്. തൊഴിലധിഷ്ഠിത സഹകരണ സംഘങ്ങൾക്ക് അവയുടെ പ്രവർത്തനം വിപുലമാക്കാൻ മാനേജീരിയൽ സബ്സിഡി, ഓഹരിമൂലധന സംഭാവന വായ്പ തുടങ്ങിയ ഇനങ്ങളിൽ ധനസഹായം നൽകുന്നതിന് വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നു.

38. പട്ടികജാതിക്കാരുടെ സമഗ്രവികസന പദ്ധതി—(പ്രത്യേക ഘടകപദ്ധതി)

(വിഹിതം 145.00 ലക്ഷം രൂപ)

പട്ടികജാതിക്കാരുടെ ക്ഷേമത്തിനായുള്ള സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുന്നതാണ്.

ദുർബല സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും, ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ സംഘങ്ങൾ രൂപീകരിക്കുന്നതിനും പരിപാടിയുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ഫെഡറേഷനും മററു പട്ടികജാതി സഹകരണസംഘങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നതിനും വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നു.

39. <u>പട്ടികവർഗ്ഗക്കാരുടെ സമഗ്രവികസന പദ്ധതി (ഗിരിവർഗ്ഗ ഉപപദ്ധതി)</u>

(വിഹിതം 45.00 ലക്ഷം രൂപ)

പട്ടികവർഗ്ഗക്കാരുടെ സഹകരണ സംഘങ്ങൾക്ക് അവയുടെ പ്രവർത്തനം വിപുലമാക്കുന്നതിന് സബ്സിഡി, ഓഹരിമൂലധന സംഭാവന എന്നീ ഇനങ്ങളിൽ സഹായം നൽകുന്നതിനാണ് തുക വകകൊള്ളിച്ചിരിക്കുന്നത്.

40. <u>വിവിധ തരം സഹകരണ സംഘങ്ങൾക്ക് ധനസഹായം</u>

(വിഹിതം 3.00 ലക്ഷം രൂപ)

വികലാംഗരുടെ സഹകരണ സംഘങ്ങൾ, തുന്നൽക്കാരുടെ സംഘങ്ങൾ തുടങ്ങിയ സംഘങ്ങൾക്ക് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ധനസഹായം നൽകാൻ അടങ്കൽതുക വക കൊള്ളിച്ചിരിക്കുന്നു.

41. <u>ദുർബല വിഭാഗ സംഘങ്ങൾക്കായുള്ള ധനസഹായ പദ്ധതി (സംസ്ഥാന വിഹിതം— 50 ശതമാനം)</u>

(വിഹിതം 2.00 ലക്ഷം രൂപ)

ദുർബല വിഭാഗ സംഘങ്ങളായ അലക്ക്തൊഴിലാളി സഹകരണ സംഘങ്ങൾ, നീററുകക്കാ സഹകരണ സംഘങ്ങൾ തുടങ്ങിയവക്ക് ധന സഹായം നൽകുന്നതിനാണ് ഈ പദ്ധതി. ഈ സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി ഓഹരിമൂലധന സംഭാവന തുടങ്ങിയ ഇനങ്ങളിൽ ധന സഹായം നൽകാനുള്ളതാണ് വകയിരുത്തിയിട്ടുള്ള വിഹിതം.

42. <u>ജില്ലാ കൗൺസിലുകൾ/മുനിസിപ്പാലിററികൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്കുള്ള ധന സഹായം.</u>

(വിഹിതം 10.00 ലക്ഷം രൂപ)

ജില്ലാ കൗൺസിലുകൾ വഴി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ ആവശ്യാർത്ഥം തുക വകകൊള്ളിച്ചിരിക്കുന്നു.

# IV ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും

## 4.1 വൻകിട ഇടത്തരം ജലസേചനം

എട്ടാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ, വൻകിട, ഇടത്തരം ജലസേചന പദ്ധതികൾക്കായി 37500 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഈ തുക ചെലവാക്കുന്നതു വഴി ഉദ്ദേശം മൊത്തം 148000 ഹെക്ടർ കൃഷിസ്ഥലത്തെ ജലസേചന സൗകര്യം മെച്ചപ്പെടുത്താൻ സാധിക്കുമെന്നാണ് ഉദ്ദേശിക്കുന്നത് 1992–93 സാമ്പത്തിക വർഷത്തേയ്ക്കായി 8050 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. തന്നാണ്ടിൽ തന്നെ ഈ തുക മൊത്തം ചെലവഴിച്ച്. മൊത്തം 42500 ഹെക്ടർ കൃഷിസ്ഥലത്തെ ജലസേചന സൗകര്യം മെച്ചപ്പെടുത്താൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്.

1993–94 കാലയളവിലേക്ക് 9000 ലക്ഷം രൂപ ഈ പദ്ധതികൾക്കായി നീക്കിവെച്ചിട്ടുണ്ട്. ഇതുകൊണ്ട് ഉദ്ദേശം 43160 ഹെക്ടർ കൃഷി സ്ഥലം ജലസേചന യോഗ്യമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

1993–94 കാലയളവിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ചു സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു.

1. കല്ലട

(വിഹിതം 3000.00 ലക്ഷം രൂപ)

കൊല്ലം ജില്ലയിലെ കല്ലട നദിക്ക് കുറുകെ ഒരു അണകെട്ടി മൊത്തം 92800 ഹെക്ടർ കൃഷി സ്ഥലങ്ങളിൽ കനാലുകൾ വഴി വെള്ളമെത്തിക്കുവാൻ വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 1961–ൽ ഈ പദ്ധതി ആരംഭിച്ചു. എന്നാൽ ഇതിന്റെ പ്രധാനപ്പെട്ട പണികൾ ആരംഭിച്ചത് 1966–ൽ ആണ്. 1328 ലക്ഷം രൂപ അടങ്കൽ തുക പ്രതീക്ഷിച്ച് ആരംഭിച്ച ഈ പദ്ധതിയുടെ പുതുക്കിയ അടങ്കൽ ചെലവ് 45780 ലക്ഷം രൂപയാണ്. ഈ പദ്ധതിക്കായി ലോകബാങ്കിന്റെ സഹായം 1990 മാർച്ച് അവസാനം വരെ ലഭിച്ചിട്ടുണ്ട്. 1992 മാർച്ച് അവസാനം വരെ ഈ പദ്ധതിക്കായി 36120 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ഇതുമൂലം മൊത്തം 34640 ഹെക്ടർ കൃഷി സ്ഥലം ജലസേചന യോഗ്യമാക്കിയിട്ടുണ്ട്. 1992–93 കാലയളവിലേക്ക് 2750 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ പണി പൂർത്തിയായതിനുശേഷം രണ്ടാംഘട്ടം ആരംഭിക്കുവാൻ പരിപാടിയുണ്ട്. ഈ പദ്ധതി മൊത്തമായി 1996–97–ൽ പൂർത്തിയാക്കുവാൻ സാധിക്കുമെന്നാണ് കണക്കുകൂട്ടുന്നത്. 1993–94–ൽ ഈ പദ്ധതിയുടെ പണി ത്വരിതപ്പെടുത്തുന്നതിനായി 3000 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്

2. മൂവാറ്റുപുഴ

(വിഹിതം 2000.00 ലക്ഷംരൂപ

ഇടുക്കി ജലവൈദ്യുത പദ്ധതിയിൽനിന്നും പുറംതള്ളുന്ന ജലം ഉപയോഗിച്ച് ഇടുക്കി, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലെ മൊത്തം 39046 ഹെക്ടർ കൃഷി സ്ഥലം ജലസേചന യോഗ്യമാക്കുവാൻ വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 1975 ഈ പദ്ധതി ആരംഭിക്കുമ്പോൾ 2086 ലക്ഷംരൂപ അടങ്കൽ ചെലവ് പ്രതീക്ഷിച്ചിരുന്നു. ഇതിന്റെ പുതുക്കിയ അടങ്കൽ ചെലവ് 8925 ലക്ഷംരൂപയാണ് 1992 മാർച്ച് അവസാനം 5232 ലക്ഷംരൂപ ചെലവാക്കിയിട്ടുണ്ട്. 1992–93 സാമ്പത്തിക വർഷത്തേക്കായി 1500 ലക്ഷംരൂപ വകകൊള്ളിച്ചിട്ടുണ്ട്. 1995–96–ൽ ഈ പദ്ധതി തീർക്കുന്നതിന് വേണ്ടി പണി ഊർജ്ജിതപ്പെടുത്തുന്നതിനായി 1993–94–ൽ 2000 ലക്ഷംരൂപ വകകൊള്ളിച്ചിട്ടുണ്ട്.

3. ചിമ്മണി—മുപ്പ്ളി

(വിഹിതം 200.00 ലക്ഷംരൂപ)

തൃശ്ശൂർ ജില്ലയിലെ എച്ചിപ്പാറയിൽ ചിമ്മണി നദിക്കുകുറുകെ അണകെട്ടി ജലസേചനത്തിനുപയോഗിക്കുവാൻ വേണ്ടി 1975–ൽ 633 ലക്ഷംരൂപ അടങ്കൽ ചെലവ് പ്രതീക്ഷിച്ച് ആരംഭിച്ച ഒരു പദ്ധതിയാണിത്. ഇതിന്റെ പുതുക്കിയ അടങ്കൽ ചെലവ് 3615 ലക്ഷം രൂപയാണ്. ഇതിന് 26000 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുവാൻ കഴിയുന്നതാണ്. 1992 മാർച്ച് അവസാനം വരെ 3311 ലക്ഷം രൂപചെലവാക്കിയിട്ടുണ്ട്. 1991 ഫെബ്രുവരിയോടെ ഭാഗികമായിപ്രയോജനം കിട്ടി തുടങ്ങിയ ഈ പദ്ധതികൊണ്ട് 13000 ഹെക്ടർ കോൾ നിലങ്ങൾ കൃഷിക്ക് ഉപയോഗിക്കുവാൻ സാധിച്ചിട്ടുണ്ട്. 1992–93–ൽ ഈ പദ്ധതിക്കായി 300 ലക്ഷംരൂപ വകകൊള്ളിച്ചിട്ടുണ്ട്. 1993–94 ൽ പൂർത്തിയാക്കാമെന്ന് ഉദ്ദേശിക്കുന്ന ഈ പദ്ധതിക്ക്, ഈ കാലയളവിലേക്കായി 200 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

4. കാഞ്ഞിരപ്പുഴ

(വിഹിതം 300.00 ലക്ഷംരൂപ)

പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴയിൽ അണകെട്ടി മൊത്തം 21853 ഹെക്ടർ കൃഷി സ്ഥലം ജലസേചനം നടത്തുവാൻ വേണ്ടി 1961–ൽ ആരംഭിച്ച ഒരു പദ്ധതിയാണിത്. ഇതിന്റെ പുതുക്കിയ അടങ്കൽ തുക 5978 ലക്ഷം രൂപയാണ്. 1992 മാർച്ച് അവസാനം വരെ 5726 ലക്ഷംരൂപ ചെലവാക്കിയിട്ടുണ്ട് ഇതുമൂലം മൊത്തം 15485 ഹെക്ടർകൃഷിസ്ഥലത്ത വെള്ളമെത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. 1992–93–ൽ 400 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. 1993–94–ൽ എല്ലാ പണികളും പൂർത്തിയാക്കുവാൻ വേണ്ടി, ഈ വർഷത്തേക്ക് 300 ലക്ഷംരൂപ വകകൊള്ളിച്ചിട്ടുണ്ട്.

5. ഇടമലയാർ

(വിഹിതം 500.00 ലക്ഷം രൂപ)

1981 ൽ ആരംഭിച്ച ഒരു പദ്ധതിയാണിത് ഇതുമൂലം 43199 ഹെക്ടർകൃഷിസ്ഥലത്ത് ജലസേചന യോഗ്യമാക്കുവാൻ സാധിക്കും. ഈ കൃഷിസ്ഥലം എറണാകുളം ജില്ലയിലെ ആലുവ, പറവൂർ, എന്നീ താലൂക്കുകളും തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കും ഉൾപ്പെടുന്നതാണ്. കേന്ദ്ര ജലവകുപ്പ് ഈ പദ്ധതിക്ക് ഇനിയും അനുമതി തന്നിട്ടില്ല. എങ്കിലും അടങ്കൽ തുകയുടെ 39% ഇതിനകം ഈ പദ്ധതിക്കായി ചെലവാക്കിയിട്ടുണ്ട്. 1992 മാർച്ച് അവസാനംവരെ ഈ പദ്ധതിക്കായി 2646 ലക്ഷംരൂപ ചെലവാക്കിയിട്ടുണ്ട്. 1992–93–ൽ 300 ലക്ഷംരൂപ വകകൊള്ളിച്ചിട്ടുണ്ട്. 1993–94–ൽ 500 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

6. കുരിയാർകുട്ടി—കാരാപ്പാറ

(വിഹിതം 100.00 ലക്ഷംരൂപ)

പാലക്കാട് ജില്ലയിലെ വരൾച്ച ബാധിത പ്രദേശങ്ങളായ മൊത്തം 23472 ഹെക്ടർ സ്ഥലങ്ങളിൽ കൃഷിക്ക് വേണ്ടി വെള്ളം എത്തിക്കുവാൻ ഉദ്ദേശിച്ചുള്ള ഒരു പദ്ധതിയാണിത്. ഇതിന്റെ പുതുക്കിയ അടങ്കൽ ചെലവ് 4881 ലക്ഷംരൂപയാണ്. പരിസ്ഥിതിവാദികളുടെ സമ്മർദ്ദം മൂലം ഈ പദ്ധതി നിർത്തി വെയ്ക്കുകയുണ്ടായി. പുതുതായി മറ്റൊരു പദ്ധതിക്ക് വേണ്ടിയുള്ള റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. നിർത്തി വെയ്ക്കേണ്ടിവന്ന പദ്ധതിക്കായി 162 ലക്ഷംരൂപ ചെലവാക്കിയിട്ടുണ്ട്. 1993—94-ൽ പുതിയ പദ്ധതിയുടെ പണികൾക്കായി 100 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

7. ചാലിയാർ (ബേപ്പൂർപുഴ)

(വിഹിതം 100.00 ലക്ഷംരൂപ)

വിവിധോൻമുഖമായ പ്രയോജനം ലഭിക്കുമെന്നുള്ള ഉദ്ദേശത്തോടെ ആരംഭിച്ച ഒരു പദ്ധതിയാണിത്. ഇതിന്റെ അടങ്കൽ ചെലവ് 37800 ലക്ഷംരൂപയാണ് ഇതിന്റെ പ്രയോജനം മൊത്തം 108040 ഹെക്ടർ സ്ഥലത്ത് ലഭിക്കും. ഈ പദ്ധതി പര്യവേഷണ നിരീക്ഷണ ഘട്ടത്തിലാണ്. 1992 മാർച്ച് അവസാനം വരെ 132 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 1993—94 100 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

8. അട്ടപ്പാടി

(വിഹിതം 50.00 ലക്ഷം രൂപ)

പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ ചിറ്റൂർഎന്ന സ്ഥലത്ത് അണകെട്ടി കനാലുകൾ നിർമ്മിച്ച് മൊത്തം 8378 ഹെക്ടർ കൃഷിസ്ഥലത്ത് വെള്ളം എത്തിക്കുവാൻ വേണ്ടി ഉള്ള ഒരു പദ്ധതിയാണിത്. 476 ലക്ഷം രൂപ അടങ്കൽ തുക പ്രതീക്ഷിച്ച് 1975 —ൽ ആരംഭിച്ച ഒരു പദ്ധതിയാണിത്. ഇതിന്റെ പുതുക്കിയ അടങ്കൽ ചെലവ് 5839 ലക്ഷം രൂപയാണ്. 1992മാർച്ച് അവസാനംവരെ 749 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 1992—93ൽ 10 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. 1993—94ൽ 50 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

9. കാരാപ്പുഴ (കബനി)

(വിഹിതം 700.00 ലക്ഷം രൂപ)

വയനാട് ജില്ലയിലെ വാഴവററ എന്ന സ്ഥലത്ത് കാരാപ്പുഴ നദിക്കു കുറുകെ അണകെട്ടി മൊത്തം 9300 ഹെക്ടർ കൃഷിസ്ഥലം ജലസേചനം നടത്തുവാൻ ഉദ്ദേശിച്ച് 1975—ൽ 760 ലക്ഷം രൂപ അടങ്കൽ ചെലവ പ്രതീക്ഷിച്ച് ആരംഭിച്ച ഒരു പദ്ധതിയാണിത്. ഇതിന്റെ ഏററവും പുതുക്കിയ അടങ്കൽ തുക 4066 ലക്ഷം രൂപയാണ്. 1992 മാർച്ച് അവസാനം വരെ 2365 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 1992—93 കാലയളവിലേക്ക് 500 ലക്ഷംരൂപ വകകൊള്ളിച്ചിട്ടുണ്ട്. 1996—97—ൽ ഈ പദ്ധതി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. 1993—94 ൽ ഈ പദ്ധതിക്കായി 700 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

10. വാമനപുരം

(വിഹിതം 200 ലക്ഷം രൂപ)

തിരുവനന്തപുരം ജില്ലയിലെ കല്ലാറിനുകുറുകെ ഒരു അണകെട്ടി കനാൽ ശൃംഖലകൾ വഴി മൊത്തം 18014 ഹെക്ടർ കൃഷി സ്ഥലത്ത് വെള്ളം എത്തിക്കുവാൻ വേണ്ടി 1981—ൽ 1982 ലക്ഷംരൂപ അടങ്കൽ തുകയോടുകൂടി ആരംഭിച്ച ഒരു പദ്ധതിയാണിത്. ഇതിന്റെ പുതുക്കിയ അടങ്കൽ തുക 3640 ലക്ഷം രൂപയാണ്. 1992 മാർച്ച് അവസാനംവരെ 382 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 1992—93—ൽ 100 ലക്ഷം രൂപ ഈ പദ്ധതിക്കായി വകമൊള്ളിച്ചിട്ടുണ്ട്. ഈ പദ്ധതി ആരംഭദശയിൽ തന്നെയാണ്. 1993—94—ൽ ഈ പദ്ധതിക്കായി 200 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

11. മീനച്ചിൽ

(വിഹിതം 100.00 ലക്ഷം രൂപ)

കോട്ടയം ജില്ലയിലെ 14510 ഹെക്ടർ കൃഷി സ്ഥലത്ത് ജലസേചനസൗകര്യം മെച്ചപ്പെടുത്തുവാൻ വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. ഇത് ആരംഭിക്കുമ്പോൾ 3500 ലക്ഷം രൂപ അടങ്കൽ തുക പ്രതീക്ഷിച്ചിരുന്നു. ഇതിന്റെ പുതുക്കിയ അടങ്കൽ തുക 6814 ലക്ഷം രൂപയാണ്. 1992 മാർച്ച് അവസാനം വരെ 140 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 1992—93-ൽ 100 ലക്ഷംരൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. 1993—94 ൽ 100 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

12. ബാണാസുരസാഗർ

(വിഹിതം 100.00 ലക്ഷം രൂപ)

കരമനത്തോടിനു കുറുകെ അണകെട്ടി വയനാട് ജില്ലയിലെ 4800 ഹെക്ടർ സ്ഥലത്ത് വെള്ളം എത്തിക്കുവാൻ ഉദ്ദേശിച്ചുള്ള ഒരു പദ്ധതിയാണിത്. 1979 ൽ ആരംഭിച്ച ഈ പദ്ധതിയുടെ അടങ്കൽ തുക 800 ലക്ഷം രൂപയാണ്. 1992 മാർച്ച് അവസാനം വരെ 156ലക്ഷംരൂപ ചെലവാക്കിയിട്ടുണ്ട്. 1992—93ൽ 25 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. 1993—94—ൽ 100 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

13 ഗവേഷണം പര്യവേഷണം, വികസനം എന്നിവക്കു വേണ്ടിയും കേരളാ എഞ്ചിനിയറിംഗ് റിസർച്ച് ഇൻസ്ററിറ്റ്യൂട്ടിനു വേണ്ടിയുള്ളധന സഹായം.

(വിഹിതം 130 ലക്ഷം രൂപ)

ജലസേചനവകുപ്പ് ഏറ്റെടുത്തിട്ടുള്ള ഗവേഷണ പര്യവേഷണ പദ്ധതികൾ തുടർന്നു നടത്തുവാൻ വേണ്ടി 1993—94—ൽ 120 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. കൂടാതെ കേരളാ ഇഞ്ചിനയറിംഗ് സ്ഥാപനത്തിന്റെ പഠന ആവശ്യങ്ങൾക്കായി 1993—94—ൽ 10 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

14. CWRDM—ന് നൽകുന്ന ധനസഹായം

(വിഹിതം 50.00 ലക്ഷം രൂപ)

അമേരിക്കൻ സഹായത്തോടെ കോഴിക്കോട്ടുള്ള CWRDM നടപ്പിലാക്കുന്ന IMTP പദ്ധതിക്കു വേണ്ടി 1993-94—ൽ 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഈ പദ്ധതി 1993—94 ൽ പൂർത്തിയാകുന്നതാണ്.

15 കണക്കൻ കടവിലുള്ള ബ്രിഡ്ജ്—കം—റഗുലേററർ

(വിഹിതം 50.00 ലക്ഷം രൂപ)

ചാലിയാറിൽ കണക്കൻ കടവ് എന്ന സ്ഥലത്ത് ഒരു ബ്രിഡ്ജ-കം-റഗുലേററർ സ്ഥാപിക്കുവാൻ 235 ലക്ഷം രൂപ അടങ്കൽ തുക പ്രതീക്ഷിച്ച് ഒരു പദ്ധതി

തയ്യാറാക്കിയിട്ടുണ്ടായിരുന്നു. 2600 ഹെക്ടർ നെൽപ്പാടങ്ങളിൽ ഉപ്പുജലം കയറുന്നത് തടയാൻവേണ്ടിയുള്ളതാണ് ഈ പദ്ധതി. 1992 മാർച്ച് അവസാനംവരെ 27 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 1992–93–ൽ 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. 1993–94–ലെ ആവശ്യങ്ങൾക്കായി 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

16 ചമ്രവട്ടത്തെ ബ്രിഡ്ജ്–കം–റഗുലേറ്റർ

(വിഹിതം 100.00 ലക്ഷം രൂപ)

ഭാരതപ്പുഴയിൽ ചമ്രവട്ടത്ത് ഒരു ബ്രിഡ്ജ്–കം റഗുലേറ്റർ സ്ഥാപിക്കുകയാണ് ഉദ്ദേശം. ഈ ഈ പദ്ധതി 875 ലക്ഷം രൂപ അടങ്കൽതുക പ്രതീക്ഷിച്ച് 1985–ൽ ആരംഭിച്ചതാണ്. ഈ പദ്ധതി പൂർത്തിയാകുമ്പോൾ മലപ്പുറം ജില്ലയിലെ 8660 ഹെക്ടർ കൃഷിസ്ഥലത്ത് പ്രയോജനം ലഭിക്കും. ഇതിന്റെ പുതുക്കിയ അടങ്കൽ തുക 1327 ലക്ഷം രൂപയാണ്. 1992 മാർച്ച് വരെ 192 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 1992–93–ൽ 100 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. പദ്ധതി 1996–97–ൽ പൂർത്തിയാകും, 1993–94–ൽ പദ്ധതിയുടെ ആവശ്യങ്ങൾക്കായി 100 ലക്ഷംരൂപ വകകൊള്ളിച്ചിട്ടുണ്ട്.

17. മോഡണൈസേഷനും വാട്ടർ മാനേജ്മെന്റും

(വിഹിതം 1200.00 ലക്ഷം രൂപ)

ദേശീയതലത്തിൽ വിഭാവനം ചെയ്തിട്ടുള്ള വാട്ടർ മാനേജ്മെന്റ് പദ്ധതിയുമായി ബന്ധപ്പെടുത്തി കേരളത്തിലെ ജലസേചന പദ്ധതികളുടെ നവീകരണത്തിനും മെച്ചപ്പെട്ടതരത്തിലുള്ള പ്രയോജനം കിട്ടുന്നതിനുംവേണ്ടിയുള്ള പല പരിപാടികളും ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനുദ്ദേശിച്ചിട്ടുള്ള ഒരു പദ്ധതിയാണിത്. കനാൽ ശൃംഖലകളിലേയും ജലസംഭരണികളിലേയും ചോരായ്മകളും അപാകതകളും പരിച്ച് നഷ്ടം കുറച്ച് ജലവിനിയോഗവും ഉപയോഗവും പരമാവധി മെച്ചപ്പെടുത്തിന്നതിനുള്ള പല പരിപാടികളും ആവിഷ്കരിച്ചു നടപ്പിലാക്കാവുന്നതാണ്. കേന്ദ്ര ധനസഹായം ലഭിച്ചേക്കാവുന്ന ഈ പരിപാടികളുടെ നടത്തിപ്പിനു വേണ്ടി 1993–94–ൽ 1200 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

18. പോസ്റ്റ് ഫാക്ടോ ഇവാലുവേഷൻ സ്റ്റഡി

(വിഹിതം 10.00 ലക്ഷം രൂപ)

പ്ലാനിംഗ് കമ്മിഷന്റെ ശുപാർശ അനുസരിച്ച് 1992–93–ൽ ആരംഭിച്ചതാണിത്. ജലസേചന പദ്ധതികളുടെ വിശദമായ വിലയിരുത്തൽ ആണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. 1993–94–ൽ ഇതിനായി 10 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

19. ജലദുർവ്യയം ഒഴിവാക്കുന്നതിനുള്ള ജലസേചന സാങ്കേതിക വിദ്യയുടെ പ്രദർശനവും വികസനവും

(വിഹിതം 10.00 ലക്ഷം രൂപ)

ജലസേചനവകുപ്പിന്റെ പ്രസ്തുത സ്കീം നടപ്പിലാക്കുന്നതിന് വേണ്ടി 1993–94ലേയ്ക്ക് 10 ലക്ഷം രൂപ വക കൊള്ളിച്ചിരിക്കുന്നു.

20. നടപ്പുവർഷം പൂർത്തിയായ പദ്ധതികളുടെ ചെലവുകൾ പൂർണ്ണമായും കൊടുത്തു തീർക്കുന്നതിനുവേണ്ടി പ്രത്യേകം നീക്കിവച്ചിട്ടുള്ള തുക

(വിഹിതം 100.00 ലക്ഷം രൂപ)

ഈ വർഷം പൂർത്തീകരിക്കപ്പെടുന്ന പദ്ധതികളായ പെരിയാർവാലി, ചിററൂർപ്പുഴ, കുററിയാടി, പഴശ്ശി എന്നിവയുടെ ചെലവുകൾ പൂർണ്ണമായും കൊടുത്തു തീർക്കുന്നതിന് വേണ്ടി 100 ലക്ഷം രൂപ 1993–94–ലേയ്ക്ക് നീക്കി വച്ചിരിക്കുന്നു.

## 4.2 ചെറുകിട ജലസേചനം

### എ. ഭൂഗർഭജലവികസനം

**1. ഭൂഗർഭജലവികസനവും അന്വേഷണപര്യവേഷണ പരിപാടികൾക്ക് വേണ്ടി**

(വിഹിതം 200.00 ലക്ഷം രൂപ)

പലതരത്തിലുള്ള കിണറുകൾ, കുഴിക്കിണറുകൾ നിർമ്മിക്കുന്നതിനും മററും അനുയോജ്യമായ സ്ഥലങ്ങൾ കണ്ടുപിടിക്കുക എന്ന ഉദ്ദേശമാണ് ഈ പദ്ധതിക്കുള്ളത്. സംസ്ഥാനത്തെ എല്ലാ ജില്ലയിലേയും ഭൂഗർഭജലസമ്പത്തിനെകുറിച്ചുള്ള വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുക എന്ന പരിപാടിയും ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. 1993–94–ൽ ഇവയുടെ ആ ആവശ്യങ്ങൾക്കായി 200 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

**2. ഭൂഗർഭജല വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനു വേണ്ടിയുള്ള സംസ്ഥാന വിഹിതം**

(വിഹിതം 70.00 ലക്ഷം രൂപ)

കൂടുതൽ സാങ്കേതിക ഉപകരണങ്ങൾ വാങ്ങി ഭൂഗർഭജല വകുപ്പിനെ ശക്തിപ്പെടുത്തുവാൻ 50% കേന്ദ്രസഹായത്തോടെ ആവിഷ്കരിച്ചിരുന്ന ഒരു പദ്ധതിയാണിത്. 1992–93 മുതൽ കേന്ദ്രസഹായം പിൻവലിച്ചിരിക്കുകയാണ്. 1993–94–ൽ ഈ പദ്ധതിക്കായി സംസ്ഥാനം 70 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

**3. ഗ്രൗണ്ട് വാട്ടർ കൺസർവേഷനും, റീച്ചാർജ്ജിനും വേണ്ടിയുള്ള പരിപാടികൾ**

(വിഹിതം 5.00 ലക്ഷം രൂപ)

മേഖലാടിസ്ഥാനത്തിൽ ഭൂഗർഭജലത്തിന്റെ ലഭ്യതയ്ക്കനുസരണമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചുള്ള ഒരു പദ്ധതിയാണിത്. കൊല്ലം ജില്ലയിൽ ഇതിന്റെ പണികൾ ആരംഭിച്ചിട്ടുണ്ട് വിവിധ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും പ്രയോജനം ലഭിക്കുന്ന ആൾക്കാരിൽ നിന്നും ധനസഹായം ലഭ്യമാവുന്ന ഈ പദ്ധതിയുടെ നടത്തിപ്പിനു വേണ്ടി 1993–94–ൽ 5 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

**4. സാമൂഹ്യജലസേചന പദ്ധതി**

(വിഹിതം 1.00 ലക്ഷം രൂപ)

ജലസേചനത്തിനുവേണ്ടി കുഴൽ കിണറുകൾ നിർമ്മിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. പത്തോ പതിനഞ്ചോ കർഷകർ അടങ്ങുന്ന ഗ്രൂപ്പുകൾക്ക് ഒരു കുഴൽ കിണർ എന്ന തോതിൽ നിർമ്മിച്ചു അവരുടെ കൃഷിസ്ഥലങ്ങൾ ജലസേചന യോഗ്യമാക്കുവാനാണ് ഈ പദ്ധതിയുടെ ഉദ്ദേശം. ഭൂഗർഭജല വകുപ്പ് ഇതിനായി പമ്പ് സെററ് സ്ഥാപിക്കുക മാത്രമേ ചെയ്യുകയുള്ളു. ബാക്കി ആവശ്യമുള്ള പണത്തിന് സാമ്പത്തികസ്ഥാപനങ്ങളെ ആശ്രയിക്കാവുന്നതാണ്. ഈ പദ്ധതി ആവിഷ്ക്കരിക്കുന്നതിലേയ്ക്കായി ഒരു ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

**5. ഭൂഗർഭജലത്തിന്റെ ക്രമീകരണത്തിനും നിയന്ത്രണത്തിനും വിനിയോഗത്തിനുമുള്ള പദ്ധതികൾ**

(വിഹിതം 3.00 ലക്ഷം രൂപ)

ഭൂഗർഭജലം കണ്ടെത്തി അതിന്റെ ഫലപ്രദമായ ക്രമീകരണത്തിനും, നിയന്ത്രണത്തിനു, വിനിയോഗത്തിനും വേണ്ടിയുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പദ്ധതിയാണിത്. ഇതിന് വേണ്ടിയുള്ള നിയമാവലി ഉണ്ടാക്കുന്നതിനും, രജിസ്ററുകൾ ഉണ്ടാക്കുക മററ് ആവശ്യസാധനങ്ങൾ വാങ്ങുക എന്നിവയ്ക്കാണ് 1993–94–ൽ 3 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളത്.

**6 ഭൂഗർഭ ജലവകുപ്പിലെ സാങ്കേതികവിദഗ്ദർക്കും ശാസ്ത്രജ്ഞൻമാർക്കും പരിശീലനം നൽകുവാനുള്ള പദ്ധതി**

(വിഹിതം 1.00 ലക്ഷം രൂപ)

ഭൂഗർഭജലവകുപ്പിലെ സാങ്കേതിക വിദഗ്ദർക്കും ശാസ്ത്രജ്ഞൻമാർക്കും പരിശീലനം നൽകുവാൻ ഉദ്ദേശിച്ചുള്ള ഒരു പദ്ധതിയാണിത്. 1993–94–ൽ ഈ പദ്ധതിക്ക് വേണ്ടി ഒരു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**7. പ്രത്യേക സ്ഥലങ്ങളിലെ ഭൂഗർഭജലവികസനവും വിനിയോഗവും**

(വിഹിതം 100.00 ലക്ഷം രൂപ)

ജനകീയ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഒരു പദ്ധതിയാണിത്. ഇതിലെ ഗുണഭോക്താക്കൾ ചെറുകിടനാമമാത്ര കർഷകരും പട്ടികജാതി പട്ടികവർഗ്ഗക്കാരായ കർഷകരുമാണ്. ഈ പദ്ധതിയെ ജനകീയ ജലസേചന പദ്ധതി എന്ന പേരിലും അറിയും. 1993–94–ൽ ഈ പദ്ധതിക്കായി 100 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

**8. വെള്ളംകിട്ടാത്ത കിണറുകൾക്കുള്ള നഷ്ടപരിഹാരത്തിനുള്ള പദ്ധതി**

(വിഹിതം 25.00 ലക്ഷം രൂപ)

കിണറ് കുഴിച്ചിട്ട് വെള്ളംകിട്ടാത്ത കിണറുകൾ ഉള്ള കർഷകർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. ഈ പദ്ധതിക്ക് 50% കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്. 1993–94–ൽ ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ 25 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

**9. ഭൂഗർഭജലത്തിനെ പ്പററിയുള്ള അടിസ്ഥാനസ്ഥിതി വിവരകണക്കുകൾ ശേഖരിക്കുവാനുള്ള പദ്ധതി**

(വിഹിതം 3.00 ലക്ഷം രൂപ)

ഭൂഗർഭജലത്തിനെപ്പററിയുള്ള അടിസ്ഥാനസ്ഥിതി വിവരകണക്കുകൾ ശേഖരിക്കുകയും മൊത്തമുള്ള ഭൂഗർഭജലത്തിന്റെ ആവശ്യകതയെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുവാനും വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. ഈ വിവരങ്ങൾ അപഗ്രഥിച്ച് വേണ്ട നടപടികൾ സ്വീകരിക്കുവാനും പരിപാടിയുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി 1993–94–ൽ 3 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

10. ജല ദൗർലഭ്യമുള്ള സ്ഥലങ്ങളിൽ ഭൂഗർഭജലം ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള പദ്ധതി.

(വിഹിതം 30.00 ലക്ഷംരൂപ)

ജല ദൗർലഭ്യമുള്ള സ്ഥലങ്ങളിൽ ഭൂഗർഭജലം കണ്ടെത്തി പരമാവധി വിനിയോഗിക്കുവാൻ വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 1993–94–ൽ ഇതിലേക്കായി 30 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഈ വർഷം ഇതിലേക്കായി 100 കുഴൽ കിണറുകൾ കുഴിക്കുവാനാണ് പരിപാടിയിട്ടിരിക്കുന്നത്. ഇതുമൂലം 500 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും.

11. ഹാൻഡ് റോക്ക് അക്യുഫെർ ഇവാല്യുവേഷൻ പദ്ധതി

(വിഹിതം 7.00 ലക്ഷംരൂപ)

പാറക്കെട്ടുകൾക്കിടയിൽ നിന്നും ഉത്ഭവിക്കുന്നതും അവിടെത്തെ ഭൂഗർഭജലവും കൃഷിക്കും മററും ഉപയോഗിക്കുവാൻ വേണ്ടി അന്വേഷണം നടത്തുന്നതിനുവേണ്ടിയാണ് 1993–94–ൽ 7 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളത്.

12. ഗവേഷണവും വികസനവും.

(വിഹിതം 5.00 ലക്ഷം രൂപ)

ഭൂഗർഭജലം കൃഷിക്ക് പരമാവധി ഉപയോഗിക്കുന്നതിനെക്കുറിച്ച് ഗവേഷണം നടത്തുന്നതിന് വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 1993–94–ൽ ഇതിലേക്കായി 5 ലക്ഷംരൂപ വകകൊള്ളിച്ചിട്ടുണ്ട്.

ബി. ഉപരിതല ജലവികസനം.

1. ലിഫ്ററ് ഇറിഗേഷൻ.

(വിഹിതം 350.00 ലക്ഷം രൂപ)

1993–94 കാലയളവിൽ മൊത്തം 3000 ഹെക്ടർ കൃഷി സ്ഥലത്തെ ജലസേചനസൗകര്യം മെച്ചപ്പെടുത്തുവാൻ വേണ്ടിയുള്ളതായ ഒരു പദ്ധതിയാണ് ലിഫ്ററ് ഇറിഗേഷൻ. ഇതിനുവേണ്ടി 350 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

2. ക്ലാസ് I ചെറുകിട ജലസേചനപദ്ധതി

(വിഹിതം 900.00 ലക്ഷം രൂപ)

ക്ലാസ് I ചെറുകിട ജലസേചന പദ്ധതി മുഖേന മൊത്തം 8100 ഹെക്ടർ കൃഷിസ്ഥലത്ത് ജലസേചനം ചെയ്യുവാനാണ് പരിപാടിയിട്ടിരിക്കുന്നത്. ഇതിനായി 900 ലക്ഷം രൂപ 1993–94–ൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 200 ലക്ഷംരൂപ യൂറോപ്യൻ സാമ്പത്തികസമൂഹം സഹായം നൽകുന്ന ചെറുകിട ജലസേചന പദ്ധതികൾക്കായി പ്രത്യേകം വകകൊള്ളിച്ചിട്ടുള്ളതാണ്. മൂവാററുപുഴയിലെ വെട്ടിക്കാട്ടുമുക്ക് എന്ന സ്ഥലത്ത് ഒരു ചെക്ക് ഡാം കെട്ടി സമീപ പ്രദേശത്ത് വളരെ പ്രയോജനം ലഭിക്കുന്ന ഒരു പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ചെക്കുഡാമും ബണ്ടും നിർമ്മിക്കുന്നതിനാണ് 300 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്.

3. ക്ലാസ് II ചെറുകിട ജലസേചനം

(പി.ഡബ്ല്യു.ഡി.)

(വിഹിതം 200.00 ലക്ഷം രൂപ)

രണ്ട് ക്ലാസ് ചെറുകിട ജലസേചന പദ്ധതി മുഖേന മൊത്തം 1000 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്തുവാൻ വേണ്ടി 1993–94 ൽ 200 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

4. പ്രത്യേകഘടക പദ്ധതിപ്രകാരമുള്ള ചെറുകിട ജലസേചന പദ്ധതികൾ

(വിഹിതം 125.00 ലക്ഷം രൂപ)

പട്ടികജാതിക്കാർക്ക് പ്രയോജനം കിട്ടുന്ന 580 ഹെക്ടർ സ്ഥലങ്ങളിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്തുവാൻ വേണ്ടിയാണ് 1993–94–ൽ 125 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളത്.

5. ഗിരിജനങ്ങൾക്കായുള്ള ജലസേചന ഉപപദ്ധതികൾ

(വിഹിതം 75.00 ലക്ഷം രൂപ)

ഗിരിജനങ്ങൾ പാർക്കുന്ന സ്ഥലങ്ങളിലെ അവരുടെ കൃഷി സ്ഥലങ്ങളിലെ ജലസേചനം മെച്ചപ്പെടുത്തുവാൻ വേണ്ടിയുള്ളതാണ് ഈ പദ്ധതി. 1993–94–ൽ ഇതിലേക്കായി 75 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

6. ബഹുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ജലസേചന പദ്ധതികൾ (ജലധാര പദ്ധതികൾ)

(വിഹിതം (250.00 ലക്ഷം രൂപ)

വെള്ളം ശേഖരിക്കുന്ന കുളങ്ങളുടെയും മററു ആഴം കൂട്ടുക മററ് അററകുററപ്പണികൾ തീർക്കുക, ചെറിയ അരുവികൾക്ക് കുറുകെ ചെറിയ പാലങ്ങൾ തീർക്കുക, ബണ്ടുകൾ നിർമ്മിക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത് 1993–94–ൽ 230 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇതിന് ബഹുജനങ്ങളുടെ പങ്കാളിത്തം വിഭാവനം ചെയ്തിട്ടുണ്ട്.

7. ഐ. ഡി. ഡി. ഏലകളിലെ ജലസേചന പദ്ധതി

(വിഹിതം 20.00 ലക്ഷം രൂപ)

തീരാതെ കിടക്കുന്ന പണികളെല്ലാം പൂർത്തിയാക്കി 250 ഹെക്ടർ കൃഷി സ്ഥലങ്ങളിൽ ജലസേചനസൗകര്യം മെച്ചപ്പെടുത്തുവാൻ വേണ്ടിയാണ് 1993–94–ൽ 20 ലക്ഷംരൂപ വകകൊള്ളിച്ചിട്ടുള്ളത്.

8. ഉപയോഗശൂന്യമായികിടക്കുന്ന ചെറുകിടജലസേചന പദ്ധതികളുടെ അററകുററപ്പണികൾ ചെയ്തു തീർക്കുന്നതിന്

(വിഹിതം 300.00 ലക്ഷം രൂപ)

ഉപയോഗശൂന്യമായിക്കിടക്കുന്ന ചെറുകിട ജലസേചനപദ്ധതികളെ ശരിയാക്കി ഉദ്ദേശം 2800ഹെക്ടർ കൃഷിസ്ഥലത്തെ ജലസേചനസൗകര്യം മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 1993–94–ൽ ഇതിലേയ്ക്കായി 300 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

9. സാമൂഹ്യജലസേചന പദ്ധതി

(വിഹിതം 10.00 ലക്ഷം രൂപ)

കേരളത്തിലെ ജല ദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ചെറുകിട ജലസേചന പദ്ധതി പ്രകാരം അവയ്ക്ക് ഒരു പരിഹാരം കാണാനാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. തുടങ്ങിക്കഴിഞ്ഞ ജലസേചനപദ്ധതികൾ ചെയ്ത് തീർക്കുന്നതിനും പുതുതായി 125 ഹെക്ടർ കൃഷി സ്ഥലത്തു കൂടി ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയും 1993–94–ൽ 10 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

10. ചെറുകിട ജലസേചന പദ്ധതികളുടെ പണികളെക്കുറിച്ചുള്ള പര്യവേഷണവും, ഏകീകൃത പദ്ധതി കളുടെ തയ്യാറാക്കലും

(വിഹിതം 15.00 ലക്ഷം രൂപ)

1993–94 ഇതിലേക്കായി 15 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. സർവ്വേ, ചെറുകിട ജലസേചനപദ്ധതികളുടെ ഏകീകൃത പദ്ധതിയുടെ തയ്യാറാക്കൽ, മററ് പര്യവേഷണവികസന പ്രവർത്തനങ്ങളുടെ ജോലി എന്നിവയാണ് ഇതിൻെറ കീഴിൽ വരുന്നത്.

11. ചെറുകിട ജലസേചന പദ്ധതികളെക്കുറിച്ചുള്ള വിലയിരുത്തലും മററും നടത്തുന്നതിന്.

(വിഹിതം 5.00 ലക്ഷംരൂപ)

ചെറുകിട ജലസേചന പദ്ധതികളെക്കുറിച്ചുള്ള വിലയിരുത്തലിനെപ്പററിയുള്ള പഠനങ്ങൾ നടത്തുന്നതിന് 1993–94–ൽ 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 4.3. കമാൻറ് ഏരിയാ ഡെവലപ്പ്മെൻറ്

### കമാൻറ് ഏരിയാ വികസന പദ്ധതി

(വിഹിതം 1000.00 ലക്ഷംരൂപ)

50 ശതമാനം കേന്ദ്രസഹായം ലഭിക്കുന്ന ഒരു പദ്ധതിയാണിത്. പണിതീർത്ത ജലസേചന പദ്ധതികളുടെ പ്രയോജനം ശരിക്കും. ലഭിക്കത്തക്ക രീതിയിൽ ഫീൽഡ് ചാനലുകളും ഓടകളും കെട്ടി കർഷകർക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്ന പദ്ധതികൾ നടപ്പിലാക്കുക, ജലവിനിയോഗത്തിലെ ക്രമീകരണങ്ങൾ നടപ്പിലാക്കുക എന്നവയാണ് ഇതിൻെറ മുഖ്യ ഉദ്ദേശ്യം. എട്ടാം പഞ്ചവൽസര പദ്ധതിയിൽ 6000 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. 1993-94-ൽ സംസ്ഥാന വിഹിതമായ 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുമൂലം 19000 ഹെക്ടർ കൃഷിസ്ഥലങ്ങൾക്ക് പ്രയോജനം ലഭിക്കും. പമ്പാ പെരിയാർവാലി, കുററിയാടി, ചിററൂർപുഴ എന്നീ പൂർത്തിയായ ജലസേചനപദ്ധതികൾ ഇതിൻെറ കീഴിൽ കൊണ്ടുവരാനുള്ള സംസ്ഥാന സർക്കാരിൻെറ തീരുമാനം കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. നേരത്തെ എടുത്തിട്ടുള്ള 10 പദ്ധതികളും പുതുതായി എടുത്തിട്ടുള്ള നാലു പദ്ധതികളിലും ആ പദ്ധതികളുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി 1993–94-ൽ 1000 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വക കൊള്ളിച്ചിട്ടുണ്ട്.

## 4.4. വെള്ളപ്പൊക്കനിയന്ത്രണവും കടലാക്രമണ നിരോധനവും

### 1. വെള്ളപ്പൊക്കനിയന്ത്രണം

(വിഹിതം 400.00 ലക്ഷംരൂപ)

വെള്ളപ്പൊക്കനിയന്ത്രണത്തിനുവേണ്ടി ഹ്രസ്വകാല പദ്ധതിയും, ദീർഘകാല പദ്ധതിയും നദീതീരങ്ങളുടെ തിട്ടകളം ശക്തിപ്പെടുത്തുകയുമാണ് എട്ടാം പഞ്ചവൽസര പദ്ധതിയിൽ പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനുവേണ്ടി 3200 ലക്ഷം രൂപയാണ് എട്ടാം പഞ്ചവൽസരപദ്ധതിയിൽ വക കൊള്ളിച്ചിട്ടുള്ളത്. 1993–94–ൽ ഇതിലേക്കായി 400 ലക്ഷം രൂപ വകികൊള്ളിച്ചിരുണ്ട്.

### 2. കടലാക്രമണ നിയന്ത്രണം

(സംസ്ഥാന വിഹിതം 900.00 ലക്ഷം രൂപ)
(കേന്ദ്രവിഹിതം 1300.00 ലക്ഷം രൂപ)

കേന്ദ്രസഹായത്തോടെ നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണിത്. പുതിയതായി കടൽഭിത്തികെട്ടുന്നതിന് 66⅔% കേന്ദ്ര സഹായവും പഴയവ പുതുക്കുന്നതിന് 50 ശതമാനം സഹായവുമാണ് ലഭിക്കുന്നത്. എട്ടാം പഞ്ചവൽസരപദ്ധതിയിൽ ആകെ 950 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ 3300 ലക്ഷം രൂപ സംസ്ഥാനവിഹിതവും 4650 ലക്ഷം രൂപ കേന്ദ്രവിഹിതവും ആണ്. 1993–94–ൽ 5 കി. മീ. പുതിയ കടൽഭിത്തി കെട്ടുന്നതിനും 5 കി. മീ. പഴയ കടൽഭിത്തി പുതുക്കുന്നിതനുമാണ് ഉദ്ദേശിക്കുന്നത്. ഇതിന് 1993–94–ൽ 2200 ലക്ഷം രൂപയാണ് ആകെ വകയിരുത്തിയിരിക്കുന്നത്.

# V. വിദ്യുച്ഛക്തി വികസനം

എട്ടാം പഞ്ചവൽസരപദ്ധതിയിൽ വിദ്യുച്ഛക്തി വികസനത്തിനായി സംസ്ഥാനത്ത് 130000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 1992–93 സാമ്പത്തിക വർഷം 18500 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. അനുവദിച്ച 18500 ലക്ഷം രൂപയും ചെലവാക്കി. ഉദ്ദേശിച്ചുള്ള ഫലംകൈവരിക്കണമെന്ന് പ്രതീക്ഷിക്കുന്നു.

1993–94–ൽ ഇതിനായി 20900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾക്കും പണികൾ പൂർത്തിയാകാറായ പദ്ധതികൾക്കും മുൻഗണനാക്രമത്തിൽ വിഹിതം വകകൊള്ളിച്ചിട്ടുണ്ട്. ഇതിൽ ലോകബാങ്കിന്റെ വിഹിതം തിരിച്ചു കിട്ടുന്നതാണ്. കൂടുതൽ തുക വകകൊള്ളിക്കുന്നതിനുസരിച്ച് പദ്ധതിയുടെ പണി ത്വരിതപ്പെടുത്താവുന്നതാണ്. ലോകബാങ്കിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ കഴിവതും വേഗം പൂർത്തിയാക്കുന്നതിനുള്ള പണികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി അടുത്തവർഷം 29300 ലക്ഷം രൂപ ചെലവാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് ആയതിനാൽ സംസ്ഥാന സർക്കാർ ബഡ്ജററിൽ വകകൊള്ളിച്ചിട്ടുള്ള തുകയ്ക്കു പുറമേ 210 കോടി രൂപ കൂടി വക കൊള്ളിച്ചാൽ പണികൾ കുറെ ഏറെ ത്വരിതപ്പെടുന്നതാണ്. കൂടാതെ പി. എഫ്. സി. ധനസഹായം കൂടി ലഭിച്ചാൽ പദ്ധതികളുടെ എല്ലാ പണികളും പൂർത്തിയാക്കുവാൻ സാധിക്കും.

1993–94 സാമ്പത്തിക വർഷം പണിപൂർത്തിയായിക്കൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തീകരിച്ച് വിദ്യുച്ഛക്തി ഉൽപ്പാദനം കൂട്ടുക എന്നതാണ് മുഖ്യലക്ഷ്യം. കൂടാതെ പ്രസരണ–വിതരണ ശൃംഖലകളിൽ ഉണ്ടാകുന്ന വൈദ്യുതിനഷ്ടം പരമാവധി കുറയ്ക്കുവാൻ വേണ്ടുന്ന നടപടികളും കൈക്കൊള്ളുന്നതാണ്.

വിദ്യുച്ഛക്തി ഉൽപ്പാദന രംഗത്ത് സ്വകാര്യ സ്ഥാപനങ്ങളുടെ പങ്കെടുക്കൽ പ്രോൽസാഹിപ്പിക്കുന്നതാണ്. 1993–94–ൽ പശുക്കടവ്, ചെമ്പുക്കടവ്, ഘട്ടം 1 ആനക്കയം എന്നീ പദ്ധതികൾ സ്വകാര്യമേഖലയ്ക്ക് കൈമാറാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 1993–94–ൽ മലങ്കര, പെരിങ്ങൽകുത്ത്, എൽ. ബി. കുററിയാടി റൈറയിൽറെയിസ് എന്നീ പദ്ധതികൾക്ക് കേന്ദ്രഊർജ്ജ ധനകാര്യ കോർപ്പറേഷന്റെ ധനസഹായം സംസ്ഥാനത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഇവ കൂടാതെ 1993–94 വർഷംതന്നെ തെർമ്മൽ പ്ലാന്റോ ഡീസൽ പ്ലാന്റ് മററുതരത്തിലുള്ള പദ്ധതികളോ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള ഒരു സാദ്ധ്യതയും തെളിഞ്ഞുകാണുന്നുണ്ട്. 1993–94–ൽ ഇവയ്ക്ക് 300 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

1993–94–ൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

1. കക്കാട് ജലവൈദ്യുതി പദ്ധതി (50MW–262MU)

(വിഹിതം 1050.00 ലക്ഷംരൂപ)

നിലവിലുള്ള ശബരിഗിരി ജലവൈദ്യുത പദ്ധതിയിൽ നിന്നു പുറത്തേയ്ക്ക് തള്ളുന്ന ജലം ഉപയോഗിച്ച് 262 ദശലക്ഷം യൂണിററ് വൈദ്യുതി ഉൽപാദിപ്പിക്കുവാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. 1976–ൽ ഈ പദ്ധതിക്ക് കേന്ദ്ര ആസൂത്രണ വകുപ്പ് അനുമതി നൽകി. ഇതിന്റെ പുതുക്കിയ അടങ്കൽ ചെലവ് 8850 ലക്ഷം രൂപയാണ്. 1992 മാർച്ച് അവസാനം വരെ 6224 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 1992–93–ൽ 800 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. 1993–94–ൽ 1050 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

2. അഴുത ഡൈവർഷൻ (.57 MU)

(വിഹിതം 95.00 ലക്ഷംരൂപ)

അഴുത നദിയിലെ ജലം ഇടുക്കി അണക്കെട്ടിൽ തിരിച്ചുവിട്ട് ഉദ്ദേശം 57 ദശലക്ഷം വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. ഇതിന്റെ പുതുക്കിയ അടങ്കൽ ചെലവ് 420 ലക്ഷം രൂപയാണ്. 1992 മാർച്ച് അവസാനം വരെ 242 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 1992–93–ൽ 100 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇതിന്റെ പണികൾ പുരോഗമിച്ചു വരുന്നുണ്ട്. ഇപ്പോഴത്തെ നിലയനുസരിച്ച് 1994–95–ൽ ഈ പദ്ധതി പൂർത്തിയാകും. 1993–94–ൽ 95 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

3. കല്ലട ചെറുകിട ജലവൈദ്യുതി പദ്ധതി

(വിഹിതം 96.00 ലക്ഷം രൂപ)

കല്ലട ജലസേചനപദ്ധതിയിൽനിന്ന് പുറംതള്ളുന്ന ജലം ഉപയോഗിച്ച് പ്രതിവർഷം 53 ദശലക്ഷം യൂണിററ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 1981–ൽ കേന്ദ്ര ആസൂത്രണ വകുപ്പ് അനുമതി നൽകിയ ഒരു പദ്ധതിയാണിത് ഇതിന്റെ പുതുക്കിയ അടങ്കൽ ചെലവ് 1437 ലക്ഷം രൂപയാണ് 1992 മാർച്ച് അവസാനം വരെ 116 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 1993–94 ഇതിന്റെ പണികൾ നടത്തുന്നതിനുവേണ്ടി 96 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

4. ലോവർ പെരിയാർ (180MW–493MU)

(വിഹിതം 2190.00 ലക്ഷം രൂപ)

നേര്യമംഗലം ജലവൈദ്യുത പദ്ധതിക്കു താഴെ ആയി അതിൽനിന്നും പുറത്തേയ്ക്ക് തള്ളുന്ന ജലം ഉപയോഗിച്ച് പ്രതിവർഷം 493 ദശലക്ഷം വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻവേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 1983–ൽ കേന്ദ്ര ആസൂത്രണ വകുപ്പ് അനുമതി നൽകിയ ഒരു പദ്ധതിയാണിത്. ഇതിന്റെ പുതുക്കിയ അടങ്കൽ ചെലവ് 18000 ലക്ഷം രൂപയാണ്. 1992 മാർച്ച് അവസാനംവരെ 10759 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 1992–93–ൽ 1800 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ആദ്യ യൂണിററ് 4/95–ൽ പൂർത്തിയാകുമെന്നു വിശ്വസിക്കുന്നു. ഇതിന്റെ പണിത്വരിതപ്പെടുത്തുന്നതിന് 1993–94–ൽ 2190 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

5. മലമ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി (2MW–6.4MU)

(വിഹിതം 39.00 ലക്ഷം രൂപ)

ഇപ്പോൾ നിലവിലുള്ള മലമ്പുഴ ജലസേചനപദ്ധതിയിൽനിന്നും പുറത്തേയ്ക്കു തള്ളുന്ന ജലം ഉപയോഗിച്ച് പ്രതിവർഷം 64 ദശലക്ഷം യൂണിററ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 1994 മാർച്ച് അവസാനം വരെ

188 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 1992–93–ൽ 84 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 1993–94–ൽ ഇതിന് 39 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. മാട്ടുപെട്ടി ചെറുകിട ജലവൈദ്യുത പദ്ധതി (2MW–6MU)

(വിഹിതം 20.00 ലക്ഷം രൂപ)

മാട്ടുപെട്ടി അണക്കെട്ടിന്റെ അടുത്ത് ഒരു വൈദ്യുതി സ്റ്റേഷൻ സ്ഥാപിച്ച് അണക്കെട്ടിലെ ജലം ഉപയോഗിച്ച് പ്രതിവർഷം 6 ദശലക്ഷം വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 1985–ൽ കേന്ദ്ര ആസൂത്രണ വകുപ്പ് അനുമതി നൽകി. ഇതിന്റെ പുതിക്കിയ അടങ്കൽചെലവ് 365 ലക്ഷം രൂപയാണ്. 1992 മാർച്ച് അവസാനം വരെ 181 ലക്ഷം രൂപ ചെവാക്കിയിട്ടുണ്ട്. 1993–94–ൽ പൂർത്തിയാക്കുവാൻ ഉദ്ദേശിച്ചുള്ള ഈ പദ്ധതിക്കായി 20 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

7. മലങ്കര ചെറുകിട ജലവൈദ്യുത പദ്ധതി (6 MW-36 MU)

(വിഹിതം: 50.00 ലക്ഷം രൂപ)

മലങ്കര അണക്കെട്ടിനടുത്ത് ഒരു വൈദ്യുതി സ്റ്റേഷൻ സ്ഥാപിച്ച് അണക്കെട്ടിലെ ജലം ഉപയോഗിച്ച് പ്രതിവർഷം 36 ദശലക്ഷം യൂണിററ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻവേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 780 ലക്ഷം രൂപ അടങ്കൽ തുക പ്രതീക്ഷിച്ച് ആരംഭിച്ച ഈ പദ്ധതിക്ക് 1986–ൽ ആസൂത്രണ കമ്മിഷൻ അംഗീകാരം നല്കി. ഇതിന്റെ പുതുക്കിയ അടങ്കൽ തുക 1600 ലക്ഷം രൂപയാണ്. 1992 മാർച്ച് അവസാനം വരെ 89 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 1992–93–ൽ 200 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. 1995–96–ൽ ഈ പദ്ധതി പൂർത്തിയാകുമെന്നു വിശ്വസിക്കുന്നു. 1993–94–ൽ 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

8. ചിമ്മിനി ചെറുകിട ജലവൈദ്യുത പദ്ധതി (2.5 MW–4.5 MU)

(വിഹിതം: 50.00 ലക്ഷം രൂപ)

ചിമ്മിനി ജലസേചന പദ്ധതിയിൽ നിന്നും പുറത്തേക്കു തള്ളുന്ന ജലം ഉപയോഗിച്ച് പ്രതിവർഷം 4.5 ദശലക്ഷം യൂണിററ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻവേണ്ടിയുള്ള ഒരു പദ്ധതിയാണിത്. ഇതിന്റെ അടങ്കൽ ചെലവ് 314 ലക്ഷം രൂപയാണ്. ഇപ്പോഴം ഇതിന്റെ അടങ്കൽ ചെലവ് 425 ലക്ഷം രൂപയാണ്. 1992–മാർച്ച് അവസാനംവരെ 213 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 1994–95–ൽ ഈ പദ്ധതി പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു. 1993–94–ൽ ഇതിന് 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

9. പേപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതി (3 MW-11.5 MU

(വിഹിതം: 60.00 ലക്ഷം രൂപ)

പേപ്പാറ ഡാമിൽ കുടിവെള്ളത്തിനായി ശേഖരിച്ചിട്ടുള്ള വെള്ളത്തിൽനിന്നും അധികമായി വരുന്ന വെള്ളം ഉപയോഗിച്ച് 11.5 ദശലക്ഷം യൂണിററ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 1986–ൽ ഈ പദ്ധതിക്ക് കേന്ദ്ര ആസൂത്രണ വകുപ്പ് അനുമതി നല്കി. ഇതിന്റെ പുതുക്കിയ അടങ്കൽ ചെലവ് 580 ലക്ഷം രൂപയാണ്. 1992 മാർച്ച് അവസാനം വരെ 243 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 1992 –93–ൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 1993–94–ൽ ഈ പദ്ധതി പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു. ഈ കാലയളവിലേക്കുള്ള ചെലവിനായി 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

10. പെരിങ്ങൽകുത്തു എൽ.ബി. എക്സ്റ്റൻഷൻ (16 MW-38 MU)

(വിഹിതം: 100.00 ലക്ഷം രൂപ)

1989–ൽ ഈ പദ്ധതിക്ക് കേന്ദ്ര ആസൂത്രണ വകുപ്പ് അനുമതി നല്കി. ഈ പദ്ധതിമൂലം സംസ്ഥാനത്തിന് 38 ദശലക്ഷം യൂണിററ് വൈദ്യുതി പ്രതിവർഷം ലഭിക്കും. ഇതിന്റെ പുതുക്കിയ അടങ്കൽ ചെലവ് 2192 ലക്ഷം രൂപയാണ്. 1992 മാർച്ച് അവസാനം വരെ 609 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 1993–94–ൽ ഈ പദ്ധതിക്കായി 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 1993–94–ൽ ഈ പദ്ധതിക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പി.എഫ്.സി. 250 ലക്ഷം രൂപ സാമ്പത്തിക സഹായം 1993–94–ൽ നല്കുന്നുണ്ട്.

11. കുററിയാടി ടെയിൽ റേസ് (2.5 MW-15 MU)

(വിഹിതം: 50.00 ലക്ഷം രൂപ)

കുററിയാടി ജലവൈദ്യുത പദ്ധതിയിലെ കക്കയം പവ്വർ സ്റ്റേഷനിൽ നിന്നും പുറത്തേക്ക് തള്ളുന്ന ജലം ഉപയോഗിച്ച് പ്രതിവർഷം 15 ദശലക്ഷം യൂണിററ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. ഇതിന്റെ പുതുക്കിയ അടങ്കൽ ചെലവ് 660 ലക്ഷം രൂപയാണ്. 1992 മാർച്ച് അവസാനംവരെ 11 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 1992–93–ൽ 60 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. 1993–94–ൽ 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഈ വർഷം പി.എഫ്.സി. സഹായമായി 50 ലക്ഷം രൂപ ഇതിന് ലഭിക്കുന്നതാണ്.

12. വഴിക്കടവ് ഡൈവർഷൻ (24 MU)

(വിഹിതം: 20.00 ലക്ഷം രൂപ)

മീനച്ചിൽ നദിയിലെ ജലം ഇടുക്കി അണക്കെട്ടിൽ തിരിച്ച് വിട്ട് പ്രതിവർഷം 24 ദശലക്ഷം യൂണിററ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. ഇതിന്റെ പുതുക്കിയ അടങ്കൽ തുക 200 ലക്ഷം രൂപയാണ്. ഇതിന്റെ പണികൾ 1993–94 ൽ ആരംഭിച്ച് 1995–96–ൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. 1993–94–ൽ 20 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

13. കുററിയാർ ഡൈവർഷൻ (36.6 MU)

(വിഹിതം: 20.00 ലക്ഷം രൂപ)

ഈ പദ്ധതികൊണ്ട് കുററിയാറിലെ ജലം ഇടുക്കി സംഭരണിയിലേക്ക് തിരിച്ച്വിട്ട് പ്രതിവർഷം 36.6 ദശലക്ഷം യൂണിററ വൈദ്യുതി ഉല്പാദിപ്പിക്കുക എന്നതാണ് ഉദ്ദേശം. ഇതിന്റെ പുതുക്കിയ അടങ്കൽ ചെലവ് 254 ലക്ഷം രൂപയാണ്. 1992 മാർച്ച് അവസാനം വരെ 64 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 1994–95–ൽ ഇതിന്റെ പണികൾ

പൂർത്തിയാക്കുവാനാണ് പരിപാടിയിട്ടിരിക്കുന്നത്. 1993—94-ൽ 20 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

14. വടക്കേപ്പുഴ ഡൈവർഷൻ (12 MU)

(വിഹിതം: 50.00 ലക്ഷം രൂപ)

വടക്കേപ്പുഴയിലെ ജലം ഇടുക്കി സംഭരണിയിലേക്ക് തിരിച്ചുവിട്ട് പ്രതിവർഷം 12 ദശലക്ഷം യൂണിററ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. ഇതിൻെറ പുതുക്കിയ അടങ്കൽ ചെലവ് 160 ലക്ഷം രൂപയാണ്. 1992—93-ൽ 60 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. 1994—95-ൽ ഇതിൻെറ പണികൾ പൂർത്തിയാക്കുവാനാണ് പരിപാടിയിട്ടിരിക്കുന്നത്. 1993—94-ൽ 50 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്.

15. പീച്ചി ചെറുകിട ജലവൈദ്യുത പദ്ധതി (1.5 MW—5 MU)

(വിഹിതം: 50.00 ലക്ഷം രൂപ)

പീച്ചി അണക്കെട്ടിലെ പുറത്തേക്കു തള്ളുന്ന ജലം ഉപയോഗിച്ച് പ്രതിവർഷം 5 ദശലക്ഷം യൂണിററ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. ഇതിൻെറ അടങ്കൽ ചെലവ് 297 ലക്ഷം രൂപയാണ്. 1994—95-ൽ ഈ പദ്ധതി പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു. 1993—94-ൽ ഈ പദ്ധതിക്കായി 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

16. മംഗലം ചെറുകിട ജലവൈദ്യുത പദ്ധതി (0.5 MW—1.5 MU)

(വിഹിതം: 10.00 ലക്ഷം രൂപ)

മംഗലം ജലസേചന പദ്ധതിയിൽ നിന്നും പുറത്തേക്കു തള്ളുന്ന വെള്ളം ഉപയോഗിച്ച് പ്രതിവർഷം 1.2 ദശലക്ഷം യൂണിററ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. ഇതിൻെറ പുതുക്കിയ അടങ്കൽ ചെലവ് 179 ലക്ഷം രൂപയാണ്. 1995—96-ൽ ഈ പദ്ധതി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. 1992—93-ൽ ഇതിന് 80 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. 1993—94-ൽ ഈ പദ്ധതിക്ക് 10 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്.

17. മററുള്ളവ

(വിഹിതം: 100.00 ലക്ഷം രൂപ)

പൂയംകുട്ടി ഘട്ടം ഒന്ന്, ആദിരപ്പള്ളി, പള്ളിവാസൽ, മാനന്തവാടി എന്നീ പദ്ധതികളുടേയും, ചെറുകിട ജലവൈദ്യുത പദ്ധതികളുടേയും പണികൾ ഏറെറടുത്തു നടത്തുവാൻ വേണ്ടി 1993—94-ൽ 100 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

18. തെർമൽ/ഡീസൽ പദ്ധതികൾ

(വിഹിതം: 300.00 ലക്ഷം രൂപ)

കൊച്ചിക്കടുത്ത് വൈപ്പിനിൽ ഒരു തെർമൽ വൈദ്യുതി സ്റേറഷൻ സ്ഥാപിച്ച് പ്രതിവർഷം 1200 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുകയും, ബ്രഹ്മപുരത്ത് വാതകം ഉപയോഗിച്ച് 90 മെഗാവാട്ട് വൈദ്യുതി ഉല്പാദിക്കുവാനുള്ള ഒരു നിലയം സ്ഥാപിക്കുകയും, കാസർഗോഡും, വടകരയുംലും ഡീസലുപയോഗിച്ച് യഥാക്രമം 60 മെഗാവാട്ട്, 120 മെഗാവാട്ട് ശേഷിയുള്ള രണ്ട് വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുകയും ചെയ്ത് കേരളത്തിലെ വർദ്ധിച്ചുവരുന്ന വൈദ്യുതിയുടെ ആവശ്യത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കുന്നതാണ്. ഇവകളിൽ ഏതെങ്കിലും ഒന്ന് എട്ടാം പഞ്ചവത്സര പദ്ധതിയിൽ തന്നെ നടപ്പിലാക്കുവാൻ പദ്ധതിയുണ്ട്. മററുള്ളവ സ്വകാര്യമേഖലയിലോ, സഹകരണ മേഖലയിലോ തുടങ്ങുവാനാണ് പരിപാടി. 1993—94-ൽ ഇവയ്ക്കായി 300 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. മററു സംസ്ഥാനങ്ങളും കേന്ദ്ര ഗവൺമെൻറുമായി യോജിച്ച് കൂടംകുളത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ആണവ വൈദ്യുതി നിലയത്തിന് കൊടുക്കാനുള്ള സംസ്ഥാന വിഹിതവും ഇതിൽ ഉൾപ്പെടുന്നുണ്ട്.

19. പ്രസാരണം (ലോകബാങ്കിൻെറ സഹായത്തോടു കൂടിയത്)

(വിഹിതം: 8000.00 ലക്ഷം രൂപ)

ലോകബാങ്കിൻെറ സഹായത്തോടെ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന വൈദ്യുതി പ്രസരണ പരിപാടിയുടെ ജോലികളെല്ലാം ത്വരിതമായിതന്നെ നടക്കുകയാണ്. ഈ സ്ഥിതി തുടർന്നാൽ എല്ലാ പദ്ധതികളും 1995-ൽ തന്നെ പൂർത്തിയാക്കുവാൻ സാധിക്കും. 1993—94-ൽ ഇതിലേക്കായി 8000 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

20. പ്രസാരണം—സാധാരണയുള്ള മററു പദ്ധതികൾ

(വിഹിതം: 2000.00 ലക്ഷം രൂപ)

വൈദ്യുതി പ്രസരണത്തിനുവേണ്ടിയുള്ള ലൈനുകളും സബ് സ്റേറഷനുകളുംക്കും വേണ്ടിയാണ് ഈ തുക വകകൊള്ളിച്ചിട്ടുള്ളത്. ഈ പദ്ധതി നടപ്പാക്കുന്നതിന് പി. എഫ്. സി. ധനസഹായമായി 500 ലക്ഷം രൂപ ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

21. സാധാരണയുള്ള വിതരണ പദ്ധതികൾ

(വിഹിതം: 1040.00 ലക്ഷം രൂപ)

മൊത്തം 99000 വൈദ്യുതി കണക്ഷനുകളും 1000 കാർഷിക കണക്ഷനുകളും 1993-വർഷത്തിൽ നല്കുവാനാണ് പരിപാടിയുള്ളത. 1100 കി. മീ. ദൈർഘ്യമുള്ള 11 കെ. വി. ലൈനുകൾ സ്ഥാപിക്കുക, 1200 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, 17000 വഴിവിളക്കുകൾ സ്ഥാപിക്കുക എന്നിവയും ഇതിനോടൊപ്പം ചെയ്യുന്നുണ്ട്. 1993—94-ൽ ഇതിനെല്ലാംകൂടി 1040 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

22. പ്രത്യേക ഘടക പദ്ധതി

(വിഹിതം: 800.00 ലക്ഷം രൂപ)

ഹരിജനങ്ങൾ തിങ്ങിപാർക്കുന്ന സ്ഥലങ്ങളിൽ വൈദ്യുതി വിതരണം നടപ്പിലാക്കാനുള്ള പദ്ധതിയ്ക്കും മററുമായി 1993—94-ൽ 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

23. ഗിരിവർഗ്ഗക്കാർക്കുവേണ്ടിയുള്ള ഉപ പദ്ധതി

(വിഹിതം: 160.00 ലക്ഷം രൂപ)

ഗിരിവർഗ്ഗക്കാർ തിങ്ങിപാർക്കുന്ന സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുവാനും മററുമായി 1993—94-ൽ 160 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

24. സിററികളിലെ വിദ്യുച്ഛക്തി വിതരണ ശൃംഖലകൾ മെച്ചപ്പെടുത്തുന്നതിനുള്ള മാസ്ററർ പ്ലാൻ

(വിഹിതം 1600.00 ലക്ഷം രൂപ)

ഉപസ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുക, 11 കെ. വി. ലൈനുകളുടെ നീളം കൂട്ടി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ വൈദ്യുതിവിതരണത്തിനുള്ള തകരാറുകൾ പരിഹരിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കാനും മററുമാണ് 1993–94–ൽ 1600 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

25. മററു മേഖലകളിലെ സിസ്ററം ഇമ്പ്രൂവ് ചെയ്യാനുള്ള പദ്ധതികൾക്കുവേണ്ടി

(വിഹിതം 100.00 ലക്ഷം രൂപ)

സംസ്ഥാനത്തെ പല ഭാഗങ്ങളിൽ ഇപ്പോൾ അനുഭവിയ്ക്കുന്ന വോൾട്ടേജ് ക്ഷാമവും മററു വിതരണരംഗങ്ങളിലെ തകരാറുകളും ദൂരീകരിച്ച് പ്രസരണ വിതരണ മേഖല കുററമററതാക്കാനുള്ള ഒരു പദ്ധതിയാണിത്. 1993–94–ൽ 100 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇതിന് പി. എഫ്. സി. യുടെ സാമ്പത്തിക സഹായം ലഭിക്കുന്നതാണ്.

26. കനേഡിയൻ സഹായത്തോടെ നടപ്പിൽ വരുത്തുന്ന സിസ്ററം ഇമ്പ്രൂവ്മെൻറ് പദ്ധതി

(വിഹിതം 500.00 ലക്ഷം രൂപ)

കനേഡിയൻ സാമ്പത്തിക സഹായത്തോടെ വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനായിട്ടുള്ള പരിപാടികളാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നത്. കേരള വൈദ്യുതി ബോർഡിനുവേണ്ടി ഒരു വാട്ടർ മാനേജ്മെൻറ് സ്ഥാപിക്കുക. ഇടുക്കി അണക്കെട്ടിലെ പഴീത്തയായ ഉപകരണങ്ങൾ മാററി പുതിയവ സ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടിയാണ് 1993–94–ൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്.

27. ലോകബാങ്കിൻെറ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഇൻസ്ററിററ്യൂഷണൽ ഡെവലപ്പ്മെൻറ് പ്രോഗ്രാം.

(വിഹിതം 200.00 ലക്ഷം രൂപ)

ലോകബാങ്കിൻെറ സഹായം ഇതിന് ലഭിക്കുന്നുണ്ട്. കേരള പവ്വർ പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുള്ള ഇൻസ്ററിററ്യൂഷണൽ ഡെവലപ്പ്മെൻറ് പ്രോഗ്രാമിൽപ്പെടുത്തിയിട്ടുള്ള പരിപാടികൾ നടപ്പിലാക്കുന്നതിന് 1993–94–ൽ 200 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

28. നിലവിലുള്ള വൈദ്യുതി നിലയങ്ങളുടെ നവീകരണവും പുതുക്കലും

(വിഹിതം 100.00 ലക്ഷം രൂപ)

ശബരിഗിരി, പെരിങ്കൽകുത്ത്, ഷോളയാർ, നേരിയമംഗലം എന്നീ പദ്ധതികളുടെ നവീകരണത്തിനും പുതുക്കലിനുമാണ് 1993–94 വർഷത്തേക്ക് 100 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളത്.

29. ലോഡ് ഡെസ്പാച്ച് സ്റേറഷൻെറയും കമ്മ്യൂണിക്കേഷൻ സിസ്ററത്തിൻേറയും നവീകരണം

(വിഹിതം 80.00 ലക്ഷം രൂപ)

കമ്പ്യൂട്ടറിൻെറ സഹായത്തോടെ ഉള്ള ലോഡ് ഡെസ്പാച്ച് സിസ്ററം കളമശ്ശേരിയിൽ ആരംഭിച്ചിട്ടുണ്ട്. ഇ.ററി.പി.സി. ആയി നടത്തിയിട്ടുള്ള കരാർ പ്രകാരം കമ്മ്യൂണിക്കേഷൻ സിസ്ററം പ്രവർത്തിച്ചു തുടങ്ങാനും ലോഡ് ഡെസ്പാച്ച് കേന്ദ്രങ്ങൾ പുതുക്കാനും പരിപാടിയുണ്ട്. 1993–94–ൽ ഈ പദ്ധതിക്ക് 80 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. 1995–96–ൽ ഈ പദ്ധതി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

30. ഗ്രാമ വൈദ്യുതീകരണം

(വിഹിതം 1000.00 ലക്ഷം രൂപ)

റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻെറ ധനസഹായത്തോടെ സംസ്ഥാനത്ത് പരമാവധി പദ്ധതികൾ എട്ടാം പഞ്ചവത്സര പദ്ധതികാലത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. 1993–94–ൽ 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

31. സർവേയും പര്യവേഷണവും

(വിഹിതം 90.00 ലക്ഷം രൂപ

സംസ്ഥാനത്ത് ഇപ്പോഴുള്ള പുതിയ ജലവൈദ്യുത പദ്ധതികളെക്കുറിച്ചും, താപനിലയങ്ങളെക്കുറിച്ചും, മററു ചെറുകിട വൈദ്യുത പദ്ധതികളെക്കുറിച്ചും സർവേയും പര്യവേഷണവും നടത്തുന്നതിനുവേണ്ടിയാണ് 90 ലക്ഷം രൂപ 1993–94-ൽ വകയിരുത്തിയിട്ടുള്ളത്.

32. ഗവേഷണം, വികസനം തുടങ്ങിയവക്ക്—മൂലമററത്തുള്ള ട്രെയിനിംഗ് സെൻററിനും

(വിഹിതം 20.00 ലക്ഷം രൂപ)

ആസൂത്രണഗവേഷണ വിഭാഗത്തിൻെറ കീഴിൽ വരുന്നത് സ്സ്ററം ഇംപ്രൂവ്മെൻറ് സ്ററഡീസ്, ഡേററാ പ്രോസസിംഗ് സ്ററഡീസ്, ബഹുവിധ സർക്ക്യൂട്ടുള്ള ടവറുകൾക്ക് രൂപകല്പനചെയ്യുക, പുതുക്കിയ സാങ്കേതികവിദ്യപ്രസരണ രംഗത്ത് നടപ്പിൽ വരുത്തുക എന്നിവയാണ്. കൂടാതെ വിദ്യുച്ഛക്തി വകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന സാങ്കേതിക ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുവാൻ മൂലമററത്ത് ഒരു പരിശീലന കേന്ദ്രം ഉണ്ട്. ഇവയുടെ നടത്തിപ്പിലേക്കായി 1993–94ൽ 20 ലക്ഷം രൂപ വകയിരിത്തിയിട്ടുണ്ട്.

33. മററുള്ളവ: ആഗുമൻേറഷൻ, ഡൈവർഷൻ പദ്ധതികൾക്ക് വേണ്ടിയുള്ള കുടിശ്ശിക നല്കുന്നതിനും മററു പരിപാടികൾക്കും

(വിഹിതം 300.00 ലക്ഷം രൂപ)

പൂർത്തിയായ പദ്ധതികളുടെ കുടിശ്ശിക വന്നിട്ടുള്ള ജോലികൾ തീർക്കുവാനും അവയുടെ കുടിശ്ശിക നല്കുവാനും പുതിയ ഓഫീസ് കെട്ടിടം പണിയുന്നതിനും, വാഹനങ്ങൾ മാററുന്നതിനും മററുമായി 1993–94-ൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

34. എനർജി കൺസർവേഷൻ/ലോഡ് ഡിമാൻറ് മാനേജ്മെൻറ് പരിപാടികൾ

(വിഹിതം 50.00 ലക്ഷം രൂപ)

ഊർജ്ജ സംരക്ഷണത്തിനും അവയുടെ ഉപയോഗത്തിൻെറ കണക്കുകൾ തിട്ടപ്പെടുത്തുന്നതിനും മററുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടിയും ഇപ്പോൾ നിലവിലുള്ള ഊർജ്ജനഷ്ടം പ്രതിവർഷം 1 ശതമാനം കണ്ട് കുറയ്ക്കുവാനുമുള്ള പരിപാടികൾ നടപ്പിലാക്കുന്നതിനുവേണ്ടിയും 1993–94–ൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

35. ഇടുക്കി ഭൂകമ്പബാധിത പ്രദേശത്തെ പരിപാടികൾ പുതുക്കുവാനും മെച്ചപ്പെടുത്തുവാനുംവേണ്ടി

(വിഹിതം 10.00 ലക്ഷം രൂപ)

ഇടുക്കിയിലും പരിസരപ്രദേശങ്ങളിലും ഭൂമികുലുക്കം ഉണ്ടാകുന്നതിനെക്കുറിച്ച് മുൻകൂട്ടി വിവരം നല്കുവാനുള്ള ഉപകരണങ്ങൾ സ്ഥാപിക്കുവാനും, ഉള്ളവ പുതുക്കുവാനും മററുമാണ് 1993–94–ൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്.

36 മാമൂലിതര ഊർജ്ജ സ്രോതസ്സുകളുടെ വികസനം കേരളസ്റേററ് വിദ്യുച്ഛക്തി ബോർഡ് നടപ്പിലാക്കുന്ന പദ്ധതി

(വിഹിതം 100.00 ലക്ഷം രൂപ)

മാമൂലിതര സ്രോതസ്സുകളിൽനിന്നും വൈദ്യുതി കണ്ടെത്തുവാനുള്ള നടപടി വൈദ്യുതിബോർഡ് ഇതിനകം ആവിഷ്ക്കരിച്ചിട്ടുണ്ട്. കോട്ടമലയിൽനിന്നും കാററ് ഉപയോഗിച്ച് 100 K W വൈദ്യുതിലഭിക്കുന്നുണ്ട് പാലക്കാട് ജില്ലയിലും ഇതുപോലെ ഒരെണ്ണം സ്ഥാപിക്കുവാൻ വൈദ്യുതിബോർഡിന് പരിപാടിയുണ്ട്. 1993–94–ൽ ഇതിലേക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

37, മാമൂലിതര ഊർജ്ജ സ്രോതസ്സുകളുടെ വികസനം—'അനർട്ട്' നടപ്പിലാക്കുന്ന പദ്ധതികൾ

(വിഹിതം 215.00 ലക്ഷം രൂപ)

സംസ്ഥാന സർക്കാരിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് 'അനർട്ട്' മാമൂലിതര ഊർജ്ജ വികസനപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നതാണ് ഈ സ്ഥാപനത്തിൻെറ മുഖ്യലക്ഷ്യം. ഈ സ്ഥാപനം മാമൂലിതര ഊർജ്ജോല്പാദനവികസനത്തിനും കാര്യക്ഷമമായ വിനിയോഗത്തിനും വേണ്ടിയുള്ള പല പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. 1993–94ൽ ഇതിലേക്കായി 215 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

38. സംയോജിത ഗ്രാമീണ ഊർജ്ജാസൂത്രണ വികസനപരിപാടി

(വിഹിതം 155.00 ലക്ഷം രൂപ)

കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന ഒരു പരിപാടിയാണിത്. ഗ്രാമീണ തലങ്ങളിൽ സുലഭമായിട്ടുള്ള ഊർജ്ജ സ്രോതസ്സുകളെ വികസനവും വിനിയോഗവും ഉൾക്കൊണ്ടുള്ള പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് തെരഞ്ഞെടുത്തിട്ടുള്ള ബ്ലോക്കുകളിലാണ് ഇവ നടപ്പിലാക്കി വരുന്നത്. 1991–92–ൽ 8 ബ്ലോക്കുകൾ ഇതിൻെറ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. 1992–93–ൽ 5 പുതിയ ബ്ലോക്കുകളിൽ ഈ പരിപാടികൾ നടത്തിവരുന്നു. 1993–94ൽ 3 പുതിയ ബ്ലോക്കുകളിൽ ഇതു തുടങ്ങുവാൻ പരിപാടിയുണ്ട്.

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേററ് നടപ്പിലാക്കുന്ന പദ്ധതി

മീററർ ടെസ്ററിങ്ങിനുള്ള സ്ററാൻഡേർഡ് ലബോറട്ടറിയുടെ നവീകരണം

(വിഹിതം 303.00 ലക്ഷം രൂപ)

തിരുവനന്തപുരത്ത് മീററർ ടെസ്ററിങ്ങ് സെൻററിനുള്ള സ്ററാൻേർഡ് ലബോറട്ടറി സ്ഥാപിക്കുവാൻ പരിപാടിയുണ്ട്. ഭാരതസർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാതിരി വൈദ്യുതി രംഗത്ത് ഉപയോഗത്തിലുള്ള പല ഉപകരണങ്ങളുടേയും പരിശോധനകൾ ഈ സ്ഥാപനത്തിത്തിൽ നടത്തുവാൻ സാധിക്കും. മൊത്തം 86 ലക്ഷം രൂപ ചെലവുപ്രതീക്ഷിക്കുന്ന ഈ പദ്ധതി പൂർത്തിയായിക്കഴിഞ്ഞാൽ പ്രതിവർഷം വിവിധ ഇനങ്ങളിലായി 13 ലക്ഷത്തോളം രൂപ മിച്ചം വരുമാനമായി കിട്ടുമെന്നു പ്രതീക്ഷിക്കുന്നു. . ഈ പരിശോധനാകേന്ദ്രത്തിൻെറ സ്ഥാപനത്തിനുവേണ്ടിയും ബാക്കി ചെലവിനങ്ങൾക്കായും 1993–94ൽ 30 ലക്ഷം രൂപ വകക്കൊള്ളിച്ചിട്ടുണ്ട് സംസ്ഥാന ഇലക്ട്രിക്കൽ ഇൻസ്പക്ടറേററ് ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

# 6 വ്യവസായവും ധാതുക്കളും

## 6.1 ഗ്രാമീണ ചെറുകിട വ്യവസായങ്ങൾ

### ചെറുകിട വ്യവസായങ്ങൾ

**ഭരണവും നടത്തിപ്പും**

1. വകുപ്പുദ്യോഗസ്ഥൻമാരുടെ പരിശീലനം

(വിഹിതം: 6.00 ലക്ഷം രൂപ)

സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സാങ്കേതിക പരിശീലന സ്ഥാപനങ്ങളിൽ പരിശീലനത്തിന യയ്ക്കുന്ന വ്യവസായ വാണിജ്യവകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ യാത്രപ്പടി, ദിനബത്ത, തുടങ്ങിയ ചിലവുകൾക്കായി ആറ് ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ — ശമ്പളവും ബത്തകളും.

(വിഹിതം 100.00 ലക്ഷം രൂപ)

ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെയും താലൂക്കു വ്യവസായ ഓഫീസുകളിലേയും ജീവനക്കാരുടെ ശമ്പളം, മററു ബത്തകൾ, എന്നിവയ്ക്കായിട്ടാണ് തുക വക കൊള്ളിച്ചിരിക്കുന്നത്. അമ്പതു ശതമാനം കേന്ദ്ര സഹായമുണ്ടായിരുന്ന ഈ പരിപാടി 1993–94 മുതൽ പൂർണ്ണമായും സംസ്ഥാന പദ്ധതിയാക്കി മാററിയിരിക്കുകയാണ്. അതിനാൽ ഈ പരിപാടിയ്ക്ക് ആവശ്യമായ മുഴുവൻ തുകയും സംസ്ഥാന പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

3. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ — കെട്ടിട നിർമ്മാണം.

(വിഹിതം 30.00 ലക്ഷം രൂപ)

എറണാകുളം ജില്ലാ വ്യവസായ കേന്ദ്രത്തിനാവശ്യമായ കെട്ടിടത്തിന്റെ നിർമ്മാണം 1993–94ൽ പൂർത്തിയാക്കുന്നതാണ്. കോട്ടയം ജില്ലാ വ്യവസായ കേന്ദ്രത്തിനാവശ്യമായ കെട്ടിടനിർമ്മാണവും മററ് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇപ്പോഴുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നിർമ്മാണ പ്രവർത്തനങ്ങളും ഈ വർഷം തന്നെ ഏറെറടുക്കുവാൻ ഉദ്ദേശിക്കുന്നു. നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങൾ പൂർത്തിയാക്കുന്നതിനും പുതിയവയുടെ നിർമ്മാണം ആരംഭിക്കുന്നതിനും വേണ്ടിവരുന്ന ചെലവുകൾക്കായി 1993–94 ലേക്ക് മുപ്പതു ലക്ഷം രൂപ വക കൊള്ളിച്ചിരിക്കുന്നു.

വിജ്ഞാനവിനിമയ സേവനങ്ങൾ

4. കേരള സംസ്ഥാന ചെറുകിട വ്യവസായ സംഘടന

(വിഹിതം. 1.00 ലക്ഷം രൂപ)

കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ, കേരള സംസ്ഥാന വനിതാ വ്യവസായ അസോസിയേഷൻ തുടങ്ങി സംസ്ഥാനത്ത് ചെറുകിട വ്യവസായ വികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിലേക്കായി ഒരു ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു.

5. വ്യവസായ ഡയറക്ടറേററിലേയും ജില്ലാ വ്യവസായ കേന്ദ്രങ്ങളിലേയും രേഖകളുടെ സൂക്ഷിപ്പു കേന്ദ്രവും വിജ്ഞാനകേന്ദ്രവും ശക്തിപ്പെടുത്തൽ

(വിഹിതം 20.00 ലക്ഷം രൂപ)

വ്യവസായ വാണിജ്യ വകുപ്പു ഡയറക്ടറേററിന്റെ ഭാഗമായി പ്രവർത്തിക്കുന്ന രേഖകളുടെ സൂക്ഷിപ്പു കേന്ദ്രവും (ഡോക്കുമെന്റേഷൻ സെൻറർ) ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ വിജ്ഞാനകേന്ദ്രങ്ങളും (ഇൻഫർമേഷൻ സെൻററുകൾ) കൂടുതൽ കാര്യക്ഷമമാക്കുവാൻ വേണ്ടി, വ്യവസായ സംരംഭകർക്കും വ്യവസായികൾക്കും ആവശ്യമുള്ള ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ലഘുലേഖകൾ എന്നിവ വരുത്തി സൂക്ഷിക്കുകയും ആവശ്യമായ സൂചിക തയ്യാറാക്കുകയും ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കുള്ള ചെലവുകൾക്കായി ഇരുപത് ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

സാങ്കേതിക സഹായം

6. പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും സാങ്കേതികജ്ഞാനം ആർജ്ജിക്കുന്നതിനും ഉള്ള സബ്സിഡി.

(വിഹിതം: 2.00 ലക്ഷം രൂപ)

ദേശീയ പരീക്ഷണ ശാലകളും ഗവേഷണകേന്ദ്രങ്ങളും വികസിപ്പിച്ചെടുക്കുന്ന സാങ്കേതികജ്ഞാനം കൈമാറുന്നതിനുള്ള പ്രതിഫലം നൽകുന്നതിനും അംഗീകൃത സ്ഥാപനങ്ങളും സാങ്കേതിക ഏജൻസികളും തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടുകൾ വിലയ്ക്ക് വാങ്ങി സാദ്ധ്യതയുള്ള മേഖലകളിൽ വ്യവസായ യൂണിററുകൾ ആരംഭിക്കുന്നതിനുംവേണ്ടി ചെറുകിട വ്യവസായികൾക്കു് സബ്സിഡി നൽകുകയെന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. അതിലേക്ക് പദ്ധതി വിഹിതമായി രണ്ട് ലക്ഷം രൂപ നീക്കി വെച്ചിരിക്കുന്നു.

7. വ്യവസായ സംരംഭക വികസനവും ആധുനിക തൊഴിൽ പരിശീലനവും

(വിഹിതം 20.00 ലക്ഷം രൂപ)

കേരളാ ഇൻഡസ്ട്രിയൽ ആൻറ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ, സെൻറർ ഫോർ മാനേജ്മെൻറ് ഡെവലപ്പ്മെൻറ് എന്നീ സ്ഥാപനങ്ങൾ വഴി വ്യവസായ കുതുകികൾക്ക് വ്യവസായ സംരംഭക വികസന പരിശീലനവും ആധുനിക തൊഴിൽ പരിശീലനവും നൽകുന്നതിനാണീ പരിപാടി. അതോടൊപ്പം സാധാരണ പരിശീലന പരിപാടികളും തുടരുന്നതാണ്. 1993–94 ൽ ഏകദേശം ആയിരം വ്യവസായ സംരംഭകർക്ക് പരിശീലനം നൽകുന്നതാണ്. മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം, പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് സ്റൈറപ്പൻറ് എന്നിവയ്ക്കായി പദ്ധതി വിഹിതം വിനിയോഗിക്കുന്നതാണ്.

8. വ്യവസായ സംരംഭകർക്ക് മൂലധന വായ്പ

(വിഹിതം: 500.00 ലക്ഷം രൂപ)

ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളും ചെറുകിട വ്യവസായങ്ങൾക്ക് ദീർഘകാലവായ്പയും പ്രവർത്തന മൂലധന വായ്പയും അനുവദിക്കുന്നതിന് വേണ്ടി വരുന്ന മാർജിൻ മണിയുടെ അമ്പത് ശതമാനം വായ്പ യായി കുറഞ്ഞ പലിശ നിരക്കിൽ വ്യവസായ സംരംഭ കർക്ക് വിതരണം ചെയ്യുകയെന്നതാണ് ഈ പരിപാടി യുടെ ലക്ഷ്യം. ഈ വായ്പത്തുകയുടെ പരിധി ഉയർത്തുന്നതും ഗുണഭോക്താക്കളുടെ എണ്ണം വർദ്ധി പ്പിക്കുന്നതുമാണ്.

അമ്പത് ശതമാനം കേന്ദ്ര സഹായമുണ്ടായിരുന്ന മാർജിൻ മണി പദ്ധതി 1993–94 മുതൽ പൂർണ്ണ മായും സംസ്ഥാന പദ്ധതിയായി മാററിയിട്ടുണ്ട് ആ പദ്ധതികൂടി ചേർത്ത് നടപ്പിലാക്കാനായി ഈ സാമ്പത്തിക വർഷത്തേക്ക് അഞ്ഞൂറു ലക്ഷം രൂപ നീക്കിവെച്ചിരിക്കുന്നു.

## വിപണന സഹായം

9. വില്പനമേളകളും പ്രദർശനങ്ങളും

(വിഹിതം: 8.00 ലക്ഷം രൂപ)

ചെറുകിട വ്യവസായ ഉല്പന്നങ്ങളുടെ വില്പന മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുന്നതിനും ചെറുകിട വ്യവസായ യൂണിററുകൾ നിർമ്മിക്കുന്ന വസ്തുക്കൾ പ്രദർശിപ്പിച്ച് വിപണനം നടത്തു ന്നതിന് സ്ഥിരമായ സ്ററാളുകൾ സ്ഥാപിക്കു ന്നതിനും വേണ്ടിയുള്ളതാണ് ഈ പരിപാടി. 1993–94 വർഷത്തേക്ക് ഈ പരിപാടികൾക്കായി എട്ട് ലക്ഷം രൂപ വക കൊള്ളിച്ചിരിക്കുന്നു.

10. വ്യവസായ സാദ്ധ്യതാ സർവ്വേകളും ബന്ധപ്പെട്ട പഠനങ്ങളും

(വിഹിതം: 8.00 ലക്ഷം രൂപ)

വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യത കളെക്കുറിച്ച് പഠനം നടത്തുക, വ്യവസായങ്ങൾ രോഗ ഗ്രസ്തമാകുന്നതിനുള്ള കാരണങ്ങൾ, അനുബന്ധ വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനുള്ള മാർഗ്ഗ ങ്ങൾ, ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യതകൾ തുടങ്ങി വ്യവസായമേഖലയുമായി ബന്ധപ്പെട്ട വിഷയ ങ്ങളിൽ പഠനം നടത്തുക എന്നിവയ്ക്കാവശ്യമായ ചെലവുകൾക്കായിട്ടാണ് പദ്ധതി വിഹിതം നീക്കി വെച്ചിരിക്കുന്നത്.

## വനിതാ വ്യവസായ പരിപാടി

11. വനിതാ വ്യവസായ സംരംഭകരുടെ ചെറുകിട വ്യവസായങ്ങൾ

(വിഹിതം: 120.00 ലക്ഷം രൂപ)

വനിതാ വ്യവസായ സംരംഭകർ ആരംഭിക്കുന്നതും തൊഴിലാളികളിൽ എൺപതു ശതമാനത്തിനലധികം വനിതകൾ ആയിട്ടുള്ളതുമായ വ്യവസായ യൂണിററു കൾക്ക് ഭരണ നിർവ്വഹണത്തിനുള്ള ധനസഹായം, മൂലധനനിക്ഷേപ സബ്സിഡി എന്നിവ നൽകുക, വനിതാ വ്യവസായ സംരംഭകർക്കും വനിതാ തൊഴി ലാളികൾക്കും പരിശീലനം നൽകുക തുടങ്ങിയ വയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ പ്രവർത്തനം യഥാസമയങ്ങളിൽ അവലോകനത്തിന് വിധേയമാക്കുന്നതാണ് 1993–94–ൽ ഈ പദ്ധതി യുടെ നടത്തിപ്പിലേക്കായി നൂററി ഇരുപത് ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

12. വനിതാ വ്യവസായ സഹകരണസംഘങ്ങൾ

(വിഹിതം: 45.00 ലക്ഷം രൂപ)

വനിതാ വ്യവസായ സഹകരണ സംഘങ്ങൾക്കു ഗ്രാൻറും ഓഹരി മൂലധനവും നൽകുന്നതിനാണീപരി പാടി. ഓഹരി മൂലധനത്തിൻെറ തോത് ഒന്നിന് ആറ് എന്ന അനുപാതത്തിൽ പരിധിയില്ലാത്തവിധ ത്തിലായിരിക്കും. 1993–94–ലെ പദ്ധതി വിഹിത മായ നാല്പത്തഞ്ച് ലക്ഷം രൂപയിൽ അഞ്ചു ലക്ഷം രൂപ ഭരണ നിർവ്വഹണ ഗ്രാൻറായും നാൽപ്പത് ലക്ഷം രൂപ ഓഹരി മൂലധന സഹായമായും നൽക ന്നതാണ്.

13. മററ് വ്യവസായ സഹകരണ സംഘങ്ങൾ

(വിഹിതം: 42.00 ലക്ഷം രൂപ)

വനിതകളും പട്ടികജാതി/പട്ടികവർഗ്ഗക്കാരുമ ല്ലാത്ത സംരംഭകർ രൂപീകരിക്കുന്ന വ്യവസായ സഹകരണ സംഘങ്ങൾക്ക് ഭരണ നിർവ്വഹണ ഗ്രാൻറും ഓഹരി മൂലധനവും നൽകുകയെന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഇതിൻപ്രകാരം അനുവദി ക്കാവുന്ന ഓഹരിമൂലധനത്തിൻെറ തോത് ഒന്നിന് നാല് എന്ന അനുപാതത്തിൽ ആയിരിക്കും. 1993–94 ലേക്ക് നീക്കിവെച്ചിരിക്കുന്ന നാൽപ്പത്തി രണ്ട് ലക്ഷം രൂപയിൽ രണ്ട് ലക്ഷം രൂപ ഭരണ നിർവ്വഹണ ഗ്രാൻറായും, നാൽപ്പത് ലക്ഷം രൂപ ഓഹരി മൂലധന മായും നൽകുന്നതാണ്.

14. തൊഴിലധിഷ്ഠിത റബ്ബർ വ്യവസായ എസ്റേററ്, മലപ്പുറം

(വിഹിതം: 22.00 ലക്ഷം രൂപ)

പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന മലപ്പുറത്തെ കോമൺ ഫെസിലിററി സെൻററിൽ യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനും മററ് റബ്ബർ ചെലവുകൾ നിർവ്വഹിക്കുന്നതിനും വേണ്ടിയാണ് തുക വകയിരു ത്തിയിരിക്കുന്നത്. പദ്ധതി വിഹിതത്തിൻെറ ഒരു ഭാഗം ഗുണഭോക്തൃ യൂണിററുകൾക്ക് സഹായധനം നൽകുന്നതിന് വിനിയോഗിക്കുന്നതാണ്.

15. മിനി വ്യവസായ എസ്റേററുകളിലെ വ്യവസായ സംരംഭകർ രൂപീകരിക്കുന്ന സഹകരണ സംഘങ്ങൾ

(വിഹിതം: 8.00 ലക്ഷം രൂപ)

മിനി വ്യവസായ എസ്റേററുകളിലെ പണി പ്പുരകൾ നവീകരിക്കുന്നതിനും വികസിപ്പിക്കുന്ന തിനും ആണ് പദ്ധതിയിൽ വിഭാവനം ചെയ്തിരി ക്കുന്നത്. ഇതിലേയ്ക്കുള്ള ചെലവ് സർക്കാർ വഹി ക്കും. വ്യവസായ എസ്റേററുകളിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്ന വ്യവസായ സംരംഭകർ ആരംഭിക്കുന്ന സഹകരണസംഘങ്ങളിൽ നിന്ന് സർക്കാർ, ഓഹരികൾ വാങ്ങുന്നതാണ്. ഓഹരി വാങ്ങുന്നതിലേയ്ക്കായി പദ്ധതി വിഹിതം വിനിയോഗിക്കുന്നതാണ്.

## ഗ്രാമീണ വ്യവസായവൽക്കരണം

16. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ—ഗ്രാമീണ കൈത്തൊഴിലുകാർക്ക് വേണ്ടിയുള്ള പരിപാടി

(വിഹിതം 14.00 ലക്ഷം രൂപ)

അമ്പത് ശതമാനം കേന്ദ്ര സഹായം ഉണ്ടായിരുന്ന ഈ പരിപാടി 1993–94 മുതൽ പൂർണ്ണമായും സംസ്ഥാന പദ്ധതിയായി തുടരുന്നതാണ്. ഗ്രാമീണ കൈത്തൊഴിലുകാർക്കും പണി ആയുധങ്ങൾ, യന്ത്ര സാമഗ്രികൾ എന്നിവ വാങ്ങി ചെറിയ വ്യവസായ യൂണിററുകൾ തുടങ്ങാൻ സബ്സിഡി നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇങ്ങനെ നൽകുന്ന സഹായം ആകെ തുകയുടെ മൂന്നിലൊന്ന് ഭാഗമായി നിജപ്പെടുത്തിയിട്ടുണ്ട്. 1993–94–ൽ ഏകദേശം രണ്ടായിരത്തി തൊള്ളായിരം ഗ്രാമീണകൈത്തൊഴിലുകാർക്ക് ഈ പദ്ധതി പ്രകാരമുള്ള പ്രയോജനം ലഭ്യമാകുന്നതാണ്.

## പീഡിതവ്യവസായ യൂണിററുകളുടെ പുനരുദ്ധാരണം

17. പുനരുദ്ധാരണ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായം

(വിഹിതം 3.00 ലക്ഷം രൂപ)

പീഡിത ചെറുകിട വ്യവസായ യൂണിററുകളുടെ പുനരുദ്ധാരണത്തിന് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് വ്യവസായ സംരംഭകർക്ക് സബ്സിഡി നൽകുന്നതിനാണ് ഈ പദ്ധതി. ആയതിലേക്കുള്ള ചെലവിലേക്കായി മൂന്നു ലക്ഷം രൂപ നീക്കിവെച്ചിരിക്കുന്നു.

18. പീഡിത ചെറുകിട വ്യവസായ യൂണിററുകൾ പുനരുദ്ധരിക്കുന്നതിനുള്ള സഹായം

(വിഹിതം 40.00 ലക്ഷം രൂപ)

അംഗീകൃത പുനരുദ്ധാരണ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പീഡിത ചെറുകിട വ്യവസായ യൂണിററുകൾക്ക് പുനരുദ്ധാരണത്തിനായി സാമ്പത്തിക സഹായം നൽകുവാനാണ് ഈ പദ്ധതി. ഇതനുസരിച്ച് മാർജിൻമണി ലോൺ, ദീർഘകാല വായ്പ, വില്പന നികുതി കുടിശ്ശിക അടച്ചുതീർക്കുവാനുള്ള വായ്പ തുടങ്ങിയ സഹായങ്ങൾ, പുനരുദ്ധരിക്കാൻ കഴിയുന്നതും പ്രവർത്തന ശേഷിയുള്ളതുമായ വ്യവസായ യൂണിററുകൾക്ക് നൽകുന്നതാണ്.

19. സംസ്ഥാന മൂലധന നിക്ഷേപ സബ്സിഡി

(വിഹിതം 1200.00 ലക്ഷം രൂപ)

പുതുതായി ആരംഭിക്കുന്ന ചെറുകിട വ്യവസായ യൂണിററുകൾക്ക് അവയുടെ മൂലധന നിക്ഷേപത്തിന്റെ പതിനഞ്ച് ശതമാനം എന്ന നിരക്കിൽ പരമാവധി പതിനഞ്ചു ലക്ഷം രൂപ വരെ സബ്സിഡി നൽകാനാണ് ഈ പദ്ധതി. ഇലക്ട്രോണിക്സ്, റബ്ബർ സംസ്കരണം, ഭക്ഷ്യസംസ്കരണം, ലഘു എഞ്ചിനീയറിംഗ്, ഔഷധ നിർമ്മാണം, തുകൽ വ്യവസായം, കളിമൺ, സിലിക്ക തുടങ്ങിയവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായം, വസ്ത്രനിർമ്മാണം എന്നീ മുൻഗണനാ വ്യവസായങ്ങൾക്കും കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനം ചെയ്യുന്ന മററ് മുൻഗണനാ വ്യവസായങ്ങൾക്കും നിക്ഷേപത്തിന്റെ പതിനഞ്ച് ശതമാനം എന്ന നിരക്കിൽ പരമാവധി ഇരുപത് ലക്ഷം രൂപ വരെ ധനസഹായം ലഭിക്കുന്നതാണ്. നിലവിലുള്ള വ്യവസായ യൂണിററുകളുടെ വികസനം, വൈവിദ്ധീകരണം, നവീകരണം തുടങ്ങിയവയ്ക്കും ഇതേ നിരക്കിൽ നിക്ഷേപ ധനസഹായം ലഭിക്കുന്നതാണ്. പുതിയ ചെറുകിട വ്യവസായ യൂണിററുകൾക്ക് സബ്സിഡി നൽകുന്നതിനും കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുമാണ് പദ്ധതിവിഹിതം നീക്കിവച്ചിരിക്കുന്നത്.

## പ്രത്യേക ഘടക പദ്ധതി

20. പട്ടികജാതിയിൽപ്പെട്ട വ്യവസായ സംരംഭകർക്കുള്ള പാക്കേജ് പദ്ധതി

(വിഹിതം 225.00 ലക്ഷം രൂപ)

പുതിയ ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള വായ്പ, സഹായധനം, നിക്ഷേപ സഹായം, വാടക നൽകുന്നതിനുള്ള സഹായം, വൈദ്യുതി ചാർജുകൾ, നിയമപരമായ ബാദ്ധ്യതകൾ, വായ്പയ്ക്കുള്ള പലിശ, വ്യവസായ സംരംഭകർക്കുള്ള പരിശീലന പരിപാടി മുതലായവ പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പാക്കേജ് അടിസ്ഥാനത്തിൽ പട്ടികജാതിക്കാർക്ക് നൽകുന്നതാണ്. ഈ പാക്കേജിൽപ്പെട്ട ഓരോ ഘടകത്തിനുമുള്ള സഹായധനത്തിന്റെ തോത് ബന്ധപ്പെട്ട ജില്ലാ പ്രവർത്തക സമിതി തീരുമാനിക്കുന്നതാണ്. 1993–94–ലേക്ക് പദ്ധതി വിഹിതമായി നീക്കിവച്ചിരിക്കുന്ന 225 ലക്ഷം രൂപയിൽ 75 ലക്ഷം രൂപ സഹായധനമായും 150 ലക്ഷം രൂപ വായ്പയായും നൽകുന്നതാണ്.

21. പട്ടികജാതിക്കാർ നടത്തുന്ന വ്യവസായ സഹകരണ സംഘങ്ങൾ

(വിഹിതം 30.00 ലക്ഷം രൂപ)

1993–94–ലേക്ക് ഈ പദ്ധതിക്കായി മുപ്പത് ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു. പത്തു ലക്ഷം രൂപ ഗ്രാൻറും ബാക്കിയുള്ള ഇരുപത് ലക്ഷം രൂപ ഓഹരി മൂലധനമായും നൽകുന്നതാണ്.

22. പട്ടികജാതിയിൽപ്പെട്ട വ്യവസായ സംരംഭകർക്കുള്ള പണിപ്പുര നിർമ്മിക്കൽ (അൻപത് ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി)

(വിഹിതം 65.00 ലക്ഷം രൂപ)

പട്ടികജാതിക്കാരായ ചെറുകിട വ്യവസായ സംരംഭകർക്ക് വ്യവസായ ഷെഡ്ഡുകൾ നിർമ്മിച്ച് കൊടുക്കുന്നതാണ്. ഇതിലേക്കുള്ള സ്ഥലമെടുപ്പ്, പണിപ്പുര നിർമ്മാണം, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ തുടങ്ങിയ മൂലധന ചെലവുകൾക്കാണ് ഈ പദ്ധതിവിഹിതം വിനിയോഗിക്കുക. അമ്പത് ശതമാനം കേന്ദ്രാവിഷ്കൃതമായ ഈ പദ്ധതിയുടെ സംസ്ഥാന വിഹിതമായി തുക വകകൊള്ളിച്ചിരിക്കുന്നു.

## ഗിരി വർഗ്ഗ ഉപപദ്ധതി

**23. പട്ടികവർഗ്ഗക്കാരായ വ്യവസായ സംരംഭകർക്കുള്ള പാക്കേജ് സഹായ പദ്ധതി**

(വിഹിതം 30.00 ലക്ഷം രൂപ)

പട്ടികവർഗ്ഗത്തിൽപ്പെട്ട ചെറുകിട വ്യവസായ സംരംഭകർക്ക് വ്യവസായ വികസന പരിശീലനം നൽകൽ, വാടക നൽകുന്നതിനുള്ള സഹായധനം, വൈദ്യുതി ചാർജ്ജുകൾ, നിയമപരമായ ബാദ്ധ്യതകൾ മുതലായവയ്ക്ക് വേണ്ടിവരുന്ന ചെലവിലേക്കാണ് ഈ വിഹിതം നീക്കിവച്ചിരിക്കുന്നത്. 1993–94–ലേക്ക് മൊത്തമുള്ള മുപ്പത് ലക്ഷം രൂപയിൽ, പത്ത് ലക്ഷം രൂപ വായ്പയായും ബാക്കി ഇരുപത് ലക്ഷം രൂപ ഗ്രാൻറായും നൽകുന്നതാണ്. സഹായ ധനത്തിൻെറ തോത് അതാത് ജില്ലാതല പ്രവർത്തക സമിതികൾ തീരുമാനിക്കുന്നതാണ്.

**24. പട്ടികവർഗ്ഗത്തിൽപ്പെട്ട വ്യവസായ സംരംഭകർക്കുള്ള പണിപ്പുരകൾ നിർമ്മിക്കൽ (അമ്പത് ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി)**

(വിഹിതം 15.00 ലക്ഷം രൂപ)

പട്ടികവർഗ്ഗത്തിൽപ്പെട്ട ചെറുകിട വ്യവസായ സംരംഭകർക്ക് പണിപ്പുരകൾ നിർമ്മിച്ച് നൽകുന്നതിനാണ് പദ്ധതിവിഹിതം. സ്ഥലമെടുപ്പ്, പണിപ്പുര നിർമ്മിക്കൽ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയ്ക്കായി തുക വിനിയോഗിക്കും. അമ്പത് ശതമാനം കേന്ദ്രാവിഷ്കൃതമായ ഈ പദ്ധതിക്കുള്ള സംസ്ഥാന വിഹിതമാണ് വാർഷിക പദ്ധതിയിൽ നീക്കിവച്ചിരിക്കുന്നത്.

**25. പട്ടികവർഗ്ഗത്തിൽപ്പെട്ട വ്യവസായ സംരംഭകരുടെ വ്യവസായ സഹകരണസംഘങ്ങൾ**

(വിഹിതം 15.00 ലക്ഷം രൂപ)

പട്ടികവർഗ്ഗത്തിൽപ്പെട്ട വ്യവസായ സംരംഭകരുടെ വ്യവസായ സഹകരണ സംഘങ്ങൾക്ക് ഗ്രാൻറും ഓഹരി മൂലധനവും നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മൊത്തമുള്ള പതിനഞ്ച് ലക്ഷം രൂപയിൽ അഞ്ച് ലക്ഷം രൂപ ഗ്രാൻറായും പത്ത് ലക്ഷം രൂപ ഓഹരി മൂലധനമായും നൽകുന്നതാണ്.

**26. ഐക്യരാഷ്ട്ര വികസന പരിപാടിയുടെ ധന സഹായത്തോടെ പ്ലാസ്ററിക്കിനും റബ്ബറിനും വികസന സേവന കേന്ദ്രം സ്ഥാപിക്കൽ**

(വിഹിതം 1.00 ലക്ഷം രൂപ)

കേരളത്തിൽ പ്ലാസ്ററിക്കും റബ്ബറും അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ വികസിപ്പിക്കുന്നതിന് ചങ്ങനാശ്ശേരിയിലെ പൊതുസൗകര്യ സേവന കേന്ദ്രത്തെ ഒരു പൂർണ്ണ വികസന സേവന ഏജൻസിയായി രൂപപ്പെടുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിക്ക് ഐക്യരാഷ്ട്ര സഭയുടെ വികസന പരിപാടിയനുസരിച്ച് സാമ്പത്തിക സഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 1993–94 ലേക്ക് സംസ്ഥാന സർക്കാർ വിഹിതമായി ഒരു ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു. ഈ തുക കെട്ടിട നിർമ്മാണത്തിനും യന്ത്രങ്ങളും ഉപകരണങ്ങളും വാങ്ങി സ്ഥാപിക്കുന്നതിനും വേണ്ടി വിനിയോഗിക്കുന്നതാണ്.

**27. തൊഴിൽ വൈദഗ്ദ്ധ്യം നേടിയ വ്യക്തികൾക്കുള്ള സഹായ പദ്ധതി**

(വിഹിതം 50.00 ലക്ഷം രൂപ)

വിവിധ വ്യവസായങ്ങളിൽ പരിശീലനം ലഭിച്ചവർക്കും, തൊഴിൽ വൈദഗ്ദ്ധ്യം നേടിയവർക്കും സ്വന്തമായി തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ഒരു ലക്ഷം രൂപവരെ വിലവരുന്ന അത്യാവശ്യയന്ത്രങ്ങളും ഉപകരണങ്ങളും തവണ വ്യവസ്ഥയിൽ ലഘുവായ പലിശയ്ക്കും ഉദാരമായ വ്യവസ്ഥകൾക്കും വിധേയമായി വാങ്ങുന്നതിന് സഹായം നൽകാനാണ് ഈ പദ്ധതി. ദേശീയ ചെറുകിട വ്യവസായ കോർപ്പറേഷൻ, സിഡ്കോ എന്നിവ മുഖാന്തിരം ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

**28. വൈദ്യുതി ജനറേറർ, മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ മുതലായവ സ്ഥാപിക്കുന്നതിനുള്ള സഹായധനം**

(വിഹിതം 100.00 ലക്ഷം രൂപ)

വൈദ്യുതി ജനറേററുകൾ സ്ഥാപിക്കുന്ന വ്യവസായ യൂണിററുകൾക്ക് പ്രോത്സാഹനമായി സബ്സിഡി നല്കുന്നതാണ്. ഇപ്പോൾ നിലവിലിരിക്കുന്ന ഈ പദ്ധതി അനുസരിച്ച് ജനറേററിൻെറ വിലയുടെ പതിനഞ്ചു ശതമാനം, പരമാവധി അഞ്ച് ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി, സബ്സിഡിയായി നൽകുന്നതാണ്. അതുപോലെ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് ആകെ ചെലവിൻെറ പതിനഞ്ച് ശതമാനം (പരമാവധി അഞ്ച് ലക്ഷം രൂപ) സബ്സിഡി നൽകുവാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. 1993–94 കാലത്തേക്ക് നൂറ് ലക്ഷം രൂപയാണ് ഈ പദ്ധതിയ്ക്കുവേണ്ടി വകയിരുത്തിയിട്ടുള്ളത്.

**29. കൊച്ചി കയററുമതി സംസ്ക്കരണ മേഖലയിലെ ചെറുകിട വ്യവസായ യൂണിററുകൾക്കുള്ള പ്രത്യേക ധനസഹായം**

(വിഹിതം 4.00 ലക്ഷം രൂപ)

കൊച്ചിയിലെ കയററുമതി സംസ്കരണ മേഖലയിൽ ആരംഭിക്കുന്ന ചെറുകിട വ്യവസായ യൂണിററുകൾക്ക് മൂലധന നിക്ഷേപ സബ്സിഡിയും, നിയമപ്രകാരമുള്ള തീരുവകൾ, വെള്ളം, വൈദ്യുതി എന്നിവയ്ക്ക് വേണ്ടിയുള്ള ചെലവുകൾ മുതലായവയും പാക്കേജ് അടിസ്ഥാനത്തിൽ നൽകുന്നതാണ്. ഈ പരിപാടിയുടെ 1993–94 വർഷത്തെ ചെലവിലേക്കാണ് വിഹിതം ഉൾപ്പെടുത്തിയിട്ടുള്ളത്.

**30. ചെറുകിട വ്യവസായികൾക്ക് ജില്ലാതല അവാർഡുകൾ**

(വിഹിതം 1.00 ലക്ഷം രൂപ)

ചെറുകിട വ്യവസായ യൂണിററുകൾ, വളരെ ചെറിയ വ്യവസായ യൂണിററുകൾ എന്നിവയുടെ പ്രവർത്തനത്തെ ആസ്പദമാക്കി ജില്ലാ തലത്തിൽ ക്യാഷ് അവാർഡുകൾ നൽകാനാണ് പദ്ധതി വിഹിതം നീക്കി വച്ചിട്ടുള്ളത്. അവാർഡ് തുക, ചെറുകിട വ്യവസായ യൂണിററുകൾക്ക് പരമാവധി മൂവായിരം രൂപയും വളരെ ചെറിയ വ്യവസായ യൂണിററുകൾക്ക് രണ്ടായിരം രൂപയുമായിരിക്കും.

## കരകൗശല വ്യവസായം

### സഹകരണ സംഘങ്ങൾക്ക് സഹായം

(1) കരകൗശലവ്യവസായ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

(വിഹിതം 1.00 ലക്ഷം രൂപ)

കരകൗശല വ്യവസായങ്ങൾക്ക് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പുതിയ കരകൗശല വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ചും, പ്രവർത്തനം മന്ദീഭവിച്ചുകിടക്കുന്ന സംഘങ്ങളിൽ പ്രവർത്തന ക്ഷമമാക്കാൻ സാദ്ധ്യതയുള്ളതിനെ പുനരുജ്ജീവിപ്പിച്ചും അല്ലാത്തവയെ ലിക്വിഡേററ് ചെയ്തും കരകൗശല വ്യവസായവികസനം ലാക്കാക്കിക്കൊണ്ടുള്ള പദ്ധതിയാണിത്. പ്രസ്തുത സഹകരണ സംഘങ്ങൾക്ക് ഭൂമിവാങ്ങുന്നതിനും കെട്ടിടം പണിയുന്നതിനും വേണ്ട സഹായധനം നൽകുന്നതിനാണ് തുക വകകൊള്ളിച്ചിരിക്കുന്നത്. കേന്ദ്രസഹായത്തോടെ രണ്ടാമതൊരു പ്രാവശ്യം കൂടി സഹായധനം നൽകുന്നതിന് ഈ തുക വിനിയോഗിക്കുന്നതാണ്.

(2) കരകൗശല അപ്പെക്സ് സൊസൈററിയിൽ മൂലധന നിക്ഷേപം

(വിഹിതം 3.00 ലക്ഷം രൂപ)

കരകൗശല വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ സംഭരിക്കുകയും പ്രാഥമിക സംഘങ്ങൾക്ക് വിതരണം നടത്തുകയും ചെയ്യുന്ന കരകൗശല അപ്പെക്സ് സൊസൈററിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നിക്ഷേപമായി നല്കുന്നതിനാണ് വിഹിതം വക കൊള്ളിച്ചിട്ടുള്ളത്.

(3) പ്രാഥമിക കരകൗശല വ്യവസായ സഹകരണ സംഘങ്ങളിൽ ഓഹരി മൂലധന നിക്ഷേപം

(വിഹിതം 2.00 ലക്ഷം രൂപ)

പ്രാഥമിക കരകൗശല സഹകരണ സംഘങ്ങളിൽ ഒന്നിന് നാല് എന്ന അനുപാതത്തിൽ, ഒരു സംഘത്തിൽ പരമാവധി അയ്യായിരം രൂപ എന്ന ഉപാധിക്ക് വിധേയമായി, സർക്കാർ ഓഹരി മൂലധന നിക്ഷേപം നടത്തുന്നതാണ്. ഈ പരിധി ഉയർത്തുന്നതാണ്. 1993-94ൽ ഈ പരിപാടിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ചെലവുകൾക്കാണ് തുക നീക്കി വച്ചിട്ടുള്ളത്.

(4) കരകൗശലത്തൊഴിലിൽ പരിശീലനം

(വിഹിതം 2.00 ലക്ഷം രൂപ)

കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിൽ ആധുനിക രീതിയിലുള്ള പരിശീലനം നൽകുന്നതിനാണ് ഈ പദ്ധതി. പരിശീലനത്തിനായി തെരഞ്ഞെടുക്കുമ്പോൾ പ്രാഥമിക കരകൗശല സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് മുൻഗണന നൽകുന്നതാണ്. പരിശീലനം നൽകുന്ന കരകൗശല വിദഗ്ദ്ധർക്ക് പ്രതിഫലം നൽകുക, അസംസ്കൃതവസ്തുക്കൾ വാങ്ങുക പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് സ്റ്റൈപ്പൻറ് നൽകുക എന്നിവയ്ക്കായി രണ്ട് ലക്ഷം രൂപ പദ്ധതി വിഹിതമായി ചേർത്തിരിക്കുന്നു.

### കരകൗശലത്തൊഴിലാളികൾക്ക് പ്രോൽസാഹനം

(5) പലിശയിളവ്

(വിഹിതം 2.00 ലക്ഷം രൂപ)

പ്രാഥമിക കരകൗശല സംഘങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതുമൂലമുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് ജില്ല സഹകരണ ബാങ്കുകൾക്ക് പലിശസബ്സിഡി നൽകുന്നതിനാണ് ഈ പദ്ധതി. ഇതനുസരിച്ച് സബ്സിഡി നൽകുന്നതിനായി പദ്ധതി വിഹിതം വിനിയോഗിക്കുന്നതാണ്.

(6) പണി ആയുധങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള സഹായം

(വിഹിതം 1.00 ലക്ഷം രൂപ)

കരകൗശലത്തൊഴിലാളികൾക്ക് പണി ആയുധങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിന് ധനസഹായം നൽകുന്നതാണ്. പണി ആയുധങ്ങളുടെ വിലയുടെ അമ്പതു ശതമാനം ഗ്രാൻറായി നൽകുന്നതിലേയ്ക്ക് തുക നീക്കി വച്ചിരിക്കുന്നു.

### കോർപ്പറേഷനുകൾക്കുള്ള ധനസഹായം

(7) കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ

(വിഹിതം 17.00 ലക്ഷം രൂപ)

1993-94 ലേക്ക് കോർപ്പറേഷൻെറ പ്രവർത്തനത്തിൽ സാധാരണ പ്രവർത്തനങ്ങൾ കൂടാതെ, നിലവിലുള്ള വില്പനശാലകൾ പുനഃരുദ്ധരിക്കുക, പുതിയ വില്പനശാലകൾ ആരംഭിക്കുക, അസംസ്കൃത പദാർത്ഥങ്ങളുടെ സംഭരണ വിതരണ കേന്ദ്രങ്ങൾ തുടങ്ങുക എന്നിവയും ഉൾപ്പെടുന്നു. ഇതിനായി വാർഷിക പദ്ധതിയിൽ പതിനേഴ് ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. അതിൽ പന്ത്രണ്ട് ലക്ഷം രൂപ ഓഹരിമൂലധനമായും ബാക്കി അഞ്ച് ലക്ഷം രൂപ വായ്പയായും നൽകുന്നതാണ്.

(8) കേരള ആർട്ടിസാൻസ് ഡവലപ്പ്മെൻറ് കോർപ്പറേഷൻ

(വിഹിതം 10.00 ലക്ഷം രൂപ)

മരപ്പണി, ഇരുമ്പ്പണി, സ്വർണ്ണപ്പണി, കൽപ്പണി, മൺപാത്രനിർമ്മാണം, തുകൽപ്പണി എന്നീ മേഖലകളിൽ തൊഴിൽ ചെയ്യുന്നവർക്ക് സ്വയം തൊഴിലിലേർപ്പെടുന്നതിന് പ്രാഥമിക ഉല്പാദന യൂണിററുകൾ സ്ഥാപിച്ചും ഉല്പന്നങ്ങൾക്ക് വിപണന കേന്ദ്രങ്ങൾ സംഘടിപ്പിച്ചും കേരള ആർട്ടിസാൻസ് ഡവലപ്പ്മെൻറ് കോർപ്പറേഷൻ സഹായിക്കുന്നതാണ്. 1993-94-ൽ കോർപ്പറേഷൻെറ പ്രവർത്തനങ്ങൾക്കായി പത്ത് ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. അതിൽ എട്ട് ലക്ഷം രൂപ ഓഹരിമൂലധനമായും രണ്ട് ലക്ഷം രൂപ വായ്പയായും നൽകുന്നതാണ്.

(9) കേരള സംസ്ഥാന ബാംബു കോർപ്പറേഷൻ

(വിഹിതം 35.00 ലക്ഷം രൂപ)

കോർപ്പറേഷൻെറ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തി പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് 1993-94 വർഷത്തേക്ക് മുപ്പത്തിയഞ്ച് ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. അതിൽ നിന്നും പതിനഞ്ച് ലക്ഷം രൂപ ഓഹരിമൂലധനമായും ഇരുപതുലക്ഷം രൂപ വായ്പയായും നൽകുന്നതാണ്.

### ക്ഷേമപരിപാടികൾ

(10) കരകൗശലത്തൊഴിലാളികൾക്ക് വാർദ്ധക്യ കാല പെൻഷൻ

(വിഹിതം 1.00 ലക്ഷം രൂപ)

അറുപത് വയസ് കഴിഞ്ഞ വിദഗ്ദ്ധരായ കരകൗശല പണിക്കാർക്ക് വാർദ്ധക്യകാല പെൻഷൻ നൽകാനാണ് ഈ പദ്ധതി. പ്രതിമാസം മുന്നൂറ് രൂപ ക്രമത്തിൽ പെൻഷൻ നൽകാനായിട്ടാണ് പദ്ധതി വിഹിതം.

(11) <u>അപ്പെക്സ് സ്ഥാപനങ്ങൾ വഴി വില്പന നടത്തുന്ന അസംസ്കൃത പദാർത്ഥങ്ങൾക്കുള്ള സബ്സിഡി</u>

(വിഹിതം 5.00 ലക്ഷം രൂപ)

കേരള സംസ്ഥാന കരകൗശലവികസന കോർപ്പറേഷൻ, കേരളാ സ്റേററ് കരകൗശല അപ്പെക്സ് സൊസൈററി, സെൻട്രൽ ലാപ്പിഡറി സൊസൈററി എന്നീ സ്ഥാപനങ്ങൾവഴി വിതരണം ചെയ്യുന്ന കരകൗശല വസ്തുക്കൾക്കായുള്ള അസംസ്കൃത പദാർത്ഥങ്ങൾക്ക് സബ്സിഡി നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി. അസംസ്കൃത പദാർത്ഥങ്ങളുടെ വിലയുടെ ഇരുപത്തിയഞ്ച് ശതമാനം സർക്കാർ സബ്സിഡിയായി നൽകുന്നതിനാണ് തുക നീക്കിവച്ചിരിക്കുന്നത്

12. <u>പരസ്യത്തിനും പ്രചരണത്തിനുമുള്ള സഹായധനം</u>

(വിഹിതം 3.00 ലക്ഷം രൂപ)

പരസ്യം, പ്രചരണം, വിപണനം എന്നിവയ്ക്കായി കരകൗശല രംഗത്തെ വിവിധ അപ്പെക്സ് സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ളതാണ് ഈ പദ്ധതി. ഒരു സ്ഥാപനത്തിന് പരമാവധി അമ്പതിനായിരം രൂപ എന്ന പരിധിയ്ക്ക് വിധേയമായി, പരസ്യച്ചെലവിന്റെ അമ്പത് ശതമാനം സഹായധനം നൽകുന്നതാണ്. കൂടാതെ ഉത്സവകാലങ്ങളിൽ കരകൗശല വസ്തുക്കൾക്ക് റിബേററ് അനുവദിക്കുന്നതിനും ഈ വിഹിതം വിനിയോഗിക്കുന്നതാണ്.

13. <u>പ്രത്യേക ഘടക പദ്ധതി</u>

(വിഹിതം 12.00 ലക്ഷം രൂപ)

പട്ടികജാതിയിൽപ്പെട്ട കരകൗശലത്തൊഴിലാളികൾക്ക് പണി ആയുധങ്ങളും ഉപകരണങ്ങളും വാങ്ങുക, കരകൗശല വ്യവസായങ്ങളിൽ പരിശീലനം നൽകുക, സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക തുടങ്ങിയവയ്ക്ക് പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുന്നതിനാണ് ഈ പദ്ധതി. 1993–94 ലേക്ക് പന്ത്രണ്ട് ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

14. <u>ഗിരി വർഗ്ഗ ഉപ പദ്ധതി</u>

(വിഹിത 6.00 ലക്ഷം രൂപ)

പണി ആയുധങ്ങളും ഉപകരണങ്ങളും വാങ്ങുക, കരകൗശല വ്യവസായങ്ങളിൽ പരിശീലനം നൽകുക, സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക, തുടങ്ങിയവയ്ക്ക് പട്ടികവർഗ്ഗത്തിൽപ്പെട്ട കരകൗശലത്തൊഴിലാളികൾക്ക് പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുന്നതിനാണ് തുക വകകൊള്ളിച്ചിട്ടുള്ളത്.

# കൈത്തറി വ്യവസായവും യന്ത്രത്തറി വ്യവസായവും

## കൈത്തറി വ്യവസായം

**I. ഉല്പാദന പരമായ പദ്ധതികൾ (ഫാക്ടറി മാതൃകയിലും കുടിൽ വ്യവസായ മാതൃകയിലുമുള്ളവ)**

**എ. സഹകരണ മേഖല**

**1. നെയ്ത്തുകാർക്ക് ഓഹരി മൂലധന വായ്പ (സംസ്ഥാന വിഹിതം 50 ശതമാനം)**

(വിഹിതം 1.00 ലക്ഷം രൂപ)

ഫാക്ടറി മാതൃകയിലും കുടിൽ വ്യവസായ മാതൃകയിലുമുള്ള കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിലെ നെയ്ത്തുകാർക്ക് 1993–94 വർഷത്തിൽ ഓഹരിമൂലധന വായ്പ നൽകുന്നതിനാണ് പദ്ധതി വിഹിതം. 1993–94–ൽ 500 നെയ്ത്തുകാർക്ക് ഈ പദ്ധതിയനുസരിച്ച് സഹായധനം നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**2. പ്രാഥമിക വ്യവസായ സഹകരണ സംഘങ്ങളുടെ മൂലധനത്തിൽ സർക്കാർ പങ്കാളിത്തം.**

(വിഹിതം 150.00 ലക്ഷം രൂപ)

ഫാക്ടറി മാതൃകയിലും കുടിൽ വ്യവസായ മാതൃകയിലുമുള്ള പ്രാഥമിക നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരിമൂലധനം ലഭ്യമാക്കിക്കൊണ്ട് അവയുടെ മൂലധന അടിത്തറ ശക്തമാക്കുന്നതിനുവേണ്ടിയാണ് പദ്ധതിയിൽ തുക ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ പരിപാടി അനുസരിച്ച് പദ്ധതി വർഷത്തിൽ 180 കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളെ സഹായിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**3. പ്രാഥമിക നെയ്ത്തു സഹകരണ സംഘങ്ങളുടെ ഭരണപരമായ ചെലവുകൾക്കുള്ള ധനസഹായം**

(വിഹിതം 0.25 ലക്ഷം രൂപ)

പദ്ധതി വിഹിതമായ 25,000 രൂപ, കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിലെ സെക്രട്ടറി, മാനേജർക്ക് ശമ്പളമിനത്തിൽ നല്കിയ തുക തിരിച്ചു കൊടുക്കുന്നതിലേയ്ക്കായി നീക്കിവച്ചിരിക്കുന്നു. പദ്ധതിവർഷം നാലു സഹകരണ സംഘങ്ങൾക്ക് സഹായധനം നൽകുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

**4. ഫാക്ടറി മാതൃകയിലുള്ള കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളുടെ രൂപീകരണവും വികസനവും**

(വിഹിതം 4.00 ലക്ഷം രൂപ)

ഫാക്ടറി മാതൃകയിലുള്ള കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളുടെ രൂപീകരണത്തിനും നിലവിലുള്ളവയുടെ വികസനത്തിനും വേണ്ടിയാണ് പദ്ധതിയിൽ തുക വകയിരുത്തിയിരിക്കുന്നത്. പദ്ധതി വർഷം അഞ്ചു സഹകരണ സംഘങ്ങൾക്ക് സഹായധനം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**5. ഫാക്ടറി മാതൃകയിലും കുടിൽ വ്യവസായ മാതൃകയിലുമുള്ള കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിലെ തറികൾ ആധുനീകരിക്കൽ**

(സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം 10.00 ലക്ഷം രൂപ)

ഫാക്ടറി മാതൃകയിലും കുടിൽ വ്യവസായ മാതൃകയിലുമുള്ള കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിലെ തറികൾ ആധുനീകരിക്കുന്നതിലേക്കാണ് പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ളത്. 1993–94 വർഷത്തിൽ ഈ പദ്ധതിയനുസരിച്ച് 1000 തറികൾ നവീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**6. തറികളില്ലാത്ത നെയ്ത്തുകാർക്ക് തറികൾ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള ധനസഹായം**

(സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം 15.00 ലക്ഷം രൂപ)

സ്വന്തമായി തറികളില്ലാത്ത നെയ്ത്തുകാർക്ക് തറികൾ വാങ്ങി വിതരണം ചെയ്യുന്നതിനുവേണ്ടി ഫാക്ടറി മാതൃകയിലും കുടിൽ വ്യവസായ മാതൃകയിലുമുള്ള കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനുവേണ്ടിയാണ് പദ്ധതി വിഹിതം. പദ്ധതിക്കാലത്ത് 500 നെയ്ത്തുകാർക്ക് ചിത്തരഞ്ജൻ, ഇൻജാകരൻജി തുടങ്ങിയ ആധുനികരീതിയിലുള്ള തറികൾ വിതരണം ചെയ്യുകയും, ഉല്പാദനം വർദ്ധിപ്പിച്ചും ഉത്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തിയും നെയ്ത്തുകാരുടെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുകയെന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം.

**7. സഹകരണ സംഘങ്ങൾക്ക് വില്പനശാലകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം (പുതിയ പരിപാടി)**

(വിഹിതം 5.00 ലക്ഷം രൂപ)

പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾക്ക് വില്പന ശാലകൾ നിർമ്മിക്കുന്നതിനു വേണ്ടി സ്ഥലം വാങ്ങുന്നതിനും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും വേണ്ടിയുള്ള ധനസഹായമാണിത്. പദ്ധതി വർഷം 10 കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വിററഴിക്കുന്നതിനു പുറമേ ഉല്പാദന വസ്തുക്കൾ സൂക്ഷിക്കുന്നതിന് ഗുദാമുകൾ ലഭ്യമാക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നു.

**8. നിലവിലുള്ള ഡൈ ഹൗസുകളുടെ വികസനവും പുതിയവ സ്ഥാപിക്കലും**

(വിഹിതം 12.00 ലക്ഷം രൂപ)

ഫാക്ടറി മാതൃകയിലും കുടിൽ വ്യവസായ മാതൃകയിലുമുള്ള കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾക്ക് ഇപ്പോഴുള്ള ഡൈ ഹൗസുകൾ വികസിപ്പിക്കുന്നതിനും, പുതിയവ സ്ഥാപിക്കുന്നതിനും വേണ്ടി ധനസഹായം നൽകുന്നതിനാണ് പദ്ധതി വിഹിതം. അഞ്ച് സഹകരണ സംഘങ്ങൾക്ക് ഈ പദ്ധതിയനുസരിച്ച് 1993–94–ൽ സഹായം ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

9. പ്രവർത്തന രഹിതമായതോ പ്രവർത്തനം മന്ദീഭവിച്ചിട്ടുള്ളതോ ആയ കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം

(വിഹിതം 20.00 ലക്ഷം രൂപ)

പ്രവർത്തന രഹിതമായതും പ്രവർത്തനം മന്ദീഭവിച്ചിട്ടുള്ളതുമായ കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 1993–94–ൽ 20 സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനു വേണ്ടിയാണ് പദ്ധതി വിഹിതം.

## കൈത്തറി അപ്പെക്സ് സൊസൈററി (ഹാൻറക്സ്)

10. കൈത്തറി അപ്പക്സ് സൊസൈററിക്ക് ഓഹരി മൂലധനം

(വിഹിതം 30.00 ലക്ഷം രൂപ)

കൈത്തറി അപ്പക്സ് സൊസൈററി (ഹാൻറക്സ്) യ്ക്ക് ഓഹരി മൂലധന സഹായം നൽകുന്നതിനു വേണ്ടിയാണ് പദ്ധതി വിഹിതം.

11. കൈത്തറി അപ്പക്സ് സൊസൈററിയിൽ വിപണന ഗവേഷണത്തിനും ഡിസൈനിംഗിനും ഒരു സെൽ രൂപീകരിക്കൽ

(വിഹിതം 10.00 ലക്ഷം രൂപ)

വിപണന രംഗത്തെ സാധ്യതയുടേയും അഭിരുചിയുടേയും അടിസ്ഥാനത്തിൽ, കൈത്തറി ഡിസൈനിംഗ്, ഉല്പാദനം, സംസ്ക്കരണം, വിപണനം, എന്നിവയെ സംബന്ധിച്ച് ഉപദേശം നൽകുന്നതിനു വേണ്ടി ഒരു ഗവേഷണ/ഇൻറലിജൻസ് സെൽ കൈത്തറി അപ്പക്സ് സൊസൈററിയിൽ സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ട്. ഇതിലേക്കായി നിയമിക്കപ്പെടുന്ന ജീവനക്കാരുടെ ശമ്പളം, അലവൻസ്, പരിശീലന ചെലവ് എന്നിവയ്ക്കുവേണ്ടി യാണ് പദ്ധതി വിഹിതം.

12. കൈത്തറി അപ്പക്സ് സൊസൈററി പുനരുജ്ജീവിപ്പിക്കൽ

(വിഹിതം 40.00 ലക്ഷം രൂപ)

അടിയന്തിരമായ സാമ്പത്തിക ബാധ്യതകൾ തീർത്ത് കൈത്തറി അപ്പക്സ് സൊസൈററിയെ പുനർജ്ജീവിപ്പിക്കുന്നതിനുവേണ്ടിയുള്ളതാണ് ഈ പദ്ധതി പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണസംഘങ്ങളിൽ അംഗങ്ങളായ നെയ്ത്തുകാർക്ക് മെച്ചപ്പെട്ട സേവനങ്ങൾ ചെയ്തുകൊടുക്കുന്നതിനായി കൈത്തറി അപ്പക്സ് സൊസൈററിയുടെ സാമ്പത്തിക അടിത്തറ ശക്തമാക്കുന്നതിനുവേണ്ടിയാണ് പദ്ധതിയിൽ തുക വകയിരുത്തിയിട്ടുള്ളത്.

13. കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിൽ സിൽക്ക് നെയ്ത്ത്

(വിഹിതം 15.00 ലക്ഷം രൂപ)

കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിൽ സിൽക്ക് നെയ്യുന്നതിന് താല്പര്യമുള്ള നെയ്ത്തുകാർക്ക് ധനസഹായം നൽകുന്നതിനുവേണ്ടിയാണ് പദ്ധതിവിഹിതം. കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിൽ സിൽക്കു നെയ്യുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും, നെയ്ത്തുകാർക്ക് ഇതിലേക്കാവശ്യമായ പരിശീലനം നൽകുന്നതിനും വേണ്ടിയാണ് പദ്ധതിവിഹിതം. വാർഷിക പദ്ധതിക്കാലത്ത് 10 കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## എൻ. സി. ഡി. സി. ധനസഹായമുള്ള പദ്ധതികൾ

14. പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്കും അപ്പക്സ് സൊസൈററികൾക്കും ഗുദാം, പണിപ്പുര, സംസ്ക്കരണ കേന്ദ്രം, പ്രദർശനശാല മുതലായവയുടെ നിർമ്മാണവും സ്വന്തമായി തറികളില്ലാത്ത നെയ്ത്തുകാർക്കു വേണ്ടിയുള്ള പുനരധിവാസ ഉല്പാദന പരിപാടിയും (സംസ്ഥാനവിഹിതം)

(വിഹിതം 35.00ലക്ഷം രൂപ)

ഈ പദ്ധതിയുടെ മൊത്തം ചെലവിന്റെ 75 ശതമാനം എൻ. ഡി. സി. ഡി. സംസ്ഥാന സർക്കാരിന് നൽകുന്നു. സംസ്ഥാന സർക്കാർ ഈ തുകയുടെ 50 ശതമാനം വായ്പയായും, 25 ശതമാനം ഓഹരിയായും, 20 ശതമാനം ഗ്രാൻറായും കൈത്തറി സഹകരണ സംഘങ്ങൾക്ക് നൽകുന്നു. മൊത്തം ചെലവിന്റെ അഞ്ചുശതമാനം ഗുണഭോക്താക്കളായ സംഘങ്ങൾ നൽകേണ്ടതാണ്. എന്നാൽ അപ്പക്സ് സൊസൈററിയുടെ കാര്യത്തിൽ 75 ശതമാനം വായ്പയായും, 25 ശതമാനം ഓഹരിയുമായാണ് തുക നൽകുന്നത്. മൊത്തം വിഹിതത്തിന്റെ ഒരു ഭാഗം സ്വന്തമായി തറികളില്ലാത്ത നെയ്ത്തുകാരുടെ പുനരധിവാസത്തിനും ഉൽപ്പാദനത്തിനും/കൈത്തറി ഗ്രാമ പദ്ധതിക്കുമായി വിനിയോഗിക്കുന്നതാണ്. കൂടാതെ 61 ഗ്രാമങ്ങളിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന യന്ത്രത്തറി ഗ്രാമസഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്കുവേണ്ടിയും ഈ പദ്ധതി വിഹിതത്തിൽ നിന്നും തുക ചെലവഴിക്കുന്നതാണ്.

## ബി. കോർപ്പറേററ് മേഖല

15. സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന് (ഹാൻവീവ്) ഓഹരി മൂലധനം.

(വിഹിതം 30.00ലക്ഷംരൂപ)

1993-94 വർഷത്തിൽ, സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന്റെ (ഹാൻവീവ്) ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയാണ് 30 ലക്ഷം രൂപ പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്.

16. സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനിൽ (ഹാൻവീവ്) വിപണന ഗവേഷണത്തിനും, ഡിസൈനിംഗിനും ഒരു സെൽ രൂപീകരിക്കാൻ

(വിഹിതം 10.00 ലക്ഷം രൂപ)

വിപണന രംഗത്തെ സാധ്യതകളും ഉപഭോക്താക്കളുടെ അഭിരുചിയുമനുസരിച്ച് ഉൽപ്പാദനം, സംസ്ക്കരണം, വിപണനം എന്നിവയെ സംബന്ധിച്ച് ഉപദേശം നൽകുന്നതിനും പുതിയ ഡിസൈനുകൾ ആവിഷ്ക്കരിക്കുന്നതിനുംവേണ്ടി സംസ്ഥാന കൈത്തറി വികസനകോർപ്പറേഷന്റെ കീഴിൽ രൂപീകരിക്കുന്ന വിപണന ഗവേഷണ സെല്ലിന് ധനസഹായം നൽകുന്നതിനാണ് തുക നീക്കിവച്ചിരിക്കുന്നത്. ഈ ജോലികൾക്കായി നിയമിക്കപ്പെടുന്ന ജീവനക്കാരുടെ ശമ്പളം, പരിശീലനച്ചെലവ് എന്നിവയ്ക്കുവേണ്ടിയും പദ്ധതിവിഹിതം ചെലവഴിക്കുന്നതാണ്.

17. അസംസ്കൃത സാധന ബാങ്കിനുള്ള ധനസഹായവും കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ അപ്പക്സ് സൊസൈററി എന്നിവ വഴി വിതരണം ചെയ്യുന്ന നൂലിനുള്ള സബ്സിഡിയും

(വിഹിതം 75.00 ലക്ഷംരൂപ)

കൈത്തറിമേഖലക്കുവേണ്ട അസംസ്കൃത സാധനങ്ങൾ സംഭരിച്ച് വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് മാർജിൻ മണി വായ്പ നൽകുന്നതിനു വേണ്ടിയാണ് പദ്ധതിവിഹിതം. കൂടാതെ അസംസ്കൃത സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഒരു ബാങ്ക് സ്ഥാപിക്കുന്നതിനും കൈത്തറിനെയ്ത്തുകാർക്ക് കൈത്തറി വികസന കോർപ്പറേഷൻ, ഹാൻറക്സ് എന്നിവ വഴി ന്യായവിലയ്ക്ക് നൂൽ വിതരണം ചെയ്യുന്നതിനുവേണ്ടി വരുന്ന വ്യത്യസ്ഥ ചെലവുകൾ നേരിടുന്നതിനും പദ്ധതി വിഹിതം ചെലവാക്കുന്നതാണ്.

## II പരിശീലനവും വികസനവും

18. കൈത്തറിനെയ്ത്ത് സഹകരണസംഘങ്ങൾവഴി പരിശീലനത്തിനയയ്ക്കുന്നവർക്ക് ധനസഹായം

(വിഹിതം 5.00 ലക്ഷം രൂപ)

കൈത്തറിനെയ്ത്തു സഹകരണ സംഘങ്ങൾ ഹാൻറക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾ വഴി ചിത്തരഞ്ജൻ തറിയിലുൾപ്പെടെ കൈത്തറി നെയ്ത്തിൽ പരിശീലനം നേടുന്ന നെയ്ത്തുകാർക്ക് സ്റ്റൈപ്പൻറ് നൽകുന്നതിനുവേണ്ടിയാണ് പദ്ധതി വിഹിതം. 1993–94 പദ്ധതിക്കാലത്ത് 250 നെയ്ത്തുകാർക്ക് പരിശീലനം നൽകുന്നതാണ്.

19. സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് പരിശീലനം

(വിഹിതം 0.20 ലക്ഷം രൂപ)

കൈത്തറിനെയ്ത്തു സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് പൂജപ്പുരയിലെ സഹകരണ പരിശീലന കോളേജുപോലുള്ള സ്ഥാപനങ്ങളിലയച്ച് പരിശീലനം നൽകുന്നതിനാവശ്യമായ ചെലവിലേക്കാണ് തുക വകയിരുത്തിയിരിക്കുന്നത്.

20. ടെക്സ്റ്റൈൽ ടെക്നോളജി ഇൻസ്ററിറ്റ്യൂട്ട് സ്ഥാപിക്കൽ

(വിഹിതം 15.00 ലക്ഷം രൂപ)

കണ്ണൂരിൽ ഒരു കൈത്തറി നെയ്ത്തുപരിശീലന ഇൻസ്ററിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനും 1993–94 വർഷത്തിൽ ഈ ഇൻസ്ററിറ്റ്യൂട്ട് നടത്തുന്ന പരിശീലന പരിപാടികൾക്കാവശ്യമായ ചെലവിലേക്കുമായിട്ടാണ് പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ളത്.

## III ക്ഷേമപരിപാടികൾ

21. അംശദാന സമ്പാദ്യ പദ്ധതി (സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം 2.75 ലക്ഷം രൂപ)

സഹകരണമേഖലയിലെയും കോർപ്പറേററ് മേഖലയിലെയും നെയ്ത്തുകാർക്ക് അംശദാന സമ്പാദ്യ പദ്ധതി രൂപീകരിക്കുന്നതിനുവേണ്ടിയുള്ള സംസ്ഥാന സർക്കാരിൻെറ സംഭാവനയാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇതിനുവേണ്ടി സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും ഒരോ നെയ്ത്തുകാരനും വേണ്ടി പരമാവധി 90 രൂപ എന്ന ക്രമത്തിൽ തുല്യമായി സംഭാവനചെയ്യുന്നതാണ്.

22. ദേശീയ കൈത്തറി ഇൻസ്ററിറ്റ്യൂട്ടിൽ പരിശീലനത്തിന് പോകുന്ന കൈത്തറി നെയ്ത്തുകാരുടെ കുട്ടികൾക്ക് സ്റ്റൈപ്പൻറ്

(വിഹിതം 0.20 ലക്ഷം രൂപ)

ദേശീയകൈത്തറി ഇൻസ്ററിറ്റ്യൂട്ടിലോ അതുപോലുള്ള മററു സ്ഥാപനങ്ങളിലോ കൈത്തറി നെയ്ത്തിൽ ഡിപ്ലോമ കോഴ്സിന് പോകുന്ന കൈത്തറി നെയ്ത്തുകാരുടെ കുട്ടികൾക്ക് സ്റ്റൈപ്പൻറ് നൽകുന്നതിനാണ് പദ്ധതി വിഹിതം. 1993–94-ൽ 12 കുട്ടികൾക്ക് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## IV ഭരണവും നടത്തിപ്പും

23. കൈത്തറി ഡയറക്ടറേററും സബ് ഓഫീസുകളും ശക്തിപ്പെടുത്തൽ

(വിഹിതം 7.00 ലക്ഷം രൂപ)

കൈത്തറി വികസന പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന കൈത്തറി ഡയറക്ടറേററിലെയും സബ് ഓഫീസിലെയും ജീവനക്കാരുടെ ശമ്പളവും മററു ചെലവുകളും വഹിക്കുന്നതിനാണ് വിഹിതം വകയിരുത്തിയിട്ടുള്ളത്

24. വിപണന ഗവേഷണത്തിനും കയററുമതി വികസനത്തിനുമുള്ള സെൽ

(വിഹിതം 2.50 ലക്ഷം രൂപ)

കൈത്തറി ഡയറക്ടറേററിലെ ആസൂത്രണ ജാഗ്രത വിഭാഗത്തിലെ ജീവനക്കാരുടെ ശമ്പളത്തിനും മററു ചെലവുകൾക്കുമാണ് പദ്ധതി വിഹിതം.

25. ഹാൻറ്ലൂം സർവ്വേ

(വിഹിതം 0.10 ലക്ഷം രൂപ)

1986-ൽ നടത്തിയ ഹാൻഡ്ലൂം സർവ്വേയുമായി ബന്ധപ്പെട്ട ചെലവുകളുടെ കുടിശ്ശിക തീർക്കുന്നതിനും പുതിയ സർവ്വേ നടത്തുന്നതിനുമായിട്ടാണ് പദ്ധതി വിഹിതം.

26. പ്രത്യേകഘടക പദ്ധതി (സംസ്ഥാന വിഹിതം)

(വിഹിതം 48.00 ലക്ഷം രൂപ)

1993–94 വർഷത്തിൽ പട്ടികജാതിയിൽപ്പെട്ട കൈത്തറിനെയ്ത്തുകാരുടെ ഉന്നമനത്തിനായി ആവിഷ്ക്കരിക്കുന്ന വിവിധ കൈത്തറി വികസന പരിപാടികളുടെ നടത്തിപ്പിനായി 48.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പ്രത്യേക ഘടക പദ്ധതിയിൻ കീഴിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പരിപാടികൾ താഴെപ്പറയുന്നവയാണ്.

1. ഫാക്ടറി മാതൃകയിലുള്ള കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളുടെ രൂപീകരണവും വികസനവും
2. പട്ടികജാതിയിൽപ്പെട്ട നെയ്ത്തുകാർക്ക് പരിശീലനം.

3. ഓഹരി മൂലധനവും ഭരണപരമായ സഹായധനവും ലഭ്യമാക്കൽ.

4. തറികളുടെ ആധുനീകരണം.

5. സ്വന്തമായി തറികളില്ലാത്ത നെയ്ത്തുകാർക്ക് തറികൾ വാങ്ങി വിതരണം ചെയ്യൽ.

6. പണിശാലയോടുകൂടിയ വീടുകളുടെ നിർമ്മാണം.

7. സർക്കാർ ഓഹരി പങ്കാളിത്തം.

27. ഗിരിവർഗ്ഗ ഉപ പദ്ധതി (സംസ്ഥാന വിഹിതം)

(വിഹിതം 12.00 ലക്ഷം രൂപ)

പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന പരിപാടികൾക്കായി വാർഷിക പദ്ധതിയിൽ 12 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പട്ടികവർഗ്ഗ ഉപ പദ്ധതിയിൻ കീഴിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ ഫാക്ടറി മാതൃകയിലുള്ള കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളുടെ വികസനവും പുതിയവ ആവിഷ്ക്കരിക്കലും സർക്കാരിന്റെ ഓഹരി പങ്കാളിത്തം കൈത്തറി നെയ്ത്തു സഹകരണസംഘങ്ങളിലെ നെയ്ത്തുകാർക്ക് ഓഹരി മൂലധനം ലഭ്യമാക്കൽ, പട്ടികവർഗ്ഗത്തിൽപ്പെട്ട നെയ്ത്തുകാർക്ക് പരിശീലനം നൽകുക, സ്വന്തമായി തറികളില്ലാത്ത നെയ്ത്തുകാർക്ക് തറികൾ വാങ്ങി വിതരണം ചെയ്യുക എന്നിവയാണ്.

യന്ത്രത്തറി വ്യവസായം

(വിഹിതം 45.00 ലക്ഷം രൂപ)

മുൻ കൊല്ലങ്ങളിൽ യന്ത്രത്തറി വ്യവസായത്തിന്റെ വികസനത്തിനായി കേരളത്തിൽ വിവിധ പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. യന്ത്രത്തറിനെയ്ത്തു സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുകയെന്നതായിരുന്നു ഈ പരിപാടികളുടെ പ്രധാന ലക്ഷ്യം. 1993--94-ലെ വാർഷിക പദ്ധതിയിൽ യന്ത്രത്തറി വ്യവസായത്തിന്റെ വളർച്ചയ്ക്കായി വിവിധ പരിപാടികൾ നടപ്പാക്കുന്നതിനുവേണ്ടി 45 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം (50 ശതമാനം കേന്ദ്ര സഹായമുള്ള പദ്ധതി—പുതിയത്), യന്ത്രത്തറി വ്യവസായത്തിനാവശ്യമായ സാധനങ്ങൾ വാങ്ങുക, ഇലക്ട്രിഫിക്കേഷന് സഹായധനം നൽകുക, പാലക്കാട്ടുള്ള ഫ്രീ ലൂം സംസ്ക്കരണ ശാല ശക്തിപ്പെടുത്തുക തൃശ്ശൂരുള്ള യന്ത്രത്തറി നെയ്ത്തു കേന്ദ്രത്തിന് സഹായധനം നൽകുക, തിരുവനന്തപുരത്തുള്ള പ്രദർശന പരിശീലന കേന്ദ്രത്തിന് ധനസഹായം നൽകുക, യന്ത്രത്തറി സഹകരണ സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം നൽകുക, പുതിയ യന്ത്രത്തറി സഹകരണ സംഘങ്ങൾ സ്ഥാപിക്കുക, നിലവിലുള്ള സംഘങ്ങളെ വിപുലപ്പെടുത്തുക, എന്നിവയാണ് 1993—94 വർഷത്തിൽ നടപ്പാക്കുന്ന പദ്ധതികൾ.

കയർ വ്യവസായം

കയർ സഹകരണ സംഘങ്ങൾ

1. പലിശയിളവ്

(വിഹിതം 90.00 ലക്ഷം രൂപ)

കുറഞ്ഞ പലിശ നിരക്കിൽ കേരള സംസ്ഥാന സഹകരണ കയർ വിപണന ഫെഡറേഷനും പ്രാഥമിക സഹകരണ സംഘങ്ങൾക്കും പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്. സംസ്ഥാന സഹകരണ ബാങ്കുകൾക്ക് 4.5 ശതമാനം നിരക്കിലും ജില്ലാ സഹകരണ ബാങ്കുകൾക്ക് 6.5 ശതമാനം നിരക്കിലും പലിശയിളവ് ലഭ്യമാക്കുന്നതിനായി വിനിയോഗിക്കുന്നതിനാണ് വാർഷിക പദ്ധതിയിൽ തുക വകകൊള്ളിച്ചിരിക്കുന്നത്.

2. കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ

(വിഹിതം 50.00 ലക്ഷം രൂപ)

പുതുതായി രജിസ്ററർ ചെയ്ത സംഘങ്ങൾക്ക് പ്രവർത്തനം തുടങ്ങുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കാൻ അർഹതയില്ലാത്തതും എന്നാൽ പുനരുദ്ധരിക്കാവുന്നതുമായ കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുന്നതിനുമായിട്ടാണ് 1993—94—ലെ വാർഷിക പദ്ധതിയിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്.

3. കയർ സഹകരണ സംഘങ്ങളുടെ നഷ്ടം തുടച്ചു മാററുന്നതിനുള്ള ധനസഹായം

(വിഹിതം 0.10 ലക്ഷം രൂപ)

സംസ്ഥാനത്തുള്ള ധാരാളം സൊസൈററികൾക്ക് അവ നഷ്ടത്തിൽ നടക്കുന്നുവെന്ന കാരണത്താൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കാനുള്ള അർഹത നഷ്ടപ്പെടുന്നു. ഇത്തരം സൊസൈററികളെ പുനരുജ്ജീവിപ്പിക്കുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിന് അവയെ അർഹതയുള്ളവയാക്കി തീർക്കുന്നതിനും വേണ്ടിയാണ് പദ്ധതിയിൽ തുക നീക്കി വച്ചിട്ടുള്ളത്.

4. സംസ്കരണ ഘടകങ്ങൾ സ്ഥാപിക്കൽ

ഓഹരി മൂലധനം

(വിഹിതം: 3.00 ലക്ഷം രൂപ)

സംസ്കരണ ഘടകങ്ങൾ സ്ഥാപിക്കുന്നതിനുള്ള ചെലവിന്റെ തൊണ്ണൂററഞ്ചു ശതമാനവും എൻ. സി. ഡി. സി. സംസ്ഥാന സർക്കാരിനു തിരിച്ചു നൽകുന്നു. ഈ തുക വായ്പയായും (65 ശതമാനം) ഓഹരി മൂലധനമായും (30 ശതമാനം) സൊസൈററികൾക്കു നൽകുന്നു. മൊത്തം ചെലവിന്റെ അഞ്ചു ശതമാനം സൊസൈററിയിലെ അംഗങ്ങളുടെ സംഭാവനയാണ്. 1993—94 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി വരുന്ന ചെലവിലേയ്ക്കുള്ള സംസ്ഥാന വിഹിതമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

കയർ കോർപ്പറേഷൻ

5. കേരള സംസ്ഥാന കയർ കോർപ്പറേഷൻ—വായ്പ

(വിഹിതം: 10.00 ലക്ഷം രൂപ)

1993—94—ൽ കേരള സംസ്ഥാന കയർ കോർപ്പറേഷന്റെ വാണിജ്യ പുരോഗതിക്കും പ്രവർത്തന മൂലധനത്തിനുമായി വേണ്ടി വരുന്ന മാർജിൻ മണിയായി ഉപയോഗിക്കുന്നതിന് വായ്പ നൽകുന്നതിലേക്കാണ് പദ്ധതി വിഹിതം.

6. കേരള സംസ്ഥാന കയർ കോർപ്പറേഷൻ ലിമിററഡ്—ഓഹരി മൂലധനം

(വിഹിതം: 10.00 ലക്ഷം രൂപ)

ചെറുകിട കയർ ഉല്പാദകരുടെ ഉൽപന്നങ്ങൾ വിപണനം നടത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കയർ കോർപ്പറേഷൻെറ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനായി കോർപ്പറേഷന് ഓഹരി മൂലധനം നൽകാനാണ് തുക നീക്കി വച്ചിട്ടുള്ളത്.

7. ഫോം മാററിംഗ്സ് ഇൻഡ്യാ ലിമിററഡ് — വായ്പാ/നിക്ഷേപം.

(വിഹിതം: 10.00 ലക്ഷം രൂപ)

ഫോം മാററിംഗ്സ് ഇൻഡ്യാ ലിമിററഡ് എന്ന സ്ഥാപനത്തിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കും അതിൻെറ പ്രവർത്തന മൂലധനത്തിന് വേണ്ടി വരുന്ന ചെലവിലേക്കുമാണ് പദ്ധതി വിഹിതം.

## കയർബോർഡ് പദ്ധതികൾ (സംസ്ഥാന വിഹിതം)

8. വിപണന ഡിപ്പോകൾ തുറക്കൽ

(വിഹിതം: 0.50 ലക്ഷം രൂപ)

കയർ സഹകരണ സംഘങ്ങളുടെ ഉൽപന്നങ്ങൾ വിററഴിക്കുന്നതിലേക്ക് ഓരോ വിപണന ഡിപ്പോക്കും ആദ്യവർഷം 30,000 രൂപ, രണ്ടാം വർഷം 20,000 രൂപ മൂന്നാം വർഷം 10,000 രൂപ എന്ന ക്രമത്തിൽ കയർ ഫെഡിന് ധനസഹായം നൽകുന്നു. കേന്ദ്ര സഹായത്തോടുകൂടി കയർ വ്യവസായം പുന: സംഘടിപ്പിക്കുവാൻ പുതിയ പ്രദർശനശാലകളും, വെയർ ഹൗസുകളും തുടങ്ങുന്നതിന് പരിപാടി യിട്ടിട്ടുണ്ട്. 1993–94 സാമ്പത്തിക വർഷത്തിൽ ഈ പരിപാടികൾക്കു വേണ്ടി വരുന്ന ചെലവിൻെറ സംസ്ഥാന വിഹിതമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

9. ഭരണപരമായ ചെലവുകൾക്കായി കയർ സഹകരണ സംഘങ്ങൾക്ക് സഹായം.

(വിഹിതം: 1.00 ലക്ഷം രൂപ)

കയർ സഹകരണ സംഘങ്ങളിലെ സെക്രട്ടറി/ബിസിനസ് മാനേജർമാരുടെ ശമ്പളത്തിനു വേണ്ടിയാണ് പദ്ധതിയിൽ തുക വകകൊള്ളിച്ചിരിക്കുന്നത്. മൊത്തം ചെലവിൻെറ അമ്പതു ശതമാനം കേന്ദ്ര സർക്കാർ വഹിക്കുന്നതാണ്.

10. കയർ സഹകരണ സംഘങ്ങളിൽ ഓഹരി മൂലധന നിക്ഷേപം.

(വിഹിതം: 40.00 ലക്ഷം രൂപ)

ആഷിം ചാററർജി കമ്മിററിയുടെ ശുപാർശ പ്രകാരം തൊണ്ടു ശേഖരണത്തിന് അമ്പതു ശതമാനം കേന്ദ്ര സഹായത്തോടുകൂടി കയർ ഫെഡിൽ ഒരു റിവോൾവിങ്ങ് ഫണ്ട് രൂപീകരിക്കേണ്ടതുണ്ട്. ഇതിൻെറ സംസ്ഥാന വിഹിതത്തിനു വേണ്ടിവരുന്ന ചെലവിലേക്കും കയർ സഹകരണ സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിലേക്കും വേണ്ടിയാണ് പദ്ധതിയിൽ തുക വക കൊള്ളിച്ചിരിക്കുന്നത്.

11. കയറിൻെറയും കയർ ഉല്പന്നങ്ങളുടെയും വിപണനത്തിനുള്ള റിബേററ്.

(വിഹിതം: 120.00 ലക്ഷം രൂപ)

അൻപതു ശതമാനം കേന്ദ്ര സഹായമുള്ള ഒരു പദ്ധതിയാണിത്. കയറിൻെറയും കയർ ഉൽപന്നങ്ങളുടെയും വിൽപനക്ക് റിബേററ് നൽകാൻ വേണ്ടി വരുന്ന ചെലവിൻെറ സംസ്ഥാന വിഹിതമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

12. സംയോജിത കയർ വികസന പദ്ധതി - ഡീഫൈബറിംഗ് മില്ലുകൾ മോട്ടോറൈസ്ഡ് ട്രെഡിൽ റാട്ടുകൾ എന്നിവ തുടങ്ങുന്നതിന് ധനസഹായം — സംസ്ഥാന വിഹിതം.

(വിഹിതം: 90.00 ലക്ഷം രൂപ)

ഡീഫൈബറിംഗ് മില്ലുകളും യന്ത്രവൽകൃത നെയ്ത്തു യൂണിററുകളും സഹകരണ മേഖലയിൽ തുടങ്ങുന്നതിനു വേണ്ടി വരുന്ന ചെലവിൻെറ സംസ്ഥാന വിഹിതമാണ് ഈ തുക. മൊത്തം ചെലവിൻെറ അമ്പതു ശതമാനം എൻ. സി. ഡി. സി വായ്പയായും ബാക്കി തുകയുടെ 45 ശതമാനം കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തുല്യമായും വഹിക്കുന്നതാണ്.

13. വനിതാ കയർ യോജന പദ്ധതി പ്രകാരം വനിതകൾക്ക് യന്ത്രവൽകൃത നെയ്ത്തു തറികളുടെ വിതരണം (കയർ ബോർഡിൻെറയും ഇ. ഇ. സി. യുടെയും സഹായത്തോടെ)

(വിഹിതം: 5.00 ലക്ഷം രൂപ)

വനിതാ കയർ തൊഴിലാളികൾക്ക് യന്ത്രത്തറികൾ വിതരണം ചെയ്യുക എന്ന ഉദ്ദേശത്തോടെ പുതുതായി ആവിഷ്ക്കരിച്ചിട്ടുള്ള ഒരു പദ്ധതിയാണിത്. മൊത്തം ചെലവിൻെറ അമ്പതുശതമാനം യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിററിയും ബാക്കിയുള്ള അൻപതു ശതമാനം തുല്യമായി സംസ്ഥാന സർക്കാരും കയർ ബോർഡും വഹിക്കുന്നതാണ്. ഈ പദ്ധതിക്കു വേണ്ടി വരുന്ന ചെലവിൻെറ സംസ്ഥാന വിഹിതമായിട്ടാണ് അഞ്ചു ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്.

## മററുപദ്ധതികൾ

14. കയർ വ്യവസായ വികസനവും തൊണ്ട് നിയന്ത്രണവും.

(വിഹിതം: 39.75 ലക്ഷം രൂപ)

തൊണ്ടു നിയന്ത്രണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻമാർ, മൊബൈൽ സ്ക്വാഡ്, പോലീസ് ഉദ്യോഗസ്ഥൻമാർ തുടങ്ങിയവരുടെ ശമ്പളത്തിനും മററു ആനുകൂല്യങ്ങൾക്കും വേണ്ടി വരുന്ന ചെലവിലേക്കും പ്രോജക്ട് ഓഫീസുകളുടെ നടത്തിപ്പിനുമാണ് പദ്ധതി വിഹിതം.

15. കയർ സഹകരണ സംഘങ്ങളിലെ/ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം

(വിഹിതം 1.00 ലക്ഷം രൂപ)

കയർ വികസന വകുപ്പിലെയും കയർ സഹകരണ സംഘങ്ങളിലെയും ഉദ്യോഗസ്ഥൻമാർക്ക് നവീന രീതിയിലുള്ള ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പരിശീലനം നൽകാനും ഉൽപ്പാദന മേഖലക്ക് ആവശ്യമായ ഇനം കയർ ഉൽപ്പാദിപ്പിക്കുന്നതിനും മററും 1993–94–ൽ വേണ്ടി വരുന്ന ചെലവിലേക്കാണ് പദ്ധതിയിൽ തുക വകയിരുത്തിയിട്ടുള്ളത്.

16. തൊണ്ടു ശേഖരണത്തിൽ ലെവി സമ്പ്രദായം ഏർപ്പെടുത്തൽ

(വിഹിതം 2.50 ലക്ഷം രൂപ)

തൊണ്ടു ശേഖരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി 1988 മേയ് മുതൽ ഏർപ്പെടുത്തിയ ത്രീപോയിൻറ് ലെവി സമ്പ്രദായത്തിന്റെ നടത്തിപ്പിനുവേണ്ടിവരുന്ന ചെലവിലേക്കാണ് പദ്ധതി വിഹിതം. ഈ തുകയുടെ ഒരു ഭാഗം ഉപയോഗശൂന്യമായ വാഹനങ്ങൾ മാററി പുതിയവ വാങ്ങുന്നതിനും വിനിയോഗിക്കുന്നതാണ്.

17. വ്യാപാരമേളകൾ, പ്രദർശനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള പരസ്യ പ്രചാരണ പരിപാടികളും കയർ ന്യൂസ് ബുള്ളററിന്റെ പ്രസിദ്ധീകരണവും

(വിഹിതം 5.00 ലക്ഷം രൂപ)

കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന കയറിന്റെ ഗുണമേൻമ വിവിധ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതിനും കയർ വ്യവസായത്തെ കുറിച്ച് മലയാളത്തിൽ ഒരു ന്യൂസ് ബുള്ളററിൻ പ്രസിദ്ധീകരിക്കുന്നതിലേക്കുമാണ് പദ്ധതി വിഹിതം.

18. വില വ്യതിയാന നിധി

(വിഹിതം 15.00 ലക്ഷം രൂപ)

കയറിന്റെ വിലനിലവാരത്തിലെ ഏററക്കുറച്ചിലുകളിൽ നിന്നും കയർ ഫെഡിന് സംരക്ഷണം നൽകുന്നതിലേക്കായി ഒരു വില വ്യതിയാന നിധി രൂപീകരിക്കണമെന്ന റിസേർവ് ബാങ്കിന്റെ നിബന്ധന പാലിക്കുന്നതിനായി സംസ്ഥാന ഗവൺമെൻറ് 1993–94–ൽ ചെലവാക്കേണ്ട തുകയാണ് വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്.

19. ക്ഷേമപരിപാടികൾ

(വിഹിതം 0.25 ലക്ഷം രൂപ)

കയർ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികളുടെ കുട്ടികൾക്ക് ശിശുഭവനം നടത്തുന്നതിന് ഈ പദ്ധതിയനുസരിച്ച് ധനസഹായം നൽകുന്നു. ഇതിലേക്ക് വസ്തു വാങ്ങുന്നതിന് 7,000 രൂപയും, കെട്ടിടനിർമ്മാണത്തിന് 34,000 രൂപയും, ആവർത്തന ചെലവിലേക്ക് 11,000 രൂപയും നൽകുന്നു. ഈ പദ്ധതിയുടെ 1993–94–ലെ നടത്തിപ്പിനു വേണ്ടിവരുന്ന തുകയാണ് വാർഷിക പദ്ധതിയിൽ വകകൊള്ളിച്ചിരിക്കുന്നത്.

20. കയർ വ്യവസായ വികസന ഫണ്ടിലേക്കുള്ള സംസ്ഥാന വിഹിതം

(വിഹിതം 5.00 ലക്ഷം രൂപ)

കയർവികസനഫെഡറേഷനിൽ ഒരു ഗവേഷണ സെൽ രൂപീകരിക്കുന്നതിലേക്കും. കയർ വ്യവസായത്തിൽ വൈവിദ്ധീകരണം. ലക്ഷ്യമാക്കിക്കൊണ്ടുള്ള ഗവേഷണങ്ങളും വികസന സാദ്ധ്യതാ പഠനങ്ങളും നടത്തുന്നതിന് ഗവേഷണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിലേക്കുമാണ് പദ്ധതി വിഹിതം.

21. കയർ തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സംഭാവന

(വിഹിതം 50.00 ലക്ഷം രൂപ)

കയർ തൊഴിലാളികളും തൊഴിലുടമകളും സർക്കാരും ചേർന്ന് രൂപീകരിച്ചിട്ടുള്ള ഒരു ക്ഷേമനിധിയാണിത്. കയർ തൊഴിലാളികൾക്ക് പെൻഷൻ, അംഗവൈകല്യമുള്ള തൊഴിലാളികൾക്ക് ധനസഹായം, കയർ തൊഴിലാളികളുടെ കുട്ടികൾക്കു വിദ്യാഭ്യാസ സഹായം മുതലായ കാര്യങ്ങൾക്കാണ് പദ്ധതി വിഹിതം വിനിയോഗിക്കുന്നത്. 1993–94 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ഫണ്ടിലേക്കുള്ള സംസ്ഥാന വിഹിതമായി 50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

22. കയർസഹകരണ സംഘങ്ങൾക്ക് തൊണ്ട് അഴുക്കുന്നതിനും തല്ലുന്നതിനും കയർ പിരിക്കുന്നതിനും മററും ആവശ്യമായ സ്ഥലം വാങ്ങുന്നതിന് വായ്പ

(വിഹിതം 30.00 ലക്ഷം രൂപ)

തൊണ്ട് അഴുക്കുന്നതിനും തല്ലുന്നതിനും, കയർ പിരിക്കുന്നതിനും മററും ആവശ്യമായ സ്ഥലം വാങ്ങുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ വായ്പ ലഭിക്കാൻ അർഹതയില്ലാത്ത സഹകരണ സംഘങ്ങൾക്ക് വായ്പ നൽകുന്നതിലേക്കാണ് പദ്ധതി വിഹിതം. ഈ പരിപാടിയിൻകീഴിൽ ഒരു സൊസൈററിക്ക് ഒരു ലക്ഷം രൂപ എന്ന നിരക്കിലാണ് വായ്പ നൽകുന്നത്.

23. വടക്കൻ ജില്ലകളിലെ കയർ സഹകരണ സംഘങ്ങൾക്ക് ലെവി സമ്പ്രദായം നിർത്തലാക്കുമ്പോഴുണ്ടാകുന്ന വർദ്ധിച്ച ഉല്പാദനച്ചെലവ് പരിഹരിക്കുന്നതിന് വായ്പ

(വിഹിതം 10.00 ലക്ഷം രൂപ)

ലെവിസമ്പ്രദായം നിർത്തലാക്കിയതു മൂലം വടക്കൻ ജില്ലകളിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ ഉല്പാദന ചെലവ് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ഇതിന് ഒരു പരിഹാരമായി ഈ സഹകരണ സംഘങ്ങൾക്ക് അവ കയർ വിപണന ഫെഡറേഷന് നൽകുന്ന കയറിന്റെ അളവിന്റെ അടിസ്ഥാനത്തിൽ സഹായധനം നൽകാൻ വേണ്ടിയാണ് വാർഷിക പദ്ധതിയിൽ തുക വകകൊള്ളിച്ചിട്ടുള്ളത്.

24. വടക്കൻ ജില്ലകളിലെ സഹകരണ മേഖലയിലെ യന്ത്രവൽകൃത ഡിഫൈബറിംഗ് മില്ലുകൾ ഉൽപ്പാദിപ്പിക്കുന്ന ചകിരി വാങ്ങി വിതരണം ചെയ്യുന്നതിന് കയർ വിപണന ഫെഡറേഷനും പ്രാഥമിക സഹകരണ സംഘങ്ങൾക്കും ട്രാൻസ്പോർട്ട് സബ്സിഡി

(വിഹിതം 0.10 ലക്ഷം രൂപ)

വടക്കൻ ജില്ലകളിലെ കയർ സൊസൈററികൾ ഉൽപ്പാദിപ്പിക്കുന്ന ചകിരിക്ക് തമിഴ് നാട്ടിലെ സൊസൈററികൾ ഉൽപ്പാദിപ്പിക്കപ്പെടുന്നവയുമായി കനത്ത മൽസരം നേരിടേണ്ടി വരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി കയർ ഫെഡ് ഒരു ഏജൻറായി പ്രവർത്തിച്ച് വടക്കൻ ജില്ലകളിലെ യന്ത്രവൽകൃത തറികളിൽ അധികമായി നിർമ്മിക്കപ്പെടുന്ന ചകിരി തെക്കൻ ജില്ലകളിലെ കയർ സഹകരണ സംഘങ്ങൾക്ക് ലഭ്യമാക്കുന്നു. ഇതിനു വേണ്ടി വരുന്ന ചെലവിലേക്ക് കയർ ഫെഡിന് സബ്സിഡി നൽകുന്നതിനാണ് പദ്ധതി വിഹിതം.

25. ലെവി സമ്പ്രദായത്തിലുപരി പൊതുവിപണിയിൽ നിന്ന് തൊണ്ടു ശേഖരിക്കുന്നതിനും ചകിരി നാരുൽപ്പാദനം കാര്യക്ഷമമാക്കുന്നതിനും പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ധന സഹായം

(വിഹിതം 20.00 ലക്ഷം രൂപ)

ലെവി സമ്പ്രദായത്തിലൂടെ ശേഖരിക്കാൻ കഴിയുന്നതിലുപരിയായി തൊണ്ടു ശേഖരിക്കാൻ പ്രാഥമിക സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഒരു നിശ്ചിത അളവു തൊണ്ടിൽ നിന്നും കൂടുതൽ ചകിരി ഉത്പാദിപ്പിക്കുന്ന സംഘങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനും വേണ്ടി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക വിനിയോഗിക്കുന്നതാണ്

26. കയർ വികസന ഡയറക്ടറേററിൽ ഒരു മോണിററിംഗ് സെൽ രൂപീകരിക്കൽ

(വിഹിതം 1.00 ലക്ഷം രൂപ)

പുന:സംഘടിപ്പിക്കപ്പെട്ടിട്ടുള്ള കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്താനായി കയർ ഫെഡിൽ രൂപീകൃതമായിട്ടുള്ള മോണിററിംഗ് സെല്ലിൻെറ പ്രവർത്തന ചെലവിലേക്കാണ് തുക വകയിരുത്തിയിട്ടുള്ളത്.

27. സഹകരണ മേഖല പുന:സംഘടിപ്പിക്കുന്നതിനായി സ്പെഷ്യൽ ഓഫീസറുടെ നിയമനവും കമ്മിററി രൂപീകരിക്കലും

(വിഹിതം 0.10 ലക്ഷം രൂപ)

സംസ്ഥാനത്തെ കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ കുറിച്ച് സമഗ്രമായ പഠനം നടത്തുന്നതിനായി സർക്കാർ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ഇതിനായി ഉണ്ടായിട്ടുള്ള സാമ്പത്തിക ബാദ്ധ്യതകൾ തീർക്കുന്നതിലേക്കാണ് പദ്ധതി വിഹിതം.

28. പൊതു മേഖലയിലുള്ള ഡൈ ഹൗസിൽ കയർ ചായം മുക്കുന്നതിന് ചെറുകിട ഉൽപ്പാദകർക്ക് കടത്തു കൂലിയിളവ്

(വിഹിതം 0.50 ലക്ഷം രൂപ)

പൊതു മേഖലയിൽ പ്രവർത്തിക്കുന്ന ഡൈ ഹൗസുകളിലെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ചെറുകിട ഉൽപ്പാദകരെ പ്രേരിപ്പിക്കുന്നതിനുവേണ്ടി അവർക്ക് കടത്തു കൂലിയിളവ് നൽകാനാണ് വാർഷിക പദ്ധതിയിൽ തുക നീക്കി വച്ചിട്ടുള്ളത്.

29. കയർ ഉൽപ്പാദനത്തിനുതകുന്ന റാട്ടുകൾ, തറികൾ മുതലായ ഉപകരണങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് സംയുക്ത മേഖലയിൽ രണ്ടു വ്യവസായ യൂണിററുകൾ സ്ഥാപിക്കൽ

(വിഹിതം 0.10 ലക്ഷം രൂപ)

കയർ വ്യവസായത്തിൻെറ പുനരുദ്ധാരണത്തിന് അനുയോജ്യമായ ആധുനിക യന്ത്രസാമഗ്രികളും ഉപകരണങ്ങളും നിർമ്മിക്കുന്നതിനുവേണ്ടി ചേർത്തലയിലും ബേയ്പൂരിലും രണ്ടു ഫാക്ടറികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു. ഇതിൻെറ പ്രാരംഭ ചെലവുകൾക്കായി 10,000 രൂപ വാർഷിക പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു.

30. ആന്തരിക വിപണി വിപുലപ്പെടുത്തുന്നതിനായുള്ള വിപണന ഉപദേശക ഏജൻസി

(വിഹിതം 0.50 ലക്ഷം രൂപ)

കയറിൻേറയും കയറുത്പന്നങ്ങളുടേയും ആന്തരിക വിപണനം ത്വരിതപ്പെടുത്തുന്നതിനുള്ള ഒരു വിശദ വിപണന പദ്ധതി തയ്യാറാക്കാൻ കൊച്ചിയിലെ കിററ്കോയെ വിപണന ഉപദേശക ഏജൻസിയായി സർക്കാർ നിയമിച്ചിട്ടുണ്ട്. ഇതിലേക്കുവേണ്ടി വരുന്ന ചെലവിൻെറ ബാക്കി കൊടുത്തു തീർക്കുന്നതിനാണ് പദ്ധതിയിൽ തുക ഉൾക്കൊള്ളിച്ചിരിക്കുന്നത്.

31. കയർ ഫെഡിലെ വിപണന വികസന വിഭാഗം ശക്തിപ്പെടുത്തൽ

(വിഹിതം 2.00 ലക്ഷം രൂപ)

സഹകരണ മേഖലയിലെ ഉൽപന്നങ്ങൾ വിററഴിക്കുകയെന്ന കയർ ഫെഡിൻെറ ഉത്തരവാദിത്തം കൂടുതൽ കാര്യക്ഷമതയോടെ നിർവ്വഹിക്കുന്നതിനായി അതിൻെറ വിപണന വികസന വിഭാഗം ശക്തിപ്പെടുത്തുന്നതാണ്. ഇതിനു വേണ്ടി വരുന്ന ചെലവിലേക്കാണ് തുക വകയിരുത്തിയിരിക്കുന്നത്.

32. പിരിഞ്ഞു കിട്ടേണ്ട വായ്പയും പലിശയും ഗവൺമെൻറ് ഓഹരി മൂലധനമായി മാററുന്നതിന്

(വിഹിതം: 0.60 ലക്ഷം രൂപ)

കയർ കോർപ്പറേഷൻ, കയർഫെഡ്, പ്രാഥമിക കയർ വ്യവസായ സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് നൽകിയിട്ടുള്ള വായ്പയും അതിൻെറ പലിശയും ഓഹരി മൂലധനമായി മാററുന്നതിലേക്കുള്ള ടോക്കൺ പ്രൊവിഷനാണ് വാർഷിക പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്.

33. എൻ.സി.ഡി.സി. യുടെ സഹായത്തോടെ മോട്ടോറൈസ്ഡ് ട്രെഡൽ റാട്ടുകളിൽ പരിശീലനം നൽകുന്നതിന് ധനസഹായം—(സംസ്ഥാന വിഹിതം

(വിഹിതം: 10.00 ലക്ഷം രൂപ)

ഇത് അൻപതു ശതമാനം എൻ. സി. ഡി. സി. സഹായമുള്ള ഒരു പദ്ധതിയാണ്. പരമ്പരാഗതമായി കയർ പിരിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് യന്ത്രവൽകൃതമില്ലുകളിൽ പരിശീലനം നൽകുന്നതിനുവേണ്ടി വരുന്ന ചെലവിനുള്ള സംസ്ഥാന വിഹിതമാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

34. കയർ വ്യവസായം നവീകരിക്കുന്നതിനും ഘട്ടം ഘട്ടമായി യന്ത്രവൽക്കരിക്കുന്നതിനുമായി കയർ വികസന ഡിപ്പാർട്ടുമെൻറ് പുന:സംഘടിപ്പിക്കൽ

(വിഹിതം: 5.00 ലക്ഷം രൂപ)

കയർ വികസന വകുപ്പ് ശക്തിപ്പെടുത്തുന്നതിന് വേണ്ടിവരുന്ന അധിക ചെലവിലേക്കാണ് തുക നീക്കിവച്ചിട്ടുള്ളത്.

35. കയർ ഡയറക്ടറേററിന് ഒരു കെട്ടിടംകൂടി നിർമ്മിക്കുന്നതിന്.

(വിഹിതം: 2.00 ലക്ഷം രൂപ)

കയർ ഡയറക്ടറേററിന് ഒരു പുതിയ കെട്ടിടം നിർമ്മിക്കാനുള്ള ചുമതല പൊതുമരാമത്തു വകുപ്പിനെ ഏൽപ്പിച്ചിരിക്കുകയാണ്. ഇതിനായി 1993-94-ൽ വേണ്ടിവരുന്ന ചെലവിലേക്കാണ് രണ്ട് ലക്ഷം രൂപ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

36. (പ്രത്യേക ഘടക പദ്ധതി).

(വിഹിതം: 70.00 ലക്ഷം രൂപ)

കയർ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന പട്ടികജാതിക്കാരുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ നടപ്പാക്കാനാണ് പദ്ധതിയിൽ വിഹിതം ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## ഖാദി ഗ്രാമ വ്യവസായം

1. ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ പണിപ്പുര നിർമ്മാണം

(വിഹിതം: 20.00 ലക്ഷം രൂപ)

ഖാദിവ്യവസായ ബോർഡ് ഏറെറടുത്തിരിക്കുന്ന ഖാദി ഉല്പാദന കേന്ദ്രങ്ങൾക്ക് പണിപ്പുരകൾ നിർമ്മിക്കുന്നതിനുവേണ്ടിവരുന്ന ചെലവിലേക്കാണ് പദ്ധതിയിൽ തുക വകയിരുത്തിയിട്ടുള്ളത്.

2. കാസർഗോഡ് ജില്ലയിലെ എട്ടുക്കുടുക്കയിൽ സെൻട്രൽ സ്ലൈവർ പ്രോജക്ട് സ്ഥാപിക്കൽ

(വിഹിതം: 20.00 ലക്ഷം രൂപ)

പയ്യന്നൂരിൽ പ്രവർത്തിക്കുന്ന ഖാദി ഉല്പാദന കേന്ദ്രത്തിന് മേൽത്തരം സ്ലൈവർ ലഭ്യമാക്കുന്നതിനുവേണ്ടി കാസർഗോഡ് ജില്ലയിലെ എട്ടുക്കുടുക്കയിൽ ഒരു കേന്ദ്ര സ്ലൈവർ പ്രോജക്ട് സ്ഥാപിക്കുന്നതിനാവശ്യമായ ചെലവിലേയ്ക്കാണ് പദ്ധതി വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നത്. കൂടാതെ രണ്ട് കാർഡ്സ് സിംപ്ലക്സ്കൾ കൂടി സ്ഥാപിക്കുന്നതിനുള്ള ചെലവും പദ്ധതി വിഹിതത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

3. പ്രധാന പ്രോജക്ടുകൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

(വിഹിതം: 10.00 ലക്ഷം രൂപ)

സോപ്പ്, ഇലക്ട്രോണിക് യന്ത്ര സാമഗ്രികൾ തീപ്പെട്ടി മുതലായവ നിർമ്മിക്കുന്ന സംഘങ്ങൾക്കു വേണ്ടി ഫെഡറേഷനുകൾ രൂപീകരിച്ചുകൊണ്ട് ഖാദി ഗ്രാമവ്യവസായ ബോർഡ് ഏതാനും പ്രധാന പദ്ധതികൾ ഏറെറടുത്തിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ കെട്ടിടം, വാഹനം, ഭരണപരവും സാങ്കേതികവുമായ മററു അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് പദ്ധതി വിഹിതം.

4. സാങ്കേതിക വിദഗ്ദ്ധരുടെ നിയമനം

(വിഹിതം: 10.00 ലക്ഷം രൂപ)

ഖാദിഗ്രാമ വ്യവസായ കമ്മീഷന്റെ പ്രധാന പരിപാടികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സാങ്കേതിക വിദഗ്ദ്ധരെ നിയമിക്കുന്നതിനുവേണ്ട ചെലവിലേയ്ക്കാണ് വിഹിതം വകകൊള്ളിച്ചിട്ടുള്ളത്.

5. ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ പുനരുജ്ജീവനം

(വിഹിതം: 65.00 ലക്ഷം രൂപ)

ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 348 ഖാദി ഉല്പാദന കേന്ദ്രങ്ങൾ ഉണ്ട്. യന്ത്രസാമഗ്രികൾ കേടായതുകൊണ്ട് ഈ ഉല്പാദന കേന്ദ്രങ്ങളിൽ ഒട്ടേറെയെണ്ണം പ്രവർത്തനരഹിതമാണ്. പ്രവർത്തനരഹിതമായ 4220 ചർക്കകളും, 286 തറികളും നന്നാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ എട്ടാം പദ്ധതിക്കാലത്ത് നൂറ് പുതിയ പഞ്ചായത്തുകളിൽ 3.20 ലക്ഷം രൂപ വീതം ചെലവ് വരുന്ന 100 ചർക്കാ യൂണിററുകൾ സ്ഥാപിക്കുന്നതിനും ഉദ്ദേശമുണ്ട്.

ഈ പരിപാടികൾ നടപ്പിലാക്കുന്നതിനാവശ്യമായ ചെലവിലേക്കാണ് പദ്ധതി വിഹിതം വകകൊള്ളിച്ചിട്ടുള്ളത്.

6. ഖാദിഗ്രാമ വ്യവസായങ്ങളുടെ പുനരുജ്ജീവനം

(വിഹിതം 45.00 ലക്ഷം രൂപ)

പ്രവർത്തനരഹിതമോ മന്ദീഭവിച്ചതോ ആയ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി ഖാദി ഗ്രാമവ്യവസായ ബോർഡ് നടപടികൾ എടുത്തു വരുന്നു. ഫെഡറേഷനുകൾ രൂപീകരിച്ച് ഈ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനു വേണ്ടിയാണ് പദ്ധതി വിഹിതം.

7. ഖാദിഗ്രാമ വ്യവസായങ്ങൾക്ക് പലിശ ഇളവും മാർജിൻ മണിയും

(വിഹിതം 40.00 ലക്ഷം രൂപ)

ഖാദിവ്യവസായ ബോർഡിന്റെ യഥാർത്ഥ പലിശ നിരക്കായ 4 ശതമാനവും മുൻഗണനാടിസ്ഥാനത്തിൽ ഗ്രാമവ്യവസായങ്ങൾക്കു വാണിജ്യ ബാങ്കുകളിൽ നിന്നും പണം കടംകൊടുക്കുന്നതിനുള്ള 16 ശതമാനം പലിശ നിരക്കും തമ്മിലുള്ള വ്യത്യാസം പരിഹരിക്കുന്നതിന് പലിശ സബ്സിഡി നല്കുന്നതിനു വേണ്ടിയാണ് പദ്ധതി വിഹിതം. ഇപ്പോൾ നിലവിലുള്ളതും പുതിയതായി ആരംഭിക്കാൻ പോകുന്നതുമായ ഗ്രാമവ്യവസായങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ഗ്രാമവ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് താല്പര്യമുള്ള സംരംഭകർക്ക് മാർജിൻ മണി ലഭ്യമാക്കുന്നതിനും ഈ വിഹിതം ഉപയോഗിക്കാവുന്നതാണ്.

8. ഖാദി ഗ്രാമവ്യവസായ കമ്മിഷനിൽനിന്നും ലഭിക്കുന്ന സഹായത്തിനു പൂരകമായി നല്കുന്ന ധനസഹായം.

(വിഹിതം. 25.00 ലക്ഷം രൂപ)

കേരളത്തിലെ വേതന വർദ്ധനവും കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവും കാരണം ഖാദി ഗ്രാമവ്യവസായ കമ്മിഷനിൽ നിന്നും ലഭിക്കുന്ന ധനസഹായം പല ഗ്രാമ വ്യവസായങ്ങളുടെയും സുഗമമായ നടത്തിപ്പിന് അപര്യാപ്തമാണ്. ഈ ഗ്രാമ വ്യവസായങ്ങൾക്ക് മൂലധനചെലവിനും, ഓഹരി പങ്കാളിത്തത്തിനും ഭരണപരമായ മററുചെലവുകൾക്കും വേണ്ടി പൂരകമായ ധനസഹായം നല്കാനാണ് പദ്ധതിയിൽ തുക ഉൾക്കൊള്ളിച്ചിട്ടുള്ളത്.

9. വാർത്താ വിതരണവും പരസ്യവും പരിശീലനവും

(വിഹിതം 10.00ലക്ഷം രൂപ)

ഖാദി ഗ്രാമ വ്യവസായ ബോർഡും ഖാദി ഗ്രാമ വ്യവസായകമ്മിഷനും നടപ്പിലാക്കി വരുന്ന വിവിധ ഖാദി ഗ്രാമ വ്യവസായങ്ങളെ സംബന്ധിച്ചും ഇവർക്കു നല്കുന്ന ധനസഹായത്തെക്കുറിച്ചും വേണ്ടത്ര പ്രചാരണം നല്കുന്നതിനു വേണ്ടിയാണ് പദ്ധതീ വിഹിതം. കൂടാതെ ഖാദി ഗ്രാമ വ്യവസായ ബോർഡിലെ സൂപ്പർ വൈസർമാർക്കും കരകൗശല തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും പരിശീലനം നല്കുന്നതിനു വേണ്ടിവരുന്ന ചെലവും ഈ വിഹിതത്തിൽനിന്നും വഹിക്കുന്നതാണ്.

10. വിൽപ്പന കേന്ദ്രങ്ങൾ തുറക്കുന്നതിന് (താലൂക്ക്തല വില്പന കേന്ദ്രങ്ങൾ ഉൾപ്പെടെ)

(വിഹിതം 60.00 ലക്ഷം രൂപ)

പത്തനംതിട്ട, തൊടുപുഴ എന്നിവിടങ്ങൾ ഒഴികെയുള്ള എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഖാദി ഗ്രാമവ്യവസായ ബോർഡ് ഖാദി ഗ്രാമോദ്യോഗഭവനുകൾ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതി വർഷം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും താലൂക്ക് ആസ്ഥാനങ്ങളിലും ഖാദി ഗ്രാമവ്യവസായങ്ങൾക്കുള്ള വില്പന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഖാദി ഗ്രാമവ്യവസായബോർഡ് പരിപാടി തയ്യാറാക്കിയിട്ടുണ്ട്. ജില്ലാ തലത്തിൽ വിപണന കേന്ദ്രങ്ങളും താലൂക്ക് തലത്തിൽ വില്പന കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനു വേണ്ടിയാണ് പദ്ധതി വിഹിതം ഉൾകൊള്ളിച്ചിട്ടുള്ളത്.

11. അസംസ്കൃത സാധനങ്ങളുടെ സംഭരണശാലകൾ സ്ഥാപിക്കൽ.

(വിഹിതം 10.ലക്ഷം രൂപ)

സംസ്ഥാനത്തെ ഗ്രാമവ്യവസായങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ദൗർലഭ്യമുള്ള അസംസ്കൃത സാധനങ്ങളായ രാസവസ്തുക്കളും മററു നിയന്ത്രിത സാധനങ്ങളും ലഭ്യമാക്കുന്നതിന് എല്ലാ ജില്ലാതലങ്ങളിലും അസംസ്കൃത സാധനങ്ങളുടെ സംഭരണശാലകൾ സ്ഥാപിക്കുന്നതിന് ഖാദി ഗ്രാമവ്യവസായ ബോർഡിന് ഉദ്ദേശമുണ്ട് ഇതിനുവേണ്ടിവരുന്ന ചെലവിലേക്കാണ് പദ്ധതി വിഹിതം ഉൾകൊള്ളിച്ചിട്ടുള്ളത്.

12. ഖാദി ഡിസൈൻ സെൻറർ സ്ഥാപിക്കുന്നതിന് ധനസഹായം.

(വിഹിതം: 10.00 ലക്ഷം രൂപ)

ഖാദി വസ്ത്രങ്ങൾക്ക് പുതിയ ഡിസൈനുകൾ ആവിഷ്ക്കരിക്കുന്നതിനു ഖാദി ഗ്രാമവ്യവസായ ബോർഡിൻെറ കീഴിൽ ഒരു ഡിസൈൻ സെൻറർ സ്ഥാപിക്കുന്നതിനുവേണ്ടിയാണ് പദ്ധതിയിൽ തുക നീക്കി വച്ചിട്ടുള്ളത്.

13. പ്രത്യേക ഘടക പദ്ധതി

(വിഹിതം: 40.00ലക്ഷം രൂപ)

ഖാദി വ്യവസായ മേഖല പട്ടികജാതിയിൽപ്പെടുന്ന ആളുകൾക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് ഒട്ടേറെ തൊഴിലവസരങ്ങൾ നൽകിവരുന്നുണ്ട്. പട്ടികജാതിക്കാരായ തൊഴിൽ സംരംഭകർക്ക് പണിയായുധങ്ങൾ ലഭ്യമാക്കുക, ഖാദി ഗ്രാമ വ്യവസായങ്ങളിൽ പരിശീലനം നല്കുക ചെറുകിട വ്യവസായ സഹകരണസംഘങ്ങളിൽ ഓഹരി നിക്ഷേപം നടത്തുക ക്ഷേമപരിപാടികൾ നടപ്പാക്കുക എന്നിവയാണ് ഖാദി ഗ്രാമവ്യവസായബോർഡ് പ്രത്യേക ഘടക പദ്ധതിയിൻ കീഴിൽ 1993–94 വർഷത്തിൽ തുടരാൻ ഉദ്ദേശിക്കുന്ന പരിപാടികൾ. 1993–94 പദ്ധതി വർഷത്തിൽ ഈ പരിപാടികളുടെ നടത്തിപ്പിനായി 40 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്.

14. ഗിരിവർഗ്ഗ ഉപ പദ്ധതി

(വിഹിതം 20.00 ലക്ഷം രൂപ)

പട്ടികവർഗ്ഗക്കാർ ആരംഭിക്കുന്ന ഖാദി വ്യവസായ സഹകരണസംഘങ്ങൾക്ക് ധനസഹായം നല്കുന്നതിനു വേണ്ടി വാർഷിക പദ്ധതിയിൽ 20 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

കേരള സ്റേററ് പാൽമീറാ പ്രോഡക്ടസ് ഡെവലപ്പ്മെൻറ് ആൻറ് വർക്കേഴ്സ് വെൽഫെയർ കോർപ്പറേഷൻ ലിമിററഡ് (കെൽപാം)

(വിഹിതം 15.00 ലക്ഷം രൂപ)

പന ഉൽപ്പന്നങ്ങളുടെ വികസനവും പനകയററ തൊഴിലാളികളുടെ ക്ഷേമവും ലക്ഷ്യമാക്കിക്കൊണ്ട് 1985 നവമ്പർ മസത്തിൽ കെൽപാം രൂപീകരിക്കപ്പെട്ടു. പനനാര് സംസ്ക്കരണവും ബ്രഷ് ഉൽപ്പാദനവും ഈ പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ക്ഷേമവുമാണ് ഈ കോർപ്പറേഷൻെറ പ്രധാന പ്രവർത്തനങ്ങൾ. പനനാര് സംസ്ക്കരണ യൂണിററും, ബ്രഷ് മേക്കിംഗ് യൂണിററും വികസിപ്പിക്കുന്നതിനും ആധുനീകരിക്കുന്നതിനുംവേണ്ടി തിരുവനന്തപുരം ജില്ലയിൽ പാറശ്ശാലയിലും പാലക്കാട്ടു ജില്ലയിൽ ആലത്തൂരും ഓരോ യൂണിററുകൾ സ്ഥാപിക്കുന്നതിന് കോർപ്പറേഷൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഈ പരിപാടികളുടെ നടത്തിപ്പിനായി 15 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു.

## പട്ടുനൂൽ വ്യവസായം

### പട്ടുനൂൽ വ്യവസായം

(വിഹിതം 500.00 ലക്ഷം രൂപ)

പട്ടുനൂൽ വ്യവസായത്തിലെ തൊഴിൽ സാദ്ധ്യതകളും ഈ രംഗത്ത് സംസ്ഥാനം കൈവരിച്ച നേട്ടങ്ങളും കണക്കിലെടുത്ത് കേരളത്തിൽ വൻതോതിൽ പട്ടുനൂൽ പുഴുവളർത്തലും അനുബന്ധ വ്യവസായങ്ങളും വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പട്ടുനൂൽ വ്യവസായത്തിന്റെ സമഗ്രമായ പുരോഗതി അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയെ ആശ്രയിച്ചിരിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടവ വിത്തുൽപ്പാദന കേന്ദ്രങ്ങൾ, പട്ടുനൂൽ പുഴുവിന്റെ രോഗവിമുക്തമായ മുട്ടയുടെ ലഭ്യത, പട്ടുനൂൽപ്പുഴുക്കൾക്കുള്ള വിപണന കേന്ദ്രങ്ങൾ എന്നിവയാണ്. ആവശ്യമായ പ്രോത്സാഹനവും പശ്ചാത്തല സൗകര്യങ്ങളും നൽകി പൊതുജന പങ്കാളിത്തത്തോടെ സഹകരണാടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും പട്ടുനൂൽ വ്യവസായ പദ്ധതി നടപ്പാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഓരോ പ്രദേശത്തെയും അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്കനുസൃതമായി ഈ പരിപാടിയുടെ അന്തസത്തയിലും ചില മാറ്റങ്ങൾ വരുന്നതാണ്. 1993–94 സാമ്പത്തിക വർഷത്തിൽ പട്ടുനൂൽ വ്യവസായ വികസനത്തിനായി 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മൊത്ത വിഹിതത്തിൽ 40 ലക്ഷം രൂപ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് ഗുണകരമായ പരിപാടികൾക്കായി നീക്കിവച്ചിരിക്കുന്നു. പ്രസ്തുത സാമ്പത്തിക വർഷം 10,000 ഏക്കർ സ്ഥലത്ത് മൾബറി കൃഷി വ്യാപിപ്പിക്കുവാനും 15,000 കർഷകർക്ക് ഈ വ്യവസായത്തിൽ പരിശീലനം നൽകുന്നതിനും പരിപാടിയിട്ടിട്ടുണ്ട്. ഇതിനായി 60 ലക്ഷം രോഗവിമുക്തമായ മുട്ടസഞ്ചയം (DFLS) ഉൽപ്പാദിപ്പിക്കുവാനും, 24,000 ടൺ പട്ടുനൂൽപ്പുഴുക്കളെ വളർത്താനുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ആറ് പട്ടുനൂൽപ്പുഴു വിത്തുൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

## 6.2 ഇടത്തരം വൻകിട വ്യവസായങ്ങൾ

### പരിപോഷണ സ്ഥാപനങ്ങളും പദ്ധതികളും

**1. കേരള ധനകാര്യ കോർപ്പറേഷൻ**

(വിഹിതം 750.00 ലക്ഷം രൂപ)

1993-94 സാമ്പത്തിക വർഷത്തിൽ 2400 യൂണിററുകൾക്ക് വായ്പ അനുവദിക്കുന്നതിന് കേരള ധനകാര്യ കോർപ്പറേഷൻ ഉദ്ദേശിക്കുന്നു. സംസ്ഥാന സർക്കാരിൽ നിന്നുളള ഓഹരി മൂലധനം, ഐ. ബി. സി. ഐ. യിൽ നിന്നുളള പുനർ വായ്പ, കടപ്പത്രങ്ങൾ തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ 1993-94 സാമ്പത്തിക വർഷത്തേക്കാവശ്യമായ വിഭവങ്ങൾ സമാഹരിക്കുവാനാണ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്. സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനായി 725 ലക്ഷം രൂപ ഓഹരി മൂലധന നിക്ഷേപമായി കോർപ്പറേഷന് നൽകുന്നതിന് പദ്ധതിയിൽ നീക്കി വച്ചിട്ടുണ്ട്. ഇതു കൂടാതെ, പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ കഴിവുണ്ടെങ്കിലും ധന ശേഷിയില്ലാത്ത വ്യവസായ സംരംഭകരെ പ്രത്യേക ഓഹരി മൂലധന സഹായം നൽകി പ്രോത്സാഹിപ്പിക്കുന്നതിനുളള പദ്ധതിയുടെ നടത്തിപ്പിനായി 25 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

**2. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ**

(വിഹിതം 1715.00 ലക്ഷം രൂപ)

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ അതിന്റെ പ്രവർത്തന മേഖലകൾ ഗണ്യമായി വിപുലീകരിക്കുന്നതിനുളള ഒരു പ്രവർത്തന പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. 'ല്യൂബ്' എണ്ണ ശുദ്ധീകരണ പദ്ധതി, എപ്പിക്ലോറോഹൈഡ്രിൻ പ്രോജക്ട് തുടങ്ങിയ വൻകിട വ്യാവസായിക പദ്ധതികളുൾപ്പെടെ വിവിധ വ്യാവസായിക പദ്ധതികൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകുന്നതിന് ഈ പ്രവർത്തന പരിപാടിയിൽ വിഭാവന ചെയ്തിട്ടുണ്ട്. 1993-94 സാമ്പത്തിക വർഷത്തേക്ക് 1715 ലക്ഷം രൂപ (ഓഹരി മൂലധന നിക്ഷേപമായി 1515 ലക്ഷം രൂപയും പൊതുകടമായി 200 ലക്ഷം രൂപയും) കോർപ്പറേഷനുളള പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഒരുഭാഗം സംസ്ഥാന ഗവൺമെൻറിനു വേണ്ടി കോർപ്പറേഷൻ ഏറെറടുക്കുന്ന മററു വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതാണ്. 'ടെക്നോളജി' ബാങ്ക് ഇൻഫർമാററിക്' സെൻറർ, സെമിനാറുകൾ, സംരംഭകരുടെ സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

**3. സംസ്ഥാന നിക്ഷേപ സബ്സിഡി**

(വിഹിതം 500.00 ലക്ഷം രൂപ)

സംസ്ഥാന നിക്ഷേപ സബ്സിഡി, പരമാവധി 15 ലക്ഷം രൂപ എന്ന നിബന്ധനക്കു വിധേയമായി അഞ്ചു ശതമാനത്തിൽ നിന്ന് 15 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രത്യേക ഊന്നൽ നൽകപ്പെട്ടിട്ടുളള മേഖലകളായ ഇലക്ട്രോണിക്സ്, റബ്ബർ സംസ്ക്കരണം, ഭക്ഷ്യസംസ്ക്കരണം, ലഘു എഞ്ചിനീയറിംഗ്, ഔഷധ നിർമ്മാണം, തുകൽ, കളിമണ്ണ്, സിലിക്ക എന്നിവ അടിസ്ഥാനമാക്കിയുളള വ്യവസായങ്ങൾ, വസ്ത്ര നിർമ്മാണം എന്നിവയ്ക്ക് പരമാവധി 20 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നതാണ്. സ്വകാര്യ സംയുക്ത മേഖലകളിൽ കൂടുതൽ ഇടത്തരം വൻകിട വ്യവസായങ്ങളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുക എന്ന 1991-ലെ വ്യവസായ നയത്തിന്റെ വെളിച്ചത്തിൽ, 1993-94-ൽ ഈ പരിപാടിയുടെ നടത്തിപ്പിനായി പദ്ധതിയിൽ 500 ലക്ഷം രൂപ വക കൊളളിച്ചിട്ടുണ്ട്. ഈ പരിപാടിയുടെ നടത്തിപ്പ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെയാണ് ഏല്പിച്ചിട്ടുളളത്.

**4. സാദ്ധ്യതാ റിപ്പോർട്ടുകളും പ്രോജക്ടു റിപ്പോർട്ടുകളും തയ്യാറാക്കൽ.**

(വിഹിതം 10.00 ലക്ഷം രൂപ)

പുതിയ വ്യവസായ യൂണിററുകളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനായി സംസ്ഥാനത്ത് വൻകിട ഇടത്തര മേഖലകളിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന യൂണിററുകളുടെ സാദ്ധ്യതാ റിപ്പോർട്ടുകളും പ്രോജക്ട് റിപ്പോർട്ടുകളും തയ്യാറാക്കുന്നതിനുളള ചെലവിന്റെ അൻപതു ശതമാനം സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ വഹിക്കുന്നതാണ്. ഈ പരിപാടിയുടെ പ്രവർത്തനത്തിനായി 10 ലക്ഷം രൂപ 1993-94-ലെ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

**5. സെൻറർ ഫോർ മാനേജ്മെൻറ് ഡവലപ്പ്മെൻറ്**

(വിഹിതം 5.00 ലക്ഷം രൂപ)

പദ്ധതി വിഹിതമായി നീക്കിവയ്ക്കപ്പെട്ടിട്ടുളള 5 ലക്ഷം രൂപ സെൻറർ ഫോർ മാനേജ്മെൻറ് ഡവലപ്പ്മെൻറിന്റെ പുതുതായി നിർമ്മിക്കപ്പെട്ട കെട്ടിടത്തിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുളള ചെലവിലേക്കു വേണ്ടിയാണ്.

**6. കയററുമതി പ്രോത്സാഹിപ്പിക്കൽ**

(വിഹിതം 5.00 ലക്ഷം രൂപ)

കേരള സംസ്ഥാന കയററുമതി വ്യാപാര വികസന കൗൺസിൽ ഏറെറടുത്തു നടപ്പിലാക്കുന്നതുൾപ്പെടെയുളള സംസ്ഥാനത്തെ കയററുമതി വ്യാപാര വികസന പ്രവർത്തനങ്ങളുടെ ചെലവിലേക്കായി പദ്ധതിയിൽ 5 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

**7. വ്യവസായ വികസന പ്രദേശങ്ങൾ**

(വിഹിതം 80.00 ലക്ഷം രൂപ)

വൻകിട-ഇടത്തരം വ്യവസായ യൂണിററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഇല്ലാത്ത ജില്ലകളിൽ അത്തരം യൂണിററുകൾ ആരംഭിക്കുന്നതിനാവശ്യമായ വ്യവസായ വികസന പ്രദേശങ്ങൾ സ്ഥാപിക്കുന്നതിനുളള ചെലവിലേക്കായി 1993-94 വർഷത്തേക്ക് 80 ലക്ഷം രൂപ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു.

**8. വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ (സംസ്ഥാന വിഹിതം)**

(വിഹിതം 350.00 ലക്ഷം രൂപ)

ആലപ്പുഴ, പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നു. 1993-94 വർഷത്തേക്ക് ഈ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾക്കുളള സംസ്ഥാന വിഹിതമായി 350 ലക്ഷം രൂപ പദ്ധതിയിൽ വക കൊളളിച്ചിരിക്കുന്നു.

## 9. ഇലക്ട്രോണിക് ടെക്നോളജി പാർക്ക്

(വിഹിതം 1150.00 ലക്ഷം രൂപ)

ഇലക്ട്രോണിക്സിന് സംസ്ഥാന വ്യവസായിക വളർച്ചയിലുള്ള പ്രമുഖ സ്ഥാനം കണക്കിലെടുത്ത് ഉയർന്ന സാങ്കേതിക വിദ്യയുൾക്കൊള്ളുന്ന ഇലക്ട്രോണിക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിക്കൊണ്ട് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലായി ഓരോ ഇലക്ട്രോണിക് ടെക്നോളജി പാർക്കുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് സ്ഥാപിക്കുന്ന ഇലക്ട്രോണിക് ടെക്നോളജി പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ, പൂർത്തീകരിക്കുന്നതിനാവശ്യമായ ചെലവിലേക്കായി 1150 ലക്ഷം രൂപ 1993–94 വർഷത്തെ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു.

## 10. കേരള ഇൻഡസ്ട്രീയൽ ഇൻഫ്രാസ്ട്രക്ച്ചറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

(വിഹിതം 525.00 ലക്ഷം രൂപ)

1991–ലെ വ്യവസായ നയത്തിൽ നിർദ്ദേശിക്കപ്പെട്ടതനുസരിച്ച് രൂപീകരിക്കപ്പെട്ട കേരള ഇൻഡസ്ട്രീയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കാർപ്പറേഷൻ, സംസ്ഥാനത്തെ വ്യവസായങ്ങൾക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതാണ്. താഴെ പറയുന്ന പരിപാടികളുടെ നടത്തിപ്പ് കോർപ്പറേഷന്റെ ചുമതലയായിരിക്കും.

1. പുതിയ ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകളും വികസന പ്ലോട്ടുകളും.

2. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനു വേണ്ട മൂലധന സമാഹരണ പദ്ധതി

3 ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകളുടെ അറ്റകുറ്റപ്പണികളും പുതുക്കിപ്പണിയും

4. വ്യവസായ വികസന പ്രദേശങ്ങൾ സ്ഥാപിക്കൽ

5. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യവസായ, കുതുകികൾക്ക് പണിപ്പുരകൾ നിർമ്മിക്കൽ

6. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യവസായ കുതുകികൾക്ക് പണിപ്പുരകൾ നിർമ്മിക്കൽ

7. വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ സ്ഥാപിക്കൽ

1993-94-ലേയ്ക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വിവിധ പരിപാടികളുടെ നടത്തിപ്പിനുള്ള വിഭവ സമാഹരണം നടത്തുന്നതിനായി കോർപ്പറേഷന് 525 ലക്ഷം രൂപ ഓഹരി മൂലധന നിക്ഷേപമായി വാർഷിക പദ്ധതിയിൽ നീക്കിവച്ചിരിക്കുന്നു.



## പൊതുമേഖലാ ഉല്പാദക വ്യവസായ സംരംഭങ്ങൾ, കാററഗറി: രണ്ട്

## 11. നഷ്ടത്തിൽ പ്രവർത്തിക്കുന്നുവെങ്കിലും ലാഭകരമാക്കാൻ കഴിയുന്ന പൊതുമേഖലാ വ്യവസായ സംരംഭങ്ങൾ

(വിഹിതം 1500.00 ലക്ഷം രൂപ)

സംസ്ഥാനത്തെ പൊതുമേഖലാ ഉത്പാദക വ്യവസായ സംരംഭങ്ങളെ അവയുടെ നിലവിലുള്ള സാമ്പത്തിക നിലയനുസരിച്ച് നാലായി തരം തിരിക്കപ്പെട്ടിരിക്കുന്നു. ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സംരംഭങ്ങൾ, നഷ്ടത്തിൽ പ്രവർത്തിക്കുന്നുവെങ്കിലും ലാഭകരമാക്കാൻ കഴിയുന്ന പൊതുമേഖലാ വ്യവസായ സംരംഭങ്ങൾ തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്നതും വിശദമായ പഠനങ്ങൾക്കു ശേഷം പുനരുജ്ജീവിപ്പിക്കണമോ അടച്ചു പൂട്ടണമോ എന്ന തീരുമാനം കൈക്കൊള്ളേണ്ടതുമായ പൊതുമേഖലാ സംരംഭങ്ങൾ നിർമ്മാണ ഘട്ടത്തിലോ പ്രാരംഭദശയിലോ ഉള്ള പൊതുമേഖലാ വ്യവസായ സംരംഭങ്ങൾ എന്നിവയാണവ.

നാല് ഹോൾഡിങ്ങ് കമ്പനികളുൾപ്പെടെ താഴെ വിവരിക്കുന്ന പത്ത് വ്യവസായ യൂണിററുകളെ നഷ്ടത്തിൽ പ്രവർത്തിക്കുന്നുവെങ്കിലും ലാഭകരമാക്കാൻ കഴിയുന്ന പൊതുമേഖലാ വ്യവസായ സംരംഭങ്ങളുടെ ഇനത്തിൽ പെടുത്തിയിരിക്കുന്നു.

1. ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലക്ട്രിക്കൽസ്, കേരളാ ലിമിററഡ്.

2 കേരളാ മിനറൽസ് ആൻറ് മെററൽസ് ലിമിററഡ്.

3. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിററഡ്

4. കേരളാ ഓട്ടോ മൊബൈൽസ് ലിമിററഡ്

5. ചാലക്കുടി റിഫ്രാക്ടറീസ് ലിമിററഡ്

6. ട്രിച്ചൂർ കോ–ഓപ്പറേറീവ് സ്പിന്നിങ്ങ് മിൽസ് ലിമിററഡ്.

7. കേരളാ സ്റേററ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിററഡ്.

8. കേരളാ സ്റേററ് ഇൻഡസ്ട്രീയൽ എൻറർപ്രൈസസ് ലിമിററഡ്

9 സ്ററീൽ ഇൻഡസ്ട്രീയൽസ് കേരളാ ലിമിററഡ്

10. കേരള സ്റേററ് ടെക്സ്ററയിൽ കോർപ്പറേഷൻ ലിമിററഡ്.

സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനുവേണ്ടി മേൽ വിവരിച്ച വ്യവസായ യൂണിററുകൾ പദ്ധതിക്കാലത്ത് നടപ്പാക്കുന്നതിനുവേണ്ടി ചില പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്. ഈ യൂണിററുകൾ 1993–94 വർഷത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കുള്ള സർക്കാർ സഹായമായി 1500 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ നീക്കി വച്ചിരിക്കുന്നു. ഈ തുകയിൽ നിന്നും ഓരോ പരിപാടികൾക്കുമുള്ള സഹായം നൽകുന്നത് ഈ പരിപാടികളുടെ നിർവ്വഹണത്തിൽ പങ്കാളികളായ ധനകാര്യ സ്ഥാപനങ്ങളും, സംസ്ഥാന സർക്കാരും അംഗീകരിച്ച നിക്ഷേപ മാതൃകയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും.

**കാററഗറി: മൂന്ന്**

**12. തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്നതും, വിശദമായ പഠനങ്ങൾക്കുശേഷം പുനരുജ്ജീവിപ്പിക്കണമോ, അടച്ചുപൂട്ടണമോ എന്ന തീരുമാനം കൈക്കൊള്ളേണ്ടതുമായ പൊതുമേഖലാ വ്യവസായ സംരംഭങ്ങൾ**

(വിഹിതം 250.00 ലക്ഷം രൂപ)

താഴെ വിവരിക്കുന്ന ഏഴ് പൊതുമേഖലാ വ്യവസായ യൂണിററുകളെ ഈ ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1. കേരളാ സിറാമിക്സ് ലിമിററഡ്

2. കേരളാ കൺസ്ട്രക്ഷൻ കോംപോണൻറ്സ് ലിമിററഡ്

3. മെട്രോ പോളിററൻ എഞ്ചിനീയറിംഗ് കമ്പനി ലിമിററഡ്.

4. സീതാറാം ടെക്സ്ററയിൽസ് ലിമിററഡ്

5. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിററഡ്.

6. മലപ്പുറം കോ-ഓപ്പറേററീവ് സ്പിന്നിംഗ് മിൽസ് ലിമിററഡ്.

7. ആലപ്പി കോ-ഓപ്പറേററീവ് സ്പിന്നിംഗ് മിൽസ് ലിമററഡ്.

വാർഷിക പദ്ധതിയിൽ നീക്കിവക്കപ്പെട്ടിട്ടുള്ള 250 ലക്ഷം രൂപ ഓരോ വ്യവസായ യൂണിററുകളെ കുറിച്ചും പഠനങ്ങൾ നടത്തിയ ഏജൻസികളുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ അതാതു യൂണിററുകൾ ഏറെറടുക്കുന്ന പ്രോജക്ററുകൾക്കു വേണ്ടിയുള്ള സർക്കാറിൻെറ സഹായമാകുന്നു. ചില യൂണിററുകൾ ഇതിനകം തന്നെ അവയുടെ പുനരുദ്ധാരണത്തിനുള്ള പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരും, പ്രോജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഏജൻസികളും അംഗീകരിച്ച നിക്ഷേപ മാതൃകയ്ക്കനുസൃതമായിട്ടായിരിക്കും സംസ്ഥാന സഹായം നൽകപ്പെടുക.

# 6.3 ഖനനം

## മൈനിങ്ങ് ആൻറ് ജിയോളജി ഡിപ്പാർട്ടുമെൻറ്

### 1. ഡിപ്പാർട്ടുമെൻറും അതിൻെറ ജില്ലാഘടകങ്ങളും ശക്തിപ്പെടുത്തൽ

(വിഹിതം 12.50 ലക്ഷം രൂപ)

മൈനിങ്ങ് ആൻറ് ജിയോളജി ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഘട്ടം ഘട്ടമായി ജില്ലാ ഓഫീസുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. നീക്കിവക്കപ്പെട്ടിട്ടുള്ള വിഹിതം ഡിപ്പാർട്ടുമെൻറും അതിൻെറ ജില്ലാ ഘടകങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള ചെലവുകൾക്കുവേണ്ടിയാണ്.

### 2. ധാതുഗവേഷണം

(വിഹിതം 40.00 ലക്ഷം രൂപ)

കയോലിനിററിക് കളിമൺ ശേഖരങ്ങളുടെ വിശദമായ പര്യവേഷണം, ഗ്രാഫൈററ് നിക്ഷേപങ്ങളുടെ പര്യവേഷണം, സ്ററീഗൈററ്, മൈക്ക, അലങ്കാരയോഗ്യമായ പാറക്കല്ലുകൾ എന്നിവയുടെ ധാതുസംബന്ധമായ പഠനം തുടങ്ങിയവ ഉൾക്കൊള്ളുന്ന ഒരു പരിപാടിക്ക് മൈനിങ്ങ് ആൻറ് ജിയോളജി ഡിപ്പാർട്ടുമെൻറ് രൂപം നൽകിയിട്ടുണ്ട്. പദ്ധതി വിഹിതം പുതിയ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും പര്യവേഷണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് വേതനം നൽകുന്നതിനും വേണ്ടിയുള്ളതാണ്.

### 3. കെമിക്കൽ ലാബറട്ടറി ശക്തിപ്പെടുത്തൽ

(വിഹിതം 2.00 ലക്ഷം രൂപ)

ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ നിലവിലുള്ള കെമിക്കൽ ലാബറട്ടറിയുടെ പ്രവർത്തനങ്ങൾ തുടരുന്നതിനും ശക്തിപ്പെടുത്തുന്നതിനും വേണ്ടിയാണ് പദ്ധതി വിഹിതം നീക്കിവക്കപ്പെട്ടിട്ടുള്ളത്. പര്യവേഷണഘട്ടങ്ങളിൽ ശേഖരിക്കപ്പെടുന്ന സാമ്പിളുകളുടെ വിശദമായ പരിശോധനകൾക്ക് ആവശ്യമായ ആധുനികോപകരണങ്ങൾ വാങ്ങുന്നതിനും തുക വിനിയോഗിക്കുന്നതാണ്.

### 4. ഉദ്യോഗസ്ഥൻമാരുടെ പരിശീലനം

(വിഹിതം 0.50 ലക്ഷം രൂപ)

മൈനിങ്ങ് ആൻറ് ജിയോളജി വകുപ്പിലെ സാങ്കേതിക വിദഗ്ധരുടെ ധാതുപര്യവേഷണത്തിലും ദൈനംദിനപ്രവർത്തനങ്ങളിലുമുള്ള വൈദഗ്ദ്ധ്യം ആനുകാലികമായി പുതുക്കേണ്ടതുണ്ട് 1993–94 വർഷത്തിൽ ഇവർക്കുള്ള പരിശീലന പരിപാടികൾക്ക് വേണ്ടിവരുന്ന ചിലവുകൾക്കാണ് പദ്ധതി വിഹിതം നീക്കിവക്കപ്പെട്ടിട്ടുള്ളത്.

## ധാതു വികസനം

### 1. കേരളാ മിനറൽ എക്സ്പ്ലൊറേഷൻ ആൻറ് ഡവലപ്പ്മെൻറ് പ്രോജക്ററ്

(വിഹിതം 35.00 ലക്ഷം രൂപ)

സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള ധാതുസമ്പത്തുകൾ വിലയിരുത്തുന്നതിനുള്ള ധാതു പര്യവേഷണ പ്രവർത്തനങ്ങൾ തുടരുന്നതിന് കേരളാ മിനറൽ എക്സ്പ്ലൊറേഷൻ ആൻറ് ഡവലപ്പ്മെൻറ് പ്രോജക്ട് ഉദ്ദേശിക്കുന്നു. പ്രോജക്ടിനാവശ്യമായ ലാബറട്ടറിയും യന്ത്രോപകരണങ്ങളും 1993–94 സാമ്പത്തിക വർഷത്തിൽ തന്നെ സ്ഥാപിക്കുന്നതാണ്. ഈ പ്രവർത്തനങ്ങളുടെ ചെലവിന് വേണ്ടിയാണ് പദ്ധതി വിഹിതം നീക്കിവയ്ക്കപ്പെട്ടിട്ടുള്ളത്.

### 2. കേരളാ മിനറൽ സ്ക്വാഡ്.

(വിഹിതം 5.00 ലക്ഷം രൂപ)

ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ പ്രവർത്തിക്കുന്ന രണ്ട് മിനറൽ സ്ക്വാഡുകളുമായി ബന്ധപ്പെട്ട ശമ്പളം, യാത്രാബത്ത. ഓഫീസ് ചെലവുകൾ തുടങ്ങിയവയ്ക്കായി 1993–94 വർഷത്തേയ്ക്ക് 5 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

### 3. മൈനിങ്ങ് ആൻറ് ജിയോളജി വകുപ്പിൻേറയും കെ.എം.ഇ.ഡി.പി. യുടേയും ഭരണകാര്യാലയങ്ങൾക്കുവേണ്ടിയുള്ള കെട്ടിടത്തിൻെറ നിർമ്മാണം

(വിഹിതം 10.00 ലക്ഷം രൂപ)

മൈനിങ്ങ് ആൻറ് ജിയോളജി വകുപ്പിൻേറയും കേരളാ മിനറൽ എക്സ്പ്ലൊറേഷൻ ആൻറ് ഡവലപ്പ്മെൻറ് പ്രോജക്ടിൻേറയും ഭരണകാര്യാലയങ്ങൾക്കുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള ചുമതല സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചിരിക്കുന്നു. 1993–94–ൽ ഈ കെട്ടിടത്തിൻെറ നിർമ്മാണ ചെലവുകൾക്കായി 10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 4. കേരളാ മിനറൽ ഡവലപ്പ്മെൻറ് കോർപ്പറേഷൻ

(വിഹിതം 30.00 ലക്ഷം രൂപ)

സംസ്ഥാനത്തിൻെറ ധാതു സമ്പത്ത് വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി ജൂൺ 1992–ന് കേരളാ മിനറൽ ഡവലപ്പ്മെൻറ് കോർപ്പറേഷൻ നിലവിൽ വന്നു. സ്വകാര്യ മേഖലയിൽ നിന്നു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സഹായം നേടിക്കൊണ്ട് സംസ്ഥാനത്ത് സംയുക്ത മേഖലയിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന പ്രോജക്ടുകൾക്കുവേണ്ടി സാധ്യതാപഠനങ്ങൾ ഏറെറടുക്കുകയും പ്രാരംഭ മൂലധന സഹായം നൽകുകയും ചെയ്യുന്നുണ്ട്. കോർപ്പറേഷന് ഓഹരി മൂലധനനിക്ഷേപമായി നല്കുന്നതിനുവേണ്ടി 30 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ നീക്കി വച്ചിരിക്കുന്നു.

# VII ഗതാഗതവും വാർത്താവിനിമയവും

## 7.1 തുറമുഖങ്ങളും ലൈററുഹൗസുകളും

1. നീണ്ടകര വാണിജ്യ തുറമുഖം.

(വിഹിതം 20.00 ലക്ഷം രൂപ)

നിലവിലുള്ള വാർഫ് 30 മീററർ കൂടി നീട്ടി നിർമ്മിക്കുന്നതിനും, ദീപാലങ്കരണം, ജലവിതരണം എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ട്രാൻസിററ് ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ളതാണ് ഈ പദ്ധതി. മേൽപ്പറഞ്ഞ പരിപാടികൾ നടപ്പിലാക്കുന്നതിനാണ് ഈ വിഹിതം വകയിരുത്തിയിരിക്കുന്നത്.

2. ബേപ്പൂർ വാണിജ്യ തുറമുഖം

(വിഹിതം: 60.00 ലക്ഷം രൂപ)

നിലവിലുള്ള വാർഫിൻെറ നീളം 100 മീററർകൂടി വർദ്ധിപ്പിക്കുക, ട്രാൻസിററ് ഷെഡ്ഡുകൾ, റോഡ്, പാർക്കിംഗിനുള്ള സ്ഥലം എന്നീ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുക എന്നിവയാണ് എട്ടാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. മേൽപ്പറഞ്ഞ പരിപാടികളിൽ വാർഫിൻെറ നീളം 75 മീററർ കൂട്ടി നിർമ്മിക്കുക ട്രാൻസിററ് ഷെഡ്ഡുകൾ നിർമ്മിക്കുക എന്നിവ 1992–93 വാർഷികപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്നു. എട്ടാം പദ്ധതിയിലെ ശേഷിക്കുന്ന പരിപാടികളായ വാർഫിൻെറ മിച്ചമുള്ള 25 മീററർ കൂടി നീട്ടി നിർമ്മിക്കൽ, റോഡ്, പാർക്കിംഗ് സ്ഥലം എന്നിവയുടെ നിർമ്മാണം തുടങ്ങിയവയുടെ പൂർത്തീകരണത്തിനായാണ് ഈ വിഹിതം മാററിവച്ചിട്ടുള്ളത്. എന്നാൽ ബേപ്പൂരിലെ കൺസ്ട്രക്ഷൻ സബ് ഡിവിഷനിലെ ഉദ്യോഗസ്ഥൻമാരുടെ ശമ്പളവും മററു ബത്തകളും ഈ വിഹിതത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

3. പര്യവേഷണവും ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനു വേണ്ടി മാസ്ററർ പ്ലാൻ തയ്യാറാക്കലും

(വിഹിതം 3.00 ലക്ഷം രൂപ)

തുടർന്നു കൊണ്ടിരിക്കുന്ന പര്യവേഷണ പ്രവർത്തങ്ങൾക്കും, പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും, ബുക്കുകൾ വാങ്ങാനും, സെൻട്രൽ വാട്ടർ ആൻഡ് പവ്വർ റിസർച്ച് സ്റേറഷനും ലാൽബഹദൂർ ശാസ്ത്രി ശാസ്ത്ര സങ്കേതിക കേന്ദ്രത്തിനും കൺസൾട്ടൻസി ചാർജ്ജു നൽകാനുമാണ് ഈ വിഹിതം വകയിരുത്തിയിട്ടുള്ളത്.

4. കടൽപ്പാലങ്ങളുടേയും ഇതര ഘടനകളുടേയും പ്രധാന അററകുററപ്പണികളും കൂട്ടിച്ചേർക്കലുകളും

(വിഹിതം: 7.00 ലക്ഷം രൂപ)

ആലപ്പുഴ, കോഴിക്കോട്, തിരുവനന്തപുരം, തുറമുഖങ്ങളിലെ പിയറുകളുടെ, സ്ററീൽ ഗിർഡറുകൾ, ഫെൻഡറുകൾ, ഡെക്ക്സ്ലാബുകൾ എന്നിവ മാററി സ്ഥാപിക്കൽ മുതലായ സ്ഥിരം അററകുററപ്പണികൾ നിർവ്വഹിക്കുന്നതിലേക്കായി 7.00 ലക്ഷം രൂപ വിഹിതമായി മാററിവയ്ക്കപ്പെട്ടിരിക്കുന്നു. എല്ലാ തുറമുഖങ്ങളിലുമുള്ള ഗോഡൗണുകളുടെ പ്രധാന അററകുററപ്പണികളും ഈ വിഹിതമുപയോഗപ്പെടുത്തി നിർവ്വഹിക്കുന്നതാണ്.

5. ഫ്ളോട്ടിംഗ് ക്രാഫ്ററുകളുടേയും മററുപകരണങ്ങളുടേയും പ്രധാന അററകുററപ്പണികളും വലിയ കൂട്ടിച്ചേർക്കലുകളും

(വിഹിതം: 15.00 ലക്ഷം രൂപ)

തുറമുഖ വകുപ്പിൻെറ ഫ്ലോട്ടിംഗ് ക്രാഫ്ററുകളുടേയും ഡ്രഡ്ജറുകളൊഴികെയുള്ള മററുപകരണങ്ങളുടേയും പ്രധാന അററകുററപ്പണികളും വലിയ കൂട്ടിച്ചേർക്കലുകളും നിവ്വഹിക്കുന്നതിലേക്കാണ് ഈ തുക ഉൾക്കൊള്ളിച്ചിട്ടുള്ളത്.

6. ചെറുകിട തുറമുഖങ്ങളിലെ പ്രധാന മണ്ണുമാന്തൽ

(വിഹിതം: 85.00 ലക്ഷം രൂപ)

നീണ്ടകര, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളുടെ അഴിമുഖത്തെ മണ്ണുമാന്തൽ പരിപാടികൾക്കാണ് 1993–94 വർഷത്തേക്കു ഈ വിഹിതം വകയിരുത്തിയിട്ടുള്ളത്. ഡിപ്പാർട്ടുമെൻറു വക ഡ്രഡ്ജറുകളുടെ പ്രധാന അററകുററപ്പണികൾക്കുവേണ്ട തുകയും ഈ വിഹിതത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

7. മണ്ണു മാന്തലുമായി ബന്ധപ്പെട്ട ഹൈഡ്രോഗ്രാഫിക് സർവ്വേ,

(വിഹിതം: 3.00 ലക്ഷം രൂപ)

മണ്ണുമാന്തൽ പ്രവർത്തനങ്ങൾക്കു മുൻപും പിൻപും ഹൈഡ്രോഗ്രാഫിക് സർവ്വേകൾ നടത്തേണ്ടതുണ്ട്. അത്തരം സർവ്വേകൾ ഈ വാർഷിക പദ്ധതികാലത്ത് നടത്തുന്നതിനു വേണ്ടിയാണ് ഈ വിഹിതം.

8. തുറമുഖങ്ങൾക്കും ഡ്രഡ്ജിംഗിനുംവേണ്ട പുതിയ അനുബന്ധോപകരണങ്ങൾ വാങ്ങൽ

(വിഹിതം : 40.00 ലക്ഷം രൂപ)

റിപ്പയർ ചെയ്തു ശരിയാക്കാൻ കഴിയാത്തവിധം പഴകിയവയ്ക്കുപകരം പുതിയ ഫ്ലോട്ടിംഗ് ക്രാഫ്ററുകളും ജലഗതാഗത ഉപകരണങ്ങളും വാങ്ങുന്നതിനായാണ് ഈ പദ്ധതി ഏർപ്പെടുത്തിയിരിക്കുന്നത്. മേൽപ്പറഞ്ഞ പരിപാടിയുടെ നടത്തിപ്പിലേക്കാണ് ഈ വിഹിതം ഉൾപ്പെടുത്തിയിട്ടുള്ളത്.

9. മണ്ണുമാന്തലിനു വേണ്ട പൈപ്പുലൈനുകൾ വാങ്ങൽ

(വിഹിതം: 20.000 ലക്ഷ. രൂപ)

മണ്ണുമാന്തൽ പരിപാടികൾക്ക് HDPE & MS പൈപ്പ് ലൈനുകൾ വാങ്ങേണ്ടതുണ്ട്. 1993–94 വർഷത്തിൽ 200 മീററർ HDPE & MS പൈപ്പ്ലൈൻ വാങ്ങുന്നതിനാണ് ഈ വിഹിതം.

10. വലിയ അററകുററപണികൾ.

(വിഹിതം: 15.00 ലക്ഷം രൂപ)

ഈ തുക ഹൈഡ്രോഗ്രാഫിക് സർവ്വേ വിങ്ങിൻെറ വക സർവ്വേ വെസ്സലുകൾക്കും മററുപകരണങ്ങൾക്കും വേണ്ടിവരുന്ന അററകുററപ്പണികൾ 1993–94 വർഷത്തിൽ ചെയ്യുന്നതിലേക്കാണ്

11. ഹൈഡ്രോഗ്രാഫിക് സർവ്വേ യൂണിററ്

(വിഹിതം 2.00 ലക്ഷം രൂപ)

ഹൈഡ്രോഗ്രാഫിക് സർവ്വേ പ്രവർത്തനങ്ങളി ലേർപ്പെട്ടിരിക്കുന്ന സാങ്കേതിക ഉദ്യോഗസ്ഥൻമാർക്ക് ട്രെയിനിംഗ് നൽകുവാനാണ് ഈ വിഹിതം വകയിരുത്തിയിരിക്കുന്നത്.

12. തുറമുഖ ഉദ്യോഗസ്ഥൻമാരുടെ താമസ സൌകര്യം

(വിഹിതം 5.00 ലക്ഷം രൂപ)

ഈ വാർഷികപദ്ധതിക്കാലത്ത് സ്ററാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുവാനാണ് ഈ തുക മാററി വച്ചിട്ടുള്ളത്.

13. വർക്ക്ഷോപ്പുകളും സ്റ്റോറും

(വിഹിതം 10.00 ലക്ഷം രൂപ)

എട്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് (1992–97) ബേപ്പൂരിൽ ഒരു സ്ലിപ്പ്വേ നിർമ്മിക്കുവാനും സ്റ്റോറിൽ വേണ്ട സ്പെയർ പാർട്ടുകൾ നൽകുവാനും ലക്ഷ്യമിട്ടിരുന്നു. മേൽപ്പറഞ്ഞ പരിപാടികൾക്കായി 1993–94 സാമ്പത്തിക വർഷത്തേക്ക് 10.00 ലക്ഷം രൂപ മാററിവയ്ക്കപ്പെട്ടിരിക്കുന്നു. വർക്ക്ഷോപ്പുകളിലും സ്റ്റോറിലും പണിചെയ്യുന്ന ഉദ്യോഗസ്ഥൻമാരുടെ ശമ്പളവും മററു ബത്തകളും ഈ വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാകുന്നു.

14. അഴീക്കൽ തുറമുഖം

(വിഹിതം 25.00 ലക്ഷം രൂപ)

അഴീക്കൽ തുറമുഖത്തിൻെറ വികസനത്തിനായുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ട്. അതിൻെറ ഭരണാനുമതി പ്രതീക്ഷിക്കുക്കുന്നു.

ഭരണാനുമതി ലഭിക്കുന്നതിനെതുടർന്ന് അഴിമുഖം ക്രമീകരിക്കുന്നതിനായി രണ്ട് തുറമുഖച്ചിറകൾ കെട്ടുന്നതിനും ആഴം ആറു മീററായി വർദ്ധിപ്പിക്കുന്നതിന് മണ്ണുമാന്തൽ പരിപാടി നടത്തുന്നതിനുമായാണ് ഈ വിഹിതം വകകൊള്ളിച്ചിരിക്കുന്നത്.

## 7·2 റോഡുകളും പാലങ്ങളും

### 1. സംസ്ഥാന രാജപാതകൾ

(വിഹിതം 1000.00 ലക്ഷം രൂപ)

സംസ്ഥാന രാജപാതകളെ വികസിപ്പിച്ച് മെച്ചപ്പെടുത്തുന്നതിനും അവയിൽ കലുങ്കുകളും പാലങ്ങളും നിർമ്മിക്കുന്നതിനുമാണ് ഈ തുക. റോഡുകളുടെ ഉപരിതലം നിരപ്പാക്കുക, വീതികൂട്ടുക, വളവുകൾ ഇല്ലാതാക്കുക, ആവശ്യമുള്ള റോഡുസിഗ്നലുകൾ പ്രദാനം ചെയ്യുക എന്നീ വികസനപ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ബലം കുറഞ്ഞ പാലങ്ങളുടെ നിലവിലുള്ള പണികൾ പൂർത്തീകരിക്കുന്നതിനാണ് മുൻതൂക്കം നൽകിയിരിക്കുന്നത്. 1993–94 ബഡ്ജററിൽ 750.00 ലക്ഷം രൂപ റോഡുകളുടെ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനും 250.00 ലക്ഷം രൂപ പാലങ്ങളുടേയും കലുങ്കുകളുടേയും നിർമ്മാണത്തിനായും നീക്കി വച്ചിരിക്കുന്നു.

### ജില്ലാറോഡുകളും മററുറോഡുകളും

### 2. മുഖ്യ ജില്ലാറോഡുകൾ

(വിഹിതം 925.00 ലക്ഷം രൂപ)

ജില്ലാറോഡുകളിൽ വീതികൂട്ടുക, ഉപരിതലം നിരപ്പാക്കുക, ടാർ കനം കൂട്ടുക, വളവുകൾ താരതമ്യേന ഇല്ലാതാക്കുക, ഗതാഗതസൗകര്യത്തിനുള്ള സിഗ്നലുകൾ റോഡിൽ സ്ഥാപിക്കുക എന്നീ വികസനപ്രവർത്തനങ്ങൾ ആവശ്യമാണ്. 1992–93 ബഡ്ജററ് പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്ന മണ്ണാറക്കുളഞ്ഞി ചാലക്കയം റോഡിന്റെ നിർമ്മാണം ശബരിമലയിലേക്കുള്ള എരുമേലി, പത്തനംതിട്ട പ്രദേശങ്ങളിലുള്ള റോഡുകളുടെ നിർമ്മാണം പെരുവണ്ണാമുഴി–പൂഴിത്തോട്, പടിഞ്ഞാറെത്തറ റോഡുകളുടെ നിർമ്മാണം എന്നിവയും വെച്ചൂർ–കുമരകം റോഡിന്റെ നിർമ്മാണ പൂർത്തീകരണം കവനാർ, പെണ്ണാർ, കണ്ണപ്പുഴ, പാലങ്ങളുടെ നിർമ്മാണം എന്നിവയ്ക്കുള്ള അടങ്കലും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആകെ അനുവദിച്ചിട്ടുള്ള 925.00 ലക്ഷം രൂപയിൽ 700.00 ലക്ഷം രൂപ റോഡുകളുടെ വികസനപ്രവർത്തനങ്ങൾക്കും ശേഷിക്കുന്ന 225.00 ലക്ഷം രൂപ കലുങ്കുകളുടേയും പാലങ്ങളുടേയും നിർമ്മാണ പ്രവർത്തനങ്ങൾക്കായും ഉപയോഗിക്കുന്നതാണ്.

### 3. മററു ജില്ലാറോഡുകൾ.

(വിഹിതം 685.00 ലക്ഷം രൂപ)

പ്രധാന ജില്ലാറോഡുകളല്ലാത്ത മററു ജില്ലാറോഡുകളെ നിശ്ചിതനിലവാരത്തിൽ വികസിപ്പിക്കുന്നതോടൊപ്പം ടാർ ഇടുന്നതിനും വളവുകൾ താരതമ്യേന ഇല്ലാതാക്കുന്നതിനും വേണ്ടിയാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. മലയോരപ്രദേശങ്ങളുടേയും കടലോരപ്രദേശങ്ങളിലെ റോഡുകളുടേയും വികസനത്തിന് ഈ പദ്ധതിയിൽ പ്രാധാന്യം നൽകുന്നതാണ്. അടങ്കലിൽനിന്ന് 500.00 ലക്ഷം രൂപ വികസനപ്രവർത്തനങ്ങൾക്കായും ശേഷിച്ച 185.00 ലക്ഷം രൂപ പാലങ്ങളുടേയും കലുങ്കുകളുടേയും നിർമ്മാണത്തിനായും വകകൊള്ളിച്ചിരിക്കുന്നു.

### 4. ഗ്രാമീണ റോഡുകൾ

(വിഹിതം 1477.00 ലക്ഷംരൂപ)

പൊതുമരാമത്തു വകുപ്പ് ഏറെറടുക്കുന്ന റോഡുകളിൽ ചല്ലിനിരത്തുക, ടാർ ഇടുക തുടങ്ങിയ വികസനപ്രവർത്തനങ്ങൾക്കും, വിവിധ ഘട്ടങ്ങളിൽ എത്തിയിരിക്കുന്ന 54 എം. എൽ. എ. റോഡുകളുടെ ശേഷിച്ച പണികൾ പൂർത്തീകരിക്കുന്നതിനും വേണ്ടിയാണ് പ്രസ്തുത വിഹിതം. തീർന്ന പണികൾക്ക് കൊടുത്തു തീർക്കുവാനുള്ള തുകയും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മൊത്തം അടങ്കൽ തുകയായ 1477.00 ലക്ഷം രൂപയിൽ 400.00 ലക്ഷം രൂപ കലുങ്കുകളുടെയും പാലങ്ങളുടെയും ശേഷിച്ച നിർമ്മാണ ചെലവുകൾക്കുള്ള വിഹിതമാണ്. പുല്ലൂട്ട്–കൊമ്പത്തികടവു റോഡിൽ തച്ചപ്പിള്ളി പാലത്തിന്റെ നിർമ്മാണത്തിനുള്ള ചെലവും, പുല്ലൂട്ട്–പുത്തൻചിറ റോഡ് നിർമ്മാണത്തിന് ആവശ്യമായ തുകയും ഈ അടങ്കലിൽ നിന്നും വഹിക്കേണ്ടതാണ്.

### ആസൂത്രണവും ഗവേഷണവും സർവ്വേയും പര്യവേഷണവും.

### 5. കേരള ഹൈവേ റിസർച്ച് ഇൻസ്ററിററ്യൂട്ട്

(വിഹിതം 20.00 ലക്ഷംരൂപ)

റോഡു നിർമ്മാണത്തിന്റേയും അററകുററപ്പണികളുടെയും വിവിധ വശങ്ങളെക്കുറിച്ച് കേരള ഹൈവേ റിസർച്ച് ഇൻസ്ററിററ്യൂട്ട് ഏറെറടുക്കുന്ന ഗവേഷണങ്ങൾ നടത്തുന്നതിനും, റോഡുകളുടെയും പാലങ്ങളുടെയും പുനരുദ്ധാരണത്തിനും ഉതകുന്നതായ സർവ്വേയ്ക്കും പര്യവേഷണത്തിനും വേണ്ടി 20.00 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു.

### 6. നാഷണൽ ട്രാൻസ്പോർട്ടേഷൻ, പ്ലാനിംഗ് ആൻറ് റിസർച്ച് സെൻറർ നടത്തേണ്ട പഠനങ്ങൾ

(വിഹിതം 30.00 ലക്ഷംരൂപ)

സംസ്ഥാന ശാസ്ത്ര സാങ്കേതിക സമിതിയിലെ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ചിട്ടുള്ള പഠനങ്ങളും സർവ്വേയും പ്രസ്തുത കമ്മിററിക്കുവേണ്ടി ഏറെറടുത്തു നടത്തുന്നതിനായി നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻറ് റിസർച്ച് സെൻററിന് പദ്ധതി വിഹിതമായി 30.00 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു. റോഡു ഗതാഗതവും സർവ്വേയും കേരള സംസ്ഥാനത്തെ ആസ്പദമാക്കി ആയിരിക്കണം.

### 7. റെയിൽവേ സുരക്ഷിതത്വപണികൾ

(വിഹിതം 100.00 ലക്ഷം രൂപ)

സംസ്ഥാന റോഡു ശൃംഖലയിൽ റെയിൽ ഓവർ ബ്രിഡ്ജുകൾ, അണ്ടർ ബ്രിഡ്ജുകൾ, അപ്രോച്ച് റോഡുകൾ മുതലായവയുടെ പണികൾ ഏറെറടുത്തു നടത്തുന്നതിനു വേണ്ടിയാണ് പ്രസ്തുത വിഹിതം

### 8. ഹരിജനങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക ഘടക പദ്ധതി—ഹരിജന അധിവാസ കേന്ദ്രങ്ങളിലെ റോഡുകൾ

(വിഹിതം 425.00 ലക്ഷം രൂപ)

ഹരിജനങ്ങളുടെ അധിവാസ കേന്ദ്രങ്ങളിൽനിന്നും സ്ക്കൂളുകൾ, വ്യാപാര സ്ഥലങ്ങൾ എന്നിവിടങ്ങളിലേക്ക് അപ്രോച്ചുറോഡുകൾ നിർമ്മിക്കുന്നതിനു വേണ്ടിയാണ് ഈ തുക ഉൾക്കൊള്ളിച്ചിരിക്കുന്നത്.

9. ഗിരിവർഗ്ഗ ഉപ പദ്ധതി—ഗിരിവർഗ്ഗ പ്രദേശങ്ങളിലെ റോഡുകൾ

(വിഹിതം 110.00 ലക്ഷംരൂപ)

ഗിരിവർഗ്ഗപ്രദേശങ്ങളിൽ നിന്നും സ്കൂളുകൾ, ചന്തസ്ഥലങ്ങൾ, പ്രധാനപ്പെട്ട റോഡുകൾ, എന്നിവിടങ്ങളിലേക്കുള്ള റോഡുകൾ നിർമ്മിക്കുന്നതിനായി പ്രസ്തുത തുക വക കൊള്ളിച്ചിരിക്കുന്നു.

10. സാമ്പത്തിക പ്രാധാന്യമുള്ള റോഡുകൾ—അൻപതു ശതമാനം സംസ്ഥാന വിഹിതം

(വിഹിതം 80.00 ലക്ഷംരൂപ)

സാമ്പത്തിക പ്രാധാന്യമുള്ള റോഡുകളായ കൊല്ലം—വർക്കല തീരപ്രദേശ റോഡിന്റെയും, തൃക്കരിപ്പൂർ ദ്വീപുകളെ കരയുമായി ബന്ധിപ്പിക്കുന്ന ഏട്ടികുളം—നീലേശ്വരം തീരപ്രദേശ പാലത്തിന്റെ പണിക്കായും ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ സംസ്ഥാന വിഹിതമായി 80.00 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു. സംസ്ഥാന പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള നാഷണൽ ഹൈവേ വിഭാഗമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ എം. സി റോഡിന്റെ കി. മീ. 0/000 മുതൽ 43/200 വരെയുള്ള വികസനത്തിനും കൊല്ലം ജില്ലയിൽ കി. മീ. 43/200 മുതൽ 70/000 വരെയുള്ള വികസനത്തിനും കൂടിയാണ് പ്രസ്തുത തുക.

11. പോളോർ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിൾ പ്രോജക്റ്റിനുവേണ്ടിയുള്ള റോഡുകൾ

(വിഹിതം 15.00 ലക്ഷം രൂപ)

നെടുമങ്ങാടു മുതൽ വലിയ മല പി. എസ്. എൽ. വി. പ്രോജക്ട് പ്രദേശം വരെയുള്ള റോഡുകളുടെ പൂർത്തീകരിച്ച പണിയുടെ ബാക്കി തുക കൊടുക്കുന്നതിനുവേണ്ടിയാണ് പ്രസ്തുത വിഹിതം

12. യന്ത്രസാമഗ്രികൾ—രാജപാതകൾക്കും, ദേശീയ രാജപാതകങ്ങൾക്കും

(വിഹിതം 55.00 ലക്ഷംരൂപ)

ദേശീയ രാജപാതകങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും, പണികളുടെ ഗുണവും വേഗതയും കൂട്ടുന്നതിനും വേണ്ടിയുള്ള പുതിയ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുവേണ്ടി 5.0 ലക്ഷം രൂപ ഇതിൽ വക കൊള്ളിച്ചിരിക്കുന്നു. സംസ്ഥാന പൊതുമരാമത്തു വകുപ്പിന് പഴയ യന്ത്രസാമഗ്രികൾക്ക് പകരം പുതിയവ വാങ്ങുന്നതിനും, പുതിയ റോഡുകൾ നിർമ്മിക്കുമ്പോഴും, പഴയ വയിലെ അററകുററപ്പണികൾ നടത്തുമ്പോഴും, ടാർ ഇടുന്നതിനാവശ്യമായ മിശ്രിതം ഉണ്ടാക്കുന്നതിനും ടാർ ഇടുന്നതിനും മററുമുള്ള പുതിയ യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനും വേണ്ടി 50.00 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു. സഞ്ചരിക്കുന്ന പാച്ച്‌വർക്ക്‌യൂണിററുകൾ വാങ്ങുന്നതിനുള്ള സംഖ്യയും പ്രസ്തുത തുകയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

13. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡുകൾ

(വിഹിതം 275.00 ലക്ഷം രൂപ)

തിരുവനന്തപുരം, കൊച്ചി. കോഴിക്കോട് എന്നീ നഗരങ്ങളിലെ ഗതാഗത തിരക്കുമൂലമുള്ള വൈഷമ്യങ്ങൾ ലഘൂകരിക്കുന്നതിനായി പ്രസ്തുത റോഡുകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനുമാണ് വിഹിതം.

14. മററു മുനിസിപ്പൽ പട്ടണങ്ങളിലെ റോഡുകളുടെ വികസനം

(വിഹിതം 75.00 ലക്ഷം രൂപ)

ഗതാഗത തിരക്കു വളരെ കൂടുതലുള്ള മുനിസിപ്പൽ പട്ടണങ്ങളിലും, മററു പട്ടണങ്ങളിലും നേരത്തേ ആരംഭിച്ച റോഡു പണികൾ തുടർന്നു നടത്തുന്നതിനും, പുതിയ പണികൾ ഏറെറടുക്കുന്നതിനുമായുള്ള ഒരു പദ്ധതിയാണിത്. പ്രസ്തുത പട്ടണങ്ങളിലെ റോഡ് സൗകര്യം മെച്ചപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടിയാണ് ഈ അടങ്കൽ തുക.

15. ബൈപാസുകളുടെ സമാന്തര സർവ്വീസ് റോഡുകൾ

(വിഹിതം 70.00 ലക്ഷം രൂപ)

പട്ടണപ്രദേശങ്ങളിലെ ഗതാഗത സൗകര്യങ്ങൾ ലഘൂകരിച്ച് വാഹന ഗതാഗതം സുഗമമാക്കുന്നതിനായി നാഷണൽ ഹൈവേ ബൈപാസുകൾക്ക് സമാന്തര റോഡുകൾ നിർമ്മിക്കുന്നതിനാണ് ഈ വിഹിതം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, ചാലക്കുടി, തൃശ്ശൂർ, കോഴിക്കോട്, തലശ്ശേരി, മാഹി എന്നിവിടങ്ങളിലെ ദേശീയ രാജപാത ബൈപാസുകൾക്ക് സമാന്തര റോഡുകളുടെ പണി എട്ടാം പദ്ധതിക്കാലത്ത് ഏറെറടുത്ത് നടത്താൻ ഉദ്ദേശിക്കുന്നു.

16. ഡി. ആർ. ഐ. ക്യു. ബോർഡിൻ കീഴിൽ ഒരു ജിയോ ടെക്നിക്കൽ യൂണിററ്. രൂപീകരിക്കൽ 50 ശതമാനം സംസ്ഥാന വിഹിതം

(വിഹിതം 8.00 ലക്ഷം രൂപ)

ഇത് 50 ശതമാനം കേന്ദ്ര സഹായമുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. പ്രസ്തുത യൂണിററിന് യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും, ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കുന്നതിനുമായി 8.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി മാററി വച്ചിരിക്കുന്നു.

17. റോഡ് സുരക്ഷിതത്വ പണികൾ

(വിഹിതം 20.00 ലക്ഷം രൂപ)

റോഡുകളുടെ സുരക്ഷിതത്വ പണികൾക്കാണ് പ്രസ്തുത വിഹിതം. റോഡു മുറിച്ചു പോകുന്ന നിരത്തു കവലകളിൽ സിഗ്നലുകൾ കാണിക്കുന്നതിനും, ആളുകൾക്ക് കടന്നു പോകുന്നതിന് പ്രത്യേക അടയാളങ്ങൾ സ്ഥാപിക്കുന്നതിനും, റോഡിന്റെ ഇരുവശങ്ങളിലുമുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിനും, റോഡിലെ വഴുക്കലുകൾ തടയുന്നതിനും ബസ്സുകൾ അകററി നിറുത്തുവാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും, കുത്തനെയും നെടുകേയമുള്ള വളവുകൾ ഇല്ലാതാക്കുന്നതിനും സുരക്ഷിതത്വത്തിനായി കമ്പിവേലികൾ അടിക്കുന്നതിനും, വാഹനങ്ങളുടെ തിരക്കു കുറയ്ക്കുന്നതിനുള്ള ചെറിയ ഐലൻഡുകൾ ഉണ്ടാക്കുന്നതിനും, പട്ടണപ്രദേശങ്ങളിൽ ഗതാഗതനിയന്ത്രണ വൈദ്യുത ലൈററുകൾ സ്ഥാപിക്കുന്നതിനും, കാൽ നടക്കാർക്ക് സ്വതന്ത്രമായി നടക്കുന്നതിന് വേലികളും തുരങ്കങ്ങളും നിർമ്മിക്കുന്നതിനും പദ്ധതി വിഹിതമായി 20.00 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു.

18 കൊങ്കൺ റെയിൽപ്പാതയ്ക്കുള്ള സംസ്ഥാന വിഹിതം

(വിഹിതം 300.00 ലക്ഷം രൂപ)

ഈ പദ്ധതിയിൻ കീഴിൽ 300.00 ലക്ഷം രൂപ വക കൊള്ളിച്ചിരിക്കുന്നു. കൊങ്കൺ റെയിൽവേ നിർമ്മാണച്ചെലവിൽ സംസ്ഥാനത്തിന്റെ വിഹിതമായി 1993–94 ലേക്ക് നീക്കി വച്ചിട്ടുള്ളതാണ് പ്രസ്തുത തുക.

19. ഏഴിമല നേവൽ അക്കാഡമിയിലേക്ക് റോഡുകൾ

(വിഹിതം 50.00 ലക്ഷം രൂപ)

എട്ടാം പദ്ധതിയുടെ രണ്ടാം വർഷത്തിൽ ആരംഭിച്ച ഒരു പുതിയ പദ്ധതിയാണ് ഇത്. ഏഴിമല നേവൽ അക്കാഡമിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിലേക്കായി 50.00 ലക്ഷം രൂപ വക കൊള്ളിച്ചിരിക്കുന്നു.

## 7.3 റോഡ് ഗതാഗതം

### 1. കേരള ട്രാൻസ്പോർട്ട് വികസന ധനകാര്യ കോർപ്പറേഷൻ

(വിഹിതം 775.00 ലക്ഷം രൂപ)

കേരള ട്രാൻസ്പോർട്ട് കോർപ്പറേഷന് ആവശ്യമായ ധനസഹായം നൽകുന്നതിനു വേണ്ടിയാണ് കേരള ട്രാൻസ്പോർട്ട് വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരികൃതമായത്. ഇത് 1991–92–ൽ പ്രവർത്തനം ആരംഭിച്ചു. സംസ്ഥാന ഗവൺമെൻറ് മൂലധന നിക്ഷേപമായി 775.00 ലക്ഷം രൂപ ബഡ്ജററിൽ വക കൊള്ളിച്ചിരിക്കുന്നു. മററു ധനകാര്യ സ്ഥാപനങ്ങൾ മുഖേനയും, നിക്ഷേപങ്ങൾ മുഖേനയും മൂലധനം സമാഹരിച്ച് കേരള ട്രാൻസ്പോർട്ട് കോർപ്പറേഷന് ധനസഹായം നൽകുന്നതാണ്.

### 2. ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൻെറനവീകരണം, അന്തരീക്ഷ മലിനീകരണനിയന്ത്രണം, റോഡു സുരക്ഷിതത്വ നടപടികൾ.

(വിഹിതം 25.00 ലക്ഷം രൂപ)

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനായി 25.00 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു. ഇതിൽ 10.00 ലക്ഷം രൂപ മോട്ടോർ വാഹനങ്ങളിലെ മലിനീകരണത്തോത് മനസ്സിലാക്കുന്നതിനായി പ്രാദേശിക ട്രാൻസ്പോർട്ട് ഓഫീസുകളിലേക്ക് സ്മോക്ക് മീററുകൾ വാങ്ങുന്നതിനും, ബാക്കി 15.00 ലക്ഷം രൂപ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൻെറ നവീകരണത്തിനും (കമ്പ്യൂട്ടർ വാങ്ങുക ഉൾപ്പെടെ) റോഡു സുരക്ഷിതത്വ നടപടികൾ നടപ്പിലാക്കുന്നതിനും വേണ്ടിയാണ്.

## 7.4 ജല ഗതാഗതം

1. കേരളഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് നടത്തുന്ന ട്രാൻസ്പോർട്ടു സർവ്വീസുകൾക്കായുള്ള സാമ്പത്തിക സഹായം

(വിഹിതം: 70.00 ലക്ഷം രൂപ)

ബാർജ് ഓപ്പറേഷൻ, പാസഞ്ചർ സർവ്വീസ്, മണ്ണുമാന്തൽ, വലിയ അറ്റകുറ്റപ്പണികളും പരിരക്ഷണവും, ജെട്ടികളുടെ നിർമ്മാണം, യന്ത്രസാമഗ്രികളും മറ്റുപകരണങ്ങളും, സ്ലിപ്പുവേ, ഗവേഷണവും പരിശീലനവും എന്നിങ്ങനെ എട്ട് പരിപാടികൾ 1993–94 വാർഷിക പദ്ധതിക്കാലത്ത് കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് നടപ്പിലാക്കുന്നതാണ്. ഈ പരിപാടികളുടെ നടത്തിപ്പിന് ആകെ 515.00 ലക്ഷം രൂപാ ചെലവു വരുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ വിഹിതം മേൽപ്പറഞ്ഞ പരിപാടികളുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാരിൽ നിന്നുമുള്ള മൂലധന സഹായമായി വകയിരുത്തിയിരിക്കുന്നു.

2. ഭൂമിയും കെട്ടിടവും, ടെർമിനൽ സൗകര്യങ്ങളും

(വിഹിതം 25.00 ലക്ഷം രൂപ)

ഈ വാർഷികപദ്ധതിക്കാലയളവിൽ രണ്ട് ഓഫീസ് കെട്ടിടങ്ങളും ഒരു R.C.C. ജെട്ടിയും നിർമ്മിക്കുവാനും ഫെൻഡർ പോസ്റ്റുകൾ നാട്ടുന്നതിനുമായാണ് ഈ തുക ഉൾപ്പെടുത്തിയിരിക്കുന്നത്. "ബോട്ടുകളുടെ സംഭരണവും കടത്തു സർവ്വീസ് മെച്ചപ്പെടുത്തലും" എന്ന പദ്ധതികീഴിൽ നിർവ്വഹിച്ച ബോട്ടുകളുടെ നിർമ്മാണത്തിനും പുതിയ എൻജിനുകളുടെ സംഭരണത്തിനും വേണ്ടിവന്ന ചെലവുകളുടെ തീർക്കാനുള്ള ബാദ്ധ്യതയും ഈ വിഹിതത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

3. ഉൾനാടൻ കനാൽ പദ്ധതികൾ—സംസ്ഥാന വിഹിതം

(വിഹിതം: 105.00 ലക്ഷം രൂപ)

ഇത് 50 ശതമാനം കേന്ദ്ര സഹായമുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കൊച്ചി–ഉദ്യോഗമണ്ഡൽ കനാൽ മെച്ചപ്പെടുത്തൽ, ചമ്പക്കരകനാൽ മെച്ചപ്പെടുത്തൽ–രണ്ടാം ഘട്ടം, കേരളത്തിന്റെ ജെട്ടികളുടെ നവീകരണം, ഡ്രെഡ്ജറുകളും വാട്ടർ ഹയാസിന്ത് ഹാർവെസ്റ്ററുകളും വാങ്ങൽ, പശ്ചിമതീര കനാലിന്റെ കൊല്ലം മുതൽ കോവളം വരെയുള്ള ഭാഗത്തിന്റെ വികസനം, ആലപ്പുഴ ഭാഗത്തുള്ള കനാലുകളുടെ അറ്റകുറ്റപ്പണികൾ പരിരക്ഷണം, മോടിപിടിപ്പിക്കൽ എന്നിവക്കായുള്ള പദ്ധതി എന്നീ ആറു പരിപാടികളുടെ 1993–94 വർഷത്തെ നടത്തിപ്പിനുവേണ്ട ആകെ ചിലവിന്റെ 50 ശതമാനമായ സംസ്ഥാന വിഹിതമായാണ് ഈ തുക മാറ്റിവച്ചിട്ടുള്ളത്.

4. ഉൾനാടൻ കനാൽ പദ്ധതികൾ—സംസ്ഥാന മേഖല

(വിഹിതം 100.00 ലക്ഷം രൂപ)

1992–93 വർഷത്തെ തീർക്കാനുള്ള പരിപാടികൾ തീർക്കുന്നതിനായാണ് ഈ തുക ഉൾപ്പെടുത്തിയിരിക്കുന്നത്

5. ഏഴിമലയിൽ നാവിക അക്കാഡമി സ്ഥാപിക്കുന്നതിനായി കവ്വായ്കായലിലെ മണ്ണുമാന്തൽ.

(വിഹിതം: 200.00 ലക്ഷം രൂപ)

ഏഴിമലയിൽ നാവിക അക്കാദമി സ്ഥാപിക്കുവാനായി കവ്വായ് കായലിലെ മണ്ണുമാന്തൽ പരിപാടികൾക്കുവേണ്ടിയാണ് ഈ വിഹിതം വക കൊള്ളിച്ചിട്ടുള്ളത്.

# 7.5 വിനോദസഞ്ചാരം

## 1. പൊതുമേഖലാസ്ഥാപനങ്ങൾക്കും അതുപോലെയുള്ള മററു സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

1. വിനോദസഞ്ചാര വികസന കോർപ്പറേഷൻ.

(വിഹിതം 100.00 ലക്ഷം രൂപ)

വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ 1993—94-ലേക്കുള്ള പരിപാടികൾ താഴെ പറയുന്നവയാണ്.

(i) മസ്ക്കററ് ഹോട്ടലിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

(ii) ഗുരുവായൂർ ടൂറിസ്ററ് ബംഗ്ലാവിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

(iii) കേന്ദ്രധനസഹായം കൊണ്ട് പണിതീർത്ത യാത്രിനിവാസുകൾ, മോട്ടലുകൾഎന്നിവയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കമ്പ്യൂട്ടർ, ക്യാഷ് രജിസ്ററർ എന്നിവ വാങ്ങുക. മൊത്തവിഹിതമായ 100 ലക്ഷം രൂപയിൽ 70 ലക്ഷം രൂപ ഓഹരിമൂലധനവും 30 ലക്ഷം രൂപ കടവുമാണ്.

2. ടൂറിസ്ററ് റിസോർട്ട്സ് (കേരളാ) ലിമിററഡ്

(വിഹിതം 50.00 ലക്ഷം രൂപ)

വിനോദസഞ്ചാരമേഖലയിൽ മററു ധനകാര്യ സ്ഥാപനങ്ങളുടേയും, സ്വകാര്യമേഖലയുടേയും പങ്കാളിത്തത്തോടെ വൻകിടഹോട്ടൽ പ്രോജക്ടുകൾ ഏറെറടുത്ത് നടത്തുന്നതിന് ടൂറിസം റിസോർട്ട്സിനുള്ള ഓഹരി മൂലധനമായാണ് ഈ തുക ബഡ്ജററിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ടൂറിസ്ററ് റിസോർട്ട്സ് (കേരളാ) ലിമിററഡിന്റെ 1993—94-ലേക്കുള്ള പരിപാടികൾ താഴെ പറയുന്നവയാണ്.

(i) ഹോട്ടൽ സമുദ്രയുടെ വികസനം.

(ii) അമ്യൂസ്മെൻറ് പാർക്കുകൾ സ്ഥാപിക്കുക. 10 ലക്ഷം രൂപ വേളിയിലും 15 ലക്ഷം രൂപ മലമ്പുഴയിലും അമ്യൂസ്മെൻറ് പാർക്കുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ധനസഹായമായി നീക്കിവച്ചിരിക്കുന്നു.

3. സംസ്ഥാന—ജില്ലാ വിനോദസഞ്ചാര വികസന കൗൺസിലുകൾ

(വിഹിതം 20.00 ലക്ഷം രൂപ)

ജില്ലാ വിനോദസഞ്ചാരവികസന കൗൺസിലുകൾക്ക് അതാതു ജില്ലകളിൽ വിനോദസഞ്ചാരപ്രവർത്തനങ്ങൾക്കുള്ള സംസ്ഥാനവിനോദസഞ്ചാരവികസന കൗണ്സിൽ രൂപീകരിക്കുന്നതിനുമായി 20 ലക്ഷം രൂപ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

4. കേരളാ ഇൻസ്ററിററ്യൂട്ട് ഓഫ് ടൂറിസം ആൻറ് ട്രാവൽ സ്ററഡീസ്

(വിഹിതം 10. 00 ലക്ഷം രൂപ)

ഇൻസ്ററിററ്യൂട്ടിന്റെ നിലവിലുള്ള കെട്ടിടം പുനരുദ്ധരിക്കുന്നതിനും അത്യാവശ്യ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമാണ് ഈ തുക.

5. കേരള വിനോദസഞ്ചാരവികസന ബാങ്ക്

(വിഹിതം 5.00 ലക്ഷം രൂപ)

വിനോദസഞ്ചാര പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനായി രൂപീകരിക്കപ്പെട്ടതാണ് ഈ ബാങ്ക്. പ്രസ്തുത ബാങ്കിന് സംസ്ഥാന സർക്കാരിൽ നിന്നുള്ള ഓഹരി മൂലധനമായി 5 ലക്ഷം രൂപ ബഡ്ജററിൽ വകയിരുത്തിയിരിക്കുന്നു. മററു ധനകാര്യസ്ഥാപനങ്ങളുടെയും ഉപഭോക്താക്കളുടെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി പ്രസ്തുത ബാങ്ക് പ്രവർത്തിക്കുന്നതാണ്. ഈ ബാങ്കിന്റെ പ്രവർത്തനം വിനോദസഞ്ചാരമേഖലയിൽ മാത്രം കേന്ദ്രീകരിക്കുന്നതാണ്.

## II.

6. സർവേയും സ്ഥിതിവിവരക്കണക്കും

(വിഹിതം 1.00 ലക്ഷം രൂപ)

വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട സർവേകൾ നടത്തുന്നതിനായി ഈ തുക, വിനോദസഞ്ചാര വകുപ്പിന്റെ സ്ററാററിസ്ററിക്സ് വിഭാഗത്തിന് നൽകുന്നതാണ്.

## III. പ്രചരണ പരിപാടികൾ

7. വിനോദസഞ്ചാരത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കലും അവയുടെ പ്രചരണവും

(വിഹിതം 91.00 ലക്ഷം രൂപ)

വിനോദസഞ്ചാരത്തെക്കുറിച്ച് ആകർഷകങ്ങളായ ഫോൾഡറുകൾ, ലഘുലേഖകൾ, ചിത്രങ്ങൾ എന്നിവ അച്ചടിക്കുക, പ്രദർശനങ്ങളിലും അന്താരാഷ്ട്രമേളകളിലും പങ്കെടുക്കുക ററി.വി. വീഡിയോ തുടങ്ങിയ ദൃശ്യശ്രവ്യ ഉപകരണങ്ങൾ വാങ്ങുക, ആഘോഷങ്ങളും സംസ്കാരികവിനിമയ പരിപാടികളും നടത്തുക, ദൂരദർശൻ ആർട്ടിസ്ററുകൾ, ലേഖകർ എന്നിവർക്ക് ആതിഥേയത്വം വഹിക്കുക, വിദേശത്ത് വിനോദസഞ്ചാരപ്രചരണപരിപാടികൾ നടപ്പിലാക്കുക. എന്നിവയ്ക്കായി 91 ലക്ഷം രൂപ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

8. പ്രാദേശിക സാംസ്ക്കാരിക പരിപാടികൾ ആഘോഷങ്ങൾ, മേളകൾ, വള്ളംകളി എന്നിവയ്ക്ക് പ്രോൽസാഹനം

(വിഹിതം 3.00 ലക്ഷം രൂപ)

കേന്ദ്രഗവൺമെൻറ് നെഹ്റു ട്രോഫി വള്ളംകളി പൂരാഘോഷം ഗജമേള, സമുദ്രോൽപ്പന്നങ്ങളുടെ പ്രദർശനം ടൂറിസം വാരാഘോഷം എന്നീ മേളകൾ വിദേശത്ത് പ്രചരിപ്പിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിലേക്കായി സംസ്ഥാന ഗവൺമെൻറ് വിഹിതമായി 3 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

# IV വിനോദസഞ്ചാരകേന്ദ്രത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ

9 എ. വിനോദ സഞ്ചാര കേന്ദ്രങ്ങൾ

(i) വിനോദസഞ്ചാര കേന്ദ്രമായ വേളിയുടെ വികസനം

(വിഹിതം 37.00 ലക്ഷം രൂപ)

വിനോദ സഞ്ചാരകേന്ദ്രമായ വേളിയുടെ വികസനത്തിന്റെ ഭാഗമായി കുട്ടികളുടെ പാർക്ക് നിർമ്മിക്കുന്നതിനും മററു വിനോദ പരിപാടികൾക്കുമായി ഈ വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നു. വേളി വിനോദ സഞ്ചാര കേന്ദ്രത്തിന്റെ വികസനത്തിനാവശ്യമായ ഭൂമി ഏറെറടുക്കുന്നതിനും ഈ വിഹിതം ഉപയോഗിക്കാം

(ii) പൊൻമുടിയുടെ വികസനം

(വിഹിതം 5.00 ലക്ഷം രൂപ)

പൊൻമുടിയുടെ വികസനത്തിന്റെ ഭാഗമായി ഇപ്പോഴുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതലായി സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും ലാൻഡ് സ്കേപ്പിങ്ങിനുമായി 5 ലക്ഷം രൂപ ബഡ്ജററിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(iii) പാതിരാമണൽ വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനം

(വിഹിതം 5.00 ലക്ഷം രൂപ)

പാതിരാമണൽ വിനോദസഞ്ചാരകേന്ദ്രം ഒരു അന്തർദേശീയ നിലവാരത്തിലുള്ള ഐലൻറ് റിസോർട്ടാക്കി മാററുന്നതിന് സംസ്ഥാന സർക്കാറിന്റെ വിഹിതമാണ് ഈ തുക.

(iv) പീരുമേടിന്റെ വികസനം

(വിഹിതം 2.00 ലക്ഷംരൂപ)

കേന്ദ്രധനസഹായത്തോടെ പീരുമേടിനെ ഒരു വിനോദ സഞ്ചാരകേന്ദ്രമാക്കി മാററുന്നതിലേക്ക് സംസ്ഥാന സർക്കാരിന്റെ വിഹിതമായി 2 ലക്ഷം രൂപ ബഡ്ജററിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(v) ബേക്കൽ ബീച്ച് റിസോർട്ടിന്റെ വികസനം

(വിഹിതം 15.00 ലക്ഷം രൂപ)

കേന്ദ്രസഹായത്തോടെ ബേക്കൽ ബീച്ച് റിസോർട്ടിന്റെ വികസനത്തിനായി പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാന സർക്കാരിന്റെ വിഹിതമായി ഇതിന് 15 ലക്ഷം രൂപ നീക്കി വെച്ചിരിക്കുന്നു.

(vi) വെള്ളച്ചാട്ടങ്ങളുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനം

(വിഹിതം 2.00 ലക്ഷം രൂപ)

ആതിരപ്പള്ളി, പാലരുവി എന്നീ വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ കുളിക്കാനും വസ്ത്രങ്ങൾ മാററുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുമായിരണ്ട് ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(vii) ഹൗസ്ബോട്ട് ഫ്ലോട്ടിംഗ് റസ്ററാറൻറ് എന്നിവയ്ക്ക് ധന സഹായം

(വിഹിതം 5.00ലക്ഷം രൂപ)

അഷ്ടമുടി, വേമ്പനാട് എന്നീ കായലുകളിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ ഹൗസ്ബോട്ട് ഫ്ലോട്ടിംഗ് റസ്ററാറൻറ് എന്നിവ ആരംഭിക്കുന്നതിനായി 1993–94–ൽ 5 ലക്ഷം രൂപ നീക്കി വെച്ചിരിക്കുന്നു.

(viii) വിനോദസഞ്ചാര മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് സ്വകാര്യ മേഖലയ്ക്കുള്ള പ്രോൽസാഹനം

(വിഹിതം 5.00 ലക്ഷം രൂപ)

ദേശീയപാത, സംസ്ഥാന പാത എന്നിവയ്ക്കരികിൽ മോട്ടലുകൾ, ടോയിലററുകൾ, മററുവഴിയോര സൗകര്യങ്ങൾ എന്നിവ ഉണ്ടാക്കുന്നതിന് സ്വകാര്യമേഖലയ്ക്ക് പ്രോൽസാഹനം നൽകുന്നതിനാണ് ഈ തുക നീക്കിവെച്ചിരിക്കുന്നത്.

(ix) കേന്ദ്രവിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകൽ

(വിഹിതം 25.00 ലക്ഷം രൂപ)

താഴെ പറയുന്ന കേന്ദ്രസഹായ പദ്ധതികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനായി 25 ലക്ഷം രൂപ നീക്കിവെച്ചിരിക്കുന്നു.

(i) കൊച്ചിയിൽ യാത്രിനിവാസ്.

(ii) പറമ്പിക്കുളത്ത് ഫോറസ്ററ് ലോഡ്ജ്

(iii) കാസർകോട്, കായംകുളം, വടകര, വാളറ, പാലരുവി, പാറശ്ശാല, കോട്ടയ്ക്കൽ എന്നിവിടങ്ങളിൽ പാതയോര സൗകര്യങ്ങൾ

(iv) ടൂറിസ്ററ് ഫെസിലിറേറഷൻ സെൻറർ

(v) വൈക്കം, ഓച്ചിറ, എന്നിവിടങ്ങളിൽ നദീതീര

കാലയളവോര സൗകര്യങ്ങൾ

(vi) പൊൻമുടിയിൽ കൂടാരങ്ങൾ

(vii) കുമരകത്ത് ബോട്ട് ട്രെയിൻ

(viii) മലമ്പുഴയിൽ കുടിലുകൾ

ബി 10. ചരിത്ര സ്മാരകങ്ങളുടെ പുനരുദ്ധാരണം.

(വിഹിതം 5.00 ലക്ഷം രൂപ)

ചരിത്ര സ്മാരകങ്ങളായ കെട്ടിടങ്ങൾ കൊട്ടാരങ്ങൾ എന്നിവ പുനരുദ്ധരിക്കുന്നതിന് ഈ തുക വിനിയോഗിക്കുന്നതാണ്.

11. കൾച്ചറൽ ഹെറിറ്റേജ് മ്യൂസിയവും ആഡിറ്റോറിയവും

(വിഹിതം 45.00 ലക്ഷം രൂപ)

കനകക്കുന്ന് കൊട്ടാരത്തിൽ നിശാഗന്ധി ആഡിറ്റോറിയത്തിന് സമീപം ഒരു എയർ കണ്ടീഷൻചെയ്ത ആഡിറ്റോറിയം ശ്രീ. ചിത്തിരതിരുനാൾ മഹാരാജാവിന്റെ ഓർമ്മയ്ക്കായി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നിർമ്മിക്കുന്നതാണ്. ഇതിലേയ്ക്കായി 1993-94-ൽ 45.00 ലക്ഷം രൂപ സംസ്ഥാന സർക്കാരിന്റെ. വിഹിതമായി ബഡ്ജററിൽ ഉൾപ്പെടുത്തിയിരിക്കുന്നു

12. വൈൽഡ് ലൈഫ് ടൂറിസം

(വിഹിതം 45.00 ലക്ഷം രൂപ)

ഈ പദ്ധതി വനംവകുപ്പാണ് നടപ്പിലാക്കുന്നത് വിനോദസഞ്ചാര വികസനം, പ്രകൃതിയെക്കുറിച്ചുള്ള പഠനം, വനസംരക്ഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശം. മാൻ പാർക്കുകൾ, ടൂറിസ്ററ് കോട്ടേജുകൾ, എന്നിവ നിർമ്മിക്കുന്നതിനും ബോട്ടുകൾ വാഹനങ്ങൾ മുതലായവ വാങ്ങുന്നതിനും വിനോദ സഞ്ചാരികൾക്ക് തങ്ങുന്നതിനായി സൗകര്യങ്ങൾ ഉണ്ടാക്കുക അവർക്ക് മല കയറുന്നതിനുള്ള വഴിയുണ്ടാക്കുക എന്നിവയ്ക്കുമായിട്ടാണ് ഈ വിഹിതം.

മൊത്ത വിഹിതത്തിൽ 12 ലക്ഷം രൂപ വനദർശനും, 23 ലക്ഷം രൂപ 'റിക്രിയേഷൻ ഫോറസ്ട്രി' ക്കുമാ ആണ്.

IV. വിനോദസഞ്ചാരികൾക്കുള്ള പാർപ്പിട സൗകര്യങ്ങൾ

13. ഗസ്ററ് ഹൗസുകൾ

(വിഹിതം 30.00 ലക്ഷം രൂപ)

ആലപ്പുഴ, പത്തനംതിട്ട, കൽപ്പററ, കൊണ്ടോട്ടി, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ അതിഥി മന്ദിരങ്ങൾ പണിയുന്നതിനും പണി തീർത്ത കാസർഗോഡ്, ഇടുക്കി എന്നി ഗസ്ററ് ഹൗസുകൾ മോടി പിടിപ്പിക്കുന്നതിനുമായിട്ടാണ് ഈ തുക ഉൾക്കൊള്ളിച്ചിരിക്കുന്നത്.

14. പുണ്യസ്ഥലങ്ങളിലും മററു വിനോദ കേന്ദ്രങ്ങളിലും പാർപ്പിട സൗകര്യങ്ങളും . ഒഴിവുകാല വിശ്രമ കേന്ദ്രങ്ങളും

(വിഹിതം 2.00 ലക്ഷം രൂപ)

മലയാററൂരിലും, ശബരിമലയിലും, വിനോദ സഞ്ചാരികൾക്കും, തീർത്ഥാടകർക്കും വേണ്ടി പാർപ്പിട സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് 1993-94 ലേക്ക് അഞ്ച് ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

15. വിനോദ സഞ്ചാര ഗതാഗത സൗകര്യങ്ങൾ

(വിഹിതം 5.00 ലക്ഷം രൂപ)

വിനോദ സഞ്ചാര വികസനത്തിന് ഉൾനാടൻ ജല പാതകളിൽ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ലക്ഷ്വറി കോച്ചുകൾ വാങ്ങുന്നതിന് സ്വകാര്യ മേഖലയ്ക്ക് പ്രോത്സാഹന ധനസഹായം നൽകുന്നതിനുമായിട്ടാണ് ഈ തുക ഉദ്ദേശിച്ചിരിക്കുന്നത്.

V. വിനോദ സഞ്ചാര വകുപ്പിന്റെ മററു പദ്ധതികൾ

16. പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കൽ

(വിഹിതം 5.00 ലക്ഷം രൂപ)

വിനോദ സഞ്ചാര വികസനത്തിന്റെ ഭാഗമായി പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് 1993-94 ലേക്ക് 5.00 ലക്ഷം രൂപ ബഡ്ജററിൽ വക കൊള്ളിച്ചിരിക്കുന്നു.

17. വിനോദ സഞ്ചാര വകുപ്പിന്റെ വികസനം

(വിഹിതം 8.00 ലക്ഷം രൂപ)

വിനോദ സഞ്ചാര വകുപ്പിന്റെ വികസനത്തിനായി 1993-94 ലേക്ക് 8 ലക്ഷം രൂപ വകയിരുത്തിരിക്കുന്നു.

18. വിനോദ സഞ്ചാരവകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം

(വിഹിതം 3.00 ലക്ഷം രൂപ)

വിനോദ സഞ്ചാര വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്കും വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട പൊതു ജനങ്ങൾക്കും പരിശീലനം നൽകുന്നതിനാണ് ഈ തുക.

19. വിനോദ സഞ്ചാരത്തിനായി ജല പാതകൾ വികസിപ്പിക്കുക

(വിഹിതം 2.00 ലക്ഷം രൂപ)

വിനോദ സഞ്ചാരത്തിനായി ജലപാതകൾ വികസിപ്പിക്കുന്നതിനും, അതിനരികിൽ വിനോദ സഞ്ചാരികൾക്കായി പ്രാഥമിക സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുമാണ് ഈ തുക ഉദ്ദേശിച്ചിരിക്കുന്നത്.

20. ബീച്ചുകളുടെ വികസനവും ലൈഫ് ഗാർഡുകളുടെ സേവനവും.

(വിഹിതം 2.00 ലക്ഷം രൂപ)

വിനോദ സഞ്ചാര കേന്ദ്രങ്ങളായ കോവളം, ശംഖുമുഖം, തിരുമുല്ലവാരം, വർക്കല, കാപ്പാട്, ബേക്കൽ എന്നീ ബീച്ചുകളുടെ വികസനത്തിനും, ടോയിലററുകൾ, സൺഷെയ്ഡുകൾ മുതലായ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ലൈഫ് ഗാർഡുകളുടെ സേവനം ലഭ്യമാക്കുന്നതിനും, ലൈഫ് ഗാർഡുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 2 ലക്ഷം രൂപ ബഡ്ജററിൽ വക കൊള്ളിച്ചിരിക്കുന്നു.

21. വിനോദ സഞ്ചാര മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തൽ

(വിഹിതം 5.00 ലക്ഷം രൂപ)

വിനോദ സഞ്ചാര മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്താനുതകുന്ന പദ്ധതികൾക്കായി 1993-94 വർഷത്തേക്ക് 5 ലക്ഷം രൂപ ബഡ്ജററിൽ വക കൊള്ളിച്ചിരിക്കുന്നു. ഇത് 25000 രൂപവരെ മുതൽ മുടക്കുള്ള ചെറിയ പ്രോജക്ടുകൾക്ക്, സബ്സിഡി മുതലായ പ്രോത്സാഹന സൗകര്യങ്ങൾ നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

**22. ട്രാവൽ ഏജൻറുകൾക്കും ടൂർ ഓപ്പറേററർമാർക്കും പ്രോത്സാഹന ധനസഹായം.**

(വിഹിതം 3.00 ലക്ഷം രൂപ)

ടൂർ ഓപ്പറേററർമാർ, ട്രാവൽ ഏജൻറുകൾ, ഹോട്ടൽ ഉടമകൾ ' എന്നിവർക്ക് അവരുടെ വിദേശ നാണയ ശേഖരത്തിനും വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിന് പ്രോൽസാഹനവുമായി അവാർഡുകൾ നൽകുന്നതിനും വിനോദ സഞ്ചാര പ്രചരണത്തിനായി ലഘുലേഖകൾ വിനോദ സഞ്ചാര സഹായികൾ, പുസ്തകങ്ങൾ എന്നിവ അച്ചടിക്കുന്നതിനും, ശ്രവണ-ദൃശ്യ മാധ്യമങ്ങൾ വാങ്ങുന്നതിനുമായി ഈ തുക ബഡ്ജററിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

**23. പ്രമോഷൻ ഓഫ് യൂത്ത് ടൂറിസം**

(വിഹിതം 3.00 ലക്ഷം രൂപ)

യുവജനങ്ങൾക്ക് സ്കൂൾ, കോളേജ് തലത്തിൽ ക്ലബുകൾ സംഘടിപ്പിക്കാനും വിനോദ സഞ്ചാര സംരംഭങ്ങൾക്കുമായിട്ടാണ് 1993–94 ലേക്ക് 3 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്.

**24. കേരള വിനോദ സഞ്ചാര വർഷം 1993.**

(വിഹിതം 1.00 ലക്ഷം രൂപ)

1993 വിനോദ സഞ്ചാര വർഷമായി ആഘോഷിക്കുന്നതിലേക്കായി 1 ലക്ഷം രൂപ ബഡ്ജററിൽ വകകൊള്ളിച്ചിരിക്കുന്നു.

**25. കല്ലാർ ദുരന്തത്തിൽ മരണപ്പെട്ട വിദ്യാർത്ഥികൾക്ക് സ്മാരകം.**

(വിഹിതം 5.00 ലക്ഷം രൂപ)

കല്ലാർ ദുരന്തത്തിൽ മരണപ്പെട്ട വിദ്യാർത്ഥികൾക്കായി ഒരു സ്മാരകം പണിയുന്നതിന് 1993–94-ൽ അഞ്ചു ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

# VIII ശാസ്ത്രീയ സേവനങ്ങളും ഗവേഷണവും

## 8.1 ശാസ്ത്രീയ ഗവേഷണം

### 1. സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി സമിതി

(വിഹിതം 110.00 ലക്ഷം രൂപ)

സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി സമിതിയുടെ മുഖ്യ പ്രവർത്തനങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, വ്യവസായ സംരംഭക വികസന പരിപാടികൾ നടപ്പിലാക്കുക, ശാസ്ത്ര സെമിനാറുകൾ, ചർച്ചായോഗങ്ങൾ, വർക്ക്ഷോപ്പുകൾ, എക്സിബിഷൻ എന്നിവ സംഘടിപ്പിക്കുക, ശാസ്ത്ര പ്രചരണം നടത്തുക, ശാസ്ത്ര-സാങ്കേതിക ലൈബ്രറി സ്ഥാപിക്കുക, വിനിമയ പരിപാടികൾ നടപ്പിലാക്കുക, അന്തർദേശീയ ശാസ്ത്ര സമ്മേളനങ്ങളിൽ പങ്കെടുക്കുക, അവാർഡുകൾ ഏർപ്പെടുത്തുക, ശാസ്ത്ര-സാഹിത്യ ലേഖനങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുക, സംസ്ഥാന സർക്കാരിനു വേണ്ടി ഗവേഷണ-വികസന പ്രവർത്തനങ്ങൾ സമന്വയിപ്പിക്കുക എന്നിവയാണ്. ഈ പ്രവർത്തനങ്ങൾ ഇക്കൊല്ലവും തുടർന്നും നടത്തുന്നതാണ്. ഈ വർഷത്തെ മൊത്ത വിഹിതത്തിൽ 30 ലക്ഷം രൂപ സമിതിക്ക് ഒരു ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് നീക്കിവെച്ചിരിക്കുന്നു. സമിതിയിലെ ഉദ്യോഗസ്ഥൻമാർക്കുള്ള ശമ്പളം, മററ് എസ്ററാബ്ളിഷ്മെൻറ് ചെലവുകൾ, അംഗങ്ങളുടെ യാത്രാബത്ത എന്നിവയും ഈ വിഹിതത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഇക്കൊല്ലം സമിതി ചില പുതിയ പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഭാരതപ്പുഴ, പെരിയാർ, ശാസ്താംകോട്ട കായൽ എന്നിവിടങ്ങളിൽ പരിസ്ഥിതി സംബന്ധമായ പരിപാടികൾ ആവിഷ്ക്കരിക്കുക, വെള്ളപ്പൊക്ക നിയന്ത്രണത്തെക്കുറിച്ച് പഠനം, കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങളിൽ മലിനീകരണ നിയന്ത്രണ പരിപാടികൾ ആവിഷ്ക്കരിക്കുക എന്നീ പരിപാടികൾ ഇതിൽ ഉൾപ്പെടുന്നു.

### 2. ലാൽ ബഹദൂർ ശാസ്ത്രി സെൻറർ ഫോർ സയൻസ് ആൻറ് ടെക്നോളജി

(വിഹിതം 5.00 ലക്ഷം രൂപ)

എഞ്ചിനീയറിംഗും മററു സാങ്കേതിക വിദ്യകളുമായി ബന്ധപ്പെട്ട മേഖലകളിൽ ഗവേഷണ-വികസന പ്രവർത്തനങ്ങൾക്കായിട്ടാണ് ഈ ബഡ്ജററ് വിഹിതം. സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി സമിതിയോ ആസൂത്രണ ബോർഡോ അംഗീകരിച്ച പദ്ധതികൾക്കായിരിക്കും ഈ ധനസഹായം.

### 3. ശ്രീ. ചിത്തിര തിരുനാൾ ഇൻസ്ററിററ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻറ് ടെക്നോളജി

(വിഹിതം 1.00 ലക്ഷം രൂപ)

കാർഡിയോളജി, ന്യൂറോളജി എന്നീ മേഖലകളിൽ ഇൻസ്ററിററ്യൂട്ടിൻെറ ഗവേഷണ-വികസന പ്രവർത്തനങ്ങൾ തുടരുന്നതിനും, ബയോമെഡിക്കൽ എഞ്ചിനീയറിംഗിലും, വൈദ്യശാസ്ത്രത്തിലുമുള്ള ഇൻസ്ററിട്യൂട്ടിൻെറ വികസന പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും സംസ്ഥാന ഗവൺമെൻറിൻെറ ധനസഹായമായിട്ടാണ് ഈ തുക വക കൊള്ളിച്ചിരിക്കുന്നത്.

### 4. കേരള ഫോറസ്ററ് റിസർച്ച് ഇൻസ്ററിററ്യൂട്ട്

(വിഹിതം 60.00 ലക്ഷം രൂപ)

എട്ടാം പദ്ധതി കാലഘട്ടത്തിൽ കേരള ഫോറസ്ററ് റിസർച്ച് ഇൻസ്ററിററ്യൂട്ടിൻെറ ഗവേഷണ വികസന പ്രവർത്തനങ്ങൾ തുടരുക, പാലപ്പിള്ളിയിൽ ഒരു റിസർച്ച് സെൻറർ വികസിപ്പിക്കുക, ഒരു കേന്ദ്രീകൃത ലബോറട്ടറി നേഴ്സറി, ഹോസ്ററൽ എന്നിവ സ്ഥാപിക്കുക, പീച്ചിയിലുള്ള കേന്ദ്രത്തിൻെറ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, തേക്ക് മ്യൂസിയത്തിൻെറ ശേഷിക്കുന്ന ജോലികൾ നടത്തുക എന്നീ പരിപാടികൾക്കായിട്ടാണ് ഈ വിഹിതം. ശമ്പളത്തിൻെറയും മററ് ആഫീസ് ചെലവുകളുടെയും ഒരു ഭാഗവും ഈ വിഹിതത്തിൽ നിന്നും വഹിക്കുന്നതാണ്.

### 5. ജലവിഭവ വികസന-ഗവേഷണകേന്ദ്രം

(വിഹിതം 60.00 ലക്ഷം രൂപ)

കേന്ദ്രത്തിൻെറ ജലവിഭവ വികസനവും മാനേജ്മെൻറുമായി ബന്ധപ്പെട്ട ഗവേഷണ-വികസന പ്രവർത്തനങ്ങൾ തുടർന്ന് നടത്തുന്നതിനും, കേന്ദ്രത്തിൽ നടന്നുകൊണ്ടിരിക്കുന്ന പണികളുടെ ബാക്കി പൂർത്തിയാക്കുന്നതിനും വേണ്ടിയാണ് ബഡ്ജററിൽ തുക വകകൊള്ളിച്ചിരിക്കുന്നത്. ഉദ്യോഗസ്ഥൻമാരുടെ ശമ്പളം, മററ് എസ്ററാബ്ളിഷ്മെൻറ് ചെലവുകൾ എന്നിവയുടെ ഒരു ഭാഗവും, ആവശ്യംവേണ്ട അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ചെലവും ഈ വിഹിതത്തിൽനിന്നും വഹിക്കുന്നതാണ്.

### 6. സെൻറർ ഫോർ എർത്ത് സയൻസ് സ്ററഡീസ്

(വിഹിതം 63.00 ലക്ഷം രൂപ)

വിഭവ പരിശോധന, ഭൂവിഭവ പടങ്ങൾ, അന്തരീക്ഷ പഠനം എന്നീമേഖലകളിൽ കേന്ദ്രത്തിൻെറ ഗവേഷണ പ്രവർത്തനങ്ങൾ തുടരുന്നതിനും, ലൈബ്രറി, ലബോററ്ററി എന്നിവയുടെ വികസനത്തിനും വേണ്ടിയാണ് ഈ തുക ഉൾക്കൊള്ളിച്ചിരിക്കുന്നത്. ശമ്പളം ഉൾപ്പെടെയുള്ള മററ് എസ്ററാബ്ളിഷ്മെൻറ് ചെലവുകളുടെ ഒരു ഭാഗവും ഈ വിഹിതത്തിൽനിന്നും വഹിക്കുന്നതാണ്.

### 7. ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻറ് റിസർച്ച് ഇൻസ്ററിററ്യൂട്ട്

(വിഹിതം 60.00 ലക്ഷം രൂപ)

എട്ടാം പദ്ധതിക്കാലത്ത് 9000 ചതുരശ്ര മീററർ സ്ഥലത്ത് ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതിനും, ചിററാറിൽ ഒരു ജല സംഭരണി, മ്യൂസിയം, കാൻറീൻ, അപൂർവ്വ സസ്യങ്ങൾ സൂക്ഷിക്കാൻ കെട്ടിടം, സീഡ് ആൻറ് പോളൻ ബാങ്ക് എന്നിവ നിർമ്മിക്കുന്നതിനും, റോഡ് പണി, ലൈബ്രറി, ലബോററ്ററി എന്നിവയുടെ വികസനം, ഒരു പ്രൊപ്പഗേഷൻ യൂണിററ് സ്ഥാപിക്കുക എന്നവയ്ക്കുള്ള ചെലവും ഇതിൽ നിന്നും വഹിക്കുന്നതാണ്. ശമ്പളം, മററ് എസ്ററാബ്ലിഷ്മെൻറ് ചെലവുകൾ എന്നിവയുടെ ഒരു ഭാഗവും ഈ തുകയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

8. ദേശീയ ഗതാഗത ആസൂത്രണ-ഗവേഷണകേന്ദ്രം

(വിഹിതം 5.00 ലക്ഷം രൂപ)

സംസ്ഥാനത്തിന്റെ ഗതാഗത-പരിസ്ഥിതി മേഖലകളിൽ ഗവേഷണ പഠനങ്ങളും ഈ കേന്ദ്രം നടത്തിക്കൊണ്ടിരിക്കുന്നു. ഈ പ്രവർത്തനങ്ങൾ തുടർന്ന് നടത്തുന്നതിനും ഉൾനാടൻ ജലഗതാഗത വികസനത്തിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുന്നതിനുമായിട്ടാണ് ഈ വിഹിതം.

9. പരിസ്ഥിതി ശാസ്ത്രവും പരിസ്ഥിതി സംബന്ധമായ പരിപാടികളും

(വിഹിതം 20.00 ലക്ഷം രൂപ)

പരിസ്ഥിതി ശാസ്ത്രം, പരിസ്ഥിതി സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട പഠനങ്ങൾ, പരിസ്ഥിതി വികസന പരിപാടികൾ, പരിസ്ഥിതി പരിപാലനത്തിൽ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം എന്നിവയ്ക്കുവേണ്ടിയാണ് വിഹിതം ചേർത്തിരിക്കുന്നത്.

10. മലിനീകരണം തടയലും നിയന്ത്രണവും—കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

(വിഹിതം 150.00 ലക്ഷം രൂപ)

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 1993-94-ൽ നടത്തുവാനുദ്ദേശിക്കുന്ന മലിനീകരണ നിയന്ത്രണ പരിപാടികൾ താഴെ കൊടുത്തിരിക്കുന്നു.

(i) ബോർഡിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക

(വിഹിതം 70.25 ലക്ഷം രൂപ)

(ii) ജലം, വായു എന്നിവയുടെ മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുക.

(വിഹിതം 2.80 ലക്ഷം രൂപ)

(iii) വ്യവസായ മേഖലയിൽ വായുവിന്റെ ഗുണനിലവാരത്തെക്കുറിച്ച് പഠനങ്ങൾ നടത്തുക.

(വിഹിതം 3.20 ലക്ഷം രൂപ)

(iv) ജല മലിനീകരണ സ്ഥിതിയെക്കുറിച്ച് സർവ്വേ നടത്തി അതിനെ അടിസ്ഥാനമാക്കി ജലാശയങ്ങളെ തരം തിരിക്കുക.

(വിഹിതം 8.30 ലക്ഷം രൂപ)

(v) ഒരു ഗവേഷണ-വികസന യൂണിററ് സ്ഥാപിക്കുക.

(വിഹിതം 7.40 ലക്ഷം രൂപ)

(vi) ഒരു ഡേററാ ബാങ്ക് സ്ഥാപിക്കുക.

(വിഹിതം 4.15 ലക്ഷം രൂപ)

(vii) സമയ ബന്ധിത ആക്ഷൻ പ്ലാൻ

(വിഹിതം 5.00 ലക്ഷം രൂപ)

(viii) പൊതുജന സമ്പർക്ക വിഭാഗം ഏർപ്പെടുത്തുക.

(വിഹിതം 0.10 ലക്ഷം രൂപ)

(ix) മലിനീകരണം നിയന്ത്രിക്കുന്നതിന് പ്രോത്സാഹനം നൽകുക.

(വിഹിതം 3.00 ലക്ഷം രൂപ)

(x) ഭൂഗർഭ ജല മലിനീകരണത്തെക്കുറിച്ച് പഠനം നടത്തുക.

(വിഹിതം 1.00 ലക്ഷം രൂപ)

(xi) സഞ്ചരിക്കുന്ന ലാബറട്ടറി.

(വിഹിതം 7.80 ലക്ഷം രൂപ)

(xii) ശബ്ദ മലിനീകരണ നിയന്ത്രണം നടപ്പിലാക്കുക.

(വിഹിതം 8.20 ലക്ഷം രൂപ)

(xiii) കായൽ ജലത്തിന്റെ ഗുണത്തെപ്പററി പഠനം നടത്തുക.

(വിഹിതം 6.50 ലക്ഷം രൂപ)

(xiv) ബോർഡിന് ആവശ്യമായ ഭൂമി ഏറെറടുക്കുകയും ഓഫീസ് കെട്ടിടം നിർമ്മിക്കുകയും ചെയ്യുക.

(വിഹിതം 20.00 ലക്ഷം രൂപ)

(xv) പൊതുവായ എഫ്ളുമെൻറ് ട്രീററുമെററ് പ്ലാൻറുകൾ സ്ഥാപിക്കുക.

(വിഹിതം 0.10 ലക്ഷം രൂപ)

(xvi) ഇൻഡോ-ഡച്ച് സഹകരണ പദ്ധതി.

(വിഹിതം 0.10 ലക്ഷം രൂപ)

(XVII) പൊല്യൂഷ്യൻ പൊട്ടൻഷ്യൽ

(വിഹിതം 2.10 ലക്ഷം രൂപ)

11. റീജിയണൽ ക്യാൻസർ സെൻറർ തിരുവനന്തപുരം

(വിഹിതം 40.00ലക്ഷം രൂപ)

ഈ സ്ഥാപനത്തിന്റെ ക്യാൻസർ മേഖലയിലുള്ള ഗവേഷണ-വികസന പ്രവർത്തനങ്ങൾ തുടരുന്നതിനും, പുതിയ മേഖലകളിലേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും, ലാബറട്ടറി സൗകര്യം മെച്ചപ്പെടുത്തുക, റേഡിയോ ബയോളജി ലബോറട്ടറി സ്ഥാപിക്കുക എന്നിവക്കും വേണ്ടിയാണ് ഈ തുക.

12. കേരളാ സ്ററാററിസ്ററിക്കൽ ഇൻസ്ററിററ്യൂട്ട്

(വിഹിതം 3.00 ലക്ഷം രൂപ)

ഈ കേന്ദ്രത്തിന് സ്ഥിതി വിവരക്കണക്കുകൾ അപഗ്രഥനം ചെയ്തു ഗവേഷണ പഠനങ്ങൾ നടത്തുന്നതിനായി 1993-94-ൽ 3 ലക്ഷം രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതി പരിശോധിച്ച് അംഗീകാരം നൽകുന്ന പ്രോജക്ററുകൾക്കാണ് പ്രസ്തുത വിഹിതം.

13. സെൻറർ ഫോർ മാത്തമാററിക്കൽ സയൻസ്

(വിഹിതം 5.00 ലക്ഷം രൂപ)

ഇൻസ്ററിററ്യൂട്ടിന്റെ ഗണിതശാസ്ത്രത്തിലുള്ള ഗവേഷണം, ആധുനിക ഗണിതശാസ്ത്രത്തിലുള്ള പരിശീലനം എന്നീ പ്രവർത്തനങ്ങൾക്കാണ് ഈ തുക. ധനസഹായം പ്രോജക്ട് അടിസ്ഥാനത്തിൽ ആയിരിക്കും.

14. റീജിയണൽ –റിസർച്ച് ലബോറട്ടറി

(വിഹിതം 5.00 ലക്ഷം രൂപ)

റീജിയണൽ റിസർച്ച് ലബോറട്ടറി സംസ്ഥാനത്തിനു ഗുണപ്രദമായ ഗവേഷണ പ്രവർത്തനങ്ങൾ

നടത്തുന്നതിലേക്കായി 5.00 ലക്ഷം രൂപ ബഡ്ജററിൽ വകകൊള്ളിച്ചിരിക്കുന്നു. സാമ്പത്തിക സഹായം പ്രോജക്ററ് അടിസ്ഥാനത്തിൽ ആയിരിക്കും.

15. സെൻറർ ഫോർ ഡെവലപ്പ്മെൻറ് ഓഫ് ഇമേജിങ്ങ് ടെക്നോളജി

(വിഹിതം 60.00 ലക്ഷം രൂപ)

സിനിമാ—ടെലിവിഷൻ മേഖലകളിൽ ആധുനിക ഗവേഷണ-വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി സ്ഥാപിക്കപ്പെട്ട ഒരു കേന്ദ്രമാണ് ഇത്. ഈ മേഖലയിൽ പരിശീലനം നൽകുന്നതിനും വിവിധ ക്ലാസുകൾ നടത്തുന്നതിനും സോഫ്ററ് വെയർ ഉൽപ്പാദിപ്പിക്കുന്നതിനും ഗവേഷണ പരിപാടികൾക്കായി ഒരു കേന്ദ്രം സ്ഥാപിക്കുന്നതാണ്.

16. ഇൻറഗ്രേററഡ് റൂറൽ ടെക്നോളജി സെൻറർ, മുണ്ടൂർ

(വിഹിതം 3.00 ലക്ഷം രൂപ)

ഗ്രാമീണ സാങ്കേതിക വിദ്യയിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ, ശാസ്ത്ര-സാങ്കേതിക പ്രചാരണം, ശാസ്ത്ര-സാങ്കേതിക വിദ്യ ഉപയോഗിച്ചു ഗ്രാമപ്രദേശങ്ങളിൽ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾക്കായി ഈ പദ്ധതി വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നു.

17. നാഷണൽ റിസോർസസ് ഡേററാ മാനേജ്മെൻറ് സിസ്ററം

(കേന്ദ്രാവിഷ്കൃതം—സംസ്ഥാന വിഹിതം 25%)

(വിഹിതം 10.00 ലക്ഷം രൂപ)

വിഭവങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ചു വെക്കുന്നതിനും അവയുടെ മാപ്പുകൾ വരയ്ക്കുന്നതിനും, സാററലൈററുകൾ വഴി വിവരങ്ങൾ ശേഖരിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിനും, ഭൂവിനിയോഗവുമായി ബന്ധപ്പെട്ട ആസൂത്രണം നടത്തുന്നതിനും സംസ്ഥാന ഗവൺമെൻറുകളെ സഹായിക്കുന്നതിനുള്ള ഒരു പരിപാടി കേന്ദ്ര ഗവൺമെൻറിൻെറ ശാസ്ത്ര സാങ്കേതിക വിഭാഗം ആവിഷ്ക്കരിച്ചിരിക്കുന്നു. പദ്ധതിയുടെ ചെലവിൻെറ 25 ശതമാനം സംസ്ഥാന ഗവൺമെൻറും വഹിക്കുന്നതാണ്. ഈ പരിപാടിയിൽ ഉൾപ്പെട്ടിട്ടുള്ള മററു ഏജൻസികൾ സെൻറർ ഫോർ എർത്ത് സയൻസ് സ്ററഡീസ്, സംസ്ഥാന ലാൻഡ് യൂസ് ബോർഡ്, സംസ്ഥാനസോയിൽ സർവ്വേ വിഭാഗം എന്നിവയാണ്.

18. രാജീവ് ഗാന്ധി സെൻറർ ഫോർ ഡെവലപ്പ്മെൻറ് ഓഫ് എഡ്യൂക്കേഷൻ, സയൻസ് ആൻറ് ടെക്നോളജി

(വിഹിതം 10.00 ലക്ഷം രൂപ)

ഈ കേന്ദ്രത്തിൽ ഫാർമസി, ഫിസിയോ തെറാപ്പി, ഇൻഡസ്ട്രിയൽ സേഫ്ററി മാനേജ്മെൻറ്, വിദ്യാഭ്യാസം എന്നിവയിൽ ഗവേഷണവും, പരിശീലനപരിപാടികളും, കോഴ്സുകളും നടത്താൻ ഉദ്ദേശിക്കുന്നു. 1993-94-ൽ സംസ്ഥാന സർക്കാരിൻെറ വിഹിതമാണ് 10 ലക്ഷം രൂപ.

19. ബയോ ടെക്നോളജി പ്രോജക്ടട്

(വിഹിതം 20.00 ലക്ഷം രൂപ)

തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഗ്രാമീണ ജനതയുടെ അഭിവൃദ്ധിക്കുംവേണ്ടി ബയോ ടെക്നോളജി പദ്ധതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ഹോർട്ടികൾച്ചർ, മൃഗസംരക്ഷണം, മൽസ്യബന്ധനം എന്നീ മേഖലകളിലാണ് ഈ പ്രോജക്ടുകൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. പദ്ധതിയുടെ ശാസ്ത്ര-സാങ്കേതിക പരിപാടികൾക്കുള്ള സംസ്ഥാന വിഹിതമാണ് ഈ തുക. സംസ്ഥാന ഗവൺമെൻറിൻെറ മററു വകുപ്പുകളും ഈ പദ്ധതിക്ക് ധനസഹായം നൽകുന്നതാണ്.

20. സോഫിസ്ററിക്കേററഡ് ഇൻസ്ട്രമെൻറേഷൻ കേന്ദ്രം

(വിഹിതം 10.00 ലക്ഷം രൂപ)

കേന്ദ്ര ഗവൺമെൻറിൻെറ ശാസ്ത്ര-സാങ്കേതിക വകുപ്പ് പ്രാദേശിക സോഫിസ്ററിക്കേററഡ് ഇൻസ്ട്രമെൻറേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നു. ഇങ്ങനെ ഒരു കേന്ദ്രം കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന ധനസഹായമാണ് ഈ തുക. പ്രസ്തുത കേന്ദ്രം, സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി സമിതിയുടെ സഹായത്തോടെ കൊച്ചി സർവ്വകലാശാലയിൽ സ്ഥാപിക്കുന്നതാണ്. ഈ കേന്ദ്രം സ്ഥാപിക്കുന്നതിനാവശ്യമായ മൊത്തം തുകയുടെ 25 ശതമാനമാണ് സംസ്ഥാന വിഹിതം.

# IX സാമൂഹ്യവും സാമൂഹ്യസേവനപരവുമായ സർവ്വീസുകൾ

## 9.1 പൊതു വിദ്യാഭ്യാസം

### പ്രാഥമിക വിദ്യാഭ്യാസം

#### 1. സ്ക്കൂൾ കെട്ടിടങ്ങളും സ്റ്റാഫ് ക്വാർട്ടേഴ്സും നിർമ്മിക്കൽ—ഗിരിവർഗ്ഗ ഉപപദ്ധതി

(വിഹിതം 25.00 ലക്ഷം രൂപ)

ഗിരിവർഗ്ഗ പദ്ധതി പ്രദേശങ്ങളിലുള്ള 21 എൽ.പി. സ്ക്കൂളുകളുടെ കെട്ടിടം പണി ഏറ്റെടുത്തതിൽ 14 എണ്ണത്തിന്റെ പണി പൂർത്തിയാക്കുകയും 4 എണ്ണത്തിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. 1992-93 വർഷത്തിൽ 9 സ്കൂൾ കെട്ടിടങ്ങളുടെ പണികൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. 1993-94 വർഷത്തിലേക്ക് ഉൾപ്പെടുത്തിയിരിക്കുന്ന 25 ലക്ഷം രൂപാ പണി തുടങ്ങിയ കെട്ടിടങ്ങൾ പൂർത്തിയാക്കുന്നതിനുവേണ്ടി മാത്രം ഉപയോഗിക്കുന്നതിനാണ്.

#### 2. എൽ.പി./യു.പി. സ്ക്കൂളുകൾക്ക് കെട്ടിട നിർമ്മാണം

(വിഹിതം 350.00 ലക്ഷം രൂപ)

പണി പൂർത്തിയാകാത്ത 109 സ്കൂൾ കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കുന്നതിന് ഈ വർഷം മുൻഗണന കൊടുക്കേണ്ടതാണ്. കുട്ടികളുടെ എണ്ണത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന കുറവുമൂലം സ്കൂൾ കെട്ടിടങ്ങളുടെ പുതിയ പണികൾ ആവശ്യമെങ്കിൽ മാത്രം ഏറ്റെടുക്കേണ്ടതാണ്. കെട്ടിട പണികൾ നിർമ്മിതി കേന്ദ്രങ്ങളുടെ സാങ്കേതികവൈദഗ്ദ്ധ്യവും രക്ഷാകർത്തൃ സംഘടനകളുടെ പൂർണ്ണമായ പിന്തുണയും പ്രയോജനപ്പെടുത്തി ചെയ്യേണ്ടതാണ്. 1993-94 വർഷത്തിലേക്ക് 350 ലക്ഷം രൂപാ ഉൾപ്പെടുത്തിയിരിക്കുന്നു.

#### 3. പഠന സഹായികളുടെ വികസനം

(വിഹിതം 5.00 ലക്ഷം രൂപ)

സർക്കാർ സ്ക്കൂളുകളിലെയും സ്വകാര്യ സ്ക്കൂളുകളിലെയും പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായിട്ടാണ് പ്രസ്തുത വിഹിതം. കൂടാതെ പാഠ്യസഹായ സാധനങ്ങളുടെ നിർമ്മാണത്തിനും വിതരണത്തിനും വേണ്ടി പ്രസ്തുത വിഹിതം ഉപയോഗിക്കേണ്ടതാണ്.

#### 4. യൂണിസെഫിന്റെ സഹായമുള്ള പദ്ധതികൾ

(വിഹിതം 1.00 ലക്ഷം രൂപ)

യൂണിസെഫിന്റെ സഹായത്തോടുകൂടി രണ്ടു പരിപാടികൾ നടന്നുവരുന്നു—(1) പഠനകേന്ദ്രം (2) പ്രാഥമിക വിദ്യാഭ്യാസത്തിൽ സമഗ്രമായ പ്രവേശനം. സാമൂഹ്യ പ്രവർത്തകർക്ക് ഓറിയന്റേഷൻ കോഴ്സുകൾ നടത്തുക, പഠന സഹായികളുടെ നിർമ്മാണത്തിനായി വർക്ക്ഷോപ്പുകൾ തുടങ്ങുക, സാമൂഹ്യ വിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക് കളിപ്പാട്ടങ്ങൾ വിതരണം ചെയ്യുക മുതലായ ആവശ്യത്തിലേക്കാണ് പദ്ധതി വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നത്. 1993-94 വർഷത്തിൽ ഏകദേശം 500 ഓറിയന്റേഷൻ പ്രവർത്തകർക്ക് പ്രയോജനമുണ്ടാകണമെന്നതാണ് ലക്ഷ്യം.

#### 5. അവശ്യാവശ്യ പരിപാടി ഒഴികെയുള്ള സാമൂഹ്യോപകാരപ്രദങ്ങളായ ഉൽപ്പാദന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രവൃത്തിപരിചയ പരിപാടി.

(വിഹിതം 4.00 ലക്ഷം രൂപ)

3078 പ്രൈമറി സ്ക്കൂളുകളിലും 360 യു.പി. സ്ക്കൂളുകളിലും 2002 ഹൈസ്ക്കൂളുകളിലും ഈ പരിപാടി നടപ്പിലാക്കി വരുന്നു. അഞ്ചിന പരിപാടികളായ ശുചീകരണ പ്രവർത്തനം, സ്ക്കൂളുകൾ മോടിപിടിപ്പിക്കൽ, കൃഷിപഠനോപാധികളുടെ നിർമ്മാണം, ക്രാഫ്റ്റ് വർക്ക്സ് എന്നിവ നടപ്പിലാക്കുന്നതിനും പ്രവൃത്തി പരിചയ സെമിനാറുകൾ, അദ്ധ്യാപക പരിശീലനം മുതലായവ സംഘടിപ്പിക്കുന്നതിനുമായിട്ടാണ് പദ്ധതി വിഹിതമായ 4 ലക്ഷം രൂപ 1993-94 വർഷത്തിൽ വകയിരുത്തിയിരിക്കുന്നത്. ഏകദേശം 1500 അദ്ധ്യാപകർക്ക് പരിശീലനം നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

#### 6. പ്രൈമറി സ്ക്കൂളുകൾക്ക് പരീക്ഷണശാലാ ഉപകരണങ്ങൾ വിതരണം ചെയ്യൽ ഉൾപ്പെടെ ശാസ്ത്ര വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ

(വിഹിതം 15.00 ലക്ഷം രൂപ)

സയൻസ് അദ്ധ്യാപകർക്കും ജൂനിയർ സയൻസ് ക്ലബ്ബുകളുടെ മേൽനോട്ടം വഹിക്കുന്ന അദ്ധ്യാപകർക്കും പരിശീലനം നൽകുന്നതിനും, 157 ഉപ വിദ്യാഭ്യാസ ജില്ലകളിൽ ഓരോ ക്ലബ്ബുകൾക്കും 250 രൂപ വീതം ധനസഹായം നൽകുന്നതിനും, യു.പി. ക്ലാസ്സുകളിൽ സയൻസ് കിറ്റുകൾ വിതരണം ചെയ്യുന്നതിനും പദ്ധതി വിഹിതമായ 15 ലക്ഷം രൂപ നീക്കിവെച്ചിരിക്കുന്നു. 1993-94 വർഷത്തിൽ 3000 അദ്ധ്യാപകർക്ക് പരിശീലനം നൽകണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

### സെക്കൻററി വിദ്യാഭ്യാസം

#### 7. കെട്ടിട നിർമ്മാണവും മററു സൗകര്യങ്ങളും

(വിഹിതം 200.00 ലക്ഷം രൂപ)

114 ഹൈസ്ക്കൂളുകളുടെ പണി പൂർത്തിയാക്കാനുണ്ട്. മുൻഗണനാടിസ്ഥാനത്തിൽ 463 സ്ക്കൂൾ കെട്ടിടങ്ങൾകൂടി പണിയുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. വരുന്ന വർഷങ്ങളിൽ ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ കുട്ടികളുടെ എണ്ണം കുറയാനിടയുള്ള കാര്യം കൂടി കണക്കിലെടുത്തു മാത്രമേ പുതിയ പണികൾ ഏറ്റെടുക്കേണ്ടതുള്ളു. പണി പൂർത്തിയാകാത്ത കെട്ടിടങ്ങളുടെ പണി പൂർത്തീകരിക്കുക എന്നതാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്.

#### 8. സർക്കാർ സ്ക്കൂളുകളിൽ പരീക്ഷണശാലാ ഉപകരണങ്ങൾ വിതരണം ചെയ്യൽ ഉൾപ്പെടെ ശാസ്ത്ര വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ

(വിഹിതം 15.00 ലക്ഷം രൂപ)

വിദ്യാർത്ഥികൾക്കായി സയൻസ് സെമിനാറുകൾ സംഘടിപ്പിക്കുക. വിവിധ സയൻസ് വിഷയങ്ങളിൽ സമ്മർ ഇൻസ്റ്റിറ്റ്യൂട്ടുകൾ സംഘടിപ്പിക്കുക, സയൻസ്

അദ്ധ്യാപകർക്ക് ഇൻസർവ്വീസ് കോഴ്സുകൾ നടത്തുക, ദൃശ്യ-ശ്രവണ മാദ്ധ്യമങ്ങൾ ഉപയോഗിച്ച് പഠിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുക, തുടങ്ങിയ കാര്യങ്ങൾക്കാണ് പദ്ധതിവിഹിതമായ 15 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്. 1993-94 വർഷത്തിൽ ഏകദേശം 6000 അദ്ധ്യാപകർക്കും 500 സയൻസ് ക്ലബ് സ്പോൺസേഴ്സിനും പരിശീലനം നൽകാനുദ്ദേശിക്കുന്നു. കൂടാതെ ജില്ലാതല ശാസ്ത്രമേളകളും ദക്ഷിണേൻഡ്യാ ശാസ്ത്രമേളകളും സംഘടിപ്പിക്കുന്നതിനും 31 വിദ്യാഭ്യാസ ജില്ലകളിലുള്ള ഹൈസ്കൂൾ സയൻസ് ക്ലബുകൾക്ക് 200 രൂപാ വീതം നൽകുന്നതിനും വിഹിതം ഉപയോഗിക്കുന്നതാണ്.

9. പ്രവൃത്ത്യുൻമുഖ വിദ്യാഭ്യാസം

(വിഹിതം—10.00 ലക്ഷം രൂപ)

ഈ പദ്ധതി 718 ഹൈസ്കൂളുകളിൽ നടപ്പിലാക്കിവരുന്നു. 1993-94 വർഷത്തിൽ 5000 അദ്ധ്യാപകർക്ക് പരിശീലനം നൽകാനുദ്ദേശിക്കുന്നു. ഈ പദ്ധതി പ്രകാരം അദ്ധ്യാപകർക്ക് വസ്ത്ര നിർമ്മാണം, ബുക്ക് ബയൻറിംഗ്, പഴസംസ്ക്കരണം, കൃഷി, വൈദ്യുതോപകരണങ്ങൾ നിർമ്മിക്കൽ, ഫോട്ടോഗ്രാഫി, തയ്യൽ മുതലായ തൊഴിലുകളിൽ പരിശീലനം നൽകിവരുന്നു. മൂലധനത്തിൻെറ ഉപയോഗം, അസംസ്കൃത സാധനങ്ങൾ വിതരണം ചെയ്യൽ, ഉപകരണങ്ങൾ വാങ്ങുക, അദ്ധ്യാപകർക്ക് പരിശീലനം നൽകുക മുതലായവയ്ക്കുള്ള ചെലവിലേക്കാണ് തുക ഉപയോഗിക്കുന്നത്.

10. തൊഴിൽപരമായ മാർഗ്ഗ നിർദ്ദേശ പരിപാടി

(വിഹിതം—2.00 ലക്ഷം രൂപ)

തൊഴിൽ വിദഗ്ദ്ധർക്ക് കൂടുതൽ പരിശീലനം നൽകുക, ജില്ലാതലത്തിൽ തൊഴിൽ ദിനാഘോഷങ്ങൾ സംഘടിപ്പിക്കുക, സംസ്ഥാനതലത്തിൽ തൊഴിൽ സംബന്ധമായ പ്രദർശനങ്ങൾ നടത്തുക, യു. പി. ക്ളാസ്സുകളിലെ പ്രഗൽഭരായ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുക, ഹൈസ്ക്കൂൾ കുട്ടികൾക്ക് തൊഴിൽപരമായ മാർഗ്ഗനിർദ്ദേശം നൽകുന്ന ക്യാമ്പുകൾ നടത്തുക തുടങ്ങിയവയാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. 1993-94-ൽ വർഷത്തിൽ 500 അദ്ധ്യാപകർക്ക് പരിശീലനം നൽകാനാണുദ്ദേശിക്കുന്നത്.

11. സ്ക്കൂളുകളിലെ വായനശാലകളുടെ വികസനം

(വിഹിതം 8.00 ലക്ഷം രൂപ)

വായനശാലാകമ്മററികളുടെ ശുപാർശയനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഓരോ സ്ക്കൂൾ വായനശാലകൾക്കും ബുക്കുകൾ വിതരണം ചെയ്യുന്നതിനാണ് ഈ വിഹിതം. നടപ്പുവർഷം ഒരു ലക്ഷം ബുക്കുകൾ ആണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്.

12. പരീക്ഷാ പരിഷ്ക്കരണം

(വിഹിതം—5.00 ലക്ഷം രൂപ)

VI, VII, VIII, IX, X എന്നീ ക്ളാസ്സുകളിലേക്ക് മാതൃക ചോദ്യപേപ്പറുകൾ തയ്യാറാക്കുക, എൽ. ററി. ററി. സർട്ടിഫിക്കററ് പരീക്ഷ നടത്തുക, അദ്ധ്യാപകർക്ക് വിദ്യാഭ്യാസമൂല്യ നിർണ്ണയം നടത്തുന്നതിന് പരിശീലനം നൽകുക തുടങ്ങിയ ചെലവിലേക്കാണ് പദ്ധതി വിഹിതം. 1993-94-ലെ വിഹിതമായ 5 ലക്ഷം രൂപയിൽ 2.50 ലക്ഷം രൂപ നാഷണൽ ടാലൻറ് സേർച്ച് എക്സാമിനേഷൻ നടത്തുന്നതിനായി വിനിയോഗിക്കുന്നതാണ്.

13. പാഠ്യപദ്ധതി പരിഷ്ക്കരണം

(വിഹിതം—4.00 ലക്ഷം രൂപ)

VII, X എന്നീ ക്ലാസ്സുകളിൽ പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കുന്നതിനും അദ്ധ്യാപകർക്ക് ഹാൻറ് ബുക്കുകളും വിദ്യാർത്ഥികൾക്ക് വർക്ക് ബുക്കുകളും തയ്യാറാക്കുക മുതലായ ആവശ്യത്തിലേക്കാണ് പദ്ധതി വിഹിതമായ 4 ലക്ഷം രൂപ ഉൾപ്പെടുത്തിയിരിക്കുന്നത്.

14. ഹൈസ്ക്കൂളുകളിലും ടെക്നിക്കൽ ഹൈസ്ക്കൂളുകളിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

(വിഹിതം 125.00 ലക്ഷം രൂപ)

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഇപ്പോൾ 214 സ്ക്കൂളുകളിൽ 480 വിഭാഗങ്ങളിലായി 12000 കുട്ടികൾക്ക് പ്ലസ് ടു തലത്തിൽ നൽകിവരുന്നു. 1993-94-ൽ 15 സ്കൂളുകളിൽ 30 വിഭാഗങ്ങൾ കൂടി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്രഗവൺമെൻറിൽ നിന്നും 349.50 ലക്ഷം രൂപ നടപ്പുവർഷത്തിൽ സഹായധനമായി പ്രതീക്ഷിക്കുന്നു.

15. സംസ്ഥാന വിദ്യാഭ്യാസ ഇൻസ്ററിട്യൂട്ടിൻെറ പുനഃസംഘടന -ഓഫീസർമാരുടെ പരിശീലന പരിപാടി

[വിഹിതം 2.00 ലക്ഷം രൂപ]

കേന്ദ്രസഹായത്തോടുകൂടി സംസ്ഥാന വിദ്യാഭ്യാസ ഇൻസ്ററിട്യൂട്ടിന് വിദ്യാഭ്യാസ ഗവേഷണത്തിനും പരിശീലനത്തിനുമുള്ള സംസ്ഥാനസമിതി പുനഃസംഘടിപ്പിക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശം ഗവൺമെൻറിൻെറ പരിഗണനയിലാണ്. ജില്ലാ വിദ്യാഭ്യാസ മേധാവികൾക്കും അസിസ്ററൻറ് എഡ്യൂക്കേഷണൽ ഓഫീസർമാർക്കും ഹെഡ്മാസ്ററർമാർക്കും വിദ്യാഭ്യാസ പുരോഗതിയെപ്പററിയും, ഭരണസംബന്ധമായ കാര്യങ്ങളിലും പരിശീലനം നൽകുന്നതിനും വിഹിതം ഉപയോഗിക്കുന്നതാണ്. 1993-94-ൽ 600 ഹെഡ്മാസ്ററർമാർക്കും, 75 അസിസ്ററൻറ് ഓഫീസർമാർക്കും 150 അദ്ധ്യാപക ഗ്രന്ഥശാലാ നടത്തിപ്പുകാർക്കും പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു. പുനഃസംഘടനാ നിർദ്ദേശം അംഗീകരിച്ചാൽ നടപ്പു വർഷം കൂടുതൽ തുക ലഭ്യമാക്കുന്നതായിരിക്കും.

16. സയൻസ് ഇൻസ്ററിട്യൂട്ട്.

[വിഹിതം 5.00 ലക്ഷം രൂപ]

അദ്ധ്യാപകർക്ക് ഇൻസർവ്വീസ് കോഴ്സുകൾ, സംസ്ഥാനതല ശാസ്ത്രമേള, സുസജ്ജമായ സയൻസ് മ്യൂസിയം മുതലായ പരിപാടികൾ നടപ്പിലാക്കുകയാണ് ലക്ഷ്യം. 1993-94-ൽ 200 അദ്ധ്യാപകർക്ക് പരിശീലനം നല്കാൻ ഉദ്ദേശമുണ്ട്. പദ്ധതി വിഹിതമായ 5 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ ഇൻസ്ററിട്യൂട്ടിലെ സ്ററാഫിൻെറ ശമ്പളത്തിനും ബാക്കി 3 ലക്ഷം രൂപ മററു പരിപാടികൾക്കുമായി വകയിരുത്തിയിരിക്കുന്നു.

17. പട്ടികജാതികുട്ടികൾക്ക് സ്കോളർഷിപ്പ് - പ്രത്യേക ഘടക പദ്ധതി

[വിഹിതം-20.00 ലക്ഷം രൂപ]

മുൻ വർഷാന്ത്യ പരീക്ഷയിൽ 45 ശതമാനത്തിനു മുകളിൽ മാർക്കുനേടിയ യു. പി., ഹൈസ്ക്കൂൾ എന്നീ ക്ലാസ്സുകളിലെ പട്ടികജാതിയിൽപ്പെട്ട രണ്ട് ആൺകുട്ടികൾക്കും രണ്ട് പെൺകുട്ടികൾക്കും സ്കോളർഷിപ്പ് നൽകുന്നതിലേക്കാണ് പ്രസ്തുത വിഹിതം. കൂടാതെ സൗജന്യമായി പാഠപുസ്തകങ്ങൾ,

നോട്ടുബുക്കുകൾ, ഡിക്ഷണറികൾ, മാപ്പുകൾ മുതലായവ വിതരണം ചെയ്യുന്നതിനും തുക വിനിയോഗിക്കും. നടപ്പുവർഷം 25,000 പട്ടികജാതി കുട്ടികൾക്ക് ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുമെന്നാണ് പ്രതീക്ഷ.

18. പട്ടികജാതി വിദ്യാർത്ഥികൾക്ക് പരിശീലന ക്ലാസ്സുകൾ—പ്രത്യേക ഘടക പദ്ധതി

[വിഹിതം 20.00 ലക്ഷം രൂപ]

X-ാം ക്ലാസ്സുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ്, മലയാളം, ഗണിതശാസ്ത്രം, ഊർജ്ജതന്ത്രം, പ്രകൃതിശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ മൂന്നു മാസം നീണ്ടുനിൽക്കുന്ന പ്രത്യേക പരിശീലന പരിപാടി നടപ്പിലാക്കുന്നതിനാണ് പദ്ധതി വിഹിതം. അദ്ധ്യാപകർക്ക് 150 രൂപാ വീതവും ഹെഡ്മാസ്റ്റർമാർക്ക് 100 രൂപാ വീതവും അലവൻസ് നൽകുന്നതിനും പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സാമഗ്രികൾ സൗജന്യമായി വിതരണം ചെയ്യുന്നതിനും പ്രസ്തുത വിഹിതം ഉപയോഗിക്കുന്നതാണ്.

19. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്—ഗിരിവർഗ്ഗ ഉപ പദ്ധതി.

[വിഹിതം 3.00 ലക്ഷം രൂപ]

ഹൈസ്കൂൾ ക്ലാസ്സുകളിലെയും യു. പി ക്ലാസ്സുകളിലെയും പട്ടികവർഗ്ഗത്തിൽപ്പെട്ട 2 ആൺ കുട്ടികൾക്കും രണ്ടു പെൺകുട്ടികൾക്കും വീതം സ്കോളർഷിപ്പ് നൽകുന്നതിനാണ് പ്രസ്തുത വിഹിതം. മുൻ വർഷാന്ത്യ പരീക്ഷയിലെ നിലവാരമനുസരിച്ചാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. ഇപ്രകാരം 1993-94-ൽ 2,500 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രയോജനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

20. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടി—ഗിരിവർഗ്ഗ ഉപ പദ്ധതി.

[വിഹിതം 3.00 ലക്ഷം രൂപ]

X-ാം ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ്, മലയാളം, കണക്ക്, സാമൂഹ്യശാസ്ത്രം, ഊർജ്ജതന്ത്രം, പ്രകൃതിശാസ്ത്രം എന്നീ വിഷയങ്ങളിൽ മൂന്നുമാസക്കാലം പരിശീലനം നല്കുന്നതിനാണ് പദ്ധതി വിഹിതം. അദ്ധ്യാപകർക്ക് 150 രൂപാ വീതവും ഹെഡ്മാസ്റ്റർമാർക്ക് 100 രൂപാ വീതവും അലവൻസ് നൽകുന്നതിനും വിഹിതം ഉപയോഗിക്കുന്നതാണ്. നടപ്പുവർഷം ഏകദേശം 500 പട്ടികവർഗ്ഗ കുട്ടികൾക്ക് പ്രയോജനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

21 ജനസംഖ്യാവിദ്യാഭ്യാസം—(സംസ്ഥാന വിഹിതം 50%)

[വിഹിതം 3.00 ലക്ഷം രൂപ]

ജനസംഖ്യാവിദ്യാഭ്യാസം സ്കൂൾ കുട്ടികൾക്കിടയിലും അദ്ധ്യാപകർക്കിടയിലും പ്രോൽസാഹിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഇതിലേക്കായി സ്കൂളുകളിലെ പാഠ്യപദ്ധതിയോടൊപ്പം ജനസംഖ്യാ വിദ്യാഭ്യാസത്തിന്റെ 4 ഘടകങ്ങളും കൂടി ഉൾപ്പെടുത്തുന്നതിനും നിർദ്ദേശമുണ്ട്. 1993-94-ൽ 3000 അദ്ധ്യാപകർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു. വിഹിതമായ 3 ലക്ഷം രൂപയിൽ 1 ലക്ഷം രൂപ സംസ്ഥാന ഇൻസ്റ്റിട്യൂട്ടിൽ പ്രവർത്തിച്ചുവരുന്ന ജനസംഖ്യാ വിദ്യാഭ്യാസ സെല്ലിനുവേണ്ടി നീക്കി വച്ചിരിക്കുന്നു.

22. പ്രാഥമിക സ്കൂൾ അദ്ധ്യാപകർക്ക് ഇൻസർവ്വീസ് കോഴ്സ്

(വിഹിതം 10.00 ലക്ഷം രൂപ)

ഏകദേശം 5000 പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് ഇൻസർവ്വീസ് പരിശീലനം നൽകുന്നതിനും ഓരോ ജില്ലക്കും ക്വിസ് പരിപാടി നടത്തുന്നതിനായി 1,100 രൂപ വീതം നൽകുന്നതിനുമാണ് പദ്ധതി വിഹിതം. കൂടാതെ സാമൂഹ്യശാസ്ത്രം, ഗണിതശാസ്ത്രം എന്നീ വിഷയങ്ങളിൽ ഹാൻഡ്ബുക്കുകൾ പ്രസിദ്ധീകരിക്കുന്നതിനും യു. പി. ക്ലാസ്സുകളിൽ നാഷണൽ ടാലന്റ് സേർച്ച് പരീക്ഷ നടത്തുന്നതിനും പ്രസ്തുത വിഹിതം ഉപയോഗിക്കേണ്ടതാണ്.

23. ഭാഷാദ്ധ്യാപകരുൾപ്പെടെയുള്ള ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഇൻസർവ്വീസ് പരിശീലനം.

(വിഹിതം 10.00 ലക്ഷം രൂപ)

ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഇൻസർവ്വീസ് പരിശീലനം നൽകുന്നതിനും, ഗണിതശാസ്ത്രം, ഭൂമിശാസ്ത്രം എന്നീ വിഷയങ്ങളിൽ സമ്മർ ഇൻസ്റ്റിട്യൂട്ടുകൾ നടത്തുന്നതിനുമാണ് വിഹിതം. ബാംഗ്ലൂരിലെ റീജിയണൽ ഇൻസ്റ്റിട്യൂട്ടിലേക്ക് 4 മാസത്തെ പരിശീലനത്തിന് അദ്ധ്യാപകരെ അയക്കുന്നതിനും ഉദ്ദേശമുണ്ട്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, അറബി എന്നിവ പഠിപ്പിക്കുന്ന 800 ഭാഷാദ്ധ്യാപകർക്ക് ഇൻസർവ്വീസ് പരിശീലനം നൽകുന്നതിനുള്ള ചെലവും വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നാലാഴ്ചത്തെ സമ്മർ ഇൻസ്റ്റിട്യൂട്ട് പരിപാടി പ്രകാരം 400 അദ്ധ്യാപകർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു.

24. സ്പെഷ്യൽ സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.

(വിഹിതം 10.00 ലക്ഷം രൂപ)

സംസ്ഥാനത്ത് 6 സർക്കാർ സ്പെഷ്യൽ സ്കൂളുകളും, 14 അംഗീകൃത സ്പെഷ്യൽ സ്കൂളുകളും 7 അംഗീകൃതമല്ലാത്ത സ്പെഷ്യൽ സ്കൂളുകളുമാണുള്ളത്. മൊത്തം 5000 കുട്ടികൾ ഈ സ്കൂളുകളിൽ പഠിക്കുന്നു. ഈ സ്കൂളുകളിലേക്ക് കൂടുതലായി കെട്ടിടങ്ങൾ നിർമ്മിക്കുക, ഹോസ്റ്റൽ സൗകര്യങ്ങൾ നൽകുക, കുടിവെള്ള സൗകര്യപ്പെടുത്തുക, ചുററു മതിലുകൾ കെട്ടുക, പഠന സാമഗ്രികളും മററു ഉപകരണങ്ങളും വാങ്ങുക മുതലായ ചെലവിലേക്കാണ് പദ്ധതി വിഹിതം.

25. സംസ്കൃത വിദ്യാഭ്യാസ വികസനം.

(വിഹിതം 5.00 ലക്ഷം രൂപ)

പരിപൂർണ്ണ സംസ്കൃത സ്കൂളുകളിൽ VI മുതൽ X വരെയുള്ള ക്ലാസ്സുകളിലെ 6 കുട്ടികൾക്ക് വീതം സ്കോളർഷിപ്പ് നൽകുന്നതിനാണ് പ്രസ്തുത വിഹിതം. ഹൈസ്ക്കൂളുകളിൽ 150 രൂപാ വീതവും യു. പി. ക്ലാസ്സുകളിൽ 120 രൂപാ വീതവും നൽകുന്നതായിരിക്കും. ഏകദേശം 630 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്കൃത അദ്ധ്യാപകർക്ക് ഇൻസർവ്വീസ് പരിശീലനം നൽകുക, ജില്ലാതല സംസ്കൃത സദസ്സുകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുക, സംസ്ഥാന സംസ്കൃത ഉൽസവങ്ങൾ നടത്തുക, സംസ്കൃത പണ്ഡിതൻമാർക്ക് ധനസഹായം നൽകുക, ബാലുശ്ശേരിയിലുള്ള കാലിക്കട്ട് ആദർശ വിദ്യാപീഠത്തിന് ധനസഹായം നൽകുക എന്നിവയുടെ ചെലവും പദ്ധതി വിഹിതത്തിൽ ഉൾപ്പെടുന്നു.

26. ജില്ലാ ഇംഗ്ലീഷ് കേന്ദ്രം സ്ഥാപിക്കൽ (സംസ്ഥാന വിഹിതം 50%)

(വിഹിതം 15.00 ലക്ഷം രൂപ)

ഹൈദരാബാദിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് വഴി നടത്തുന്ന പരിശീലന പരിപാടിയുടെ ചെലവ് കേന്ദ്ര ഗവൺമെൻറും, സ്റ്റാഫിൻെറ ചെലവും മററു നിസ്സാരമായ ചെലവും സംസ്ഥാന ഗവൺമെൻറും വഹിക്കുന്നതാണ്. 10 ദിവസം കൊണ്ടവസാനിക്കുന്ന 25 കോഴ്സുകൾ എല്ലാ വർഷവും നടത്താനാണ് നിർദ്ദേശമുളളത്. ഈ പദ്ധതിയുടെ 1993-94-ലെ നടത്തിപ്പിലേക്ക് സംസ്ഥാന വിഹിതമായി 15 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

27. സ്കൂളുകളിൽ പ്ലസ് ടൂ കോഴ്സുകൾ നടപ്പിലാക്കൽ.

(വിഹിതം 300.00 ലക്ഷം രൂപ)

പ്രതിവർഷം 5000 കുട്ടികൾക്ക് പ്രവേശനം നൽകത്തക്കരീതിയിൽ 86 സ്ക്കൂളുകളിലായി പ്ലസ് ടൂ കോഴ്സുകൾ നടപ്പിലാക്കിവരുന്നു. ഈ സ്കൂളുകളിൽ ആവശ്യമായ പരീക്ഷണശാലാസൗകര്യങ്ങളോ വിദഗ്ദരായ അദ്ധ്യാപകരോ മററു സൗകര്യങ്ങളോ ഇല്ലാത്തതിനാലും സ്കൂൾകുട്ടികളുടെ എണ്ണം വരും വർഷങ്ങളിൽ ഗണ്യമായി കുറഞ്ഞുകാണുന്നതിനാലും പ്ലസ് ടൂ വിദ്യാഭ്യാസത്തിൻെറ വികസനം ആവശ്യമില്ല. പ്ലസ് ടൂ കോഴ്സുകൾ നടപ്പിലാക്കിയ സ്ക്കൂളുകളുടെ ഇപ്പോഴത്തെ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയാണ് 300 ലക്ഷം രൂപ 1993-94 വർഷത്തിലേക്ക് ഉൾക്കൊളളിച്ചിട്ടുളളത്.

28. വിദ്യാഭ്യാസ സാങ്കേതിക ഘടകം

(വിഹിതം 10.00 ലക്ഷം രൂപ)

പ്രസക്തമായ സാമഗ്രികൾ മൂലം വിദ്യാഭ്യാസത്തിന് സാങ്കേതികമായ അടിത്തറ നൽകുന്നതിനാണ് വിഹിതം. ഗുണനിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കൂടുതൽ വിഹിതം ഉൾക്കൊളളിച്ചിരിക്കുന്നു. ബദൽ പഠനരീതി ആവിഷ്ക്കരിക്കുക, സ്വയം ബോധനപരമായ സാമഗ്രികൾ നിർമ്മിക്കുക, വീഡിയോ കാസററുകൾ ഉൽപ്പാദിപ്പിക്കുക, മുതലായവയാണ് ചെയ്യാനുദ്ദേശിക്കുന്ന പ്രധാന പരിപാടികൾ.

## സർവ്വകലാശാലാ വിദ്യാഭ്യാസം

### 1. കേരള സർവ്വകലാശാലയുടെ വികസനം

(വിഹിതം 120.00 ലക്ഷം രൂപ)

നിലവിലുളള ബിരുദാനന്തര വകുപ്പുകൾക്ക് ആവശ്യമായ ലബോറട്ടറി സൗകര്യങ്ങളും ലൈബ്രറി സൗകര്യങ്ങളും നൽകി വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നതാണ് പരമമായ ലക്ഷ്യം. കൂടാതെ യു. ജി. സി. യുടെ സഹായത്തോടെ അല്ലാതെയും ഏറെറടുത്തിട്ടുളള കെട്ടിടം പണികൾ പൂർത്തിയാക്കേണ്ടതുണ്ട്. താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി വിഹിതം നീക്കിവച്ചിരിക്കുന്നു.

(രൂപ ലക്ഷത്തിൽ)

| | | |
|---|---|---|
| 1. | യു.ജി.സി സഹായമുളളതും സഹായമില്ലാത്തതുമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ധനസഹായം. | 50.00 |
| 2. | വിവിധ വിഭാഗങ്ങളിലെ ലബോറട്ടറികളുടെ ആധുനീകരണവും വികസനവും | 20.00 |
| 3. | ഡിപ്പാർട്ടുമെൻറുകളുടെ വികസനം | 15.00 |
| 4. | ഗ്രന്ഥശാലകളുടെ വികസനം | 15.00 |
| 5. | സർവ്വകലാശാലയുടെ പ്രസിൻെറ വികസനവും മെച്ചപ്പെടുത്തലും | 5.00 |
| 6. | ഇൻറർനാഷണൽ സെൻറർ ഫോർ കേരള സ്ററഡീസ് | 5.00 |
| 7. | സർവ്വകലാശാലയുടെ മററു സ്ക്കൂളുകളുടേയും സ്ഥാപനങ്ങളുടേയും വികസനത്തിനും മററു പരിപാടികൾക്കും. | 10.00 |
| | ആകെ | 120.00 |

### 2. കാലിക്കററ് സർവ്വകലാശാല

(വിഹിതം 100.00 ലക്ഷം രൂപ)

ജലവിതരണം മെച്ചപ്പെടുത്തുക, വൈദ്യുതി, റോഡുകളുടെ അററകുററപണി മുതലായവയ്ക്കായി യു.ജി.സി. 17 ലക്ഷം രൂപയുടെ പ്രത്യേക സഹായം നൽകിയിട്ടുണ്ട്. സെമിനാർ കോംപ്ലക്സ് പണിയുക, കായിക വിനോദ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ ആരംഭിക്കുക, ഗവേഷണ പ്രവർത്തനങ്ങൾ വികസിപ്പിക്കുക മുതലായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി യു. ജി. സി. യുടെ നിർദ്ദേശവുമുണ്ട്. പ്രവർത്തന മേഖല തിരിച്ചുളള വിഹിതം താഴെ പറയുന്ന പ്രകാരം നീക്കിവച്ചിരിക്കുന്നു.

(രൂപ ലക്ഷത്തിൽ)

| | | |
|---|---|---|
| 1. | യു.ജിസി. സഹായമുളളതും ഇല്ലാത്തതുമായ നിർമ്മാണ പ്രവർത്തനങ്ങൾക്കുളള ധനസഹായം | 50.00 |
| 2. | നിലവിലുളള വിഭാഗങ്ങളുടെ വികസനം | 10.00 |
| 3. | സർവ്വകലാശാല പ്രസ്സിൻെറ വികസനം | 2.00 |
| 4. | ശാസ്ത്ര വിഭാഗം ലബോറട്ടറികളുടെ ആധുനീകരണം | 20.00 |
| 5. | ഗ്രന്ഥശാലാ വികസനം | 10.00 |
| 6. | മററു പരിപാടികൾ | 8.00 |
| | ആകെ | 100.00 |

### 3. മഹാത്മാഗാന്ധി സർവ്വകലാശാല

(വിഹിതം-250.00 ലക്ഷം രൂപ)

സർവ്വകലാശാലയുടെ ആന്തരിക ഘടനാസൗകര്യങ്ങളെ കൂടുതൽ ഉറപ്പിച്ച് ബലപ്പെടുത്തുന്നതിനും വിവിധ വിഭാഗങ്ങളുടേയും സ്കൂളുകളുടേയും വികസനവുമാണ് 1993-94-ലെ പരമമായ ലക്ഷ്യം. കൂടാതെ എൺവയൺമെൻറും ഇക്കോളജിയും, മാനേജ്മെൻറ് സ്ററഡീസ്, ഫ്യൂച്ചറോളജി, മാത്മാററിക്സ് എന്നീ വിഷയങ്ങളിൽ കോഴ്സുകൾ നടത്താനും ഉദ്ദേശമുണ്ട്. വിഹിതത്തിൻെറ പ്രവർത്തനമേഖല തിരിച്ചുളള വിഭജനം താഴെ കൊടുത്തിരിക്കുന്നു.

(രൂപ ലക്ഷത്തിൽ)

| | | |
|---|---|---|
| 1. | യു.ജി.സി. സഹായമുളളതും സഹായമില്ലാത്തതുമായ നിമ്മാണ പ്രവർത്തനങ്ങൾക്ക് ധനസഹായം | 170.00 |
| 2. | നിലവിലുളള ഗവേഷണ സ്കൂളുകളുടെയും മററു വിഭാഗങ്ങളുടെയും ശക്തിപ്പെടുത്തൽ | 20.00 |

| | | |
|---|---|---|
| 3. | സർവ്വകലാശാലയുടെ പരിസരങ്ങളും വിദ്യാർത്ഥികളുടെ മററ് സൗകര്യങ്ങളും മെച്ചപ്പെടുത്തുക | 25.00 |
| 4. | പുതിയ സ്കൂളുകളും ഡിപ്പാർട്ടുമെൻറുകളും സ്ഥാപിക്കുകയും നിലവിലുളളവ വികസിപ്പിക്കുകയും | 25.00 |
| 5. | മററു പരിപാടികൾ | 10.00 |
| | ആകെ | 250.00 |

4. ഡെപ്യൂട്ടി ഡയറക്ടറേററുകൾക്ക് ഫർണിച്ചർ വാങ്ങുക

(വിഹിതം 1.00 ലക്ഷം രൂപ)

കോളേജ് വിദ്യാഭ്യാസ വകുപ്പിൻെറ കീഴിൽ—കൊല്ലം, കോട്ടയം, തിരുവനന്തപുരം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി അഞ്ച് ഡെപ്യൂട്ടി ഡയറക്ടറേറുകൾ ഉണ്ട്. ഇവയ്ക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിനാണ് ഒരു ലക്ഷം രൂപ പദ്ധതി വിഹിതമായി നൽകിയിരിക്കുന്നത്.

5 കോളേജുകൾക്കും ഹോസ്ററലുകൾക്കും കെട്ടിട നിർമ്മാണം

(വിഹിതം 125.00 ലക്ഷം രൂപ)

ആകെയുള്ള 40 ഒന്നാംകിട കോളേജുകളിൽ 10 എണ്ണത്തിന് സ്ഥിരമായ കെട്ടിടമില്ലാത്തവയാണ്. ഈയിടെയായി പദവി ഉയർത്തിയ 12 ജൂനിയർ കോളേജുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. 96 ഹോസ്ററലുകൾ ആവശ്യമാണെങ്കിലും 13 സർക്കാർ കോളേജുകളോടനുബന്ധിച്ച് ആകെ 19 ഹോസ്ററലുകൾ മാത്രമാണുള്ളത്. നടന്നുകൊണ്ടിരിക്കുന്ന കെട്ടിടം പണികൾ പൂർത്തിയാക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിട്ടിരിക്കുന്നത്. രക്ഷാകർത്തൃ സംഘടന, പൂർവ്വ വിദ്യാർത്ഥി സംഘടന മുതലായവയുടെ സഹായത്തോടെ പുതിയ പണികൾ മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ടതാണ്.

6. ചെറുകിട നിർമ്മാണ പ്രവർത്തനങ്ങൾ

(വിഹിതം 10.00 ലക്ഷം രൂപ)

48 ഗവൺമെൻറു കോളേജുകളിൽ അഞ്ച് എണ്ണം 100 വർഷത്തിലധികം പഴക്കമുള്ളതും രണ്ടെണ്ണം 75 വർഷത്തിലധികം പഴക്കമുള്ളതും രണ്ടെണ്ണം 50 വർഷത്തിലധികം പഴക്കമുള്ളതുമാണ്. ഈ കോളേജുകൾക്കെല്ലാം ചെറിയതോതിൽ അററകുററപ്പണികൾ നടത്തേണ്ടത് ആവശ്യമാണ്. കോളേജിലെ രക്ഷാകർത്തൃസംഘടന, പൂർവ്വ വിദ്യാർത്ഥി സംഘടന എന്നിവയുടെ സഹായ സഹകരണത്തോടുകൂടി പണി നടത്തുന്നതിനായി 1993-94-ലേക്ക് 10 ലക്ഷം രൂപയാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്.

7 ഗവൺമെൻറ് കോളേജുകളിലെ ഗ്രന്ഥശാലകളുടെ വികസനം

(വിഹിതം 30.00 ലക്ഷം രൂപ)

നാല് ഗവൺമെൻറ് ട്രെയിനിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ ഗവൺമെൻറ് കോളേജുകളിലും കൂടുതൽ പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ആവശ്യമുണ്ട്. ഗ്രാമപ്രദേശങ്ങളിൽനിന്നുമുള്ള കുട്ടികൾക്ക് സഹായമായിട്ടുള്ളത് കോളേജു ലൈബ്രറി മാത്രമാണ്. പഴക്കമുള്ളതും വിലപിടിപ്പുള്ളതുമായ ബുക്കുകൾ സംരക്ഷിക്കുന്നതിനും പട്ടിക തയ്യാറാക്കി സൂക്ഷിക്കുന്നതിനും മററുമായി പകർപ്പെടുക്കാനുള്ള സൗകര്യങ്ങൾ ആവശ്യമാണ്. 1993-94-ൽ ഏകദേശം 30,000 പുസ്തകങ്ങൾ ഗവൺമെൻറ് കോളേജുകൾക്ക് വിതരണം ചെയ്യാനുദ്ദേശിക്കുന്നു.

8. ഗവൺമെൻറ് കോളേജുകൾക്ക് ഫർണിച്ചർ വാങ്ങൽ

(വിഹിതം 10.00 ലക്ഷം രൂപ)

1991-92-ൽ 12 ഗവൺമെൻറ് കോളേജുകളെ ഒന്നാംകിട കോളേജായി ഉയർത്തി. ഈ കോളേജുകൾക്കും കൂടുതൽ ക്ലാസുകൾ തുടങ്ങുന്ന കോളേജുകൾക്കും സജ്ജീകരണോപകരണങ്ങൾ വാങ്ങുന്നതിനായി 10 ലക്ഷം രൂപ 1993-94-ൽ പദ്ധതി വിഹിതമായി ഉൾക്കൊള്ളിച്ചിരിക്കുന്നു.

9. ഗവൺമെൻറ് കോളേജുകളിലെ ലബോറട്ടറി സൗകര്യങ്ങൾ വികസിപ്പിക്കലും സ്പെഷ്യൽ ഗ്രേഡ് ഗവൺമെൻറ് കോളേജുകളെ വിശിഷ്ട കേന്ദ്രങ്ങളായി ഉയർത്തലും ആധുനീകരണവും മെച്ചപ്പെടുത്തലും

(വിഹിതം 75.00 ലക്ഷം രൂപ)

വളരെ വർഷങ്ങൾക്കു മുമ്പ് സ്ഥാപിച്ച ഗവൺമെൻറ് കോളേജുകളിലെ ലബോറട്ടറികളെല്ലാം ഉപയോഗശൂന്യവും കാലഹരണപ്പെട്ടതുമാണ്. കുട്ടികളുടെ പരിശീലന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള അത്യാവശ്യം ലബോറട്ടറിസൗകര്യങ്ങൾപോലും ഇപ്പോഴില്ല. ആയതിനാൽ വരുന്ന അഞ്ചുവർഷക്കാലം ലബോറട്ടറികൾ ആധുനീകരിക്കുക എന്ന പദ്ധതിക്ക് വ്യക്തമായ മുൻഗണന നൽകുന്നതാണ്. 1993-94-ൽ 75 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുള്ളതിൽ 35 ലക്ഷം രൂപ സ്പെഷ്യൽ ഗ്രേഡ് ഗവൺമെൻറ് കോളേജുകളെ വിശിഷ്ട കേന്ദ്രങ്ങളായി ഉയർത്തുന്നതിനായി നീക്കിവെച്ചിരിക്കുന്നു.

10. ഗവൺമെൻറ് കോളേജുകളിൽ പുസ്തകബാങ്കുകൾ

(വിഹിതം 5.00 ലക്ഷം രൂപ)

നാലു ട്രെയിനിംഗ് കോളേജുകളുൾപ്പെടെയുള്ള ഗവൺമെൻറ് കോളേജുകൾക്കാവശ്യമായ ആധുനിക പുസ്തകങ്ങൾ വാങ്ങുന്നതിനാണ് വിഹിതം. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് കടമായി പുസ്തകങ്ങൾ നൽകുന്നതാണ്. ഇതനുസരിച്ച് 2,500 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന കോളേജുകൾക്ക് 10,000 രൂപാ വീതവും 2500-ൽ താഴെ കുട്ടികൾ പഠിക്കുന്ന കോളേജുകൾക്ക് 5,000 രൂപാവീതവും നൽകുന്നതിനാണ് പദ്ധതി വിഹിതം.

11. വിദ്യാർത്ഥികൾക്ക് സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

(വിഹിതം 5.00 ലക്ഷം രൂപ)

ഗവൺമെൻറ് കോളേജുകളിലും ഹോസ്ററലുകളിലും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനാണ് പദ്ധതി വിഹിതം. പാചക വാതക സൗകര്യങ്ങൾ, ഫർണിച്ചർ, ഉപകരണങ്ങൾ മുതലായവ നൽകി ഹോസ്ററലുകളോടനുബന്ധിച്ചുള്ള അടുക്കളകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിഹിതം ഉപയോഗിക്കുന്നതാണ്. 1993-94-ൽ 5 ലക്ഷം രൂപ ഈ പദ്ധതിയാവശ്യത്തിലേക്കായി നീക്കിവെച്ചിരിക്കുന്നു.

12. വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് പുതുക്കലും, ജില്ലാടിസ്ഥാനത്തിൽ മെറിററ് അവാർഡുകൾ നൽകലും.

(വിഹിതം 3.00 ലക്ഷം രൂപ)

വർഷാവസാന പരീക്ഷയിൽ 45 ശതമാനത്തിലധികം മാർക്കും രക്ഷകർത്താവിന്റെ വരുമാനം 2,000 രൂപയിൽ കവിയാതെയുള്ള സംസ്കൃതകോളേജിലേയും 5,000 രൂപയിൽ കവിയാതെയുള്ള സംഗീതകോളേജിലേയും കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായും, സംസ്ഥാന തലത്തിലും ജില്ലാതലത്തിലും അഞ്ചാം സ്ഥാനം വരെകിട്ടിയ 10-ാംക്ലാസു കഴിഞ്ഞു പഠിക്കുന്ന കുട്ടികൾക്ക് മെറിററ് അവാർഡുകൾ നൽകുന്നതിനായും പദ്ധതി വിഹിതം പ്രയോജനപ്പെടുത്തുന്നു. ഒരു വർഷം 1000 കുട്ടികൾക്ക് പ്രയോജനം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

13. യു. ജി. സി. യുടെ സഹായത്തോടെ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

(വിഹിതം 15.00 ലക്ഷം രൂപ)

പ്രധാനപ്പെട്ട കോളേജുകൾക്ക് നിർമ്മാണ പ്രവർത്തനങ്ങളുടെ 50 ശതമാനം യു. ജി. സി. സഹായമായി നൽകിവരുന്നു. 1992-93 വർഷത്തിൽ ഈ ഇനത്തിൽ ഏഴ് ഗവൺമെൻറ് കോളേജുകളിൽ 33 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പണികൾ പുരോഗമിച്ചു വരുന്നു. 1993-94-ൽ കൂടുതൽ സാമ്പത്തിക സഹായം യു. ജി. സി. യിൽ നിന്നും പ്രതീക്ഷിക്കുന്നതിനാൽ 15 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയിരിക്കുന്നു.

14. വിജ്ഞാനശാഖാ വികസനവും ഗവേഷണവും

(വിഹിതം 12.00 ലക്ഷം രൂപ)

ഗവൺമെൻറ് കോളേജുകളിലെ വിവിധ ശാഖകളിലുള്ള അദ്ധ്യാപകർക്ക് ഇൻസർവ്വീസ് ട്രെയിനിംഗ്, ശിൽപ്പശാല എന്നിവ നടത്തുന്നതിനും, ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ഗസ്ററ് ലക്ചർ ക്ലാസ്സുകൾ നടത്തുന്നതിനും, വിദഗ്ധരായ അദ്ധ്യാപകർക്ക് സംസ്ഥാനത്തിന് പുറത്ത് സെമിനാറുകളിലും കൂടിയാലോചനായോഗങ്ങളിലും പങ്കെടുക്കുന്നതിന് പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനുമാണ് പദ്ധതിവിഹിതമായ 12 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്.

15. കളിസ്ഥലങ്ങളുടെ അററകുററപ്പണി നടത്തി സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

(വിഹിതം 2.00 ലക്ഷം രൂപ)

ഗവൺമെൻറ് കോളേജുകളോട് ചേർന്നുള്ള കളിസ്ഥലങ്ങളുടെ അത്യാവശ്യ അററകുററപ്പണികൾ നടത്തുന്നതിനാണ് വിഹിതം. അടുത്ത കാലത്തായി അപ്ഗ്രേഡ് ചെയ്ത 12 ഗവൺമെൻറ് കോളേജുകൾക്ക് കളിസ്ഥലങ്ങളോ മററു സൗകര്യങ്ങളോ ഇല്ല. 1992-93-ൽ തെരഞ്ഞെടുക്കപ്പെട്ട കോളേജുകൾക്ക് 10,000 രൂപ നിരക്കിൽ ധനസഹായം നൽകി. 2 ലക്ഷം രൂപയാണ് 1993-94-ലെ പദ്ധതി വിഹിതം.

16. കായിക വിനോദത്തിനും കളികൾക്കും ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ

(വിഹിതം 2.00 ലക്ഷം രൂപ)

കായിക വിനോദത്തേയും കളികളേയും പ്രോൽസാഹിപ്പിക്കുന്നതിന് ഗവൺമെൻറ് കോളേജുകൾക്ക് ധനസഹായം നൽകുന്നതിനാണ് പ്രസ്തുത വിഹിതം. ഈ ആവശ്യത്തിലേക്ക് 1992-93-ൽ തെരഞ്ഞെടുക്കപ്പെട്ട കോളേജുകൾക്ക് 10,000 രൂപാവീതം നൽകി. 1993-94-ലേക്ക് 2 ലക്ഷം രൂപ ഉൾപ്പെടുത്തിയിരിക്കുന്നു.

17. പ്ലാനിംഗ് ഫോറങ്ങൾ

(വിഹിതം 2.00 ലക്ഷം രൂപ)

കോളേജുകളിൽ സാമൂഹ്യ-സാമ്പത്തിക സർവ്വെ നടത്തുക സെമിനാറുകളും ഫിലിം പ്രദർശനങ്ങളും സംഘടിപ്പിക്കുക, പഞ്ചവൽസര പദ്ധതികളുടെ വിവിധ വശങ്ങളെപ്പററി ചർച്ചകൾ നടത്തുക എന്നിവയാണ് പ്ലാനിംഗ് ഫോറങ്ങൾ ചെയ്യുന്നത്. ഇതിന്റെ ചെലവിലേക്കായി തെരഞ്ഞെടുക്കപ്പെട്ട ഗവൺമെൻറ്/സ്വകാര്യ കോളേജുകളിലെ "ബി" വിഭാഗം പ്ലാനിംഗ് ഫോറങ്ങൾക്ക് 1600 രൂപാവീതവും 'എ' വിഭാഗം പ്ലാനിംഗ് ഫോറങ്ങൾക്ക് 400 രൂപാവീതവും വർഷംതോറും ധനസഹായം നൽകുന്നതിനാണ് പ്രസ്തുത വിഹിതം.

18. പഠനയാത്രകൾ

(വിഹിതം 3.00 ലക്ഷം രൂപ)

സയൻസ് വിഭാഗത്തിലെ ബിരുദ-ബിരുദാനന്തര തലങ്ങളിലുള്ള കുട്ടികൾക്ക് പഠനയാത്രകൾ നടത്തുന്നതിന് ധനസഹായം നൽകുന്നതിനാണ് പദ്ധതി വിഹിതം. വിദ്യാർത്ഥികൾക്കൊപ്പം പോകുന്ന അദ്ധ്യാപക-അദ്ധ്യാപകേതര സ്ററാഫിനുള്ള യാത്രാബത്ത/ക്ഷാമബത്ത എന്നിവയും ഈ വിഹിതത്തിൽ ഉൾപ്പെടുന്നു. 1992-93-ൽ 13 ഗവൺമെൻറ് കോളേജുകൾക്ക് ഇതിലേക്കായി ധനസഹായം നൽകി. 1993-94-ലെ വിഹിതം 3 ലക്ഷം രൂപയാണ്.

19. റെമഡിയൽ കോഴ്സുകൾ (പ്രത്യേക ഘടക പദ്ധതി)

(വിഹിതം 15.00 ലക്ഷം രൂപ)

ഈ പദ്ധതിപ്രകാരം പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് ഇംഗ്ലീഷ്, കോമേഴ്സ്, സയൻസ് എന്നീ വിഷയങ്ങളിൽ റെമഡിയൽ കോഴ്സുകൾ നടത്തിവരുന്നു. ഇപ്പോൾ 50 കോളേജുകളിലായി 2000 കുട്ടികൾക്ക് പ്രയോജനപ്പെടത്തക്കവിധത്തിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ കോഴ്സുകളുടെ ദൈർഘ്യം 5 മാസത്തിൽ നിന്നും 7 മാസം വരെ നീട്ടുന്നതിനും അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശമുണ്ട്. 1993-94-ൽ 15 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

20. കായിക വിനോദങ്ങളിലും കളികളിലും പ്രത്യേക പരിശീലനം (പ്രത്യേക ഘടക പദ്ധതി)

(വിഹിതം 5.00 ലക്ഷം രൂപ)

തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് കായികവിനോദങ്ങളിലും കളികളിലും 2½ മാസം പ്രത്യേക പരിശീലനം നൽകുന്നതായിരിക്കും. 1992-93-ൽ തെരഞ്ഞെടുക്കപ്പെട്ട കോളേജുകൾക്ക് 3,000 രൂപാവീതം ഈ പദ്ധതി നടപ്പിലാക്കാൻ നൽകുകയുണ്ടായി. 1993-94-ലെ വിഹിതം 5 ലക്ഷം രൂപയാണ്.

21. ലാകോളേജുകൾ

(വിഹിതം 30.00 ലക്ഷം രൂപ)

സംസ്ഥാനത്തുള്ള 4 ലാകോളേജുകളിലായി ആകെ 3290 കുട്ടികൾ പഠിക്കുന്നുണ്ട്. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഹോസ്ററലുകൾ, കോളേജിലെ സ്ററാഫിന് താമസിക്കുന്നതിനുള്ള കെട്ടിടങ്ങൾ മുതലായവ പണിയുന്നതിനായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിലെ

ഉ ാകോളേജുകൾക്ക് സഹായധനമായി വിഹിതം അനുവദിച്ചിരിക്കുന്നു. ലാകോളേജുകളിൽ 5 വർഷ കോഴ്സുകൾ ആവിഷ്ക്കരിച്ചതുമൂലം കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. നിർമ്മാണ ജോലികൾ ഏററവും പ്രധാനാവശ്യമായതിനാൽ പൂർവ്വ വിദ്യാർത്ഥി സംഘടനകളുടെയും മററും സഹായ സഹകരണത്തോടെ നടപ്പിലാക്കാവുന്നതാണ്. 1993-94-ലെ വിഹിതമായ 30 ലക്ഷം രൂപയിൽ 15 ലക്ഷം രൂപ തൃശ്ശൂരിൽ പുതിയതായി ആരംഭിച്ച ലാകോളേജിനായി നീക്കിവച്ചിരിക്കുന്നു.

22. എൻ. സി. സി./എൻ. എസ്. എസ്.

(വിഹിതം 10.00 ലക്ഷം രൂപ)

എൻ. സി. സി. ഡയറക്ടറേററിനോടനുബന്ധിച്ചുള്ള 45 ഓഫീസുകളിൽ 40 എണ്ണം വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഡയറക്ടറേററിന്റെ പ്രചരണവിഭാഗം ശക്തിപ്പെടുത്തുക, ആക്കുളത്ത് ഓഫീസ് കെട്ടിടം പണിയുക, ചങ്ങനാശ്ശേരിയിൽ ബോട്ട്ഹൗസ് നിർമ്മിക്കുക, കാലിക്കററ് യൂണിവേഴ്സിററി കാമ്പസിലും കോഴിക്കോട് എൻ. സി. സി. ഓഫീസിനും ഓഫീസ് സൗകര്യങ്ങൾ ഉണ്ടാക്കുക എന്നിവയ്ക്കായി 1993-94-ൽ 10 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയിരിക്കുന്നു.

23 സംസ്ഥാന ഭാഷാ ഇൻസ്ററിട്യൂട്ട്

(വിഹിതം 30.00 ലക്ഷം രൂപ)

ഉന്നതവിദ്യാഭ്യാസതലത്തിൽ ബോധനമാദ്ധ്യമത്തിനായി പ്രാദേശിക ഭാഷയെ വികസിപ്പിച്ചുകൊണ്ടു വരുന്നതിന് 1968-ലാണ് സംസ്ഥാന ഭാഷാ ഇൻസ്ററിട്യൂട്ട് സർക്കാർ സഹായത്തോടെ സ്ഥാപിച്ചത്. ഇതുവരെ പ്രസിദ്ധീകരിച്ച 1122 പുസ്തകങ്ങളിൽ 305 എണ്ണം വിവർത്തനം ചെയ്തവയാണ്. വിവിധ വിഷയങ്ങളിൽ 70 പുസ്തകങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കുക, തിരുവനന്തപുരത്തെ നളന്ദ കാമ്പസിൽ സ്ഥിരമായി കെട്ടിടം പണിയുക, ഇൻസ്ററിട്യൂട്ടിന്റെ അച്ചടി ഉപകരണം ആധുനീകരിക്കുക, വിപണന സൗകര്യം മെച്ചപ്പെടുത്തുക, ലൈബ്രറി സൗകര്യം മെച്ചപ്പെടുത്തുക തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കാനായി 30 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു. നിലവിലുള്ള പ്രവർത്തനങ്ങൾ തുടർന്നു നടത്തുന്നതിനുവേണ്ടി മാത്രമാണ് പദ്ധതി വിഹിതം.

24. സംസ്ഥാന വിശ്വവിജ്ഞാനകോശം പ്രസിദ്ധീകരണ സ്ഥാപനം

(വിഹിതം 10.00 ലക്ഷം രൂപ)

മലയാളം വിശ്വവിജ്ഞാനകോശത്തിന്റെ 9 വാല്യങ്ങൾ പ്രസിദ്ധീകരിക്കുകയും 10-ാമത്തെ വാല്യം പ്രസിദ്ധീകരണത്തിനായി തയ്യാറെടുക്കുകയും ചെയ്യുന്നു. സർവ്വ വിജ്ഞാനകോശത്തിന്റെ 11-ഉം 12-ഉം വാല്യങ്ങൾക്കും ലോക വിജ്ഞാനകോശത്തിന്റെ 2-ാം വാല്യത്തിനും ആവശ്യമായ പേപ്പർ വാങ്ങുക, എഴുത്തുകാർക്ക് പ്രതിഫലം നൽകുക, ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങുക, സജ്ജീകരണോപകരണങ്ങൾ വാങ്ങുക, ശമ്പളം നൽകുക തുടങ്ങിയവയാണ് പ്രധാനമായ ചെലവിനങ്ങൾ. ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ തുടർന്നും ചെയ്യുന്നതിനല്ലാതെ പുതിയ കാര്യങ്ങൾക്കായി വിഹിതം ഉപയോഗിക്കുന്നതല്ല.

25 സംസ്ഥാന ബാലസാഹിത്യ ഇൻസ്ററിട്യൂട്ട്.

(വിഹിതം 10.00 ലക്ഷം രൂപ)

സംസ്ഥാന ബാലസാഹിത്യ ഇൻസ്ററിട്യൂട്ട് 1981 ലാണ് സ്ഥാപിച്ചത്. കുട്ടികളുടെ വിജ്ഞാനകോശമായ "ബാലകൈരളി വിജ്ഞാന കോശം' പ്രസിദ്ധീകരിക്കുക, പാഠ്യേതരവായനയ്ക്കായി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക, കഥകളും കവിതകളും രേഖപ്പെടുത്തിയ ടേപ്പുകൾ ഉണ്ടാക്കുക, സ്ക്കൂളുകളിൽ സാംസ്കാരിക പരിപാടികൾ നടപ്പിലാക്കുക ശില്പശാലകളും സെമിനാറുകളും നടത്തുക, ഗ്രന്ഥശാലകൾ വികസിപ്പിക്കുക, നാടൻ പാട്ടുകളും കഥകളും ശേഖരിച്ച് രേഖപ്പെടുത്തുന്നതിന് കുട്ടികൾക്ക് ബഹുമതി നൽകുക, കുട്ടികളുടെ മലയാളത്തിലുള്ള എല്ലാ സാഹിത്യ പ്രസിദ്ധീകരണങ്ങൾക്കുംവേണ്ടി ഒരു നിക്ഷേപകേന്ദ്രം സ്ഥാപിക്കുക, പുസ്തകചന്തകൾ നടത്തുക മുതലായവയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന സംരംഭങ്ങൾ. 1993-94-ലെ വിഹിതമായ 10 ലക്ഷം രൂപ ഇപ്പോഴത്തെ പരിപാടികൾതന്നെ തുടർന്നും ചെയ്യുന്നതിനായുള്ള ചെലവിലേക്കായി മാത്രമാണ്.

26. സംസ്കൃത സർവ്വകലാശാല

(വിഹിതം 100. 00 ലക്ഷം രൂപ)

കാലടിയിൽ ഒരു സംസ്കൃത സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് 1986-ൽ തയ്യാറാക്കപ്പെട്ടു. ഇതുപ്രകാരം സർവ്വകലാശാല മൂന്ന് ഘട്ടങ്ങളിലായി—ഒന്നാം ഘട്ടം 1986-88, രണ്ടാംഘട്ടം 1988-93 മൂന്നാം ഘട്ടം 1994-96-ൽ സ്ഥാപിക്കുന്നതാണ്. പദ്ധതിയുടെ ആകെ കണക്കാക്കിയ ചെലവ് 14 കോടി രൂപയും ആവർത്തന ബാദ്ധ്യത 2.16 കോടി രൂപയുമാണ്. 1992-93-ൽ ഭൂമി ഏറെറടുക്കുന്നതിനായി ഗവൺമെൻറ് 225 ലക്ഷം രൂപ അനുവദിച്ചിരുന്നു. 1993-94-ലെ വിഹിതമായ 100 ലക്ഷം രൂപ അത്യാവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ആവശ്യ വകുപ്പുകളുടെ വികസനത്തിനുമായി വിനിയോഗിക്കേണ്ടതാണ്.

27. ദ്രാവിഡഭാഷാ പഠനത്തിനായുള്ള അന്തർദേശീയ സ്ഥാപനം

(വിഹിതം 5.00 ലക്ഷം രൂപ)

നാലു ദക്ഷിണമേഖലാ സംസ്ഥാനങ്ങളിലും പോണ്ടിച്ചേരിയിലും ഭാഷാപ്രശ്നത്തെപ്പററി ഗവേഷണം നടത്തുക എന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. ഒരു കമ്പ്യൂട്ടർ വിഭാഗവും 11,000 വാല്യങ്ങളും 110 പ്രസിദ്ധീകരണങ്ങളുമടങ്ങുന്ന ഒരു ഗ്രന്ഥശാലയും ഈ സ്ഥാപനം ഒരുക്കിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ പഠന സംബന്ധമായ കാര്യങ്ങൾക്കായി 5 ബ്ലോക്കുകൾ നിർമ്മിച്ചിട്ടുണ്ട്. മലയാള ഭാഷയിൽ നിന്നും മററു ഭാരതീയഭാഷകളിലേക്ക് കമ്പ്യൂട്ടർ വിവർത്തനം നടപ്പിലാക്കുക, കുട്ടികളിലുള്ള (പ്രത്യേകിച്ച് പട്ടികവർഗ്ഗക്കാർ ധാരാളമായി താമസിക്കുന്ന പ്രദേശങ്ങളിലെ) ഉച്ചാരണ ദോഷത്തെക്കുറിച്ച് ഗവേഷണം നടത്തുക, ഭാഷാശാസ്ത്രഗവേഷണത്തിനായി ഒരു കേന്ദ്രം സ്ഥാപിക്കുക, മുതലായകാര്യങ്ങൾ നടപ്പിലാക്കുന്നതിനായിട്ടാണ് ഈ വർഷം 5 ലക്ഷം രൂപ പദ്ധതി വിഹിതമായി നൽകുന്നത്.

28. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട പ്രശസ്തകോളേജുകളുടെ പുനരുദ്ധാരണത്തിനുള്ള മാച്ചിംഗ് ഗ്രാൻറ്.

(വിഹിതം 10.00 ലക്ഷം രൂപ)

1988-89-ൽ 5 ഗവൺമെൻറ് കോളേജുകളിലായി ആവിഷ്ക്കരിച്ച ഈ പദ്ധതി ഇപ്പോൾ 4 ട്രെയിനിംഗ് കോളേജുകളുൾപ്പെടെ 40 കോളേജുകളിലേക്ക് വ്യാപിപ്പിച്ചുകഴിഞ്ഞു. രക്ഷാകർത്തൃ സംഘടനകളുടേയും പൂർവ്വ വിദ്യാർത്ഥിസംഘടനകളുടേയും പൊതുജനങ്ങളുടേയും പങ്കാളിത്തത്തോടെ തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ സർക്കാർ സഹായം ഉൾപ്പെടുത്തി പുരോഗമന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാണ് 10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്.

# 9.2 കലയും സംസ്കാരവും

## 1. സംഗീത കോളേജുകളും അക്കാഡമികളും

(വിഹിതം 15.00 ലക്ഷം രൂപ)

സംസ്ഥാനത്തെ 3 സംഗീത കോളേജുകളിലുംകൂടി 1360 വിദ്യാർത്ഥികൾ ഇപ്പോഴുണ്ട്. ഗാനഭൂഷണം, നടനഭൂഷണം, ഭരതനാട്യം, മോഹിനിയാട്ടം, കഥകളി തുടങ്ങി പല കലകളിലും വിവിധ കോഴ്സുകൾ ഇവിടെ നടത്തി വരുന്നു. സംഗീതോപകരണങ്ങളുടെ അററകുററപ്പണികൾ നടത്തുക, പുതിയവ വാങ്ങുക, ക്ലാസ്സുകളിലേക്കും ഹോസ്ററലുകളിലേക്കും ആവശ്യമായ സജ്ജീകരണോപകരണങ്ങൾ വാങ്ങുക, പുസ്തകങ്ങൾ വാങ്ങുക തുടങ്ങിയവയാണ് ചെലവിനങ്ങൾ. കൂടാതെ എസ്. എം. വി. സ്കൂളിൽ ആരംഭിച്ച കഥാപ്രസംഗം പാർട്ട് ടൈം കോഴ്സിനുള്ള വിഹിതവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 2. പബ്ലിക് ലൈബ്രറി—തിരുവനന്തപുരം

(വിഹിതം 12.00 ലക്ഷം രൂപ)

തിരുവനന്തപുരം പബ്ലിക ലൈബ്രറിയിൽ മൈക്രോഫിലിം യൂണിററ് സ്ഥാപിക്കൽ പുസ്തക സംരക്ഷണം, പ്ലെയിൻ പേപ്പർ കോപ്പിയർ, ഗ്രന്ഥശാലയിലുള്ള അന്തർ ഗ്രന്ഥശാലാ വായ്പാപരിപാടി തുടങ്ങിയവയ്ക്കുവേണ്ടിയാണ് പ്രസ്തുത വിഹിതം കൂടാതെ കുട്ടികൾക്കുവേണ്ടിയുള്ള ഗ്രന്ഥശാലയുടെ കെട്ടിട നിർമ്മാണച്ചെലവിനായി 5 ലക്ഷം രൂപയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 3. കേരള ഗ്രന്ഥശാലാസംഘം

(വിഹിതം 5.00 ലക്ഷം രൂപ)

കേരള ഗ്രന്ഥശാലാ സംഘത്തിന്റെ കീഴിൽ സംസ്ഥാനത്ത് അയ്യായിരത്തിലധികം ഗ്രാമീണഗ്രന്ഥശാലകളുണ്ട്. വീടുകൾതോറും പുസ്തകങ്ങൾ എത്തിച്ചുകൊടുക്കുന്ന ഗ്രന്ഥശാല, ബുക്ക് ബാങ്കുകൾ, ഗ്രാമപ്രദേശങ്ങളിൽ വാർത്തകളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്ന കേന്ദ്രം, തെരഞ്ഞെടുക്കപ്പെട്ട ഗ്രന്ഥശാലകളിൽ പഠന കേന്ദ്രങ്ങൾ, ഗ്രന്ഥശാലാ ജോലിക്കാർക്ക് റഫ്രഷർ കോഴ്സ്, ജയിലുകളിൽ ഗ്രന്ഥശാലാ സൗകര്യം ഏർപ്പെടുത്തുക, ബുക്ക് ബൈൻഡിംഗ് കോഴ്സ് നടത്തുക മുതലായ കാര്യങ്ങൾ നടപ്പിലാക്കുകയാണ് ഗ്രന്ഥശാലാസംഘത്തിന്റെ പ്രധാന പരിപാടികൾ. 1993-94 ലേക്ക് 5 ലക്ഷം രൂപയാണ്. വകയിരുത്തിരിക്കുന്നത്.

## 4. പുരാരേഖശാല

(വിഹിതം 15.00 ലക്ഷം രൂപ)

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ മൂന്ന് മേഖലാപുരാരേഖശാല ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. രേഖകളുടെ മൂല്യനിർണ്ണയം നടത്തി പട്ടിക തയ്യാറാക്കി സൂക്ഷിക്കുക, സൂചനാ മാദ്ധ്യമങ്ങൾ തയ്യാറാക്കുക, സ്ററീൽ റാക്കുകളും ഫർണിച്ചറുകളും വാങ്ങുക, സിറോക്സ് മെഷീൻ വാങ്ങുക, സ്ററാഫിന് പരിശീലനം നൽകുക, സംസ്ഥാനത്ത് രേഖകളുംറിപ്രോഗ്രാഫിക് യൂണിററ്. റിക്കാർഡുകൾ നിലനിർത്തേണ്ടതിന്റെ ആവശ്യകതയെ പററി ബോധം ഉണ്ടാക്കുക എന്നിവയാണ് പ്രധാന പരിപാടികൾ. 1993-94 ലേക്ക് 15 ലക്ഷം രൂപയാണ് ഇതിലേക്കായി നീക്കിവച്ചിരിക്കുന്നത്.

## 5. പുരാവസ്തു വകുപ്പ്

(വിഹിതം 35.00 ലക്ഷം രൂപ)

ചരിത്രപ്രധാനമായ 65 സ്മാരകങ്ങളും 8 മ്യൂസിയങ്ങളും ഇപ്പോൾ പുരാവസ്തു വകുപ്പിന്റെ മേൽനോട്ടത്തിലുണ്ട്. പത്മനാഭപുരത്തെ ആർക്കിയോളജിക്കൽ മ്യൂസിയം, മാനന്തോടിയിലെ പഴശ്ശികുടീരം പ്രോജക്ട് മ്യൂസിയം, വയനാട്ടിലെ അമ്പലവയലിലുള്ളഹെറിറേറജ് മ്യൂസിയം എന്നിവയുടെ പണികൾ പൂർത്തീകരിക്കേണ്ടതും കൂടുതൽ സൗകര്യങ്ങൾ 1993-94-ൽ നടപ്പാക്കേണ്ടതുമാണ്. കൂടാതെ ക്രമമായി പുരാവസ്തു ഗവേഷണം നടത്തുകയും തൽഫലമായി സ്ഥലപുരാണത്തിനനുസൃതമായി കുഴിച്ചെടുക്കൽ നടപടി കൈക്കൊള്ളാനും ഡിപ്പാർട്ടുമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്, ഗദ്യ പദ്യ വിഭാഗങ്ങളിലുള്ള കാവ്യ പരിപാടികളും മനുഷ്യവംശ ശാസ്ത്ര പഠനവും ഏറെറടുക്കുന്നതാണ്. പ്രസിദ്ധീകരണം, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, റീജിയനൽ കൺസർവേഷൻ ലബോറട്ടറിയുടെ വികസനം ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള 65 സ്മാരകങ്ങളെയും ശാസ്ത്രീയമായ രീതിയിൽ സംരക്ഷിക്കൽ, എന്നിവയാണ് മററു പരിപാടികൾ. 1993-94 ലേക്ക് 35 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്

## 6. കേരള ഗസററിയറുകൾ

(വിഹിതം—2.00 ലക്ഷം രൂപ)

കേരള ഗസററിയറിന്റെ ഒന്നാം വാല്യവും അതിന്റെ രണ്ടാംഭാഗവും, രണ്ടാം വാല്യവും മൂന്നാം വാല്യവും പ്രസിദ്ധീകരിച്ചു കഴിഞ്ഞു. നാലാം വാല്യത്തിന്റെ പ്രസിദ്ധീകരണ ജോലി ഏകദേശം പൂർത്തിയാകാറായി. കേരള ഗസററിയറിന്റെ ബാക്കിയുള്ള വാല്യങ്ങളും പുതിയതായി രൂപീകരിച്ച ജില്ലകൾക്കായി ജില്ലാ ഗസററിയറിന്റെ വാല്യങ്ങളും ഘട്ടംഘട്ടമായി പൂർത്തിയാക്കുന്നതിനുവേണ്ടിയാണ് 2 ലക്ഷം രൂപ 1993-94 ലേക്ക് നീക്കിവെച്ചിരിക്കുന്നത്.

## 7. മ്യൂസിയങ്ങളും മൃഗശാലകളും

(വിഹിതം—50.00 ലക്ഷം രൂപ)

ഡിപ്പാർട്ടുമെന്റിന്റെ 1993-94-ലെ പ്രധാന പരിപാടികൾ താഴെ കൊടുക്കുന്നു.

| | പരിപാടികൾ | 1993-94-ലേക്ക് നൽകിയിരിക്കുന്ന തുക രൂപ ലക്ഷത്തിൽ |
|---|---|---|
| 1. | ശ്രീ ചിത്ര ആർട്ട് ഗ്യാലറിയ്ക്ക് പുതിയ കെട്ടിടം പണിയുന്നതിനുള്ള വിഹിതം | 12.00 |
| 2. | സ്ററാഫിന് പരിശീലനത്തിന് | 3.00 |
| 3. | തിരുവനന്തപുരം, തൃശ്ശൂർ എന്നീ സ്ഥലങ്ങളിലെ മൃഗശാലകൾക്ക് പുതിയ മൃഗകൂടുകൾ നിർമ്മിക്കുക | 14.00 |
| 4. | നിലവിലുള്ള കെട്ടിടങ്ങൾക്കും മൃഗങ്ങളെ പാർപ്പിക്കുന്ന കൂടുകൾക്കും അററകുററപ്പണി നടത്തുക | 8.00 |
| 5. | ടിഷ്യു കൾച്ചറൽ ലബോറട്ടറി | 1.00 |
| 6. | കൺസർവേഷൻ ലബോറട്ടറി | 2.00 |

| | | |
|---|---|---|
| 7. | കോഴിക്കോട് ആർട്ട് ഗ്യാലറിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് | 5.00 |
| 8. | മ്യൂസിയം ബൊട്ടാണിക്കൽ ഗാർഡനും പബ്ലിക് പാർക്കും നന്നാക്കുന്നതിനായി | 3.00 |
| 9. | ആർട്ട് ഗ്യാലറി എയ്യർകണ്ടീഷനിംഗ് ചെയ്യുന്നതിന് | 1.00 |
| 10. | കുട്ടികളുടെ പാർക്ക് നന്നാക്കുന്നതിനായി | 1.00 |
| | ആകെ | 50.00 |

8. കോഴിക്കോട്ടുള്ള ഒളവണ്ണയിൽ ബൊട്ടാണിക്കൽ ഗാർഡൻ സ്ഥാപിക്കലും അതിന്റെ വികസനവും.

(വിഹിതം—25.00 ലക്ഷം രൂപ)

കോഴിക്കോട്ടുള്ള ഒളവണ്ണയിൽ ബൊട്ടാണിക്കൽ ഗാർഡൻ സ്ഥാപിക്കുന്നതിനും അതിന്റെ വികസനത്തിനുമായി 130 ലക്ഷം രൂപയ്ക്ക് 18 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തു കഴിഞ്ഞു. ഒരു സ്പെഷ്യൽ ഓഫീസറും മററു സ്ററാഫുമായി ഓഫീസ് ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വികസനം കണക്കിലെടുത്ത് പുതിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഭൂമി നന്നാക്കുക, ചുററുമതിൽ കെട്ടുക, ചെടികൾ ശേഖരിക്കുക, അഡ്മിനിസ്ട്രേററീവ് ബ്ലോക്കിന്റെ നിർമ്മാണം ജലത്തിനുള്ള സൗകര്യമുണ്ടാക്കുക എന്നിവയാണ് 1993-94-ലെ പ്രധാന പരിപാടികൾ.

9. കേരള സാഹിത്യ അക്കാഡമി

(വിഹിതം—7.00 ലക്ഷം രൂപ)

ആനുകാലിക പ്രസിദ്ധീകരണങ്ങൾ പ്രസിദ്ധീകരിക്കുക, പുസ്തകങ്ങൾ തർജ്ജമ ചെയ്യുക മുതലായവയാണ് പ്രധാന പരിപാടികൾ. സാഹിത്യലോകം, സാഹിത്യ ചക്രവാളം, മലയാളം ലിററസി സർവ്വേ എന്നിവയാണ് അക്കാഡമിയുടെ പ്രധാനപ്പെട്ട മൂന്ന് ആനുകാലിക പ്രസിദ്ധീകരണങ്ങൾ. റിസർച്ച് സ്കോളർഷിപ്പ് നല്കുക, പഠനയാത്രകൾ സംഘടിപ്പിക്കുക, മേന്മയുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക, മററു പ്രാദേശിക ഭാഷകളിലുള്ള പുസ്തകങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക, പ്രഗൽഭരായ എഴുത്തുകാർക്ക് സാമ്പത്തിക സഹായങ്ങളും അവാർഡുകളും നൽകുക എന്നീ ആവശ്യങ്ങളിലേക്കാണ് വിഹിതം നൽകിയിരിക്കുന്നത്. വിവിധ ഗവേഷണ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന നാല് കലാപ്രഗൽഭൻമാർക്ക് വർഷംതോറും 750 രൂപാവീതം നല്കിവരുന്നു. അക്കാഡമിക്ക് ഗ്രാൻറായി 7 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

10. കേരള സംഗീത നാടക അക്കാഡമി

(വിഹിതം—8.00 ലക്ഷം രൂപ)

സംസ്ഥാന-ജില്ലാതല കലാ മത്സരങ്ങൾ സംഘടിപ്പിക്കുക, പാട്ട്, നൃത്തം, നാടകം മുതലായവയിൽ ശിൽപ്പശാലകൾ നടത്തുക, കലാമത്സര വിജയികൾക്ക് സമ്മാനദാനം നല്കുക, പാവപ്പെട്ട കലാകാരൻമാരുടെ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്റ്റൈഫൻറ് നല്കുക, തുടങ്ങിയവയാണ് സംഗീത നാടക അക്കാഡമിയുടെ പ്രധാന പരിപാടികൾ. കൂടാതെ സംസ്ഥാന/ജില്ലാ തലത്തിലുള്ള കലാസമിതികൾക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. 1993-94 ലേക്ക് ഗ്രാൻറായിട്ട് 8 ലക്ഷം രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

11. കേരള ലളിതകലാ അക്കാഡമി

(വിഹിതം 7.00 ലക്ഷം രൂപ)

സംസ്ഥാനതല കലാപ്രദർശനങ്ങൾ, സംസ്ഥാനത്തിന് പുറത്തുള്ള ചിത്രകാരൻമാരുടെ പെയിൻറിംഗ് പ്രദർശനങ്ങൾ, ക്യാമ്പുകൾ മുതലായവ സംഘടിപ്പിക്കുന്നത് കേരള ലളിതകലാ അക്കാഡമിയാണ്. ദേശീയ കലോൽസവങ്ങളും ക്യാമ്പുകളും നടത്തുക, മേഖലാടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും കലാകാരൻമാരുടെ ക്യാമ്പുകൾ നടത്തുക, കേരള കലാകാരൻമാരുടെ വൈദഗ്ദ്ധ്യം തെളിയിക്കുന്ന പ്രദർശനങ്ങൾ നടത്തുക, ദേശീയ പ്രദർശനങ്ങളിൽ പങ്കെടുത്തിട്ടുള്ള കലാകാരൻമാരുടെ പെയിൻറിംഗുകൾ പ്രദർശിപ്പിക്കുക, കലയെ ആസ്പദമാക്കി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക, കാർഡുകളിൽ അച്ചടിയും ചിത്രരചനയും നടത്തുക, എന്നിവയും പ്രസ്തുത അക്കാഡമി മുഖേന ചെയ്യുന്നുണ്ട്. അക്കാഡമിക്കുവേണ്ടി കെട്ടിടം പണിയുവാനും, എറണാകുളത്ത് ഡർബാർ ഹാളിൽ ആർട്ട് ഗാലറി സ്ഥാപിക്കാനും ഉദ്ദേശമുണ്ട്. കലാകാരൻമാർക്ക് കൂടുതൽ പ്രതിഫലം നൽകി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും മററു സൗകര്യങ്ങൾമെച്ചപ്പെടുത്തുന്നതിനുമായിട്ടാണ് ഗ്രാൻറായി 7 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്.

12. കേരള കലാമണ്ഡലം

(വിഹിതം 20.00 ലക്ഷം രൂപ)

കഥകളി, കൂടിയാട്ടം, കൃഷ്ണനാട്ടം തുടങ്ങിയ പരമ്പരാഗതമായ കേരള കലകളുടെ വികസനാവശ്യങ്ങൾ നിർവ്വഹിക്കുന്നത് കലാമണ്ഡലമാണ്. ദേശീയ അന്തർദേശീയതലങ്ങളിൽ അംഗീകാരം നേടുകയും വിദേശത്തുനിന്നും സംസ്ഥാനത്തിന് പുറത്തുനിന്നും ധാരാളം കലാകാരൻമാരെ ഇതിലേക്ക് ആകർഷിക്കുകയും ചെയ്യുന്നുണ്ട്. ഇൻഡ്യയ്ക്കകത്തും വിദേശങ്ങളിലും പരിപാടികൾ അവതരിപ്പിക്കുന്നതിനായി കലാസമിതികൾ ഉണ്ടാക്കി പരിശീലിപ്പിച്ചു വരുന്നു. ഉപകരണങ്ങൾ വാങ്ങുക, സ്ററാഫ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം കുട്ടികൾക്കുള്ള ഹോസ്ററലുകൾ, ഗവേഷണ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുക, ഫിലിം ഡോക്കുമെൻറേഷൻ, വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക പ്രഗത്ഭരായ കലാകാരൻമാർക്ക് അവാർഡുകൾ, കലാമണ്ഡലത്തിലുള്ള കലാകാരൻമാർക്ക് കൂടിയ ധനസഹായം എന്നിവയ്ക്കാണ് വിഹിതം നൽകിയിരിക്കുന്നത് കലാമണ്ഡലം ഒരു യൂണിവേഴ്സിററിയായി ഉയർത്തുന്നതിന് വേണ്ടിയാണ് 1993-94 ലേക്ക് വിഹിതം കൂടുതലായി നൽകിയിരിക്കുന്നു.

13. ന്യൂഡൽഹിയിലെ അന്തർദേശീയ കഥകളികേന്ദ്രം

(വിഹിതം 1.00 ലക്ഷം രൂപ)

ഡൽഹിയിലുള്ള അന്തർദ്ദേശീയ കഥകളി കേന്ദ്രത്തിനുള്ള സഹായധനമാണ് വിഹിതം. കഥകളിയും കേരളത്തെപ്പററിയുള്ള മററു സാംസ്ക്കാരിക പരിപാടികളും ഈ കേന്ദ്രം നടത്തിവരുന്നു.

14. കലാകാരൻമാർക്കും എഴുത്തുകാർക്കും ധനസഹായം

(വിഹിതം 6.00 ലക്ഷം രൂപ)

കേന്ദ്രസർക്കാർ തെരഞ്ഞെടുക്കുന്ന കലാകാരൻമാർക്കും എഴുത്തുകാർക്കും പ്രതിമാസം 600 രൂപ നിരക്കിൽ സാമ്പത്തിക സഹായം നൽകുന്നതിനാണ് പ്രസ്തുത വിഹിതം. കേന്ദ്രവും സംസ്ഥാനവും 2:1 എന്ന അനുപാതത്തിൽ 75 ഉന്നത വ്യക്തികൾക്ക് സഹായം നൽകിവരുന്നു. ഓരോ വർഷവും 5 മുതൽ 10 വരെ പുതിയ ആളുകളെ തെരഞ്ഞെടുക്കാറുണ്ട്. 1993-94 ലേക്ക് 6 ലക്ഷം രൂപയാണ് ഇതിലേക്കായി വകയിരുത്തിയിരിക്കുന്നത്.

15. സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ്

(വിഹിതം 6.00 ലക്ഷം രൂപ)

സാംസ്ക്കാരിക പ്രാധാന്യമുള്ളതും ശാസ്ത്രീയ മൂല്യമുള്ളതുമായ 26 പുസ്തകങ്ങൾ ഈ ഡിപ്പാർട്ടുമെൻറ് പ്രസിദ്ധീകരിച്ചു കഴിഞ്ഞു. കേരള ചരിത്രത്തിൻെറയും സംസ്ക്കാരത്തിൻെറയും സൃഷ്ടിയിൽ പങ്കുള്ള വ്യക്തികളുടെ ജീവചരിത്രം ഉണ്ടാക്കുക, കേരള സംസ്ക്കാരത്തിൻെറ വിശദമായ ചരിത്രം ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിക്കുക, സെമിനാറുകളും ചർച്ചകളും നടത്തുക എന്നിവയാണ് പ്രധാന പരിപാടികൾ, സംസ്ക്കാര കേരളം എന്ന പേരിൽ ഒരു ത്രൈമാസിക പ്രസിദ്ധീകരിക്കുന്നുണ്ട്. കേരള സംഗീത വിദ്വാൻമാരായ സ്വാതി തിരുനാൾ മഹാരാജാവിനെപ്പോലുള്ളവരുടെ സംഗീതത്തിൻെറ കാസററുകൾ ഉണ്ടാക്കുന്നതിനും, റഫറൻസ് ലൈബ്രറി തുടങ്ങുന്നതിനും പരിപാടിയുണ്ട്. 1993-94 ലേക്ക് 6 ലക്ഷം രൂപയാണ് ബഡ്ജററ് വിഹിതമായി നൽകിയിരിക്കുന്നത്.

16. കഥകളിയിലും കുടിയാട്ടത്തിലും പരിശീലനം (മാർഗി)

(വിഹിതം 5.00 ലക്ഷം രൂപ)

കഥകളി, കൂടിയാട്ടം എന്നീ കലകളിൽ പരിശീലനം തുടർന്നും നൽകുന്നതിനായി തിരുവനന്തപുരത്തുള്ള 'മാർഗി'ക്ക് ധനസഹായം നൽകാനാണ് പ്രസ്തുത വിഹിതം. ഓരോ വർഷവും 50 പരിപാടികൾ കൂടിയാട്ടത്തിലും, 50 പ്രത്യേക പരിപാടികൾ കഥകളിയിലും നടത്തുന്നുണ്ട്. മാർഗിക്ക് ഗ്രാൻറായിട്ടാണ് വിഹിതം നൽകിയിരിക്കുന്നത്.

17. സാംസ്കാരിക പ്രവർത്തനങ്ങൾക്ക് മൂലധന സഹായം

(വിഹിതം, 4.00 ലക്ഷം രൂപ)

സംസ്ഥാനത്തിനകത്തും പുറത്തുമായി കലയും സംസ്കാരവും പ്രോൽസാഹിപ്പിക്കുന്നതിലേർപ്പെട്ടിരിക്കുന്ന സാംസ്കാരിക സംഘടനകൾക്കും സ്ഥാപനങ്ങൾക്കും മൂലധന സഹായം നൽകുന്നതിനാണ് പ്രസ്തുത വിഹിതം.

18. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനുള്ള ധനസഹായം

(വിഹിതം 30.00 ലക്ഷം രൂപ)

കേരള സംസ്ഥാന ചലച്ചിത്രവികസന കോർപ്പറേഷൻ 1975-ലാണ് സ്ഥാപിതമായത്. ചിത്രാജ്ഞലി സ്ററുഡിയോ, തിയേററർ പ്രോജക്ടുകൾ, കലാഭവൻ ഓഫീസ് കോംപ്ലക്സ് എന്നിവയാണ് ഇതിൻെറ കീഴിലുള്ളത്. മലയാള സിനിമകളുടെ 40 ശതമാനത്തോളവും ചിത്രാജ്ഞലി സ്ററുഡിയോയിലാണ് നിർമ്മിക്കുന്നത്. കോർപ്പറേഷൻെറ കീഴിൽ 9 തീയേററുകളുള്ളതിൽ 5 തീയേറററുകളുടെ പണി പൂർത്തിയായിക്കഴിഞ്ഞു. തീയേററർ പ്രോജക്ടുകൾ ലാഭമുള്ളതല്ലെന്നാണ് വിലയിരുത്തലുകൾ തെളിയിക്കുന്നത്. സെൻറർ ഫോർ മാനേജ്മെൻറ് ഡെവലപ്പ്മെൻറ് ഇതിനെക്കുറിച്ച് പഠനം നടത്തുന്നുണ്ട്. ഈ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ പരിപാടികൾ ആവിഷ്ക്കരിക്കുന്നതാണ്. ചിത്രാജ്ഞലി സ്ററുഡിയോ പുതുക്കുന്നതിനും മററു സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് 1993-94 ൽ 30 ലക്ഷം രൂപ ബഡ്ജററ് വിഹിതമായി വകയിരുത്തിയിരിക്കുന്നത്.

19. സോണൽ കൾച്ചർ സെൻറർ—തിരുവയ്യാർ

(വിഹിതം 18.00 ലക്ഷം രൂപ)

തഞ്ചാവൂർ ജില്ലയിലുള്ള തിരുവയ്യാർ എന്ന സ്ഥലത്ത് 1987-ൽ സോണൽ കൾച്ചർ സെൻറർ സ്ഥാപിക്കപ്പെട്ടു. 100 ലക്ഷം രൂപ ഈ കേന്ദ്രത്തിൻെറ പ്രവർത്തനങ്ങൾക്കായി നൽകാമെന്ന് സംസ്ഥാന സർക്കാർ സമ്മതിച്ചിട്ടുണ്ട്. ഇതിൽ 70 ലക്ഷം രൂപ നൽകിക്കഴിഞ്ഞു. 1992-93-ലേക്ക് 12 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ബാക്കിയുള്ളതുകയായ 18 ലക്ഷം രൂപ 1993-94-ലേക്ക് വകയിരുത്തിയിട്ടുണ്ട്.

20. ഭാരത് ഭവൻ

(വിഹിതം 2.00 ലക്ഷം രൂപ)

ഭാരതത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നും വന്ന് തിരുവനന്തപുരത്ത് താല്ക്കാലിക താമസമാക്കിയിട്ടുള്ള വ്യത്യസ്ത ഭാഷക്കാരുടെ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് വേദിയായിട്ടാണ് ഭാരത് ഭവൻ 1984-ൽ സ്ഥാപിക്കപ്പെട്ടത്. സ്വന്തമായി ഭൂമി വാങ്ങുന്നതിനും ഓഫീസ് കെട്ടിടം പണിയുന്നതിനും, ഒരു ഗ്രന്ഥശാല സ്ഥാപിക്കുന്നതിനുംവേണ്ടി ഊർജ്ജസ്വലമായ പ്രവർത്തനം നടത്തേണ്ടതുണ്ട്. സാംസ്ക്കാരിക മൂല്യമുള്ള പരിപാടികൾ ആവിഷ്ക്കരിക്കുന്നതിനു വേണ്ടിയാണ് വിഹിതം നൽകിയിരിക്കുന്നത്.

21. ജവഹർ ബാലഭവൻ

(വിഹിതം 1.00 ലക്ഷം രൂപ)

തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ എന്നീ നാല് ജില്ലകളിൽ ജവഹർ ബാലഭവൻ അവധിക്കാലത്ത് ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്. കുട്ടികൾക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകി അവരുടെ കഴിവിനെ വികസിപ്പിക്കുക എന്നതാണ് ബാലഭവനുകളുടെ പ്രധാന ലക്ഷ്യം. എല്ലാ ബാലഭവനുകളിലെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായിട്ടാണ് 1ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്.

22. പ്രമുഖരായ കലാ/സാഹിത്യകാരൻമാർക്ക് സ്മാരകങ്ങൾ

(വിഹിതം 2.00 ലക്ഷം രൂപ)

സംസ്ഥാനത്തുള്ള ഒൻപതു സ്മാരകങ്ങളുടെ സംരക്ഷണത്തിനും നിർമ്മാണത്തിനുമാണ് പ്രസ്തുത വിഹിതം. ഈ സ്മാരകങ്ങൾ താഴെ പറയുന്നവയാണ്.

1. കുമാരനാശാൻ സ്മാരകം—തോന്നയ്ക്കൽ
2. അപ്പൻതമ്പുരാൻ സ്മാരകം—തൃശൂർ
3. കുഞ്ചൻ നമ്പ്യാർ സ്മാരകം-പാലക്കാട്
4. കുഞ്ചൻ നമ്പ്യാർ സ്മാരകം—അമ്പലപ്പുഴ
5. തുഞ്ചൻ സ്മാരകം—തിരൂർ
6. ഗോവിന്ദ പൈ സ്മാരകം—മഞ്ചേശ്വരം
7. മുള്ളൂർ സ്മാരകം—പത്തനംതിട്ട
8. ആശാൻ സ്മാരകം—കായിക്കര
9. സഹോദരൻ അയ്യപ്പൻ സ്മാരകം—ചെറായി

## 23. ഇമേജിംഗ് ടെക്നോളജി വികസിപ്പിക്കാനുള്ള കേന്ദ്രം (സി-ഡിററ്)

(വിഹിതം 5.00 ലക്ഷം രൂപ)

1989-ൽ സ്ഥാപിതമായ സെൻറർ ഫോർ ഡവലപ്മെൻറ് ഓഫ് ഇമേജിംഗ് ടെക്നോളജിയുടെ മുഖ്യ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

(എ) രാജ്യത്തിൻെറ യഥാർത്ഥ സാമൂഹ്യ-സാമ്പത്തിക പുരോഗതിക്കാവശ്യമായ രീതിയിൽ കമ്മ്യൂണിക്കേഷൻ സോഫ്ററ് വെയർ രൂപപ്പെടുത്തുക.

(ബി) ഇൻഡ്യയുടെ ആവശ്യത്തിനനുയോജ്യമായ രീതിയിൽ ദൃശ്യമാദ്ധ്യമങ്ങളിൽ ഹാർഡ് വെയർ സിസ്ററം സ്വദേശീകരിച്ച് സാങ്കേതിക പുരോഗതി കൈവരിക്കുക.

(സി) സാമൂഹ്യ പരിപാടിക്ക് ഹാർഡ് വെയർ സിസ്ററം രൂപപ്പെടുത്തുക. ഗവൺമെൻറ് അനുവദിച്ച 6 ഉദ്യോഗസ്ഥൻമാരുടെ ശമ്പള ചെലവിനും മററുചെലവുകൾക്കുമാണ് വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നത്.

## 9.3 സാങ്കേതിക വിദ്യാഭ്യാസം

### 1. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേററിന് കെട്ടിട നിർമ്മാണം

(വിഹിതം 30.00 ലക്ഷം രൂപ)

ഡയറക്ടറേററിനുള്ള കെട്ടിടത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്. 1993-94 സാമ്പത്തിക വർഷത്തിൽ കെട്ടിടത്തിന്റെ പണി പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു. ഇതിലേയ്ക്കായി 30 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

### 2. സാങ്കേതിക ഹൈസ്കൂളുകൾ

(വിഹിതം 233.00 ലക്ഷം രൂപ)

സംസ്ഥാനത്തെ 47 സാങ്കേതിക ഹൈസ്കൂളുകളിൽകൂടി (ഐ.എച്ച്.ആർ.ഡി.ഇ.) നിയന്ത്രണത്തിലുള്ള 3 സാങ്കേതിക സ്കൂളുകളൊഴികെ വർഷംതോറും 2715 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിവരുന്നു. ഇവയിൽ 21 സ്കൂളുകൾ പൂർണ്ണമായും സജ്ജമായിട്ടുള്ളതാണ്. ശേഷിച്ച 26 സ്കൂളുകളിൽ 11 എണ്ണത്തിന് സ്വന്തമായി സ്ഥലമുണ്ടെങ്കിലും കെട്ടിടവും പണിശാലകളും ഉണ്ടാകേണ്ടിയിരിക്കുന്നു. 15 സ്ഥാപനങ്ങൾക്ക് സ്ഥലവും കെട്ടിടവും ആവശ്യമാണ്. കാവാലം, ഹരിപ്പാട്, കടപ്പാമററം, കാഞ്ഞിരപ്പള്ളി, കുറിച്ചി, അയവന, വാരപ്പെട്ടി, മുളന്തുരുത്തി, തിരൂരങ്ങാടി, നടുവിൽ, പുരപ്പുഴ, നന്നമുക്ക്, ഉള്ളൂർ, എന്നിവിടങ്ങളിൽ സമീപകാലത്ത് ആരംഭിച്ച സാങ്കേതിക സ്കൂളുകളിലെ ജീവനക്കാരുടെ ശമ്പളവും മററ് ആനുകൂല്യങ്ങളും പദ്ധതിയിനത്തിൽ പെട്ടതാണ്. ഒരു സ്കൂളിനു വേണ്ടിവരുന്ന സ്ററാഫിന്റെ ചെലവ് പ്രതിവർഷം 2.5 ലക്ഷം രൂപയാണ്. 1993-94 വർഷത്തേയ്ക്ക് നീക്കിവച്ചിട്ടുള്ള 233 ലക്ഷം രൂപയിൽ 150 ലക്ഷം രൂപ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും, 50 ലക്ഷം രൂപ ഉപകരണങ്ങൾക്കും ബാക്കിയുള്ള 33 ലക്ഷം രൂപ ശമ്പളമുൾപ്പെടെയുള്ള മററിനം ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്നു.

### 3. സാങ്കേതിക വിദ്യാഭ്യാസ പരിപാടി (ലോക ബാങ്കിന്റെ സഹായമുള്ളത്)

(വിഹിതം 800.00 ലക്ഷം രൂപ)

സംസ്ഥാനത്ത് നിലവിലുള്ള 31 പോളിടെക്നിക്കുകളിൽ 6 എണ്ണം സ്വകാര്യ മേഖലയിലാണ്. ഇവയിൽ 19 വിഷയങ്ങളിലായി 4200 വിദ്യാർത്ഥികൾക്ക് പ്രതിവർഷം പ്രവേശനം ലഭിക്കുന്നു. ഈ സ്ഥാപനങ്ങൾക്ക് കെട്ടിടങ്ങൾ, സ്ററാഫ്, ഉപകരണങ്ങൾ, പണിശാലകൾ തുടങ്ങിയ സൗകര്യങ്ങൾ, ലഭ്യമാക്കി സുസജ്ജമാക്കുകയും നവീകരിക്കുകയും വേണം. കൂടാതെ, നിലവിലുള്ള പോളിടെക്നിക്കുകളിൽ അപ്പപ്പോൾ വേണ്ടിവരുന്ന പുതിയ കോഴ്സുകൾ തുടങ്ങുകയും വേണം. വിപുലമായ മൂന്നിനങ്ങളിലായി വികസന പ്രവർത്തനങ്ങളുടെ ഒരു സംയോജിത പാക്കേജ് പദ്ധതി ലോക ബാങ്കിന്റെ സഹായത്തോടുകൂടി സാങ്കേതിക വിദഗ്ദ്ധ വിദ്യാഭ്യാസ പരിപാടി സംസ്ഥാനത്തു നടപ്പിലാക്കിവരുന്നു. 34.14 കോടി രൂപ അടങ്കൽ വരുന്ന ഈ പദ്ധതി പിന്നീട് 46.60 കോടി രൂപയായി പുതുക്കി നിശ്ചയിച്ചു. ഈ പദ്ധതിയുടെ നടത്തിപ്പിനായി 1993-94 വർഷത്തേയ്ക്ക് 800 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

### 4. സ്വകാര്യ പോളിടെക്നിക്കുകൾക്കുള്ള ധനസഹായം

(വിഹിതം 12.00 ലക്ഷം രൂപ)

സംസ്ഥാനത്ത് 6 സ്വകാര്യ പോളിടെക്നിക്കുകളുടെ പരീക്ഷണശാലകൾ, പണിശാലകൾ, മററ് ആവശ്യ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കി മെച്ചപ്പെടുത്തുന്നതിനാണ് വിഹിതം നീക്കിവച്ചിരിക്കുന്നത്.

### 5. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ്

(വിഹിതം 30.00 ലക്ഷം രൂപ)

തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ പ്രതിവർഷം 599 വിദ്യാർത്ഥികൾക്ക് റെഗുലറും പാർട്ട്ടൈം കോഴ്സുകളിലായി ഡിഗ്രിക്ക് പ്രവേശനം നൽകിവരുന്നു. കൂടാതെ 16 വിഷയങ്ങളിലായി 80 വിദ്യാർത്ഥികൾക്ക് ബിരുദാനന്തര കോഴ്സുകൾക്കും മാസ്ററർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ, മാസ്ററർ ഓഫ് കംപ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ കോഴ്സുകൾക്ക് 30 വിദ്യാർത്ഥികൾക്കു വീതവും പ്രവേശനം നൽകുന്നുണ്ട്. ഹോസ്ററൽ സൗകര്യങ്ങൾ, വിദ്യാർത്ഥികൾക്കുള്ള മററു സൗകര്യങ്ങൾ, കുടിവെള്ള വിതരണ സംവിധാനം തുടങ്ങിയവ മെച്ചപ്പെടുത്തേണ്ടതുണ്ട്. പരീക്ഷണശാലയുടെ വികസനവും നടത്തേണ്ടതാണ്. 1993-94 സാമ്പത്തിക വർഷത്തേയ്ക്ക് വകകൊള്ളിച്ചിട്ടുള്ള 30 ലക്ഷം രൂപയിൽ 20 ലക്ഷം രൂപ നിർമ്മാണപ്രവർത്തനങ്ങൾക്കാണ്.

### 6. തൃശൂർ ഗവ: എഞ്ചിനീയറിംഗ് കോളേജ്

(വിഹിതം 30.00 ലക്ഷം രൂപ)

തൃശൂരിലെ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ റെഗുലർ-പാർട്ട്ടൈം ഡിഗ്രികോഴ്സുകൾക്ക് 505 വിദ്യാർത്ഥികൾക്കും 6 വിഷയങ്ങളിലായി 24 പേർക്ക് ബിരുദാനന്തര കോഴ്സിനും കംപ്യൂട്ടർ ആപ്ലിക്കേഷനിൽ ബിരുദാനന്തരപഠനത്തിന് 30 വിദ്യാർത്ഥികൾക്കും പ്രതിവർഷം പ്രവേശനം നൽകുന്നുണ്ട്. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പരീക്ഷണശാലകൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. കൂടാതെ ശുദ്ധജലവിതരണ സംവിധാനം, കെട്ടിടങ്ങളുടെ നിർമ്മാണം തുടങ്ങിയവ പൂർത്തീകരിക്കേണ്ടതായും ഉണ്ട്. നടപ്പുവർഷത്തേക്ക് വകകൊള്ളിച്ചിട്ടുള്ള 30 ലക്ഷം രൂപയിൽ 15 ലക്ഷം രൂപ നിർമ്മാണജോലികൾക്കായി നീക്കിവച്ചിരിക്കുന്നു.

### 7. കണ്ണൂർ ഇഞ്ചിനീയറിംഗ് കോളേജിന്റെ വികസനം

(വിഹിതം 150.00 ലക്ഷം രൂപ)

1985-ൽ സ്ഥാപിതമായ കണ്ണൂർ ഗവൺമെന്റ് ഇഞ്ചിനീയറിംഗ് കോളേജിൽ നാലു കോഴ്സുകളിലായി പ്രതിവർഷം 160 വിദ്യാർത്ഥികൾക്കു പ്രവേശനം നൽകിവരുന്നു. വകകൊള്ളിച്ചിട്ടുള്ള വിഹിതം കോളേജിന്റെ വികസനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും വർക്കുഷോപ്പിലെ സൗകര്യങ്ങളുടെ വികസനത്തിനും, കെട്ടിട നിർമ്മാണത്തിനും കാമ്പസ് വികസനപ്രവർത്തനങ്ങൾക്കും മററും ഉദ്ദേശിച്ചിട്ടുള്ളതാണ്. 1993-94 ലേയ്ക്കു നീക്കിവച്ചിട്ടുള്ള വിഹിതത്തിൽ 100 ലക്ഷം രൂപ മൂലധന ഘടകമാണ്.

### 8. കോട്ടയത്തെ രാജീവ്ഗാന്ധി ഇൻസ്ററിററ്യൂട്ട് ഓഫ് ടെക്നോളജി

(വിഹിതം 250.00 ലക്ഷം രൂപ)

1991-ൽ കോട്ടയത്ത് ആരംഭിച്ച ഗവൺമെന്റ് ഇഞ്ചിനിയറിംഗ് കോളേജ് പിന്നീടു രാജീവ്ഗാന്ധി ഇൻസ്ററിററ്യൂട്ട് ഓഫ് ടെക്നോളജി എന്ന് പുനർനാമകരണം നൽകപ്പെട്ടു. സിവിൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ ഇഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആൻറ് ഇലക്ട്രോണിക്സ് ഇഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആൻറ് കമ്മ്യൂണിക്കേഷൻ ഇഞ്ചിനീയറിംഗ് എന്നീ നാലു വിഭാഗങ്ങളിലായി ബിരുദ കോഴ്സുകളിൽ ഈ സ്ഥാപനത്തിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നുണ്ട്. വിവിധ ഡിപ്പാർട്ടുമെന്റുകൾക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണം, ഭൂവികസനം, ഉപകരണങ്ങളും യന്ത്രസാമഗ്രികളും ലഭ്യമാക്കുക, പണിശാലകളുടെയും പരീക്ഷണശാലകളുടെയും വികസനം, ജലവിതരണം, മലിനനിവാരണം, കോളേജ് കാമ്പസിന്റെ വികസന,

പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമുള്ള പ്രത്യേക ഹോസ്റ്റലുകളുടെ നിർമ്മാണം തുടങ്ങിയ ഇനങ്ങൾക്കാണ് വിഹിതം വകകൊള്ളിച്ചിരിക്കുന്നത്. 1993-94 വർഷത്തേക്ക് ആകെ നീക്കിവച്ചിട്ടുള്ള തുകയിൽ 200 ലക്ഷം രൂപ മൂലധനഘടകമാണ്.

9. കോഴിക്കോട് മേഖലാ ഇഞ്ചിനീയറിംഗ് കോളേജിനുള്ള ധനസഹായം

(വിഹിതം 20.00 ലക്ഷം രൂപ)

കോഴിക്കോട്ടുള്ള മേഖലാ ഇഞ്ചിനീയറിംഗ് കോളേജിനു പരിസര വികസനത്തിനും നിലവിലുള്ള ജലവിതരണ സംവിധാനം നവീകരിക്കുന്നതിനുമാണ് വിഹിതം നീക്കിവച്ചിരിക്കുന്നത്. ഈ രണ്ടു കാര്യങ്ങളും നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ ബാദ്ധ്യസ്ഥമാണ്. യൂണിവേഴ്സിററി യുവജനോൽസവത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പോ സമ്മാനമോ നൽകാനും ഈ തുക വിനിയോഗിക്കാവുന്നതാണ്. കൂടാതെ കോളേജ് കാമ്പസിനു ചുററുംവേലി കെട്ടുകയും വിദ്യാർത്ഥികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും വേണം.

10. സ്വകാര്യ ഇഞ്ചിനീയറിംഗ് കോളേജുകൾക്കുള്ള ധനസഹായം

(വിഹിതം 10.00 ലക്ഷം രൂപ)

കൊല്ലം, കോതമംഗലം, പാലക്കാട് എന്നിവിടങ്ങളിലെ സ്വകാര്യ ഇഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനും സംരക്ഷണ ജോലികൾക്കുമാണ് വിഹിതം. ഈകോളേജുകളിലെ പരീക്ഷണശാലകൾ നവീകരിക്കുന്നതിനും ലൈബ്രറികളുടെ വികസനത്തിനും മററു മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങൾക്കും വിഹിതം വിനിയോഗിക്കാവുന്നതാണ്.

11. ഫുഡ് ക്രാഫ്ററ് ഇൻസ്ററിററ്യൂട്ടുകൾ

(വിഹിതം 5.00 ലക്ഷം രൂപ)

കളമശ്ശേരിയിലെ, ഫുഡ്ക്രാഫ്ററ് ഇൻസ്ററിററ്യൂട്ടും അതിന്റെ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള വ്യാപനകേന്ദ്രങ്ങൾ വഴിയും ഹോട്ടൽറിസപ്ഷൻ, റസ്ററാറന്റ് സർവ്വീസുകൾ, പാചകം, ബേക്കറി, ഭക്ഷണസംരക്ഷണം എന്നീ വിഷയങ്ങളിൽ സർട്ടിഫിക്കററ് കോഴ്സുകൾ നടത്തി വരുന്നു. ഈ കോഴ്സുകൾ തുടർന്നു നടത്തുന്നതിനും വ്യാപനകേന്ദ്രങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുമാണ് നീക്കിവച്ചിട്ടുള്ള വിഹിതം.

12. സാങ്കേതികാദ്ധ്യാപക പരിശീലന സ്ഥാപനത്തിന്റെ വ്യാപന കേന്ദ്രം

(വിഹിതം 1.00 ലക്ഷം രൂപ)

സാങ്കേതികാദ്ധ്യാപക പരിശീലന ഇൻസ്ററിററ്യൂട്ടിന്റെ എക്സ്ററൻഷൻ സെന്റർ ഇപ്പോൾ കളമശ്ശേരിയിലെ ഗവൺമെന്റ് പോളിടെക്നിക്കിൽ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനം സബ്ജക്ററ് അപ്ഡേററിംഗ്, കരിക്കുലം ഡെവലപ്മെന്റ് എന്നിവയിൽ ഹ്രസ്വകാല കോഴ്സുകളും, പഠന സഹായികൾ, ടെക്സ്ററുബുക്കുകൾ എന്നിവ തയ്യാറാക്കുന്നതിൽ ഹ്രസ്വകാല ദീർഘകാല പരിശീലനപരിപാടികളും നടത്തുന്നുണ്ട്. ഈ സ്ഥാപനത്തിനാവശ്യമായ ഫർണിച്ചറും മററു അവശ്യസാധനങ്ങളും വാങ്ങുന്നതിനാണ് വിഹിതം നീക്കിവച്ചിരിക്കുന്നത്.

13. കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയം

(വിഹിതം 75.00 ലക്ഷം രൂപ)

1981-ലാണ് ശാസ്ത്രസാങ്കേതിക മ്യൂസിയം സ്ഥാപിച്ചത്. പ്രൊജക്ടറിനുള്ള 143 ലക്ഷം രൂപ ചെലവ് ഉൾപ്പെടെ ഈ പ്രൊജക്ടിന്റെ ആകെ ചെലവ് 4.25 കോടി രൂപ വരുമെന്ന് കണക്കാക്കുന്നു.

പ്രിയദർശിനി പ്ലാനിട്ടേറിയം പ്രോജക്ട് 1993 ഏപ്രിൽ മാസത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഗ്യാലറികൾ, സമ്മേളനഹാൾ, ലെക്ചർ തിയററുകൾ, പണിശാലകൾ, പരീക്ഷണശാലകൾ, സ്ററുഡിയോകൾ, ലൈബ്രറികൾ തുടങ്ങിയവ വികസിപ്പിക്കേണ്ടിയിരിക്കുന്നു. ഈ മ്യൂസിയത്തിന്റെ പരിസരം കുട്ടികൾക്കായുള്ള സയൻസ്പാർക്കും ടെക്നോളജി ഗാർഡനുമായി വികസിപ്പിക്കേണ്ടതുണ്ട്. 1993-94-ലേക്ക് നീക്കിവച്ചിട്ടുള്ള വിഹിതമായ 75 ലക്ഷം രൂപയിൽ 50 ലക്ഷം രൂപ മൂലധനഘടകമാണ്. നിർമ്മാണത്തിലിരിക്കുന്ന പ്രോജക്ടുകളുടെ പൂർത്തീകരണത്തിനും മ്യൂസിയത്തിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമാണ് നടപ്പുവർഷം മുൻഗണന നൽകിയിരിക്കുന്നത്.

14. ഫൈൻ ആർട്ട്സ് കോളേജും ഫൈൻ ആർട്ട്സ് ഇൻസ്ററിററ്യൂട്ടുകളും

(വിഹിതം 12.00 ലക്ഷം രൂപ)

തിരുവനന്തപുരത്തെ ഫൈൻ ആർട്ട്സ് കോളേജിലെ സ്ററുഡിയോ, ദൃശ്യശ്രാവ്യ സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനും ആഡിറേറാറിയവും ആർട്ട് ഗാലറിയും പണിയുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും മാവേലിക്കരയിലും തൃശ്ശൂരിലുമുള്ള ഫൈൻ ആർട്ട്സ് സ്ഥാപനങ്ങളിലേയും സൗകര്യങ്ങൾ ഏകോപിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമാണ് വിഹിതം നീക്കിവച്ചിട്ടുള്ളത്. വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിഹിതം വിനിയോഗിക്കുന്നതാണ്.

15. അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ്

(വിഹിതം 10.00 ലക്ഷം രൂപ)

എഞ്ചിനീയറിംഗിലും തൊഴിലധിഷ്ടിത വിഷയങ്ങളിലും ഡിപ്ലോമയും ബിരുദവുമുള്ളവർക്ക് അപ്രന്റീസ്ഷിപ്പ് പരിശീലനം നൽകുന്നതിനുമാണ് വിഹിതം നീക്കി വച്ചിരിക്കുന്നത്. ബാംഗ്ലൂരിലെ ഫോർമാൻ ട്രെയിനിംഗ് ഇൻസ്ററിററ്യൂട്ടിൽ പരിശീലനത്തിനായി പ്രതിവർഷം 25 ഡിപ്ലോമക്കാരെ വീതം അയയ്ക്കുന്നുണ്ട്. ഈ പരിപാടികൾ കൂടുതൽ ശക്തമാക്കുവാൻ ഉദ്ദേശമുള്ളതിനാൽ വിഹിതത്തിൽ വർദ്ധനവ് വരുത്തിയിരിക്കുന്നു.

16. കേരള സംസ്ഥാന ഓഡിയോ-വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് കേന്ദ്രം

(വിഹിതം 25.00 ലക്ഷം രൂപ)

1978-ൽ സ്ഥാപിച്ച ഈ സ്ഥാപനം ഇപ്പോൾ ഒരു സ്വയംഭരണ സ്ഥാപനമാണ്. ഈ കേന്ദ്രം സംസ്ഥാനത്തുള്ള സാങ്കേതിക സ്ഥാപനങ്ങൾക്ക് ശ്രവണ-ദൃശ്യ സഹായികൾ, പ്രിന്റിംഗ്, റിപ്രോഗ്രാഫിക് ഉപകരണങ്ങളിൽ പരിശീലനം എന്നിവയുടെ ഒരു റിസോർസ് കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. ഈ കേന്ദ്രത്തിൽ ലഭ്യമായ സൗകര്യങ്ങൾ ഗവൺമെന്റിന്റെ വിവിധ വകുപ്പുകളും മററു സാങ്കേതിക സ്ഥാപനങ്ങളും അച്ചടിയിലും റിപ്രോഗ്രാഫിക് ജോലികളിലും വാണിജ്യ അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നുണ്ട്. പ്രതിവർഷം 10 ലക്ഷത്തോളം രൂപ ഈ സ്ഥാപനം ഇപ്രകാരം വരുമാനം ഉണ്ടാക്കുന്നു. സാങ്കേതിക വിദ്യാഭ്യാസത്തിനായുള്ള വീഡിയോ കാസററുകളുടെ ഉല്പാദനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാവശ്യമായ ഫിലിം സ്ട്രിപ്പ്സ്, സ്ലൈഡുകൾ എന്നിവയുടെ നിർമ്മാണം, പ്രസിദ്ധീകരണ വിഭാഗം ആരംഭിക്കുക തുടങ്ങിയ പരിപാടികൾ നടപ്പിലാക്കുന്നതിനാണ് വിഹിതം നീക്കിവച്ചിട്ടുള്ളത്. വരുന്ന നാലഞ്ചു വർഷത്തിനകം ഈ സ്ഥാപനത്തെ ഒരു സ്വാശ്രയസ്ഥാപനമാക്കുകയാണ് ലക്ഷ്യം. എറണാകുളത്തു ഈ സ്ഥാപനത്തിന്റെ ഒരു ഉപകേന്ദ്രം ആരംഭിക്കാനും ഉദ്ദേശമുണ്ട്. 1993-94 ലേയ്ക്ക് 25 ലക്ഷം രൂപയാണ് വകകൊള്ളിച്ചിരിക്കുന്നത്.

## 17. ഫാക്കൽററി ഡെവലപ്പ്മെൻറ്

(വിഹിതം 20.00 ലക്ഷം രൂപ)

എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് ഫുൾടൈം/പാർട്ട്ടൈം കോഴ്സുകൾ വഴി ഫാക്കൽററി വികസിപ്പിക്കുക, അദ്ധ്യാപകരെ എം. ടെക്കിനും പി.എച്ച്.ഡിക്കു ഡെപ്യൂട്ടേഷനിൽ ഉപരി പഠനത്തിനയക്കുക, തിരുവനന്തപുരത്തേയും തൃശ്ശൂർ എഞ്ചിനിയറിംഗ് കോളേജുകളിൽ നടത്തി വരുന്ന ഡോക്ടറൽ പഠനപരിപാടി തുടരുക, ദേശീയവും അന്തർദേശീയവുമായിട്ടുള്ള സെമിനാറുകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിലേക്കായി സ്ററാഫിനെ ഡെപ്യൂട്ടേഷനിലയക്കുക എന്നിവയാണ് ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പരിപാടിമൂലം 200 അദ്ധ്യാപകർക്ക് പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഗുണമേന്മയ്ക്ക് പ്രാധാന്യം ആവശ്യമായതിനാൽ 1993-94 വിഹിതം 20 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്.

## 18. പ്രത്യേക ഘടകപദ്ധതി

(വിഹിതം 20.00 ലക്ഷം രൂപ)

പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ, ഉപകരണങ്ങൾ, യൂണിഫോറം, കാൽക്കുലേററുകൾ തുടങ്ങിയവ സൗജന്യമായി നൽകുന്നതിനും, പ്രത്യേക കോച്ചിംഗ്, റെമെഡിയൽ കോഴ്സുകൾ എന്നിവ തുടർന്നു നടത്തുന്നതിനുമാണ് വിഹിതം വകകൊള്ളിച്ചിരിക്കുന്നത്. 1993-94-ൽ പട്ടികജാതിയിൽപ്പെട്ട 2000 വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയിൽ പ്രയോജനം ലഭിക്കുന്നതാണ്.

## 19. പട്ടികവർഗ്ഗ ഉപപദ്ധതി

(വിഹിതം 5.00 ലക്ഷം രൂപ)

പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ, ഉപകരണങ്ങൾ, യൂണിഫോറങ്ങൾ കാൽകുലേററുകൾ തുടങ്ങിയവ സൗജന്യമായി വിതരണം ചെയ്യുന്നതിനും അവർക്കു വേണ്ടിയുള്ള റെമെഡിയൽ കോഴ്സുകൾ നടത്തുന്നതിനുമാണ് വിഹിതം വകകൊള്ളിച്ചിരിക്കുന്നത്. ഈ പദ്ധതി മുഖേന 1993-94 വർഷത്തിൽ 200 പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

## 20. കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല

(വിഹിതം 125.00 ലക്ഷം രൂപ)

കൊച്ചി സർവ്വകലാശാലയിൽ ഇപ്പോൾ 12 ഡിപ്പാർട്ടുമെൻറുകളും നാല് പഠന-ഗവേഷണ സ്ക്കൂളുകളും, തുടർവിദ്യാഭ്യാസത്തിനുള്ള ഒരു സ്ക്കൂളും നിലവിലുണ്ട്. ഇവവഴി റെഗുലർ കോഴ്സുകളും കറസ്പോണ്ടൻസ് കോഴ്സുകളും നടത്തിവരുന്നു. വിവിധ ഡിപ്പാർട്ടുമെൻറുകളിലായി 1374 വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. നിലവിലുള്ള ഡിപ്പാർട്ടുമെൻറുകളും സ്ക്കൂളുകളും ശക്തിപ്പെടുത്തുക, ശാസ്ത്ര-സാങ്കേതിക രംഗത്ത് ഉടലെടുത്തുവരുന്ന വിവിധ രംഗങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുക, യൂണിവേഴ്സിററി സയൻറിഫിക് ഇൻസ്ട്രുമെൻേറഷൻകേന്ദ്രം (യു. എസ്. ഐ. സി.) നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക, സ്ക്കൂൾ ഓഫ് എഞ്ചിനിയറിംഗ് പുനഃസംഘടിപ്പിക്കുക തുടങ്ങിയവയാണ് നടപ്പുവർഷത്തിലെ പ്രധാന പരിപാടികൾ. യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷൻ മററു സാങ്കേതിക സ്ഥാപനങ്ങളിൽനിന്നും വർദ്ധിച്ച സഹായം യൂണിവേഴ്സിററിയുടെ വികസനത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാന പദ്ധതി വിഹിതമായി 1993-94-ൽ 125 ലക്ഷം രൂപ വിവിധ പരിപാടികൾക്കായി വകകൊള്ളിച്ചിരിക്കുന്നു.

## 21. ഇൻസ്ററിട്യൂട്ട് ഓഫ് ഹ്യൂമൺ റിസോഴ്സസ് ഡവലപ്പ്മെൻറ് ഫോർ ഇലക്ട്രോണിക്സ്

### (എ) ഐ. എച്ച്. ആർ. ഡി. ഇ.

(വിഹിതം 70.00 ലക്ഷം രൂപ)

ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ, മററ് അനുബന്ധ മേഖലകൾ എന്നിവയുടെ വികസനത്തിൻെറ ഒരു ചാലക ശക്തിയായി പ്രവർത്തിക്കുന്നതിലേക്കായി 1987-ൽ സ്ഥാപിതമായ ഒരു സ്ഥാപനമാണ് ഇൻസ്ററിററ്യൂട്ട് ഓഫ് ഹ്യൂമൺ റിസോഴ്സസ് ഡവലപ്മെൻറ് ഇൻ ഇലക്ട്രോണിക്സ്. കംപ്യൂട്ടർ ഓപ്പറേഷൻ, അവയുടെ റിപ്പയറുകളും ഒരു വർഷം ദൈർഘ്യമുള്ള കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ നടത്തുന്ന ബിരുദാനന്തര കോഴ്സ്, ഡിപ്ലോമയ്ക്ക് ശേഷമുള്ള കംപ്യൂട്ടർ എഞ്ചിനീയറിംഗിലുള്ള കോഴ്സ് തുടങ്ങിയവ ഈ സ്ഥാപനം നടത്തുന്നുണ്ട്. ഇലക്ട്രോ മെഡിക്കൽ ഉപകരണങ്ങളുടെ അററകുററപ്പണിക്കും സംരക്ഷണത്തിനുമായി തിരുവനന്തപുരം, കോട്ടയം, കൊച്ചി, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിൽ അഞ്ചു കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങൾ സംസ്ഥാനത്തെ 22 മണ്ണുപരിശോധന പരീക്ഷണശാലകളുടെയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻെറ കീഴിലുള്ള എല്ലാ എഞ്ചിനീയറിംഗ് കോളേജുകളുടെയും പോളിടെക്നിക്കുകളുടെയും സാങ്കേതിക ഉപകരണങ്ങളുടെയും അററകുററപണികളും സംരക്ഷണവും നടത്തിവരുന്നു. കൂടാതെ സർക്കാർ ആശുപത്രികളുടെയും മെഡിക്കൽ കോളേജുകളുടെയും ഇലക്ട്രോ മെഡിക്കലും ഇലക്ട്രിക്കലുമായ എല്ലാ ഉപകരണങ്ങളുടെയും അററകുററപണികളും സംരക്ഷണ ജോലികളും ഏറെറടുത്തു നടത്തുന്നുണ്ട്. ഇതിനുപുറമെ, വിവിധ പരിശീലന പരിപാടികളിലൂടെ ഈ സ്ഥാപനം പ്രതിവർഷം ആയിരത്തിലധികം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നുണ്ട്. ഈ സ്ഥാപനത്തിൻെറയും മേഖലാകേന്ദ്രങ്ങളിലും ഇപ്പോൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ തുടരുന്നതിനും സാങ്കേതിക രംഗത്ത് പുതുതായി ഉണ്ടാകുന്ന വിഷയങ്ങളിൽ കോഴ്സുകൾ ആരംഭിക്കുന്നതിനായി പോളിടെക്നിക്കുകൾ തുടങ്ങുന്നതിനുമാണ് വിഹിതം കാണിച്ചിരിക്കുന്നത്. നീക്കിവച്ച തുകയിൽ 25 ലക്ഷം രൂപ ഐ. എച്ച്. ആർ. ഡി. ഇ. ക്ക് കെട്ടിടം നിർമ്മിക്കുന്നതിനാണ്. ഐ. എച്ച്. ആർ. ഡി. ഇ. യുടെ നിയന്ത്രണത്തിലുള്ള സെൽഫ് ഫിനാൻസിംഗ് എഞ്ചിനിയറിംഗ് കോളേജിനാവശ്യമായ ഭൂമി വാങ്ങുന്നതിൻെറ ചെലവും വിഹിതത്തിൽ ഉൾപ്പെടുന്നു. സാങ്കേതിക രംഗത്ത് പുതുതായി രൂപം കൊണ്ടുവരുന്ന രംഗങ്ങളിൽ പ്രതിവർഷം 1500 പേർക്ക് പരിശീലനം നൽകുന്നതാണ്.

### (ബി) മാതൃകാ പോളിടെക്നിക്—വടകര

(വിഹിതം 20.00ലക്ഷം രൂപ)

വടകരയിലെ മോഡൽ പോളിടെക്നിക്ക് ഐ. എച്ച്. ആർ. ഡി. ഇ. 1988-ൽ സ്ഥാപിക്കപ്പെട്ടു. കംപ്യൂട്ടർ ഹാർഡ്വെയർ മെയിൻറനൻസ്, അപ്ലൈഡ് ഇലക്ട്രോണിക്സ്, മെഡിക്കൽ ഇൻസ്ട്രുമെൻേറഷൻ എന്നീ മൂന്നു ശാഖകളിൽ മൂന്നു വർഷ ഡിപ്ലോമ കോഴ്സിന് ഓരോ ശാഖയിലും 25 വിദ്യാർത്ഥികൾക്കു വീതം വർഷംതോറും പ്രവേശനം നല്കുന്നുണ്ട്. ഇതിൻെറ നടത്തിപ്പിനാണ് വിഹിതം വകകൊള്ളിച്ചിട്ടുള്ളത്.

(സി) എറണാകുളം മോഡൽ എഞ്ചിനീയറിംഗ് കോളേജ്

(വിഹിതം 80.00 ലക്ഷം രൂപ)

1989-ൽ സ്ഥാപിതമായ എറണാകുളത്തെ മോഡൽ എഞ്ചിനീയറിംഗ് കോളേജിൽ ഇലക്ട്രോണിക്സ്, കംപ്യൂട്ടർ, ബയോ-മെഡിക്കൽ എന്നീ മൂന്നു വിഷയങ്ങളിലായി പ്രതി വർഷം 120 വിദ്യാർത്ഥികൾക്ക് ബി-ടെക്കിന് പ്രവേശനം നൽകിവരുന്നുണ്ട്. പാർട്ട്-ടൈം ബി. ടെക് കോഴ്സിനും ഈ കോളേജിൽ പ്രവേശനം നൽകുന്നുണ്ട്. 150 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള മുഖ്യകെട്ടിടത്തിന്റെ പണി ഏകദേശം പൂർത്തീകരിച്ചുകഴിഞ്ഞു. ഈ കോളേജിനെ എല്ലാ ആധുനിക സൗകര്യങ്ങളോടു കൂടി മെച്ചപ്പെടുത്തുന്നതിലേക്കായി 1993-94-ൽ 80 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു.

(ഡി) മോഡൽ ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ

(വിഹിതം 50.00 ലക്ഷം രൂപ)

ഇപ്പോൾ ഇൻസ്റ്റിട്യൂട്ട് ഓഫ് ഹ്യൂമൺ റിസോഴ്സിന്റെ ആഭിമുഖ്യത്തിൽ 3 മോഡൽ ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. അവ എറണാകുളം ജില്ലയിലെ കല്ലൂരും മലപ്പുറം ജില്ലയിൽ വാഴക്കാടും, കോട്ടയം ജില്ലയിലെ പുതുപ്പള്ളിയിലുമായി സ്ഥിതിചെയ്യുന്നു. ഇവയിൽ ഇലക്ട്രോണിക്സ് പ്രൊഡക്ഷൻ ടെക്നോളജി, ഇലക്ട്രോണിക്സ് എക്വിപ്പ്മെന്റ് മെയിന്റനൻസ്, കംപ്യൂട്ടർ ഇൻഫർമേഷൻ ടെക്നോളജി, മെഡിക്കൽ ഇലക്ട്രോണിക്സ് എന്നീ നാലുവിഷയങ്ങളിലായി പഠനത്തിന് സൗകര്യം ലഭിച്ചുവരുന്നുണ്ട്. വകകൊള്ളിച്ചിട്ടുള്ള വിഹിതത്തിൽ 35 ലക്ഷംരൂപ മൂലധന ഘടകമാണ്.

22. കോഴ്സുകളുടെ വിവിധവൽക്കരണം

(വിഹിതം 10.00 ലക്ഷം രൂപ)

ബിരുദാനന്തര—ബിരുദം പോസ്റ്റ് ഡിപ്ലോമ, ഡിപ്ലോമ, സർട്ടിഫിക്കറ്റ് തലങ്ങളിൽ വിവിധ സാങ്കേതിക സ്ഥാപനങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനാണ് വിഹിതം വകകൊള്ളിച്ചിട്ടുള്ളത്. വിഹിതത്തിൽ 75,000 രൂപ സാങ്കേതിക വിദഗ്ധരുടെമനുഷ്യവിഭവ പഠനം നടത്തുന്നതിന്റെ ചെലവിനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു.

23. ജപ്പാന്റെ സഹായത്തോടുകൂടി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന്റെ നവീകരണം

(വിഹിതം 10.00 ലക്ഷം രൂപ)

ബന്ധപ്പെട്ട വിഷയങ്ങളിൽ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും ഗവേഷണ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി ജപ്പാന്റെ സഹായത്തോടെ, ജപ്പാൻ നിർമ്മിതമായ സാമഗ്രികൾ ഉപയോഗിച്ച് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ നിലവിലുള്ള ലബോറട്ടറി സൗകര്യങ്ങൾ ആധുനീകരിക്കുന്നതിനാണ് വിഹിതം നീക്കിവച്ചിരിക്കുന്നത്. സാമഗ്രികൾ ഉപയോഗപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇപ്പോൾ കോളജേിൽ ലഭ്യമാണ്. ഈ പ്രോജക്ടിന് 12 കോടി രൂപ ചെലവുവരുമെന്നു കണക്കാക്കപ്പെടുന്നു. 1993-94-ലേക്ക് 10 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു. ഈ പദ്ധതിയുടെ പ്രാരംഭ ചെലവിനങ്ങൾക്കാണ് വിഹിതം. പദ്ധതിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് മതിയായ വിഹിതം ലഭ്യമാക്കുന്നതാണ്.

# 9.4 കായിക വിനോദവും യുവജനസേവനവും

## 1. കായിക വിദ്യാഭ്യാസ കോളേജ്

(വിഹിതം 10.00 ലക്ഷം രൂപ)

കോഴിക്കോട്ടുള്ള കായിക വിനോദ കോളേജിൽ കായിക വിദ്യാഭ്യാസത്തിൽ രണ്ടു വർഷത്തെ സർട്ടിഫിക്കററ് കോഴ്സ് നടത്തുന്നുണ്ട്. ഇതിൽ 143 വിദ്യാർത്ഥികൾ പഠിച്ചുവരുന്നു. 1993-94 വർഷത്തിൽ ഈ കോളേജിൽ കായിക വിദ്യാഭ്യാസത്തിൽ ബിരുദ കോഴ്സ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പാഠപുസ്തകങ്ങളും കായികോപകരണങ്ങളും വാങ്ങുക, കളിസ്ഥലത്തിന്റെയും ഇൻഡോർ സ്റേറഡിയത്തിന്റെയും അററകുററപ്പണികൾ നടത്തി വികസിപ്പിക്കുക, ഗസ്ററ് ലക്ചറർമാർക്കുള്ള ഓണറേറിയം എന്നിവയ്ക്കായി വിഹിതം നീക്കിവച്ചിരിക്കുന്നു.

## 2. സ്കൂളുകളിലെ കായികവിദ്യാഭ്യാസ പരിപാടി

(വിഹിതം 25.00 ലക്ഷം രൂപ)

1993-94-ലേക്ക് നീക്കി വച്ചിട്ടുള്ള 25 ലക്ഷം രൂപയിൽ 10 ലക്ഷം രൂപ സംസ്ഥാന-ജില്ലാതല മത്സരങ്ങൾ, സംസ്ഥാന കായിക മൽസരങ്ങൾ, സ്പെഷ്യൽ ഗെയിംസ്, ജലമൽസരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനും 5 ലക്ഷം രൂപ എൽ. പി./യു. പി. ഹൈസ്ക്കൂളുകളിലെ അദ്ധ്യാപകർക്ക് ഓറിയന്റേഷൻ പരിശീലനം നൽകുന്നതിനും, ഒരു ലക്ഷം രൂപ ദേശീയ കായിക മൽസരങ്ങളിൽ പങ്കെടുക്കുന്നതിന് വിദ്യാർത്ഥികളെ പ്രതിനിധികളായി അയക്കുന്നതിനും, 2 ലക്ഷം രൂപ ഭാരത സ്കൗട്ട്സ് ആന്റ് ഗൈഡ് പ്രസ്ഥാനത്തിനും രണ്ട് ലക്ഷം രൂപ സ്പോർട്സിൽ വാസനയുള്ള വിദ്യാർത്ഥികൾക്ക് വേനൽക്കാല പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും നീക്കിവച്ചിരിക്കുന്നു. കൂടാതെ രണ്ടു ലക്ഷം രൂപ തിരുവനന്തപുരത്തെ ജി.വി. രാജ സ്പോർട്ട്സ് സ്ക്കൂൾ, കണ്ണൂർ ഗവൺമെൻറ് ഹൈസ്ക്കൂളിലെ സ്പോർട്ട്സ് ഡിവിഷൻ എന്നിവയുടെ വികസനത്തിനായി സ്പോർട്ട്സ് സാധനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനും കളിസ്ഥലങ്ങളുടെ സംരക്ഷണത്തിനുമായി നീക്കി വച്ചിട്ടുണ്ട്. ബാക്കിയുള്ള 3 ലക്ഷം രൂപ യുവജനോൽസവവും മററു ബന്ധപ്പെട്ട പരിപാടികൾക്കുമായി വകകൊള്ളിച്ചിരിക്കുന്നു.

## 3. കേരള സ്പോർട്ട്സ് കൗൺസിലിന് ധനസഹായം

(വിഹിതം 90.00 ലക്ഷം രൂപ)

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറത്ത് കളികളിലും കായിക വിനോദ രംഗങ്ങളിലും വികസന പരിപാടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതു കേരള സ്പോർട്ട്സ് കൗൺസിലാണ്. സംസ്ഥാനത്തിപ്പോൾ ഒരു സ്പോർട്ട്സ് സ്കൂളും നാല് സ്പോർട്ട്സ് ഡിവിഷനുകളും ഉണ്ട്. ഇവകളിൽക്കൂടി ആൺകുട്ടികളും പെൺകുട്ടികളുമായി 1700-ഓളം പേർക്ക് സ്പോർട്ട്സിലും കളികളിലുമായി പരിശീലനം നൽകി വരുന്നു. കൂടാതെ, 25 കോളേജുകളിലായി 25 സ്പോർട്ട്സ് ഹോസ്ററലുകളും 150 പരിശീലകരും സ്പോർട്ട്സ് കൗൺസിലിന്റെ കീഴിലുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമാണ് വിഹിതം കാണിച്ചിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങളുടെ കൂട്ടത്തിൽ കോട്ടയത്തും കൊച്ചിയിലു ഇൻഡോർ സ്റേറഡിയങ്ങളുടെ നിർമ്മാണം, കൊല്ലത്ത് മുനിസിപ്പൽ സ്റേറഡിയത്തിന്റെ നിർമ്മാണം, കേന്ദ്രീകൃത സ്പോർട്ട്സ് ഹോസ്ററലിന്റെ നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. സ്പോർട്ട്സ് പരിശീലകർക്ക് സ്റൈറഫന്റ്, സ്പോർട്ട് ഹോസ്ററലുകൾക്കും സ്പോർട്ട്സ് ഡിവിഷനുകൾക്കുമുള്ള ബോർഡിംഗ് ചെലവുകൾ, സ്പോർട്ട്സ് സാമഗ്രികൾ വാങ്ങുക, സെമിനാറുകളും ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കുക എന്നിവയുടെ ചെലവുകളും വിഹിതത്തിൽ ഉൾപ്പെടും.

### കായിക വിനോദ യുവജന കാര്യവകുപ്പ് വഴി നടപ്പിലാക്കുന്ന പരിപാടികൾ

## 4. കായിക വിനോദ യുവജന കാര്യ വകുപ്പ് ശക്തിപ്പെടുത്തൽ

(വിഹിതം 2.00 ലക്ഷം രൂപ)

കായികവിനോദരംഗത്തും യുവജനക്ഷേമരംഗത്തും സംസ്ഥാനത്തു നടപ്പിലാക്കിവരുന്ന എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചു നടപ്പിലാക്കുന്നത് കായിക വിനോദ യുവജനകാര്യവകുപ്പാണ്. പുതുതായി സ്ഥാപിതമായ ഒരു വകുപ്പായതിനാൽ ഇതിനെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ആയതിലേക്കായി 2 ലക്ഷം രൂപ 1993-94 വർഷത്തേക്ക് വകകൊള്ളിച്ചിരിക്കുന്നു.

## 5. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്.

(വിഹിതം 3.00 ലക്ഷം രൂപ)

സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന എല്ലാ യുവജന ക്ഷേമ പരിപാടികളും പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് നടപ്പിലാക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് യുവജന ക്ഷേമ ബോർഡ്. ഉദ്യോഗസ്ഥരുടെ ശമ്പളവും മററു ബാധ്യസ്ഥമായ ചെലവുകൾക്കുമാണ് വിഹിതം വകകൊള്ളിച്ചിട്ടുള്ളത്. ഈ സ്ഥാപനത്തിൽ 1993-94-ൽ പുതുതായി ജീവനക്കാരെ നിയമിക്കുന്നതും, വാഹനങ്ങൾ വാങ്ങുന്നതും ഒഴിവാക്കേണ്ടതാണ്.

## 6. യുവജനങ്ങൾക്കായുള്ള പരിശീലന പദ്ധതി

(സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം 5.00 ലക്ഷം രൂപ)

യുവജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിനുംവേണ്ടി പരിശീലനം നൽകാനാണ് 50 ശതമാനം കേന്ദ്രസഹായം ലഭിക്കുന്ന ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. കാർഷിക സാങ്കേതിക വിദ്യ, വിളസംരക്ഷണം, ക്ഷീര വികസനം, കോഴിവളർത്തൽ, തേനീച്ചവളർത്തൽ, മൽസ്യ കൃഷി, ആരോഗ്യ വിദ്യാഭ്യാസം തുടങ്ങിയതിൽ യുവാക്കൾക്ക് പരിശീലനം നൽകുകയാണ് ലക്ഷ്യം. പരിശീലനത്തിനുള്ള യുവാക്കളുടെ താമസസൗകര്യം, ഭക്ഷണം, യാത്രച്ചെലവ് തുടങ്ങിയവ ഇൻഡ്യാ ഗവൺമെൻറ് വഹിക്കുന്നതാണ്. പരിശീലനം നൽകുന്നവർക്കും പരിശീലന സാമഗ്രികൾക്കുമുള്ള ചെലവ് സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്. ഇതിലേക്കായി 5 ലക്ഷം രൂപ സംസ്ഥാന വിഹിതമായി നീക്കി വച്ചിരിക്കുന്നു.

## 7. യുവജന ഹോസ്ററലുകൾ.

(വിഹിതം 6.00 ലക്ഷം രൂപ)

യുവജനസഞ്ചാരപരിപാടി പ്രോൽസാഹിപ്പിക്കുന്നതിനായി കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായാണ് യുവജന ഹോസ്ററലുകൾ സ്ഥാപിതമായിട്ടുള്ളത്. ഇവയുടെ നിർമ്മാണച്ചെലവുകൾ കേന്ദ്രഗവൺമെൻറും സംരക്ഷണ ചെലവുകൾ സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. തിരുവനന്തപുരത്തെ വേളിയിലും, എറണാകുളത്തും, കോഴിക്കോടുമുള്ള യുവജന ഹോസ്ററലുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി 6 ലക്ഷം രൂപ വകക്കൊള്ളിച്ചിരിക്കുന്നു.

## 8. ദേശീയ സ്പോർട്ട്സ് വാസന മൽസരം

(വിഹിതം 1.00 ലക്ഷം രൂപ)

സ്പോർട്ട്സ് അതോറിററി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ കഴിവുള്ള ജൂനിയർ താരങ്ങളെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽവച്ച് പരിശീലനം നൽകുന്ന പരിപാടിയാണിത്. സംസ്ഥാന-ജില്ലാ തലങ്ങളിൽ നടത്തുന്ന മൽസരങ്ങളുടെ ചെലവ്

സ്പോർട്സ് അതോറിററി ഓഫ് ഇൻഡ്യ വഹിക്കുന്നതാണ്. പരിശീലന കേന്ദ്രങ്ങളിലേക്ക് തിരഞ്ഞെടുക്കുന്നതിനാവശ്യമായ ചെലവുകൾക്കും മററു അനുബന്ധ ചെലവുകൾക്കുമുള്ള സംസ്ഥാന വിഹിതമായാണ് ഒരു ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നത്. പരിശീലകർക്ക് പരിശീലന കേന്ദ്രങ്ങളിലേക്ക് പോകാനുള്ള യാത്രാചെലവും വിഹിതത്തിൽ ഉൾപ്പെടുന്നു.

9. സ്പോർട്സ് ഹോസ്ററലുകൾ സ്ഥാപിക്കുക.

(വിഹിതം 3.00 ലക്ഷം രൂപ)

എട്ടാം പദ്ധതിക്കാലത്ത് സംസ്ഥാനത്തെ ദക്ഷിണ-മദ്ധ്യ ഭാഗങ്ങളിലായി രണ്ട് സ്പോർട്സ് ഹോസ്ററലുകൾ സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ട്. ഈ ഹോസ്ററലുകളുടെ നടത്തിപ്പിനുള്ള ചെലവ് സ്പോർട്സ് അതോറിററി ഓഫ് ഇൻഡ്യ വഹിക്കുന്നതാണ്. ഇതിനാവശ്യമായ സ്ഥലവും കെട്ടിടവും സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. ഇതിലേക്കായി 1993-94-ലേക്ക് 3 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു.

10. ഗ്രാമീണ കായിക മൽസരങ്ങൾ

(വിഹിതം 4.00 ലക്ഷം രൂപ)

ഗ്രാമങ്ങളിലെ കുട്ടികൾക്കുവേണ്ടി സംസ്ഥാന-ജില്ലാ-ബ്ലോക്കു തലങ്ങളിൽ സംഘടിപ്പിക്കുന്ന കായിക മൽസരങ്ങൾക്കുള്ള ധനസഹായം സ്പോർട്സ് അതോറിററി ഓഫ് ഇൻഡ്യ നൽകിവരുന്നു. ഇതിനുള്ള സഹായ നിധിക്ക് ബ്ലോക്ക്തലത്തിൽ ആയിരം രൂപയും ജില്ലാ, സംസ്ഥാന തലങ്ങളിൽ യഥാക്രമം 3,000 രൂപയും, 10,000 രൂപയുമാണ്. ഇപ്രകാരം ബ്ലോക്കുതലത്തിൽ സംഘടിപ്പിക്കുന്ന മൽസരങ്ങളിൽ സ്പോർട്സ് അതോറിററി ഓഫ് ഇൻഡ്യ സംസ്ഥാനത്തെ 60 ശതമാനം ബ്ലോക്കുകൾക്കു മാത്രമേ സഹായധനം നൽകുകയുള്ളൂ. ശേഷിച്ച ബ്ലോക്കുകളിൽ സംഘടിപ്പിക്കുന്ന മൽസരങ്ങളുടെ ചെലവ് സംസ്ഥാന സർക്കാർ വഹിക്കേണ്ടതുണ്ട്. ഇപ്രകാരമുള്ള 40 ശതമാനം ബ്ലോക്കുകളിൽ സംഘടിപ്പിക്കുന്ന മൽസരങ്ങളുടെ ചെലവുകളും മൽസരങ്ങളിൽ പങ്കെടുക്കുന്നവർക്കുള്ള താമസസൗകര്യം, യാത്രാബത്ത എന്നിവയ്ക്കാണ് വിഹിതം.

11. കായിക വിനോദ പ്രദർശന-പരിശീലന കേന്ദ്രം

(വിഹിതം 2.00 ലക്ഷം രൂപ)

തിരുവനന്തപുരത്തു സ്ഥാപിതമായ ഈ കേന്ദ്രം കായിക താരങ്ങൾക്കും മററുയുവജനങ്ങൾക്കും പരിശീലനം, അഭ്യാസം എന്നിവയുടെ പ്രാധാന്യത്തെപ്പററി ബോധവൽക്കരണം നടത്തിവരുന്നു. സ്കൂളുകൾ, കോളേജുകൾ, മററു സ്ഥാപനങ്ങൾ വഴി ഈ സ്ഥാപനം ബോധവൽക്കരണം നടത്തുന്നുണ്ട്. ഇതിലേക്കായി ഒരു കായികവിനോദ ലൈബ്രറി സ്ഥാപിക്കാനും ഉദ്ദേശമുണ്ട്. 1993-94-ലേക്ക് ഈ പരിപാടികൾ നടപ്പിലാക്കുന്നതിനായി 2 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു.

12. രാജീവ്ഗാന്ധി സ്പോർട്സ് മെഡിസിൻ കേന്ദ്രം

(വിഹിതം 10.00 ലക്ഷം രൂപ)

ഈ സ്ഥാപനം കായികതാരങ്ങൾക്ക് സ്പോർട്സ് മെഡിസിനിൽ ആവശ്യമായ വിജ്ഞാനവും ബോധവും നൽകിവരുന്നു. സ്പോർട്സ് മരുന്നുകൾ, ഉപകരണങ്ങൾ എന്നിവയുടെ ചെലവിനങ്ങൾക്കാണ് വിഹിതം.

13. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികളിൽ സ്പോർട്സിലുള്ള പ്രതിഭ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതി—പ്രത്യേക ഘടക പദ്ധതി

(വിഹിതം 2.50 ലക്ഷം രൂപ)

പട്ടികജാതി കുട്ടികളിൽ കായിക വിനോദ പ്രതിഭ കണ്ടെത്തി പരിപോഷിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പട്ടികജാതി വികസനവകുപ്പ് തിരുവനന്തപുരത്ത് 2 സ്പോർട്സ് ഹോസ്ററലുകൾ പട്ടികജാതിയിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി നടത്തുന്നുണ്ട്. 8-ാം സ്ററാൻഡേർഡിൽ പഠിക്കുന്ന കുട്ടികളെ തെരഞ്ഞെടുത്തു ഈ ഹോസ്ററലിൽ പ്രവേശനം നൽകുന്നു. സ്പോർട്സ് കിററുകളും പരിശീലന സാമഗ്രികളും ഈ ഹോസ്ററലുകളിൽ നൽകിവരുന്നു. ഈ പരിപാടികളുടെ നടത്തിപ്പിനാണ് വിഹിതം.

14. കേരള സ്പോർട്സ് അതോറിററി രൂപീകരിക്കുക

(വിഹിതം 1.00 ലക്ഷം രൂപ)

കേരള സ്പോർട്സ് അതോറിററി രൂപീകരിക്കുന്ന കാര്യം കേരള സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അതിനുള്ള കരടു ബില്ലും തയ്യാക്കിക്കഴിഞ്ഞു. സ്പോർട്സ് അതോറിററി രൂപീകരിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കാണ് വിഹിതം

15. ധീരകലാകേന്ദ്രം

(വിഹിതം 5.00 ലക്ഷം രൂപ)

തിരുവനന്തപുരത്തുള്ള പൂവാറിൽ സ്ഥാപിച്ചിട്ടുള്ള ഈ കേന്ദ്രം കളരിപയററിൽ പരിശീലനം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 6 ലക്ഷം രൂപ ചെലവഴിച്ചു പരിശീലന ഹാളിന്റെയും ഡോർമിറററിയുടെയും പണി പൂർത്തിയാക്കി. ഹോസ്ററൽ, അടുക്കള, സ്ററാഫുകൾക്കുള്ള ക്വാർട്ടേഴ്സ് എന്നിവയുടെ ജോലികൾ ഏറെറടുത്തു നടത്തേണ്ടതുണ്ട്. ഇതിലേക്കാണ് വിഹിതം നീക്കിവച്ചിട്ടുള്ളത്,

16. യുവജനങ്ങൾക്കുള്ള പ്രദർശന പദ്ധതി (50% സംസ്ഥാന വിഹിതം)

(വിഹിതം 3.00 ലക്ഷം രൂപ)

യുവജനങ്ങളിൽ ദേശീയ വികസനത്തെപ്പററിയും മതനിരപേക്ഷത, ദേശീയോദ്ഗ്രഥനം, ഇന്ത്യൻ സംസ്കാരത്തെയും അതിന്റെ നാനാവശങ്ങളെയും കുറിച്ച് ബോധവാൻമാരാക്കുന്നതിനും ദേശീയധാരയിൽ എല്ലാ ജനവിഭാഗങ്ങളെയും അണിനിരത്തുന്നതിന് യുവാക്കൾക്ക് നേതൃത്വ പരിശീലനം നൽകുന്നതിനും കേന്ദ്ര സർക്കാർ ധനസഹായം നൽകുന്നു. സംസ്ഥാന സർക്കാർ ഈ ലക്ഷ്യം മുൻനിർത്തി ജില്ലാതലങ്ങളിൽ സംഘടിപ്പിക്കുന്ന പ്രദർശന മൽസരങ്ങൾക്കുള്ള സംസ്ഥാന വിഹിതമാണ് വകകൊള്ളിച്ചിരിക്കുന്നത്.

17. ദേശീയോദ്ഗ്രഥന പരിപാടി (50 % സംസ്ഥാന വിഹിതം)

(വിഹിതം 1.00 ലക്ഷം രൂപ)

ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ യുവജന സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നതിനും അന്തർസംസ്ഥാന യുവജന വിനിമയ പരിപാടികൾ സംഘടിപ്പിക്കുന്നതിനും യുവജനങ്ങളുമായുള്ള സർവ്വേയും, മൽസരങ്ങളും സംഘടിപ്പിക്കുന്നതിനുമാണ് ഇന്ത്യാ ഗവൺമെൻറ് സഹായധനം നൽകുന്നത്. 1993-94-ൽ ഇവ സംഘടിപ്പിക്കുന്നതിനുള്ള ബന്ധപ്പെട്ട ചെലവുകൾക്കുള്ള സംസ്ഥാന വിഹിതമാണ് വകകൊള്ളിച്ചിരിക്കുന്നത്.

18. സംസ്ഥാന യുവജനകേന്ദ്രം

(വിഹിതം 8.00 ലക്ഷം രൂപ)

ഒരു ഗ്രന്ഥശാല, 100 പേർക്ക് താമസിക്കുവാൻ സൗകര്യമുള്ളതും യുവജന പരിപാടികൾ സംഘടിപ്പി ക്കുവാൻ സൗകര്യമുള്ളതുമായ സമ്മേളന ഹാൾ തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ ഒരു സംസ്ഥാന യുവജനകേന്ദ്രം സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ട്. ദേശീയ അന്തർദേശീയ സാംസ്ക്കാരിക വിനിമയ പരിപാടിവഴി സംസ്ഥാ നത്തു വരുന്ന യുവജന പ്രതിനിധികളെ പാർപ്പിക്കുന്ന തിനും യുവജനങ്ങൾക്കു പരിശീലനം നൽകുന്നതിനും ഈ കേന്ദ്രം ഉപയോഗപ്പെടുത്താവുന്നതാണ്. ഇതിലേ ക്കായി 1993-94 ലേക്ക് നീക്കിവച്ചിട്ടുള്ള 8 ലക്ഷം രൂപ യിൽ 6 ലക്ഷം രൂപ മൂലധന ഘടകമാണ്.

19. പ്രചരണം

(വിഹിതം 2.00 ലക്ഷം രൂപ)

യുവജനങ്ങളും അവരുടെ പ്രശ്നങ്ങളും, യുവജനങ്ങൾക്കായുള്ള വിവിധ സാംസ്കാരിക പരിപാടികൾ എന്നിവയെപ്പററി മാധ്യമങ്ങൾ വഴി യുവാക്കൾക്ക് ബോധവൽക്കരണം നടത്തുകയാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായി ഫിലിം പ്രദർശനങ്ങൾ, സെമിനാറുകൾ, സമ്മേളനങ്ങൾ, സദ്ഭാവന-സമാധാന ജാഥകൾ, അന്തർ സംസ്ഥാന സാംസ്ക്കാരിക വിനിമയ പരിപാടികൾ തുടങ്ങിയവയും സംഘടിപ്പിക്കുന്നുണ്ട്. വിവിധ യുവജന പ്രവർത്തനങ്ങളെ ഉദ്ഘോഷിച്ചു കൊണ്ടുള്ള ഒരു ത്രൈമാസികയും പ്രസിദ്ധീകരിക്കാ നുദ്ദേശമുണ്ട്. ഓരോ വർഷവും സംസ്ഥാനത്തെ ഏററവും നല്ല പുരുഷ കായികതാരത്തിനും വനിതാ കായിക താരത്തിനും രാജീവ്ഗാന്ധി സ്പോർട്ട്സ് അവാർഡ് സദ്ഭാവനാ ദിവസം നൽകുന്നതാണ്. ഇതിലേക്കായി 50,000 രൂപ നീക്കിവച്ചിരിക്കുന്നു. ശേഷിച്ച 1.50 ലക്ഷം രൂപ മററു വിവിധ പരിപാടികൾ ക്കായി വകയിരുത്തിയിരിക്കുന്നു.

20. പുതിയ സ്പോർട്ട്സ് സ്കൂളുകൾ സ്ഥാപിക്കുക

(വിഹിതം 12.50 ലക്ഷം രൂപ)

കോട്ടയം ജില്ലയിൽ വെള്ളൂരും മലപ്പുറം ജില്ലയിൽ വണ്ടൂരും ഓരോ സ്പോർട്ട്സ് സ്കൂൾ വീതം സ്ഥാ പിക്കുന്നതിനാണ് വിഹിതം.

21. ഡയറക്ടറേററിനുള്ള കെട്ടിട നിർമ്മാണം

(വിഹിതം 4.00 ലക്ഷം രൂപ)

കായിക വിനോദ-യുവജന കാര്യാലയത്തിന്റെ ഡയറക്ടറേററ് ഇപ്പോൾ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റേറഡിയത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ഡയറക്ടറേററിന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കു വാൻ ഉദ്ദേശമുണ്ട്. ഈ കെട്ടിടത്തിൽ രാജീവ്ഗാന്ധി സ്പോർട്ട്സ് മെഡിസിൻ കേന്ദ്രവും കായിക വിനോദ-പരിശീലന കേന്ദ്രവും കൂടി പ്രവർത്തിപ്പിക്കാൻ കഴിയും. ഈ കെട്ടിടത്തിന്റെ നിർമ്മാണം കേരള ജല അതോറിററി വഴി നടപ്പിലാക്കുന്നതാണ്. ഇതിലേക്കായി 4 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

22. സ്പോർട്ട്സ് പ്രോജക്ററ് വികസന പ്രദേശങ്ങൾ (50 ശതമാനം സംസ്ഥാന വിഹിതം)

(വിഹിതം 3.00 ലക്ഷം രൂപ)

അൻപതു ശതമാനം കേന്ദ്രസഹായമുള്ള ഈ പദ്ധതി പ്രകാരം കൊല്ലത്തും തൃശ്ശൂരും ഓരോ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ ചെലവിന്റെ ഒരു ഭാഗം ഇൻഡ്യാ ഗവൺമെന്റും ശേഷിച്ച ചെലവ് സംസ്ഥാന ഗവൺമെന്റുമാണ് വഹിക്കേണ്ടത് ഇതിലേ ക്കുള്ള സംസ്ഥാന വിഹിതമാണ് കാണിച്ചിരിക്കുന്നത്.

23. കളി സ്ഥലങ്ങളുടെ വികസനം—(50 ശതമാനം സംസ്ഥാന വിഹിതം)

(വിഹിതം 3.00 ലക്ഷം രൂപ)

കൂടുതൽ ആളുകൾക്ക് തുറസ്സായ സ്ഥലങ്ങളിൽ കായിക വിനോദങ്ങളിൽ പങ്കെടുക്കുന്നതിലേക്കായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ഒരു പദ്ധതിയാ ണിത്. പ്രാദേശിക സ്ഥാപനങ്ങൾ, സ്കൂളുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയി ലുള്ള സ്ഥലമായിരിക്കും ഇതിനുവേണ്ടി തെരഞ്ഞെടു ക്കുന്നത്. ഏററവും കുറഞ്ഞത് രണ്ടേക്കർ ഭൂമിയെങ്കിലും ഇതിനാവശ്യമാണ്. ഒരോ ബ്ലോക്കിലും ഒരു പഞ്ചായത്ത് ഇതിനായി തെരഞ്ഞെടുക്കുന്നതാണ്. സ്കേററിംഗ് റിങ്ക് നിർമ്മിക്കുന്നതിനിള്ള നിർദ്ദേശങ്ങളും പരിഗണി ക്കപ്പെടുന്നതാണ്. ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർ വഴി ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിലേക്കായി 1993-94 ലേക്ക് 3 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകകൊള്ളിച്ചിരിക്കുന്നു.

24. തുറസ്സായ സ്റേറഡിയങ്ങളുടെ നിർമ്മാണം (സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം—1.00 ലക്ഷം രൂപ)

ഈ സ്റേറഡിയങ്ങളുടെ നിർമ്മാണത്തിന് പരമാവധി 5 ലക്ഷം രൂപ വരെ കേന്ദ്രസഹായം ലഭിക്കു ന്നതാണ്. 1993-94-ലേക്കുള്ള സംസ്ഥാന വിഹിത മാണ് 1 ലക്ഷം രൂപ.

25. ഇൻഡോർ സ്റേറഡിയങ്ങളുടെ നിർമ്മാണം (സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം—1.00 ലക്ഷം രൂപ)

കായിക വിനോദവും കളികളും വികസിപ്പിക്കു ന്നതിനായി 50 ശതമാനം (പരമാവധി 5 ലക്ഷം രൂപ) കേന്ദ്ര സഹായം ലഭിക്കുന്ന ഒരു പദ്ധതിയാണിത്. (ഉയർന്ന പ്രദേശങ്ങളിൽ നിർമ്മാണച്ചെലവിന്റെ 75 ശതമാനം കേന്ദ്രസഹായം ലഭിക്കുന്നതാണ്.) ഒരോ വർഷവും ഓരോ സ്റേറഡിയം നിർമ്മിക്കാനാണുദ്ദേ ശിക്കുന്നത്. 1993-94-ലെ സംസ്ഥാന വിഹിതമായി 1 ലക്ഷം രൂപ ഉൾപ്പെടുത്തിയിരിക്കുന്നു.

26. നീന്തൽ കുളങ്ങളുടെ നിർമ്മാണം (സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം 1.00 ലക്ഷം രൂപ)

നീന്തൽകുളം നിർമ്മിക്കുന്നതിന്റെ അംഗീകൃത ചെലവിന്റെ അൻപതു ശതമാനമോ പരമാവധി 5 ലക്ഷം രൂപയോ കേന്ദ്രധനസഹായമായി ലഭിക്കുന്ന ഈ പദ്ധതി കേന്ദ്ര ഗവൺമെന്റാണ് നിർദ്ദേശിച്ചിട്ടു ള്ളത്. (ഉയർന്ന പ്രദേശങ്ങളിൽ 75 ശതമാനം കേന്ദ്ര സഹായം ലഭിക്കുന്നതാണ്.) പദ്ധതി പ്രകാരം 1993-94-ൽ ഒരു നീന്തൽകുളം നിർമ്മിക്കാനാണുദ്ദേശി ക്കുന്നത്. അതിനായി ഒരു ലക്ഷം രൂപ സംസ്ഥാന വിഹിതമായി ഉൾപ്പെടുത്തിയിരിക്കുന്നു.

27. സ്പോർട്ട്സ് കോംപ്ലക്സുകളുടെ നിർമ്മാണം (50 ശതമാനം സംസ്ഥാന വിഹിതം)

(വിഹിതം 5.00 ലക്ഷം രൂപ)

ചെറിയ പട്ടണങ്ങളിൽ കായിക വിനോദ സൗകര്യ ങ്ങൾക്കുവേണ്ടി സ്റേറഡിയങ്ങൾ, ഹാളുകൾ, നീന്തൽ കുളങ്ങൾ മുതലായവ നിർമ്മിക്കുന്നതിനായി 25 ശത മാനം കേന്ദ്രസഹായമുള്ള ഒരു പദ്ധതിയാണിത്. ഇതിനായിവരുന്ന ചെലവിന്റെ 25 ശതമാനമോ പരമ വധി 20 ലക്ഷം രൂപയോ കേന്ദ്രസഹായമായും ചെല വിന്റെ 50 ശതമാനമോ പരമാവധി 40 ലക്ഷം രൂപയോ സംസ്ഥാന വിഹിതമായും ശേഷിച്ച 25 ശതമാനം ചെലവ് ബന്ധപ്പെട്ട കോർപ്പറേഷനോ മുനിസിപ്പാലി ററിയോ വഹിക്കേണ്ടതാണ്. ഈ പദ്ധതിക്കായി 1993-94ലേക്ക് നീക്കിവെച്ചിട്ടുള്ള സംസ്ഥാന വിഹി തമാണ് 5 ലക്ഷം രൂപ.

**28. സ്പോർട്ട്സ് സാധനങ്ങളുടെ വിതരണം (50 ശതമാനം സംസ്ഥാന വിഹിതം)**

(വിഹിതം 1.00 ലക്ഷം രൂപ)

ചെലവേറിയ സ്പോർട്ട്സ് ഉപകരണങ്ങൾ പലപ്പോഴും സ്പോർട്ട്സിൽ വാസനയുള്ള യുവാക്കളെ തുടർച്ചയായി വിവിധ ഇനങ്ങളിൽ പരിശീലനം നേടുന്നതിൽ നിരുൽസാഹപ്പെടുത്താറുണ്ട്. ആയതിനാൽ സ്പോർട്ട്സ് ഉപകരണങ്ങളും സാധനങ്ങളും യുവാക്കൾക്ക് വിതരണം ചെയ്യേണ്ടതുണ്ട്. ഇതിനു വേണ്ടിവരുന്ന ചെലവിന്റെ അൻപതു ശതമാനം സ്പോർട്ട്സ് അതോറിററി ഓഫ് ഇന്ത്യ വഹിക്കുന്നതാണ്. ഇതിന്റെ സംസ്ഥാന വിഹിതമായി 1993-94 ലേയ്ക്ക് ഒരു ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**29. അഡ്വെഞ്ചർ പരിപാടി (50 ശതമാനം സംസ്ഥാന വിഹിതം)**

(വിഹിതം 1.00 ലക്ഷം രൂപ)

കായിക വിനോദ രംഗത്ത് സാഹസ പരിപാടികൾ പ്രോൽസാഹിപ്പിക്കുന്നതിലേക്കായി സ്ഥാപനപരമായ ഘടന സൃഷ്ടിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. 1993-94 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പരിപാടി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന വിഹിതമാണ് വകകൊള്ളിച്ചിരിക്കുന്നത്.

**30. വനിതകൾക്കുള്ള സ്പോർട്ട്സ് മൽസരങ്ങൾ**

(വിഹിതം 3.00 ലക്ഷം രൂപ

സ്പോർട്ട്സ് അതോറിററി ഓഫ് ഇന്ത്യയുടെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്. ഗ്രാമപ്രദേശങ്ങളിലുള്ള പെൺകുട്ടികൾക്ക് തെരഞ്ഞെടുക്കപ്പെട്ട ഇനങ്ങളിൽ ബ്ലോക്ക്, ജില്ലാ സംസ്ഥാനതലങ്ങളിൽ മൽസരങ്ങൾ സംഘടിപ്പിക്കുന്നതിന് 1000 രൂപ, 3000 രൂപ, 10,000 രൂപ എന്നിങ്ങനെ ധനസഹായം നൽകുന്നു. സംസ്ഥാനത്തുള്ള 60 ശതമാനം ബ്ലോക്കുകൾക്കു മാത്രമേ സ്പോർട്ട്സ് അതോറിററി ഓഫ് ഇന്ത്യയുടെ ധനസഹായം ലഭിക്കുന്നുള്ളു. ബാക്കി ചെലവ് സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. സ്പോർട്ട്സ് അതോറിററി ഓഫ് ഇന്ത്യയുടെ കീഴിൽ വരാത്ത ബ്ലോക്കുകളുടെ ചെലവിനും മൽസരങ്ങളിൽ പങ്കെടുക്കുന്നവർക്ക് താമസസൗകര്യത്തിനും യാത്രയ്ക്കുമുള്ള ചെലവിലേക്കുമാണ് പ്രസ്തുത വിഹിതം.

**31. സംസ്ഥാനതല സ്പോർട്ട്സ് കോംപ്ലക്സ് (50 ശതമാനം സംസ്ഥാന വിഹിതം)**

(വിഹിതം 10.00 ലക്ഷം രൂപ)

അൻപതു ശതമാനം കേന്ദ്രസഹായമുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. സംസ്ഥാനത്ത് ഒരു അന്തർദ്ദേശീയ നിലവാരമുള്ള ഒരു സ്പോർട്ട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുവേണ്ടിവരുന്ന ചെലവിന്റെ 50 ശതമാനമോ രണ്ടു കോടി രൂപവരെ കേന്ദ്രസഹായമായി ലഭിക്കും. തിരുവനന്തപുരത്ത് ഇത്തരത്തിലൊരു സ്പോർട്ട്സ് കോംപ്ലക്സ് വികസിപ്പിച്ചെടുക്കേണ്ടതാണ്. ഇതിനായി ജിമ്മി ജോർജ്ജ് ഇൻഡോർ സ്റേറഡിയത്തിലെയും, സെൻട്രൽ സ്റേറഡിയത്തിലെയും നിലവിലുള്ള സൗകര്യങ്ങൾ വികസിപ്പിച്ചെടുത്തും പുതിയ സൗകര്യങ്ങളും താമസ സൗകര്യങ്ങളു ആവശ്യമാണ്. കോംപ്ലക്സ് വികസിപ്പിച്ചെടുക്കുന്നതിന്റെ ചെലവിനങ്ങൾക്കായി 10 ലക്ഷം രൂപ സംസ്ഥാന വിഹിതമായി 1993-94-ലേക്ക് നീക്കിവച്ചിരിക്കുന്നു.

**32. പിന്നോക്ക വിഭാഗത്തിലുള്ള യുവജനങ്ങൾക്കുള്ള പദ്ധതി—പട്ടികവർഗ്ഗ ഉപപദ്ധതി— (സംസ്ഥാന വിഹിതം 50 ശതമാനം)**

(വിഹിതം 1.00 ലക്ഷം രൂപ)

ഇത് 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഐ. ടി. ഡി പി. ബ്ലോക്കുകളിലുള്ള പട്ടികവർഗ്ഗ യുവജനങ്ങൾക്ക് കൃഷി, ആരോഗ്യ പഠനം, ആരോഗ്യ സംരക്ഷണം, പോഷകാഹാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സംഘങ്ങളുടെയും ഭരണ നിർവ്വഹണം എന്നിവയിൽ പരിശീലനം സംഘടിപ്പിക്കുന്നതിനാണ് പരിപാടി. 1993-94 ലേക്ക് സംസ്ഥാന വിഹിതമായി 1 ലക്ഷം രൂപയാണ് നീക്കി വച്ചിരിക്കുന്നത്.

## 9.5 വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും

### എ. അലോപ്പതി

**1. നിലവിലുള്ളതും പുതുതായി ആരംഭിക്കുന്നതുമായ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തൽ**

(വിഹിതം 175.00 ലക്ഷം രൂപ)

സംസ്ഥാനത്ത് ഇപ്പോൾ 908 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഏഴാം പദ്ധതി ക്കാലത്തും 1990-92 വർഷങ്ങളിലും ആരംഭിച്ച ആരോഗ്യ കേന്ദ്രങ്ങൾ പൂർണ്ണമായും വികസിപ്പിക്കേണ്ടതുണ്ട്. 1993-94-ൽ 15 പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങുന്നതിനും നിലവിലുള്ള 50 മിനി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 12 കിടക്കകളുള്ള വാർഡുകൾ നിർമ്മിക്കാനും ഉദ്ദേശമുണ്ട്. ഒരു വാർഡിന് ഏകദേശം 1.5 ലക്ഷം രൂപ ചെലവുവരും. ആകെ വിഹിതമായ 175 ലക്ഷം രൂപയിൽ 100 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടിയും 75 ലക്ഷം രൂപ നിലവിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും അംഗീകൃത മാനദണ്ഡമനുസരിച്ച് സ്റ്റാഫും ഉപകരണങ്ങളും നൽകി പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങുന്നതിനും വിനിയോഗിക്കാവുന്നതാണ്.

**2. സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ**

(വിഹിതം 85.00 ലക്ഷം രൂപ)

ഇപ്പോൾ 54 സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ നിലവിലുണ്ട്. ഇവയ്ക്ക് 30 കിടക്കകളോടുകൂടിയുള്ള ഇൻ പേഷ്യന്റ് സൗകര്യങ്ങളും, ആവശ്യമായ സ്റ്റാഫ്, ഉപകരണം, വാഹനം, എക്സ്റേ, ലാബറട്ടറി എന്നിവയോടുകൂടിയ നാല് പ്രധാന സ്പെഷ്യാലിറ്റി സൗകര്യങ്ങളും നൽകേണ്ടതുണ്ട്. 1993-94-ൽ 6 പുതിയ കേന്ദ്രങ്ങൾ തുടങ്ങുന്നതിനും നിലവിലുള്ള കേന്ദ്രങ്ങളിൽ ആവശ്യമുള്ള സൗകര്യങ്ങൾ നൽകി നവീകരിക്കുന്നതിനും മുൻഗണന നൽകാനും ഉദ്ദേശിക്കുന്നു. 1993-94 ലെ വിഹിതമായ 85 ലക്ഷം രൂപയിൽ 45 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ്.

### ആശുപത്രികളും ഡിസ്പെൻസറികളും

**3. സംസ്ഥാന-ജില്ലാ-മററ് തലങ്ങളിലുള്ള ആരോഗ്യ സംരക്ഷണവും ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തലും**

**(എ) ആശുപത്രികളുടെ വികസനം**

(വിഹിതം 75.00 ലക്ഷം രൂപ)

സംസ്ഥാനത്ത് ഇപ്പോൾ 14 ജില്ലാ ആശുപത്രികളും 44 താലൂക്ക് ആസ്ഥാന ആശുപത്രികളും 67 ഇൻറർമീഡിയറി ആശുപത്രികളും ഉണ്ട്. ഏകീകൃതമായ രീതിയിൽ ജില്ലാതല ആശുപത്രികളിൽ 500 കിടക്കകളും താലൂക്ക് തല ആശുപത്രികളിൽ 200 കിടക്കകളും നൽകേണ്ടതുണ്ട്. ഇപ്പോൾ 8 ജില്ലാ ആശുപത്രികളിലും 23 താലൂക്ക് ആശുപത്രികളിലും ഉള്ള കിടക്കകളുടെ എണ്ണം അംഗീകൃത മാനദണ്ഡത്തേക്കാൾ കുറവാണ്. പ്രസ്തുത ലക്ഷ്യം നേടുന്നതിന് 3800 കിടക്കകൾ കൂടി അധികമായി നൽകേണ്ടതുണ്ട്. ഇപ്പോൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി 8 സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രികൾ നിലവിലുണ്ട്. എല്ലാ വലിയ ആശുപത്രികളിലും സ്റ്റാഫ് നഴ്സ്, നഴ്സിംഗ് അസിസ്റ്റൻറ്, ഹോസ്പിററൽ അററൻഡൻസ് ഗ്രേഡ്—I, ഗ്രേഡ്—II എന്നീ വിഭാഗങ്ങളിലുള്ള വർക്ക് മൂന്ന് ഷിഫ്ററ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. റാന്നി, മല്ലപ്പള്ളി, കുന്നത്തൂർ, സുൽത്താൻ ബത്തേരി എന്നിവിടങ്ങളിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ/ഗവൺമെൻറ് ആശുപത്രികളെ താലൂക്ക് ആസ്ഥാന ആശുപത്രിയാക്കി ഉയർത്തേണ്ടതുണ്ട്. 1993-94-ൽ 75 ലക്ഷം രൂപ മേൽ സൂചിപ്പിച്ച പരിപാടികൾക്കായി വകയിരുത്തിയിട്ടുണ്ട്. അത്യാവശ്യമായ സ്റ്റാഫിനെ നിയമിക്കുക, ഉപകരണങ്ങൾ വാങ്ങുക, എന്നിവയ്ക്കും വിഹിതം വിനിയോഗിക്കാവുന്നതാണ്.

**(ബി) ഡയറക്ടറേററിലെ മോണിറററിംഗ് സെല്ല്**

(വിഹിതം 2.00 ലക്ഷം രൂപ)

ഡയറക്ടറേററിലെ നിലവിലുള്ള മോണിറററിംഗ് സെൽ തുടർന്നുകൊണ്ടു പോകുന്നതിനാണ് വിഹിതമായി 2 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്. പ്ലാൻ സ്കീമുകളുടെ പുരോഗതി അവലോകനം ചെയ്യുക, കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിൽ മേൽനോട്ടം വഹിക്കുക, എന്നിവയാണ് ഈ സെല്ലിൻെറ പ്രധാന ജോലികൾ. ഇവിടെ ഒരു സീനിയർ സൂപ്രണ്ടും രണ്ടു ക്ലാർക്കും ഉണ്ട്.

**(സി) ജില്ലാ മെഡിക്കൽ സ്റ്റോറുകൾ മെച്ചപ്പെടുത്തൽ**

(വിഹിതം 5.00 ലക്ഷം രൂപ)

ഇപ്പോൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ മെഡിക്കൽ സ്റ്റോറുകൾ സ്ഥാപിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട്, വയനാട്, ഇടുക്കി, പത്തനംതിട്ട എന്നിവിടങ്ങളിലെ ജില്ലാ മെഡിക്കൽ സ്റ്റോറുകളുടെ കെട്ടിടങ്ങളുടെ നിർമ്മാണ ജോലികൾ ഏറെറടുക്കേണ്ടതുണ്ട്. അതുപോലെ തന്നെ എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിലെ സ്റ്റോറുകൾ മെച്ചപ്പെടുത്തേണ്ടതുമുണ്ട്. 1993-94-ൽ 5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നതിൽ 4 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കും 1 ലക്ഷംരൂപ സ്റ്റാഫിനെ നിയമിക്കുന്നതൊഴികെയുള്ള മററു പ്രവർത്തനങ്ങൾക്കും വേണ്ടിയാണ്.

**(ഡി) രക്ത ബാങ്കുകൾ സ്ഥാപിക്കൽ**

(വിഹിതം 25.00 ലക്ഷം രൂപ)

ആലപ്പുഴ, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസർകോട്, എന്നീ ജില്ലകളിൽ രക്ത ബാങ്കുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഇതിൽ മലപ്പുറം ജില്ലാ ആശുപത്രിയിൽ രക്തബാങ്ക് സ്ഥാപിക്കുന്ന പരിപാടി ഇപ്പോൾ ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്. ഒരു രക്ത ബാങ്ക് പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടത്തിന് ഏകദേശം 6 ലക്ഷം രൂപ ചെലവ് വരും. 1993-94ലെ വിഹിതമായ 25 ലക്ഷം രൂപയിൽ 6 ലക്ഷംരൂപ മലപ്പുറം ജില്ലയിൽ ഒരു രക്ത ബാങ്കു സ്ഥാപിക്കുന്നതിനും 4 ലക്ഷം രൂപ നിലവിലുള്ള മററു രക്ത ബാങ്കുകളിൽ ചെറിയതരം നിർമ്മാണ പ്രവർത്തനങ്ങൾക്കും 8 ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനും ബാക്കി തുക മററു ചെലവുകൾക്കും വേണ്ടി വിനിയോഗിക്കാവുന്നതാണ്.

**(ഇ) പവ്വർ ലാൺട്രികളും ജനറേററുകളും സ്ഥാപിക്കൽ**

(വിഹിതം 8.00 ലക്ഷം രൂപ)

കൊല്ലം ജില്ലാ ആശുപത്രിയിൽ ഒരു പവ്വർ ലാൺട്രി സ്ഥാപിക്കാൻ ഉദ്ദേശമുണ്ട്. ഒരു പവ്വർ ലാൺട്രി സ്ഥാപിക്കുന്നതിന് 8 ലക്ഷം രൂപ ചെലവ് വരും. 1993-94 ലെ വിഹിതമായ 8 ലക്ഷം രൂപ ഇതിലേയ്ക്കായി വിനിയോഗിക്കാവുന്നതാണ്.

**(എഫ്) ജില്ലാ ആശുപത്രികൾക്ക് ആംബുലൻസ് വാനുകൾ**

(വിഹിതം 6.00 ലക്ഷം രൂപ)

രണ്ടു ജില്ലാ ആശുപത്രികളിൽ പ്രവർത്തനക്ഷമമല്ലാത്ത ആംബുലൻസുകൾ മാററി അവ പ്രവർത്തനക്ഷമമാക്കുന്നതിലേയ്ക്കായി 1993-94-ൽ 6 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ജി) ആരോഗ്യ വകുപ്പിലെ ഗതാഗതവിഭാഗം പുനഃസംഘടിപ്പിക്കൽ**

(വിഹിതം 3.00 ലക്ഷം രൂപ)

ആരോഗ്യ വകുപ്പിലെ ഗതാഗത വിഭാഗത്തിന് തിരുവനന്തപുരത്ത് ഒരു സെൻട്രൽ വർക്ക് ഷോപ്പും കോഴിക്കോട് ഒരു മേഖലാ വർക്ക് ഷോപ്പും ജില്ലകളിൽ ജില്ലാ വർക്ക് ഷോപ്പുകളും ഉണ്ട്. പുതുതായി അനുവദിച്ച വയനാട്, പാലക്കാട്, ഇടുക്കി, പത്തനംതിട്ട എന്നിവിടങ്ങളിലെ ജില്ലാ വർക്ക് ഷോപ്പുകൾ അംഗീകൃത മാനദണ്ഡങ്ങൾക്കനുസൃതമായി മെച്ചപ്പെടുത്തുന്നതിനു വേണ്ടിയാണ് 1993-94-ൽ വിഹിതമായി 3 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്.

**(എച്ച്) ലിംബ് ഫിററിംഗ് കേന്ദ്രങ്ങൾ വികസിപ്പിക്കൽ**

(വിഹിതം 15.00 ലക്ഷം രൂപ)

എറണാകുളം ജനറൽ ആശുപത്രിയിലും, കൊല്ലം, പാലക്കാട്, മഞ്ചേരി, കണ്ണൂർ എന്നിവിടങ്ങളിലെ ജില്ലാ ആശുപത്രികളിലും ഇപ്പോൾ ജില്ലാ ലിംബ് ഫിററിംഗ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഒരു ലിംബ് ഫിററിംഗ് കേന്ദ്രം തുടങ്ങുന്നതിന് ഏകദേശം 4 ലക്ഷം രൂപ ചെലവുവരും. മഞ്ചേരി, പാലക്കാട്, എന്നിവിടങ്ങളിലെ ലിംബ് ഫിററിംഗ് കേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുണ്ട്. 1993-94-ലെ വിഹിതമായ 15 ലക്ഷം രൂപ ശമ്പള ചെലവിനും 10 ലക്ഷം രൂപ ഉപകരണം, ആവശ്യമുള്ള സാധനങ്ങൾ എന്നിവ വാങ്ങുന്നതിനുമാണ്. ഹെൽത്ത് സർവ്വീസ് ഡയറക്ടറുടെ കീഴിലുള്ള ലിംബ് ഫിററിംഗ് കേന്ദ്രങ്ങളുടെ പ്രവർത്തന ചെലവുകൾക്കാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. ഒരു കേന്ദ്രത്തിന്റെ പ്രവർത്തന ചെലവ് 1.5 ലക്ഷം രൂപയാണ്.

**(ഐ) വലിയ ആശുപത്രികൾക്ക് ആധുനിക ഉപകരണങ്ങൾ നൽകൽ :—**

(വിഹിതം—20.00 ലക്ഷം രൂപ)

ആധുനിക ഉപകരണങ്ങളായ ഇലക്ട്രോകാട്ടറി, ഇ. സി. ജി. മെഷീൻ, അനസ്തേഷ്യ അപ്പാരററസ്, ഹൈപ്രഷർ സ്ററിലൈസേഴ്സ്, ഡാർക്ക് ഫീൽഡ് മൈക്രോസ്കോപ്പ് തുടങ്ങിയവ മുൻഗണനാടിസ്ഥാനത്തിൽ വലിയ ആശുപത്രികൾക്ക് നൽകുന്നതിനു വേണ്ടിയാണ് തുക വകയിരുത്തിയിട്ടുള്ളത്. 1993-94-ലെ വിഹിതമായ 20 ലക്ഷം രൂപയിൽ 4 ലക്ഷം രൂപ ഇപ്പോൾ പ്രവർത്തനക്ഷമമല്ലാത്ത 26 എക്സ്റേ യൂണിററുകൾ റിപ്പയർ ചെയ്യുന്നതിനും മററുള്ള ഉപകരണങ്ങളുടെ സർവ്വീസിംഗ് ജോലികൾ ചെയ്യുന്നതിനുമാണ്.

**(ജെ) ഫിഷറീസ് ഡിസ്പെൻസറികൾ ഏറെറടുക്കൽ/സ്ഥാപിക്കൽ.**

(വിഹിതം—2.00 ലക്ഷം രൂപ)

1993-94-ൽ ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിൽ മത്സ്യത്തൊഴിലാളികൾക്കു വേണ്ടി ഒരു ഡിസ്പെൻസറി തുടങ്ങുന്നതിലേയ്ക്കാണ് പ്രസ്തുത വിഹിതം വകയിരുത്തിയിരിക്കുന്നത്. ഇതിനുവേണ്ടി ഒരേക്കർ സ്ഥലവും കെട്ടിടവും പഞ്ചായത്തു വകുപ്പ് നൽകുന്നതാണ്. ആവശ്യമായ സ്ററാഫിന്റെ ശമ്പളച്ചെലവ്, മററു സൗകര്യങ്ങൾ എന്നിവയ്ക്കു വേണ്ടിയാണ് 2 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നത്.

**(കെ) നിർമ്മാണ പ്രവർത്തനങ്ങൾ—ചെയ്തുതീർക്കാനുള്ള പണികൾ പൂർത്തിയാക്കുന്നതിനും അത്യാവശ്യ ജോലികൾ ഏറെറടുത്തു നടത്തുന്നതിനും**

(വിഹിതം—130.00 ലക്ഷം രൂപ)

മുൻ കൊല്ലങ്ങളിൽ അനുമതി നൽകി പണി തുടങ്ങിയിട്ടുള്ളതും, ഉടനെ പൂർത്തിയാകുന്നതുമായ നിർമ്മാണ ജോലികൾക്ക് 1993-94-ൽ മുൻഗണന നൽകേണ്ടതുണ്ട്. അതുപോലെ പുതിയ നിർമ്മാണ ജോലികളും മുൻഗണനാടിസ്ഥാനത്തിൽ ഏറെറടുത്ത് നടത്തേണ്ടതുണ്ട്. മലപ്പുറം, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളുടെ നിർമ്മാണം ഉൾപ്പെടെയുള്ള നിർമ്മാണ ജോലികൾക്കുവേണ്ടിയാണ് 1993-94-ൽ വിഹിതമായ 130 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്.

**4. (എ) തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ മനോരോഗ ആശുപത്രികൾ മെച്ചപ്പെടുത്തൽ**

(വിഹിതം 30.00 ലക്ഷം രൂപ)

തിരുവനന്തപുരത്തും തൃശ്ശൂരും കോഴിക്കോട്ടും നിലവിലുള്ള മൂന്ന് മനോരോഗ ആശുപത്രികൾ, ഉപകരണം ഫർണിച്ചർ എന്നിവ നൽകി നവീകരിക്കേണ്ടിയിരിക്കുന്നു. ചുററുമതിൽ നിർമ്മിക്കുക, അടുക്കളയും വാർഡുകളും നവീകരിക്കുക തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. രോഗികളുടെ ചികിൽസാസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയാണ്, 1993-94-ലെ വിഹിതമായ 30 ലക്ഷം രൂപയിൽ കൂടുതൽ ഭാഗവും വകയിരുത്തിയിട്ടുള്ളത്. ഇതിൽ ഡയറക്ടറേററിൽ പ്രവർത്തിക്കുന്ന സംസ്ഥാന മോണിട്ടോറിംഗ് സെല്ലിന്റെ തുടർന്നുള്ള നടത്തിപ്പിലേക്കായുള്ള രണ്ടു ലക്ഷം രൂപയും ഉൾപ്പെടും.

**ബി. മാനസിക ആരോഗ്യ വിഭാഗത്തിലെ ഡോക്ടർമാർക്കും പാരാ മെഡിക്കൽ സ്ററാഫിനും പരിശീലനം നൽകൽ**

(വിഹിതം 3.00 ലക്ഷം രൂപ)

ഡോക്ടർ, പാരാ മെഡിക്കൽ സ്ററാഫ് തുടങ്ങിയവർക്ക് മാനസികാരോഗ്യ പരിപാലനത്തിലെ അടിസ്ഥാന തത്വങ്ങളെപ്പററി തുടർച്ചയായ പരിശീലനം നൽകുന്നതിനാണ് പ്രസ്തുത വിഹിതം. ഡോക്ടർ, പാരാ മെഡിക്കൽ സ്ററാഫ്, റിസോഴ്സ് പേഴ്സൺ തുടങ്ങിയവർക്ക് അലവൻസ് നൽകുന്നതിനും പരിശീലനത്തിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനും വിഹിതമായ 3 ലക്ഷം രൂപ വിനിയോഗിക്കാവുന്നതാണ്. 1993-94-ൽ 500 ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകാനാണുദ്ദേശം.

**5. ഫിസിക്കൽ മെഡിസിൻ-റീഹാബിലിറേറഷൻ യൂണിററുകൾ**

(വിഹിതം 5.00 ലക്ഷം രൂപ)

ഇപ്പോൾ 11 ജില്ലാ ആശുപത്രികളിൽ ഫിസിക്കൽ മെഡിസിൻ-റീഹാബിലിറേറഷൻ യൂണിററുകൾ പ്രവർത്തിക്കുന്നുണ്ട്. കൃത്രിമ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ നല്കുക, സാധനസാമഗ്രികൾ വാങ്ങുക, മെഡിക്കൽ-പാരാ മെഡിക്കൽ ഉദ്യോഗസ്ഥൻമാർക്ക് ഓറിയന്റേഷൻ ട്രെയിനിംഗ് നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായിട്ടാണ് 1993-94-ലെ വിഹിതമായ 5 ലക്ഷം രൂപ വിനിയോഗിക്കേണ്ടത്. പുതുതായി ഉദ്യോഗസ്ഥൻമാരെ നിയമിക്കാൻ 1993-94-ൽ ഉദ്ദേശമില്ല.

6. സ്പോർട്ട്സ് മെഡിസിൻ

(വിഹിതം 2.00 ലക്ഷം രൂപ)

കായികരംഗത്ത് പ്രവർത്തിക്കുന്നവരുടെ ചികിൽസയ്ക്കും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും വേണ്ടി എറണാകുളത്ത് ഒരു പൈലററ് സെൻറർ തുടങ്ങുന്നതിനാണ് വിഹിതമായ 2 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്. അതാതു ജില്ലകളിലേയും സമീപ ജില്ലകളിലേയും കായിക മൽസരങ്ങളിൽ ആവശ്യമായി വരുന്ന ആരോഗ്യ പരിരക്ഷ നല്കുക, ബന്ധപ്പെട്ട മേഖലകളിൽ ഗവേഷണം നടത്തുക എന്നിവയും ഈ സെൻററിൻെറ പ്രവർത്തനത്തിൽ പെടുന്നവയാണ്.

7. തിരുവനന്തപുരത്തേയും കോഴിക്കോട്ടേയും ദന്ത ക്ലിനിക്കുകളുടെ വികസനം

(വിഹിതം 5.00 ലക്ഷം രൂപ)

ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും പ്രവർത്തിക്കുന്ന 67 ദന്തക്ലിനിക്കുകളിലെ സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ദന്തയൂണിററുകൾ, ഡെൻറൽ കസേരകൾ, ശസ്ത്രക്രിയാ ഉപകരണങ്ങൾ എന്നിവ വാങ്ങുക തുടങ്ങിയ ആവശ്യങ്ങൾക്കായിട്ടാണ് വിഹിതം ഉപയോഗിക്കേണ്ടത്. 1993-94-ലെ വിഹിതമായ 5 ലക്ഷം രൂപയിൽ 4 ലക്ഷം രൂപ ഉപകരണങ്ങളും മററ് സാധനങ്ങളും വാങ്ങുന്നതിനും 1 ലക്ഷം രൂപ സ്ററാഫിൻെറ ചെലവിനുമാണ്.

8. റെഫറൽ സമ്പ്രദായം നടപ്പാക്കൽ

(വിഹിതം 35.00 ലക്ഷം രൂപ)

കോട്ടയം ജില്ലാ ആശുപത്രിയിൽ റെഫറൽ സമ്പ്രദായം തുടർന്നുകൊണ്ട് പോകുന്നതിനും ആലപ്പുഴ ജില്ലാ ആശുപത്രിയിൽ അത് നടപ്പിലാക്കുന്നതിനും ഇടുക്കി ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടിയാണ് വിഹിതം വകകൊള്ളിച്ചിരിക്കുന്നത്. അധികമായി കിടക്കകളുടെ സൗകര്യം വർദ്ധിപ്പിക്കുക, അതിനനുസരിച്ച് സ്ററാഫിനെ നൽകുക എന്നിവ ചെയ്യേണ്ടതുണ്ട്. 1993-94-ലെ വിഹിതമായ 35 ലക്ഷം രൂപയിൽ 20 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കും 10 ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ബാക്കി 5 ലക്ഷം രൂപ മററു ചെലവുകൾക്കുമാണ്.

9. ജീരിയാട്രിക്, ഡയബററിക്, കാർഡിയോളജി, ന്യൂറോളജി ക്ലിനിക്കുകൾ

(വിഹിതം 14.00 ലക്ഷം രൂപ)

1990-91-ൽ ഒരു ജീരിയാട്രിക് ക്ലിനിക്കും ആറ് കാർഡിയോളജി ക്ലിനിക്കുകളും തുടങ്ങുന്നതിന് ഗവൺമെൻറ് അനുമതി നൽകിയിരുന്നു. 1993-94-ൽ ഒരു ജീരിയാട്രിക് ക്ലിനിക്ക്, ഒരു ഡയബററിക് ക്ലിനിക്, ഒരു കാർഡിയോളജി ക്ലിനിക് എന്നിവ തുടങ്ങാൻ ഉദ്ദേശമുണ്ട്. ഒരു കാർഡിയോളജി ക്ലിനിക്ക് തുടങ്ങുന്നതിന് ഒരു വർഷത്തേക്ക് മൊത്തം 3 ലക്ഷം രൂപ ചെലവു വരും. ഇതിൽ 1.50 ലക്ഷം രൂപ ആവർത്തനച്ചെലവാണ്. അതുപോലെ ഒരു ഡയബററിക്/ന്യൂറോളജി ക്ലിനിക് തുടങ്ങുന്നതിന് ഒരു വർഷം 2 ലക്ഷം രൂപ ചെലവു വരും. 1993-94-ൽ ഇതിലേക്കായി 14 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 1 ലക്ഷം രൂപ ചെറിയ തോതിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കാണ്.

10. സാമൂഹ്യാധിഷ്ഠിത പുനരധിവാസ പദ്ധതി

(വിഹിതം 2.00 ലക്ഷം രൂപ)

വികലാംഗരെക്കുറിച്ചുള്ള സർവ്വേ നടത്തുക അവരെ പുനരധിവസിപ്പിക്കുന്നതിലേക്കായി പരിശീലനം നൽകുക, അവർക്ക് ആരോഗ്യവിദ്യാഭ്യാസം നൽകുക, കൃത്രിമ ഉപകരണങ്ങൾ നൽകുക, സംസ്ഥാനതലത്തിൽ ഇവയുടെ മേൽനോട്ടം വഹിക്കുക തുടങ്ങിയ പരിപാടികൾക്കുവേണ്ടിയാണ് 2 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്.

## വൈദ്യശാസ്ത്ര വിദ്യാഭ്യാസം, പരിശീലനം ഗവേഷണം

11. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേററ്

(വിഹിതം 25.00 ലക്ഷം രൂപ)

5 മെഡിക്കൽ കോളേജുകൾ, രണ്ട് ഡൻറൽ കോളേജുകൾ, 3 നഴ്സിംഗ് കോളേജുകൾ, ഒരു ഫാർമസ്യൂട്ടിക്കൽ കോളേജ്, ഇവയോട് ചേർന്നു പ്രവർത്തിക്കുന്ന 10 കൊളീജിയററ് ആശുപത്രികൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു കൊണ്ട് പോവുന്നതിനായി 1983-ലാണ് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേററ് രൂപീകരിച്ചത്. ഒരു വാടക കെട്ടിടത്തിലാണ് പ്രസ്തുത ഡയറക്ടറേററ് ഇപ്പോൾ പ്രവർത്തിക്കുന്നത്. 30 ലക്ഷം രൂപ ചെലവു വരുന്ന ആരോഗ്യ വിദ്യാഭവനത്തിൻെറ നിർമ്മാണത്തിന് ഗവൺമെൻറ് അനുമതി നൽകിയിട്ടുണ്ട്. 1993-94-ലെ വിഹിതമായ 25 ലക്ഷം രൂപയിൽ 20 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കും 5 ലക്ഷം രൂപ അച്ചടി വിഭാഗം മെച്ചപ്പെടുത്തുന്നതിനും മററു ചെലവുകൾക്കും വിനിയോഗിക്കാവുന്നതാണ്.

12. മെഡിക്കൽ കോളെജ്, തിരുവനന്തപുരം

(വിഹിതം 90.00 ലക്ഷം രൂപ)

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇപ്പോൾ പ്രതിവർഷം എം. ബി. ബി. എസ്. കോഴ്സിന് 200 വിദ്യാർത്ഥികൾക്കും എം. ഡി./ഡിപ്ലോമാ കോഴ്സുകൾക്ക് 162 വിദ്യാർത്ഥികൾക്കും, പാരാ മെഡിക്കൽ കോഴ്സുകൾക്ക് 172 വിദ്യാർത്ഥികൾക്കും പ്രവേശനം നൽകുന്നുണ്ട്. ആഡിറേറാറിയം-കം-എക്സാമിനേഷൻ ഹാളിൻെറ പണി, തിരുവനന്തപുരം ഡൻറൽ കോളേജിനോടനുബന്ധിച്ചുള്ള കെട്ടിട നിർമ്മാണം, സൂപ്പർ സ്പെഷ്യാലിററിബ്ലോക്ക് നിർമ്മാണം, കോളേജ് കെട്ടിട വികസനം, ക്വാർട്ടേഴ്സ് നിർമ്മാണം, ഹോസ്ററൽ നിർമ്മാണം എന്നിവയാണ് 1993-94-ൽ നടത്താനുദ്ദേശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ. വിഹിതമായ 90 ലക്ഷം രൂപയിൽ 50 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ്. പൂർത്തിയാകാറായ പണികൾക്ക് പ്രാധാന്യം കൊടുക്കണം. ബാക്കി വിഹിതമായ 40 ലക്ഷം രൂപ ശ്രീ. അവിട്ടം തിരുനാൾ ആശുപത്രിയിൽ നിയോനാറേറാളജി വിഭാഗം ആരംഭിക്കുക, സ്പെഷ്യൽ കെയർ നേഴ്സറി മെച്ചപ്പെടുത്തുക, കാർഡിയോളജി ഡിപ്പാർട്ടുമെൻറിലേയും മൈക്രോ ബയോളജി ഡിപ്പാർട്ടുമെൻറിലേയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ഒരു വാക്സിൻ ടെസ്ററിംഗ് ലാബ്രട്ടറി ആരംഭിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കാവുന്നതാണ്.

13. മെഡിക്കൽ കോളേജ്, കോട്ടയം

(വിഹിതം 70.00 ലക്ഷം രൂപ)

കോട്ടയം മെഡിക്കൽ കോളേജിൽ ഇപ്പോൾ എം. ബി. ബി. എസ്സിന് 100-ം എം. ഡി./ഡിപ്ലോമാ കോഴ്സുകൾക്ക് 75-ം പാരാ മെഡിക്കൽ കോഴ്സുകൾക്ക് 100-ം കുട്ടികൾക്ക് പ്രവേശനം നൽകുന്നുണ്ട്. ആകെ വിഹിതമായ 70 ലക്ഷം രൂപയിൽ 35 ലക്ഷം രൂപ കോളേജ് കെട്ടിടം, പാരാമെഡിക്കൽ കോഴ്സുകൾക്കുള്ള കെട്ടിടം ഹോസ്ററൽ, ലാബററ്ററി, മോർച്ചറി, രക്തബാങ്കുകൾ, കാർഡിയോളജി ആൻറ് തൊറാസിക് സെൻറർ, ഒബ്സ്ററിട്രിക്സ്, ഗൈനക്കോളജി ബ്ലോക്ക്, ലക്ചർ ഹാൾ കോംപ്ലക്സ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായും ഡ്രെയിനേജ് സിസ്ററം മെച്ചപ്പെടുത്തുന്നതിനുമായി നീക്കിവച്ചിരിക്കുന്നു.

കൂടാതെ സൈക്യാട്രി, കാർഡിയോളജി, കാർഡിയോ തൊറാസിക് സർജറി, നിയോനാറ്റോളജി വിംഗ്, ക്യാൻസർ കെയർ യൂണിറ്റ് എന്നീ ഡിപ്പാർട്ടുമെൻറുകളുടെ പ്രവർത്തനം ആവശ്യമുള്ള സൗകര്യങ്ങൾ നൽകി മെച്ചപ്പെടുത്തേണ്ടതുണ്ട്.

14. മെഡിക്കൽ കോളേജ്, ആലപ്പുഴ

(വിഹിതം 100.00 ലക്ഷം രൂപ)

ആലപ്പുഴ മെഡിക്കൽ കോളേജിൽ എം. ബി. ബി. എസ് കോഴ്സിന് 100-ഉം. എം ഡി യ്ക്ക് 4-ഉം വിവിധതരത്തിലുള്ള പാരാമെഡിക്കൽ കോഴ്സുകൾക്ക് 65-ഉം കുട്ടികൾക്ക് വർഷംതോറും പ്രവേശനം നൽകുന്നുണ്ട്. ആശുപത്രി ബ്ലോക്കുകൾ (III, V, VI,) ഒ. പി. ബ്ലോക്ക്, ഫാർമസി കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ്, ഹോസ്റ്റലുകൾ, കോബാൾട്ട് തെറാപ്പി യൂണിറ്റ്, കിണറുകൾ കുഴിക്കൽ വണ്ടാനത്തെ മെഡിക്കൽ കോളേജ് ആശുപത്രി കോംപ്ലക്സിൽ ഓവർ ഹെഡ് ടാങ്ക് എന്നിവയാണ് 1993-94-ൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാനപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ. കൂടാതെ കൂടുതൽ സ്പെഷ്യാലിററി സൗകര്യങ്ങൾ ഏർപ്പെടുത്തി ഡിപ്പാർട്ടുമെൻറുകൾ വികസിപ്പിക്കുന്നതിനായി കൂടുതൽ ഉപകരണങ്ങളും വാങ്ങേണ്ടതുണ്ട്. ഒരു എയ്ഡ്സ് കൺട്രോൾ സെൻററും മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാബിനററ് രീതിയിലുള്ള കോൾഡ് സ്റ്റോറേജ് യൂണിററും രൂപികരിക്കുന്നതിനും ഉദ്ദേശിക്കുന്നു. 1993-94-ലെ വിഹിതമായ 100 ലക്ഷം രൂപയിൽ 70 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ളതാണ്. നിർമ്മാണപ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന വിഹിതത്തിൽ നിന്നും 25 ലക്ഷം രൂപ കോബാൾട്ട് തെറാപ്പി യൂണിററിനുവേണ്ടി മാത്രം വിനിയോഗിക്കാവുന്നതാണ്. ബാക്കി വിഹിതമായ 30 ലക്ഷം രൂപ ഡിപ്പാർട്ടുമെൻറുകളുടെ വികസനത്തിനും പുതിയ സ്പെഷ്യാലിററികൾക്കുവേണ്ടിയും മററു ചെലവുകൾക്കുമാണ് നീക്കിവച്ചിട്ടുള്ളത്.

15. മെഡിക്കൽ കോളേജ്, തൃശ്ശൂർ

(വിഹിതം 90.00 ലക്ഷം രൂപ)

ഇവിടെ പ്രതിവർഷം എം. ബി. ബി. എസ്. കോഴ്സിന് 100 വിദ്യാർത്ഥികൾക്കും വിവിധതരത്തിലുള്ള പാരാമെഡിക്കൽ കോഴ്സുകൾക്ക് 335 വിദ്യാർത്ഥികൾക്കും പ്രവേശനം നൽകുന്നുണ്ട്. മെഡിക്കൽ കോളേജിൻെറ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, 400 കിടക്കകളുള്ള ആശുപത്രി കോംപ്ലക്സ്, കോബാൾട്ട് തെറാപ്പി യൂണിററിനുള്ള കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ്, ചുററുമതിൽ, നേഴ്സുമാർക്കുവേണ്ടിയുള്ള ഹോസ്റ്റൽ, ബയോകെമിസ്ട്രി ഡിപ്പാർട്ടുമെൻറ് കെട്ടിട വികസനം, പത്തോളജി, ഫോറിൻസിക് എന്നീ ഡിപ്പാർട്ടുമെൻറുകൾക്കുവേണ്ടിയുള്ള കെട്ടിടം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. ആവശ്യമുള്ള ഉപകരണവും ജീവനക്കാരേയും നൽകി ഇൻഡ്യൻ മെഡിക്കൽ കൗൺസിലിൻെറ മാനദണ്ഡമനുസരിച്ച് നിലവിലുള്ള വിവിധവകുപ്പുകളെ വികസിപ്പിക്കേണ്ടതുണ്ട്. ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ഇ എൻ. ററി, ഒബ്സ്റ്റെട്രിക്സ് ആൻറ് ഗൈനക്കോളജി, ഓർത്തോ പീഡിക്സ് എന്നീ വകുപ്പുകൾ വികസിപ്പിക്കുക, അപകടങ്ങളിൽ അകപ്പെടുന്നവരെ ചികിൽസിക്കാനായി ന്യൂറോസർജറി, നിയോനാറ്റോളജി യൂണിററുകൾ ആരംഭിക്കുക കാർഡിയോളജി, ന്യൂറോളജി യൂണിററുകൾ തുടങ്ങുക, ആശുപത്രിയ്ക്ക് ഇൻസിനറേറർ നൽകുക തുടങ്ങിയവയാണ് മററു പ്രധാന പരിപാടികൾ. മൊത്തം വിഹിതമായ 90 ലക്ഷം രൂപയിൽ 50 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ളതാണ്.

16. മെഡിക്കൽ കോളേജ്, കോഴിക്കോട്

(വിഹിതം 70.00 ലക്ഷം രൂപ)

ഈ കോളേജിൽ എം. ബി. ബി. എസ്. കോഴ്സിന് 200-ഉം എം. ഡി./ഡിപ്ലോമാ കോഴ്സുകൾക്ക് 127-ഉം പാരാമെഡിക്കൽ കോഴ്സുകൾക്ക് 210-ഉം കുട്ടികൾക്ക് വർഷംതോറും പ്രവേശനം നൽകുന്നുണ്ട്. സൂപ്പർ സ്പെഷ്യാലിററി കോംപ്ലക്സിനുവേണ്ടിയുള്ള കെട്ടിടം, ആൺകുട്ടികൾക്കുവേണ്ടിയുള്ള ഹോസ്റ്റൽ, ഫാർമസി, കാർഡിയോളജി എന്നീ ഡിപ്പാർട്ടുമെൻറുകൾക്കാവശ്യമായ കെട്ടിടം തുടങ്ങി ഇപ്പോൾ ചെയ്തു കൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ 1993-94-ൽ പൂർത്തീകരിക്കേണ്ടതാണ്. മറേറണൽ ആൻറ് ചൈൽഡ് ഹെൽത്ത് ഇൻസ്റ്റിററ്യൂട്ടിൻെറയും വിവിധ വകുപ്പുകളുടേയും നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. മൈക്രോ ബയോളജി ഡിപ്പാർട്ടുമെൻറിനോടനുബന്ധിച്ച് ഒരു ടിഷ്യൂ ടൈപ്പിംഗ് യൂണിററു തുടങ്ങാനും, 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബ്രട്ടറി സൗകര്യം നൽകാനും, ഹോസ്പിററൽ മാനേജുമെൻറിൽ ഡിപ്ലോമാ, ന്യൂറോളജി, കാർഡിയോളജി ഗ്യാസ്ട്രോ എൻററോളജി എന്നീ വിഭാഗങ്ങളിൽ ഡി. എം. കോഴ്സുകൾ തുടങ്ങിയ ബിരുദാനന്തര കോഴ്സുകൾ തുടങ്ങാനും ഉദ്ദേശമുണ്ട്. 1993-94-ൽ 70 ലക്ഷം രൂപ വിഹിതമുള്ളതിൽ 40 ലക്ഷം രൂപ നിർമ്മാണ പ്രവർത്തങ്ങൾക്കുവേണ്ടിയുള്ളതാണ്.

17. റീജിയണൽ ലിംബ് ഫിററിംഗ് കേന്ദ്രങ്ങൾ

(വിഹിതം 10.00 ലക്ഷം രൂപ)

തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് മൂന്ന് റീജിയണൽ ലിംബ് ഫിററിംഗ് കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നു. കോട്ടയത്തുള്ള ലിംബ് ഫിററിംഗ് സെൻററിൻെറ കെട്ടിട നിർമ്മാണത്തിൻെറ ഒന്നാം ഘട്ടം തീർക്കേണ്ടതും രണ്ടാം ഘട്ടം പണി ആരംഭിക്കേണ്ടതുമുണ്ട്. ആലപ്പുഴ, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് ഓരോ ലിംബ് ഫിററിംഗ് സെൻറർ ആരംഭിക്കേണ്ടതുണ്ട്. 1993-94-ലെ മൊത്തം വിഹിതമായ 10 ലക്ഷം രൂപയിൽ 5 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കും ബാക്കി 5 ലക്ഷം രൂപ തിരുവനന്തപുരത്തും കോട്ടയത്തും കോഴിക്കോട്ടുമുള്ള അർഹരായ വികലാംഗർക്ക് ഉപകരണങ്ങൾ നൽകുവാനുള്ള സബ്സിഡിക്കായും വിനിയോഗിക്കാവുന്നതാണ്.

18. നേഴ്സിംഗ് വിദ്യാഭ്യാസം

(വിഹിതം 100.00 ലക്ഷം രൂപ)

തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മൂന്നു നേഴ്സിംഗ് കോളേജുകളിലായി മൊത്തം 75 വിദ്യാർത്ഥികൾക്ക് ബി. എസ്. സി നേഴ്സിംഗിനും, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 4 പേർക്ക് എം. എസ്. സി. നേഴ്സിംഗിനും പ്രവേശനം നൽകുന്നുണ്ട്. പ്രത്യേക ഘടക പദ്ധതിയിൻ കീഴിൽ കോഴിക്കോട് നേഴ്സിംഗ് കോളേജിൽ 3½ വർഷത്തെ ജനറൽ നേഴ്സിംഗ് ആൻറ് മിഡ്വൈഫറി കോഴ്സും നടത്തുന്നുണ്ട്. സ്വന്തമായി കെട്ടിടമില്ലാത്ത കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിലെ നേഴ്സിംഗ് കോളേജുകൾക്ക് ആവശ്യമായ കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. ഓരോ കോളേജിലും വർഷം തോറും പ്രവേശനം നൽകേണ്ടതായ നേഴ്സിംഗ് വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്. ദൃശ്യശ്രവണ മാദ്ധ്യമങ്ങൾ, ബുക്കുകൾ, ജേർണലുകൾ, ഫർണിച്ചർ മുതലായവ വാങ്ങേണ്ടതുണ്ട് മൊത്തം വിഹിതമായ 100 ലക്ഷം രൂപയിൽ 5[illegible]

ലക്ഷം രൂപ മെഡിക്കൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിനു കീഴിൽ വരുന്ന നേഴ്സിംഗ് വിദ്യാഭ്യാസ പദ്ധതിക്കുവേണ്ടിയും 45 ലക്ഷം രൂപ ഹെൽത്ത് സർവീസസ് ഡിപ്പാർട്ടുമെൻറിനു കീഴിൽ വരുന്ന നേഴ്സിംഗ് പരിശീലനത്തിനുവേണ്ടിയും വകയിരുത്തിക്കുന്നു.

19. തിരുവനന്തപുരത്തെ ഫാർമാസ്യൂട്ടിക്കൽ സയൻസ് കോളേജ്.

(വിഹിതം 10.00 ലക്ഷം രൂപ)

തിരുവനന്തപുരം ഫാർമാസ്യൂട്ടിക്കൽ സയൻസ് കോളേജിൽ ബി. ഫാമിന് 28 വിദ്യാർത്ഥികൾക്കും എം. ഫാമിന് 6 വിദ്യാർത്ഥികൾക്കും പ്രവേശനം നൽകുന്നുണ്ട്. ഔഷധങ്ങളുടെ ഗുണമേന്മ, ടോക്സിസിററി, തെറാപ്പിററിക് എഫിഷ്യൻസി തുടങ്ങിയവ വിലയിരുത്തുന്നതിനും പരിശോധിക്കുന്നതിനുമായി ഫാർമാസ്യൂട്ടിക്കൽ സയൻസ് കോളേജിനോടനുബന്ധിച്ചുള്ള അനലററിക്കൽ കോംപ്ലക്സിനുവേണ്ടിയും ഫാർമക്കോളജിയിൽ ബിരുദാനന്തര കോഴ്സ് തുടങ്ങുന്നതിനുമാണ് പ്രസ്തുത വിഹിതം. 1993-94-ലേക്കുള്ള വിഹിതമായ 10 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ) നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ളതാകുന്നു.

എ. പൈലററ് ഹോസ്പിററൽ ആൻറ് ക്ലിനിക്കൽ ഫാർമസി സർവീസിൻെറ വികസനം.

(വിഹിതം 6 00 ലക്ഷം രൂപ

ഗവൺമെൻറ അംഗീകാരം ലഭിച്ച ഈ ആശുപത്രിയുടെ ലക്ഷ്യം എന്തു രോഗമെന്ന് ശരിയായ വിധത്തിൽ മനസിലാക്കി ശരിയായ രീതിയിലും ആവശ്യമായ അളവിലും ഔഷധം നൽകി രോഗിയെ ചികിൽസിക്കുക എന്നതാണ്. ഗുളികകൾ, ക്യാപ്സ്യൂൾസ് ഓയിൻറ്മെൻറ് എന്നീ അത്യാവശ്യം ഉപയോഗിക്കുന്ന മരുന്നുകൾ നിർമ്മിക്കുന്നതിനുദ്ദേശിക്കുന്നു. ഡ്രഗ് ഇൻഫർമേഷൻ സർവ്വീസ് മെച്ചപ്പെടുത്തേണ്ടതുണ്ട്. ഫാർമസി ഡിഗ്രി വിദ്യാർത്ഥികൾക്ക് പരിശീലന സൗകര്യം നൽകേണ്ടതുണ്ട്. പദ്ധതി വിഹിതമായ 6 ലക്ഷം രൂപയിൽ 1 ലക്ഷം രൂപ ചെറിയ അററകുററപ്പണികൾക്കു വേണ്ടിയുള്ളതാണ്.

0. തിരുവനന്തപുരത്തേയും കോഴിക്കോട്ടേയും ദന്തൽ കോളേജുകൾ.

(വിഹിതം 60.00 ലക്ഷം രൂപ)

രണ്ടു കോളേജുകളിലായി ഒരു വർഷം 70 കുട്ടികൾക്ക് ബി. ഡി. എസ്. കോഴ്സിലും 26 കുട്ടികൾക്ക് പി. ജി. കോഴ്സിനും വർഷം തോറും പ്രവേശനം നൽകുന്നുണ്ട്. ദന്തൽ കോളേജുകളിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് വേണ്ടി ഗവൺമെൻറ് ഒരു പ്രത്യേക കമ്മിററി രൂപീകരിച്ചിട്ടുണ്ട്. നവീന ഉപകരണങ്ങളോടുകൂടി ദന്തൽ കോളേജുകളെ വികസിപ്പിക്കുന്നതിന് ഏകദേശം 10 കോടി രൂപ വേണ്ടിവരുമെന്ന് ഈ കമ്മിററി വ്യക്തമാക്കിയിട്ടുണ്ട്. 1993-94-ൽ രണ്ടു കോളേജുകളിലും പുതിയ പി. ജി. കോഴ്സ് തുടങ്ങുന്നതിനും കോഴിക്കോട് ദന്തൽ കോളേജിൽ ദന്തൽ ഹൈജിനിസ്ററ് കോഴ്സ് തുടങ്ങുന്നതിനും ഉദ്ദേശിക്കുന്നു. തിരുവനന്തപുരത്തെ ദന്തൽ കോളേജിൻെറ കെട്ടിട നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. 1993-94-ലേക്കുള്ള വിഹിതമായ 60 ലക്ഷം രൂപയിൽ 15 ലക്ഷം രൂപ രണ്ടിടത്തേയും നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ളതാണ്. ബാക്കിയുള്ള 45 ലക്ഷം രൂപയിൽ 25 ലക്ഷം രൂപ തിരുവനന്തപുരം ദന്തൽ കോളേജിനും 20 ലക്ഷം രൂപ കോഴിക്കോട് ദന്തൽ കോളേജിനും വേണ്ടി ഉപകരണങ്ങൾ വാങ്ങുന്നതിനും, കേടായ ഉപകരണങ്ങൾ നന്നാക്കുന്നതിനും മററു ചെലവുകൾക്കുമായി വിനിയോഗിക്കാവുന്നതാണ്.

21. മെഡിക്കൽ കോളേജുകളിലെ നേത്ര രോഗചികിൽസാ വിഭാഗം അപ്ഗ്രേഡ് ചെയ്യുന്നതിന്

(വിഹിതം 12.00 ലക്ഷം രൂപ)

നേത്ര രോഗചികിൽസാ വിഭാഗത്തിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. മൊത്തം വിഹിതമായ 12 ലക്ഷം രൂപയിൽ 7 ലക്ഷം രൂപ തിരുവനന്തപുരത്തേയും കോഴിക്കോട്ടേയും നേത്ര രോഗ ചികിൽസാ വിഭാഗത്തിലേയ്ക്ക് മരുന്നു വാങ്ങുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും വേണ്ടി വിനിയോഗിക്കാവുന്നതാണ്. ബാക്കി തുക നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ളതാണ്.

22. സ്പെഷ്യാലിററികളിൽ അദ്ധ്യാപകർക്ക് പരിശീലനവും വൈദ്യശുശ്രൂഷ തുടർ വിദ്യാഭ്യാസവും

(വിഹിതം 5.00 ലക്ഷം രൂപ)

മെഡിക്കൽ അദ്ധ്യാപകർക്ക് വൈദ്യശാസ്ത്രത്തിലുള്ള അറിവ് മെച്ചപ്പെടുത്തുന്നതിനായി രാജ്യത്തിനകത്തും പുറത്തും നടത്തുന്ന കോൺഫറൻസുകളിലും സെമിനാറുകളിലും ശിൽപ ശാലകളിലും പരിശീലന പരിപാടികളിലും പങ്കെടുക്കുന്നവർക്ക് യാത്രാബത്തയും ദിനബത്തയും നൽകുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ പരിപാടികൾ തുടർന്നുകൊണ്ടുപോകുന്നതിനുമാണ് വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നത്.

23. റീജിയണൽ ക്യാൻസർ സെൻറർ, തിരുവനന്തപുരം

(വിഹിതം 250.00 ലക്ഷം രൂപ)

ഇന്ത്യാ ഗവൺമെൻറിൻേറയും കേരള ഗവൺമെൻറിൻേറയും സംയുക്താഭിമുഖ്യത്തിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെൻറർ. ക്യാൻസർ രോഗികൾക്ക് ഏററവും ആധുനിക രീതിയിലുള്ള ചികിൽസാ സൗകര്യം ലഭ്യമാക്കുന്നതിനും ക്യാൻസറിനെ സംബന്ധിച്ച് ഗവേഷണം നടത്തുന്നതിനും ഗവേഷണ പഠനങ്ങളുടെ ഒരു റെഫറൽ കേന്ദ്രമായും പ്രവർത്തിക്കുന്നതിനുവേണ്ടിയാണ് ഈ കേന്ദ്രം സ്ഥാപിച്ചിട്ടുള്ളത്. അടിസ്ഥാനപരമായ വികസനങ്ങൾക്കും ഗവേഷണ പരിപാടികൾക്കും ആവശ്യമായ തുക പദ്ധതി വിഹിതത്തിൽ നിന്നും വഹിക്കേണ്ടതുണ്ട്. 10 കോടി രൂപ ചെലവുവരുന്ന റീജിയണൽ ക്യാൻസർ സെൻറർ കെട്ടിടത്തിൻെറ രണ്ടാം ഘട്ടം പണികൾ പുരോഗതിയിലാകുന്നു. റേഡിയോതെറാപ്പി ബ്ലോക്കിൻെറ പണി 1993 മാർച്ചിൽ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു. 300 കിടക്കകളുള്ളതും, സ്പെഷ്യൽ ക്ലിനിക്ക്, ഡയഗ്നോസ്ററിക് ലാബ്രട്ടറികൾ, ഇൻഫർമേഷൻ ടെക്നോളജി, മെഡിക്കൽ ഓൺക്കോളജി കാൻസർ ഗവേഷണവും ലൈബ്രറിയും തുടങ്ങിയവയ്ക്കുവേണ്ടിയുള്ള ബ്ലോക്കുകളുടെ പണി പൂർത്തീകരിക്കേണ്ടതുണ്ട്. 1993-94 ലേക്കുവേണ്ടി ഹെൽത്ത് വിഭാഗത്തിൽ റീജിയണൽ ക്യാൻസർ സെൻററിനുവേണ്ടി 250 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

24. സംസ്ഥാന വൈദ്യ ഗവേഷണ ബോർഡ്

(വിഹിതം 2.00 ലക്ഷം രൂപ)

വൈദ്യ രംഗത്തെ ഗവേഷണ പ്രവർത്തനങ്ങളെ ഏകോപ്പിക്കുന്നതിനുവേണ്ടിയാണ് ഈ ബോർഡ് സ്ഥാപിച്ചിരിക്കുന്നത്. ഗവേഷണങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പ്രൊഫഷണൽ സ്ഥാപനങ്ങൾക്ക് ഈ ബോർഡ് സാമ്പത്തിക സഹായം നൽകുന്നുണ്ട്. അത്തരം ഗവേഷണ പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനും രാജ്യത്തിനകത്തുള്ള യാത്രാചെലവ് വഹിക്കുന്നതിനുമാണ് വിഹിതമായ 2 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നത്

25. മെഡിക്കൽ കോളേജാശുപത്രികളിൽ ജനറേറ്റർ സ്ഥാപിക്കൽ

(വിഹിതം 2.00 ലക്ഷം രൂപ)

ചെറിയതരം ജനറേറ്ററുകൾ മെഡിക്കൽ കോളേജാശുപത്രികളിൽ സ്ഥാപിക്കുന്നതിനുവേണ്ടിയാണ് പ്രസ്തുത വിഹിതം. ഒരു ചെറിയ ജനറേറ്ററിന്റെ വില 30,000 രൂപയാണ്.

26. സ്പോർട്ട്സ് മെഡിസിൻ ലാബ്രട്ടറിയുടെ തുടർന്നുള്ള നടത്തിപ്പ്

(വിഹിതം 2.00 ലക്ഷം രൂപ)

തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള സ്പോർട്ട്സ് മെഡിസിൻ ലാബ്രട്ടറിക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനാണ് വിഹിതമായ 2 ലക്ഷം രൂപ വക കൊള്ളിച്ചിരിക്കുന്നത്.

27. സാംക്രമിക രോഗ യൂണിറ്റ്

(വിഹിതം 5.00 ലക്ഷം രൂപ)

തിരുവനന്തപുരം മെഡിക്കൽ കോളേജിലുള്ള സാംക്രമികരോഗ യൂണിറ്റിലെ നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ വിഹിതമായ 5.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്. എയ്ഡ്സിന്റെ ചികിൽസയ്ക്കുവേണ്ടി ഒരു ക്ലിനിക്കൽ എയ്ഡ്സ് യൂണിറ്റോടുകൂടി ഈ സാംക്രമിരോഗ യൂണിറ്റിനെ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു യൂണിറ്റായി വികസിപ്പിക്കാൻ ഉദ്ദേശമുണ്ട്. 1993-94 ലേക്ക് 5 ലക്ഷം രൂപ വിഹിതമുള്ളതിൽ ഒരു ലക്ഷം രൂപ ചെറിയ അറ്റകുറ്റപ്പണികൾക്കായി നീക്കി വച്ചിരിക്കുന്നു.

28. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകളിലെ തെരഞ്ഞെടുത്ത സ്പെഷ്യലിറ്റികളെ മെച്ചപ്പെടുത്തൽ (ജപ്പാൻ ഗവൺമെന്റിൽ നിന്നുള്ള ധനസഹായത്തോടെ)

(വിഹിതം 2.00 ലക്ഷം രൂപ)

വിദേശ രാജ്യങ്ങളുടെ സഹായത്തോടുകൂടി വൈദ്യശാസ്ത്രരംഗത്ത് ഗവൺമെന്റ് പല പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. അത്തരം പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആവശ്യമുള്ള വിഹിതം ഉൾക്കൊള്ളിക്കുന്നതാണ്. പ്രസ്തുത പദ്ധതിയുടെ പ്രാഥമിക ചെലവുകൾക്കായി 1993-94-ൽ 2 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

29. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൈക്കിയാട്രി വകുപ്പിനോടനുബന്ധിച്ച് ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെട്ടവരെ ചികിൽസിക്കാനുള്ള കേന്ദ്രം.

(വിഹിതം 3.00 ലക്ഷം രൂപ)

മയക്കുമരുന്നിന് അടിമപ്പെടുന്നവർക്ക് ഔട്ട് പേഷ്യന്റ് ഡി അഡിക്ഷൻ സർവീസുകൾ, ഔട്ട് പേഷ്യന്റ് സൈക്കോ തെറാപ്പിയും കൗൺസിലിംഗ് കളും നടത്തുക, മയക്കുമരുന്നിന് വിധേയരാകുന്നവരെ പ്രാരംഭ ദശയിൽ തന്നെ കണ്ടുപിടിച്ച് ചികിൽസിക്കുന്നതിനാവശ്യമായ പരിശീലനം മെഡിക്കൽ—പാരാമെഡിക്കൽ ഉദ്യോഗസ്ഥൻമാർക്ക് നൽകുക, സ്കൂളുകളിലും കോളേജുകളിലും ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് 1993-94-ൽ ചെയ്യാനുദ്ദേശിക്കുന്നത്. മൊത്തം വിഹിതമായ 3.00 ലക്ഷം രൂപയിൽ 50,000 രൂപ പരിശീലനത്തിനും ബാക്കി തുകയായ 2.50 ലക്ഷം രൂപ ഫർണിച്ചർ, ഉപകരണങ്ങൾ മുതലായ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനും വേണ്ടി വിനിയോഗിക്കാവുന്നതാണ്.

30. ട്രാമാ കെയർ സെന്റർ അപ്പ്

(വിഹിതം 5.00 ലക്ഷം രൂപ)

അപകടങ്ങളിൽ അകപ്പെടുന്നവരെ ചികിൽസിക്കുന്നതിനായി ആധുനിക സൗകര്യങ്ങളോടുകൂടി പ്രത്യേകം ട്രാമാ കെയർ സെന്റർ തിരുവനന്തപുരം കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതിനു ഉദ്ദേശിക്കുന്നു. ഉപകരണങ്ങൾ, അത്യാവശ്യം വേണ്ട സ്റ്റാഫ് എന്നിവ നൽകി നിലവിലുള്ള സംവിധാനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് വിഹിതം വക കൊള്ളിച്ചിരിക്കുന്നത്.

31. ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സർവീസ്

(വിഹിതം 30.00 ലക്ഷം രൂപ)

ഹൃദയ ശാസ്ത്രക്രിയക്കും, റീനൽഡയാലിസിസ് ഹീമറ്റോളജിക്കൽ ഡിസ്ഓർഡർ തുടങ്ങിയ നവീന രീതിയിലുള്ള ചികിൽസകൾക്ക് രക്തത്തിന്റെ ആവശ്യകത ഒഴിച്ചു കൂടാൻ പറ്റാത്തതാകുന്നു. രക്തവും അതിന്റെ ഘടകങ്ങളും ജീവന്റെ നിലനിൽപ്പിന് ഒഴിവാക്കാൻ പറ്റാത്തതാകുന്നു. ട്രാൻസ്ഫ്യൂഷൻ സർവീസ് നടത്തുക, ബ്ലഡ് കമ്പോണന്റ് ഫ്രാക്ഷണേഷനുള്ള സൗകര്യങ്ങൾ സൃഷ്ടിച്ച് രക്തം ഫലവത്തായി പ്രയോജനപ്പെടുത്തുക തുടങ്ങിയ സൗകര്യങ്ങൾ രക്തബാങ്കുകൾക്ക് നൽകേണ്ടതുണ്ട്. കൂടാതെ ഗവേഷണ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, പരിശീലന പരിപാടികൾ സംഘടിപ്പിക്കുക രക്തം ശേഖരിക്കാനുള്ള എല്ലാ സൗകര്യങ്ങളുമുള്ള വാഹനം വാങ്ങുക, രക്തത്തിൽ എയ്ഡ്സ് രോഗ പരിശോധന നടത്തുക എന്നിവയ്ക്കുവേണ്ടിയും വിഹിതം വിനിയോഗിക്കാവുന്നതാണ്. മൊത്തം വിഹിതമായ 30 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ പ്രഗത്ഭരായ വരെകൊണ്ടു ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സിസ്റ്റത്തെക്കുറിച്ച് ഒരു വിശദ പഠനം നടത്തുന്നതിനും 5 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടിയും വിനിയോഗിക്കാവുന്നതാണ്.

32. ബാല വികലാംഗർക്കുവേണ്ടിയുള്ള ഇൻഫർമേഷൻ സെന്റർ

(വിഹിതം 1.00 ലക്ഷം രൂപ)

തിരുവനന്തപുരം മെഡിക്കൽ കോളേജിനോടു ചേർന്നു പ്രവർത്തിക്കുന്ന ഫിസിക്കൽ മെഡിസിൻ വിഭാഗത്തിൽ പ്രസ്തുത ഇൻഫർമേഷൻ കേന്ദ്രം പ്രവർത്തിച്ചു വരുന്നു. 1991 മാർച്ച് വരെ ഈ ഇൻഫർമേഷൻ സെന്റർ യൂണിസെഫിന്റെ സഹായത്തോടെയാണ് പ്രവർത്തിച്ചു വന്നിരുന്നത്. ഇപ്പോൾ ഇതു സംസ്ഥാന പദ്ധതിയാകുന്നു. 1993-94-ൽ ഈ പദ്ധതിയ്ക്കുവേണ്ടി 1 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

33. മെഡിക്കൽ കോളേജുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡയഗ്നോസ്റ്റിക് സർവീസുകൾ

(വിഹിതം 10.00 ലക്ഷം രൂപ)

ഇപ്പോൾ മെഡിക്കൽ കോളേജുകളിൽ ശരിയായ രീതിയിലുള്ള ഡയഗ്നോസ്റ്റിക് സർവീസുകൾ മുഴുവൻ സമയവും ലഭ്യമല്ല. ഉപകരണങ്ങൾ സ്റ്റാഫ് എന്നിവ നൽകി എല്ലാ മെഡിക്കൽ കോളേജുകളിലെയും നിലവിലുള്ള സൗകര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിലേക്കുവേണ്ടി 1993-94-ലെ വിഹിതമായി 10 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

34. അത്യാഹിത വിഭാഗം

(വിഹിതം 15.00 ലക്ഷം രൂപ)

അപകടങ്ങളിൽപ്പെട്ടവരെയും അവശനിലയിലായ രോഗികളെയും ചികിൽസിക്കാനുള്ള സൗകര്യങ്ങൾ, അത്യാവശ്യ രക്തം നൽകാനുള്ള സംവിധാനം എക്സറേ ഇ. സി. ജി. എന്നിവയ്ക്കുള്ള സൗകര്യം, ലാബ്രട്ടറി ഡയഗ്നോഡിസ്, ഓപ്പറേഷൻ തീയേററർ എന്നവയോടുകൂടി അഞ്ചു മെഡിക്കൽ കോളേജിലെയും അത്യാഹിത വിഭാഗങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് വിഹിതം വകകൊള്ളിച്ചിരിക്കുന്നത്.

35. കോഴിക്കോട് മെഡിക്കൽ കോളേജിലെ കാർഡിയോളജി വകുപ്പ് അപ്ഗ്രേഡ് ചെയ്യൽ.

(വിഹിതം 25.00 ലക്ഷം രൂപ)

കോഴിക്കോട് മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗം അധികമായി സ്ററാഫ്, ഇൻറൻസീവ് കെയർ യൂണിററ്, കാർഡിയാക് കാത്തറൈസേഷൻ ലാബ്രട്ടറി എന്നവ സ്ഥാപിക്കാനുള്ള ഒരു കെട്ടിടം തുടങ്ങിയവ നൽകി വികസിപ്പിക്കേണ്ടതുണ്ട്. പദ്ധതി വിഹിതമായി 25 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളതിൽ 5 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ളതാണ്.

36. മെഡിക്കൽ കോളേജുകളിലെ സെൻട്രൽ ലൈബ്രറികളുടെ വികസനം.

(വിഹിതം 5.00 ലക്ഷം രൂപ)

മെഡിക്കൽ കോളേജുകളിലെ സെൻട്രൽ ലൈബ്രറികൾ വികസിപ്പിക്കുന്നതിനുവേണ്ടിയാണ് 5 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്.

37. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ശിശുവികസന കേന്ദ്രം സ്ഥാപിക്കുക.

(വിഹിതം 5.00 ലക്ഷം രൂപ)

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ശിശുവികസന കേന്ദ്രം മൂന്നു ഘട്ടമായി സ്ഥാപിക്കുന്നതിനാണുദ്ദേശിക്കുന്നത്. ഈ കേന്ദ്രത്തിൻെറ ലക്ഷ്യം, കുട്ടികളിലുണ്ടാകുന്ന നാഡീവ്യൂഹവുമായി ബന്ധപ്പെട്ട അംഗവൈകല്യം നേരത്തെ കണ്ടുപിടിച്ചു തടയുക എന്നതാകുന്നു. വിശകലനമായ വിലയിരുത്തൽ, തെറാപ്പി സർവീസുകൾ, നവീന രീതിയിലുള്ള ഗവേഷണങ്ങൾ എന്നവ നടത്തുക എന്നാണ് ഈ കേന്ദ്രത്തിൻെറ പ്രധാന പരിപാടികൾ. ഈ പദ്ധതിക്കുവേണ്ടി 120 ലക്ഷം രൂപ വേണ്ടി വരും. ഇതിൽ 100 ലക്ഷം രൂപ കെട്ടിടത്തിനുവേണ്ടിയും 15 ലക്ഷം രൂപ ഉപകരണങ്ങൾക്കും സ്ററാഫിനും വേണ്ടിയും ബാക്കി 5 ലക്ഷം രൂപ മററു ചെലവുകൾക്കുംവേണ്ടിയാകുന്നു. ഈ കേന്ദ്രം തുടങ്ങുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കുവേണ്ടിയാണ് 1993-94-ലെ വിഹിതമായി 5 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നത്. പദ്ധതി വിഹിതമായ 5 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സ്ററാഫിനുവേണ്ടിയും 1.5 ലക്ഷം രൂപ ഉപകരണങ്ങൾക്കുവേണ്ടിയും ബാക്കി 1.5 ലക്ഷം രൂപ മററു ചെലവുകൾക്കുമായി വിനിയോഗിക്കാവുന്നതാണ്.

## രോഗപ്രതിരോധവും നിയന്ത്രണവും

38. ക്ഷയരോഗം—പ്രവർത്തനച്ചെലവ്

(വിഹിതം 2.00 ലക്ഷം രൂപ)

സംസ്ഥാനത്ത് ഇപ്പോൾ 14 ജില്ലാ ക്ഷയരോഗ കേന്ദ്രങ്ങളും 8 ക്ഷയരോഗ ക്ലിനിക്കുകളും 2 സാനറേറിയവും പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 2295 കിടക്കകളും ക്ഷയരോഗാശുപത്രികളിൽ ഉണ്ട്. ക്ഷയരോഗ കേസുകൾ കണ്ടുപിടിക്കുന്നതിനും ചികിൽസിക്കുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടി ജില്ലാക്ഷയരോഗ കേന്ദ്രങ്ങളേയും ക്ലിനിക്കുകളേയും ആവശ്യമുള്ള സ്ററാഫ്, ഉപകരണം തുടങ്ങിയവ നൽകി ശക്തിപ്പെടുത്തേണ്ടതുണ്ട്. ഐ. സി. എം. ആർ (ICMR) ഈ അടുത്ത കാലത്തായി നടത്തിയ ഒരു സർവ്വേയിൽ ക്ഷയരോഗത്തിൻെറ വ്യാപകത്വ നിരക്ക് 40 ശതമാനം ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ ഏകദേശം 3.95 ലക്ഷം പേർക്ക് ക്ഷയരോഗം പിടിപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ കീഴിൽ വരുന്ന ഇടുക്കിയിലെയും വയനാട്ടിലെയും ക്ഷയരോഗ കേന്ദ്രങ്ങളുടെ തുടർന്നുള്ള പ്രവർത്തനത്തിനാണ് 1993-94-ൽ വിഹിതമായി 2 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്.

39. ദേശീയ മലമ്പനി നിർമ്മാജ്ജന പരിപാടി അധിക പ്രവർത്തനച്ചെലവ്

(വിഹിതം 10.00 ലക്ഷം രൂപ)

മലമ്പനിരോഗം പിടിപെടുന്നവരെ കണ്ടുപിടിക്കുക, അവർക്ക് ശരിയായ ചികിൽസ നൽകുക, എപ്പിഡോമോളജിക്കൽ—എൻറാമോളജിക്കൽ പരിശോധന നടത്തുക, മരുന്നു തളിക്കുക, മാസ്സ് സർവ്വേ നടത്തുക, തുടങ്ങിയ പരിപാടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. സ്പ്രേ ഉപകരണം വാങ്ങുന്നതിനും ആറ് ജില്ലാ മലേറിയ ആഫീസറൻമാരുടെ ശമ്പളച്ചെലവിനും ലാബററ്ററി സാധനങ്ങൾ വാങ്ങുന്നതിനുമാണ് 1993-94-ലെ വിഹിതമായ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്.

40. ക്ഷയരോഗം പ്രവർത്തനച്ചെലവൊഴികെ

(സംസ്ഥാന വിഹിതം 50%)

(വിഹിതം 38.00 ലക്ഷം രൂപ)

ഇടുക്കിയിലേയും വയനാട്ടിലേയും ക്ഷയരോഗ കേന്ദ്രങ്ങൾക്ക് അധികമായി സ്ററാഫിനെ നിയമിക്കുന്നതിനുള്ള ചെലവിനും എല്ലാ ക്ഷയരോഗ കേന്ദ്രങ്ങൾക്കും ക്ഷയരോഗത്തിനെതിരെയുള്ള മരുന്നുകൾ സ്ററെറയിൻസ്, രാസവസ്തുക്കൾ, ചെറിയതരം ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും വേണ്ടിയാണ് സംസ്ഥാന വിഹിതമായി 38 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്.

41. ദേശീയ മലമ്പനി നിർമ്മാജ്ജന പരിപാടി

(സംസ്ഥാന വിഹിതം 50%)

(വിഹിതം 10.00 ലക്ഷം രൂപ)

ഈ പദ്ധതിയ്ക്ക് കേന്ദ്രസഹായം ലഭിക്കുന്നത് മരുന്ന്, ഉപകരണം എന്നീ തരത്തിലാണ്. ഉദ്യോഗസ്ഥൻമാരുടെ ശമ്പളത്തിനും മററു എസ്ററാബ്ലിഷ്മെൻറ് ചെലവുകൾക്കും സ്പ്രേ ഉപകരണം, മരുന്നുകൾ, ഉപകരണങ്ങൾ, മൈക്രോസ്ലൈഡുകൾ, ലാബററ്ററി സാധനങ്ങൾ, വാഹനങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനുമാണ് 1993-94-ലെ വിഹിതമായ 10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്.

42. മന്തുരോഗ നിയന്ത്രണം

(സംസ്ഥാന വിഹിതം 50%)

(വിഹിതം 20.00 ലക്ഷം രൂപ)

മൊത്തമുള്ള 7 ദശലക്ഷം മന്തുരോഗികളിൽ ഏകദേശം 2.83 ദശലക്ഷം രോഗികളെ ഇപ്പോഴുള്ള 17 ദേശീയ മന്തുരോഗ നിവാരണ യൂണിററുകളുടേയും 11 മന്തുരോഗ ക്ലിനിക്കുകളുടേയും പ്രവർത്തനപരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. തൃശ്ശൂരിലേയും തളിപ്പറമ്പിലേയും രണ്ടു മന്തുരോഗ സർവ്വേ യൂണിററുകൾ മന്തുരോഗബാധിത പ്രദേശങ്ങളിൽ രോഗം വ്യാപിച്ചിട്ടുള്ള

തിന്റെ ഇപ്പോഴത്തെ സ്ഥിതിഗതികൾ പഠിക്കുന്നതിനായി റീ-സർവ്വേ നടത്തുന്നുണ്ട്. മരുന്നുകൾ, വാഹനങ്ങൾ മാററിവാങ്ങുന്നതിന്, സ്പ്രേയറുകൾ, മൈക്രോസ്ക്കോപ്പുകൾ, മൈക്രോസ്ലൈഡുകൾ, അണുനാശിനികൾ എന്നിവ വാങ്ങുന്നതിനാണ് 1993-94-ലെ വിഹിതമായ 20 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നത്.

43. മന്തുരോഗ നിയന്ത്രണം-പ്രവർത്തനച്ചെലവ്

(വിഹിതം 5.00 ലക്ഷം രൂപ)

സംസ്ഥാനത്ത് ഇപ്പോൾ 11 മന്തുരോഗക്ലിനിക്കുകളും 16 മന്തുരോഗനിയന്ത്രണ യൂണിററുകളും ഒരു മന്തുരോഗ സർവ്വേയൂണിററും ഉണ്ട്. 6 പുതിയ മന്തുരോഗ ക്ലിനിക്കുകളും ഒരു മന്തുരോഗ സർവ്വേ യൂണിററും തുടങ്ങുന്നതിനും നിലവിലുള്ള യൂണിററുകളുടേയും ക്ലിനിക്കുകളുടേയും തുടർന്നുള്ള നടത്തിപ്പിനുമാണ് 1993-94-ൽ വിഹിതമായി 5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്.

44 കോളറ, ഗ്യാസ്ട്രോ എൻററിട്ടീസ്

(വിഹിതം 10.00 ലക്ഷം രൂപ)

മെഡിക്കൽ-പാരാമെഡിക്കൽ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നല്കുന്നതിനും അതിസാരം പൂർണ്ണമായും നിയന്ത്രിക്കുന്നതിനായി ഒാറൽ റി ഹൈഡ്രേഷൻ തെറാഫി ഫലപ്രദമായി ഉപയോഗിക്കുന്നതെങ്ങനെയെന്ന് സമൂഹത്തെ പ്രത്യേകിച്ച് അമ്മമാരെ മനസ്സിലാക്കിക്കുന്നതിനും അതിസാരത്തിനെതിരെയുള്ള മരുന്നുകൾ വാങ്ങുന്നതിനുമാണ് വിഹിതം വകകൊള്ളിച്ചിരിക്കുന്നത്. 1993-94-ലെ മൊത്തം തുകയായ 10 ലക്ഷം രൂപയിൽ 8 ലക്ഷം രൂപ മരുന്നുകൾ വാങ്ങുന്നതിനും 2 ലക്ഷം രൂപ മററു ചെലവുകൾക്കുമാണ്.

45. എയ്ഡ്സുൾപ്പെടെയുള്ള ലൈംഗിക രോഗ നിയന്ത്രണം

(വിഹിതം 5.00 ലക്ഷം രൂപ)

• സംസ്ഥാനത്ത് ഇപ്പോൾ 5 മെഡിക്കൽ കോളേജുകളിലും 14 ജില്ലാ ആശുപത്രികളിലും ഒരു താലൂക്ക് ആസ്ഥാന ആശുപത്രിയിലും (നെടുമങ്ങാട് ഗവൺമെൻറ് ആശുപത്രി) 8 സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളിലുമായി 28 ലൈംഗിക രോഗ നിയന്ത്രണ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. 1993-94-ൽ മലപ്പുറത്തെ മഞ്ചേരിയിലും പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിലുമുള്ള സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളിൽ ലൈംഗികരോഗ നിയന്ത്രണ ക്ലിനിക്കുകൾ പുതുതായി തുടങ്ങുന്നതിനാണ് വിഹിതമായ 5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്. ഒരു ക്ലിനിക്ക് തുടങ്ങുന്നതിന് 3 ലക്ഷം രൂപ ചെലവുവരും. ഇതിൽ ആവർത്തനച്ചെലവ് 1.75 ലക്ഷം രൂപയും മൂലധന ചെലവ് 1.25 ലക്ഷം രൂപയുമാണ്.

46. വിവിധോദ്ദേശ ആരോഗ്യ പ്രവർത്തകർക്ക് വേണ്ടിയുള്ള തൊഴിൽ പരിശീലന പദ്ധതി

(വിഹിതം 18.00 ലക്ഷം രൂപ)

ഏഴാം പദ്ധതിക്കാലത്ത് 1437 വനിതാ ആരോഗ്യ പ്രവർത്തകർക്കും (ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ) 1044 പുരുഷ ആരോഗ്യ പ്രവർത്തകർക്കും പരിശീലനം നൽകുകയുണ്ടായി. പുരുഷ-വനിതാ വിവിധോദ്ദേശ ആരോഗ്യ പ്രവർത്തക പരിശീലന സ്കൂളിലെ പരിശീലനത്തിനുള്ള ചെലവ്, വിവിധോദ്ദേശ പദ്ധതിയിൽ വരുന്ന മെഡിക്കൽ-പാരാമെഡിക്കൽ ഉദ്യോഗസ്ഥൻമാരുടെ പരിശീലനത്തിനുള്ള ചെലവ്, പരിശീലനം ലഭിച്ചിട്ടില്ലാത്ത ആരോഗ്യ പ്രവർത്തകർക്ക് കുടുംബക്ഷേമ പരിശീലന കേന്ദ്രങ്ങളിലും ഇൻഡ്യാ പോപ്പുലേഷൻ പ്രോഗ്രാം പ്രകാരം ആരംഭിച്ച 4 സ്കൂളുകളിലും വച്ച് ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് നടത്തുന്നതിനുള്ള ചെലവ്, തിരുവനന്തപുരം പൊതുജനാരോഗ്യ ലാബറട്ടറിയിൽ വച്ച് ലാബറട്ടറി ടെക്നീഷ്യൻ വിദ്യാർത്ഥികൾക്ക് പ്രി-സർവ്വീസ് പരിശീലനം നല്കുന്നതിനുള്ള ചെലവ് എന്നിവയ്ക്കാണ് വിഹിതമായ 18 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്. തിരുവനന്തപുരത്തെ പൊതുജനാരോഗ്യ പരിശീലന സ്കൂളിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർക്ക് പ്രൊമോഷണൽ ട്രെയിനിംഗ് നല്കുക ഐ. പി. പി യുടെ കീഴിൽ വരുന്ന സ്കൂളുകളിൽ ഹെൽത്ത് സൂപ്പർവൈസറി ട്രെയിനിംഗ് നടത്തുക എന്നിവയ്ക്കും വിഹിതം വിനിയോഗിക്കാവുന്നതാണ്.

## ബി. ആയുർവേദം

47. ഡിസ്പെൻസറികൾ തുറക്കൽ, വികസിപ്പിക്കൽ, ആശുപത്രികളായി ഉയർത്തൽ

(വിഹിതം 27.00 ലക്ഷം രൂപ)

ഇപ്പോൾ സംസ്ഥാനത്ത് 550 ആയുർവേദ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള ഡിസ്പെൻസറികളെ ഘട്ടം ഘട്ടമായി എല്ലാ വിധ സൗകര്യങ്ങളോടുകൂടിയ ഡിസ്പെൻസറികളാക്കി മെച്ചപ്പെടുത്തേണ്ടതുണ്ട്. 1993-94-ൽ രണ്ടു ഡിസ്പെൻസറികളെ 20 കിടക്കകളോടുകൂടിയ ആശുപത്രികളാക്കുവാൻ ഉദ്ദേശിക്കുന്നു. പുതിയ ഡിസ്പെൻസറികൾ തുടങ്ങുന്നതിനും, നിലവിലുള്ളവയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും രണ്ടു ഡിസ്പെൻസറികളെ ആശുപത്രിയാക്കി ഉയർത്തുന്നതിനും കൂടി 1993-94-ൽ 27ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. 27 ലക്ഷം രൂപയിൽ 7 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നതാണ്.

48 ഗ്രാമ പ്രദേശങ്ങളിൽ പുതിയ ആയുർവേദ ആശുപത്രികളും താലൂക്ക് ആശുപത്രികളും ആരംഭിക്കൽ

(വിഹിതം 13.00 ലക്ഷം രൂപ)

നിലവിലുള്ള താലൂക്ക് ആശുപത്രികൾ മെച്ചപ്പെടുത്തുന്നതിനും പുതിയവ തുടങ്ങുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി നിലവിലുള്ള ആശുപത്രിയെ 50 കിടക്കകളോടുകൂടിയ ഒരു താലൂക്കാശുപത്രിയാക്കി മാററുന്നതിനും 1992-93-ൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന ആശുപത്രികളുടെ തുടർന്നുള്ള നടത്തിപ്പിനുമായി 1993-94-ൽ 13 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും 4 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നതാണ്.

## II ആശുപത്രികളും ഡിസ്പെൻസറികളും

49. സംസ്ഥാന തലത്തിലും ജില്ലാഗ്രാമതലത്തിലും ചികിൽസാ സൗകര്യം മെച്ചപ്പെടുത്തൽ

(വിഹിതം 25.00 ലക്ഷം രൂപ)

106 ആശുപത്രികളും 550 ഡിസ്പെൻസറികളും മുഖേനആയുർവേദവകുപ്പ് ചികിൽസാ സൗകര്യം നൽകിവരുന്നു. 1993-94-ൽ കണ്ണൂരിൽ ഒരു ജില്ലാ സ്റേറാർ തുടങ്ങുന്നതിനും, 1992-93-ൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന 20 കിടക്കകളോടുകൂടിയ ആശുപത്രിയുടേയും 30 കിടക്കകളോടുകൂടിയ ആശുപത്രിയുടേയും നടത്തിപ്പിനും വേണ്ടിയുള്ളതാണ് വിഹിതം. ഒരു ജില്ലാ ആയുർവേദ ആശുപത്രിയെ 50 കിടക്കയും മററു അത്യാവശ്യ സൗകര്യങ്ങളുള്ള ഒരു ആശുപത്രിയായി ഉയർത്തുന്നതിനും ഉദ്ദേശമുണ്ട്. 1993-94-ലെ വിഹിതമായ 25 ലക്ഷം രൂപയിൽ 5 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ളതാണ്.

## III വിദ്യാഭ്യാസം

### 50. ആയുർവേദ കോളേജ്, തിരുവനന്തപുരം.

(വിഹിതം 53.00 ലക്ഷം രൂപ)

തിരുവനന്തപുരത്തെ ആയുർവേദ കോളേജിൽ വർഷം തോറും 50 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി ബി. എ. എം. എസ്. ഡിഗ്രി കോഴ്സ് നടത്തുന്നുണ്ട്. കൂടാതെ 24 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിക്കൊണ്ട് എം. ഡി. കോഴ്സും നടത്തുന്നു. നിയമപ്രകാരം കുറഞ്ഞത് 14 ഡിപ്പാർട്ടുമെൻറുകളെങ്കിലും ആയൂർവേദ കോളേജിന് ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഇവിടെ 7ഡിപ്പാർട്ടുമെൻറുകൾ മാത്രമേയുള്ളു. നിലവിലുള്ള ഡിപ്പാർട്ടുമെൻറുകൾ വിപുലീകരിക്കുന്നതിനും പുതിയ ഡിപ്പാർട്ടുമെൻറുകൾ രൂപീകരിക്കുന്നതിനും പ്രാധാന്യം കൊടുക്കേണ്ടതുണ്ട്. കോളേജാശുപത്രി, തിരുവനന്തപുരം ആയുർവേദ കോളേജ് ക്യാമ്പസിലും മെററണിററി ആശുപത്രി പൂജപ്പുരയിലുമാണ് പ്രവർത്തിച്ചുവരുന്നത്. സി. സി. ഐ. എം. സിലബസ് അനുസരിച്ച് വിദ്യാർത്ഥികളുടെയും കിടക്കകളുടെയും അനുപാതം 1:5 എന്ന തോതിൽ നിലനിർത്തുന്നതിനായി ആശുപത്രിയിലെ കിടക്കയും മററു സൗകര്യങ്ങളും വർദ്ധിപ്പിക്കേണ്ടതാണ്. പൂജപ്പുരയിലെ ആൺകുട്ടികൾക്കുവേണ്ടിയുള്ള ഹോസ്ററലിൻെറ പണിയും ആയൂർവേദകോളേജിൻെറയും അതിനോടനുബന്ധിച്ചുള്ള സ്ഥാപനങ്ങളുടെ ശേഷിച്ച പണികളും പൂർത്തിയാക്കേണ്ടതുണ്ട്. 1993-94-ൽ ആയൂർവേദകോളേജ്, തിരുവനന്തപുരം മുഖേന നടപ്പിലാക്കുന്ന പരിപാടികൾ താഴെ പറയുന്നവയാണ്

| ക്രമനമ്പർ | പരിപാടി | (വിഹിതം രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | ഡിപ്പാർട്ടുമെൻറുകൾ വികസിപ്പിക്കുന്നതിന് | 19.00 |
| 2. | 60 കിടക്കകളുള്ള ആശുപത്രി, പഞ്ചകർമ്മ ആശുപത്രി, ഫാർമസി എന്നിവയുടെ നിർമ്മാണത്തിനും മററു അററകുററ പണികൾ നടത്തുന്നതിനും വേണ്ടി | 10.00 |
| 3. | കോളേജാശുപത്രി വികസിപ്പിക്കുന്നതിന് | 10.00 |
| 4. | കൈയെഴുത്തു പ്രതികൾ ശേഖരിച്ച് സംരക്ഷണം, പാഠ്യപുസ്തകൾ തയ്യാറാക്കൽ, കോളേജ് ലൈബ്രറി വികസിപ്പിക്കൽ | 1.00 |
| 5. | ആയൂർവേദത്തിലെ വിഭിന്ന വിഭാഗങ്ങളിൽ വൈദഗ്ദ്ധ്യം ലഭിക്കുന്നതിനും ഫാർമസിയിൽ ഡിഗ്രി കോഴ്സുകൾ ആരംഭിക്കുന്നതിനും, ആയൂർവേദത്തിൽ ബി. എസ്. സി. നേഴ്സിംഗ് ആരംഭിക്കുന്നതിനുമായി | 4.00 |
| 6. | പ്രസിദ്ധീകരണ വിഭാഗം | 1.00 |
| 7. | പ്രകൃതി ചികിൽസയിൽ പരിശീലനം | 1.00 |
| 8. | പാരാമെഡിക്കൽ സ്ററാഫ്, മെഡിക്കൽ അദ്ധ്യാപകർ എന്നിവർക്കുള്ള റിഫ്രഷർ കോഴ്സിന് | 1.00 |
| 9. | നേഴ്സുകളുടെയും ഫാർമസിസ്ററുകളുടെയും പരിശീലനം | 1.00 |
| 10. | ഐ. എസ്. എം. കോളേജ് ഫാർമസി | 3.00 |
| 11. | ആയുർവേദ ശാസ്ത്രീയമായ മരുന്നുകളുടെ വിലയിരുത്തലിന് | 2.00 |
| | മൊത്തം | 53.00 |

(b) ഡ്രഗ് ടെസ്ററിംഗ് ലാബ്രട്ടറി, ഔഷധ ചെടികൾ നട്ടുവളർത്തൽ, സെർപ്പൻററിയം തുടങ്ങിയവയുടെ വികസനത്തിന്

(വിഹിതം 3.00 ലക്ഷം രൂപ)

ജലസസ്യങ്ങളുൾപ്പെടെയുള്ള വിരളമായ ഔഷധ സസ്യങ്ങൾ പൂജപ്പുരയിലെ ഗാർഡനിൽ കൃഷിചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. ഇപ്പോൾ പൂജപ്പുരയിൽ പ്രവർത്തിച്ചുവരുന്ന ഡ്രഗ് ടെസ്ററിംഗ് ലാബറട്ടറി നവീകരിക്കേണ്ടതുണ്ട്. ഒരു ഓപ്പൺസ്നേക്ക് പാർക്ക് ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ട്. അതിനായി ഒരു ഹെർപ്പിടോളോജിസ്ററിനെ നിയമിക്കേണ്ടതും നിലവിലുള്ള സെർപ്പൻററിയം വികസിപ്പിക്കേണ്ടതും ആവശ്യമാണ്. ഓപ്പൺ സ്നേക്ക് പാർക്കിനോടനുബന്ധിച്ച് വിഷമുള്ളതും അല്ലാത്തതുമായ പാമ്പുകളുടെയും മററു മൃഗങ്ങളുടെയും മാതൃകകളും, വിഷപാമ്പു കടിച്ചാലുള്ള പ്രാഥമിക ശുശ്രൂഷയുടെ വിവരണം എന്നിവ പ്രദർശിപ്പിക്കാനായി ഒരു മ്യൂസിയം ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു. 1993-94-ൽ മേൽപ്പറഞ്ഞ പരിപാടികൾ നടപ്പിലാക്കുന്നതിനുവേണ്ടി 3 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(സി) ഫാർമക്കോഗ്നോസി യൂണിററ്, മോഡൽ— ഡമോൺസ്ട്രേഷൻ ഗാർഡൺ, ഡ്രഗ് സ്ററാൻഡേർഡൈസേഷൻ യൂണിററ്

(വിഹിതം 12.00 ലക്ഷം രൂപ)

പൂജപ്പുരയിലുള്ള മോഡൽ ഡമോൺസ്ട്രേഷൻ ഗാർഡനിൽ ഏകദേശം 4 ഏക്കർ സ്ഥലത്ത് വിരളമായവ ഉൾപ്പെടെയുള്ള ഔഷധസസ്യങ്ങൾ കൃഷിചെയ്യുന്നുണ്ട്. ഫാർമോക്കോഗ്നോസി യൂണിററ്, മോഡൽ ഡമോൺസ്ട്രേഷൻ ഗാർഡൺ, ഡ്രഗ് സ്ററാൻഡേർഡൈസേഷൻ യൂണിററ് എന്നിവയ്ക്ക് കൂടുതൽ സൗകര്യങ്ങൾ നൽകേണ്ടതുണ്ട്. ഫാർമക്കോഗ്നസി യൂണിററ് കേരളത്തിലുള്ള ഔഷധ ചെടികളെക്കുറിച്ച് ശാസ്ത്രീയ രീതിയിൽ ഉദാഹരണങ്ങളോടുകൂടി വ്യക്തമായി ചിത്രീകരിച്ചുകൊണ്ട് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു. അതിലേയ്ക്കായി 2 ലക്ഷം രൂപ വേണ്ടിവരും. ഫാർമക്കോളജി ലാബ്രട്ടറിക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് 1 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ലാബ്രട്ടറി കെട്ടിട നിർമ്മാണത്തിനുവേണ്ടി 5 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ബാക്കി വിഹിതമായ 4 ലക്ഷം രൂപ ഡ്രഗ് സ്ററാൻഡേർഡൈസേഷൻ യൂണിററ് മെച്ചപ്പെടുത്തുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾക്കായി വളരെ അത്യാവശ്യമായി വേണ്ടതായ സ്ററാഫിനെ ഉൾപ്പെടുത്തിക്കൊണ്ട് ഫാർമക്കോഗ്നസി യൂണിററ് വികസിപ്പിക്കുന്നതിനും മററു ചെലവുകൾക്കും വേണ്ടിയാണ്.

(ഡി) പഞ്ചകർമ്മ ആശുപത്രിയുടെ വികസനം

(വിഹിതം 5.00 ലക്ഷം രൂപ)

കേരളത്തിനകത്തും പുറത്തും നിന്നുമുള്ള വിശിഷ്ട വ്യക്തികളുൾപ്പെടെയുള്ള ആളുകൾ ഈ ആശുപത്രിയിൽ ചികിൽസയ്ക്കായി എത്തുന്നുണ്ട്. എന്നാൽ ആവശ്യാനുസരണം പേവാർഡുമുറികൾ, സ്ററാഫ് എന്നിവ ലഭ്യമല്ല. നിലവിലുള്ള സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും വേണ്ടി 1993-94 ൽ 5 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളതിൽ 3 ലക്ഷം രൂപ നിർമ്മാണ ചെലവുകൾക്കു വേണ്ടി വിനിയോഗിക്കുന്നതാണ്.

51. ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ

(വിഹിതം 43.00 ലക്ഷം രൂപ)

ഈ കോളേജിൽ ഇപ്പോരം 8 ഡിപ്പാർട്ടുമെന്റുകരം പ്രവർത്തിക്കുന്നുണ്ട്. ബി. എ. എം. എസ്. കോഴ്സിന് 30 വിദ്യാർത്ഥികരംക്ക് പ്രവേശനം നൽകി വരുന്നു. ലാബ്രട്ടറി ഉപകരണങ്ങളും കൂടുതൽ സൗകര്യങ്ങളും നൽകി ഈ ഡിപ്പാർട്ടുമെന്റുകരം സി.സി.ഐ.എം. സിലബസ് അനുസരിച്ച് വികസിപ്പിക്കേണ്ടതുണ്ട്. പുതിയ ഡിപ്പാർട്ടുമെന്റുകളും ബിരുദാനന്തര കോഴ്സുകളും തുടങ്ങുക, കെട്ടിട നിർമ്മാണം എന്നിവ ഘട്ടംഘട്ടമായി ചെയ്യേണ്ടതുണ്ട്. 1993-94-ൽ താഴെ പറയുന്ന പ്രധാന പരിപാടികരം നടപ്പിലാക്കേണ്ടതുണ്ട്.

| ക്രമ നമ്പർ | പരിപാടി | വിഹിതം |
|---|---|---|
| | | (രൂപ ലക്ഷത്തിൽ) |
| 1. | ഡിപ്പാർട്ടുമെന്റുകരം വികസിപ്പിക്കുന്നതിനും സൗകര്യങ്ങരം വർദ്ധിപ്പിക്കുന്നതിനും | 10.00 |
| 2. | സ്റ്റാഫ് ക്വാർട്ടേഴ്സ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് 350 കിടക്കകളുള്ള ആശുപത്രി എന്നിവയുടെ നിർമ്മാണത്തിന് | 30.00 |
| 3. | കൈയെഴുത്തു പ്രതികരം ശേഖരിച്ച് സംരക്ഷണം, പാഠ്യപുസ്തങ്ങരം തയ്യാറാക്കൽ, കോളേജ് ലൈബ്രറി വികസിപ്പിക്കൽ — എന്നിവയ്ക്ക് | 1.00 |
| 4 | കോളേജാശുപത്രിയിലെ പേവാർഡുകളിൽ ഉപകരണങ്ങളും ഫർണിച്ചറും വാങ്ങുന്നതിനും മററു പ്രവർത്തനങ്ങരംക്കും | 2.00 |
| | മൊത്തം | 43.00 |

52. ആയുർവേദ കോളേജ്, കണ്ണൂർ—വികസനം

(വിഹിതം 55.00 ലക്ഷംരൂപ)

1991-92-ൽ കണ്ണൂർ ഗവൺമെൻറ് ആയുർവേദ കോളേജ് പഴയ എൻജിനീയറിംഗ് കോളേജ് കെട്ടിടത്തിൽ ആരംഭിക്കുകയും ബി.എ.എം.എസ്. കോഴ്സിനു 30 വിദ്യാർത്ഥികരംക്ക് പ്രവേശനം നൽകുകയും ചെയ്തിട്ടുണ്ട്. സംസ്കൃത സംഹിത സിദ്ധാന്ത വകുപ്പും ശരീരക്രിയ രചന വകുപ്പ് എന്നീ രണ്ടു വകുപ്പുകളാണ് ഇവിടെയുള്ളത്. കോളേജിന് സ്വന്തമായ ഒരു കെട്ടിടം നൽകുകയും സി.സി.ഐ.എം. നിയമപ്രകാരം ഡിപ്പാർട്ടുമെന്റുകരം രൂപീകരിക്കുകയും വേണം. കോളേജ് കെട്ടിട നിർമ്മാണം ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണം മററുനിർമ്മാണ പ്രവർത്തനങ്ങരം എന്നിവയ്ക്കായി 1993-94 ലേക്ക് 35 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ബാക്കിയുള്ള 20 ലക്ഷം രൂപ ഡിപ്പാർട്ടുമെന്റുകരം ആരംഭിക്കുന്നതിനും മററു സൗകര്യങ്ങരം നൽകുന്നതിനുമായി വിനിയോഗിക്കുന്നതാണ്.

53 ഒല്ലൂരിലെ സ്വകാര്യ ആയുർവേദ കോളേജിനും കോട്ടയ്ക്കൽ ആയുർവേദ കോളേജിനും ധനസഹായം

(വിഹിതം 8.00 ലക്ഷം രൂപ)

ഒല്ലൂരിലെയും കോട്ടയ്ക്കലിലെയും ആയുർവേദ കോളേജുകരംക്ക് ധനസഹായം നൽകുന്നതിനവേണ്ടി 8 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്

54. കോട്ടയ്ക്കലിലെ ആയുർവേദ മനോരോഗ ആശുപത്രി

(വിഹിതം 5.00 ലക്ഷം രൂപ)

ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി 1993-94-ൽ 5 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് മൊത്തമായി 35 ലക്ഷം രൂപ വേണ്ടി വരും.

## സി. ഹോമിയോപ്പതി

55. ഗ്രാമീണ ഹോമിയോ ഡിസ്പെൻസറികരം ആരംഭിക്കാനും നിലവിലുള്ളവയെ മെച്ചപ്പെടുത്താനും

(വിഹിതം 26.00 ലക്ഷം രൂപ)

സംസ്ഥാനത്താകെ 312 ഹോമിയോ ഡിസ്പെൻസറികരം പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിലുള്ള ഡിസ്പെൻസറികരം മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകേണ്ടതുണ്ട്, 1993-94-ൽ 10 പുതിയ ഡിസ്പെൻസറികരം ജനറൽ സെക്ടറിൽ തുടങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു ഡിസ്പെൻസറിയെ 25 കിടക്കയുള്ള ആശുപത്രിയായി ഉയർത്തുന്നതിനും ഉദ്ദേശമുണ്ട്. നിലവിലുള്ള ഡിസ്പെൻസറികളെ മെച്ചപ്പെടുത്തുന്നതിനും പുതിയവ തുടങ്ങുന്നതിനും വേണ്ടി 1993-94-ൽ 26 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു.

## ആശുപത്രികളും ഡിസ്പെൻസറികളും

56. സംസ്ഥാന-ജില്ലാ-ഗ്രാമീണ തലങ്ങളിൽ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തൽ

(വിഹിതം 15.00 ലക്ഷം രൂപ)

ഇപ്പോരം സംസ്ഥാനത്ത് 8 ഹോമിയോ ജില്ലാ ഓഫീസുകരം പ്രവർത്തിച്ചു വരുന്നുണ്ട്. 1993-94-ൽ ആലപ്പുഴയിൽ ഒരു ജില്ലാ ഓഫീസ് തുടങ്ങുന്നതിന് ഉദ്ദേശമുണ്ട്. കൂടാതെ തിരുവനന്തപുരത്തെ ജില്ലാ ഹോമിയോ ആശുപത്രിയിലെ കിടക്കകളുടെ എണ്ണം 75-ൽ നിന്നും 100 ആയിട്ടു വർദ്ധിപ്പിക്കുന്നതിനും ഒരു പുതിയ താലൂക്കാശുപത്രി തുടങ്ങുന്നതിനും ലക്ഷ്യമുണ്ട്. 1993-94-ൽ 15 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളതിൽ 2 ലക്ഷംരൂപ നിർമ്മാണ പ്രവർത്തനങ്ങരംക്കു വേണ്ടി വിനിയോഗിക്കാവുന്നതാണ്.

## ഹോമിയോ വിദ്യാഭ്യാസം

57. തിരുവനന്തപുരത്തെ ഹോമിയോ മെഡിക്കൽ കോളേജിന്റെ വികസനം

(വിഹിതം 50.00 ലക്ഷം രൂപ)

തിരുവനന്തപുരം ഹോമിയോ കോളേജിൽ പ്രതിവർഷം 50 വിദ്യാർത്ഥികരംക്ക് ബി.എച്ച്.എം.എസ്. കോഴ്സിൽ പ്രവേശനം നൽകി വരുന്നുണ്ട്. കെട്ടിട നിർമ്മാണം, വിവിധ വകുപ്പുകളുടെ വികസനം, ഉപകരണങ്ങരം വാങ്ങുക എന്നിവയാണ് 1993-94-ൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിപാടികരം. 250 കിടക്കകളുള്ള ആശുപത്രിയുടെ കെട്ടിട നിർമ്മാണം കോളേജ് കെട്ടിടങ്ങളുടെ പൂർത്തീകരണം, 12 ഡിപ്പാർട്ടുമെന്റുകരംക്ക് ഉപകരണങ്ങരം, ആവശ്യമുള്ള സ്റ്റാഫ് മററു സൗകര്യങ്ങരം എന്നിവ നൽകി അവയെ മെച്ചപ്പെടുത്തുക എന്നിവ മുൻഗണനാ ക്രമത്തിൽ ചെയ്യേണ്ട കാര്യങ്ങളാണ്. കൂടാതെ ബിരുദാനന്തര കോഴ്സുകരം ആരംഭിക്കുന്നതിനും വിഹിതം നൽകേണ്ടതുണ്ട്. കോളേജിന്റെ വിവിധ പ്രവർത്തനങ്ങരംക്കുവേണ്ടി 1993-94-ൽ 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളതിൽ 20 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങരംക്കുവേണ്ടി വിനിയോഗിക്കാവുന്നതാണ്.

58. **കോഴിക്കോട് ഹോമിയോപ്പതി കോളേജിന്റെയും ആശുപത്രിയുടെയും വികസനം**

(വിഹിതം 40.00 ലക്ഷം രൂപ)

കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതി കോളേജിൽ ബി. എച്ച്. എം. എസ്. കോഴ്സിന് പ്രതിവർഷം 50 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി വരുന്നു. ഈ കോളേജിലെയും ആശുപത്രിയിലെയും ഡിപ്പാർട്ടുമെന്റുകളും സ്പെഷ്യാലിറ്റികളും ഹോമിയോപ്പതി സെൻട്രൽ കൗൺസിൽ മാനദണ്ഡം അനുസരിച്ച് വികസിപ്പിക്കേണ്ടതുണ്ട്. കോളേജിനോടനുബന്ധിച്ച് ഒരു പ്രസവ വാർഡ് ആരംഭിക്കുക, ഹോമിയോപ്പതിയിൽ ബിരുദാനന്തര കോഴ്സ് തുടങ്ങുക, ഡിപ്പാർട്ടുമെന്റുകളുടെ വികസനം ക്ലിനിക്കൽ ലാബ്രട്ടറി തുടങ്ങുക, ആൺകുട്ടികൾക്കു വേണ്ടിയുള്ള ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം തുടങ്ങിയവയാണ് 1993-94-ൽ നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രധാന പരിപാടികൾ. വിഹിതമായ 40.00 ലക്ഷം രൂപയിൽ 16 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ളതാണ്.

## ഡി. മററു ആരോഗ്യപദ്ധതികൾ

59. **ആഹാരത്തിൽ മായം ചേർക്കൽ തടയാനും ഭരണ സംവിധാനം വിപുലീകരിക്കാനും**

(വിഹിതം 10.00 ലക്ഷം രൂപ)

ഇപ്പോൾ 14 ജില്ലാ ഫുഡ് ഇൻസ്പെക്ടർ ഓഫീസുകളും 50 ഫുഡ് ഇൻസ്പെക്ടർ ഓഫീസുകളും 3 ചീഫ് ഫുഡ് ഇൻസ്പെക്ടർ ഓഫീസുകളും നിലവിലുണ്ട്. പത്തനംതിട്ട, കാസർകോട് എന്നിവിടങ്ങളിൽ പുതിയതായി രൂപീകരിച്ച രണ്ട് ഫുഡ് ഇൻസ്പെക്ടർ ഓഫീസുകൾ തുടർന്നുകൊണ്ടു പോകുന്നതിനും ആവശ്യമുള്ള സ്റ്റാഫും ഉപകരണവും ഉള്ള ഒരു മൊബൈൽ ലാബ്രട്ടറി ആരംഭിക്കുന്നതിനുമാണ് ഈ വിഹിതം.

60. **ഔഷധ നിയന്ത്രണം**

(വിഹിതം 15.00 ലക്ഷം രൂപ)

ഡ്രഗ്സ് ആന്റ് കോസ്മെററിക്സ് നിയമങ്ങൾ നടപ്പിലാക്കുക എന്നതാണ് ഔഷധ നിയന്ത്രണ വകുപ്പിന്റെ പ്രധാന ചുമതല. എല്ലാത്തരം മരുന്നുകളും സാമ്പിളുകളും പരിശോധിക്കുന്നതിനാവശ്യമായ സൗകര്യങ്ങളോടുകൂടി ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ്രട്ടറി വികസിപ്പിക്കേണ്ടതുണ്ട്. രാസവസ്തുക്കൾ ഹൈപ്രഷർ ലിക്വിഡ് ക്രോമെറോഗ്രാഫി പോലുള്ള ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുവേണ്ടിവരുന്ന ചെലവ് വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണ്. ഘട്ടംഘട്ടമായി ഡ്രഗ്സ് ഇൻസ്പെക്ടർമാർ, സൂപ്പർവൈസേഴ്സ് എന്നീ തസ്തികകളിലേക്ക് നിയമനം നടത്തേണ്ടതുണ്ട്. 1993-94-ൽ 15 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ 3 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി നീക്കിവച്ചിട്ടുള്ളതാണ്.

61. **ആരോഗ്യവിദ്യാഭ്യാസ പരിപാടി**

(വിഹിതം 40.00 ലക്ഷം രൂപ)

1993-94-ൽ 4, 7, 10 എന്നീ സ്റ്റാൻഡേർഡുകളിൽ പഠിക്കുന്ന ഏകദേശം 17 ലക്ഷം കുട്ടികളെ വൈദ്യ പരിശോധനയ്ക്ക് വിധേയരാക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനുവേണ്ടി 40 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളതിൽ 25 ലക്ഷം രൂപ ഹെൽത്ത് കാർഡുകൾക്കുവേണ്ടി വരുന്ന ചെലവ ലേക്കുള്ളതാണ്, പ്രത്യേക ഘടകപദ്ധതി വിഹിതമായി 10 ലക്ഷം രൂപ വിനിയോഗിക്കുന്നതാണ്.

62. **ആരോഗ്യസ്ഥിതി വിവരകണക്കുകളും ഗവേഷണവും**

(വിഹിതം 2.00 ലക്ഷം രൂപ)

ആരോഗ്യവകുപ്പിലെ സ്ഥിതി വിവരകണക്കുകൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ ബ്യൂറോ ഓഫ് ഹെൽത്ത് ഇൻറലിജൻസ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ ഒരു സ്ററാറിസ്ററിക്കൽ അസിസ്ററന്റും എൽ. ഡി. കമ്പയിലറും ഉണ്ട്. ഡയറക്ടറേററിലും മററുതലത്തിലും സ്ററാററിസ്ററിക്കൽ സെക്ഷനും ഇൻറലിജൻസ് സംവിധാനവും സ്ററാഫ് നിയമനം ഒഴികെയുള്ള സൗകര്യങ്ങളോടുകൂടി മെച്ചപ്പെടുത്തുന്നതിനുവേണ്ടി 1993-94-ൽ 2 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

63. **പൊതുജനാരോഗ്യ ലാബ്രട്ടറികൾ**

(വിഹിതം 15.00 ലക്ഷം രൂപ)

തിരുവനന്തപുരം സെൻട്രൽ ലാബ്രട്ടറിയിലും അതിന്റെ കീഴിലുള്ള റീജിയണൽ ലാബ്രട്ടറിയിലും കൂടി പ്രതിവർഷം ഏകദേശം 2,11,600 പരിശോധനകൾ നടത്തിവരുന്നുണ്ട്. തിരുവനന്തപുരം പൊതുജനാരോഗ്യ ലാബ്രട്ടറിയിലെ സ്റ്റെറൈൽ സൊലൂഷൻ വിഭാഗം ഡിസ്റ്റിൽഡ് വാട്ടർ, നോർമൽ സലൈൻ, ഡെക്സ്ട്രോസ് 15% എന്നിവ നിർമ്മിക്കുന്നുണ്ട്. സ്റ്റെറൈൽ വിഭാഗത്തിന് എല്ലാ സൗകര്യങ്ങളുമുള്ള ഒരു കെട്ടിടം ആവശ്യമാണ്. പേപ്പട്ടി വിഷം, കോളറ മുതലായവയ്ക്കുള്ള പ്രതിരോധ കുത്തിവയ്പിനുള്ള മരുന്നിന്റെ ഉല്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്. വർദ്ധിച്ചുവരുന്ന ആവശ്യകതയനുസരിച്ച് സൈറോളജി, എയ്ഡ്സ് ഡിറ്റക്ഷൻ തുടങ്ങിയ പരിശോധനകൾ നടത്തേണ്ടതുണ്ട്. ജില്ലാ ലാബ്രട്ടറികൾ മെച്ചപ്പെടുത്തുന്നതിനും ഇടുക്കിയിലും കാസർകോട്ടും പുതിയ ലാബ്രട്ടറികൾ തുടങ്ങുന്നതിനും ഉദ്ദേശമുണ്ട്. വിഹിതമായ 15 ലക്ഷം രൂപയിൽ 5 ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനും 3 ലക്ഷം രൂപ രാസവസ്തുക്കൾ വാങ്ങുന്നതിനും 3 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കും ബാക്കി തുക മററു ചെലവുകൾക്കുമാണ്.

64. **കെമിക്കൽ എക്സാമിനറുടെ ലാബ്രട്ടറി**

(വിഹിതം 25.00 ലക്ഷം രൂപ)

പല തരത്തിലുള്ള കുററകൃത്യങ്ങളുമായി ബന്ധപ്പെട്ട ഏതാണ്ട് 36,000 വസ്തുക്കൾ കെമിക്കൽ എക്സാമിനറുടെ ലാബ്രട്ടറിയിൽ പ്രതിവർഷ പരിശോധിച്ചു വരുന്നുണ്ട്. 1989-90-ൽ പണി ആരംഭിച്ച സെൻട്രൽ ലാബ്രട്ടറിയുടെ കെട്ടിടനിർമ്മാണം 1993-94ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുവരെ തീരുമാനമെടുക്കാൻ സാധിക്കാത്ത വളരെയധികം കേസുകൾ പരിശോധിക്കാനുള്ളതിനാൽ സെൻട്രൽ ലാബ്രട്ടറിയിലെയും റീജിയണൽ ലാബ്രട്ടറിയിലെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. 1993-94 ലേക്ക് 25 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളതിൽ 10 ലക്ഷം രൂപ കോൺട്രാക്ടർമാർക്ക് കൊടുത്തുതീർക്കാനുള്ള തുകയുൾപ്പെടെയുള്ള നിർമ്മാണപ്രവർത്തനത്തിനും 5 ലക്ഷം രൂപ ആധുനീക ഉപകരണങ്ങളോടുകൂടി ലാബ്രട്ടറി നവീകരിക്കുന്നതിനും 6 ലക്ഷം രൂപ രാസവസ്തുക്കൾ വാങ്ങുന്നതിനും ബാക്കി തുക മററു ചെലവുകൾക്കുംവേണ്ടി വിനിയോഗിക്കുന്നതാണ്.

65. **ഗവൺമെന്റ് അനലിസ്ററ് ലബോറട്ടറി**

(വിഹിതം 10.00 ലക്ഷം രൂപ)

തിരുവനന്തപുരത്തെ ഗവൺമെന്റ് അനലിസ്ററ് ലബോറട്ടറിയും എറണാകുളത്തേയും കോഴിക്കോട്ടേയും റീജിയണൽ ലബോറട്ടറികളും ഭക്ഷണത്തിലേയും ജലത്തിലേയും മായംചേർക്കൽ വിശകലനം ചെയ്യുന്നതിനും

മായമായി കലർത്തുന്ന പുതിയ തരം വസ്തുക്കളെ കണ്ടുപിടിക്കുന്നതിനും വേണ്ടിയുളളതാണ്. ജലമലിനീകരണ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടും ഈ ലബോറട്ടറികൾ പ്രവർത്തിക്കുന്നതുകൊണ്ട് ഇവയെ മലിനീകരണ നിയന്ത്രണനിയമം അനുസരിച്ച് അപ്പലേററ് ലാബറട്ടറികളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നതിനായി മെർക്കുറി അനലൈസർ, ററർബിഡോമീററർ, ബി. ഒ. ഡി. ഇൻക്യൂബേററർ, അകാ അനലൈസർ മുതലായ നവീന രീതിയിലുളള ഉപകരണങ്ങൾ വാങ്ങേണ്ടതുണ്ട്. ആധുനിക ഉപകരണങ്ങൾ, വാഹനങ്ങൾ, ബുക്കുകൾ, മററു പ്രസിദ്ധീകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ഉദ്യോഗസ്ഥൻമാർക്ക് ആധുനീകരീതിയിലുളള വിശകലനങ്ങളെപ്പററി പരിശീലനംനൽകുന്നതിനുമാണ് വിഹിതം വിനിയോഗിക്കുന്നത്.

66. ആരോഗ്യവിദ്യാഭ്യാസവും പ്രചരണവും

(വിഹിതം 6·00 ലക്ഷം രൂപ)

ആരോഗ്യ വിദ്യാഭ്യാസ സെമിനാറുകൾ നടത്തുന്നതിനും, പട്ടികവർഗ്ഗസങ്കേതങ്ങളിൽ പരിശീലന ക്യാമ്പുകൾ നടത്തുന്നതിനും, ദൃശ്യശ്രവണഉപകരണങ്ങൾ, വർക്ക്ഷോപ്പിലേക്കാവശ്യമായ സാധനങ്ങൾ, ബാനറുകൾ, എന്നിവ വാങ്ങുന്നതിനും, പ്രചരണത്തിനു വേണ്ടിയുളള സാധന സാമഗ്രികളും ഫിലിമുകളും നിർമ്മിക്കുന്നതിനും പ്രിൻറിംഗിനും വേണ്ടിയുളളതാണ് പ്രസ്തുത വിഹിതം.

## പ്രത്യേക ഘടകപദ്ധതി

## അലോപ്പതി

67. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുക, നിലവിലുളളവ ശക്തിപ്പെടുത്തുക, പിന്നോക്കപ്രദേശങ്ങളിലെ ഉപകേന്ദ്രങ്ങൾക്കും ഡിസ്പെൻസറികൾക്കും ഔഷധം വിതരണം ചെയ്യുക

(വിഹിതം 71.00 ലക്ഷം രൂപ)

1993-94-ൽ പട്ടികജാതി വിഭാഗക്കാർ ധാരാളമുളള പഞ്ചായത്തുകളിൽ പുതുതായി 5 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും, നിലവിലുളളവ കാര്യക്ഷമമായി തുടർന്നുകൊണ്ടുപോകുന്നതിനുമാണ് പ്രസ്തുത വിഹിതം. ഇതിൽ 50 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടിയുളളതാണ്.

68. വിവിധോദ്ദേശ ആരോഗ്യ പ്രവർത്തകരുടെ പദ്ധതി

(വിഹിതം 2.00 ലക്ഷം രൂപ)

തിരുവനന്തപുരത്തും കോഴിക്കോട്ടുമുളള വനിതാ ആരോഗ്യ പ്രവർത്തകരുടെ രണ്ട് ട്രെയിനിംഗ് സ്ക്കൂളുകൾ തുടർന്നു നടത്തുന്നതിനുവേണ്ടിയാണ് പ്രസ്തുത വിഹിതം നീക്കി വച്ചിരിക്കുന്നത്. പരിശീലകർക്ക് സ്റൈറപെൻറ് കൊടുക്കുന്നതിനാവശ്യമായ ചെലവും വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണ്. ഈ സ്ക്കൂളുകളിൽ വർഷം തോറും 90 വനിതാ പ്രവർത്തകർക്ക് പ്രവേശനം നൽകുന്നുണ്ട്.

69. മലപ്പുറം, പാലക്കാട്, ഇടുക്കി, വയനാട് എന്നീ പിന്നോക്ക ജില്ലകൾക്കുവേണ്ടിയുളള ഗ്രാമ ദന്താരോഗ്യ പരിപാടി.

(വിഹിതം 1.00 ലക്ഷം രൂപ)

ഗ്രാമപ്രദേശങ്ങളിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ദന്താരോഗ്യത്തെപ്പററി വിലയിരുത്തുന്നതിനും അവർക്ക് ദന്താരോഗ്യത്തെക്കുറിച്ച് പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനും വേണ്ടിയാണ് പ്രസ്തുത വിഹിതം വിനിയോഗിക്കുന്നത്.

70 നേഴ്സിംഗ് വിദ്യാഭ്യാസം.

(വിഹിതം 35.00 ലക്ഷം രൂപ)

തിരുവനന്തപുരത്തെ പ്രിയദർശിനി ഇൻസ്ററിററ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസിൽ ആറു വിവിധ പാരാമെഡിക്കൽ കോഴ്സുകളിലേക്ക് പ്രവേശനം നൽകുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം 150 ൽ നിന്നും 200 ആയി വർദ്ധിപ്പിക്കുന്നതിനും സ്ററാഫ്, ഉപകരണങ്ങൾ, ബുക്കുകൾ, ഫർണിച്ചർ തുടങ്ങിയ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു സ്ഥാപനമാക്കി ഇതിനെ മാററുന്നതിനും വിഹിത വിനിയോഗിക്കുന്നതാണ്. 150 പേരെ വീതം താമസിക്കുന്നതിനു സൗകര്യമുളള പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും വേണ്ടിയുളള പ്രത്യേക ഹോസ്ററലുകൾ നിർമ്മിക്കാനും ഉദ്ദേശമുണ്ട്. ഔഷധ നിർമ്മാണ യൂണിററ് തുടങ്ങുക, പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി 5 വർഷത്തെ ബി. ഫാം ഡിഗ്രികോഴ്സ് തുടങ്ങുക, മൈക്രോ ബയോളജിക്കൽ പരിശോധനകൾ തുടങ്ങുക, മൈക്രോ ബയോളജി ലാബ്രട്ടറിയിൽ സിറോളജി ലാബ്രട്ടറി കൂടി രൂപീകരിക്കുക, ഹിസ്റേറാടെക്നോളജി വികസിപ്പിക്കുക എന്നിവയാണ് 1993-94-ൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന മററു പരിപാടികൾ. പദ്ധതി വിഹിതമായ 35 ലക്ഷം രൂപയിൽ 10 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നതാണ്.

## ആയുർവേദം

71 ഗ്രാമ പ്രദേശങ്ങളിൽ പുതിയ ആയുർവേദ ഡിസ്പെൻസറികൾ തുറക്കുന്നതിന്.

(വിഹിതം 7.00 ലക്ഷം രൂപ)

1993-94-ൽ പട്ടികജാതിക്കാർക്ക് വേണ്ടി 2 ആയുർവേദ ഡിസ്പെൻസറികൾ തുറക്കുന്നതാണ്. 1993-94-ൽ ഈ പദ്ധതിക്കായി 7 ലക്ഷം രൂപ വകകൊളളിച്ചിട്ടുണ്ട്. ഇതിൽ 2 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കാവുന്നതാണ്.

## ഹോമിയോപ്പതി

72 പുതിയ ഗ്രാമീണ ഹോമിയോ ഡിസ്പെൻസറികൾ തുറക്കുന്നതിനും നിലവിലുളളവ മെച്ചപ്പെടുത്തുന്നതിനും.

(വിഹിതം 7.00 ലക്ഷം രൂപ)

പ്രത്യേക ഘടക പദ്ധതിക്കു കീഴിൽ സംസ്ഥാനത്ത് 23 ഗ്രാമീണ ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. 1993-94-ൽ ഈ പദ്ധതിക്കായി 7 ലക്ഷം രൂപ വകകൊളളിച്ചിട്ടുളളതിൽ 1 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതാണ്. 1993-94-ൽ 3 പുതിയ ഡിസ്പെൻസറികൾ തുടങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## ഗിരി വർഗ്ഗ ഉപപദ്ധതി

### അലോപ്പതി

73. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും തുറക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും പിന്നോക്ക പ്രദേശങ്ങളിലുള്ള ഡിസ്പെൻസറികൾക്കും ഉപകേന്ദ്രങ്ങൾക്കും വേണ്ടിയുള്ള മരുന്നിനും, നിലമ്പൂർ, വയനാട് എന്നിവിടങ്ങളിലുള്ള സഞ്ചരിക്കുന്ന മെഡിക്കൽ യൂണിററുകൾക്കും എം. സി. എച്ച്. കേന്ദ്രങ്ങൾക്കും.

(വഹിതം 23.00 ലക്ഷം രൂപ)

ഗിരിവർഗ്ഗ ഉപപദ്ധതിയുടെ കീഴിൽ 5 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ ഉദ്യോഗസ്ഥൻമാരോടുകൂടിയ മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കുന്നതിനും, ആവശ്യമുള്ള ജീവനക്കാർ, ഫർണിച്ചർ, ഉപകരണങ്ങൾ എന്നിവ നൽകി നിലവിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനുമാണ് വിഹിതം വിനിയോഗിക്കുന്നത്. 1993-94-ലെ വിഹിതമായ 23 ലക്ഷം രൂപയിൽ 7 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ളതാണ്.

74. വിവിധോദ്ദേശ ആരോഗ്യ പ്രവർത്തകർക്കുള്ള പദ്ധതി.

(വിഹിതം 1.00 ലക്ഷം രൂപ)

പാലക്കാട്ടെ നെൻമാറയിലുള്ള വനിതാ ആരോഗ്യ പ്രവർത്തകർക്കുവേണ്ടിയുള്ള സ്ക്കൂളിന്റെ തുടർന്നുള്ള നടത്തിപ്പിലേക്കും 45 വനിതാ ആരോഗ്യ പ്രവർത്തകരായ പരിശീലകാർക്ക് സ്റ്റൈപ്പന്റ് നൽകാനുമാണ് പ്രസ്തുത വിഹിതം.

### ആയുർവേദം

75. ഗ്രാമീണ ഡിസ്പെൻസറികൾ തുറക്കുന്നതിനും നിലവിലുള്ളവ മെച്ചപ്പെടുത്തുന്നതിനും.

(വിഹിതം 3.00 ലക്ഷം രൂപ)

1993-94-ൽ കൂടുതൽ പട്ടിക വർഗ്ഗക്കാർ താമസിക്കുന്ന പ്രദേശത്ത് ഒരു പുതിയ ആയുർവേദ ഡിസ്പെൻസറി തുറക്കുന്നതിനും 1991-92-ലും 1992-93-ലും ആരംഭിച്ച ആയുർവേദ ഡിസ്പെൻസറികൾ തുടർന്നു പോകുന്നതിനുമാണ് വിഹിതം വിനിയോഗിക്കുന്നത്.

### ഹോമിയോപ്പതി

76. പുതിയ ഗ്രാമീണ ഹോമിയോ ഡിസ്പെൻസറികൾ തുറക്കുന്നതിനും നിലവിലുള്ളവ മെച്ചപ്പെടുത്തുന്നതിനും.

(വിഹിതം 2.00 ലക്ഷം രൂപ)

സംസ്ഥാനത്ത് ഗിരിവർഗ്ഗ ഉപ പദ്ധതിയുടെ കീഴിൽ 14 ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. 1993-94-ലേക്ക് 2 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. 1993-94-ൽ ഒരു ഡിസ്പെൻസറി തുറക്കുന്നതിനുദ്ദേശിക്കുന്നു. 1991-92, 1992-93 എന്നീ വർഷങ്ങളിൽ തുറന്ന ഡിസ്പെൻസറികൾ തുടർന്നു കൊണ്ടു പോകുന്നതിനും വിഹിതം വിനിയോഗിക്കുന്നതാണ്.

## മററുള്ളവ

77. എംപ്ലോയീസ് സ്റേറററ് ഇൻഷുറൻസ്.

(വിഹിതം 5.00 ലക്ഷം രൂപ)

ഇപ്പോൾ ഏകദേശം 3.17 ലക്ഷം ആൾക്കാർക്ക് ഇ. എസ്. ഐ. യുടെ പ്രയോജനം ലഭിക്കുന്നുണ്ട്. ഈ ഡിപ്പാർട്ടുമെന്റിൽ ഇൻഷ്വർ ചെയ്ത അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വൈദ്യ സഹായം നൽകി വരുന്നു. എട്ടാം പ്രദ്ധതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഒരു പ്രധാന പരിപാടി പേരൂർക്കട, പാരിപ്പള്ളി, എഴുകോൺ, ആശ്രാമം (കൊല്ലം), ഉദ്യോഗമണ്ഡൽ, ഫെറൂക്ക് എന്നിവിടങ്ങളിലെ ഇ. എസ്. ഐ. ആശുപത്രികളിൽ ഇൻറൻസീവ് കൊറോണറി കെയർ യൂണിററ് തുടങ്ങുക എന്നതാണ്. അതുപോലെ ഉദ്യോഗമണ്ഡലിലെ ആശുപത്രിയിൽ തുടങ്ങിയ ക്യാൻസർ ഡിറെക്ഷൻ യൂണിററ് ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇ. എസ്. ഐ. കോർപ്പറേഷനും സംസ്ഥാന ഗവൺമെൻറുംകൂടി 7:1 എന്ന അനുപാതത്തിലാണ് ഇതിന്റെ ചെലവുകൾ വഹിക്കുന്നത്. 1993-94-ലേക്ക് സംസ്ഥാന വിഹിതമായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

78. ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ. എം.) കേരളാ ലിമിററഡ്.

(വിഹിതം 11.00 ലക്ഷം രൂപ)

ആയുർവേദ ഔഷധങ്ങളുടെ ഉല്പാദനത്തിലും വില്പനയിലും ഏർപ്പെട്ടിരിക്കുന്ന ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ പൂർണ്ണമായും കേരള സർക്കാരിന്റെ അധീനതയിലുള്ള ഒരു സ്ഥാപനമാണ്. 1993-94-ൽ ഓഹരി മൂലധന നിക്ഷേപമായി നൽകുന്നതിനാണ് 11 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നത്.

79. വാഹനാപകടങ്ങളിൽപ്പെട്ട് അംഗവൈകല്യം സംഭവിച്ചവർക്കുവേണ്ടിയുള്ള ക്ഷേമ സൊസൈററി.

(വിഹിതം 2.00 ലക്ഷം രൂപ)

വാഹനാപകടങ്ങൾ മുഖേനയുള്ള അംഗവൈകല്യങ്ങൾ ഒഴിവാക്കുക, നിയന്ത്രിക്കുക, അപകടത്തിൽ സഞ്ചാരശേഷി നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുക തുടങ്ങിയവയാണ് സൊസൈററിയുടെ ലക്ഷ്യം. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അംഗവൈകല്യം സംഭവിച്ചവർക്കുവേണ്ടി മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനും, കൃത്രിമ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും, അംഗവൈകല്യം തടയുന്നതിനായി ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും ആരോഗ്യ വിദ്യാഭ്യാസ സെമിനാറുകൾ നടത്താനുമാണ്, ഉദ്ദേശിക്കുന്നത്. 1992-93-ൽ ഈ സൊസൈററിക്ക് ഗവൺമെൻറിൽനിന്നും 2 ലക്ഷം രൂപ ധനസഹായം ലഭിച്ചിട്ടുണ്ട്. 1993-94-ലേയ്ക്കുള്ള ഗവൺമെൻറിന്റെ വിഹിതമായി 2 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

80. രാജീവ് ഗാന്ധി ഇൻസ്ററിററ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്.

(വിഹിതം 2.00 ലക്ഷം രൂപ)

രാജീവ്ഗാന്ധി ഇൻസ്ററിററ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എന്ന പേരിൽ ഒരു സ്ഥാപനം തുടങ്ങുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിലേക്കുവേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും മററു പ്രാരംഭ ചെലവുകൾക്കും വേണ്ടിയുള്ളതാണ് പ്രസ്തുത വിഹിതം.

## 9.6 ശുദ്ധജലവിതരണവും മാലിന്യ നിവാരണവും

### 1. സർവ്വേയും പര്യവേഷണവും

(വിഹിതം 5.00 ലക്ഷം രൂപ)

വിദേശ ഏജൻസികൾ, ഹഡ്കോമുതലായവയുടെ സാമ്പത്തിക സഹായത്തോടുകൂടി കേരള ജലഅതോറിററി സമഗ്രഗ്രാമീണ ജലവിതരണ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഈ പദ്ധതിയിൻകീഴിൽ ഇപ്പോൾ ഏറ്റെടുത്തിരിക്കുന്ന പരിപാടികൾ തുടരുന്നതിന് 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പുതിയ തസ്തികകൾക്കോ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനോ ഈ വിഹിതം വിനിയോഗിക്കാവുന്നതല്ല.

### 2. ഗവേഷണവും പരിശീലനവും

(വിഹിതം 10.00 ലക്ഷം രൂപ)

സാമ്പത്തികമേൻമയുളള സാങ്കേതിക വിദ്യകൾ കണ്ടുപിടിക്കുന്നതിനും ജലനഷ്ടം ഒഴിവാക്കുന്നതിനും ജലവിതരണസംവിധാനത്തിലെ തകരാറുകൾ കണ്ടുപിടിക്കുന്നതിനും ഉതകുന്ന പഠനങ്ങളും ഗവേഷണങ്ങളും കേരള ജലഅതോറിററി നടത്തുന്നുണ്ട്. ഇപ്പോഴുളള പരിപാടികൾ നടത്തുന്നതിന് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പുതിയ തസ്തികകൾക്കായി ഈ വിഹിതം ഉപയോഗിക്കാവുന്നതല്ല.

### 3. ഗുരുവായൂർ മാലിന്യനിവാരണ പദ്ധതി

(വിഹിതം 10.00 ലക്ഷം രൂപ)

ഗുരുവായൂർ മാലിന്യനിവാരണ പദ്ധതി 58 ലക്ഷം രൂപ മതിപ്പുചെലവിൽ 1975-ലാരംഭിച്ചു. ഈ പദ്ധതിയ്ക്കായി 55 ലക്ഷം രൂപ ചെലവായിട്ടുണ്ട്. പദ്ധതിയുടെ പണി തുടരുന്നതിന് 1993-94-ൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 4. തിരുവനന്തപുരത്തെ മാലിന്യനിവാരണ പദ്ധതി

(വിഹിതം 140.00 ലക്ഷം രൂപ)

തിരുവനന്തപുരത്തെ ഡ്രെയിനേജ് പദ്ധതി A, B, C, D E, F, G എന്നീ ഏഴു ബ്ലോക്കുകളായി തരിച്ചിട്ടുണ്ട്. A, B എന്നീ ബ്ലോക്കുകൾ കമ്മീഷൻ ചെയ്തു കഴിഞ്ഞു. C, D എന്നീ ബ്ലോക്കുകൾ ഭാഗികമായി കമ്മീഷൻ ചെയ്തു. 'ഡി' ബ്ലോക്കിൽ ഇപ്പോൾ ഏറെറടുത്തിരിക്കുന്ന പണികൾ 1995-ൽ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു. ഇതിന് 1993-94-ൽ 140 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### ലോകബാങ്കിന്റെ സഹായത്തോടുകൂടിയുളള ജലവിതരണ പദ്ധതികൾ

### 5. കൊല്ലം ജലവിതരണ പദ്ധതി

(വിഹിതം 400.00 ലക്ഷം രൂപ)

കൊല്ലം പട്ടണത്തിൽ നിലവിലുളള ജലവിതരണ പദ്ധതി വിപുലീകരിച്ചു സമീപത്തുളള ആറു പഞ്ചായത്തുകളിലേക്കുകൂടി ജലവിതരണം നടത്തുന്നതിന് 1985-ൽ ആരംഭിച്ച ഈ പദ്ധതികൊണ്ട് ഉദ്ദേശം 3,72,100 പേർക്ക് പ്രയോജനം ലഭിക്കും. മതിപ്പു ചെലവു 2000 ലക്ഷം രൂപ നിശ്ചയിച്ചിരുന്ന ഈ പദ്ധതിയുടെ പുതുക്കിയ എസ്ററിമേററ് 2625 ലക്ഷം രൂപയാണ്. പദ്ധതിയുടെ ആകെ ചെലവ് 1993 മാർച്ച് അവസാനമാകുമ്പോൾ 2056 ലക്ഷം രൂപയാകുമെന്നു കണക്കാക്കുന്നു. 1994-ൽ പൂർത്തിയാകേണ്ട ഈ പദ്ധതിക്ക് 1993-94-ൽ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 6. കോട്ടയം ജലവിതരണ പദ്ധതി

(വിഹിതം 150.00 ലക്ഷം രൂപ)

ഈ പദ്ധതി 1985-ൽ 674 ലക്ഷം രൂപ മതിപ്പു ചെലവിൽ ആരംഭിച്ചു. കോട്ടയത്തിനുസമീപമുളള 4 പഞ്ചായത്തുകളിലായി ഏകദേശം 1,65,700 പേർക്ക് ഈ പദ്ധതികൊണ്ട് പ്രയോജനമുണ്ടാകും. പദ്ധതിയുടെ പുതുക്കിയചെലവ് 1313 ലക്ഷം രൂപയാണ്. പദ്ധതിയുടെ ചെലവ് 1993 മാർച്ച് 31-ാം തീയതിയാകുമ്പോൾ 1136 ലക്ഷം രൂപയാകുമെന്നു കണക്കാക്കുന്നു. പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിന് 1993-94-ൽ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 7. വിശാലകൊച്ചി ജലവിതരണ പദ്ധതി-സൗത്ത് വെസ്ററ്സോൺ, സെൻട്രൽസോൺ

(വിഹിതം 600.00 ലക്ഷം രൂപ)

1986-87-ൽ ആരംഭിച്ച ഈ പദ്ധതിയുടെ മതിപ്പ് ചെലവ് 3101 ലക്ഷം രൂപയായിരുന്നു. വിശാല കൊച്ചി വികസന പ്രദേശത്തെ 12 പഞ്ചായത്തുകളിലായി 4,18,100 പേർക്ക് ഇതുകൊണ്ട് പ്രയോജനം ലഭിച്ചേക്കും. പദ്ധതിയുടെ എസ്ററിമേററ് 3375 ലക്ഷം രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പദ്ധതിയുടെ ആകെ ചെലവ് 1993 മാർച്ച് 31-ാം തീയതി ആകുമ്പോൾ 2530 ലക്ഷം രൂപയാകുമെന്നു കണക്കാക്കുന്നു. 1994-ൽ പൂർത്തിയാകേണ്ട ഈ പദ്ധതിക്ക് 1993-94-ൽ 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 8. വിളപ്പിൽ ജലവിതരണ പദ്ധതി

(വിഹിതം 25.00 ലക്ഷം രൂപ)

പദ്ധതി 1991-92-ൽ കമ്മീഷൻ ചെയ്തെങ്കിലും കവറേജ് കൂട്ടുന്നതിനുളള എക്സ്റെൻഷൻ ജോലികൾക്കായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന് ലോകബാങ്കിന്റെ അംഗീകാരമുണ്ട്.

### 9. ചിതറ സമഗ്ര ജലവിതരണ പദ്ധതി

(വിഹിതം 250.00 ലക്ഷം രൂപ)

579 ലക്ഷം രൂപ മതിപ്പുചെലവിൽ 1985-ൽ ആരംഭിച്ച ഈ പദ്ധതികൊണ്ട് 4 പഞ്ചായത്തുകളിലായി ഉദ്ദേശം 1,28,000 പേർക്ക് പ്രയോജനം ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഇതിന്റെ പുതുക്കിയ ചെലവ് 933 ലക്ഷം രൂപയാണ്. 1993 മാർച്ച് അവസാനമാകുമ്പോൾ പദ്ധതിക്കായി 569 ലക്ഷം രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു. 1994-95-ൽ പൂർത്തിയാകേണ്ട ഈ പദ്ധതിക്ക് 1993-94-ൽ 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 10. അടൂരിനും സമീപ പഞ്ചായത്തുകൾക്കുമുളള സമഗ്ര ജലവിതരണ പദ്ധതി

(വിഹിതം 100.00 ലക്ഷം രൂപ)

അഞ്ചു പഞ്ചായത്തുകളിൽ ജലവിതരണം നടത്തുന്നതിനായി 1985-ൽ ആരംഭിച്ച ഈ പദ്ധതിയുടെ മതിപ്പു ചെലവ് 757 ലക്ഷം രൂപയാണ്. ഇതിന്റെ ചെലവ് 898 ലക്ഷം രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പദ്ധതിയുടെ ആകെ ചെലവ് 1993 മാർച്ച് അവസാനമാകുമ്പോൾ 772 ലക്ഷം രൂപയാകുമെന്നു കണക്കാക്കുന്നു. പദ്ധതി പൂർത്തിയാക്കുന്നതിന് 1993-94-ൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 1994 മാർച്ച് ആകുമ്പോഴേക്ക പദ്ധതിയുടെ പണിപൂർത്തിയാകുമെങ്കിലും 1994-95-ൽ പണമിടപാടുകൾ തീർക്കാനുളളതുകൊണ്ട് മുഴുവൻ തുകയും കൊളളിച്ചിട്ടില്ല.

11. പുത്തൻകുരിശിനും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ജലവിതരണ പദ്ധതി

(വിഹിതം 35.00 ലക്ഷം രൂപ)

382 ലക്ഷം രൂപ മതിപ്പുചെലവുള്ള ഈ പദ്ധതി 1985-ൽ ആരംഭിച്ചു. ഉദ്ദേശം 93,700 പേർക്ക് ഇതുകൊണ്ടുപ്രയോജനം ലഭിച്ചേക്കും. പദ്ധതിയുടെ ചെലവ് 610 ലക്ഷം രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 1993 മാർച്ച് 31-ന് തീയതിയാകുമ്പോൾ പദ്ധതിക്കായി 581 ലക്ഷം രൂപ ചെലവാകുമെന്നു കണക്കാക്കുന്നു. പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിന് 35 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

12. നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണം

(വിഹിതം 75.00 ലക്ഷം രൂപ)

നിലവിലുള്ള ചില ജലവിതരണ പദ്ധതികൾ അവശ്യം പുനരുദ്ധരിലണ്ടതാണ്. ഇതിലേക്ക് 1993-94-ൽ 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

13. പദ്ധതികൾ വിപുലീകരിക്കലും ഭാഗികമായി കമ്മീഷൻ ചെയ്തവയുടെ പൂർത്തീകരണവും

(വിഹിതം 60.00 ലക്ഷം രൂപ)

ഭാഗികമായി കമ്മീഷൻ ചെയ്ത ചാലക്കുടി, പുനലൂർ, പേപ്പാറ ഡാം വൈയ്ക്കം, തൃശ്ശൂർ, പാലക്കാട്, തൃപ്പൂണിത്തുറ എന്നീ പദ്ധതികൾ പൂർത്തിയാക്കുകയും മററു ചില പദ്ധതികൾ വിപുലീകരിക്കുകയും വേണം. ഇതിലേയ്ക്ക് 60 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

14. എൽ. ഐ. സി. യുടെ സഹായമുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ

(വിഹിതം 100.00 ലക്ഷം രൂപ)

എൽ. ഐ. സി. യുടെ വായ്പാ സഹായത്തോടെ 40 ജലവിതരണ പദ്ധതികൾ നടപ്പാക്കിവരുന്നു. ഇവയുടെ പണി 50 മുതൽ 90 ശതമാനം വരെ പൂർത്തിയായിട്ടുണ്ട്. നടപ്പാക്കിവരുന്ന പദ്ധതികൾ പൂർത്തിയാക്കുന്നതിന് 1993-94-ൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പുതിയ പദ്ധതികൾ ഏറെറടുക്കേണ്ടതില്ല.

15. മററു ഗ്രാമീണ ജലവിതരണ പദ്ധതികൾ

(വിഹിതം 200.00 ലക്ഷം രൂപ)

മേൽപ്പറഞ്ഞവ കൂടാതെ 17 ഗ്രാമീണ ജലവിതരണ പദ്ധതികൾ സംസ്ഥാന ഫണ്ടുപയോഗിച്ച് നടപ്പാക്കി വരുന്നു. ഇവ പൂർത്തിയാക്കുന്നതിനും മുനിസിപ്പൽ പ്രദേശത്തുനിന്ന് ഗ്രാമപ്രദേശത്തേക്ക് വിപുലീകരണം നടത്തുന്നതിനുമായി 1993-94-ൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

16. വക്കം അഞ്ചുതെങ്ങ് സമഗ്രജലവിതരണ പദ്ധതി

(വിഹിതം 15.00 ലക്ഷം രൂപ)

1977-ലാരംഭിച്ച ഈ പദ്ധതിയുടെ മതിപ്പുചെലവ് 382 ലക്ഷം രൂപയാണ്. ഉദ്ദേശം 1,94,000 പേർക്ക് ഇതുകൊണ്ട് പ്രയോജനം ലഭിച്ചേക്കും. പദ്ധതിയുടെ ചെലവ് 591 ലക്ഷം രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 1993 മാർച്ച് 31-ാം പദ്ധതിയുടെ ചെലവ് 621 ലക്ഷം രൂപയാകുമെന്നു കണക്കാക്കുന്നു. പദ്ധതി കമ്മീഷൻ ചെയ്തെങ്കിലും വിപുലീകരണത്തിനായി 15 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. വരുംവർഷത്തിൽ ഈ പദ്ധതിയ്ക്കായി തുക കൊള്ളിക്കുന്നതല്ല.

17. നാട്ടിക–ഫിർക്ക സമഗ്ര ജലവിതരണ പദ്ധതി

(വിഹിതം 200.00 ലക്ഷം രൂപ)

മതിപ്പു ചെലവ് 1176 ലക്ഷം രൂപ കണക്കാക്കിയിരുന്ന ഈ പദ്ധതി 1982-ൽ ആരംഭിച്ചു. പദ്ധതി പൂർത്തിയാകുമ്പോൾ 9 പഞ്ചായത്തുകളിലായി ഉദ്ദേശം 4 ലക്ഷംപേർക്ക് പ്രയോജനം ലഭിച്ചേക്കും. ഈ പദ്ധതിയുടെ പുതുക്കിയ എസ്ററിമേററ് 1875 ലക്ഷം രൂപയാണ്. 1993 മാർച്ച് അവസാനമാകുമ്പോൾ ഈ പദ്ധതിയുടെ ആകെ ചെലവ് 1556 ലക്ഷം രൂപ ആയേക്കും. ഈ പദ്ധതി 1994-95-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി 1993-94-ൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

18. കുണ്ടറയ്ക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ജലവിതരണ പദ്ധതി

(വിഹിതം 300.00 ലക്ഷം രൂപ)

1985 ലാരംഭിച്ച ഈ പദ്ധതിയുടെ മതിപ്പു ചെലവ് 714 ലക്ഷം രൂപയാണ്. ഏഴു പഞ്ചായത്തുകളിലായി ഉദ്ദേശം 2,18,111 പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചേക്കും. മതിപ്പു ചെലവു 1606 ലക്ഷം രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുള്ള പ്രസ്തുത പദ്ധതിക്ക് 1993 മാർച്ച് അവസാനമാകുമ്പോൾ 1140 ലക്ഷം രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു. 1994-95-ൽ പൂർത്തിയാകേണ്ട ഈ പദ്ധതിക്ക് 1993-94-ൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

19. കോയിപ്പുറം ജലവിതരണ പദ്ധതി

(വിഹിതം 20.00 ലക്ഷം രൂപ)

ഈ പദ്ധതി 1992-ൽ കമ്മീഷൻ ചെയ്തു. കൂടുതൽ കവറേജ് കിട്ടുന്നതിന് നെതർലൻറ് ഗവൺമെൻറിൻെറ അംഗീകാരത്തോടുകൂടി വിപുലീകരണം നടത്തുന്നതിന് 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

20. മാളയ്ക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ജലവിതർണ പദ്ധതി

(വിഹിതം 50.00 ലക്ഷം രൂപ)

341 ലക്ഷം രൂപ മതിപ്പുചെലവിൽ 1985-ലാരംഭിച്ച ഈ പദ്ധതികൊണ്ട് 6 പഞ്ചായത്തുകളിലായി ഉദ്ദേശം 203750 പേർക്ക് പ്രയോജനം ലഭിക്കും. ഇതിൻെറ പുതുക്കിയ എസ്ററിമേററ് 586 ലക്ഷം രൂപയാണ്. 1993 മാർച്ച് 31 ആകുമ്പോൾ ഈ പദ്ധതിയ്ക്കായി 585 ലക്ഷം രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

21. ചെറിയനാട് ജലവിതരണ പദ്ധതി

(വിഹിതം 10.00 ലക്ഷം രൂപ)

ഈ പദ്ധതി 1992-ൽ കമ്മീഷൻ ചെയ്തു. ബൈലാററൽ ഏജൻസിയുടെ അംഗീകാരത്തോടുകൂടി കൂടുതൽ പ്രദേശത്തേക്ക് നീട്ടുന്നതിന് 1993-94-ൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

22. തൃക്കുന്നപ്പുഴ ജലവിതരണ പദ്ധതി

(വിഹിതം 5.00 ലക്ഷം രൂപ)

1991-92-ൽ പൂർത്തിയാക്കിയ ഈ പദ്ധതിയിൽ നിന്ന് ജലവിതരണം കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുന്നതിന് ബൈലാററൽ ഏജൻസിയുടെ അംഗീകാരമുള്ള എക്സ്ററൻഷൻ പണികൾക്കായി 1993-94-ൽ 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വരും വർഷങ്ങളിൽ ഇതിലേക്ക് തുക കൊള്ളിക്കുന്നതല്ല.

23. പാവറട്ടിയ്ക്ക് സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്രജല വിതരണ പദ്ധതി

(വിഹിതം 400.00 ലക്ഷം രൂപ)

1985-86-ലാരംഭിച്ച ഈ പദ്ധതിയുടെ ചെലവ് 1746 ലക്ഷം രൂപയാണ്. ഉദ്ദേശം 3,59,840 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഇതിന്റെ പുതുക്കിയ എസ്റ്റിമേറ്റ് 7280 ലക്ഷം രൂപയാണ്. 1993 മാർച്ച് 31 ആകുമ്പോൾ ഈ പദ്ധതിയുടെ ചെലവ് 1123 ലക്ഷം രൂപയാകുമെന്ന് കണക്കാക്കുന്നു. 1993-94-ൽ 400 ലക്ഷം രൂപ ഈ പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്.

24. കൊളച്ചേരിക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ജലവിതരണ പദ്ധതി

(വിഹിതം 350.00 ലക്ഷം രൂപ)

എട്ടു പഞ്ചായത്തുകളിലായി ഉദ്ദേശം 2,48,923 പേർക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് 1987-ൽ ആരംഭിച്ച ഈ പദ്ധതിയുടെ മതിപ്പുചെലവ് 668 ലക്ഷം രൂപയാണ്. ഇതിന്റെ പുതുക്കിയ എസ്റ്റിമേറ്റ് 1977 ലക്ഷം രൂപയാണ് ഇതിന്റെ ആകെ ചെലവ് 1993 മാർച്ച് 31 ആകുമ്പോൾ 1403 ലക്ഷമാകുമെന്ന് കണക്കാക്കുന്നു. ഈ പദ്ധതിക്ക് 1993-94-ൽ 350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

25. ഇടപ്പാലിനും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ജലവിതരണ പദ്ധതി

(വിഹിതം 190.00 ലക്ഷം രൂപ)

1987-ലാരംഭിച്ച ഈ പദ്ധതിയുടെ മതിപ്പ് ചെലവ് 330 ലക്ഷം രൂപയാണ്. അഞ്ചു പഞ്ചായത്തുകളിലായി ഉദ്ദേശം 1,95,800 പേർക്കുകുടി വെള്ളം ലഭ്യമാക്കാനുള്ള പദ്ധതിയാണിത്. പദ്ധതിയുടെ ആകെ ചെലവ് 1993 മാർച്ച് അവസാനമാകുമ്പോൾ 619 ലക്ഷം രൂപയാകുമെന്ന് പ്രതീക്ഷിക്കുന്നു, 1994-95-ൽ പൂർത്തിയാക്കേണ്ട ഈ പദ്ധതിക്ക് 1993-94-ൽ 190 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

26. ചീക്കോടിനും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ജലവിതരണ പദ്ധതി

(വിഹിതം 185.00 ലക്ഷം രൂപ)

ഈ പദ്ധതി 264 ലക്ഷം രൂപ മതിപ്പു ചെലവിൽ 1987-ലാരംഭിച്ചു. പത്തു പഞ്ചായത്തുകളിലായി ഉദ്ദേശം 86,687 പേർക്ക് കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതിയാണിത്. ഇതിന്റെ പുതുക്കിയ എസ്റ്റിമേറ്റ് 927 ലക്ഷം രൂപയാണ്. 1993 മാർച്ച് 31-ാം ആകുമ്പോൾ 551 ലക്ഷം രൂപ ഈ പദ്ധതിക്ക് ചെലവാകുമെന്ന് കണക്കാക്കുന്നു. 1994-95-ൽ പൂർത്തിയാക്കേണ്ട പ്രസ്തുത പദ്ധതിക്ക് 185 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

27 പൊതുക്കിണറുകൾ

(വിഹിതം 50.00 ലക്ഷം രൂപ)

പൈപ്പുവെള്ളം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ കിണറുകൾ കുഴിക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്. 1993-94-ൽ 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇതിൽ 20 ലക്ഷം രൂപ പ്രത്യേക ഘടക പദ്ധതിക്കും 10 ലക്ഷം രൂപ ഗിരിവർഗ്ഗ ഉപപദ്ധതിക്കുമാണ്.

28. ഹരിജനങ്ങൾക്കു വേണ്ടിയുള്ള ജലവിതരണ പദ്ധതികൾ

(വിഹിതം 900.00 ലക്ഷം രൂപ)

സംസ്ഥാനത്ത് 8210 ഹരിജൻ കോളനികളുള്ളതിൽ 2800 എണ്ണത്തിൽ കുടിവെള്ള സൗകര്യം ലഭ്യമാണ്. കൂടാതെ 225 ജലവിതരണ പദ്ധതികളുടെ പണി തുടരുന്നുണ്ട്. ഇവ പൂർത്തിയാക്കുന്നതിനും പുതുക്കിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും 1993-94-ൽ 900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

29. (യു.എൻ.ഡി.പി.) നഗരങ്ങളിൽ ചെലവു കുറഞ്ഞ ശുചീകരണ പരിപാടി

(വിഹിതം 125.00 ലക്ഷം രൂപ)

513 ലക്ഷം രൂപ മതിപ്പുചെലവിൽ 16,000 കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള പരിപാടി 1986-ൽ ആരംഭിച്ചു. ഇതിന്റെ പുതുക്കിയ ചെലവ് 491 ലക്ഷം രൂപയാണ്. മുനിസിപ്പൽ ഡയറക്ടർ മുഖേന 15 നഗരങ്ങളിൽ ഈ പദ്ധതി നടപ്പാക്കിവരുന്നു. ഒരു കക്കൂസു നിർമ്മിക്കുന്നതിനുള്ള ചെലവ് 2000 രൂപ മുതൽ 3,000 രൂപ വരെയാകും. 1992 മാർച്ച് 31-ന് 9,555 കക്കൂസുകൾ നിർമ്മിച്ചുകഴിഞ്ഞു. ഇതിനായി 366 ലക്ഷം രൂപ ചെലവായി. 1993-94-ൽ പൂർത്തിയാക്കേണ്ട ഈ പദ്ധതിക്ക് 125 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

30. ഗിരിജനങ്ങൾക്കുള്ള ശുദ്ധജല വിതരണപദ്ധതി

(വിഹിതം 200.00 ലക്ഷം രൂപ)

സംസ്ഥാനത്തിപ്പോൾ 3,800 ഗിരിജനസങ്കേതങ്ങളുള്ളതിൽ 150 എണ്ണത്തിൽ ശുദ്ധജല വിതരണ സംവിധാനമുണ്ട്. ഇപ്പോൾ 20 പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇവ പൂർത്തിയാക്കുന്നതിനും പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനുമായി 1993-94-ൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

31. (യു.എൻ.ഡി.പി.) ഗ്രാമങ്ങളിൽ ചെലവു കുറഞ്ഞ ശുചീകരണ പരിപാടി

(വിഹിതം 225.00 ലക്ഷം രൂപ)

32 പഞ്ചായത്തുകളിൽ ചെലവുകുറഞ്ഞ 16,000 കക്കൂസുകൾ നിർമ്മിക്കുന്ന പരിപാടി 500 ലക്ഷം രൂപ മതിപ്പുചെലവിൽ 1986-ൽ ആരംഭിച്ചു. പഞ്ചായത്തു ഡയറക്ടർ മുഖേന നടപ്പാക്കുന്ന ഈ പരിപാടിയുടെ പുതുക്കിയ എസ്റ്റിമേറ്റ് 517 ലക്ഷം രൂപയാണ്. ഒരു കക്കൂസ് നിർമ്മിക്കുന്നതിന് 2,000 രൂപ മുതൽ 3,000 രൂപ വരെ ചെലവാകും. 1992 മാർച്ച് അവസാനമായപ്പോൾ 8441 കക്കൂസുകൾ നിർമ്മിക്കുകയും ഇതിലേക്ക് 196 ലക്ഷം രൂപ ചെലവാകുകയും ചെയ്തു. 1994-ൽ പദ്ധതി പൂർത്തിയാക്കുന്നതിന് 225 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

32. ലോകബാങ്കിന്റെ ധനസഹായമുള്ള ഒരു പദ്ധതികൾ

(വിഹിതം 400.00 ലക്ഷം രൂപ)

വിദഗ്ദ്ധാഭിപ്രായാന്വേഷണ പഠനങ്ങൾ നടത്തുക, വാട്ടർമീറ്ററുകൾ വാങ്ങുക, മീറ്റർ റിപ്പയർ ചെയ്യുന്നതിനുള്ള വർക്ക്ഷോപ്പുകൾ സ്ഥാപിക്കുക, ലബോറട്ടറികൾ സ്ഥാപിക്കുക, പരിശീലനപരിപാടികൾ നടത്തുക എന്നിങ്ങനെ ലോകബാങ്കിന്റെ സഹായമുള്ള ജലവിതരണ പദ്ധതികൾക്കാവശ്യമായ പരിപാടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആരംഭിച്ചുകഴിഞ്ഞ പരിപാടികൾ തുടരുന്നതിന് 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

33. അങ്കമാലി ജലവിതരണ പദ്ധതി

(വിഹിതം 20.00 ലക്ഷം രൂപ)

1980-ൽ ആരംഭിച്ച ഈ പദ്ധതിയുടെ മതിപ്പുചെലവ് 164 ലക്ഷം രൂപയാണ്. ഉദ്ദേശം 50,000 പേർക്ക് പ്രയോജനം ലഭിച്ചേക്കാവുന്ന ഈ പദ്ധതിയുടെ ചെലവ് 280 ലക്ഷം രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 1992 മാർച്ച് 31 വരെ ഈ പദ്ധതിക്കായി 226 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 1992-93-ൽ 56 ലക്ഷം രൂപ ചെലവാകുമെന്ന് കണക്കാക്കുന്നു. 1993 മാർച്ചിൽ പണി പൂർത്തിയാകും. കുടിശ്ശിക തുകകൾ കൊടുത്തു തീർക്കുന്നതിന് 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

34. പത്തനംതിട്ട ജലവിതരണ പദ്ധതി

(വിഹിതം 90.00 ലക്ഷം രൂപ)

135 ലക്ഷം രൂപ മതിപ്പു ചെലവിൽ 1980-ൽ ആരംഭിച്ച ഈ പദ്ധതികൊണ്ട് ഉദ്ദേശം 57,200 പേർക്ക് ശുദ്ധജലം ലഭ്യമാക്കാൻ സാധിച്ചേക്കും. ഇതിന്റെ പുതുക്കിയ എസ്റ്റിമേററ് 396 ലക്ഷം രൂപയാണ്. 1992 മാർച്ച് 31 വരെ 276 ലക്ഷം രൂപ ചെലവാക്കിയിട്ടുള്ള ഈ പദ്ധതിയുടെ 60 ശതമാനം പണി പൂർത്തിയായിട്ടുണ്ട്. 1992-93-ൽ 11 ലക്ഷം രൂപ ചെലവാകുമെന്നു കണക്കാക്കുന്നു. പദ്ധതിയുടെ പണി തുടങ്ങുന്നതിന് 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

35. തൊടുപുഴ ജലവിതരണ പദ്ധതി

(വിഹിതം 50.00 ലക്ഷം രൂപ)

1980-ൽ ആരംഭിച്ച ഈ പദ്ധതിയുടെ മതിപ്പു ചെലവ് 292 ലക്ഷം രൂപയാണ്. ഉദ്ദേശം 55,400 പേർക്ക് പ്രയോജനം ലഭിച്ചേക്കാവുന്ന പ്രസ്തുത പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേററ് 488 ലക്ഷം രൂപയാണ്. ഈ പദ്ധതിയുടെ ആകെ ചെലവ് 1993 മാർച്ച് 31 ആകുമ്പോൾ 510 ലക്ഷം രൂപയായിരിക്കുമെന്നു കണക്കാക്കുന്നു. പദ്ധതി പൂർത്തിയാക്കുന്നതിനും കുടിശ്ശിക തുക കൊടുത്തുതീർക്കുന്നതിനുമായി 50 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

36. നെടുമങ്ങാട് ജലവിതരണ പദ്ധതി

(വിഹിതം 100.00 ലക്ഷം രൂപ)

344 ലക്ഷം രൂപ മതിപ്പുചെലവിൽ 1985-ൽ ആരംഭിച്ച ഈ പദ്ധതി പൂർത്തിയാകുമ്പോൾ 87,000 പേർക്ക് ശുദ്ധജലം ലഭ്യമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ ചെലവ് 780 ലക്ഷം രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 1993 മാർച്ച് 31 ആകുമ്പോൾ ഈ പദ്ധതിയുടെ ചെലവ് 467 ലക്ഷം രൂപയാകുമെന്നു കണക്കാക്കുന്നു. ഈ പദ്ധതി 1994-95-ൽ പൂർത്തിയാകും. 1993-94-ൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

37. കോതമംഗലം ജലവിതരണ പദ്ധതി

(വിഹിതം 70.00 ലക്ഷം രൂപ)

1980-ൽ ആരംഭിച്ച ഈ പദ്ധതി കൊണ്ട് ഉദ്ദേശം 59,300 പേർക്ക് പ്രയോജനം ലഭിച്ചേക്കും. 246 ലക്ഷം രൂപ മതിപ്പുചെലവ് നിശ്ചയിച്ചിരുന്ന ഈ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേററ് 419 ലക്ഷം രൂപയാണ്. 1993 മാർച്ച് 31 ആകുമ്പോൾ പദ്ധതിയുടെ ചെലവ് 423 ലക്ഷം രൂപ ആയേക്കുമെന്ന് കണക്കാക്കുന്നു. പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിന് 1993-94-ൽ 70 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

38. ചാവക്കാട്-കുന്നംകുളം ജലവിതരണ പദ്ധതി

(വിഹിതം 70.00 ലക്ഷം രൂപ)

ഉദ്ദേശം 1,46,000 പേർക്ക് ജലവിതരണം നടത്താനുദ്ദേശിച്ച് 1985-ൽ ആരംഭിച്ച ഈ പദ്ധതിയുടെ മതിപ്പുചെലവ് 406 ലക്ഷം രൂപയാണ്. ഇതിന്റെ പുതുക്കിയ എസ്റ്റിമേററ് 897 ലക്ഷം രൂപയാണ്. 1993 മാർച്ച് അവസാനമാകുമ്പോൾ ഇതിന്റെ ചെലവ് 487 ലക്ഷം രൂപയാകുമെന്നു കണക്കാക്കുന്നു. പദ്ധതി തുടരുന്നതിന് 1993-94-ൽ 70 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

39. മഞ്ചേരി ജലവിതരണ പദ്ധതി

(വിഹിതം 80.00 ലക്ഷം രൂപ)

മതിപ്പു ചെലവ് 453 ലക്ഷം രൂപ നിശ്ചയിച്ച് ഉദ്ദേശം 84,000 പേർക്ക് ജലവിതരണം നടത്തുന്നതിന് രൂപ കൽപ്പന ചെയ്തിട്ടുള്ള ഈ പദ്ധതി 1985-ൽ ആരംഭിച്ചു. ഇതിന്റെ പുതുക്കിയ എസ്റ്റിമേററ് 833 ലക്ഷം രൂപയാണ്. 1993 മാർച്ച് 31 ആകുമ്പോൾ ഈ പദ്ധതിയ്ക്കായി 827 ലക്ഷം രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിന് 1993-94-ൽ 80 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

40. പൊന്നാനി ജലവിതരണ പദ്ധതി

(വിഹിതം 85.00 ലക്ഷം രൂപ)

1985-ൽ ആരംഭിച്ച ഈ പദ്ധതിയുടെ മതിപ്പുചെലവ് 325 ലക്ഷം രൂപയാണ്. ഉദ്ദേശം 62,700 പേർക്ക് ഈ പദ്ധതികൊണ്ട് പ്രയോജനം ലഭിച്ചേക്കും. 1993 മാർച്ച് അവസാനമാകുമ്പോൾ പദ്ധതിയുടെ ചെലവ് 517 ലക്ഷം രൂപയാകുമെന്ന് കണക്കാക്കുന്നു. പദ്ധതി തുടരുന്നതിന് 1993-94-ൽ 85 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

41. കോഴിക്കോട് ജലവിതരണ പദ്ധതി—വിപുലീകരണം

(വിഹിതം 100.00 ലക്ഷം രൂപ)

കോഴിക്കോട് നിലവിലുള്ള ജലവിതരണ പദ്ധതിയുടെ ജലവിതരണശേഷി മെച്ചപ്പെടുത്തുന്നതിന് 316 ലക്ഷം രൂപ മതിപ്പുചെലവിൽ 1986-ൽ ആരംഭിച്ച പദ്ധതിയാണിത്. ഈ പദ്ധതിയുടെ ആകെച്ചെലവ് 1993 മാർച്ച് അവസാനമാകുമ്പോൾ 1415 ലക്ഷം രൂപയാകുമെന്ന് കണക്കാക്കുന്നു. 1995-ൽ പൂർത്തിയാക്കേണ്ട പ്രസ്തുത പദ്ധതിക്ക് 1993-94-ൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

42. പെരുമ്പാവൂർ ജലവിതരണ പദ്ധതി

(വിഹിതം 100.00 ലക്ഷം രൂപ)

ഉദ്ദേശം 1,57,000 പേർക്ക് ശുദ്ധജല വിതരണം നടത്താനുദ്ദേശിച്ച് 1985-ൽ ആരംഭിച്ച ഈ പദ്ധതിയുടെ മതിപ്പുചെലവ് 450 ലക്ഷം രൂപയാണ്. ഇതിന്റെ ആകെ ചെലവ് 1993 മാർച്ച് അവസാനമാകുമ്പോൾ 419 ലക്ഷം രൂപയാകുമെന്ന് കണക്കാക്കുന്നു. പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിന് 100 ലക്ഷം രൂപ വേണ്ടിവരും. തുക മുഴുവൻ 1993-94-ൽ വക കൊള്ളിച്ചിട്ടുണ്ട്.

43. ഷൊർണ്ണൂർ ജലവിതരണ പദ്ധതി

(വിഹിതം 40.00 ലക്ഷം രൂപ)

1985-ലാരംഭിച്ച ഈ ജലവിതരണ പദ്ധതിയുടെ മതിപ്പുചെലവ് 235 ലക്ഷം രൂപയാണ്. ഉദ്ദേശം 73,400 പേർക്ക് പ്രയോജനം ലഭിച്ചേക്കാവുന്ന ഈ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേററ് 596 ലക്ഷം

രൂപയാണ്. 1993 മാർച്ച് അവസാനമാകുമ്പോൾ ഈ പദ്ധതിക്കായി 285 ലക്ഷം രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു. 1993-94-ൽ 40 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

44. ചെങ്ങന്നൂർ ജലവിതരണ പദ്ധതി

(വിഹിതം 90.00 ലക്ഷം രൂപ)

170 ലക്ഷം രൂപ മതിപ്പുചെലവിൽ 1988-ലാരംഭിച്ച ഈ പദ്ധതികൊണ്ട് 34100 പേർക്ക് പ്രയോജനം ലഭിക്കുമെന്ന് കണക്കാക്കുന്നു. ഇതിന്റെ ആകെ ചെലവ് 1993 മാർച്ച് അവസാനമാകുമ്പോൾ 82 ലക്ഷം രൂപയാകുമെന്ന് കണക്കാക്കുന്നു. ഈ പദ്ധതിക്കായി 1993-94-ൽ 90 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

45. കുടിവെള്ളത്തിനും ഗ്രാമീണ ശുചീകരണത്തിനുമുള്ള സമഗ്ര പദ്ധതി

(വിഹിതം 50.00 ലക്ഷം രൂപ)

ഒരു പ്രദേശത്തെ മുഴുവൻ കുടുംബങ്ങളും ഗുണഭോക്താക്കളാകത്തക്കവിധം ഗ്രാമപ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനും കക്കൂസ് സൗകര്യം നിർമ്മിക്കുന്നതിനുമുള്ള പരിപാടിയാണിത്. ഒന്നാംഘട്ടത്തിൽ ഐ. ആർ. ഡി. പി. ഗുണഭോക്താക്കളെ മാത്രമാണ് തെരഞ്ഞെടുക്കുന്നത്. ശുദ്ധജലമുള്ള കിണറുകളുള്ള കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നതാണ്. ഇരട്ട കുഴിയുള്ള കക്കൂസ് നിർമ്മിക്കുന്നതിന് 1,500 രൂപ സഹായധനമായി നൽകും. ഓരോ കുടുംബത്തിനും പ്രത്യേകം കിണറുകളില്ലാത്ത പ്രദേശങ്ങളിൽ അഞ്ചോ പത്തോ കുടുംബങ്ങൾക്കുകൂടി ഒരു പൊതു കിണർ നിർമ്മിക്കുന്നതിന് സഹായധനം നൽകുന്നതാണ്. മേൽപ്പറഞ്ഞ പരിപാടികൾക്കായി 1993-94-ൽ 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇതിൽ 20 ലക്ഷം രൂപ പ്രത്യേക ഘടകപദ്ധതിയ്ക്കും 10 ലക്ഷം രൂപ ഗിരിവർഗ്ഗ ഉപപദ്ധതിക്കുമാണ്.

46. ഏഴിമല നാവിക അക്കാദമിക്കുള്ള ശുദ്ധജല വിതരണ പദ്ധതി

(വിഹിതം 150.00 ലക്ഷം രൂപ)

ഈ പദ്ധതി 661 ലക്ഷം രൂപ മതിപ്പുചെലവിൽ 1991-92-ലാരംഭിച്ചു. ഇതിന്റെ പുതുക്കിയ എസ്റ്റിമേറ്റ് ഒന്നും രണ്ടും ഘട്ടങ്ങൾക്കായി 753 ലക്ഷം രൂപയാണ്. ഒന്നാം ഘട്ടത്തിന്റെ പണി പുരോഗമിച്ചു വരുന്നു. ഇതിന് 1993 മാർച്ച് അവസാനമാകുമ്പോൾ 114.29 ലക്ഷം രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു. 1996-ൽ ഈ പദ്ധതി കമ്മീഷൻ ചെയ്യേണ്ടതാണ്. ഇതിനി 1993-94-ൽ 150 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

47. കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ കേരള നഗര വികസന പദ്ധതിയുടെ ഭാഗമായി ശുദ്ധജല വിതരണ-മാലിന്യ നിവാരണ പദ്ധതി

(വിഹിതം 50.00 ലക്ഷം രൂപ)

ലോകബാങ്കിന്റെ സഹായത്തോടുകൂടി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 453 കോടി രൂപ മതിപ്പുചെലവ് വരുന്ന കേരള നഗര വികസന പരിപാടി നടപ്പാക്കാനുദ്ദേശിക്കുന്നു. ഇതിന്റെ ഘടകമായ ശുദ്ധജല വിതരണ പദ്ധതിക്ക് 191 കോടി രൂപ വേണ്ട വരും. വിദഗ്ദ്ധാഭിപ്രായം ന്വേഷണ പഠനങ്ങൾ പുരോഗമിച്ചുവരുന്നു. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ നഗരവികസനം, ഗതാഗതം എന്നീ മേഖലകളിലും അതാതു ഘടകങ്ങൾക്ക് വിഹിതം ഉൾക്കൊള്ളിച്ചിട്ടുണ്ട്

4/4672/G.

48. മെഡിക്കൽ കോളേജുകൾക്കുള്ള ശുദ്ധജലവിതരണ പദ്ധതി.

(വിഹിതം 100.00 ലക്ഷം രൂപ)

മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള ജല വിതരണ സംവിധാനം അവിടെ വന്നു ചേരുന്ന രോഗികൾക്കും അവരുടെ സഹായികൾക്കുമുള്ള ദൈനംദിന ആവശ്യങ്ങൾക്കു പര്യാപ്തമല്ല. മെഡിക്കൽ കോളേജുകളിൽ പൂർണ്ണമായ ജലവിതരണ സംവിധാനം നടത്തുന്നതിനും 300 ലക്ഷം രൂപ വേണ്ടി വരുമെന്നു കണക്കാക്കുന്നു. 1991-92-ൽ ഈ പദ്ധതി ആരംഭിച്ചെങ്കിലും ഇതിന്റെ പുരോഗതി മന്ദഗതിയിലാണ്. തിരുവനന്തപുരം, കോട്ടയം മെഡിക്കൽ കോളേജുകളിലെ ജല വിതരണ വിപുലീകരണ പരിപാടികൾ ആരംഭിച്ചിട്ടേയുള്ളൂ. ഈ പദ്ധതിക്കായി 1993-94-ൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

49. തിരുവനന്തപുരം ജല വിതരണ പദ്ധതി വിപുലീകരണം.

(വിഹിതം 600.00 ലക്ഷം രൂപ)

തിരുവനന്തപുരത്ത് നിലവിലുള്ള ജല വിതരണ പദ്ധതിയുടെ സ്ഥാപിതശേഷി 108 എം. എൽ. ഡി. യായിരിക്കെ യഥാർത്ഥത്തിൽ ആവശ്യമുള്ളത് 199 എം. എൽ. ഡി. യാണ്. വിപുലീകരണത്തിന്റെ ഭാഗമായി തിരുമലയിലെ സ്റ്റേഷൻ മെച്ചപ്പെടുത്താൻ ഒരു 9 എം. എൽ. ഡി. പ്ലാന്റ് ഭാഗികമായി കമ്മീഷൻ ചെയ്തു. അരുവിക്കരയിൽ 83 എം. എൽ. ഡി. പ്ലാന്റ് സ്ഥാപിക്കുക, അരുവിക്കരയിൽ നിന്നു പേരൂർക്കടയ്ക്കുള്ള ട്രാൻസ്മിഷൻ മെയിൻ ഇടുക, ജല സംഭരണി നിർമ്മിക്കുക തുടങ്ങിയവയാണ് വിപുലീകരണത്തിലെ മററു ഘടകങ്ങൾ. ഈ പദ്ധതി പൂർത്തിയാകുമ്പോൾ 28 കോടി രൂപ ചെലവുവരുമെന്ന് കണക്കാക്കുന്നു. പദ്ധതി ദ്രുതഗതിയിൽ നടപ്പാക്കുന്നതിന് 1993-94-ൽ 600 ലക്ഷം രൂപവകയിരുത്തിയിട്ടുണ്ട്.

50. പുതുതായി രൂപം കൊണ്ട മുനിസിപ്പാലിററികൾക്കുള്ള ശുദ്ധജല വിതരണം.

(വിഹിതം 50.00 ലക്ഷം രൂപ)

പുതുതായി രൂപം പൂണ്ട വർക്കല, പരവൂർ വൈക്കം, ചിററൂർ, തളിപ്പറമ്പ്, കാസർകോട്, കാഞ്ഞങ്ങാട് എന്നീ മുനിസിപ്പാലിററികളിൽ നിലവിലുള്ള ശുദ്ധജല വിതരണ സംവിധാനം നഗര നിലവാരത്തിലുള്ളതല്ല. മേൽപ്പറഞ്ഞ മുനിസിപ്പാലിററികളിലെ ജലവിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനാണ് വിഹിതം.

51. ത്വരിതഗതിയിലുള്ള നഗര ജലവിതരണ പദ്ധതി.

(വിഹിതം 20.00 ലക്ഷം രൂപ)

20,000-ൽ താഴെ ജനസംഖ്യയുള്ള നഗരങ്ങളിൽ നഗര നിലവാരത്തിലുള്ള ജല വിതരണ സംവിധാനം വിഭാവന ചെയ്യുന്ന പദ്ധതിയാണിത്. ഈ പദ്ധതിക്ക് അൻപതു ശതമാനം കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നുണ്ട്. സംസ്ഥാന വിഹിതമായി 1993-94-ൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 9.7 ഭവന നിർമ്മാണം

### 1. കേരള സംസ്ഥാന പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

(വിഹിതം 125.00 ലക്ഷം രൂപ)

ആറു ഭവന നിർമ്മാണ പദ്ധതികൾ കോർപ്പറേഷൻ ഇതുവരെ ഏറ്റെടുത്തു നടപ്പാക്കിയിട്ടുണ്ട്. ഹഡ്കോയുടെ വായ്പാ സഹായത്തോടെ അംബദ്കർ ഭവന നിർമ്മാണ പദ്ധതി വിഭാവനം ചെയ്യുന്ന 20,000 വീടുകളുടെ നിർമ്മാണവും കോർപ്പറേഷൻ ഇപ്പോൾ ഏറ്റെടുത്തു നടപ്പാക്കിവരുന്നു. വീടൊന്നിന് 12,000 രൂപ ചെലവുവരുന്നതിൽ 8,000 രൂപ വായ്പയും, 3,000 രൂപ സബ്സിഡിയും 1,000 രൂപ ഗുണഭോക്താവിന്റെ സംഭാവനയുമാണ്. 1993-94 വർഷത്തിൽ 4000 വീടുകൾ നിർമ്മിക്കുകയാണ് ലക്ഷ്യം. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന 125 ലക്ഷം രൂപ ഈ പദ്ധതിക്കു വേണ്ടിയാണ് വകകൊള്ളിച്ചിരിക്കുന്നത്.

### 2. സർക്കാർ ജീവനക്കാർക്കു താമസിക്കാനുള്ള ക്വാർട്ടേഴ്സുകൾ

(വിഹിതം 180.00 ലക്ഷം രൂപ)

നേരത്തെ ആരംഭിച്ചിട്ടുള്ള സർക്കാർ ജീവനക്കാർക്കു വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതികളുടെ പൂർത്തീകരണത്തിനും, കർശനമായി മുൻഗണനാക്രമം പാലിച്ച് ഏറ്റെടുക്കേണ്ട പുതിയ പദ്ധതികൾക്കുംവേണ്ടിയാണ് തുക വകകൊള്ളിച്ചിരിക്കുന്നത്. ന്യൂ ഡൽഹിയിലെ ട്രാവൻകൂർ ഹൗസിന്റെ ചില പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്കും, നീതിന്യായ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്കും, പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനും, മെമ്പർമാർക്കും താമസ സൗകര്യം നൽകുന്നതിനുംകൂടിയാണ് 180 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്.

### 3. ഗ്രാമപ്രദേശങ്ങളിലെ ഭൂരഹിത തൊഴിലാളികൾക്ക് വീടുവയ്ക്കുന്നതിന് സ്ഥലം നൽകുന്ന പദ്ധതി

(വിഹിതം 225.00 ലക്ഷം രൂപ)

ജില്ലാ കളക്ടർമാർ മുഖേന റവന്യൂ ബോർഡ് നടപ്പാക്കുന്ന ഒരു പദ്ധതിയാണിത്. ജില്ലാ കളക്ടർമാരുടെ അനുമതിയോടുകൂടി പഞ്ചായത്തുകൾ അനുയോജ്യമായ സ്ഥലം തെരഞ്ഞെടുത്തുവാങ്ങുന്നു. ഏതെങ്കിലും സ്ഥലം വാങ്ങാൻ അനുമതി നൽകുന്നതിന് മുമ്പ് സ്ഥലം അനുയോജ്യമാണോ എന്നും, വിലയുക്തമാണോ എന്നും ജില്ലാ കളക്ടർ പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാകുന്നു. അങ്ങനെ സർക്കാരിന്റെ പേരിൽ വാങ്ങിയ സ്ഥലം റോഡുകൾ, കുടിവെള്ളം, അഴുക്കുചാലുകൾ തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തിയശേഷം നാലുസെന്റ് വീതം വരുന്ന പ്ലോട്ടുകളാക്കി ഭൂരഹിതരായ ഗ്രാമീണ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നു. ഇപ്രകാരമുള്ള 3000 പ്ലോട്ടുകൾ വിതരണം ചെയ്യുവാനാണ് 1993-94-ൽ ലക്ഷ്യമിട്ടിരിക്കുന്നത്. അതിലേക്കുവേണ്ടിയാണ് 225 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നത്.

### 4. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്

(വിഹിതം 200.00 ലക്ഷം രൂപ)

ഭവന നിർമ്മാണ ബോർഡിന്റെ പ്രധാന ധനാഗമമാർഗ്ഗം ഹഡ്കോയിൽ നിന്നുള്ള വായ്പയാണ്. എന്നാൽ ബോർഡ് ഏറ്റെടുത്തുവരുന്ന എല്ലാത്തരം പദ്ധതികൾക്കും ഹഡ്കോയുടെ വായ്പ ലഭ്യമല്ല. കൂടാതെ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഹഡ്കോ ഈടാക്കുന്ന നിരക്കിലുള്ള പലിശയ്ക്ക് ദീർഘകാല വായ്പകൾ ലഭ്യമല്ല. അതിനാൽ ബോർഡിന് മറ്റു മാർഗ്ഗങ്ങളിൽ സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതുണ്ട്. പൊതുവിപണിയിൽ ബോണ്ടുകളുടെ വിതരണത്തിലൂടെ വായ്പകൾ സ്വീകരിക്കുക എന്നതാണ് ബോർഡിന്റെ പ്രധാനമായ മറ്റൊരു ധനാഗമമാർഗ്ഗം. ഇത്തരത്തിൽ 200 ലക്ഷം രൂപ 1993-94-ൽ പൊതുകട സമാഹരണത്തിനായി വകയിരുത്തിയിരിക്കുന്നത്.

### 5. കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ

(വിഹിതം 160.00 ലക്ഷം രൂപ)

സംസ്ഥാനത്തിലെ പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന അപ്പക്സ് സ്ഥാപനമാണ് കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ. ഇപ്പോൾ 207 പ്രാഥമിക സഹകരണ സംഘങ്ങൾ ഇതിന്റെ അംഗങ്ങളായിട്ടുണ്ട്. പ്രധാനമായും അംഗ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിൽ നിന്നും ഉള്ള ഓഹരി മൂലധന വിഹിതവും, ഹഡ്കോ, എൽ. ഐ. സി., ദേശീയ ഭവന ബാങ്ക്, പൊതുവിപണി എന്നിവിടങ്ങളിൽനിന്നുള്ള വായ്പയും ആണ് ഫെഡറേഷന്റെ വരുമാന മാർഗ്ഗങ്ങൾ. ഫെഡറേഷൻ 53,096 വീടുകളുടെ നിർമ്മാണത്തിന് 16,136 ലക്ഷം രൂപ വായ്പയായി അതിന്റെ അംഗങ്ങൾക്ക് നൽകികഴിഞ്ഞു. 1993-94 വർഷം 160 ലക്ഷം രൂപയാണ് ഫെഡറേഷനുവേണ്ടിയുള്ള വിഹിതം. ഇതിൽ 40 ലക്ഷം രൂപ ഗവൺമെന്റ് നൽകുന്ന ഓഹരി മൂലധന വിഹിതവും ശേഷിക്കുന്ന തുക പൊതുകടമെടുപ്പു പ്രകാരം കോർപ്പറേഷൻ കണ്ടെത്തേണ്ടതാകുന്നു.

### 6. നിർമ്മിതികേന്ദ്രങ്ങൾ

(വിഹിതം 50.00 ലക്ഷം രൂപ)

സംസ്ഥാനത്ത് മൊത്തം 15 നിർമ്മിതി കേന്ദ്രങ്ങൾ ഉണ്ട്. ഇതിൽ 14 എണ്ണം ജില്ലാതലകേന്ദ്രങ്ങളും ശേഷിക്കുന്നത് കേരള സംസ്ഥാന നിർമ്മിതികേന്ദ്രവുമാണ്. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം നിർമ്മിതി പദ്ധതികൾ നടപ്പാക്കുന്നതിന് അധികാരപ്പെട്ട ഒരു മാതൃകാ ഏജൻസിയാണ്. കുറഞ്ഞവിലയ്ക്ക് ഗുണനിലവാരം പുലർത്തുന്ന നിർമ്മാണ സാമഗ്രികൾ ഉൽപ്പാദിപ്പിക്കുക എന്നതാണ് നിർമിതി കേന്ദ്രങ്ങളുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. രാസപ്രക്രിയയിലൂടെ റബ്ബർ തടി ഈടുറ്റ നിർമ്മാണ സാമഗ്രിയാക്കി മാററുന്ന പദ്ധതിയും നിർമ്മിതി കേന്ദ്രങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇങ്ങനെ പാകപ്പെടുത്തിയെടുക്കുന്ന തടിക്ക് മററുള്ളതിന്റെ മൂന്നിലൊന്ന് വിലയേ വരൂ. കൂടാതെ രാജ്യത്തെ വിവിധ ഭവന നിർമ്മാണ ഗവേഷണ സ്ഥാപനങ്ങൾ വികസിപ്പിച്ചെടുക്കുന്ന മുറയ്ക്ക് ചെലവുകുറഞ്ഞ നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനവും നിർമ്മിതി കേന്ദ്രങ്ങൾ ലക്ഷ്യമാക്കുന്നുണ്ട്. നിർമ്മിതി കേന്ദ്രത്തിന്റെ മററൊരു പ്രധാന പ്രവർത്തനം കൽപ്പണിക്കാർ, മരപ്പണിക്കാർ തുടങ്ങിയ ഭവന നിർമ്മാണ തൊഴിലാളികളെ ഭവന നിർമ്മാണത്തിന്റെ നൂതന സാങ്കേതിക വിദ്യ പരിശീലിപ്പിക്കുക എന്നതാണ്. ഇതിന്റെ ഭാഗമായി സ്ത്രീകളും പുരുഷൻമാരുമുൾപ്പെടെ 4000-ൽ അധികം പേർക്ക് ഇതിനകം പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, 1993-94-ൽ 4000 പേർക്കുകൂടി പരിശീലനം നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ട്. മേൽ പ്രസ്താവിച്ച പദ്ധതികൾക്കായി 50 ലക്ഷം രൂപ 1993-94-ലേക്ക് നിർമിതി കേന്ദ്രത്തിന് വകകൊള്ളിച്ചിരിക്കുന്നു

7. നിർമ്മിതി ദേശീയ പാർപ്പിട വികസന ഇൻസ്റ്റിറ്റ്യൂട്ട്.

(വിഹിതം 60.00 ലക്ഷം രൂപ)

ഭവന നിർമ്മാണത്തിലും, പാർപ്പിട പദ്ധതികൾ തയ്യാറാക്കുന്നതിലും ഏററവും മെച്ചപ്പെട്ട ഒരു ദേശീയ തല സ്ഥാപനമായി വളർന്നുവരണമെന്ന ഉദ്ദേശത്തോടെയാണ് നിർമ്മിതി ദേശീയ പാർപ്പിട വികസന ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. ഇൻസ്റ്റിറ്റ്യൂട്ടിൻെറ സ്ഥാപനത്തിനു വേണ്ടിയാണ് 60 ലക്ഷം രൂപ നീക്കിവച്ചിട്ടുള്ളത്. സമൂഹത്തോടുള്ള കടപ്പാടും അതേ സമയം ഗുണമേൻമയുടെയും ചെലവു കുറഞ്ഞ നിർമ്മാണ കാര്യക്ഷമതയുടെയും കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത സമീപനവും പുലർത്തുന്ന ഒരു സംഘം വിദഗ്ധരെ വാർത്തെടുക്കുന്നതിനാണ് ഈ സ്ഥാപനം ലക്ഷ്യമിട്ടിരിക്കുന്നത്. ഈ സ്ഥാപനം പാർപ്പിട നിർമ്മാണ വികസനത്തിൻെറ സാമൂഹ്യ, സാമ്പത്തിക, സാങ്കേതിക, പരിതസ്ഥിതി പ്രശ്നങ്ങളെ കുറിച്ച് പഠന ഗവേഷണ പരിപാടികൾ നടത്തുന്നതാണ്. കൂടാതെ എഞ്ചിനീയർമാർ, ശിൽപ്പികൾ, സാമ്പത്തിക വിദഗ്ധർ, സാമൂഹ്യശാസ്ത്രജ്ഞർ പാർപ്പിട നിർമ്മാണ വികസന പ്രവർത്തനങ്ങളിൽ താത്പര്യമുള്ള ഇതരർക്കും പരിശീലനം നൽകപ്പെടുന്നതുകൂടാതെ പൊതുസ്ഥാപനങ്ങൾക്കും, സ്വകാര്യ വ്യക്തികൾക്കും, സന്നദ്ധ സംഘടനകൾക്കും ഭവന നിർമ്മാണത്തിലും ആസൂത്രണത്തിലും വിദഗ്ദ്ധോപദേശം നൽകുന്നതുമാണ്. ഹാബിററാററ് ടെക്നോളജിയിൽ ഡിപ്ലോമ കോഴ്സും പ്രസ്തുത സ്ഥാപനം നടത്തിവരുന്നു. മേൽപ്പറഞ്ഞ പരിപാടികളുടെ നടത്തിപ്പിലേക്കായി 1993-94 ലേക്ക് 60 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു.

8. രാജീവ് ദശലക്ഷം ഭവന നിർമ്മാണ പദ്ധതി.

(വിഹിതം 1200.00 ലക്ഷം രൂപ)

എല്ലാവിഭാഗം വരുമാനക്കാരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സമഗ്ര ഭവന നിർമ്മാണ പദ്ധതി ആണ് രാജീവ് ദശലക്ഷം ഭവനനിർമ്മാണ പദ്ധതി എങ്കിലും സാമ്പത്തിക പിന്നോക്കം നിൽക്കുന്നവരക്ക് സ്വന്തമായി വീട് ലഭ്യമാക്കാൻ ധനസഹായം ലഭ്യമാക്കുന്നതിനാണ് മുൻഗണന നൽകിയിരിക്കുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിൽ തന്നെ വാസയോഗ്യമല്ലാത്തയിടങ്ങളിലും, റോഡു പുറമ്പോക്കുകളിലും മററും താമസിക്കുന്നവർക്ക് മുൻഗണന നൽകുന്നതാണ്. എല്ലാ വിഭാഗക്കാർക്കുമുള്ള ഭവനനിർമ്മാണ പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവരുടെ ഭവനനിർമ്മാണത്തിനും, വാടകയ്ക്കുള്ള ഭവനനിർമ്മാണത്തിനുമുള്ള പദ്ധതിയുടെ സബ്സിഡിയുടെ തുകമാത്രം വഹിക്കാനാണ് ബഡ്ജററിൽ വകയിരുത്തിയിരിക്കുന്നത്. മറെറല്ലാ പദ്ധതികളും സ്വയം പണം കണ്ടെത്തി നടപ്പാക്കുവാൻ കഴിയുന്നവയാകയാൽ ബഡ്ജററിൽ തുക വകയിരുത്തിയിട്ടില്ല. സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവരുടെ ഭവനനിർമ്മാണ വ്യവസ്ഥകൾ പ്രകാരം ഗുണഭോക്താവിൻെറ മാസവരുമാനം 1,050 രൂപയിൽ കവിയാൻ പാടില്ല, വീടൊന്നിന് 15,000 രൂപ നിർമ്മാണ ചിലവുള്ളതിൽ 12,500 രൂപ വായ്പയും 1,500 രൂപ സർക്കാരിൻെറയോ സന്നദ്ധസംഘടനകളുടെയോ ധനസഹായവും 1000 രൂപ തൊഴിലായോ, സാധനമായോ ഉള്ള ഗുണഭോക്താവിൻെറ വിഹിതവുമാണ്. ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളിൽ 10% റോഡു പുറമ്പോക്കിലും മററു സർക്കാർ ഭൂമിയിലും താമസിക്കുന്ന ദുർബലരിലും ദുർബല വിഭാഗക്കാർക്ക് വേണ്ടി മാററിവച്ചിരിക്കുന്ന. ഈ വിഭാഗക്കാർക്ക് ഹഡ്കോയുടെ ധനസഹായത്തോടുകൂടി ഭൂമി വാങ്ങി നൽകാനും ഉദ്ദേശമുണ്ട്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള ഭവനനിർമ്മാണം, വാടകയ്ക്കുള്ള ഭവനനിർമ്മാണം എന്നിവകൂടാതെ, ലക്ഷം വീടു പദ്ധതിപ്രകാരം നിർമ്മിച്ച വീടുകളുടെ സൗകര്യം വർദ്ധിപ്പിക്കൽ, ശുചീകരണസൗകര്യങ്ങൾ വിപുലപ്പെടുത്തൽ, തുടങ്ങിയ ഉപ പദ്ധതികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൻെറ സഹായം പ്രതീക്ഷിച്ചുകൊണ്ടാണ് ഈ രണ്ടു പരിപാടികളും ഉൾപ്പെടുത്തിയിരിക്കുന്നത്.

## 9.8 നഗരവികസനം

### 1. കേരള നഗര വികസന ധനകാര്യ കോർപ്പറേഷൻ·

(വിഹിതം 100.00 ലക്ഷം രൂപ)

കേരള നഗര വികസന കോർപ്പറേഷൻ വികസന അതോറിററികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ആദായകരവും അല്ലാത്തതുമായ പദ്ധതികൾ ഏറെറടുക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നു. ഈ പദ്ധതികൾക്കായി 31-3-1992 വരെ 42 കോടി രൂപ കോർപ്പറേഷൻ വായ്പയായി നൽകുകയും 513 പദ്ധതികൾക്ക് സഹായം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളിൽ 31-3-1992 വരെ 433 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. 1992-93-ൽ ഹഡ്കോ 11.76 ലക്ഷം രൂപ ഭവന നിർമ്മാണ പദ്ധതികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ബഡ്ജററ് വിഹിതമായ 100 ലക്ഷം രൂപ പൊതുകട സമാഹരണത്തിലൂടെ സംഭരിക്കേണ്ടതാണ്.

### വികസന അതോറിററികൾക്കുള്ള ധനസഹായം.

### 2. വിശാലകൊച്ചി വികസന അതോറിററിയ്ക്കുള്ള ധനസഹായം.

(വിഹിതം 100.00 ലക്ഷം രൂപ)

1985-91 കാലയളവിൽ അതോറിററി ഹഡ്കോയിൽ നിന്നും ബാങ്കുകളിൽനിന്നും പദ്ധതികൾക്കായി 28 കോടിയിലേറെ രൂപ സ്വീകരിച്ചിട്ടുണ്ട്. 1993-94 ലേക്ക് 15 കോടി രൂപയുടെ പദ്ധതിക്കാണ് രൂപം നൽകിയിരിക്കുന്നത്. നഗര വികസനം, ഭവന നിർമ്മാണം, റോഡുകളും പാലങ്ങളും നിർമ്മിക്കൽ, ചേരിപ്രദേശങ്ങളുടെ പരിസ്ഥിതി മെച്ചപ്പെടുത്തൽ, കാർഷിക മാർക്കററിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയാണ് പ്രധാനപ്പെട്ട പരിപാടികൾ. ബഡ്ജററ് വിഹിതമായ 100 ലക്ഷം രൂപ പൊതുകട സമാഹരണത്തിലൂടെ സംഭരിക്കേണ്ടതാണ്.

### 3. കോഴിക്കോടുവികസന അതോറിററിക്കുള്ള ധനസഹായം.

(വിഹിതം 80.00 ലക്ഷം രൂപ)

കോഴിക്കോടു വികസന അതോറിററി 1990 മാർച്ചു വരെ 5 വ്യാപാരശാല കെട്ടിടങ്ങൾ ഉൾപ്പെടെ പ്രധാനപ്പെട്ട 14 പദ്ധതികൾ പൂർത്തിയാക്കി. 1985-91 കാലയളവിൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് അതോറിററി 7 കോടിയിലധികം രൂപ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 1986-91 കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ബാങ്ക് നിക്ഷേപത്തിലെ പലിശയിനത്തിലും, വാടകയിനത്തിലും മററുമായി 450 ലക്ഷം രൂപ കണ്ടെത്തിയിട്ടുണ്ട്. ഏഴാം പദ്ധതിയിൽ തുടങ്ങിയ പൂർത്തീകരിക്കേണ്ട പ്രധാനപ്പെട്ട പദ്ധതികൾ സ്റ്റേഡിയം നിർമ്മാണവും ജവഹർനഗർ ഹൗസിംഗ് കോളനിയുടെ വികസനവുമാണ്. ഏഴാം പദ്ധതിയിൽ തുടങ്ങിയ പദ്ധതികൾ പുർത്തീകരിക്കുന്നതിനും പുതിയ പദ്ധതികൾ തുടങ്ങുന്നതിനും മററുമായി 20 കോടിയിലധികം രൂപ സമാഹരിക്കേണ്ടതാണ്. അതോറിററിയുടെ മററു പ്രധാന പദ്ധതികൾ പുതിയ റോഡുകളുടെ നിർമ്മാണവും. നിലവിലുള്ള റോഡുകളുടെ വീതി കൂട്ടൽ, ഭൂമിവിലയ്ക്കെടുക്കൽ എന്നിവയാണ് സംസ്ഥാന വിഹിതമായ 80 ലക്ഷം രൂപ പൊതുകട സമാഹരണത്തിലൂടെ സ്വരൂപിക്കേണ്ടതാണ്.

### 4. തിരുവനന്തപുരം വികസന അതോറിററിക്കുള്ള ധനസഹായം.

(വിഹിതം 100.00 ലക്ഷം രൂപ)

തിരുവനന്തപുരം വികസന അതോറിററി 1992-97 ലേക്ക് 56.34 കോടി രൂപയുടെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. പാളയം ബി. ബ്ലോക്കിന്റെ നിർമ്മാണവും മെഡിക്കൽ കോളേജിനടുത്ത് റസിഡൻഷ്യൽ ഫ്ളാററുകളുടെ നിർമ്മാണവുമാണ് പ്രധാനപ്പെട്ടവ. പദ്ധതികളുടെ ചിലവ് 350 ലക്ഷം രൂപയും 250 ലക്ഷം രൂപയും വീതമാണ്. രണ്ട് പ്രോജക്ററ്കൾക്കു കൂടി ഹഡ്കോയുടെ സഹായം ഏകദേശം 350 ലക്ഷം രൂപയാണ്. പദ്ധതി വിഹിതം പൊതുകട സമാഹരണത്തിലൂടെയും ബാക്കിവേണ്ട തുക ബാങ്കുകളിൽ നിന്നും സംഭരിക്കേണ്ടതാണ്. ബഡ്ജററ് വിഹിതം പൊതുകട സമാഹരണത്തിലൂടെ സ്വരൂപിക്കേണ്ടതാണ്.

### 5. ആദായകരമല്ലാത്ത നഗരപരിഷ്ക്കരണ പദ്ധതികൾക്ക് നഗരത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകിവരുന്ന സാമ്പത്തിക സഹായം.

(വിഹിതം 20.00 ലക്ഷം രൂപ)

മുനിസിപ്പൽ ഓഫീസ് കെട്ടിടങ്ങൾ, ടൗൺ ഹാളുകൾ, റോഡുകൾ, കളിസ്ഥലങ്ങൾ മുതലായ വരുമാനരഹിതമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള സാമ്പത്തിക സഹായമായിട്ടാണ് തുക വകകൊള്ളിച്ചിരിക്കുന്നത്. 1991-92, 1992-93 വർഷങ്ങളിൽ 60 ലക്ഷം രൂപ ചെലവു വരുന്ന പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇവ നടപ്പിലാക്കി വരികയാണ്. ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് വേണ്ടിയാണ് 20 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

### 6. ജില്ലാതല ആസൂത്രണ യൂണിററുകൾ

(വിഹിതം 10.00 ലക്ഷം രൂപ)

കാസർകോഡും വയനാടും പുതിയതായി ആരംഭിച്ച ജില്ലാ ആസൂത്രണ യൂണിററുകളുടെ 1993-94ലെ ഭരണ നിർവ്വഹണ ചെലവുകൾക്കും മററു ചെലവുകൾക്കുമായിട്ടുണ്ട് പ്രസ്തുത വിഹിതം.

### 7. വികസന അതോറിററികൾക്കുള്ള ഭരണ നിർവ്വഹണ ചെലവുകൾക്കുള്ള ധനസഹായം.

(വിഹിതം 10.00 ലക്ഷം രൂപ)

സംസ്ഥാനത്ത് 10 വികസന അതോറിററികളാണ് നിലവിലുള്ളത്. ആലപ്പുഴ കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പുതിയതായി സ്ഥാപിച്ച വികസന അതോറിററികളുടെ ഭരണ നിർവ്വഹണത്തിനുള്ള 1993-94 'ലെ ചെലവുകൾക്കുള്ള ധനസഹായമായിട്ടാണ് 10 ലക്ഷം രൂപ നൽകിയിരിക്കുന്നത്.

### 8. കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം ഒഴികെയുള്ള വികസന അതോറിററികൾക്ക് നിയമാനുസൃത നഗരാസുത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം

(വിഹിതം 25.00 ലക്ഷം രൂപ)

കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം ഒഴികെയുള്ള വികസന അതോറിററികൾക്ക് അവയുടെ

സാമ്പത്തികസ്ഥിതി പരിമിതമായതുകൊണ്ട് നിയമാനുസൃത നഗരാസൂത്രണ പദ്ധതികൾ നപ്പിലാക്കുന്നതിനായിട്ടാണ് വിഹിതം നൽകിയിരിക്കുന്നത്. മാസ്ററർ പ്ലാനുകളും മററു നഗരാസൂത്രണ പദ്ധതികളും അതോറിററികളാണ് നടപ്പിലാക്കുന്നത്. 1993-94 ലേയ്ക്ക് 60 നഗരാസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. പദ്ധതി വിഹിതത്തിൻെറ 50 ശതമാനം സഹായധനം ഭൂമി വിലയ്ക്കു വാങ്ങുന്നതിനും 50 ശതമാനം വായ്പതുക ഭൂമി വികസന പരിപാടികൾക്കുമായിട്ടാണ് നൽകിയിരിക്കുന്നത്. 1993-94-ലെ വിഹിതം 25 ലക്ഷം രൂപയാണ്.

9. നഗരാസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിന് നഗരസഭകൾക്കും ടൗൺഷിപ്പു കമ്മിററികൾക്കും നൽകുന്ന ധനസഹായം

(വിഹിതം 27.00 ലക്ഷം രൂപ)

സംസ്ഥാനത്ത് 57 നഗരസഭകളും ഗുരുവായൂരിൽ ഒരു ടൗൺഷിപ്പു കമ്മിററിയുമുണ്ട്. പദ്ധതി വിഹിതത്തിൻെറ 50 ശതമാനം സഹായധനവും 50 ശതമാനം വായ്പയുമാണ്. അംഗീകരിച്ച നഗരാസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിന് നഗരസഭകൾക്കും ടൗൺഷിപ്പു കമ്മിററിക്കും സാമ്പത്തികസഹായം നൽകുന്നതിനാണ് 27 ലക്ഷം രൂപ നൽകിയിരിക്കുന്നത്.

10. പരിശീലനവും ഗവേഷണവും

(വിഹിതം 3.00 ലക്ഷം രൂപ)

നഗരാസൂത്രണ വകുപ്പിൽ സേവനമനുഷ്ഠിക്കുന്നവർക്ക് എഞ്ചിനീയറിംഗ്, ശില്പകല മുതലായവയിൽ പരിശീലനം നൽകുന്നതിനാണ് വിഹിതം. ഇത് അപ്രൻറീസുകൾക്ക് പരിശീലന സൗകര്യങ്ങൾ നൽകുന്നതിനും കൂടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്.

11. ചെറുതും ഇടത്തരവുമായ നഗരങ്ങളുടെ സംയോജിത വികസന പദ്ധതി (50 ശതമാനം സംസ്ഥാന സർക്കാർ സഹായം)

(വിഹിതം 60.00 ലക്ഷം രൂപ)

ഇത് 50 ശതമാനം ധനസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായി 1979-80-ൽ ആരംഭിച്ചു. തെരഞ്ഞെടുത്ത നഗരങ്ങളിൽ ശുചീകരണ പദ്ധതികൾക്കുള്ള 6 ലക്ഷം രൂപയുൾപ്പെടെ 52 ലക്ഷം രൂപയാണ് സാമ്പത്തിക സഹായമായി കേന്ദ്ര സർക്കാർ നൽകുന്നത്. ഈ പദ്ധതിയിൻ കീഴിൽ 21 പട്ടണങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. പൂർത്തീകരിക്കേണ്ട പദ്ധതികളുടെ മൊത്തം ചെലവ് 316.38 ലക്ഷം രൂപയാണ്. 60 ലക്ഷം രൂപ ഇതിനുവേണ്ടിയാണ് നൽകിയിരിക്കുന്നത്. 1992-93, 1993-94 വർഷങ്ങളിൽ അനുമതി നൽകിയ പദ്ധതികൾക്കുള്ള വിഹിതവും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

12. നഗരങ്ങളിലെ ചേരിപ്രദേശങ്ങളുടെ പരിതഃസ്ഥിതി മെച്ചപ്പെടുത്തൽ

(വിഹിതം 130.00 ലക്ഷം രൂപ)

ഈ പദ്ധതിപ്രകാരം സംസ്ഥാനത്തെ നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും 50ശതമാനം ഗ്രാൻറായും 50 ശതമാനം വായ്പയുമായിട്ടാണ് ധനസഹായം നൽകിവരുന്നത്. ഈ പരിപാടിയുടെ മുഖ്യഘടകങ്ങൾ റോഡുകളുടേയും നടപ്പാതകളുടേയും നിർമ്മാണവും വിപുലീകരണവും, തെരുവുവിളക്കുകൾ സ്ഥാപിക്കൽ, ശുദ്ധജലവിതരണം മുതലായവയാണ്. നഗരസഭകൾ അംഗീകരിച്ച 3 കോടി രൂപയുടെ പൂർത്തീകരിക്കേണ്ട പദ്ധതികളുണ്ട്. സംസ്ഥാനത്ത് 4.5 ലക്ഷം ചേരി നിവാസികൾ ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നതിൽ 2.5 ലക്ഷം പേർക്ക് ഈ പദ്ധതികൊണ്ട് പ്രയോജനമുണ്ടായിട്ടുണ്ട്. ഏകദേശം പ്രതി ശീർഷ മുതൽമുടക്ക് 400 രൂപയാണ്. 1993-94-ൽ 130 ലക്ഷം രൂപയാണ് നൽകിയിരിക്കുന്നത്. പൂർത്തീകരിക്കേണ്ട പരിപാടികൾ പൂർത്തിയാക്കുന്നതിനും കൂടുതൽ ചേരിപ്രദേശങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിനും വേണ്ടിയാണ് 130 ലക്ഷം രൂപ വിനിയോഗിക്കുന്നത്. ഇതിൽ 50 ശതമാനം പ്രത്യേക ഘടക പദ്ധതിക്കായിട്ടാണ് നൽകിയിരിക്കുന്നത്.

13. പാവപ്പെട്ടവർക്കുവേണ്ടി നഗരത്തിലെ അടിസ്ഥാന സേവന പരിപാടികൾ (40 ശതമാനം സംസ്ഥാന വിഹിതം)

(വിഹിതം 40.00 ലക്ഷം രൂപ)

അടിസ്ഥാന സേവനങ്ങളും അത്യാവശ്യ സൗകര്യങ്ങളുമായ ശുദ്ധജലവിതരണം, ചെലവുകുറഞ്ഞ ശുചീകരണ പ്രവർത്തനങ്ങൾ, അമ്മയുടെയും കുഞ്ഞിൻെറയും ആരോഗ്യം, പ്രതിരോധ കുത്തിവയ്പ് എന്നിവയ്ക്ക് പ്രചോദനവും മെച്ചപ്പെട്ട ബോധവൽക്കരണവും നൽകുന്നതിലേക്ക് വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പരിപാടി നെയ്യാററിൻകര, വർക്കല, പുനലൂർ, പറവൂർ, കൊടുങ്ങല്ലൂർ, ചാവക്കാട്, തിരൂർ, പൊന്നാനി, വടകര, കണ്ണൂർ, തലശ്ശേരി, കാസറഗോഡ് കാഞ്ഞങ്ങാട് എന്നീ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് നടപ്പിലാക്കി വരുന്നത്. ചെലവിൻെറ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരുമാണ് നൽകുന്നത്. ഇതിലേക്കായി 1993-94 ലേക്ക് 40 ലക്ഷം രൂപയാണ് സംസ്ഥാന വിഹിതമായി നൽകിയിരിക്കുന്നത്.

14. നഗരത്തിലെ അടിസ്ഥാന സേവന പരിപാടികൾ

(വിഹിതം 35.00 ലക്ഷം രൂപ)

അടിസ്ഥാന സേവനങ്ങളും അത്യാവശ്യ സൗകര്യങ്ങളുമായ ശുദ്ധജലവിതരണം, ചെലവുകുറഞ്ഞ ശുചീകരണ പ്രവർത്തനങ്ങൾ, അമ്മയുടെയും, കുഞ്ഞിൻെറയും ആരോഗ്യം പ്രതിരോധ കുത്തിവയ്പ് എന്നിവയ്ക്ക് പ്രചോദനവും മെച്ചപ്പെട്ട ബോധവല്കരണവും നല്കുന്നതിലേക്ക് വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഏഴാം പദ്ധതിയിൽ ആലപ്പുഴയിലും എറണാകുളത്തുമുള്ള നഗരങ്ങളെ ഉൾപ്പെടുത്തിയിരുന്നു. 1992-93-ൽ കേന്ദ്രസർക്കാർ സഹായം നിർത്തലാക്കി 1993-94 മുതൽ ചെലവ് സംസ്ഥാന സർക്കാർ വഹിക്കേണ്ടതാകുന്നു. 1993-94-ലേക്ക് 35 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

15. കേരള നഗര വികസന പദ്ധതി

(വിഹിതം 100.00 ലക്ഷം രൂപ)

ലോകബാങ്കിൻെറ സഹായത്തോടുകൂടി നഗര വികസന പദ്ധതി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്നു നഗരങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നു. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ശുദ്ധജലവിതരണം, റോഡുവികസനം, വാഹന ഗതാഗത നിയന്ത്രണം, മലിനജല നിവാരണ ശുചീകരണ പദ്ധതികൾ, നഗര വികസനം എന്നിവയാണ്.

പദ്ധതിയുടെ ആകെ ചെലവ് 453 കോടി രൂപയായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ 95 കോടി രൂപ ഹഡ്കോയുടെ വായ്പയായിട്ടാണ് പ്രതീക്ഷിക്കുന്നത്.

പദ്ധതി തയ്യാറായിക്കൊണ്ടിരിക്കുന്നു. പദ്ധതി 1994–95-ൽ നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പഠനചെലവിനും പദ്ധതി തയ്യാറാക്കുന്നതിനും മററുമായി 1993-94ലേക്ക് 100 ലക്ഷം രൂപ ബഡ്ജററ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ശുദ്ധ ജലവിതരണ മേഖലയിൽ 50 ലക്ഷം രൂപയും റോഡ് വികസന മേഖലയിൽ 275 ലക്ഷം രൂപയും വിഹിതമായി നൽകിയിരിക്കുന്നു.

## 16. നെഹ്റു തൊഴിൽദാന പദ്ധതി

(വിഹിതം 160.00 ലക്ഷം രൂപ)

നഗരങ്ങളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിന് 1989-90-ൽ ആരംഭിച്ച ഒരു പദ്ധതിയാണിത്. 1989-90-ലെ വില നിലവാരത്തെ അടിസ്ഥാനമാക്കി 9950 രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കാൻ അർഹതയുണ്ട്.

ഈ പദ്ധതിയുടെ മൂന്നു ഘടകങ്ങൾ നഗരത്തിലെ ചെറിയ തൊഴിൽ സംരംഭങ്ങൾ, വേതനം കിട്ടുന്ന തൊഴിലുകൾ, ഭവനനിർമ്മാണവും, പാർപ്പിട സൗകര്യം മെച്ചപ്പെടുത്തൽ എന്നിവയാണ്. നഗരത്തിലെ ചെറിയ സംരംഭങ്ങളുടെ രണ്ടു പ്രധാന ഘടകങ്ങൾ വായ്പയും സഹായധനവും, പരിശീലനം നൽകലും അടിസ്ഥാന സജ്ജീകരണസഹായവുമാണ്.

നഗരത്തിലെ വേതനം കിട്ടുന്ന തൊഴിൽ എന്ന പദ്ധതി പ്രത്യേകിച്ചും താഴ്ന്ന വരുമാനക്കാർക്കും നഗരത്തിലെ പാവപ്പെട്ടവർക്കും സാമൂഹികവും സാമ്പത്തികവുമായ പൊതുമുതൽ പ്രയോജനപ്പെടുത്തി തൊഴിലവസരങ്ങൾ നൽകുന്നതിനുദ്ദേശിച്ച് രൂപവൽക്കരിച്ചതാണ്.

ഭവന നിർമ്മാണവും പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തലും കൊണ്ടുദ്ദേശിക്കുന്നത് ഭവനനിർമ്മാണത്തിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ്. ഇതിന്റെ രണ്ടു ഘടകങ്ങൾ (i) കൽപ്പണിക്കാർ, മരപ്പണിക്കാർ, പ്ലംബർമാർ, ശുചീകരണ തൊഴിലാളികൾ മുതലായവർക്ക് പരിശീലനം നൽകി പരിചയ സമ്പന്നരാക്കുക (ii) ഭവന നിർമ്മാണവും, താമസ സൗകര്യം മെച്ചപ്പെടുത്തുന്നതിന് സബ്സിഡിയും വായ്പാ സഹായവും നൽകുക എന്നിവയാണ്. കേന്ദ്ര സംസ്ഥാന സർക്കാർ 60:40 എന്ന അനുപാതത്തിലാണ് സഹായം നൽകുന്നത്. സംസ്ഥാന ബഡ്ജററിൽ 1993-94ലേക്ക് 160 ലക്ഷം രൂപയാണ് നീക്കി വച്ചിരിക്കുന്നത്. ഇതിൽ 30 ലക്ഷം രൂപ പ്രത്യേക ഘടക പദ്ധതിക്കായിട്ടാണ് നൽകിയിരിക്കുന്നത്.

# 9.9 വാർത്താവിതരണവും പ്രചരണവും

## 1. പ്രസ് ഇൻഫർമേഷൻ സർവ്വീസ്

### (a) പത്രപ്രവർത്തകർക്ക് പഠനയാത്ര

(വിഹിതം 6.00 ലക്ഷം രൂപ)

സാംസ്ക്കാരികവും വികസനപരവുമായി പ്രാധാന്യമുള്ള കേന്ദ്രങ്ങളിലേക്ക് പത്രപ്രവർത്തകരുടെ പഠനയാത്ര സംഘടിപ്പിക്കുക, അന്തർ സംസ്ഥാനാടിസ്ഥാനത്തിൽ പത്രപ്രവർത്തകരുടെ വിനിമയം സാദ്ധ്യമാക്കുക എന്നീ പരിപാടികൾക്കു വേണ്ടിയാണ് പ്രസ്തുത വിഹിതം. പത്രപ്രവർത്തകരുടെ യാത്രാ ചെലവും പ്രധാനമന്ത്രി, ഇൻഡ്യൻ പ്രസിഡൻറ് തുടങ്ങിയ വിശിഷ്ട വ്യക്തികളുടെയും സന്ദർശനത്തോടനുബന്ധിച്ച് കേരള സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനു യാത്ര ചെലവിനത്തിൽ കൊടുക്കുവാനുള്ള തുകയുംകൂടി ഈ വിഹിതത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 1993-94-ൽ 6 ലക്ഷം രൂപ ഇതിലേക്കായി വകകൊള്ളിച്ചിരിക്കുന്നു.

### (b) പ്രസ് അക്കാദമി

(വിഹിതം 20.00 ലക്ഷം രൂപ)

കൊച്ചിയിൽ പ്രവർത്തിക്കുന്ന പ്രസ് അക്കാദമി അൻമ്പത് പേർക്കായി പത്രപ്രവർത്തനത്തിൽ ഒരു ഫുൾടൈം ഡിപ്ലോമാ കോഴ്സ് ബിരുദധാരികൾക്കായി ഒരു പാർട്ട് ടൈം ഡിപ്ലോമാ കോഴ്സ്, മലയാളം പ്രസിദ്ധീകരണങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കായി റിഫ്രെഷർ കോഴ്സുകൾ, ഹ്രസ്വകാല പരിശീലന പരിപാടികൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. ആകെയുള്ള 20 ലക്ഷം രൂപാ വിഹിതത്തിൽ 10 ലക്ഷം രൂപ ആഡിറ്റോറിയത്തിന്റെ നിർമ്മാണത്തിനും ബാക്കി 10 ലക്ഷം രൂപ മററ് ചെലവുകൾക്കുമായി വകകൊള്ളിച്ചിരിക്കുന്നു.

## 2. ഫീൽഡു പ്രചരണം

### (a) ഫീൽഡുപ്രചരണ സംഘടനകളെ ശക്തിപ്പെടുത്തൽ

(വിഹിതം 15.00 ലക്ഷം രൂപ)

എല്ലാ ഡിസ്ട്രിക്ററിലും ഡയറക്ടറേററിലും ഫീൽഡുപ്രചരണ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗങ്ങൾ ശക്തമാക്കുന്നതിന് പ്രോജക്ടറുകൾ, ഫിലിമുകൾ, മററു ആധുനിക ഫീൽഡുപ്രചരണ സാമഗ്രികൾ മുതലായവ വാങ്ങേണ്ടതായിട്ടുണ്ട്. പഴയ വാഹനങ്ങൾ മാററി പുതിയവ വാങ്ങുക എന്നത് ഘട്ടം ഘട്ടമായി ചെയ്യേണ്ടതാകുന്നു. രണ്ടു വാഹനങ്ങൾ മാററി വാങ്ങുന്നതിലേക്കായി 3 ലക്ഷം രൂപയും ബാക്കി 12 ലക്ഷം രൂപ ഉദ്യോഗസ്ഥൻമാരുടെ പരിശീലനത്തിനും ഡിപ്പാർട്ടുമെൻറിന്റെ മററു പ്രവർത്തനങ്ങൾക്കും ആയി വകയിരുത്തിയിരിക്കുന്നു. 1993-94-ൽ പുതിയ തസ്തികളൊന്നും വിഭാവനം ചെയ്യുന്നില്ല.

### (b) പ്രദർശനങ്ങൾ

(വിഹിതം 30.00 ലക്ഷം രൂപ)

ഡൽഹിയിലെ പ്രഗതി മൈതാനിൽ നടത്തിയ അഖിലേന്ത്യാ പ്രദർശനത്തിൽ വിവിധ ഡിപ്പാർട്ടുമെൻറുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കേരള പവലിയൻ സംസ്ഥാന സർക്കാർ പ്രദർശിപ്പിച്ചിരുന്നു. കൂടാതെ സംസ്ഥാനത്തിന്റെ വിവിധ തലങ്ങളിലും ഡിപ്പാർട്ടുമെൻറ് പ്രദർശനങ്ങൾ സംഘടിപ്പിച്ചു. 1993—94-ലെ പദ്ധതി വിഹിതമായ 30 ലക്ഷം രൂപയിൽ കേരളാ പവലിയനുവേണ്ടി സ്ഥിരമായി തന്നിട്ടുള്ള സ്ഥലത്തിനുള്ള വാടക കൂടി ഉൾപ്പെടുന്നു.

## സാംസ്കാരിക പരിപാടികൾ

### 3. ഗാനനാടക സർവ്വീസുകൾ

(വിഹിതം 10.00 ലക്ഷം രൂപ)

ഈ പദ്ധതി പ്രകാരം നടപ്പിൽ വരുത്തിയിരിക്കുന്ന പരിപാടികൾ താഴെ പറയുന്നവയാണ്. (1) സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും സംയുക്തമായി സ്പോൺസർ ചെയ്യുന്ന അന്തർ സംസ്ഥാന സാംസ്കാരിക സംഘടനകളുടെ പരസ്പര വിനിമയം (2) പ്രൊഫഷണൽ നാടകങ്ങൾക്ക് അവാർഡു നൽകൽ, (3) ന്യൂഡെൽഹിയിലെ റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ ഫ്ളോട്ട്, നാടോടി നൃത്തം എന്നിവ അവതരിപ്പിക്കൽ, (4) പ്രത്യേക സന്ദർഭങ്ങളിൽ പരിപാടികൾ അവതരിപ്പിക്കൽ (5) ദേശീയോത്ഗ്രഥനത്തിന സഹായകമായ സാംസ്കാരിക ആഘോഷങ്ങൾ സംഘടിപ്പിക്കൽ (6) നാടൻ കലാ കേന്ദ്രങ്ങൾ സ്ഥാപിക്കൽ. മേൽപ്പറഞ്ഞ പരിപാടികളുടെ നടത്തിപ്പിലേക്കായി 1993-94-ൽ 10 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു.

### 4. ഫോട്ടോ പ്രചരണം

(വിഹിതം 10.00 ലക്ഷം രൂപ)

വീഡിയോ യൂണിററ് തുടങ്ങുക, ഒരു കളർ പ്രോസസിങ്ങ് ലാബ്രട്ടറി ഡയറക്ടറേററിൽ സ്ഥാപിക്കുക ഫോട്ടോഗ്രാഫിക് യൂണിററുകൾ ജില്ലകളിൽ സ്ഥാപിക്കുക തുടങ്ങിയവയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. 1993-94-ൽ കൊല്ലത്തും കണ്ണൂരും ഫോട്ടോ ഗ്രാഫിക് യൂണിററുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു. പദ്ധതി വിഹിതമായ 10 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ ഫോട്ടോ ഗ്രാഫിക് യൂണിററുകൾ തുടങ്ങുന്നതിനും ബാക്കി 8 ലക്ഷം രൂപ ഡയറക്ടറേററിനും, ജില്ലാ ഇൻഫർമേഷൻ ആഫീസുകൾക്കും ആവശ്യമായ ഫോട്ടോഗ്രാഫിക് സാധനങ്ങൾ, ഫിലിം റോൾ, ഫോട്ടോഗ്രാഫിക് പേപ്പർ, ക്യാമറ തുടങ്ങിയ സാധനങ്ങൾ വാങ്ങുന്നതിനും മററുള്ള ചെലവുകൾ വഹിക്കുന്നതിലേക്കും ആണ്.

### 5. പ്രദർശന പരസ്യങ്ങൾ

(വിഹിതം 7.00 ലക്ഷം രൂപ)

സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളേയും വികസന പ്രവർത്തനങ്ങളേയും കുറിച്ചു സംസ്ഥാനത്തിനകത്തും പുറത്തും ഉള്ള പത്രങ്ങളിലും മററ് ആനുകാലിക പ്രസിദ്ധീകരണങ്ങളിലും പരസ്യം നൽകുന്നതിനു വേണ്ടിയാണ് ഈ വിഹിതം.

### 6. വാർത്താവിതരണ കേന്ദ്രങ്ങൾ

(വിഹിതം 5.00 ലക്ഷം രൂപ)

ഇപ്പോൾ ആലപ്പുഴയും, പത്തനംതിട്ടയും ഒഴികെ മററ് എല്ലാ ജില്ലകളിലും വാർത്താവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇത് കൂടാതെ ഡൽഹിയിലും ഒരു വാർത്താ വിതരണ കേന്ദ്രം പ്രവർത്തിക്കുന്നു. ആലപ്പുഴയിലും തൊടുപുഴയിലും പത്തനംതിട്ടയിലും വാർത്താ വിതരണ കേന്ദ്രങ്ങൾ തുടങ്ങുന്നതിനും, കൊല്ലം, തിരുവനന്തപുരം, തൃശ്ശൂർ, കൽപ്പററ എന്നിവിടങ്ങളിലെ കേബിനു പുതുക്കുന്നതിനും പരിപാടി ഉണ്ട്.
പദ്ധതി വിഹിതമായ 5 ലക്ഷം രൂപയിൽ 3 ലക്ഷം രൂപ നിലവിലുള്ള സെൻററുകൾ ശക്തിപ്പെടുത്താനും,

1 ലക്ഷം രൂപ ഡൽഹിയിലെ സെൻറർ എയർ കണ്ടീഷൻ ചെയ്യാനും ബാക്കി 1 ലക്ഷം രൂപ മററു ചെലവുകൾക്കുമായി നീക്കിവച്ചിരിക്കുന്നു.

## ചലച്ചിത്രങ്ങൾ

### 7. ചലച്ചിത്ര നിർമ്മാണം

(വിഹിതം 40.00 ലക്ഷം രൂപ)

ജീവിതത്തിലെ പലതരത്തിലുള്ള സാമൂഹ്യ സാമ്പത്തിക വശങ്ങളെ ആസ്പദമാക്കിയുള്ള ഹ്രസ്വചിത്രങ്ങൾ, ഡോക്കുമെൻററികൾ, ഫീച്ചർ ഫിലിമുകൾ എന്നിവ നിർമ്മിക്കുന്നതിനുവേണ്ടിയാണ് ഈ വിഹിതം. 1993-94-ൽ വാണിജ്യപരമായ പ്രദർശനത്തിനുവേണ്ടി 35 എം എം പ്രിൻറും, ഫീൽഡു പ്രചരണത്തിനു വേണ്ടി 16 എം.എം പ്രിൻറും ആവശ്യമാണ്. സർക്കാരിന്റെ പ്രവർത്തനങ്ങളേയും അവയുടെ വിജയത്തേയും സംബന്ധിച്ച 10 ഫിലിമുകൾ നിർമ്മിക്കാൻ പരിപാടിയുണ്ട്. പ്രശസ്തരായ സാഹിത്യകാരൻമാരെക്കുറിച്ച് 5 ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. 12 ലക്ഷം രൂപ ചെലവുവരുന്ന കുട്ടികളുടെ ചലച്ചിത്രത്തിന്റെ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. 1993-94-ൽ 40 ലക്ഷം രൂപ മേൽപ്പറഞ്ഞ ചെലവിലേക്കായി നീക്കിവച്ചിരിക്കുന്നു.

### 8. പ്രസിദ്ധീകരണം

#### a) പ്രചരണ സാമഗ്രികൾ

(വിഹിതം 10.00 ലക്ഷം രൂപ)

പോസ്ററുകൾ, ലഘുലേഖകൾ, കലണ്ടറുകൾ, മദ്ധ്യമഗ്രന്ഥങ്ങൾ, ഫോട്ടോ കാർഡുകൾ എന്നിവ ഗ്രാമപ്രദേശത്തേയും പട്ടണപ്രദേശത്തേയും ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനും കേരള കാളിംഗ് (ഇംഗ്ലീഷ്) ജനപഥം (മലയാളം) എന്നീ മാസികകളുടെ പ്രസിദ്ധീകരണത്തിനും, പദ്ധതി രൂപീകരണത്തേയും നടത്തിപ്പിനേയും സംബന്ധിച്ചുള്ള വിഷയങ്ങൾ പ്രതിപാദിക്കുന്ന വാർത്താവിതരണ പരമ്പരകളുടെ പ്രസിദ്ധീകരണത്തിനും വേണ്ടിയാണ് 1993-94-ൽ 10 ലക്ഷം രൂപ പദ്ധതി വിഹിതമായി വകകൊള്ളിച്ചിരിക്കുന്നത്.

#### b) പുസ്തക പ്രസിദ്ധീകരണം

(വിഹിതം 4.00 ലക്ഷം രൂപ)

സാംസ്ക്കാരികപരമായും വിദ്യാഭ്യാസ പരമായും സാമൂഹ്യപരമായും പ്രാധാന്യമുള്ള വിഷയങ്ങളെപ്പററിയുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും മഹത് വ്യക്തികളെക്കുറിച്ചുള്ള പണ്ഡിതൻമാരുടെ നിരൂപണങ്ങൾ അച്ചടിക്കുന്നതിനും വേണ്ടിയാണ് ഈ വിഹിതം. 1993-94-ൽ കേരളത്തിലെ നൃത്തങ്ങൾ, കേരളത്തിലെ ഉൽസവങ്ങളും, ആഘോഷങ്ങളും, സോപാന സംഗീതം, കൂടിയാട്ടം, ഹാൻഡ് ബുക്ക് ഓഫ് കേരള എന്നീ 5 പുസ്തകങ്ങൾകൂടി പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശം ഉണ്ട്. ഇതിലേക്കായി 1993-94-ൽ 4 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു.

### 9. സാമൂഹ്യ റേഡിയോയും ടെലിവിഷനും

#### a) സാമൂഹ്യ ദൃശ്യോപകരണങ്ങൾ

(വിഹിതം 10.00 ലക്ഷം രൂപ)

ഈ പദ്ധതിയനുസരിച്ച് ഗ്രാമപ്രദേശങ്ങളിലുള്ള പഞ്ചായത്തുകൾക്കും കളർ ടെലിവിഷൻ സ്ഥാപിക്കുന്നതിനുവേണ്ടി സബ്സിഡി നൽകുന്നു. ഇതനുസരിച്ച് വിലയുടെ 50% പഞ്ചായത്തുകൾ വഹിക്കേണ്ടതും 50%സംസ്ഥാന സബ്സിഡിയായി നൽകുന്നതുമാണ്. 1993-94-ൽ 160 പഞ്ചായത്തുകളെ സഹായിക്കുന്നതിലേക്കായി 10 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

#### b) പ്രത്യേക ഘടകപദ്ധതി

(വിഹിതം 23.00 ലക്ഷം രൂപ)

പട്ടികജാതി കുടുംബങ്ങൾ തിങ്ങിപാർക്കുന്ന സ്ഥലങ്ങളിൽ കളർ ടെലിവിഷൻ സ്ഥാപിക്കുന്നതിനു വേണ്ടിയാണ് ഈ വിഹിതം. സംസ്ഥാന ഗവൺമെൻറ് ഇതിന്റെ വില മുഴുവൻ സബ്സിഡിയായി പഞ്ചായത്തുകൾക്ക് കൊടുക്കുന്നു. 1993-94-ൽ 150 ടെലിവിഷൻ സെററുകൾ സ്ഥാപിക്കുന്നതിലേക്കാണ് 23 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നത്.

#### c) ഗിരിവർഗ്ഗ ഉപ പദ്ധതി.

(വിഹിതം 10·00 ലക്ഷം രൂപ)

ഗിരിജനങ്ങൾ പാർക്കുന്ന പ്രദേശങ്ങളിൽ കളർ ടെലിവിഷൻ സ്ഥാപിക്കുന്നതിലേക്ക് നൂറുശതമാനം സബ്സിഡി നൽകുന്നതിനുവേണ്ടിയാണ് ഈ വിഹിതം. 1993-94-ൽ 65 ടെലിവിഷൻ സെററുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 10 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

## 9.01 തൊഴിലും തൊഴിലാളിക്ഷേമവും.

### എ. കരകൗശലതൊഴിലാളികൾക്ക് പരിശീലനം.

### വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ.

1. ഐ.ടി.ഐ. കൾ ശക്തിപ്പെടുത്തൽ—പരിശീലനാനന്തര ഉന്നത കോഴ്സുകൾ ഉൾപ്പെടെ

(വിഹിതം 182.40 ലക്ഷം രൂപ)

സംസ്ഥാനത്ത് 28 സർക്കാർ വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ ഉള്ളതിൽ 11238 പേർക്ക് പരിശീലനം നൽകാൻ കഴിയുന്നു. ഇതിൽ 8 സ്ഥാപനങ്ങൾ സ്ത്രീകൾക്കു മാത്രമായുള്ളവയാണ്. 30,000 പേർക്ക് പരിശീലനം നൽകാവുന്ന 274 വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ സ്വകാര്യ മേഖലയിലുണ്ട്. വ്യാവസായിക പരിശീലനവകുപ്പിൽ നിന്നും 145 ലക്ഷം രൂപയാണ് താഴെപ്പറയുന്ന നിർമ്മാണ പണികൾക്ക് അവശ്യപ്പെട്ടിരിക്കുന്നത്. 1993-94-ൽ തന്നെ പണികൾ പൂർത്തീകരിക്കുന്നതിനായി 145 ലക്ഷം രൂപ ബഡ്ജററ് വിഹിതമായി നൽകിയിരിക്കുന്നു.

| | പ്രധാനപ്പെട്ട പണികൾ | (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | കൊയിലാണ്ടി, കഴക്കൂട്ടം ഐ.ടി.ഐ. കൾക്കും, പരിശീലന ഡയറക്ടറേററിനും സ്ഥലം വാങ്ങുന്നതിനുള്ള വിഹിതം | 22.00 |
| 2. | ഭരണാനുമതി ലഭിച്ച കെട്ടിട പണികൾക്കുള്ള തുക കട്ടപ്പന, കൊല്ലം, പള്ളിക്കത്തോട്, അരീക്കോട്, കോഴിക്കോട്, മാള എന്നീ ഐ.ടി.ഐകളുടെ കെട്ടിട നിർമ്മാണം | 122.00 |
| 3. | മററു പണികൾ (ചെന്നീർക്കര) കോഴിക്കോട് ഐ.ടി.ഐകൾ) | 1.00 |
| | ആകെ തുക | 145.00 |

യന്ത്രങ്ങളും മററുപകരണങ്ങളും ഇല്ലാത്തതുകാരണം 11 ഐ.ടി.ഐ.കളിലെ 86 യൂണിററുകൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല. 1993-94-ൽ 15 ലക്ഷം രൂപ ഐ.ടി.ഐ.കൾ ശക്തിപ്പെടുത്തുന്നതിനും, 2.40 ലക്ഷം രൂപ പരിശീലനാന്തര ഉന്നത പരിശീലനത്തിനും 10 ലക്ഷം രൂപാ വീതം പള്ളിക്കത്തോട് ഐ.ടി.ഐയിൽ പുതിയ യൂണിററുകൾ തുടങ്ങുന്നതിനും ചെങ്ങന്നൂർ ഐ.ടി.ഐയിൽ ട്രാക്ടർ മെക്കാനിക് ട്രേഡിൽ പുതിയ യൂണിററുകൾ തുടങ്ങുന്നതിനും വേണ്ടിയാണ് ബഡ്ജററിൽ തുക കൊള്ളിച്ചിരിക്കുന്നത്.

2. ആധുനിക തൊഴിലധിഷ്ഠിത പരിശീലന പദ്ധതി.

(വിഹിതം 2.00 ലക്ഷം രൂപ)

1978-ൽ കളമശ്ശേരിയിൽ ആരംഭിച്ച ആധുനിക തൊഴിലധിഷ്ഠിത പരിശീലന സംവിധാനം വഴി വർഷം തോറും 400 വ്യാവസായിക തൊഴിലാളികൾക്ക് പുതിയ തൊഴിലുകളിൽ 4 മുതൽ 12 ആഴ്ചകൾ വരെയുള്ള പരിശീലനം നൽകിവരുന്നു. പരിശീലന കേന്ദ്രത്തിന് 2 കോടി രൂപയുടെ യന്ത്രങ്ങൾ യു.എൻ.ഡി.പി./ഐ.എൽ.ഒ. യുടെ സഹായത്തോട് നൽകിയിട്ടുണ്ട്. ഇവിടത്തെ ജീവനക്കാരെ അത്യാധുനിക സാങ്കേതിക വിദ്യയുടെ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുവാൻ നിയോഗിക്കേണ്ടതാണ്. 1993-94-ലേക്ക് 2 ലക്ഷം രൂപയാണ് നൽകിയിരിക്കുന്നത്.

3. പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പദ്ധതികൾ.

(വിഹിതം 20.00 ലക്ഷം രൂപ)

11 വ്യാവസായിക പരിശീലന സ്ഥാപനങ്ങളിലായി 176 പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു. ബാംഗ്ളൂരിലെ ഫോർമാൻ ട്രെയിനിംഗ് ഇൻസ്ററിററ്യൂട്ട് ഉല്പാദനം, വ്യാവസായിക ഭരണം എന്നിവയിൽ ഫോർമാൻഷിപ്പ് പരിശീലനം നൽകുന്ന ദ്വിവൽസര ഡിപ്ളോമ കോഴ്സും പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി നൽകി വരുന്നു. 1993-94-ൽ ഇലക്ട്രോണിക്സ്, മോട്ടോർ വെഹിക്കിൾ, മെക്കാനിക്, ഇലക്ട്രോപ്ലേററർ, ഇലക്ട്രീഷ്യൻ, റേഡിയോ ആൻറ് ടെലിവിഷൻ മെക്കാനിക്, പെയിൻറർ, തുണി നിർമ്മാണം എന്നീ പുതിയ യൂണിററുകൾ കൂടി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. 1993-94-ലെ വിഹിതം 20 ലക്ഷം രൂപയാണ്.

### ബി. തൊഴിൽ സംബന്ധമായ സേവനങ്ങൾ

4. ടൗൺ/താലൂക്ക് എക്സ്ചേഞ്ചുകൾ സ്ഥാപിക്കൽ.

(വിഹിതം 10.00 ലക്ഷം രൂപ)

ഈ പദ്ധതി 25,000മോ അതിൽ കൂടുതലോ ജനങ്ങളുള്ള അഥവാ 10,000 മോ അതിൽ കൂടുതലോ തൊഴിലാളികളുള്ള നഗരങ്ങളിൽ ടൗൺ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചുള്ളതാണ്. ഇപ്പോൾ 32 ടൗൺ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ നിലവിലുണ്ട്. 1992-93-ൽ 4 എണ്ണത്തിനു കൂടി ഉദ്ദേശിക്കുന്നുണ്ട്. 1993-94-ൽ 2 യൂണിററുകൾകൂടി തുടങ്ങുവാനാണ് പരിപാടിയിട്ടിരിക്കുന്നത്. ഒരു യൂണിററ് തുടങ്ങുന്നതിനുള്ള ചെലവ് 1.60 ലക്ഷം രൂപയാണ്. 1992-93-ൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ തുടർന്നുള്ള നടത്തിപ്പിനും 1993-94-ൽ 2 പുതിയ യൂണിററുകൾ തുടങ്ങുന്നതിനുമായിട്ടാണ് പ്രസ്തുത വിഹിതം.

5. തൊഴിലവസരങ്ങളുടെ വിവരങ്ങൾ നൽകുന്ന പദ്ധതി ശക്തിപ്പെടുത്തുക

(വിഹിതം 2.00 ലക്ഷം രൂപ)

സംസ്ഥാനത്ത് തൊഴിലവസരങ്ങളുടെ വിവരങ്ങൾ നൽകുന്ന യൂണിററുകൾ 14 ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ ആരംഭിച്ചിട്ടുണ്ട്. പത്തനംതിട്ട വയനാട്, ഇടുക്കി, കാസറഗോഡ് എന്നീ ജില്ലകളിലെ ഇ.എം.ഐ. യൂണിററുകൾ ശക്തിപ്പെടുത്തുന്നതിനായിട്ടാണ് 1993-94-ൽ 2.00 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നത്.

## സി. തൊഴിലാളിക്ഷേമം

### 6. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ കമ്പ്യൂട്ടർവൽക്കരണം (50 ശതമാനം കേന്ദ്രസഹായമുള്ള പദ്ധതി—സംസ്ഥാന വിഹിതം)

(വിഹിതം 13.60 ലക്ഷം രൂപ)

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ ഘട്ടംഘട്ടമായി കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനാണ് പ്രസ്തുത വിഹിതം ഇതിൽ ഹാർഡ് വെയറും സോഫ്ററ് വെയറും കേന്ദ്രസർക്കാർ ചെലവിൽ നൽകുന്നതാണ്. സ്ഥലത്തിന് ആവശ്യമായ 1.5 ലക്ഷം രൂപ സംസ്ഥാന സർക്കാർ ഓരോഎംപ്ലോയ്മെൻറ് എക്സ്ചേഞ്ചിനും വേണ്ടി ചെലവാക്കേണ്ടതാണ്. കൂടാതെ സ്ററാഫ്, എയർകണ്ടിഷനിംഗ് എന്നീ അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടതായ ചെലവും സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. 1993-94-ലേക്ക് ഇതിലേക്കായി 13.60ലക്ഷം രൂപ നൽകിയിരിക്കുന്നു.

സ്ഥാപനങ്ങൾ

### 7. കേരള ഇൻസ്ററിട്യൂട്ട് ഓഫ് ലേബർ ആൻറ് എംപ്ലോയ്മെൻറ്

(വിഹിതം 7.00 ലക്ഷം രൂപ)

എട്ടാം പദ്ധതിയിൽ (1992-97-ൽ) കേരള ഇൻസ്ററിററ്യൂട്ട് ഓഫ് ലേബർ ആൻറ് എംപ്ലോയ്മെൻറ് റിസോർസ് സെൻററായും പരിശീലന കേന്ദ്രമായും ഉയർത്തുന്നതിന് ഉദ്ദേശമുണ്ട്. ഇവിടെ 135 ലധികം ട്രെയിനിംഗ്/വർക്കുഷോപ്പുകൾ ഇതുവരെ സംഘടിപ്പിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്കും മാനേജുമെൻറ് പ്രതിനിധികൾക്കുംവേണ്ടി ഊർജ്ജിതമായ പ്രൊഫഷണൽ ട്രെയിനിംഗ് പരിപാടികളും വർക്കുഷോപ്പുകളും റിസർച്ച് പ്രോജക്ററുകളും സംഘടിപ്പിക്കുവാൻ പരിപാടിയുണ്ട്. ഇതിലേക്കായി 1993-94-ലേയ്ക്ക് 7 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു.

### 8. വ്യാവസായിക ആരോഗ്യരക്ഷയും അപകട നിയന്ത്രണ പ്രവർത്തന പദ്ധതികളും—ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പ്

(വിഹിതം 20.00 ലക്ഷം രൂപ)

വ്യാവസായിക ആരോഗ്യ പരിരക്ഷയെക്കുറിച്ചുള്ള അറിവുകൾ നൽകുകയും തൊഴിൽ രംഗത്തിൻെറ പരിതഃസ്ഥിതി പരിശോധന എന്നിവ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണിത്. സുരക്ഷിതത്വം, അപകട നിയന്ത്രണം എന്നിവയിൽ പരിശീലനം നൽകുന്നതിന് ഒരു ഫുൾ സേഫ്ററി കൺട്രോൾ സിസ്ററം സെൽ സ്ഥാപിക്കുന്നതിന് സഹാറാ പ്ലാൻ വിഭാവനം ചെയ്യുന്നു. സെല്ലിൻെറ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സേഫ്ററി മ്യൂസിയം, കിററ്സ് ഫോർ മെഡിക്കൽ ആൻറ് കെമിക്കൽ, ഊർജ്ജിതമായ പ്രവർത്തനത്തിന് പരിശോധനകൾ, ആധുനിക പരിശോധനയ്ക്ക് മെഡിക്കൽ ഉപകരണങ്ങൾ, കംമ്പ്യൂട്ടറൈസ്ഡ് ഡാററാബാങ്ക് മുതലായവ ആവശ്യമാണ്. 1993-94-ൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പരിപാടികൾ 12 എയർ മോണിററിംഗ് പഠനങ്ങൾ, വ്യാവസായിക സുരക്ഷിതത്വത്തെക്കുറിച്ച് 9 ക്ലാസുകൾ/വർക്കുഷോപ്പുകൾ, പ്രധാനപ്പെട്ട 4 ഫാക്ടറികളുടെ പരിശോധന ഫാക്ടറി തൊഴിലാളികൾക്ക് വൈദ്യ പരിശോധന, എന്നിവയാണ്. പാലക്കാട് ഹെഡ്ക്വാർട്ടേഴ്സായിട്ട് ഫാക്ടറി ഡിവിഷനുകളെല്ലാം ചേർത്ത് പുതിയ സ്ററാഫുകളെ കൂടാതെ നാലാമതൊരു റീജണൽ ഓഫീസ് തുടങ്ങുവാൻ ഉദ്ദേശമുണ്ട്. അംബാസഡർ കാർ ഡീസലൈസ് ചെയ്യുന്നതിനുള്ള തുകയും വിഹിതത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 1993-94-ൽ 20 ലക്ഷം രൂപയാണ് പദ്ധതി വിഹിതം. ഇതിൽ 3 ലക്ഷം രൂപ നിർമ്മാണ ചെലവുകൾക്കുള്ളതാണ്.

### 9. തൊഴിൽ വൈദഗ്ദ്ധ്യ വികസന പദ്ധതി (സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം 208.00 ലക്ഷം രൂപ)

1988-89 മുതൽ വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ നവീകരിക്കുന്നതിന് 15.08 കോടി രൂപ ചെലവുള്ള തൊഴിൽ വൈദഗ്ദ്ധ്യ വികസന പദ്ധതി നടപ്പിലാക്കിവരികയാണ്. പദ്ധതിയുടെ കാലാവധി 1989-90 മുതൽ1994-95 വരെയുള്ള 6 വർഷമാണ്. ഇതിൻെറ പ്രധാന ഘടകങ്ങൾ ഉപകരണ നവീകരണം, ഉപകരണ പരിപാലനം, ദൃശ്യ ശ്രവണോപകരണങ്ങൾ, പദ്ധതി നിയന്ത്രണ യൂണിററുകൾ, പുതിയ തൊഴിലുകൾ ആരംഭിക്കൽ, സ്ത്രീകൾക്കു മാത്രമായുള്ള പുതിയ വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ എന്നിവയാണ്.

ഇതിനായിട്ട് 30-11-1992 വരെ 448.29 ലക്ഷം രൂപ ചെലവായി. ഉപകരണങ്ങളും മററും വാങ്ങുന്നതിന് താമസം നേരിടുന്നതുകൊണ്ട് പുരോഗതി വളരെ പതുക്കെയാണ്. പദ്ധതിപ്രകാരം 1993-94 ലേക്ക് 147.30 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഡോളറിൻെറ മൂല്യം കൂടിയതുകൊണ്ടും തുക മിച്ചമുള്ളതുകൊണ്ടും മുൻവർഷങ്ങളിലെ മന്ദഗതിയിലുള്ള പുരോഗതി കണക്കിലെടുത്തുംകൊണ്ട് 1993-94 ലേയ്ക്ക് 208 ലക്ഷം രൂപ ബഡ്ജററ് വിഹിതമായി നൽകിയിട്ടുണ്ട്. ഇതിൽ 30 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് വകകൊള്ളിച്ചിരിക്കുന്നത്.

### 10. തൊഴിൽ ഭവൻെറ നിർമ്മാണം

(വിഹിതം 20.00 ലക്ഷം രൂപ )

തൊഴിൽ ഭവൻെറ നിർമ്മാണ ചെലവിനായി 50 ലക്ഷം രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. തിരുവനന്തപുരത്തുള്ള തൊഴിൽവകുപ്പിൻെറ വിവിധ ഓഫീസുകൾ ഇതിൽ പ്രവർത്തിക്കുന്നതായിരിക്കും. തൊഴിൽ വകുപ്പ് ഇതിനായി പുതിയൊരു സ്ഥലം കണ്ടെത്തിയിട്ടുണ്ട്. 1993-94 ലേക്ക് ഇതിൻെറ പണി തുടങ്ങുന്നതിനായി 20 ലക്ഷം രൂപയാണ് ബഡ്ജററ് വിഹിതമായി നൽകിയിരിക്കുന്നത്.

11. **അസംഘടിത മേഖലയ്ക്ക് ക്ഷേമഫണ്ട് രൂപീകരിക്കുന്നതിന് അടിസ്ഥാന സജ്ജീകരണങ്ങൾ**

(വിഹിതം 5.00 ലക്ഷം രൂപ)

തൊഴിൽ വകുപ്പ് നേരിട്ട് സഹായം നൽകുന്ന 11 ക്ഷേമ പരിപാടികളുണ്ട്. തൊഴിലാളികളിൽ 70 ശതമാനത്തിലേറെ അസംഘടിത അനൗപചാരിക മേഖലയിലാണ്. അൽപമാത്രമോ അല്ലെങ്കിൽ സ്ഥിര തൊഴിലവസരങ്ങൾ ഇല്ലായ്ക, പരിചയ സമ്പന്നരായ തൊഴിലാളികളുടെ അഭാവം, ക്ഷേമപദ്ധതികൾ മുഖേന സുരക്ഷിതരല്ലാത്ത തൊഴിലാളികൾ എന്നിവ അസംഘടിത അനൗപചാരിക മേഖലയുടെ പ്രത്യേകതകളാണ്. ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകി അസംഘടിതരായ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനായി 1993–94-ലേക്ക് 5 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു.

12. **തൊഴിൽ വകുപ്പ് ശക്തിപ്പെടുത്തൽ**

(വിഹിതം 10.00 ലക്ഷം രൂപ)

സംസ്ഥാനത്തിന്റെ പുതിയ വ്യാവസായിക നയത്തിന്റെ വെളിച്ചത്തിൽ തൊഴിൽ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്. ഇതിലേക്കായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റ് എന്നീ സ്ഥാപനങ്ങൾ മുഖേന ലേബർ ഉദ്യോഗസ്ഥർക്കും മററു സ്ററാഫിനും പരിശീലനം നൽകുന്നതായിരിക്കും. പിന്നീടുള്ളത് വകുപ്പിലെ ചില പ്രധാനപ്പെട്ട പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണമാണ്. ലൈബ്രറി സൗകര്യങ്ങളും മെച്ചപ്പെടുത്തേണ്ടതാണ്. ഈ പരിപാടികൾ നടപ്പിലാക്കുന്നതിനു വേണ്ടി 1993-94-ലേക്ക് 10 ലക്ഷം രൂപയാണ് ബഡ്ജററ് വിഹിതമായി നൽകിയിരിക്കുന്നത്.

## 9.11 പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ മററു പിന്നോക്ക വർഗ്ഗക്കാർ എന്നിവരുടെ ക്ഷേമം

### പട്ടികജാതിക്കാരുടെ ക്ഷേമം

### 1. പ്രീ-മെട്രിക് സ്കോളർഷിപ്പുകളും സ്റൈറപ്പെൻറുകളും

(വിഹിതം 17.00 ലക്ഷം രൂപ)

സംസ്ഥാനത്തെ സ്ക്കൂളുകളിൽ ഒന്നു മുതൽ പത്തു വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വിവിധ നിരക്കിൽ സ്റൈറപ്പെൻറുകളും സ്കോളർഷിപ്പുകളും നൽകുന്നതിനുള്ള തുകയാണ് ഇതിൽ വകയിരുത്തിയിട്ടുള്ളത്.

### 2. പ്രഗൽഭരായ കുട്ടികൾക്ക് പ്രത്യേക പ്രോത്സാഹനം

(വിഹിതം 3.50 ലക്ഷം രൂപ)

പൊതു പരീക്ഷകളിലും കായികരംഗത്തും കളികളിലും പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരം പുലർത്തുന്നതിനുള്ള പ്രോത്സാഹനം നൽകുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശം. പഠിക്കുന്ന കോഴ്സുകൾ അനുസരിച്ച് വ്യത്യസ്ത നിരക്കിൽ നിലവിലുള്ള പ്രോത്സാഹനതുക വർദ്ധിപ്പിച്ചിട്ടുണ്ട്. കായിക രംഗത്തും ഉന്നത നിലവാരം പുലർത്തുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോൽസാഹനം നൽകുന്നതാണ്. സ്ക്കൂൾ തലത്തിൽ എട്ട്, ഒൻപത് ക്ലാസുകളിലേക്കും കോളേജു തലത്തിൽ ആട്സ് വിഷയത്തിൽ രണ്ടാം ക്ലാസ് കിട്ടുന്ന വിദ്യാർത്ഥികൾക്കുമായും ഈ പരിപാടി വ്യാപിപ്പിക്കുന്നതാണ്.

### 3. ബോഡിംഗ് ഗ്രാൻറ്

(വിഹിതം 9.00 ലക്ഷം രൂപ)

കുറഞ്ഞ നിരക്കിൽ ഭക്ഷണവും താമസ സൗകര്യവും നൽകി കൊണ്ട് സന്നദ്ധ സംഘടനകൾ നടത്തുന്ന പതിനഞ്ചു ഹോസ്ററലുകളിൽ താമസിക്കുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ബോഡിംഗ് ഗ്രാൻറ് നൽകുന്നതിലേയ്ക്കാണ് ഈ തുക.

### 4. പരിശീലനവും അനുബന്ധ പദ്ധതികളും

(വിഹിതം 16.00 ലക്ഷം രൂപ.

50% കേന്ദ്രസഹായമുള്ള ഒരു പരിപാടിയാണിത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ പ്രീ-എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങളും ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരികയും അനുയോജ്യമാംവിധം ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. വർക്കിംഗ് ഗ്രൂപ്പിൻെറ ശുപാർശയനുസരിച്ച് ഈ കേന്ദ്രങ്ങളുടെ മാധ്യമ നിലവാരം ഉയർത്തുന്നതാണ്. പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശന പരീക്ഷയ്ക്കുവേണ്ട തയ്യാറെടുപ്പ് ഉൾപ്പെടെയുള്ള ആവിശ്യാധിഷ്ഠിത പരിശീലനം ഈ സെൻററുകളിൽ കൂടി നൽകുന്നതായിരിക്കും. ആൾ ഇന്ത്യാ സർവ്വീസ് പരീക്ഷയ്ക്ക് തെരഞ്ഞെടുക്കുന്ന പട്ടികജാതി യുവാക്കൾക്ക് അതിനുവേണ്ടി മാത്രമായി സ്ഥാപിച്ചിരിക്കുന്ന കേന്ദ്രം വഴി പരിശീലനം നൽകുന്നതായിരിക്കും.

### 5. പ്രീ-മെട്രിക്കും പോസ്ററ് മെട്രിക്കും ഹോസ്ററലുകൾ

(വിഹിതം 20.00 ലക്ഷം രൂപ)

പട്ടികജാതി വികസന വകുപ്പിൻെറ കീഴിലുള്ള പ്രീമെട്രിക്ക്, പോസ്ററ് മെട്രിക്ക് ഹോസ്ററലുകളുടെ നടത്തിപ്പിന് എട്ടാം പദ്ധതിയിൽ നൂറുലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഭക്ഷണം, പോക്കററുമണി, വാടക എന്നിവയ്ക്ക് ചെലവഴിക്കുന്നതിനാണ് ഈ തുക. ഹോസ്ററലുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ട്യൂട്ടർമാർ, വാർഡൻ എന്നിവരെ ഉൾപ്പെടുത്തി ജനപങ്കാളിത്തത്തോടുകൂടി കാര്യക്ഷമമായ ഒരു മാനേജ്മെൻറ് സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. ഹോസ്ററലിൽ താമസിക്കാനാഗ്രഹിക്കുന്ന ഏററവും അടുത്ത സ്കൂളിലെ ഒരു അദ്ധ്യാപകനെ വാർഡനായി നിയമിക്കുന്നതാണ്.

ഹോസ്ററൽ വാസികളുടെ രക്ഷാകർത്തൃ പ്രതിനിധികളും വകുപ്പ് ഉദ്യോഗസ്ഥൻമാരും ചേർന്ന ഒരു ഉപദേശ സമിതി കാലാകാലങ്ങളിൽ ഹോസ്ററൽ സന്ദർശിച്ച് കാര്യക്ഷമമായ നടത്തിപ്പിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതുമാണ്. ഈ പദ്ധതിക്കുവേണ്ടി 1993-94 വർഷത്തേയ്ക്ക് നീക്കി വച്ചിരിക്കുന്ന 20 ലക്ഷം രൂപായിൽ 6 ലക്ഷം രൂപ, ഏററവും ആവശ്യമായ സ്ഥലത്ത് ഒരു വർക്കിംഗ് വിമൻസ് ഹോസ്ററൽ ആരംഭിക്കുന്നതിനുവേണ്ടിയുള്ളതാണ്.

## 6. പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികൾക്കുള്ള ഹോസ്റ്റലുകൾ

(വിഹിതം—13.00 ലക്ഷം രൂപ)

50% കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. കേന്ദ്രസഹായമായി ലഭിക്കുന്ന മൊത്തം തുകയും ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ്. മുൻവർഷങ്ങളിൽ ആരംഭിച്ച പണികളുടെ പൂർത്തീകരണത്തിനുവേണ്ടിയും പദ്ധതി വിഹിതം വിനിയോഗിക്കുന്നതാണ്.

## 7. പ്രൊഫഷണൽ കോളേജുകളിലും പോളിടെക്നിക്കുകളിലും ബുക്ക് ബാങ്കുകൾ.

(സംസ്ഥാന വിഹിതം—8.00 ലക്ഷം രൂപ)

50 ശതമാനം കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പരിപാടിയാണിത്. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിലപിടിപ്പുള്ള പുസ്തകങ്ങളും പഠനോപകരണങ്ങളും മറ്റും വാങ്ങുന്നതിനുള്ളതാണ് ഈ വിഹിതം. എട്ടാം പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ പ്രൊഫഷണൽ കോളേജുകളിലും പോളിടെക്നിക്കുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. ഈ കോളേജുകളിൽ ലഭ്യമായ പുസ്തകങ്ങളുടെ പുനഃപ്രസിദ്ധീകരണങ്ങൾ ശേഖരിക്കുന്നതിനും അവ സൂക്ഷിച്ചുവയ്ക്കുന്നതിനും പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിനും ഉദ്ദേശമുണ്ട്. കാർഷികകോളേജ്, ലോ കോളേജ്, വെറ്ററിനറി കോളേജ് എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളെയും പോളിടെക്നിക്കുകളിൽ ഡിപ്ലമോ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളെയുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 8. സ്കൂളുകളിലും കോളേജുകളിലും ട്യൂഷൻ സമ്പ്രദായം

(വിഹിതം—8.00 ലക്ഷം രൂപ)

ഹൈസ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രയാസമേറിയ വിഷയങ്ങൾക്ക് ട്യൂഷൻ നൽകുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പട്ടികജാതിക്കാർ അധിവസിക്കുന്ന പ്രദേശങ്ങളിലും പട്ടികജാതി വികസന വകുപ്പ് നടത്തുന്ന ഹോസ്റ്റലുകളിലും ട്യൂഷൻ കേന്ദ്രങ്ങൾ സ്ഥാപിച്ച് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിഷമമുള്ള വിഷയങ്ങളിൽ പ്രത്യേക പരിശീലനം കൊടുക്കുന്നതാണ്. സംസ്ഥാനത്തെ ഏററവും പിന്നോക്ക പ്രദേശങ്ങളിലും ഹോസ്റ്റലുകളിലും ആയിരിക്കും കേന്ദ്രങ്ങൾ സ്ഥാപിക്കുക. പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ഇതിനകം ആരംഭിച്ചു കഴിഞ്ഞ ഈ പദ്ധതി മററു ഹോസ്റ്റലുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. പൊതുവിദ്യാഭ്യാസം, കോളേജു വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ പ്രത്യേക ഘടകപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിഹിതവും കൂടി എല്ലാ ഹോസ്റ്റലുകളിലും ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടി വിനിയോഗിക്കുന്നതാണ്.

## 9. പഠനകേന്ദ്രങ്ങൾ

(വിഹിതം—0.50 ലക്ഷം രൂപ)

സ്വന്തം ഭവനങ്ങളിൽ പഠന സൗകര്യം ഇല്ലാത്ത പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ, ലൈററ്, റഫറൻസ് ബുക്ക്, മററു പഠന സഹായികൾ തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ പഠന സൗകര്യം ഒരുക്കിക്കൊടുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വിദ്യാർത്ഥികളുടെ നിയന്ത്രണവും മേൽനോട്ടവും സർവ്വീസിൽനിന്നും വിരമിച്ചതോ അല്ലെങ്കിൽ മുതിർന്ന അദ്ധ്യാപകരോ, തൊഴിൽ രഹിതരായ ബിരുദധാരികളോ, ബിരുദാനന്തര ബിരുദധാരികളോ വഹിക്കുകയും അവരെ പഠനത്തിൽ സഹായിക്കുകയും ചെയ്യുന്നു. ഏഴാം പദ്ധതിയുടെ അവസാനത്തോടെ 16 പട്ടികജാതി അധിവാസ കേന്ദ്രങ്ങളിൽ പഠന കേന്ദ്രങ്ങൾ ആരംഭിച്ചിരുന്നു. നടപ്പു സാമ്പത്തിക വർഷം ആവശ്യമായ പ്രദേശങ്ങളിൽ ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## 10. ഭാരത ദർശനം

(വിഹിതം—2.00 ലക്ഷം രൂപ)

വിവിധ രംഗങ്ങളിൽ രാജ്യം കൈവരിച്ച നേട്ടങ്ങളും പുരോഗതിയും നേരിൽ കണ്ടു മനസ്സിലാക്കുന്നതിലേക്കായി തിരഞ്ഞെടുക്കപ്പെട്ട പട്ടികജാതി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും, മുതിർന്നവർക്കും വേണ്ടി പഠനയാത്ര സംഘടിപ്പിക്കുന്നതിനാണ് ഈ വിഹിതം. ഏഴാം പദ്ധതിക്കാലത്ത് ചെറിയ തോതിൽ ആരംഭിച്ച ഈ പദ്ധതി എട്ടാം പദ്ധതിയിൽ വിപുലമായ രീതിയിൽ തുടരുന്നതാണ്.

---

**11. എസ്. എസ്. എൽ. സി., പ്രീഡിഗ്രി പരീക്ഷകളിൽ തോററ വിദ്യാർത്ഥികൾക്ക് ധനസഹായം.**

(വിഹിതം 12.00 ലക്ഷം രൂപ)

എസ്. എസ്. എൽ. സി., പ്രീഡിഗ്രി പരീക്ഷകളിൽ കുറഞ്ഞത് 30% മാർക്കെങ്കിലും വാങ്ങിയിട്ടുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കുവാൻ ധനസഹായം നൽകുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഉന്നത നിലവാരം പുലർത്തുന്ന ട്യൂട്ടോറിയൽ കോളേജുകളിൽ 8 മാസം പഠിക്കുന്നതിന് ധനസഹായം നൽകുന്നതാണ്. ട്യൂഷൻ ഫീസിനും എഴുത്തു സാമഗ്രികൾക്കും പരിശീലനത്തിനും മററുമുള്ള ചെലവുകൾ ആണ് ഈ വിഹിതത്തിൽ നിന്ന് വഹിക്കുന്നത്. ഏഴാം പദ്ധതിയിൽ എസ്. എസ്. എൽ. സി. തോററവർക്കുമാത്രം ഉൾപ്പെടുത്തി നടപ്പാക്കിവന്ന ഈ പദ്ധതി വിജയകരമാണെന്ന് കണ്ടെത്തിയതിനാൽ എട്ടാം പദ്ധതിയിൽ ഡിഗ്രിതലം വരെ ഈ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**12. കായിക വിനോദങ്ങളിലും കളികളിലും പട്ടികജാതി വിദ്യാർത്ഥികളുടെ പ്രകടനനിലവാരം മെച്ചപ്പെടുത്തൽ**

(വിഹിതം 8.00 ലക്ഷം രൂപ)

"ക്യാച്ച് ദം യംഗ്" എന്ന പരിപാടിയിലൂടെ കായിക വിനോദങ്ങളിലും കളികളിലും വളരെ ഉയർന്ന നിലവാരം പുലർത്തുന്ന പാവപ്പെട്ട പട്ടികജാതി വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഈ തുക പോഷകാഹാരത്തിനും, വസ്ത്രത്തിനും, കായിക വിനോദങ്ങളിൽ പരിശീലനം നടത്തുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും മററും വേണ്ടിയാണ്. ഓരോ വർഷവും 30 ആൺ/പെൺകുട്ടികളെ ഈ പരിപാടി വഴി സഹായിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**13. ആൺകുട്ടികളുടെ ഹോസ്ററൽ**

(വിഹിതം 6.00 ലക്ഷം രൂപ)

ജില്ലാ ആസ്ഥാനങ്ങളിൽ ആൺകുട്ടികളുടെ ഹോസ്ററൽ നിർമ്മാണത്തിനായി 50 ശതമാനം കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ഒരു പരിപാടിയാണിത്. സംസ്ഥാനങ്ങളിൽ ഇന്ത്യാ ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള നഗരപ്രദേശങ്ങളിൽ ഹോസ്ററൽ നിർമ്മാണത്തിനായിട്ടാണ് ഈ തുക ഉപയോഗിക്കുക. 1993-94-ൽ 2 ഹോസ്ററലുകൾ പണിയാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**14. ഹോസ്ററൽ കോംപ്ലക്സ്**

(വിഹിതം 5.00 ലക്ഷം രൂപ)

വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസരണമായി പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംസ്ഥാനത്ത് ഹോസ്ററൽ സൗകര്യങ്ങൾ വളരെ കുറവാണ്. ദൂരെയുള്ള ഗ്രാമങ്ങളിൽ നിന്ന് തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം കിട്ടി വരുന്ന വിദ്യാർത്ഥികൾക്ക് മതിയായ ഹോസ്ററൽ സൗകര്യം ലഭിക്കാറില്ല. അതിനാൽ ലൈബ്രറി ഹാൾ, കളിസ്ഥലം, വിശ്രമ സൗകര്യങ്ങൾ എന്നിവയോടുകൂടി പഠനത്തിനും ആരോഗ്യകരമായ അന്തരീക്ഷത്തിനുമുപകരിക്കും വിധം ഒരു ബഹുനില കെട്ടിടം പണിയാനാണ് ഉദ്ദേശിക്കുന്നത് തിരുവനന്തപുരത്ത് ഇത്തരം ഒരു ഹോസ്ററൽ കോംപ്ലക്സ് നിർമ്മിക്കുന്നതിനുവേണ്ടിയാണ് തുക ഉൾക്കൊള്ളിച്ചിരിക്കുന്നത്.

**15. ഇൻഫർമേഷൻ-കം-ഗൈഡൻസ് സെൻറർ**

(വിഹിതം 3.00 ലക്ഷം രൂപ)

തൊഴിലവസരങ്ങൾ, പഠനതലങ്ങൾ, ഉദ്യോഗ സംബന്ധമായ വിവരങ്ങൾ, പട്ടികജാതി ക്ഷേമത്തിനു വേണ്ടി നടപ്പിലാക്കുന്ന പരിപാടികളുടെ വിശദാംശങ്ങൾ, അപേക്ഷാഫാറങ്ങൾ മുതലായവയെക്കുറിച്ച് എല്ലാ വിവരങ്ങളും ലഭ്യമാകുന്ന ഒരു കേന്ദ്രീകൃത സൗകര്യ സ്ഥാനമായാണ് ഈ കേന്ദ്രം വിഭാവന ചെയ്യപ്പെട്ടിരിക്കുന്നത്. കിട്ടാൻ ബുദ്ധിമുട്ടുള്ള ഫാറങ്ങൾ വിതരണം ചെയ്യുക, വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുക, മററു പ്രചരണ കാര്യങ്ങൾ തയ്യാർ ചെയ്യുക തുടങ്ങിയവയ്ക്കായി ഒരു ഡോക്കുമെൻറേഷൻ സെൻറർ ഇതിനോടു ചേർന്നുണ്ടായിരിക്കും. ഈ സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നതിനു ആവശ്യമായ ഉപകരണങ്ങളും ഫർണിച്ചറും മററും വാങ്ങുന്നതിനാണ് ഈ വിഹിതം.

**16. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സാമ്പത്തിക സഹായം**

(വിഹിതം 1.00 ലക്ഷം രൂപ)

വിവിധ തൊഴിലുകളിൽ സാങ്കേതികപരമായോ പാരമ്പര്യഗതമായോ വൈദഗ്ദ്ധ്യവും പരിശീലനവും ഉള്ള പട്ടികജാതിക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്തലിനാവശ്യമായ സഹായം നൽകുകയാണ് ഈ പരിപാടി കൊണ്ട് ഉദ്ദേശിക്കുന്നത്. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്കും യോഗ്യരായ ഡോക്ടർമാർ, എഞ്ജിനീയർമാർ, ഉദ്യോഗ വിദഗ്ധർ, വക്കീലൻമാർ, ലബോറട്ടറി ടെക്നീഷ്യൻമാർ മുതലായവർക്കും അവരവരുടെ തൊഴിൽ സംഘടിപ്പിക്കുന്നതിന് ഈ പദ്ധതിപ്രകാരം സഹായം നൽകുന്നതാണ്. പരമാവധി സഹായം, മൊത്തം ചെലവിൻെറ 50% അഥവാ പരമാവധി 5,000 രൂപ എന്നാണ് നിജപ്പെടുത്തിയിരിക്കുന്നത്. വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാകുന്ന ഓഹരി മൂലധനത്തിൻെറ 50% മാർജിൻ മണിയായി നൽകുന്നതാണ് വ്യവസായ വകുപ്പിൻെറ നിലവിലുള്ള പദ്ധതികൾക്ക് പരിപോഷകമായി മൊത്തം നിക്ഷേപത്തിൻെറ 5% ഇൻവെസ്ററ്മെൻറ് സബ്സിഡിയായും നൽകുന്നതാണ്. ഡിപ്പാർട്ടുമെൻറ് നേരിട്ട് ധനസഹായം കൊടുക്കുന്നതല്ല. പ്രോജക്ട് മൊത്തം ശരിയായി വിലയിരുത്തിയതിനുശേഷമേ ധനസഹായം നൽകുകയുള്ളു. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി വായ്പ എടുത്തിട്ടുള്ളവർക്ക് സബ്സിഡി നൽകാനുള്ളതാണ് ഈ വിഹിതം. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയാണ് ഈ പരിപാടി നടപ്പിലാക്കുന്നത്.

**17. അധിവാസകേന്ദ്രങ്ങളുടെ ഊർജ്ജിത വികസന പരിപാടി**

(വിഹിതം—200.00 ലക്ഷം രൂപ)

ഓരോ പഞ്ചായത്തിലും ഏററവും പിന്നോക്കം നില്ക്കുന്ന അധിവാസ കേന്ദ്രങ്ങളെ സാമൂഹ്യ-സാമ്പത്തിക സൂചികകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തി അവയുടെ വികസനത്തിനുള്ള പരിപാടികൾ തയ്യാറാക്കി നടപ്പാക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന അധിവാസ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ സാമ്പത്തിക വികസന പരിപാടികൾ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ മുതലായ പരിപാടികൾ വിവിധ വികസന വകുപ്പുകളുടെ ഏകോപിച്ചുള്ള ശ്രമമായി നടപ്പാക്കുന്നതാണ്.

324 കേന്ദ്രങ്ങളിലെ ഊർജ്ജിത വികസന പരിപാടികൾ പൂർത്തികരിക്കുവാനാണ് 1993-94-ലെ വിഹിതം

കൊണ്ട് ഉദ്ദേശിക്കുന്നത്. കൂടാതെ ഏതെങ്കിലും വകുപ്പിന്റെ പ്രവർത്തനത്തിലുണ്ടാകാവുന്ന ധനപരമായ വിടവു നികത്തുന്നതിനായും ഈ വിഹിതം ഉപയോഗിക്കാവുന്നതാണ്.

## 18. ഉൽപ്പാദന-പരിശീലന കേന്ദ്രങ്ങൾ–വ്യവസായ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കൽ

(വിഹിതം 20.00 ലക്ഷം രൂപ)

സർക്കാർ നിയോഗിച്ച സാങ്കേതിക കമ്മിററി വിഭാവനം ചെയ്ത രീതിയിലാണ് ഇതുവരെ ഉൽപാദന പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വന്നത്. എന്നാൽ ഇവയിൽ കുറെയെണ്ണം കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള എൻ. സി. വി. ടി. യു. മായി സംയോജിപ്പിക്കാൻ ഉദ്ദേശമുണ്ട്. 1993-94-ൽ സ്വയംതൊഴിൽ കണ്ടെത്താൻ സഹായകമായ ആധുനിക ട്രേഡുകൾ ആരംഭിച്ചുകൊണ്ട് 44 കേന്ദ്രങ്ങളെ ഇപ്രകാരം വ്യവസായ പരിശീലന കേന്ദ്രങ്ങളായി പുന: സംഘടിപ്പിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗരേഖകളനുസരിച്ച് പ്രസ്തുത പരിപാടി നടപ്പിലാക്കുന്നതിലേക്ക് 20 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

## 19 പട്ടികജാതിക്കാരുടെ സാമ്പത്തികോന്നമനത്തിനുള്ള പദ്ധതി (പ്രത്യേക കേന്ദ്രസഹായം)

(വിഹിതം 600.00 ലക്ഷം രൂപ)

പ്രത്യേക ഘടക പദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം സംസ്ഥാന പദ്ധതി തുകയ്ക്ക് പുറമെ അധിക സഹായമായിട്ടാണ് കേന്ദ്രഗവൺമെന്റ് വർഷംതോറും നൽകുന്നത്. ഈ തുക പ്രധാനമായും (1) പട്ടികജാതിക്കാർക്ക് ഗുണകരമായിട്ടുള്ള സാമ്പത്തിക വികസന പരിപാടികൾ (2) സ്വയംതൊഴിൽ കണ്ടെത്താനുപകരിക്കുന്ന പരിശീലന പരിപാടികൾ എന്നിവയ്ക്കാണ് വിനിയോഗിക്കുന്നത്. കൃഷി, ക്ഷീരവികസനം, മൃഗസംരക്ഷണം, സഹകരണം, ഗ്രാമീണ ചെറുകിട വ്യവസായങ്ങൾ തുടങ്ങിയ മേഖലയിൽ പട്ടികജാതിക്കാർക്ക് പ്രയോജനം ചെയ്യുന്ന പ്രത്യേക പരിപാടികൾക്ക് രൂപം കൊടുക്കുകയും അവ നടപ്പിലാക്കുകയും ചെയ്യുന്നതിനു വേണ്ടിയാണ് പ്രധാനമായും ഈ വിഹിതം വിനിയോഗിക്കുന്നത്.

പ്രത്യേക കേന്ദ്രസഹായം, സാമ്പത്തിക വികസനത്തിനുള്ള പദ്ധതികൾക്കും, വാർഷിക പദ്ധതിയിൽ മതിയായ വിഹിതം ഇല്ലാത്ത സാമ്പത്തിക വികസന മേഖലകളിലും വേണം വീതിക്കുവാൻ. ഒരു പരിധിവരെ ഈ തുക പരിശീലനത്തിനും സാമ്പത്തികോന്നമന പരിപാടികളുടെ നടത്തിപ്പിന് ഉപോൽബലകമായ മററു ചില കാര്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. ഉദാഹരണമായി അസംസ്കൃത വസ്തുക്കൾ, ഉപകരണങ്ങൾ പുതിയ സാങ്കേതിക വിദ്യ, ജോലി ചെയ്യുന്നതിനുള്ള അത്യാവശ്യ സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനാവശ്യമായ പണം ഇതിൽ നിന്നും കണ്ടെത്താവുന്നതാണ്.

ഭവന നിർമ്മാണം

## 20. വീട് വയ്ക്കുന്നതിന് സഹായധനം

(വിഹിതം 130.00 ലക്ഷം രൂപ)

തെരഞ്ഞെടുക്കപ്പെട്ട ആധിവാസകേന്ദ്രങ്ങളിൽ പട്ടികജാതിക്കാർക്ക് കെട്ടിടം പണിയാൻ സഹായധനം (ഗ്രാൻറ്) നൽകുകയാണ് ഈ പരിപാടി കൊണ്ടുദ്ദേശിക്കുന്നത്. കുളിമുറി, കക്കൂസ്, വൈദ്യുതി, പുകയില്ലാത്ത അടുപ്പ് ജല നിർഗ്ഗമന സംവിധാനം, പൈപ്പ് വെള്ളം തുടങ്ങി എല്ലാ സൗകര്യങ്ങളോടുകൂടിയ കെട്ടിടത്തിന്റെ നിർമ്മാണച്ചെലവ് 12000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഈ തുക 30% 50% 20% എന്നീ ക്രമത്തിൽ മൂന്നുതവണകളായി നൽകുന്നതാണ്.

ഈ പദ്ധതി നടപ്പിലാക്കുന്നതിനും തുക വിതരണം ചെയ്യുന്നതിനും താലൂക്ക് പട്ടികജാതി വികസന ആഫീസറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

## 21. ഭൂമിയും വീടും ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വേണ്ടിയുള്ള പുനരധിവാസ ഭവനനിർമ്മാണപദ്ധതി

(വിഹിതം 125.00 ലക്ഷം രൂപ)

ഭൂമിയും വീടുംഇല്ലാത്ത പട്ടികജാതിക്കാർക്ക് നാലു സെൻറു ഭൂമിയും മൊത്തം 17,000 രൂപ ചെലവുവരുന്നതുമായ ഒരു വീട് നൽകി പുനരധിവസിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.ഇതിൽ 5,000രൂപഭൂമിയ്ക്കും 12,000 രൂപ വീടിനും ഗ്രാൻറായി നൽകാനുദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഒരു സ്ഥലത്ത് പത്തു ഗുണഭോക്താക്കളെങ്കിലും ഉണ്ടായിരിക്കണം. ജില്ലാ പട്ടികജാതി വികസന ആഫീസറുടെ ചുമതലയിൽ ചെലവുകുറഞ്ഞ വീട് നിർമ്മാണ സാങ്കേതികവിദ്യ നടപ്പിലാക്കുന്ന നിർമ്മിതി കേന്ദ്ര കോസ്ററുഫോഡ്, റീജണൽ ഹൗസിംഗ് ഡെവലപ്പ്മെൻറ് സെൻറർ എന്നീ ഏജൻസികൾ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സർക്കാർ ഇതിനു വേണ്ടി രൂപീകരിച്ചിട്ടുള്ള ഒരു സമിതിയായിരിക്കും ഭവനനിർമ്മാണത്തിനുള്ള സ്ഥലവും ഗുണഭോക്താക്കളെയും തിരഞ്ഞെടുക്കുന്നത്.

## 22 ഭവനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

(വിഹിതം 5.00 ലക്ഷം രൂപ)

കക്കൂസ്, കുളിമുറി, അഴുക്കുചാലുകൾ എന്നിവയുടെ നിർമ്മാണത്തിനും വൈദ്യുതീകരണം, വൈദ്യുതി ബില്ലിന്റെ കുടിശ്ശിക അടയ്ക്കാൻ എന്നിവയ്ക്കും ഗ്രാൻറായോ സബ്സിഡിയായോ സാമ്പത്തിക സഹായം നൽകുന്നതിനാണ് ഈ വിഹിതം പട്ടികജാതി അധിവാസ കേന്ദ്രങ്ങളിലും കോളനികളിലുമല്ലാതെ താമസിക്കുന്നവർക്കും ഈ പദ്ധതിയുടെ പ്രയോജനം കിട്ടുന്നതാണ്.

## 22. പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കൽ

(വിഹിതം 12.00 ലക്ഷം രൂപ)

പോലീസ് സ്ക്വാഡിനുള്ള ചെലവുകൾ ഈ വിഹിതത്തിൽ നിന്ന് വഹിക്കുന്നതാണ്. ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീജില്ലകളിലെ പട്ടികജാതിക്കാർക്കിടയിൽ 'അവയർനസ് ക്യാമ്പുകൾ' സംഘടിപ്പിക്കാൻ ഈ വിഹിതം ഉപയുക്തമാക്കുന്നതാണ്. പട്ടികജാതിക്കാർക്കിടയിൽ പ്രത്യേകിച്ച് മേൽ പറഞ്ഞ ജില്ലകളിൽ ക്രൂരകൃത്യങ്ങൾക്ക് വിധേയരാകുന്നവർക്കുവേണ്ടി ബ്ലോക്കു പഞ്ചായത്തു തലത്തിൽ ബോധവൽക്കരണ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതാണ്. ഈ ഗ്രൂപ്പുകളിൽ പട്ടികജാതി പ്രതിനിധികളും പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുമെമ്പർമാരും അംഗങ്ങളായിരിക്കും. താലൂക്ക്/ബ്ലോക്ക് തലങ്ങളിൽ പട്ടികജാതി താലൂക്ക് വികസന ആഫീസറും പോലീസ് സർക്കിൾ ഇൻസ്പെക്ടറും ഈ ഗ്രൂപ്പിലെ അംഗങ്ങളും ചേർന്ന ഒരു സമിതി മാസം തോറും പ്രവർത്തനം വിലയിരുത്തുകയും വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

തൊട്ടുകൂടായ്മയുടെ ദൂഷ്യവശങ്ങളെ സംബന്ധിച്ച പ്രദർശനം, നാടകങ്ങൾ, സെമിനാറുകൾ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ സന്നദ്ധ സംഘടനകൾക്കുള്ള സഹായം മുതലായവ ഈ പരിപാടിയുടെ ഭാഗങ്ങളാണ്. പട്ടികജാതിയിലെ സ്ത്രീകളെ പങ്കെടുപ്പിച്ച് ഓരോ ബ്ലോക്കിലും ഉൽബോധന മാർഗ്ഗ നിർദ്ദേശക കേന്ദ്രങ്ങൾ സ്ഥാപിച്ച് അവർക്കുള്ള ആനുകൂല്യങ്ങളേയും അവസരങ്ങളെയും അറിയിക്കാനുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്

മിശ്രവിവാഹിതരായ ദമ്പതികളനുഭവിക്കുന്ന സമൂഹത്തിലുള്ള ഒററപ്പെടലും വൈഷമ്യങ്ങളും ലഘൂകരിക്കുന്നതിനും അവരെ സ്വാശ്രയരാക്കുന്നതിനും വേണ്ടി ഈ വിഹിതം ഉപയോഗിക്കുന്നതാണ്. ദമ്പതികൾക്ക് ഇപ്പോൾ നൽകിവരുന്ന ധനസഹായമായ 2000 രൂപ അവരുടെ സാമ്പത്തികനില ഉയർത്തുവാൻ മതിയാവുന്നതല്ല അതിനാൽ പ്രസ്തുത സഹായം എട്ടാം പദ്ധതിയിൽ 5000 രൂപയായി ഉയർത്തിയിട്ടുണ്ട്. ഏതെങ്കിലും സംരംഭവുമായി ബന്ധപ്പെടുത്തിയായിരിക്കും സഹായധനം നൽകുക. പ്രസ്തുത സംരംഭം ആരംഭിക്കുന്നതിനാവശ്യമായ ധനസഹായം സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും ഒരുക്കികൊടുക്കുന്നതിനും ഡിപ്പാർട്ടുമെൻറ് ശ്രമിക്കുന്നതാണ്.

24. വൃത്തിരഹിത തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന പട്ടികജാതിക്കാരുടെ കുട്ടികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പ് ഏർപ്പെടുത്തൽ സംസ്ഥാന വിഹിതം

(വിഹിതം 1.00 ലക്ഷം രൂപ)

വൃത്തിഹീന തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന പട്ടികജാതിക്കാരുടെ കുട്ടികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ നൽകുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

25. നിർദ്ധനരായ പട്ടികജാതിക്കാർക്ക് ചികിൽസയ്ക്കും വിവാഹത്തിനും ധനസഹായം നൽകുന്ന പദ്ധതി

(വിഹിതം 3 00 ലക്ഷം രൂപ)

പട്ടികജാതിയിൽപ്പെട്ട ദരിദ്രരായ പെൺകുട്ടികളുടെ വിവാഹസംബന്ധമായ ചെലവുകൾക്ക് 2000 രൂപ മാതാപിതാക്കൾക്കോ, രക്ഷിതാക്കൾക്കോ ഈ പദ്ധതി പ്രകാരം നൽകുന്നതായിരിക്കും. കൂടാതെ വളരെ പാവപ്പെട്ട പട്ടികജാതിക്കാർക്ക് ചെലവേറിയ ചികിൽസയ്ക്ക് വേണ്ടിയുള്ള ധനസഹായത്തിനായും ഈ വിഹിതം വിനിയോഗിക്കുന്നതാണ്. 500 രൂപ വരെ ഇങ്ങനെ ഒരു കുടുംബത്തിന് പരമാവധി സഹായം ലഭിക്കും.

26. പ്ലാനിംഗ് ആൻറ് മോണിട്ടറിംഗ് യൂണിററിൻെറ പദവി ഉയർത്തൽ.

(വിഹിതം 2.50 ലക്ഷം രൂപ)

പ്ലാനിംഗ് ആൻറ് മോണിട്ടറിംഗ് യൂണിററിൻെറ പ്രവർത്തന സൗകര്യം മെച്ചപ്പെടുത്തുന്നതിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും വിവിധ വകുപ്പുകളുടെ ഭരണ സൗകര്യം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള ഒരു പദ്ധതിയാണിത്.

27. സീസണൽ ഡേകെയർ സെൻറർ

(വിഹിതം 0.50 ലക്ഷം രൂപ)

കുട്ടനാട്ടിലെ പാടശേഖരങ്ങളിലും തൃശ്ശൂരിലെ കോൾനിലങ്ങളിലും പണിയെടുക്കുന്ന പട്ടികജാതി സ്ത്രീകൾക്ക് കൂടുതൽ പണിയുള്ള അവസരങ്ങളിൽ അവരുടെ കുട്ടികൾക്ക് പകൽസമയം സംരക്ഷണത്തിനു വേണ്ടി ഡേകെയർ സെൻററുകൾ സ്ഥാപിക്കുവാനുള്ളതാണ് ഈ പദ്ധതി. ഈ കേന്ദ്രങ്ങൾ പണിസ്ഥലങ്ങൾക്കടുത്തുള്ള വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും ഇതിൻെറ നടത്തിപ്പിലേക്ക് സന്നദ്ധ വനിതാസംഘടനകളിൽ നിന്നുള്ളവരെ കരാറടിസ്ഥാനത്തിൽ നിയോഗിക്കുന്നതുമാണ്. സെൻററിൻെറ എല്ലാ സൗകര്യങ്ങളും പൂർണ്ണമായി ഉപയോഗിക്കുന്നതും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതുമുദ്ദേശിച്ച്, പട്ടികേതര ജാതിയിൽപ്പെട്ട തൊഴിലാളികളുടെ കുട്ടികളേയും ഇങ്ങനെയുള്ള സെൻററുകളിൽ സംരക്ഷിക്കുന്നതിന് അനുവദിക്കുന്നതാണ്.

28. ഉയർന്നു വരുന്ന സാങ്കേതിക വിദ്യാമേഖലകളിൽ തൊഴിൽസാദ്ധ്യതാ പരിശീലനവും വൈദഗ്ധ്യ വികസനവും

(വിഹിതം 5.00 ലക്ഷം രൂപ.)

കൂടുതൽ ജോലിസാദ്ധ്യതയുള്ളതായ സാങ്കേതിക മേഖലകളിൽ പട്ടിക ജാതിക്കാർക്ക് പരിശീലനം നൽകുന്നതിനുവേണ്ടിയാണ് ഈ പരിപാടി. പ്രധാനമായും സർക്കാർ സ്ഥാപനങ്ങളായ ലാൽ ബഹാദൂർ ശാസ്ത്രി സെൻറർ, അനർട്ട് എന്നിവിടങ്ങളിൽ പരിശീലനം നൽകുന്നതാണ്.

29. സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്നതിനുള്ള പരിപാടി

(വിഹിതം 13.00 ലക്ഷം രൂപ.)

സർക്കാർ വിദ്യാലയങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നല്ല നിലവാരം പുലർത്തുന്ന ധാരാളം സ്വകാര്യ സ്കൂളുകൾ സംസ്ഥാനത്തിനകത്തും പുറത്തും പ്രവർത്തിക്കുന്നുണ്ട്. അത്തരം സ്കൂളുകളിൽ ചേർന്ന് പഠിക്കുവാൻ ആഗ്രഹിക്കുന്ന സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ അവസരം നൽകുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ മൊത്തം ചെലവും ഈവിഹിതത്തിൽ നിന്ന് വഹിക്കുന്നതാണ്. ഓരോ വർഷവും 50 വിദ്യാർത്ഥികളെ വീതം വിദ്യാഭ്യാസയോഗ്യതയുടേയും വരുമാനത്തിൻെറയും അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് അഞ്ചാം സ്ററാൻേറർഡിൽ പ്രവേശിപ്പിക്കുന്നതും പ്രസ്തുത സ്കൂളിലെ ഏററവും ഉയർന്ന ക്ലാസ്സുവരെ (10/12) പഠനത്തിന് വേണ്ട ധനസഹായം നൽകുന്നതുമാണ്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള ഉന്നതനിലവാരം പുലർത്തുന്ന വിവിധ സ്കൂളുകളിൽ തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതാണ്.

30. പട്ടികജാതിയിലെ ദരിദ്രരായ പെൺകുട്ടികൾക്ക് പ്രത്യേക പ്രോത്സാഹനം

(വിഹിതം 6.00 ലക്ഷം രൂപ.)

ഈ പദ്ധതി പ്രകാരം ദരിദ്രരായപെൺകുട്ടികൾക്ക് പ്രതിമാസം 20 രൂപാ നിരക്കിൽ വർഷത്തിൽ പത്തു മാസത്തേയ്ക്കുള്ള തുക മൂന്നു തവണകളായി അതായത് ആഗസ്ററ്, ഡിസംബർ, മാർച്ച് മാസങ്ങളിൽ നൽകും. പ്രാരംഭമായി എട്ട്, ഒൻപത്, പത്ത് എന്നീ ക്ലാസ്സുകളിൽ ഈ പരിപാടി നടപ്പാക്കുന്നതാണ്. മാതാപിതാക്കൾക്ക് 6400 രൂപയിൽ താഴെയുള്ള പ്രതിവർഷ വരുമാനമുള്ള പാവപ്പെട്ട പട്ടികജാതി കുടുംബങ്ങളിലെ 45,000 പെൺകുട്ടികൾക്ക് ഈ സഹായം ലഭിക്കുമെന്ന് പ്രതീക്ഷിയ്ക്കുന്നു.

31. 1989-ലെ അതിക്രമങ്ങൾ തടയൽ നിയമം നടപ്പിലാക്കൽ

(വിഹിതം 15.00 ലക്ഷം രൂപ)

ക്രൂരകൃത്യങ്ങൾക്കും പ്രകൃതിക്ഷോഭങ്ങൾക്കും വിധേയരാകുന്ന പാവപ്പെട്ട പട്ടികജാതിക്കാർക്ക് സാമ്പത്തിക ബുദ്ധിമുട്ടുകാരണം ഇവയെ തരണം ചെയ്യാൻ കഴിയുന്നില്ല. തൻമൂലം അവരുടെ സ്വത്തുക്കൾ വിൽക്കാൻ നിർബന്ധിതരാകുന്നു.

ക്രൂരകൃത്യങ്ങൾക്ക് വിധേയരാകുന്ന പട്ടികജാതിക്കാരെ സഹായിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി ഇത്തരം കൃത്യങ്ങൾക്ക് ഇരയാകുന്നവർക്കോ അവരുടെ ആശ്രിതർക്കോ ഗ്രാൻറ്, സബ്സിഡി, തൊഴിലവസരം, താൽക്കാലികാശ്വാസം പണസംബന്ധമായ ഇളവുകൾ തുടങ്ങി ഏതെങ്കിലും തരത്തിൽ ധനസഹായം നൽകുന്നതായിരിയ്ക്കും.

32. കമ്മ്യൂണിററി ഹാളുകൾക്ക് വേണ്ടി കെട്ടിടം പണിയൽ

(വിഹിതം 5.00 ലക്ഷം രൂപ)

പട്ടികജാതിക്കാർക്ക് പ്രയോജനപ്പെടുംവിധം കമ്മ്യൂണിററി ഹാളുകൾ പണിയുന്നതിനു വേണ്ടിയുള്ളതാണ് ഈ വിഹിതം.

## ഗിരി വർഗ്ഗക്ഷേമം

33. പ്രചാരണ വിഭാഗം

(വിഹിതം 2.00 ലക്ഷം രൂപ)

പ്രചാരണ വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുകയെന്നതിലേക്കായി 2 ലക്ഷം രൂപയാണ് 1993-94 വർഷത്തിൽ വകയിരുത്തിയിട്ടുള്ളത്.

34. ഗിരിവർഗ്ഗ ഹോസ്ററലുകൾ

(വിഹിതം 10.00 ലക്ഷം രൂപ)

സ്കൂളുകൾക്കടുത്ത് ഹോസ്ററലുകളാരംഭിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസസൗകര്യം ലഭ്യമാക്കുകയാണ് പദ്ധതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. 1990-91, 1991-92, 1992-93 സാമ്പത്തിക വർഷങ്ങളിൽ ആരംഭിച്ച അഞ്ച് ഹോസ്ററലുകളുടെ അററകുററപ്പണിക്കും 1993-94-ൽ ഒരു പുതിയ ഹോസ്ററൽ ആരംഭിക്കുന്നതിനും വേണ്ടിയാണ് പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ളത്. വിഹിതത്തിന്റെ ഒരു ഭാഗം മുൻ പഞ്ചവൽസര പദ്ധതിക്കാലങ്ങളിൽ ആരംഭിച്ചിട്ടുള്ള ഹോസ്ററലുകൾക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിനും ഉപയോഗിക്കുന്നതാണ്.

35. ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ഗ്രാൻറ്

(വിഹിതം 10.00 ലക്ഷം രൂപ)

എസ്. എസ്. എൽ. സി., പ്രീഡിഗ്രി പരീക്ഷകളിൽ തോററ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ ചേർന്ന് പഠനം തുടർന്നുകൊണ്ടു പോകുന്നതിനുള്ള ധനസഹായം നൽകുകയാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ട്യൂഷൻ ഫീസ്, പ്രതിമാസ സ്റൈപ്പൻറ്, എഴുത്തു സാമഗ്രികൾ, പരിശീലന ചെലവുകൾ മുതലായവ ഈ ഗ്രാൻറിൽ ഉൾപ്പെടുന്നു. പ്രീ ഡിഗ്രി പരീക്ഷയിൽ തോററ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് നഗരത്തിലെ മെച്ചപ്പെട്ട ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ പഠനം തുടരുന്നതിനാവശ്യമായ താമസ സൗകര്യങ്ങളും നൽകുന്നതാണ്. 10 ലക്ഷം രൂപയാണ് 1993-94-ലെ പദ്ധതി വിഹിതമായി ഉൾക്കൊള്ളിച്ചിട്ടുള്ളത്.

36. വയനാട് ജില്ലയിലെ നല്ലൂർ നാട്ടിൽ ആൺകുട്ടികൾക്കുള്ള ഒരു മാതൃകാ റസിഡൻഷ്യൽ സ്കൂൾ (ആശ്രമം സ്കൂൾ) സ്ഥാപിക്കൽ (50% സംസ്ഥാന വിഹിതം.)

(വിഹിതം 21.50 ലക്ഷം രൂപ)

30 വിദ്യാർത്ഥികളെ അഞ്ചാം സ്ററാൻഡേർഡിൽ പ്രവേശിപ്പിച്ചുകൊണ്ട് 1990-91-ൽ ആണ് നല്ലൂർനാട് മാതൃകാ റസിഡൻഷ്യൽ സ്കൂൾ ആരംഭിച്ചത്. അനാവർത്തനച്ചെലവുകളുടെ അൻപതു ശതമാനം കേന്ദ്ര സഹായമായി ഈ പദ്ധതിക്ക് ലഭിക്കുന്നതാണ്.

സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ ആദ്യഘട്ടം പൂർത്തിയായിക്കഴിഞ്ഞു. ഹോസ്ററൽ, കളിസ്ഥലം, ഉദ്യോഗസ്ഥർക്കുള്ള താമസസ്ഥലം തുടങ്ങിയവയുടെ നിർമ്മാണ പരിപാടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പദ്ധതി വിഹിതമായ 21.50 ലക്ഷം രൂപയിൽ 10 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള 50% സംസ്ഥാന വിഹിതമാണ്.

37. പട്ടിക വർഗ്ഗത്തിൽപ്പെട്ട പെൺകുട്ടികൾക്കുള്ള ഹോസ്ററലുകളുടെ നിർമ്മാണം. (50% സംസ്ഥാന വിഹിതം)

(വിഹിതം 20.00 ലക്ഷം രൂപ)

അൻപത് ശതമാനം കേന്ദ്ര സഹായമുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. ഘട്ടം ഘട്ടമായി ഹോസ്ററലുകൾക്ക് സ്ഥിരമായ കെട്ടിടം നിർമ്മിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആകെയുള്ള 27 ഹോസ്ററലുകളിൽ 13 എണ്ണത്തിനു മാത്രമേ സ്ഥിരമായ കെട്ടിടങ്ങൾ ഉള്ളൂ. ബാക്കിയുള്ളവ ഇപ്പോൾ വാടക കെട്ടിടങ്ങളിലോ താല്ക്കാലിക ഷെഡ്ഡുകളിലോ പ്രവർത്തിക്കുന്നു. മുൻ വർഷങ്ങളിൽ ആരംഭിച്ച അററകുററപ്പണികളുടെ പൂർത്തീകരണത്തിനും 1993-94 വർഷത്തിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും വേണ്ടിയാണ് പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ളത്.

38. പട്ടിക വർഗ്ഗക്കാരായ ആൺകുട്ടികൾക്കുള്ള ഹോസ്ററലുകളുടെ നിർമ്മാണം. (50% സംസ്ഥാന വിഹിതം)

(വിഹിതം 20.00 ലക്ഷം രൂപ)

അമ്പതുശതമാനം കേന്ദ്ര സഹായമുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. പട്ടിക വർഗ്ഗ വികസനവകുപ്പ് നടത്തി വരുന്ന 79 ഹോസ്ററലുകളിൽ 16 എണ്ണത്തിനു മാത്രമേ സ്വന്തം കെട്ടിടങ്ങൾ ഉള്ളൂ. ഇപ്പോൾ വാടക കെട്ടിടങ്ങളിലോ താല്ക്കാലിക ഷെഡ്ഡുകളിലോ പ്രവർത്തിക്കുന്ന ഹോസ്ററലുകൾക്ക് സ്ഥിരമായ കെട്ടിടങ്ങൾ നിർമ്മിക്കുക എന്നതാണ പദ്ധതിയുടെ ലക്ഷ്യം. 20 ലക്ഷം രൂപയാണ് പദ്ധതിയുടെ സംസ്ഥാന വിഹിതം.

39. സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പരിപാടി

(വിഹിതം 16.00 ലക്ഷം രൂപ)

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 4-ാം ക്ലാസിലെ പരീക്ഷാഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന 50 കുട്ടികൾക്ക് ഓരോ വർഷവും അതാത് ജില്ലയിലെ ഏററവും മെച്ചപ്പെട്ട റസിഡൻഷ്യൽ സ്കൂളിൽ പ്രവേശനം നൽകും. തെരഞ്ഞെടുക്കപ്പെട്ട ഈ വിദ്യാർത്ഥികളുടെ 10-ാം ക്ലാസുവരെ അല്ലെങ്കിൽ 12-ാം ക്ലാസുവരെയുള്ള വിദ്യാഭ്യാസച്ചെലവുകൾ ഈ വിഹിതത്തിൽ നിന്നും വഹിക്കും.

40. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഹോസ്ററലുകൾക്കുവേണ്ടി ഭൂമി വാങ്ങുന്നതിനുള്ള പദ്ധതി

(വിഹിതം 6.00 ലക്ഷം രൂപ)

അഞ്ചു ഹോസ്ററലുകൾക്ക് ആവശ്യമായ ഭൂമി വാങ്ങുന്നതിനായി 6 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

41. **വയനാട്ട് മലപ്പുറം ജില്ലകളിലെ പ്രാകൃത ഗിരിവർഗ്ഗക്കാർക്ക് മാതൃകാ റസിഡൻഷ്യൽ പ്രൈമറി (സ്കൂൾ) ആശ്രമം സ്കൂൾ) (50% സംസ്ഥാന വിഹിതം)**

(വിഹിതം 21.50 ലക്ഷം രൂപ)

പ്രാകൃത ഗിരി വർഗ്ഗക്കാരുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് പബ്ലിക് സ്കൂൾ മാതൃകയിലുള്ള ഒരു ആശ്രമം സ്കൂൾ വയനാട്ട് ജില്ലയിലെ നൂൽപ്പുഴയിൽ ആരംഭിക്കുകയുണ്ടായി. ഇപ്പോൾ ഒന്നും രണ്ടും സ്റ്റാന്റേർഡുകളിൽ 30 കുട്ടികളെ വീതം ഉൾപ്പെടുത്തി ഈ സ്കൂൾ പ്രവർത്തിച്ചു വരുന്നു. ആഹാരവും താമസ സൗകര്യവും ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും ഇവിടെയുണ്ട്. മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ ഇത്തരം ഒരു സ്കൂൾ ആരംഭിക്കുന്നുണ്ട്. ചോലനായ്ക്കൽ, കാട്ടുനായ്ക്കൽ വിഭാഗത്തിൽപ്പെടുന്നവർക്കാണ് ഈ സ്ക്കൂളിന്റെ പ്രയോജനം കൂടുതൽ ലഭിക്കുന്നത്. ഓരോ വർഷവും ഒന്നാം സ്റ്റാന്റേർഡിൽ 30 കുട്ടികൾക്ക് പ്രവേശനം നൽകുന്നതും അവരെ നാലാം സ്റ്റാന്റേർഡുവരെ ഇവിടെ പഠിപ്പിക്കുന്നതുമാണ്. നാലാമത്തെ വർഷം മുതൽ ആകെ 120 വിദ്യാർത്ഥികൾ ഈ സ്ക്കൂളിലുണ്ടാകും. മലപ്പുറം ജില്ലയിൽ ആകെ ഉള്ള 1592 പ്രാകൃത ഗിരിവർഗ്ഗക്കാരിൽ 190 പേർ സ്ക്കൂൾ വിദ്യാർത്ഥികളായതിനാൽ 1993-94-ൽ 30 കുട്ടികളെ ഒന്നാം സ്റ്റേൻേർഡിൽ പ്രവേശിപ്പിക്കുന്ന കാര്യം വളരെ എളുപ്പമായിരിക്കും.

അനാവർത്തനച്ചെലവുകളുടെ അൻപതു ശതമാനം കേന്ദ്ര സഹായമായി ലഭിക്കും. ആകെ പദ്ധതി വിഹിതമായ 21.50 ലക്ഷം രൂപയിൽ 13 ലക്ഷം രൂപ ഇപ്രകാരം അനാവർത്തനച്ചെലവുകൾക്കായി വകകൊള്ളിച്ചിരിക്കുന്നു. ഇതിൽ 8 ലക്ഷം രൂപ വയനാട്ട് ജില്ലയ്ക്കും 5 ലക്ഷം രൂപ മലപ്പുറം ജില്ലയ്ക്കും പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. റവന്യൂ ഹെഡിലുള്ള 8.50 ലക്ഷം രൂപ യഥാക്രമം 4.50 ലക്ഷം 4 ലക്ഷം രൂപ വീതം വയനാടിനും നിലമ്പൂരിനും ലഭിക്കുന്നതാണ്.

42. **പട്ടികവർഗ്ഗ അധിവാസ കേന്ദ്രങ്ങളുടെ ഊർജ്ജിത വികസനം**

(വിഹിതം 38.00ലക്ഷം രൂപ)

ഏററവും പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ അധിവാസ കേന്ദ്രങ്ങളുടെ വികസനമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഓരോ പഞ്ചായത്തിലെയും തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങൾക്കുവേണ്ടി ഒരു വിശദമായ കർമ്മ പദ്ധതി തയ്യാറാക്കുകയും അവ നിർദ്ദിഷ്ട സമയത്തിനുള്ളിൽ തന്നെ നടപ്പിലാക്കുകയും ചെയ്യുന്നതാണ്. ഈ പ്രദേശങ്ങളുടെ പ്രാദേശികമായ ആവശ്യങ്ങളും സാഹചര്യങ്ങളും കണക്കിലെടുത്താണ്, പദ്ധതി രൂപീകരിക്കുക. തെരഞ്ഞെടുക്കപ്പെട്ട അധിവാസ കേന്ദ്രങ്ങളുടെ അടിസ്ഥാന/ആന്തരിക ഘടനയുടെ സംയോജിത വികസന പരിപാടികളും കുടുംബാധിഷ്ഠിത സാമ്പത്തിക വികസന പരിപാടികളും ഈ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുന്നതാണ്. ഈ പദ്ധതിക്കായി പ്രത്യേകം നീക്കിവച്ചിട്ടുള്ള തുകയ്ക്ക് പുറമേ പട്ടിക വർഗ്ഗ ഉപപദ്ധതിയിൽ വിവിധ വകുപ്പുകൾക്കായി നീക്കി വച്ചിട്ടുള്ള വിഹിതവും ഇതിനായി വിനിയോഗിക്കുന്നതാണ്. 1993-94 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിയമായി 38 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു. 36 കേന്ദ്രങ്ങളുടെ വികസനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

43. **പട്ടിക വർഗ്ഗക്കാരുടെ സാമ്പത്തിക വികസന പദ്ധതികൾ (പട്ടിക വർഗ്ഗ ഉപപദ്ധതിക്കായുള്ള പ്രത്യേക കേന്ദ്ര സഹായം)**

(വിഹിത 2.00ലക്ഷം രൂപ)

സംസ്ഥാന പദ്ധതി വിഹിതത്തിന് പുറമേ ഒരു അധിക ധനസഹായമായിട്ടാണ് പട്ടികവർഗ്ഗ ഉപപദ്ധതിക്കായുള്ള പ്രത്യേക കേന്ദ്ര സഹായം കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങൾക്ക് നൽകുന്നത്. ഇത് താഴെപ്പറയുന്ന കാര്യങ്ങൾക്കായാണ് ഉപയോഗിക്കേണ്ടത്.

(i) പട്ടിക വർഗ്ഗക്കാർക്ക് പ്രയോജനം ചെയ്യുന്ന സാമ്പത്തിക വികസന പരിപാടികൾ

(ii) സ്വയം തൊഴിൽ ചെയ്യുന്നതിനുതകുന്ന തൊഴിൽ പരിശീലന പരിപാടികൾ

പട്ടിക വർഗ്ഗക്കാർക്ക് പ്രയോജനം ലഭിക്കുന്ന പ്രത്യേക പരിപാടികൾ, കൃഷി, മൃഗസംരക്ഷണം, സഹകരണം, ക്ഷീരവികസനം, ജലസേചനം എന്നീ വകുപ്പുകളുടെ കീഴിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പട്ടിക വർഗ്ഗ വിഭാഗക്കാരായ സന്നദ്ധ തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം നൽകി അവരുടെ ഇടയിൽ സാമൂഹ്യ സാമ്പത്തിക അഭിവൃത്തിയുണ്ടാക്കുന്നതിലേക്ക് ഉപയോഗപ്പെടുത്തുന്നതായിരിക്കും. പദ്ധതി വിഹിതത്തിന്റെ ഒരു ചെറിയ അംശം പട്ടിക വർഗ്ഗ ഉപപദ്ധതി പ്രദേശങ്ങളിൽ ഭരണം ശക്തിപ്പെടുത്തുന്നതിയായി ഉപയോഗിക്കുന്നതാണ്. പ്രത്യേക കേന്ദ്ര സഹായത്തിന്റെ ഒരു ഭാഗം അപരിഷ്കൃതരായ പട്ടിക വർഗ്ഗക്കാരുടെ വികസനത്തിനുവേണ്ടിയും ഉപയോഗിക്കും.

44. **ഭവന നിർമ്മാണം**

(വിഹിതം 74.00 ലക്ഷം രൂപ)

വീട് ഇല്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചുകൊടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇപ്പോൾ നിലവിലുള്ള ധനസഹായ നിരക്ക് താഴെ കാണും പ്രകാരമാണ്.

(i) ഓടുമേഞ്ഞ വീടുകൾക്ക് 9,000 രൂപ വീതം.

(ii) ആർ. സി. സി. മേൽക്കൂര വീടുകൾക്ക് 12,000 രൂപ വീതം.

(iii) അപ്രാപ്യമായ സ്ഥലങ്ങളിലും, കുന്നും പ്രദേശത്തും വീടു പണിയുന്നതിന് 20% കൂടുതൽ സഹായം. ഇതിനുപുറമേ കക്കൂസ്, കുളിമുറി, പുകയില്ലാത്ത അടുപ്പ്, വൈദ്യുതി മുതലായവയ്ക്ക് 1750 രൂപ നിരക്കിൽ അധികമായി നൽകുന്നുണ്ട്.

ജവഹർ റോസ്ഗർ യോജന തുടങ്ങിയ മററു ഭവന പദ്ധതികൾ അനുവദിക്കുന്ന അതേ നിരക്കിലുള്ള ധനസഹായം തന്നെ ഈ പദ്ധതിക്കും എട്ടാം പദ്ധതി കാലത്ത് നൽകണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. 74 ലക്ഷം രൂപയാണ് ഈ വർഷത്തെ പദ്ധതി വിഹിതം. വിഹിതത്തിന്റെ ഒരു ഭാഗം പഴയ വീടുകളുടെ അററകുററപ്പണിക്കുവേണ്ടി ഉപയോഗിക്കുന്നതാണ്. പദ്ധതിവിഹിതത്തിന്റെ 20% അപരിഷ്കൃതരായ പട്ടിക വർഗ്ഗക്കാരുടെ ഭവനനിർമ്മാണത്തിനുവേണ്ടി മാത്രമായി വിനിയോഗിക്കുന്നതിനുള്ള നടപടിനും എടുക്കുന്നതാണ്.

45. **ഭൂമിയും വീടും ഇല്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസം**

(വിഹിതം 10.00 ലക്ഷം രൂപ)

ഭൂമിയും വീടും ഇല്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ വിഭാഗക്കാർക്ക് അവരുടെ വാസസ്ഥലങ്ങൾക്കടുത്തായി ഭൂമി വാങ്ങി വീട് നിർമ്മിച്ചു കൊടുക്കുന്നതാണ്. അലഞ്ഞു തിരിഞ്ഞു നടക്കുന്ന ഗിരിജനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതായിരിക്കും. ആകെ പദ്ധതി വിഹിതമായ 10 ലക്ഷം രൂപയുടെ 20% തുക അപരിഷ്കൃത ഹരിജനങ്ങളുടെ ലഭ്യതയനുസരിച്ച്, അവരുടെ പുരോഗമനത്തിനുവേണ്ടി ചെലവഴിക്കുന്നതാണ്.

**46. ബെനിഫിററ് ഓറിയൻറഡ് ക്യാമ്പുകൾ**

(വിഹിതം 1.00 ലക്ഷം രൂപ)

മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പ്രചാരണവും നടത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**47. വൈദ്യസഹായവും—വിദ്യാഭ്യാസ സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം**

(വിഹിതം 2.00 ലക്ഷം രൂപ)

പട്ടിക വർഗ്ഗക്കാരുടെ ക്ഷേമത്തെ ലക്ഷ്യമാക്കി അനുയോജ്യമായ വൈദ്യസഹായ/വിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കി വരുന്ന സഹകരണ സംഘങ്ങൾക്ക് ധനസഹായം എത്തിച്ചുകൊടുക്കുകയാണ് ഈ പരിപാടി കൊണ്ട് ഉദ്ദേശിക്കുന്നത്. 1993-94 സാമ്പത്തിക വർഷത്തിലേക്ക് 2 ലക്ഷം രൂപയാണ് പദ്ധതി വിഹിതം.

**48. ഭാരത ദർശനം/കേരളദർശനം**

(വിഹിതം 1.50 ലക്ഷം രൂപ)

യോഗ്യതാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന പട്ടികവർഗ്ഗത്തിൽപ്പെട്ട ആൺകുട്ടികൾക്ക് രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള വികസനങ്ങളും നേട്ടങ്ങളും നേരിൽ കണ്ടു മനസ്സിലാക്കുന്നതിനായി ഒരു പഠനയാത്ര സംഘടിപ്പിക്കുകയാണ് ഭാരതദർശൻ എന്ന പരിപാടിയുടെ ലക്ഷ്യം. പെൺകുട്ടികളുടെ കാര്യത്തിൽ യോഗ്യരായ വിദ്യാർത്ഥികളെ കേരള വിദ്യാഭ്യാസ പഠനയാത്രയിൽ ഉൾപ്പെടുത്തുന്നു. ഇവയുടെ ചെലവിലേക്കായിട്ടാണ് വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നത്.

**49 സമർത്ഥരായ പട്ടികവർഗ്ഗ യുവാക്കൾക്ക് സ്പോർട്ട്സിലും കലകളിലും പ്രോത്സാഹനം നൽകുന്നതിനുള്ള ധനസഹായം.**

(വിഹിതം 1.00 ലക്ഷം രൂപ)

പട്ടികവർഗ്ഗ യുവാക്കൾക്ക് കായിക വിനോദത്തിലുള്ള കഴിവുകൾ വർദ്ധിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി സ്പോർട്ട്സ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും സ്പോർട്ട്സ് കൗൺസിലിൻെറയും സമാനമായ മററു സംഘടനകളുടെയും സഹായത്തോടെ സമർത്ഥരെ കണ്ടെത്തുവാനും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു. തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക്, അവർക്ക് താല്പര്യമുള്ള മേഖലകളിൽ തീവ്രമായ പരിശീലനവും ശിക്ഷണവും നൽകുന്നതാണ്. പ്രീ മെട്രിക് ഹോസ്ററൽ വിദ്യാർത്ഥികൾക്കായി ജില്ലാ സംസ്ഥാന തലങ്ങളിൽ കായിക മേളകൾ നടത്തുന്നതാണ്. ജില്ലാ/സംസ്ഥാന തലത്തിൽ കായിക മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാന ജേതാക്കൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്നതിന് ഈ പരിപാടി ലക്ഷ്യമിട്ടിട്ടുണ്ട്. തിരുവനന്തപുരം സ്പോർട്ട്സ് ഹോസ്ററലിൽ പ്രവേശനം ലഭിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഈ തുകയിൽ നിന്ന് സഹായം ലഭ്യമാക്കേണ്ടതാണ്.

**50. വയനാട്ടിലെ പഞ്ചാരക്കൊല്ലിയിലുള്ള പ്രിയദർശിനി തേയിലത്തോട്ടത്തിനുള്ള ധനസഹായം.**

(വിഹിതം 5.00 ലക്ഷം രൂപ)

ഏഴാം പഞ്ചവത്സര പദ്ധതിക്കാലത്ത് 109 പട്ടികവർഗ്ഗ അടിമപ്പണിക്കാരെ പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി സമാരംഭിച്ചത്. തേയില, കുരുമുളക്, കാപ്പി മുതലായവയാണ് പ്രോജക്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രധാന കൃഷിയിനങ്ങൾ. പുനരധിവസിപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൻെറ ഭാഗമായി വീട് നിർമ്മാണം, റോഡു പണി മുതലായ പരിപാടികൾ നടപ്പാക്കി വരുന്നു. പദ്ധതി വിഹിതമായ 5 ലക്ഷം രൂപ ഈ പ്രോജക്ടിന് കൂടുതൽ വികസന പരിപാടികൾ ഏറെറടുത്ത് നടപ്പാക്കുന്നതിന് വേണ്ടിയാണ് വകയിരുത്തിയിട്ടുള്ളത്.

**51. ഹെൽത്ത് പ്രോജക്ട്, മാനന്തവാടി, വയനാട് (ഭരണഘടന വകുപ്പ് 275 പ്രകാരം)**

(വിഹിതം 5.00 ലക്ഷം രൂപ)

ക്ഷയം, ത്വക്ക് രോഗങ്ങൾ, വിരശല്യം, നേത്രരോഗങ്ങൾ തുടങ്ങിയ അസുഖങ്ങൾ കണ്ടുപിടിക്കാൻ അവയുടെ പ്രതിരോധം, ചികിത്സ, നിയന്ത്രണം എന്നിവയാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഇതിൻെറ ഭാഗമായി വയനാടു ജില്ലയിൽ മാനന്തവാടിക്കടുത്തായി ഒരു ആശുപത്രി വാടകക്കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നുണ്ട്. പ്രോജക്ടിനായി ഒരു ആംബുലൻസ് വാങ്ങിക്കുന്നുണ്ട്. നല്ലൂർനാട്ടിൽ ഒരു സ്ഥിരമായ ആശുപത്രി കെട്ടിടത്തിൻെറ പണിക്കായി 4.25 ഏക്കർ സ്ഥലം സംസ്ഥാന നിർമ്മാണ കോർപ്പറേഷനെ ഏല്പിച്ചിരുന്നു. ഇതിൻെറ പണി തീരാറായിവരുന്നുണ്ട്. ആകെ പദ്ധതി വിഹിതമായ 5 ലക്ഷം രൂപയിൽ 2.50 ലക്ഷം രൂപ കെട്ടിടം പണിക്കുവേണ്ടിയാണ്. ഭരണഘടന വകുപ്പ് 275 (1) പ്രകാരം ഇൻഡ്യാ ഗവൺമെൻറിൽ നിന്നും ലഭിച്ച 9.69 ലക്ഷം രൂപ മാനന്തവാടി ആരോഗ്യ പദ്ധതിയ്ക്കായി ഉപയോഗപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

**52. വയനാട്ടിലെ സുഗന്ധഗിരി കാർഡമം പ്രോജക്ടിന് ധനസഹായം.**

(വിഹിതം 35.00 ലക്ഷം രൂപ)

ഏലം, കുരുമുളക്, കാപ്പി, മരംബറി മുതലായവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന കൃഷിയിനങ്ങൾ. 300 ഹെക്ടർ സ്ഥലത്ത് നാലോ, അഞ്ചോ വർഷത്തിനകം ഏലത്തോട്ടം റീപ്ലാൻറ് ചെയ്യാൻ ഉദ്ദേശിക്കുന്നു. 1993-94-ൽ 100 ഹെക്ടർ ഏലത്തോട്ടമാണ് ലക്ഷ്യം. 35 ലക്ഷം രൂപയാണ് പദ്ധതി വിഹിതം. പട്ടികവർഗ്ഗ ഉപപദ്ധതിയിൽ കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം തുടങ്ങിയ വകുപ്പുകളുടെ വിഹിതവും ഈ പദ്ധതിക്കു വേണ്ടി വിനിയോഗിക്കുന്നതാണ്.

**53. വയനാട്ടിലെ പൂക്കോട്ട് ഡയറി പ്രോജക്ടിനുള്ള ധനസഹായം.**

(വിഹിതം 10.00 ലക്ഷം രൂപ)

മിക്കവാറും എല്ലാ കുടുംബങ്ങൾക്കും കക്കൂസ്, ശുദ്ധജലം, വൈദ്യുതി തുടങ്ങിയ പ്രാഥമിക സൗകര്യങ്ങളോടു കൂടിയ വീട് ഈ പദ്ധതിയിൻ കീഴിൽ നൽകിയിട്ടുണ്ട്. ക്ഷീരോൽപ്പാദനത്തിന് പുറമേ കാപ്പി, ഏലം, കുരുമുളക് തുടങ്ങിയവയുടെ കൃഷിയും നടത്തുന്നുണ്ട്. 1993-94-ൽ വിവിധ വികസന പരിപാടികളുടെ നടത്തിപ്പിനായിട്ടാണ് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്.

**54. പാലക്കാട് ജില്ലയിലെ അട്ടപ്പാടി കോ-ഓപ്പറേററീവ് ഫാമിംഗ് സൊസൈററിക്ക് ധനസഹായം.**

(വിഹിതം 15.00 ലക്ഷം രൂപ)

മിക്കവാറും എല്ലാ കുടുംബങ്ങൾക്കും വീട്, ശുദ്ധജലം, കക്കൂസ് മുതലായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കാപ്പി, കുരുമുളക്, ഏലം, ഗ്രാമ്പൂ എന്നിവ നാല് യൂണിററുകളിലായി കൃഷി ചെയ്തു വരുന്നു. 1993-94-ൽ മേൽപ്പറഞ്ഞ തോട്ടങ്ങളിൽ വിവിധ വികസന പരിപാടികൾ നടപ്പാക്കുന്നതിലേയ്ക്കായി 15 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

55. കോഴിക്കോട് ജില്ലയിലെ വട്ടച്ചിറ കൂട്ടുകൃഷി സംഘത്തിനുള്ള ധനസഹായം

(വിഹിതം 1.00 ലക്ഷം രൂപ)

മണ്ണു സംരക്ഷണം, കൃഷി വികസനം, ഗൃഹ നിർമ്മാണം തുടങ്ങിയ പദ്ധതികൾ ഇതിനകം നടപ്പി ലാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകൾക്കുള്ള പട്ടിക വർഗ്ഗ ഉപപദ്ധതിയിലെ വിഹിതം ഉപയോഗിച്ച് ഇവിടെ വികസന പരിപാടികൾ നടപ്പാക്കി വരുന്നു. പദ്ധതിവിഹിതമായ 1 ലക്ഷം രൂപ കൂട്ടുകൃഷി സംഘ ത്തിന്റെ 1993-94 സാമ്പത്തിക വർഷത്തിലെ വികസന പരിപാടികൾക്കു വേണ്ടിയാണ് വകയിരുത്തിയിട്ടു ള്ളത്.

56. അംബേദ്കർ സ്മാരക ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട്, വയനാട് (AMRID)

(വിഹിതം 1.00 ലക്ഷം രൂപ)

എസ്. എസ്. എൽ. സി., പ്രീഡിഗ്രി, ഡിഗ്രി ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥി കൾക്ക് താമസ സൗകര്യത്തോടുകൂടി ട്യൂട്ടോറിയൽ ക്ലാസുകൾ നടത്തുക, നേതൃത്വ പരിശീലന ക്യാമ്പുകൾ നടത്തുക, സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പരി ശീലന പരിപാടികൾ നടത്തുക തുടങ്ങി പട്ടികവർഗ്ഗ ക്കാരുടെ സർവ്വതോൻമുഖമായ വികസനമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പദ്ധതി വിഹിതമായ 1 ലക്ഷം രൂപ മേൽപ്പറഞ്ഞ കാര്യങ്ങളുടെ നടത്തിപ്പിലേക്കാണ്.

57. ഗിരിവർഗ്ഗ ഉപപദ്ധതിയിൻകീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ മോണിററിംഗിനുവേണ്ടി ഭരണം ശക്തിപ്പെടുത്തൽ

(വിഹിതം 2.00 ലക്ഷം രൂപ)

വിവിധ വകുപ്പുകൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഉപ പദ്ധതികളുടെ മോണിററിംഗ് സമയോചിതമായും വളരെ വേഗവും നടപ്പാക്കുന്നതിനുംവേണ്ടിയാണ് പദ്ധതിക്കു രൂപം നൽകിയിട്ടുള്ളത്. 1991-92, 1992-93 വർഷങ്ങളിൽ അനുവദിച്ച തസ്തികകൾ, വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവയിൻമേലുള്ള ആവർത്തനച്ചെലവുകൾ വഹിക്കുന്നതിനും ഐ. ററി. ഡി. പദ്ധതിപ്രദേശങ്ങളിൽ വാഹനങ്ങൾ വാങ്ങുക, ഡേറാ ബാങ്ക് സ്ഥാപിക്കുക മുതലായി ഭരണക്രമം ശക്തിപ്പെടുത്തുന്നതിനും വേണ്ടിയാണ് തുക വകയിരു ത്തിയിട്ടുള്ളത്. 1993-94 സാമ്പത്തിക വർഷത്തേക്ക് 2 ലക്ഷം രൂപയാണ് മേൽ പറഞ്ഞ പരിപാടികൾക്കായി വകയിരുത്തിയിട്ടുള്ളത്.

58. പട്ടികവർഗ്ഗക്കാർക്ക് പ്രയോജനമുള്ള സാമ്പത്തിക പദ്ധതി നടപ്പാക്കുന്നതിന് പട്ടികജാതി/പട്ടിക വർഗ്ഗ വികസന കോർപ്പറേഷനുള്ള ഓഹരി മൂലധനം.

(വിഹിതം 7.50 ലക്ഷം രൂപ)

പട്ടിക വർഗ്ഗക്കാർക്ക് പ്രയോജനമുള്ള] സാമ്പ ത്തിക വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന് ഓഹരി മൂലധനം നൽകുന്നതിലേക്കാണ് തുക നീക്കിവച്ചിട്ടുള്ളത്. ഇത് കോർപ്പറേഷന്റെ മൂലധനത്തിന്റെ സംസ്ഥാന വിഹിതമായ 51% ആണ്. ഇതിന് സമാനമായി 49% തുക കേന്ദ്ര വിഹിതമായി ലഭിക്കും.

59. ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്ത പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും മററു ശുപാർശിത വിഭാഗക്കാർക്കുംവേണ്ടിയുള്ള കേരള സംസ്ഥാന വികസന കോർപ്പറേഷൻ

(വിഹിതം 30.00 ലക്ഷം രൂപ)

ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാരുടേയും മററു ശുപാർശിത വിഭാഗ ക്കാരുടേയും സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക, വിദ്യാഭ്യാസ പുരോഗതി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയാണ് ഈ കോർപ്പറേഷൻ ആരംഭിച്ചിട്ടുള്ളത്. വിദേശ തൊഴിൽ, കൃഷി ഭൂമി വാങ്ങൽ, ഓട്ടോറിക്ഷാ സ്കീം, സ്വയം തൊഴിൽ കണ്ടെത്തൽ, എസ്. എസ്. എൽ. സി. യ്ക്ക് ഒന്നാം ക്ലാസ്സിൽ വിജയിക്കുന്ന വർക്ക് പ്രോത്സാഹനം മുതലായ പരിപാടികൾ കോർപ്പറേഷൻ നടത്തിവരുന്നുണ്ട്.

60. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

(വിഹിതം 35.00 ലക്ഷം രൂപ)

കോർപ്പറേഷന്റെ അംഗീകൃത മൂലധനത്തിൻമേലുള്ള മുതൽ മുടക്ക് സംസ്ഥാനവും കേന്ദ്രവും 51:49 എന്ന അനുപാതത്തിൽ വീതിച്ചിരിക്കുന്നു. മൊത്തം വിഹിത മായ 85 ലക്ഷം രൂപയിൽ 75 ലക്ഷം രൂപ സംസ്ഥാന വിഹിതമാണ്. (51 ശതമാനം) കൃഷി ഭൂമി വാങ്ങി വിതരണം ചെയ്യൽ, വിദേശത്ത് തൊഴിൽ സാദ്ധ്യത, തൊഴിൽ കണ്ടെത്തലിന് മാർജിൻ മണി പദ്ധതി, സീഡ് മണി പദ്ധതി, പെട്രോൾ പമ്പ്, പാചക ഗ്യാസ് എന്നിവ തുടങ്ങുന്നതിന് മാർജിൻ മണി ലോൺ, നാലുചക്ര വാഹനങ്ങൾ വാങ്ങുന്നതിനും, വ്യവസായം തുടങ്ങുന്നതിനും സാമ്പത്തിക സഹായം നൽകൽ, ഓട്ടോമൊബൈൽ/ഇലക്ട്രിക്കൽ/മെക്കാനിക്കൽ വർക്ക് ഷോപ്പ് ആരംഭിക്കൽ എന്നീ പരിപാടികൾ കോർപ്പറേഷൻ നടത്തിവരുന്നു.

തോന്നയ്ക്കൽ കയാറി കോംപ്ലക്സ് പ്രോജക്ട്, ഡോക്ടർ അംബേദ്കർ ത്രിഫ്ററ് സ്കീം എന്നീ പദ്ധതികൾകൂടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കു ന്നുണ്ട്. തോന്നയ്ക്കൽ കയാറി കോംപ്ലക്സ് എൻ. എസ്. എഫ്. ഡി. സി. യുടെ സാമ്പത്തിക സഹായ ത്തോടുകൂടി നടപ്പിലാക്കുന്നതാണ്. പ്രത്യേക ഘടക പദ്ധതിയുടെയും ഗിരിവർഗ്ഗ ഉപ പദ്ധതിയുടെയും പ്രത്യേക കേന്ദ്ര സഹായം ഉപയോഗിച്ച് ഈ കോർപ്പറേ ഷൻ പരിശീലന പരിപാടികൾ നടത്തി വരുന്നു.

കോർപ്പറേഷന് നീക്കിവച്ചിട്ടുള്ള തുകയിൽ ബാക്കി 10 ലക്ഷം രൂപ സംസ്ഥാന ഗവൺമെൻറ് കോർപ്പറേ ഷനു നൽകുന്ന അൻപതു ശതമാനം മാച്ചിംഗ് അസിസ്ററൻഡാണ്. അത്രയും തുക കേന്ദ്ര ഗവൺ മെൻറും നൽകുന്നതായിരിക്കും. ഫീൽഡ് പഠനങ്ങൾ, സർവ്വേകളും അവലോകനവും, മോണിററിംഗ് തുടങ്ങി പ്രോത്സാഹനജനകങ്ങളായ പല പ്രവർത്തനങ്ങളും ഈ തുക ഉപയോഗിച്ച് നടത്തുന്നതാണ്.

61. പട്ടികജാതി / പട്ടിക വർഗ്ഗക്കാർക്കുള്ള കേരള സംസ്ഥാന ഗവേഷണ പരിശീലന വികസന സ്ഥാപനം

(വിഹിതം 15.00 ലക്ഷം രൂപ)

പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കുള്ള കേരള സംസ്ഥാന ഗവേഷണ പരിശീലന വികസന സ്ഥാപനം ഗവേഷണത്തിനും വിലയിരുത്തലിനും വേണ്ടിയുള്ള ഒരു പ്രത്യേക കേന്ദ്രമാണ്. പട്ടികജാതി/പട്ടിക വർഗ്ഗക്കാരുടെ ജീവിതം, സംസ്കാരം, പുരോഗതി എന്നിവയെക്കുറിച്ച് പഠനവും ഗവേഷണവും നടത്തുന്ന

തിനുള്ള ചുമതല ഈ കേന്ദ്രത്തിനെ ഏൽപ്പിച്ചിരിക്കുന്നു. ഉദ്യോഗസ്ഥാനുദ്യോഗസ്ഥർക്കും ഈ സ്ഥാപനത്തിൽ പരിശീലനം നൽകുന്നതിനും ഈ വർഷം പരിപാടിയുണ്ട്.

## നിർമ്മാണ ജോലികൾ

ആസ്ഥാന മന്ദിരം പണിയുന്നതിന് 52 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി കിട്ടിയിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ ആദ്യഘട്ടം 31 ലക്ഷം രൂപ ചെലവു ചെയ്ത് പണി പൂർത്തിയാക്കിയിട്ടുണ്ട്.

പട്ടികജാതി/പട്ടിക വർഗ്ഗക്കാരിൽ നിന്ന് ശേഖരിച്ചിട്ടുള്ള കലാമേന്മയുള്ള പുരാവസ്തുക്കൾ സൂക്ഷിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുമായി ഒരു പ്രത്യേക മ്യൂസിയവും നിർമ്മിക്കുന്നതാണ്. ഇതിലേക്ക് 3 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## മററു പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമം

62. പ്രീ-മെട്രിക് പഠനത്തിനുള്ള ആനുകൂല്യങ്ങളും ബോർഡിംഗ് ഗ്രാൻറും

(വിഹിതം 8.00 ലക്ഷം രൂപ)

മററു പിന്നോക്ക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് തലത്തിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിനും സർക്കാരിൽ നിന്നുള്ള സഹായത്തോടെ നടത്തുന്ന ഹോസ്ററലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാൻറ് നൽകുന്നതിനും വേണ്ടിയാണ് ഈ വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നത്.

63. പട്ടികവർഗ്ഗക്കാരുടെ ജില്ലാ/സംസ്ഥാനതല യുവജനോത്സവങ്ങൾ.

(വിഹിതം 2.50 ലക്ഷം രൂപ)

വിവിധ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അന്യോന്യം ഇടപഴകുന്നതിനുള്ള അവസരം ഉണ്ടാക്കുകയും കലാകായിക രംഗങ്ങളിലുള്ള കഴിവും സാംസ്കാരിക ചൈതന്യവും വർദ്ധിപ്പിക്കുകയുമാണ് ഈ പരിപാടിയുടെ ഉദ്ദേശ്യം. ജില്ലാ/സംസ്ഥാനതലങ്ങളിൽ 15–35 പ്രായത്തിൽപ്പെടുന്ന ചെറുപ്പക്കാരെ പരമ്പരാഗത കലകളിലും ആധുനിക കലാകായിക ഇനങ്ങളിലും മത്സരിക്കുവാൻ അനുവദിക്കുന്നതാണ്. വിജയികൾക്ക് ഉചിതമായ സമ്മാനങ്ങളും നൽകുന്നതാണ്. പദ്ധതി വിഹിതത്തിന്റെ ഒരു ഭാഗം ഓരോ പട്ടികവർഗ്ഗ വ്യാപന ഓഫീസിന്റെ പരിധിയിലുള്ള പ്രദേശത്തുനിന്നും ടീമിനെ തിരഞ്ഞെടുക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നതാണ്. ബോധവൽക്കരണ ചർച്ചാസമ്മേളനങ്ങളും യുവജനോത്സവക്കാലത്ത് സംഘടിപ്പിക്കുന്നതാണ്. സംസ്ഥാന ഗവൺമെന്റിന്റെ ധനസഹായത്തിനുപുറമേ സംസ്ഥാന യുവജന ക്ഷേമബോർഡ്, സ്പോർട്സ് അതോറിററി ഓഫ് ഇൻഡ്യ, കേന്ദ്ര ഗവൺമെന്റ് മുതലായവയിൽ നിന്നുള്ള ധനസഹായവും തേടുന്നതാണ്. 2.50 ലക്ഷം രൂപയാണ് 1993-94-ലെ പദ്ധതി വിഹിതം.

64. തിരുവനന്തപുരം ജില്ലയിലെ കട്ടേലയിൽ പെൺകുട്ടികൾക്കുള്ള മാതൃകാ റസിഡൻഷ്യൽ സ്കൂൾ (ആശ്രമം സ്കൂൾ) (50% സംസ്ഥാന വിഹിതം.)

(വിഹിതം 31.50 ലക്ഷം രൂപ

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികൾക്കുവേണ്ടി പബ്ലിക് സ്കൂൾ മാതൃകയിലുള്ള സ്കൂൾ ആരംഭിച്ച് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 30 വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചുകൊണ്ട് 1990-91-ൽ ആണ് ഈ സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചത്. വാടകക്കെട്ടിടത്തിലാണ് ഇപ്പോൾ ഈ സ്കൂൾ പ്രവർത്തിക്കുന്നത്. സ്വന്തമായൊരു സ്കൂൾ കെട്ടിടത്തിന് ആവശ്യമായ സ്ഥലവും നിർമ്മാണത്തിനുള്ള ഭരണാനുമതിയും ലഭിച്ചു കഴിഞ്ഞു. അനാവർത്തനച്ചെലവുകളുടെ 50% കേന്ദ്ര സഹായമായി ലഭിക്കുന്നതാണ്. ആകെ വിഹിതമായ 31.50 ലക്ഷം രൂപയിൽ 20 ലക്ഷം രൂപ അനാവർത്തനച്ചെലവുകൾക്കായി നീക്കി വച്ചിരിക്കുന്നു.

65 സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോൽസാഹനം.

(വിഹിതം 6.00 ലക്ഷം രൂപ)

എസ്. എസ്. എൽ. സി. / പ്രീ ഡിഗ്രി / ഡിഗ്രി പരീക്ഷകളിൽ റവന്യൂ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഉയർന്ന മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോൽസാഹനം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഫസ്ററ് ക്ലാസു വാങ്ങുന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രോത്സാഹന സമ്മാനം നൽകുന്നതാണ്. ഫസ്ററ് ക്ലാസിന് താഴെ ഉയർന്ന മാർക്കു വാങ്ങുന്ന വിദ്യാർത്ഥികൾക്കും നിശ്ചിത തോതനുസരിച്ച് പ്രോത്സാഹന സമ്മാനം നൽകും. 6 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി 1993-94 ലേക്ക് നീക്കിവച്ചിരിക്കുന്നു.

66. പട്ടികവർഗ്ഗ മഹിളാസമാജങ്ങൾക്കുള്ള ധനസഹായം.

(വിഹിതം 2.00 ലക്ഷം രൂപ)

പട്ടികവർഗ്ഗ സ്ത്രീകളുടെ സാമൂഹ്യ നേതൃത്വവും സംഘടനാ ശക്തിയും വർദ്ധിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പരിപാടി അവരെ സ്വയം സംഘടിക്കുവാനും പട്ടികവർഗ്ഗ മഹിളാ സമാജങ്ങൾ രൂപീകരിക്കുവാനും പ്രാപ്തരാക്കുകയും അതുവഴി സാമൂഹ്യക്ഷേമവും സാമ്പത്തിക വികസനവും പട്ടികവർഗ്ഗ അധിവാസ കേന്ദ്രങ്ങളിൽ നടപ്പിലാക്കുവാൻ സഹായിക്കുകയും ചെയ്യുന്നു. ഇത്തരം സമാജങ്ങൾ സംഘടിപ്പിക്കുന്നതിനായി 1993-94 വർഷത്തേയ്ക്കുള്ള പദ്ധതി വിഹിതം 2 ലക്ഷം രൂപയാണ്.

67. പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം

(വിഹിതം 4.00 ലക്ഷം രൂപ)

1992-93 വർഷത്തിൽ ആരംഭിച്ച ഒരു പദ്ധതിയാണിത്. പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹച്ചെലവുകൾക്കായി അവരുടെ മാതാപിതാക്കൾക്കോ രക്ഷിതാക്കൾക്കോ ധനസഹായം നൽകുകയെന്നതാണ് ഈ പദ്ധതിയുടെലക്ഷ്യം. അർഹതപ്പെട്ടവർക്ക് 5,000 രൂപ വീതമാണ് നൽകുന്നത്. ഇതിനായുള്ള 1993-94-ലെ പദ്ധതി വിഹിതം 4 ലക്ഷം രൂപയാണ്.

68 1989-ലെ അതിക്രമങ്ങൾ തടയൽ നിയമം നടപ്പിലാക്കൽ (50% സംസ്ഥാന വിഹിതം)

(വിഹിതം 8.00 ലക്ഷം രൂപ)

മേൽ പറഞ്ഞ നിയമത്തിൻ കീഴിൽ രജിസ്ററർ ചെയ്തിട്ടുള്ള കേസുകൾക്ക് ദ്രുതഗതിയിലുള്ള വിധിനിർണ്ണയത്തിനുവേണ്ടി എല്ലാ ജില്ലകളിലും ഒരു പ്രത്യേക ബെഞ്ച് ഉണ്ട്. അതിക്രമ കൃത്യങ്ങൾക്കിരയാകുന്നവർക്ക് തക്കതായ നഷ്ടപരിഹാരം നൽകി അവരെ പുനരധിവസിപ്പിക്കേണ്ടതാണ്. ഇവർക്ക് തൊഴിലും മററു ജീവിത മാർഗ്ഗങ്ങളും ലഭിക്കുന്നതിനുതകുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. ആവശ്യമുള്ളിടത്തെല്ലാം നിയമ സഹായം നൽകുന്നതുമാണ്. വയനാട്ടു ജില്ലയിൽ ഒരു സഞ്ചരിക്കുന്ന പോലീസ് സ്കാഡ് അനുവദിച്ചിട്ടുണ്ട്. 8 ലക്ഷം രൂപയാണ് 1993-94-ലെ സംസ്ഥാന വിഹിതം.

## 9.12 സാമൂഹ്യക്ഷേമം

### വികലാംഗരുടെ ക്ഷേമം

**1. സ്വകാര്യ സ്ഥാപനങ്ങളിലെ മന്ദബുദ്ധികളായ കുട്ടികൾക്കു ധനസഹായം**

(വിഹിതം 3.00 ലക്ഷം രൂപ)

സന്നദ്ധ സംഘടനകൾ നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ മന്ദബുദ്ധികളായ കുട്ടികൾക്കു 60 രൂപ വീതം പ്രതിമാസ സ്കോളർഷിപ്പ് ഒരു വർഷത്തിൽ 10 മാസം നൽകുന്നു. ഇതു കൂടാതെ ഓരോ വർഷവും സ്കൂളിലെ മററ് ആവശ്യങ്ങൾക്കായി പ്രതിമാസം 20 രൂപയും ഡ്രസ് അലവൻസായി പ്രതിവർഷം 40 രൂപയും നൽകുന്നു. ഗുണഭോക്താവായ ഒരു കുട്ടിക്ക് പ്രതിവർഷം ലഭിക്കുന്ന ധനസഹായം 660 രൂപയാണ്. ഇപ്പോൾ 60 സ്ഥാപനങ്ങളിലായി 450 കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. 1993-94-ൽ ഇതിലേക്കായി 3 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു.

**2. വികലാംഗക്ഷേമ കോർപ്പറേഷനു ധനസഹായം**

(വിഹിതം 25.00 ലക്ഷം രൂപ)

ഇപ്പോൾ വികലാംഗക്ഷേമ കോർപ്പറേഷൻെറ കീഴിൽ തിരുവനന്തപുരത്തും കോഴിക്കോട്ടുമായി രണ്ടു ഡിപ്പാർട്ടുമെൻറു സ്റേറാറുകളും, ഒരു ബേക്കറി യൂണിററും ഒരു കവർ നിർമ്മാണ യൂണിററും പ്രവർത്തിച്ചുവരുന്നു. ഈ യൂണിററുകളിലായി 59 ആളുകൾ ജോലി നോക്കുന്നുണ്ട്. ഈ യൂണിററുകളുടെ മൊത്തത്തിലുള്ള വികസനത്തിന് 31 ലക്ഷം രൂപ ആവശ്യമുള്ളതിൽ 25 ലക്ഷം രൂപ 1993-94-ലെ വിഹിതമായി വക കൊള്ളിച്ചിരിക്കുന്നു.

പ്രധാന പരിപാടിക്രമമനുസരിച്ചുള്ള വിഹിതം താഴെ ചേർക്കുന്നു.

(വിഹിതം ലക്ഷ രൂപയിൽ)

| | യൂണിററിൻെറ പേര് | 1993-94 |
|---|---|---|
| | (1) | (2) |
| 1. | ഡിപ്പാർട്ടുമെൻറൽ സ്റേറാർ | 10.00 |
| 2. | ബേക്കറി യൂണിററ് | 5.00 |
| 3. | കവർ നിർമ്മാണ യൂണിററ് | 2.00 |
| 4. | മററു പ്രവർത്തനങ്ങൾ | 8.00 |
| | ആകെ | 25.00 |

നിലവിലുള്ള യൂണിററുകളുടെ തനതായ വികസനത്തെ ലാക്കാക്കി കൊണ്ടുള്ളതാണ് ഈ വിഹിതം. അധികമായ പുതിയ ആസ്തികളോ വാഹനങ്ങളോ ഈ വിഹിതത്തിൽ ഉദ്ദേശിക്കുന്നില്ല.

**3. വികലാംഗർക്കു സംരക്ഷണ ഭവനം (വൃദ്ധർക്ക്)**

(വിഹിതം 3.00 ലക്ഷം രൂപ)

100 വൃദ്ധരായ വികലാംഗർ അധിവസിക്കുന്ന രണ്ടു സംരക്ഷണ ഭവനങ്ങൾ വയനാട്ടിലും ഇടുക്കിയിലുമായി പ്രവർത്തിച്ചുവരുന്നു. ഓരോരുത്തർക്കും വേണ്ടി വരുന്ന പ്രതിവർഷ പരിപാലന ധനസഹായം 1470 രൂപയായി കണക്കാക്കിയിരിക്കുന്നു. 1993-94-ലെ പദ്ധതി വിഹിതമായ 3 ലക്ഷം രൂപ അന്തേവാസികളുടെ പരിപാലന ചെലവ്, ഉദ്യോഗസ്ഥരുടെ ശമ്പളം, സാധന സാമഗ്രികൾ, വാടക എന്നിവയ്ക്കായി നീക്കി വച്ചിരിക്കുന്നു.

**4. വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്**

(വിഹിതം 25.00 ലക്ഷം രൂപ)

9-ാം സ്ററാൻേറർഡിലും അതിനു മുകളിലും അക്കാഡമിക്കും, പ്രൊഫഷണലും ഉൾപ്പെടെയുള്ള പഠനത്തിന് വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വേണ്ടിയുള്ളതാണ് വിഹിതം. ഈ പദ്ധതി നൂറു ശതമാനം കേന്ദ്ര സഹായ പദ്ധതിയായാണ് നടപ്പിൽ വന്നത്. എന്നാൽ 1-4-1993 മുതൽ ഈ പദ്ധതി സംസ്ഥാന വിഹിത പദ്ധതിയായി മാററാൻ കേന്ദ്ര ഗവൺമെൻറ് തീരുമാനിച്ചു. ഇപ്പോൾ 2317 കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. 1993-94-ൽ 25 ലക്ഷം രൂപ ഇതിലേക്കായി മാററിവച്ചിരിക്കുന്നു.

### ശിശുക്ഷേമം

**5. മാനസിക വളർച്ചയില്ലാത്ത കുട്ടികൾക്കു ഭവനം**

(വിഹിതം 7.00 ലക്ഷം രൂപ)

മന്ദബുദ്ധികളുടെ തിരുവനന്തപുരത്ത് പാങ്ങപ്പാറയിൽ പ്രവർത്തിക്കുന്ന ഭവനം സംസ്ഥാന തലത്തിൽ മാതൃകാ സ്ഥാപനമായി വികസിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ വിഹിതം. ഇതിന് ഒരു ഫുൾടൈം ഡോക്ടർ, നേഴ്സ്, മനോരോഗ ചികിൽസാവിദഗ്ദ്ധൻ, ബാല ചികിൽസാവിദഗ്ദ്ധൻ, റിസർച്ച് ഓഫീസർ, ആയമാർ, ഗൈഡൻസ് ഓഫീസർ, അററൻഡർ എന്നിവർ ആവശ്യമാണ്. 1993-94-ൽ വകകൊള്ളിച്ചിട്ടുള്ള 7 ലക്ഷം രൂപയിൽ 3 ലക്ഷം രൂപ ഉദ്യോഗസ്ഥരുടെ ചെലവിലേക്കും ബാക്കി 4 ലക്ഷം രൂപ മററു വികസന പ്രവർത്തനങ്ങൾക്കും വേണ്ടിയാണ്.

### വനിതാക്ഷേമം

**6. സ്ത്രീധന നിരോധന നിയമം, വ്യഭിചാര നിരോധന നിയമം, യാചക നിരോധന നിയമം തുടങ്ങിയവ നടപ്പിലാക്കൽ**

(വിഹിതം 1.00 ലക്ഷം രൂപ)

സാമൂഹ്യ പരിവർത്തന പ്രക്രിയയിൽ സ്ത്രീധന നിരോധന നിയമം, പിൻതുടർച്ചാവകാശ നിയമം തുടങ്ങിയ പുരോഗമന നിയമങ്ങളെ കുറിച്ചു പൊതുജനങ്ങളെ ബോധവാൻമാരാക്കുക എന്നതു അത്യാവശ്യമാണ്. ഏഴു ജില്ലകളിലായി ഏഴു ജില്ലാതല ക്യാമ്പുകളും തിരുവനന്തപുരത്ത് ഒരു സംസ്ഥാനതല ക്യാമ്പും സംഘടിപ്പിക്കാൻ പരിപാടിയുണ്ട്. പ്രസ്തുത പരിപാടികളുടെ നടത്തിപ്പിലേയ്ക്കുവേണ്ടി 1993-94-ൽ 1 ലക്ഷം രൂപ വക കൊള്ളിച്ചിരിക്കുന്നു.

**7. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ**

(വിഹിതം 25.00 ലക്ഷം രൂപ)

വനിതകളുടെ സാമൂഹ്യ സാമ്പത്തിക വികസനം ലക്ഷ്യമാക്കി 1988-ൽ സ്ഥാപിതമായതാണ് വനിതാ വികസന കോർപ്പറേഷൻ. ഇതിൻെറ ഓഹരി മൂലധനമായ ഒരു കോടി രൂപയിൽ 51% സംസ്ഥാന സർക്കാരും 49% കേന്ദ്ര ഗവൺമെൻറുമാണ് വഹിക്കേണ്ടത്. വനിതാ കോ-ഓപ്പറേററീവ് സൊസൈററികളുടെ രൂപീകരണം, വനിതകൾക്ക് തൊഴിൽ നൽകാൻ ഉതകുന്ന സ്ഥാപനങ്ങൾക്കു സഹായം, വനിതകൾക്ക് സ്വയം തൊഴിൽ

കണ്ടെത്താൻ സഹായം എന്നിവയാണു കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങൾ. 1993-94-ലെ തരം തിരിച്ചുള്ള പ്രവർത്തന വിഹിതം താഴെ ചേർക്കുന്നു.

| | ഇനം | വിഹിതം (ലക്ഷം രൂപ) |
|---|---|---|
| 1. | വനിതാ വികസന കോർപ്പറേഷനിൽ നിക്ഷേപം | |
| | (a) പ്രദർശന സ്റ്റാളുകൾ | 3.00 |
| | (b) PCT സെന്ററുകൾ | 1.00 |
| | (c) ഹോസ്റ്റലുകൾ | 4.00 |
| 2. | സാമൂഹ്യക്ഷേമ പരിപാടികളുടെ നടത്തിപ്പിനുവേണ്ടിയുള്ള ധനസഹായം. | |
| | (a) ലീഗൽ എയിഡ് സെൽ | 0.25 |
| | (b) നീതി മേളകൾ | 0.25 |
| | (c) സെമിനാറുകൾ | 0.50 |
| 3. | പരിശീലന സഹായങ്ങൾ | |
| | (a) സ്ത്രീകളുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിശീലനങ്ങൾ | 1.00 |
| | (b) തൊഴിൽപരമായ പരിശീലന പരിപാടികൾ | 2.00 |
| 4. | പ്രദർശനങ്ങൾ സംഘടിപ്പിക്കൽ | 1.00 |
| 5. | ദുരിതം അനുഭവിക്കുന്ന സ്ത്രീകൾക്കു സ്വയം തൊഴിൽ കണ്ടെത്താൻ ധനസഹായം | 5.00 |
| 6. | സാങ്കേതിക വൈദഗ്ദ്ധ്യമുള്ള സ്ത്രീകൾക്കുള്ള തൊഴിൽ പരിപാടികൾ | 7.00 |
| | ആകെ | 25.00 |

## 8. ക്ലേശം അനുഭവിക്കുന്ന സ്ത്രീകൾക്കുവേണ്ടിയുള്ള തൊഴിൽദാന പദ്ധതികൾ

(വിഹിതം 5.00 ലക്ഷം രൂപ)

ദുരിതം അനുഭവിക്കുന്ന സ്ത്രീകളെ സഹായിച്ച് അവരുടെ ജീവിതം സുരക്ഷിതമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 1993-94-ലെ പദ്ധതി വിഹിതമായ 5 ലക്ഷം രൂപ 1000 സ്ത്രീകളെ സഹായിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

## 9. സ്റ്റാറ്റ്യൂട്ടറി വനിതാ കമ്മിഷൻ

(വിഹിതം 1.00 ലക്ഷം രൂപ)

നിലവിലുള്ള നിയമങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുക, ഭരണപരമായ പ്രവർത്തനങ്ങൾ, നിയമാനുസൃതമായ ഉപായങ്ങൾ എന്നിവ മനസ്സിലാക്കിക്കൊടുക്കുക എന്ന ഉദ്ദേശത്തോടു കൂടി ഉന്നതാധികാരമുള്ള ഒരു വനിതാ കമ്മിഷനെ നിയോഗിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. 1991-ൽ കേരളാ സ്റ്റാറ്റ്യൂട്ടറി വനിതാ കമ്മിഷൻ ബിൽ പാസാക്കി. എന്നാൽ പ്രസിഡന്റിന്റെ അനുമതി ഇതേവരെയും കിട്ടിയിട്ടില്ല. 1993-94-ൽ 1 ലക്ഷം രൂപ ഇതിലേക്കായി നീക്കി വച്ചിരിക്കുന്നു.

## 10. അനാഥശാലകൾക്ക് ധനസഹായം

(വിഹിതം 15.00 ലക്ഷം രൂപ)

ഈ പദ്ധതി 50 ശതമാനം കേന്ദ്ര സഹായത്തോടു കൂടിയാണു നിലവിൽ വന്നത്. 1993 ഏപ്രിൽ മുതൽ മുഴുവൻ ചെലവും സംസ്ഥാനം വഹിക്കുന്നതിലേക്കായി കേന്ദ്ര ഗവൺമെന്റിന്റെ ഈ പദ്ധതി സംസ്ഥാന വിഭാഗത്തിലേയ്ക്കു മാറ്റിയിരിക്കുന്നു. അനാഥശാലകളിൽ വസിക്കുന്ന അനാഥരും, അശരണരും ആയ കുട്ടികൾക്ക് സുരക്ഷിതത്വവും, ശ്രദ്ധയും വിദ്യാഭ്യാസവും പരിശീലനവും നൽകുന്നതിനുവേണ്ടി സന്നദ്ധ സംഘടനകൾക്ക് ധനസഹായം നൽകുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതു പ്രകാരം ഓരോ ഗുണഭോക്താവിനും പ്രതിമാസം ഭരണ ചെലവിനായി 76 രൂപ 50 പൈസയും വാടക ഇനത്തിൽ 16 രൂപയും എന്ന നിരക്കിൽ അനാഥാലയങ്ങൾ നടത്തുന്ന 34 സ്ഥാപനങ്ങളിലായി 1225 അന്തേവാസികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഒരു വർഷം ഒരു ഗുണഭോക്താവിനുവേണ്ടി വരുന്ന ചെലവ് 1110 രൂപയാണ്. 1993-94-ൽ 15 ലക്ഷം രൂപ മേൽപ്പറഞ്ഞ ചെലവുകൾ വഹിക്കുന്നതിലേക്കായി വകയിരുത്തിയിരിക്കുന്നു.

## 11 മനോരോഗ വിമുക്തരായവർക്ക് സംരക്ഷണ ഭവനം

(വിഹിതം 3.00 ലക്ഷം രൂപ)

ഇപ്പോൾ 37 അന്തേവാസികളോടുകൂടി മനോരോഗ വിമുക്തരായവർക്കുവേണ്ടിയുള്ള രണ്ടു ഭവനങ്ങൾ കോഴിക്കോട്ടും, തിരുവനന്തപുരത്തും പ്രവർത്തിക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഓരോ അന്തേവാസിക്കും പ്രതിമാസം 110 രൂപ പരിപാലന ചെലവിനും, പ്രതിവർഷം 150 രൂപ കിടക്കയ്ക്കും വസ്ത്രത്തിനും മരുന്നിനും മറ്റുമായി നൽകുന്നു. ആളൊന്നിന് നൽകുന്ന പ്രതിവർഷ പരിപാലന സഹായം 1470 രൂപയാണ്. അന്തേവാസികളുടെ പരിപാലന ചെലവ്, ഉദ്യോഗസ്ഥർക്ക് ശമ്പളം, വാടക, സാധന സാമഗ്രികൾ എന്നിവയ്ക്കുവേണ്ടിയാണ് 1993-94-ൽ 3 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നത്.

## 12. സാമൂഹ്യക്ഷേമ കോംപ്ലക്സുകൾക്ക് കെട്ടിടം

(വിഹിതം 12.00 ലക്ഷം രൂപ)

മൊത്തം 42 സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾ ഉള്ളതിൽ 32 എണ്ണവും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കൊല്ലം, കോഴിക്കോട്, തലശ്ശേരി എന്നീ സ്ഥലങ്ങളിൽ കെട്ടിടം പണിയാനുള്ള സ്ഥലം ലഭ്യമാണ്. ഇവിടങ്ങളിൽ സാമൂഹ്യക്ഷേമ കോംപ്ലക്സുകൾ പണിയുന്നതിനുവേണ്ടി 1993-94-ൽ 12 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 13. തിരുത്തൽ സേവനങ്ങൾ-പ്രൊബേഷൻ സേവനം മെച്ചപ്പെടുത്തൽ

(വിഹിതം 5.00 ലക്ഷം രൂപ)

പ്രൊബേഷൻ സേവനം മെച്ചപ്പെടുത്തുവാൻ വേണ്ടിയാണ് ഈ വിഹിതം. റിസർച്ച് സെല്ലിൽ ജോലി നോക്കുന്ന അസിസ്റ്റന്റ് ഡയറക്ടറുടേയും മൂന്ന് പ്രൊബേഷൻ ഓഫീസർമാരുടെ ശമ്പള ചെലവും ഈ വിഹിതത്തിൽ ഉൾപ്പെടുന്നു. ആകെയുള്ള 5 ലക്ഷം രൂപ വിഹിതത്തിൽ 2.5 ലക്ഷം രൂപ ശമ്പള ചെലവിനും ബാക്കി 2.5 ലക്ഷം രൂപ മറ്റ് ബാദ്ധ്യതകൾ തീർക്കാനും വേണ്ടിയുള്ളതാണ്.

## 14 ബാലമന്ദിരങ്ങളിൽ വ്യവസായ യൂണിറ്റുകൾ

(വിഹിതം 3.00 ലക്ഷം രൂപ)

ബാലമന്ദിരങ്ങളിലെ കുട്ടികളുടെ കഴിവിനെ വികസിപ്പിച്ച് പരിശീലനം നൽകുക എന്ന ഉദ്ദേശത്തോടെ ആശാരിപണി, നെയ്ത്ത്, തയ്യൽ, സോപ്പ് നിർമ്മാണം, പട്ടുനൂൽപുഴു വ്യവസായം, പുൽപ്പായ് നിർമ്മാണം തുടങ്ങിയവയിൽ പരിശീലനം നൽകുന്നതിനുവേണ്ടിയാണ് ഈ വിഹിതം. ഏകദേശം ഇരുന്നൂറോളം കുട്ടികൾക്ക് പ്രയോജനം ലഭിക്കുന്നതിലേയ്ക്കാണ് 1993-94-ൽ 3 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്.

15. ജയിൽ വിമുക്തരായ കുററവാളികൾക്കായുള്ള സഹായം

(വിഹിതം 10.00 ലക്ഷം രൂപ)

കുററവാളികൾ ജയിൽ വിമുക്തരായശേഷം സ്വന്തമായി ജീവിതമാർഗ്ഗം തേടുന്നതിനും മററുള്ളവരോടൊപ്പം സാമൂഹ്യമായും, സാമ്പത്തികമായും യോജിച്ച് ജീവിക്കുന്നതിന് പ്രാപ്തരാക്കുന്നതനുമായി ജയിൽ വിമുക്ത കുററവാളികൾക്കും പ്രൊബേഷണർമാർക്കും സഹായധനം നൽകുന്നുണ്ട്. ഓരോ ഗുണഭോക്താവിനും നൽകുന്ന സഹായം 2,000 രൂപയാണ്. 1993-94-ൽ 500 പേർക്ക് സഹായം നൽകുന്നതിനുവേണ്ടിയാണ് 10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്.

16. ജയിൽ പുള്ളികളുടെ ക്ഷേമം - (സംസ്ഥാന വിഹിതം 50%)

(വിഹിതം 2.00 ലക്ഷം രൂപ)

ടെലിവിഷൻ, റേഡിയോ തുടങ്ങിയ ദൃശ്യശ്രവണ മാദ്ധ്യമങ്ങൾക്കും മൂന്ന് സെൻട്രൽ ജയിലുകൾക്കും എല്ലാ ജില്ലാ ജയിലുകൾക്കും ഒരു വനിതാ ജയിലിനും ഒരു ഓപ്പൺ ജയിലിനും കണ്ണൂരിലെ ബാലമന്ദിരത്തിനും നൽകുന്നതിനും കായിക വിനോദ സാമഗ്രികൾ തടവുകാർക്ക് നൽകുന്നതിനും, ഹെഡ് ക്വാർട്ടേഴ്സിൽ ഒരു ഒരു ആധുനിക വായനശാല ആരംഭിക്കുന്നതിനും വേണ്ടിയാണ് 1993-94-ലെ വിഹിതമായ 2 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നത്.

17. കുട്ടികളുടെ നിയമം നടപ്പിലാക്കൽ

(a) കുട്ടികളുടെ കോടതികളും കുട്ടികൾക്കായുള്ള ക്ഷേമബോർഡുകളും സ്ഥാപിക്കൽ.

(വിഹിതം 3.00 ലക്ഷം രൂപ)

ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് കുററവാളികളായ 16 വയസ്സിന് താഴെ പ്രായമുള്ള ആൺകുട്ടികളുടേയും 18 വയസ്സിന് താഴെ പ്രായമുള്ള പെൺകുട്ടികളുടേയും ആകെ കൂടിയുള്ള ഉന്നമനത്തിന് ആവശ്യമായ സൗകര്യവും അവസരവും നല്കുക, അഗതികൾക്കും ബാലകുററവാളികൾക്കും സംരക്ഷണവും ചികിൽസയും, ശ്രദ്ധയും പുനരധിവാസവും ഉറപ്പുവരുത്തുക എന്നിവയാണ്. യുവജനങ്ങൾക്കുവേണ്ടിയുള്ള ക്ഷേമബോർഡുകൾക്കും കോടതികൾക്കും വേണ്ടി വരുന്ന ചെലവുകൾക്കും മജിസ്ട്രേട്ടുമാർക്ക് പ്രതിഫലം നൽകുന്നതിനും വേണ്ടിയാണ് 1993-94-ൽ 3 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നത്.

(b) മോണിററിംഗ് സെൽ

(വിഹിതം 3.00 ലക്ഷം രൂപ)

അനാഥരും അവഗണിക്കപ്പെട്ടവരുമായ കുട്ടികളുടെ സംരക്ഷണത്തിനായി ജുവനൈൽ ജസ്ററിസ് നിയമം ശരിയായ രീതിയിൽ നടപ്പിലാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി സംസ്ഥാനതലത്തിൽ ഒരു മോണിററിംഗ് സെൽ 1991-ൽ ആരംഭിക്കുകയുണ്ടായി. ഈ പദ്ധതിക്കുവേണ്ടി വരുന്ന ചെലവ് വഹിക്കുന്നതിന വേണ്ടിയാണ് 1993-94-ൽ 3 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നത്.

(c) ജുവനൈൽ ജസ്ററീസ് നിയമം അനുസരിച്ച് നിരീക്ഷണശാലകൾ ആരംഭിക്കുന്നതിന്-സംസ്ഥാന വിഹിതം 50 ശതമാനം

(വിഹിതം 10.00 ലക്ഷം രൂപ)

കേന്ദ്ര പദ്ധതി പ്രകാരം കുട്ടികൾ സാമൂഹ്യ വിരുദ്ധരായി മാറുന്നത് തടയുന്നതിനും, നിയന്ത്രിക്കുന്നതിനും, അവരെ താൽക്കാലികമായി താമസിപ്പിക്കുന്നതിനും നിരീക്ഷണശാലകൾ ആരംഭിക്കേണ്ടതായിട്ടുണ്ട്. ഇതലേയ്ക്കായി 1990-91-ൽ 18.79 ലക്ഷം രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. 1993-94-ൽ 10 ലക്ഷം രൂപ സംസ്ഥാന വിഹിതമായി ഈ പദ്ധതിയ്ക്കായി നീക്കി വച്ചിരിക്കുന്നു.

18. പ്രത്യേക ഘടകപദ്ധതി

(വിഹിതം 25.00 ലക്ഷം രൂപ)

ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടുകൂടി അംഗനവാടി കെട്ടിടങ്ങൾ പണിയുകയാണ് ഈ പദ്ധതി കൊണ്ടു ഉദ്ദേശിക്കുന്നത്. 1990-92 കാലയളവിൽ ഏകദേശം 200 കെട്ടിടങ്ങൾ പൂർത്തീകരിച്ചു. ഒരു കെട്ടിടത്തിന്റെ നിർമ്മാണ ചെലവ് 25,000 രൂപയാണ്. പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള മററ് പ്രക്രിയകളുടെ നടത്തിപ്പിനും കൂടിയുള്ളതാണ് ഈ വിഹിതം.

19. ഗിരിവർഗ്ഗ ഉപപദ്ധതി

(വിഹിതം 5.00 ലക്ഷം രൂപ)

ഗിരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടുകൂടി ആരോഗ്യ സംരക്ഷണത്തിനായി കമ്മ്യൂണിററി കിച്ചനുകൾ പണികഴിപ്പിക്കുന്നതിനും മററു പ്രയോജനപ്രദങ്ങളായ ചെലവുകൾ വഹിക്കുന്നതിലേക്കും വേണ്ടിയാണ് ഈ വിഹിതം. 1990-92-ൽ ഏകദേശം 60 കമ്മ്യൂണിററി കിച്ചനുകൾ പദ്ധതി വിഹിതം ഉപയോഗിച്ചു നിർമ്മിക്കപ്പെട്ടു.

20. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വിമുക്തഭടൻമാരെ തയ്യാറാക്കൽ—സംസ്ഥാന വിഹിതം 50 ശതമാനം

(വിഹിതം 2.00 ലക്ഷം രൂപ)

വിമുക്തഭടൻമാർക്ക് പരിശീലനം നൽകുന്നതിനു വേണ്ടി 50 ശതമാനം കേന്ദ്ര സഹായമുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. 1993-94-ൽ 250 വിമുക്തഭടൻമാർക്ക് പരിശീലനം നൽകുന്നതിനു വേണ്ടിയാണ് 2 ലക്ഷം രൂപ സംസ്ഥാന വിഹിതമായി ഉൾക്കൊള്ളിച്ചിരിക്കുന്നത്.

21. സാമുദായിക സഹകരണത്തോടുകൂടി അംഗനവാടി കെട്ടിടങ്ങൾ നിർമ്മിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

(വിഹിതം 11.00 ലക്ഷം രൂപ)

ഈ പദ്ധതിയനുസരിച്ച് അംഗനവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർണ്ണമായും സാമുദായിക സഹകരണത്തോടുകൂടിയാണ് ഉദ്ദേശിക്കുന്നത്. കെട്ടിടത്തിന്റെ നിർമ്മാണ ചെലവായ 25,000 രൂപയിൽ 20,000 രൂപ സംസ്ഥാന വിഹിതമായി നൽകുന്നു. 1993-94-ലെ പദ്ധതി വിഹിതമായ 11 ലക്ഷം രൂപ സാമുദായിക സഹകരണത്തോടുകൂടിയുള്ള അംഗനവാടികളുടെ നിർമ്മാണത്തിനുവേണ്ടി നീക്കിവച്ചിരിക്കുന്നു. 1990-92 കാലയളവിൽ 500 കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു.

22. വകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം

(വിഹിതം 1.00 ലക്ഷം രൂപ)

സാമൂഹ്യ പ്രതിരോധവും ജുവനൈൽ ജസ്ററിസ് ആക്ടിന്റെ പരിധിയിൽ വരുന്നവയുമുൾപ്പെടെയുള്ള സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇൻസ്ററിററ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെൻറ്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്, കളമശ്ശേരി തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന പരിശീലനം നൽകുന്നതിന് 1993-94-ലെ വിഹിതം 1 ലക്ഷം രൂപയാണ്.

# 9. 13 പോഷകാഹാര പരിപാടി

## 1. സംയോജിത ശിശുക്ഷേമ പരിപാടികൾ

(വിഹിതം 170.00 ലക്ഷം രൂപ)

സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള 90 സംയോജിത ശിശുവികസന പദ്ധതികളിൽ 66 എണ്ണം കേന്ദ്രാവിഷ്കൃത പദ്ധതികളും 24 എണ്ണം സംസ്ഥാനാവിഷ്കൃത പദ്ധതികളുമാണ്. ആകെയുള്ള 12000 അംഗനവാടികളിലായി 11.2 ലക്ഷം ഗുണഭോക്താക്കൾ ഉണ്ട്. മേൽ പദ്ധതി വിഹിതം അനുബന്ധ പോഷകാഹാര വിതരണത്തിന്റെ ചെലവിനും മററുമായി ഉൾപ്പെടുത്തിയിരിക്കുന്നു. ഇപ്പോൾ പദ്ധതിയുടെ കീഴിൽ വരുന്ന 23 പ്രോജക്ടുകൾക്കും 1993-94-ൽ തുടങ്ങാനുദ്ദേശിക്കുന്ന പ്രോജക്ടുകൾക്കും പോഷകാഹാരം വിതരണം ചെയ്യുന്നതിന്റെ ചെലവ് വഹിക്കുന്നതിനാണ് പ്രസ്തുത പദ്ധതി വിഹിതം വിനിയോഗിക്കുന്നത്.

## 2. പ്രത്യേക ഘടക പദ്ധതി

(വിഹിതം 145.00 ലക്ഷം രൂപ)

പട്ടികജാതിക്കാരായ കുട്ടികളുടെ അനുബന്ധ ഭക്ഷണ വിതരണത്തിനും പോഷകാഹാരം, വിദ്യാഭ്യാസം, വൈദ്യപരിശോധനാ ക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിന് വേണ്ടിവരുന്ന ചെലവ് വഹിക്കുന്നതിന് വേണ്ടിയാണ് 145 ലക്ഷം രൂപയുടെ ഈ വിഹിതം. സംയോജിത ശിശുവികസന പദ്ധതി പ്രകാരം ആകെ ഗുണഭോക്താക്കളിൽ 30% പട്ടികജാതിക്കാരായ കുട്ടികളാണ്.

## 3. ഗിരിജന ഉപപദ്ധതി

(വിഹിതം 16.00 ലക്ഷം രൂപ)

ഗിരിജനങ്ങൾക്ക് പ്രയോജനപ്പെടുന്ന പോഷകാഹാര സെൻററുകൾ, ഗിരിജന സംയോജിത ശിശുക്ഷേമ പരിപാടികൾ, സംസ്ഥാന പോഷകാഹാര ബ്യൂറോ നടപ്പാക്കുന്ന പരിപാടികൾ തുടങ്ങിയ ഗിരിജനങ്ങൾക്ക് മാത്രമായുള്ള പദ്ധതികൾക്ക് വേണ്ടിയാണ് 16 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നത്.

## 4. സംസ്ഥാന പോഷകാഹാര ബ്യൂറോ

(വിഹിതം 15.00 ലക്ഷം രൂപ)

പോഷകാഹാര പരിപാടികൾ പരിശോധിക്കുക, അവയെല്ലാം വിലയിരുത്തുക, ഡയററ് സർവ്വേ, പോഷകാഹാര സർവ്വേ, തുടങ്ങിയവ നടത്തുക, ഫിലിം പ്രദർശനങ്ങൾ മുഖാന്തിരം പോഷകാഹാര വിദ്യാഭ്യാസം നൽകുക, ശരിയായ പാചകരീതികൾ മനസ്സിലാക്കിക്കുക മുതലായവയാണ് സംസ്ഥാന പോഷകാഹാര ബ്യൂറോ നടപ്പിലാക്കുന്ന പരിപാടികൾ. ആകെ പദ്ധതി വിഹിതമായ 15 ലക്ഷം രൂപയിൽ 5 ലക്ഷം രൂപ കെട്ടിട നിർമ്മാണത്തിനുവേണ്ടിയാണ് നീക്കി വച്ചിരിക്കുന്നത്.

## 5. പോഷകാഹാര ഗവേഷണ യൂണിററ് സ്ഥാപിക്കൽ

(വിഹിതം 3.00 ലക്ഷം രൂപ)

കേരളത്തിലെ ജനങ്ങളുടെ ആരോഗ്യ നിലവാരത്തെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് ഉന്നത പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുകയാണ് ഈ യൂണിററിന്റെ ഉദ്ദേശം. ആകെ പദ്ധതി വിഹിതത്തിൽ നിന്നും 1.39 ലക്ഷം രൂപ സാധന സാമഗ്രികൾ കെമിക്കലുകൾ, ബയോ കെമിക്കലുകൾ എന്നിവ വാങ്ങുന്നതിനാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബാക്കി തുക രണ്ടു ഗവേഷകർക്ക് ഫെല്ലോഷിപ്പ് കൊടുക്കുന്നതിനും മററു ചെലവുകൾക്കുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. 1993-94 കാലയളവിൽ അധിക തസ്തിക സൃഷ്ടിക്കാനും വാഹനങ്ങൾ വാങ്ങുവാനും പാടില്ല.

## 6. ഭക്ഷ്യ സംസ്ക്കരണ പോഷകാഹാര കേന്ദ്രം ബാലുശ്ശേരി

(വിഹിതം 1.00 ലക്ഷം രൂപ)

അതത് സ്ഥലങ്ങളിലെ കൃഷി സമ്പ്രദായങ്ങൾ പരിശീലിപ്പിക്കുക, പഴങ്ങളുടെയും പച്ചക്കറിയുടെയും ഉൽപ്പാദനം ഉയർത്തുക, ഭക്ഷ്യ സംസ്ക്കരണത്തിന്റെ ഹ്രസ്വ കാല പരിശീലന പരിപാടികൾ നടപ്പിലാക്കുക എന്നിവ മുഖേന ഗ്രാമീണ കുടുംബങ്ങളിൽ തൊഴിൽ അവസരം എന്നതാണ് ഈ കേന്ദ്രത്തിന്റെ ഉദ്ദേശം. 1993-94-ലേക്കുള്ള മൂലധന നിക്ഷേപമായി 1 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു.

# X. പൊതു സാമ്പത്തിക സർവ്വീസുകൾ

## 10.1 സെക്രട്ടേറിയററ് സാമ്പത്തിക സർവ്വീസുകൾ ആസൂത്രണ സംവിധാനം

1. സംസ്ഥാന ആസൂത്രണ സംവിധാനം ശക്തിപ്പെടുത്തൽ.

(വിഹിതം 14.00 ലക്ഷം രൂപ)

സംസ്ഥാന ആസൂത്രണ ബോർഡിലും ജില്ലാ ആഫീസുകളിലും മററ് വകുപ്പുകളിലെ ആസൂത്രണ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥൻമാർക്കും പരിശീലനം നൽകുന്നതിനും ബോർഡിന്റെ ആസ്ഥാന ആഫീസിലെ പഴയ വാഹനങ്ങൾ മാററി വാങ്ങുന്നതിനും 1993-94-ലേക്കുള്ളതാണ് പ്രസ്തുത വിഹിതം.

2. ജില്ലാ ആസൂത്രണ വിഭാഗം ശക്തിപ്പെടുത്തൽ

(വിഹിതം 2.00 ലക്ഷം രൂപ)

പ്രത്യേക ഘടക പദ്ധതി, ഗിരിവർഗ്ഗ ഉപ പദ്ധതി, പശ്ചിമഘട്ട വികസന പരിപാടികൾ എന്നിവയിലുള്ള രൂപീകരണം, ജില്ലാ പദ്ധതികളുടെ നടത്തിപ്പിലുള്ള അവലോകനം, മററു വകുപ്പുകളുടെ പദ്ധതി പ്രവർത്തനങ്ങളുടെ ഏകോപിപ്പിക്കൽ എന്നിവയാണ് ജില്ലാ ആസൂത്രണ സംവിധാനം ചെയ്തുവരുന്നത്. ജില്ലാ ആസൂത്രണം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് ജില്ലാ ആസൂത്രണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതിനുവേണ്ടി സംസ്ഥാന വിഹിതമായ 2.00 ലക്ഷം രൂപയാണ് 1993-94-ൽ നീക്കിവച്ചിട്ടുള്ളത്.

3. പദ്ധതി പ്രചരണം

(വിഹിതം 1.00 ലക്ഷം രൂപ)

സംസ്ഥാനത്തും ജില്ലാ തലങ്ങളിലും പദ്ധതിയെ സംബന്ധിച്ചും പദ്ധതിയുമായി ബന്ധപ്പെട്ട പരിപാടികളെ സംബന്ധിച്ചുമുള്ള മീററിംഗുകൾ നടത്തുക, പ്രദർശനങ്ങളിൽ പങ്കെടുക്കുക ശബ്ദ-ദൃശ്യ അവതരണങ്ങൾ സംഘടിപ്പിക്കുക എന്നീവിധമുള്ള പദ്ധതി പ്രചരണത്തിനായിട്ടാണ് 1.00 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളത്.

4. ഇലക്ട്രോണിക് ഡേററാ പ്രോസസ്സിംഗ് യൂണിററ്

(വിഹിതം 10.00 ലക്ഷം രൂപ)

സ്ഥിതിവിവരക്കണക്കുകൾ കമ്പ്യൂട്ടറിൽ ശേഖരിക്കുന്നതിനും, ഹാർഡ്‌വെയർ സോഫ്‌ററ്‌വെയർ, അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങുന്നതിനും വേണ്ടിവരുന്ന ചെലവിലേക്കാണ് 10.00 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളത്.

5. സർവ്വേകളും പഠനങ്ങളും

(വിഹിതം 15.00 ലക്ഷം രൂപ)

സംസ്ഥാന സമ്പദ്ഘടനയിലെ ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് സർവ്വേകളും പഠനങ്ങളും നടത്തുന്നതോടൊപ്പം ഉറവിടം ദുർബലവും അപര്യാപ്തവുമായ സ്ഥിതിവിവരക്കണക്കുകൾ ശക്തമാക്കാൻ വേണ്ടിവരുന്ന സർവ്വേകളും പഠനങ്ങളും നടത്തുന്നതിനാണ് വിഹിതം ഉൾക്കൊള്ളിച്ചിട്ടുള്ളത്. പ്രസ്തുത സർവ്വേകളും പഠനങ്ങളും ബോർഡ് സ്വന്തമായോ, മററ് ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ചോ വിദഗ്ദ്ധൻമാരെ നിയമിച്ചോ ആയിരിക്കും നടത്തുക.

6. ആസൂത്രണ ബോർഡിനുള്ള കെട്ടിട നിർമ്മാണം

(വിഹിതം 44.00 ലക്ഷം രൂപ)

ആസൂത്രണ ബോർഡിന്റെ കെട്ടിട നിർമ്മാണത്തിലേക്കുള്ള വിഹിതമാണ് 44.00 ലക്ഷം രൂപ.

7. ജില്ലാ സമിതികൾ

(വിഹിതം 2.50 ലക്ഷം രൂപ)

ജില്ലാ സമിതി അംഗങ്ങളുടെ യാത്രാബത്ത ഇനത്തിൽ വരുന്ന ചെലവിലേക്കാണ് ഈ തുക നീക്കിവച്ചിട്ടുള്ളത്.

8. ജില്ലാ കൗൺസിൽ

(വിഹിതം 2.50 ലക്ഷം രൂപ)

1993-94 വർഷത്തിൽ ജില്ലാ കൗൺസിലുകൾക്ക് 2.50 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

9. മോണിററിംഗ് യൂണിററ്

(വിഹിതം 2.00 ലക്ഷം രൂപ)

മോണിററിംഗ് യൂണിററിലെ കംപ്യൂട്ടറുകളുടെ പരിപാലനത്തിനും, ശമ്പള ഇനത്തിൽ വേണ്ട ചെലവിലേക്കുമായിട്ടാണ് 2.00 ലക്ഷം രൂപ ഉൾപ്പെടുത്തിയിരിക്കുന്നത്.

10. ജില്ലാ പദ്ധതികളുടേയും, ജില്ലാതല റിപ്പോർട്ടുകളുടേയും പ്രസിദ്ധീകരണം.

(വിഹിതം 7.00 ലക്ഷം രൂപ)

ജില്ലാ പദ്ധതികളുടേയും, ജില്ലാതല റിപ്പോർട്ടുകളുടേയും പ്രസിദ്ധീകരണത്തിനായി 1993-94 വർഷത്തിലേക്ക് നീക്കിവച്ചിട്ടുള്ളതാണ് 7.00 ലക്ഷം രൂപ.

11. നാഷണൽ ഇൻഫോർമാററിക് സെൻറർ നെററ്‌വർക്ക് ഉപയോഗിച്ചുകൊണ്ട് സർക്കാർ ഓഫീസുകളുടെ നവീകരണം.

(വിഹിതം 12.00 ലക്ഷം രൂപ)

സംസ്ഥാനത്തിന്റെ ആസ്ഥാനത്തും ജില്ലാ ആസ്ഥാനങ്ങളിലുമുള്ള എൻ.ഐ.സി. ശൃംഖലയുടെ കംപ്യൂട്ടർ സൗകര്യം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പൂരകമായി സർക്കാർ ആഫീസിലുള്ള കംപ്യൂട്ടർ സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും അതിന്റെ പരിപാലനത്തിനും വേണ്ട ചെലവിലേക്കാണ് വിഹിതം നീക്കിവച്ചിട്ടുള്ളത്. പൊതു വിതരണ സമ്പ്രദായത്തിലൂടെ വിവിധ ജില്ലകളിൽ നിർവ്വഹിക്കപ്പെടുന്ന അത്യാവശ്യ സാധനങ്ങളുടെ ക്രയവിക്രയത്തിന്റേയും നീക്കിയിരിപ്പിനേയും കുറിച്ചുള്ള വിവരങ്ങൾ ബോർഡ് ഓഫ് റവന്യൂ ഡിപ്പാർട്ട്മെൻറിൽ സമയാസമയങ്ങളിൽ ലഭ്യമാകേണ്ടതുണ്ട്. അതുപോലെ സ്റേറഷനറി വകുപ്പിനും ഒരു ഇൻവെൻററി മാനേജ്മെൻറ് സിസ്ററം ആവശ്യമാണ്. ഇപ്രകാരം കമ്പ്യൂട്ടർ സൗകര്യങ്ങൾ കൂടുതൽ ആവശ്യമുള്ളതും അതുപോലെ വാർത്താ വിനിമയ സൗകര്യങ്ങൾ വിപുലമായി ലഭ്യമാകേണ്ടതായ വകുപ്പുകളിലും എൻ.ഐ.സി. ശൃംഖലാ സമ്പ്രദായം പ്രയോജനപ്പെടുത്തുന്നതിനും പ്രസ്തുത വിഹിതം പ്രയോജനപ്പെടുത്താം.

12. ഇൻസ്ററിററ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെൻറ്

(വിഹിതം 8.00 ലക്ഷം രൂപ)

സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുകയെന്നതാണ് ഇൻസ്ററിററ്യൂട്ടിന്റെ പ്രധാന ലക്ഷ്യം. വിഹിതമായി നീക്കിവച്ചിട്ടുള്ള തുക താഴെ പറയുന്ന പരിപാടികൾക്കായിട്ടായിരിക്കും ഇൻസ്ററിററ്യൂട്ട് പ്രയോജനപ്പെടുത്തുക.

(i) ലൈബ്രറിയുടെ നവീകരണം

(വിഹിതം 2.00 ലക്ഷം രൂപ)

(ii) ഓഫീസിന് ആവശ്യമായ സാധനങ്ങൾ, പഠനോപകരണങ്ങൾ, ഹോസ്റ്റൽ മോടിപിടിപ്പിക്കാൻ ആവശ്യമായ സാധനങ്ങൾ എന്നിവ വാങ്ങുന്നതിന്

(വിഹിതം 3.00 ലക്ഷം രൂപ).

(iii) ഫാക്കൽറ്റി വികസനം

(വിഹിതം 1.00 ലക്ഷം രൂപ)

(iv) കോഴിക്കോട് റീജണൽ സെൻററിനുള്ള ജലവിതരണം

(വിഹിതം 2.00 ലക്ഷം രൂപ)

13. സെൻറർ ഫോർ ഡെവലപ്പ്മെൻറ് സ്ററഡീസ്

(വിഹിതം 25.00 ലക്ഷം രൂപ)

വികസനത്തിൽ വിവിധ സാമൂഹിക സാമ്പത്തിക കാര്യങ്ങളിൽ ഗവേഷണപഠനങ്ങൾ നടത്തുന്നതു കൂടാതെ എം.ഫിൽ, പി.എച്ച്.ഡി. കോഴ്സുകളും ഈ സെൻറർ സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിലെ സാമ്പത്തിക സാമൂഹിക വികസനത്തെ സംബന്ധിച്ച് പ്രത്യേകമായ പ്രോജക്ടുകളും പഠനങ്ങളും തയ്യാറാക്കുന്നതിലേക്കായിട്ടാണ് വിഹിതത്തിൻെറ ഏറിയ പങ്കും വിനിയോഗിക്കുക.

## 10.2. സാമ്പത്തികോപദേശവും സ്ഥിതിവിവരക്കണക്കുകളും

### i. സ്ഥിതി വിവരക്കണക്ക് ശേഖരണം മെച്ചപ്പെടുത്തൽ

(വിഹിതം 6.00 ലക്ഷം രൂപ)

(എ) ഇപ്പോഴുള്ള വർദ്ധിച്ച ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും, 1991 കാർഷിക കനേഷുമാരിയുടെ പട്ടികകൾ തിട്ടപ്പെടുത്തുന്നതിനും, ഡയറക്ടറേററിലെ കംപ്യൂട്ടർ സൗകര്യങ്ങൾ വിപുലമാക്കുന്നതിലേക്കുമായിട്ടാണ് വിഹിതം നീക്കിവച്ചിട്ടുള്ളത്.

### ബി. വാഹനങ്ങൾ വാങ്ങൽ

(വിഹിതം 2.50 ലക്ഷം രൂപ)

ഡയറക്ടറേററിലെ പഴയ വാഹനങ്ങൾ മാററി വാങ്ങുന്നതിനായിട്ടാണ് വിഹിതം ഉൾക്കൊള്ളിച്ചിട്ടുള്ളത്.

### സി. സ്ഥിതി വിവരക്കണക്ക് വിദഗ്ദർക്ക് പരിശീലനം

(വിഹിതം 2.50 ലക്ഷം രൂപ)

ഡിപ്പാർട്ടുമെൻറിലെ വിദഗ്ദർക്ക് കാലാകാലങ്ങളിൽ പരിശീലനം നൽകുന്നതിനായിട്ടാണ് 2.50 ലക്ഷം രൂപ നീക്കിവച്ചിട്ടുള്ളത്.

### II സർവ്വേകളും പഠനങ്ങളും

(വിഹിതം 18.00 ലക്ഷം രൂപ)

വൻതോതിൽ ശേഖരിച്ച സ്ഥിതിവിവരക്കണക്കുകൾ ഡയറക്ടറേററിനുവേണ്ടി മററു വകുപ്പുകളെക്കൊണ്ട് ഡേററാ സംസ്ക്കരണം നടത്തുന്നതിലേക്കും കുടുംബ ബഡ്ജററ് സർവ്വേ, കേരളത്തിലെ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ച സാമ്പത്തിക സാമൂഹിക സർവ്വേ, പട്ടികജാതി/പട്ടികവർഗ്ഗ സംരംഭകർ നടത്തിവരുന്ന ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ച സർവ്വേ മററ് പ്രത്യേക വിഷയങ്ങളെ സംബന്ധിച്ചുള്ള സർവ്വേ എന്നിവയുടെ ചെലവിലേക്കായിട്ടാണ് വിഹിതം നീക്കിവച്ചിട്ടുള്ളത്.

### III കാർഷിക സ്ഥിതി വിവരക്കണക്കുകൾ അതാത് കാലത്തു ശേഖരിക്കുന്നതിനുള്ള സർവ്വേ

(വിഹിതം 160.00 ലക്ഷം രൂപ)

അമ്പതു ശതമാനം കേന്ദ്ര സഹായം ലഭിക്കുന്ന ഈ കേന്ദ്രാവിഷ്കൃത പദ്ധതി തുടർന്ന് നടത്തുന്നതിനു വേണ്ടിയാണ് സംസ്ഥാന വിഹിതമായി 160.00 ലക്ഷം രൂപ നീക്കിവച്ചിട്ടുള്ളത്. കൃഷിഭൂമിയുടെവിസ്തീർണ്ണം വിനിയോഗരീതി, വിവിധ വിളകളുടെ ഉൽപ്പാദനം എന്നിവ തിട്ടപ്പെടുത്തുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിട്ടിരിക്കുന്നത്.

## 10. 3 മററ് സാമ്പത്തിക സർവ്വീസുകൾ

### അളവുകളും തൂക്കങ്ങളും

### അളവുകളും തൂക്കങ്ങളും ക്രമീകരിക്കൽ

### സെക്കൻററി പരീക്ഷണശാലയുടെ നിർമ്മാണം

(വിഹിതം 25.00 ലക്ഷം രൂപ)

വകുപ്പുദ്യോഗസ്ഥൻമാർ സ്വീകരിക്കുന്ന സേവന നിലവാരം വർഷന്തോറും യഥാകാലങ്ങളിൽ പരിശോധിക്കുന്നതിനും വകുപ്പിന്റെ നിലവാരം മാതൃകാപരമായി നിലനിർത്തുന്നതിനും വേണ്ടിയാണ് അളവുകളും തൂക്കങ്ങളും വകുപ്പ് ഒരു സെക്കൻററി സ്ററാൻഡേർഡ് പരീക്ഷണശാല പരിപാലിച്ചുപോരുന്നത്. 1993-94 വർഷത്തിൽത്തന്നെ ഈ പരിക്ഷണശാലയുടെ നിർമ്മാണ പണികളുടെ സിംഹഭാഗവും പൂർത്തിയാക്കുന്നതിന് ആയിരിക്കും പദ്ധതി വിഹിതം വിനിയോഗിക്കുക.

# XI. പൊതു സർവ്വീസുകൾ

## 11.1 സ്റേഷനറിയും പ്രിൻറിംഗും

### എ. സ്റേഷനറി

(വിഹിതം 25.00 ലക്ഷം രൂപ)

തിരുവനന്തപുരത്തെ സ്റേഷനറി ഓഫീസിന് വേണ്ടിയുള്ള കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനും, ചീഫ് സ്റോറിനോട് ചേർന്ന് ഒരു പേപ്പർ പരിശോധനാ ലബോറട്ടറി സ്ഥാപിക്കുന്നതിനുമാണ് പദ്ധതി വിഹിതം നീക്കി വച്ചിരിക്കുന്നത്.

### ബി. പ്രിൻറിംഗ്

(വിഹിതം 77.00 ലക്ഷം രൂപ)

1993-94 വർഷം താഴെ പറയുന്ന രണ്ടു പണികൾ പൂർത്തിയാക്കുന്നതാണ്.

(i) തിരുവനന്തപുരത്തെ ഗവൺമെൻറ് പ്രസ് കെട്ടിട നിർമ്മാണത്തിന് മാററം വരുത്തൽ

(വിഹിതം 5.00 ലക്ഷം രൂപ)

(ii) കോഴിക്കോട് ഗവൺമെൻറ് പ്രസ് കെട്ടിടത്തിന്റെ സിവിൽ നിർമ്മാണ പണികൾ

(വിഹിതം 45.00 ലക്ഷം രൂപ)

#### എറണാകുളം ഗവൺമെൻറ് പ്രസിന് കെട്ടിട നിർമ്മാണം

(വിഹിതം 15.00 ലക്ഷം രൂപ)

200 ലക്ഷം രൂപയായി പുതുക്കിയ എസ്ററിമേററ് ചെലവു വരുന്ന എറണാകുളം ഗവൺമെൻറ് പ്രസ്സിന്റെ നിർമ്മാണത്തിന് 1993-94 വർഷത്തേക്ക് 15.00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

#### ഗവൺമെൻറ് പ്രസ്സുകൾ നവീകരിക്കൽ

(വിഹിതം 12.00 ലക്ഷം രൂപ)

(i) മണ്ണന്തല ഗവൺമെൻറ് പ്രസിന് യന്ത്രങ്ങൾ വാങ്ങൽ

ഈ പരിപാടിയനുസരിച്ച് മണ്ണന്തല പ്രസിൽ ഡി. ററി. പി. സമ്പ്രദായം സ്ഥാപിക്കുന്നതിനും അനുബന്ധ സാമഗ്രികൾ സ്ഥാപിക്കുന്നതിനും വേണ്ടിയാണ് 10.00 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളത്.

(ii) പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ

വാഴൂർ ഗവൺമെൻറ് പ്രസ് ഉൾപ്പെടെ എല്ലാ സംസ്ഥാന ഗവൺമെൻറ് പ്രസുകളും നവീകരിക്കുന്നതിലേക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി 2.00 ലക്ഷം രൂപ വിനിയോഗിക്കുന്നതായിരിക്കും.

## 11.2 പൊതുമരാമത്ത്

### എ. ജനറൽ പൂളിൽ പബ്ലിക് ഓഫീസ് കെട്ടിട നിർമ്മാണം

(വിഹിതം 700.00 ലക്ഷം രൂപ)

എട്ടാം പദ്ധതിയുടെ ആദ്യ രണ്ടു വർഷങ്ങളിൽ തന്നെ എല്ലാ കുടിശികപ്പണികളും തീർക്കണമെന്ന നയപരിപാടിയുടെ അടിസ്ഥാനത്തിൽ 1992-93 വർഷം 157 പണികളുടെ പണി പൂർത്തിയാക്കാനാവുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. 1993-94 വർഷം 80 പണികളും പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. പുതിയ ഹൈക്കോടതി കെട്ടിടം നിർമ്മിക്കുന്നതിനുള്ള 25 ലക്ഷം രൂപ വിഹിതവും ഇതിലുൾപ്പെടും.

### ബി. ലെജിസ്ലേച്ചർ കോംപ്ലക്സ് നിർമ്മാണം

(വിഹിതം 800.00 ലക്ഷം രൂപ)

1980-ൽ 656 ലക്ഷം രൂപ എസ്റ്റിമേറ്റ് ചെലവ് ഉണ്ടായിരുന്ന ലെജിസ്ലേച്ചർ കോംപ്ലക്സ് നിർമ്മാണത്തിന്റെ ഏറ്റവും പുതുക്കിയ എസ്റ്റിമേറ്റ് 5099 ലക്ഷം രൂപയാണ്. 1992-93 വരെ 22 കോടി രൂപ മതിപ്പ് ചെലവായിട്ടുണ്ട്. 1995-96-ൽ എല്ലാ പണികളും പൂർത്തിയാക്കാൻ സാധിക്കുമെന്ന് കരുതുന്നു. 1993-94 വർഷത്തേക്കുള്ള പദ്ധതിവിഹിതം 800.00 ലക്ഷം രൂപയായിരിക്കും.

## 11.3 സിവിൽ സപ്ലൈസ്

### 1. ഉപഭോക്തൃ സംരക്ഷണ കൗൺസിലുകളുടെ രൂപീകരണം

(വിഹിതം 10.00 ലക്ഷം രൂപ)

ഉപഭോക്താക്കളുടെ താൽപ്പര്യ സംരക്ഷണം ഉറപ്പാക്കുന്നതിനും അന്യായമായ കച്ചവട ശീലങ്ങൾക്കും പോരായ്മയുള്ള സാധനങ്ങളുടെ ക്രയവിക്രയങ്ങൾക്കും എതിരെ ഉപഭോക്താക്കൾ കൊടുക്കുന്ന പരാതികൾ വേഗത്തിൽ തീർപ്പു കൽപ്പിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും പ്രചരണത്തിനുമാണ് വിഹിതം നീക്കിവച്ചിരിക്കുന്നത്.

# അനുബന്ധം ബി

## (എ) നൂറു ശതമാനം സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

കൃഷി

1. നെല്ലിന്റെ മിനികിററ്

(വിഹിതം 2.00 ലക്ഷം രൂപ)

കർഷകർക്ക് അവരുടെ കാർഷിക പരിതസ്ഥിതിക്കനുയോജ്യമായ നെല്ലിനങ്ങൾ തെരഞ്ഞെടുക്കുന്നതിനുവേണ്ടി പുതുതായി പുറത്തിറങ്ങിയ പലതരം നെല്ലിനങ്ങൾ കൃഷിയിടങ്ങളിൽ പരീക്ഷണ വിധേയമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. വിത്തിനങ്ങൾ വാങ്ങുന്നതിനും അതിനോടനുബന്ധിച്ച മററു ചെലവുകൾക്കുമാണ് പദ്ധതി വിഹിതം.

2. ചെറു ധാന്യങ്ങളുടെ മിനികിററ് പ്രദർശന പരിപാടി

(വിഹിതം 0.10 ലക്ഷം രൂപ)

പുതിയ ഇനം ചെറു ധാന്യങ്ങളെക്കുറിച്ച് കർഷകരെ പരിചിതരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. വിത്ത് മിനികിററുകൾ കർഷകരുടെ ഇടയിൽ വിതരണം ചെയ്യുന്നതിനുള്ള ചെലവിലേക്കാണ് വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നത്.

3. നാഷണൽ വാട്ടർ ഷെഡ് വികസന പരിപാടി

(വിഹിതം 350.00 ലക്ഷം രൂപ)

സമഗ്ര വാട്ടർ ഷെഡ് മാനേജ്മെൻറ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുവേണ്ടി 1991-92 മുതൽ ഏറെറടുത്തു നടത്തിവരുന്ന നാഷണൽ വാട്ടർ ഷെഡ് വികസന പദ്ധതി തുടരുന്നതായിരിക്കും. വാട്ടർ ഷെഡ് വികസന പ്രവർത്തന ചെലവുകൾക്ക് സബ്സിഡി നൽകാനാണ് അടങ്കൽ തുക.

4. ജൈവവള വികസന പദ്ധതി

(വിഹിതം 1.00 ലക്ഷം രൂപ)

ജൈവവള ജനനികളായ റൈസോബിയം, അസകടോബാക്ടർ തുടങ്ങിയവയുടെ നിർമ്മാണത്തിനായി പട്ടാമ്പിയിലുള്ള മൈക്രോബയോളജിക്കൽ ലബോറട്ടറിയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനാണ് പദ്ധതി വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നത്.

5. ചെറുകിട കർഷകർക്കും നാമമാത്ര കർഷകർക്കും രാസവള സബ്സിഡി

(വിഹിതം 10.00 ലക്ഷം രൂപ)

അടുത്ത കാലത്തുണ്ടായ രാസവള വിലവർദ്ധനയിൽ നിന്നും ചെറുകിട കർഷകരേയും നാമമാത്ര കർഷകരേയും സംരക്ഷിക്കുന്നതിനുവേണ്ടി ഇന്ത്യാ ഗവൺമെൻറ് നടപ്പിലാക്കിയ ഒരു പുതിയ പദ്ധതിയാണിത്. ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള ചെലവിലേക്കാണ് പദ്ധതി വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നത്.

6. കശുമാവിൻ തോട്ടങ്ങളിൽ സസ്യ സംരക്ഷണ രീതി നടപ്പാക്കുന്ന പദ്ധതി

(വിഹിതം 30.00 ലക്ഷം രൂപ)

കശുമാവിൻ തോട്ടങ്ങളിൽ തീരാബാധയായി തീർന്നിട്ടുള്ള തേയില കൊതുകിനെ നശിപ്പിക്കുന്നതിനുപയോഗിക്കുന്ന കീടനാശിനിയുടെ വിലയിൽ ഹെക്ടറൊന്നിന് 300 രൂപ നിരക്കിൽ സബ്സിഡി അനുവദിച്ചുകൊണ്ട് വ്യാപകമായ മരുന്നുതളി സംഘടിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്. ഇതിന്റെ പ്രവർത്തനച്ചെലവ് പങ്കാളികളായ കർഷകർതന്നെ വഹിക്കേണ്ടതാണ്. കോർപ്പറേഷന്റെ കീഴിലുള്ള കശുമാവിൻ തോട്ടങ്ങൾക്കും ധനസഹായത്തിനർഹതയുണ്ട്. സഹായധനം നൽകുന്നതിനാണ് പദ്ധതി വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നത്.

7. സുഗന്ധ വസ്തുക്കളുടെ സമഗ്ര വികസന പരിപാടി

(വിഹിതം 1000.00 ലക്ഷം രൂപ)

നിലവിലുള്ള കുരുമുളകു തോട്ടങ്ങൾ പുനരുദ്ധരിക്കുന്നതിനും വേരു പിടിപ്പിച്ച കുരുമുളകു തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സഹായ നിരക്കിൽ സ്പ്രേയറുകൾ വിതരണം ചെയ്യുന്നതിനും മററുമായി കേന്ദ്ര സർക്കാർ ധന സഹായം നൽകുന്നുണ്ട്. ഈ ആവശ്യങ്ങൾക്കാണ് അടങ്കൽ തുക വകകൊള്ളിച്ചിരിക്കുന്നത്.

8. കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിലുള്ള കശുമാവിൻ തോട്ടങ്ങളുടെ 'ക്ലോണൽ' നടീൽ വസ്തുക്കളിലൂടെ കൃഷിയിട വിപുലീകരണം

(വിഹിതം 6.50 ലക്ഷം രൂപ)

ഈ പരിപാടിയുടെ കീഴിൽ കർഷകർക്ക് 2000 ഹെക്ടറിൽ കൂടുതലായി കൃഷി ചെയ്യുന്നതിനു ഗുണമേൻമയുള്ള നടീൽ വസ്തുക്കളും, രാസവളങ്ങളും, സസ്യസംരക്ഷണ വസ്തുക്കളും സബ്സിഡി നിരക്കിൽ നൽകിവരുന്നു. പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഹെക്ടർ ഒന്നിന് 300 രൂപ നിരക്കിലും, പട്ടികജാതി കർഷകർക്ക് 1200രൂപ നിരക്കിലും ധനസഹായം നൽകുന്നതാണ്.

9. കേന്ദ്രാവിഷ്കൃത കൊക്കോ വികസന പദ്ധതി

(വിഹിതം 25.00 ലക്ഷം രൂപ)

ഈ പരിപാടിയിൽ കൊക്കോ തോട്ടങ്ങളിൽ ജലസേചന സൗകര്യങ്ങൾ നൽകുന്നതിനും പ്രദർശന തോട്ടങ്ങൾ സജ്ജീകരിക്കുന്നതിനും കേന്ദ്രം ധനസഹായം നൽകുന്നുണ്ട്. ജലസേചന യൂണിററുകളായ പൊതു കിണർ, കുളം തുടങ്ങിയവയ്ക്ക് യൂണിററൊന്നിന് പരമാവധി 3,000 രൂപ വീതവും ഒരു പമ്പു സെററിന് 25 ശതമാനവും സബ്സിഡി ലഭിക്കുവാൻ അർഹതയുണ്ട്. ഒരു തോട്ടത്തിന് 250 രൂപ സബ്സിഡി എന്ന നിരക്കിൽ തെരഞ്ഞെടുക്കപ്പെട്ട പ്രദർശന തോട്ടങ്ങൾക്ക് (50 കൊക്കോ മരങ്ങൾ) ധനസഹായം ലഭ്യമാക്കും.

10. കേന്ദ്രാവിഷ്കൃത അടയ്ക്ക വികസന പദ്ധതി

(വിഹിതം 15.00 ലക്ഷം രൂപ)

ഈ പരിപാടിയിൽ അടയ്ക്കാ കർഷകർക്ക് ജലസേചന സൗകര്യത്തിനും മഹാളി രോഗ നിയന്ത്രണത്തിനും ഇലമഞ്ഞളിപ്പ് രോഗ നിവാരണത്തിനും ധനസഹായം നൽകുന്നുണ്ട്. ജലസേചനത്തിന് 25% സബ്സിഡിയും സസ്യസംരക്ഷണത്തിന് 50% സബ്സിഡിയും നൽകുന്നതിനും ഇലമഞ്ഞളിപ്പ് രോഗം ബാധിച്ച കമുകുകളെ വെട്ടിമാററുന്നതിനുമുള്ള ചെലവു വഹിക്കുന്നതിനും വേണ്ടിയാണ് പദ്ധതി വിഹിതം.

11. ഉഷ്ണമേഖലയിലെ പഴവർഗ്ഗ വികസനം

(വിഹിതം 3.50 ലക്ഷം രൂപ)

ഈ പദ്ധതിയിൻകീഴിൽ മെച്ചപ്പെട്ട ഇനം മാവുകൾ നട്ടുപിടിപ്പിക്കുന്നതിനാവശ്യമായ ഗുണമേൻമയുള്ള നടീൽ വസ്തുക്കളും, വിത്തുകൾ, രാസവളം, വളർച്ചയ്ക്കുള്ള ഹോർമോണുകൾ, മൈക്രോന്യൂട്രിയൻസ് തുടങ്ങിയവയുടെ വികസനത്തിനാവശ്യമായ വസ്തുക്കൾ പ്രദർശനം ചെയ്യുന്നതിനുള്ള സഹായം ചെയ്തു വരുന്നു.

12. പഴവർഗ്ഗങ്ങളുടെയും പച്ചക്കറികളുടെയും ഉൽപ്പാദനം

(വിഹിതം 5.00 ലക്ഷം രൂപ)

ഈ പരിപാടിയിൻകീഴിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി പച്ചക്കറി വിത്തുകൾ, സസ്യസംരക്ഷണ രാസവസ്തുക്കൾ തുടങ്ങിയവ നിറച്ച മിനി കിററുകൾ കൃഷിക്കാർക്ക് വിതരണം ചെയ്തുവരുന്നു.

13 ദേശീയ ബയോഗ്യാസ് വികസന പ്രോജക്ട്

(വിഹിതം 120.00 ലക്ഷം രൂപ)

ദേശീയ ബയോഗ്യാസ് പരിപാടി തുടർന്നു നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. ബയോഗ്യാസ് പ്ലാൻറുകൾക്ക് സബ്സിഡി നൽകുന്നതിനും, കൊത്തൻമാർ, മററു പ്രവർത്തകർ, ഗുണഭോക്താക്കൾ എന്നിവർക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും, ജീവനക്കാരുടെ ശമ്പളച്ചെലവ്, ഇന്ധനച്ചെലവ്, മോട്ടോർ വാഹനങ്ങളുടെ അററകുററ പണികൾക്കുള്ള ചെലവ് എന്നിവ വഹിക്കുന്നതിനുമാണ് പദ്ധതി വിഹിതം.

14. ഡ്രിപ്പ് ഇറിഗേഷനുവേണ്ടി ഹോർട്ടികൾച്ചർ ബോർഡ് പദ്ധതി

(വിഹിതം 85.00 ലക്ഷം രൂപ)

1991-92 ൽ ഗവൺമെൻറ് ആരംഭിച്ച സസ്യഫല വിളവുകൾക്കായുള്ള ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി തുടർന്ന് നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഡ്രിപ്പ് ഇറിഗേഷൻ യൂണിററ് സ്ഥാപിച്ച് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകും.

15. ഏകോപിത നെൽ വികസന പരിപാടി

(കേന്ദ്ര വിഹിതം 75 ശതമാനം)

(വിഹിതം 300.00 ലക്ഷം രൂപ)

ഈ പദ്ധതി അനുസരിച്ച് കേന്ദ്ര സർക്കാർ താഴെ പറയുന്ന പരിപാടികൾക്ക് ധനസഹായം നൽകി വരുന്നു.

(i) മെച്ചപ്പെട്ട വിത്തുവിതരണം

(ii) മണ്ണുപരിപോഷിണികൾ, കീടനാശിനികൾ, കളനാശിനികൾ, ഉപകരണങ്ങൾ എന്നിവയുടെ വിതരണം

(iii) ട്രാക്ടറുകൾ, ടില്ലറുകൾ എന്നിവയുടെ വിതരണം

(iv) പ്രദർശനകൃഷി സംഘടിപ്പിക്കൽ.

കേന്ദ്രവിഹിതമായ 75 ശതമാനം ചെലവിലേക്കാണ് തുക വക കൊള്ളിച്ചിരിക്കുന്നത്.

16. കാർഷികമേഖലയിൽ യന്ത്രവൽക്കരണം

(വിഹിതം 5.00 ലക്ഷം രൂപ)

നൂറു ശതമാനം കേന്ദ്ര സഹായമുള്ള ഈ പദ്ധതിപ്രകാരം സ്ഥിരമായ ജലസേചന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള 6 മുതൽ 8 വരെ ഏക്കർ കൃഷിഭൂമി കൈവശമുള്ള കർഷകനോ കർഷകർക്കോ 18 എച്ച്. പി. യിൽ താഴെ ശേഷിയുള്ള ട്രാക്ടർ വാങ്ങുന്നതിന് മുടക്കുന്ന തുകയുടെ/എടുക്കുന്ന വായ്പയുടെ 30% പരമാവധി 30,000 രൂപ നിരക്കിൽ, സബ്സിഡി നല്കുന്നതിനാണ് തുക വിനിയോഗിക്കുന്നത്.

## മണ്ണ്-ജല സംരക്ഷണം

1. കുന്ദാ (കേരള ഭാഗം) നദീതട പദ്ധതിയുടെ കാച്ച്മെൻറിൽ മണ്ണു സംരക്ഷണ നടപടികൾ

(വിഹിതം 210.00 ലക്ഷം രൂപ)

കുന്ദാ നദീതട പദ്ധതിയുടെ കേരള ഭാഗത്ത് അനുയോജ്യമായ മണ്ണ് സംരക്ഷണ പരിപാടികൾക്ക് രൂപം നൽകി നടപ്പിലാക്കുകയാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പരിപാടികളുടെ നടത്തിപ്പിനുള്ള ചെലവിനും ഉദ്യോഗസ്ഥൻമാരുടെ ശമ്പളത്തിനുമായി തുക വിനിയോഗിക്കും. ഏകദേശം 1500 ഹെക്ടർ സ്ഥലത്ത് 1992-93-ൽ സംരക്ഷണ നടപടികൾ നടപ്പാക്കും.

2. കബനീ (കേരള ഭാഗം) നദീതട പദ്ധതിയുടെ കാച്ച്മെൻറിൽ മണ്ണുസംരക്ഷണ നടപടികൾ

(വിഹിതം 100.00 രൂപ)

കബനീ നദീതട പദ്ധതിയുടെ കാച്ച്മെൻറിലെ മണ്ണു-ജല സംരക്ഷണ പരിപാടികളുടെ കരട് പദ്ധതി കേന്ദ്ര ഗവൺമെൻറിലെ സജീവ പരിഗണനയിലാണ്. രണ്ടാനുമതി പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് ബഡ്ജററിൽ സൂചിക വിഹിതം മാത്രമേ കൊള്ളിച്ചിട്ടുള്ളു.

3. സംസ്ഥാന ഭൂവിനിയോഗ ബോർഡ് ശക്തിപ്പെടുത്തൽ

(വിഹിതം 25.00 ലക്ഷം രൂപ)

ബാഹ്യമായ ഘടനാസൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാന ഭൂവിനിയോഗ ബോർഡ് ശക്തിപ്പെടുത്തുന്നതിന് നൂറു ശതമാനം കേന്ദ്ര സഹായത്തോടെ തുടർന്നുവരുന്ന ഒരു പദ്ധതിയാണിത്. സംസ്ഥാന ഭൂവിനിയോഗ ബോർഡിന് സ്ഥിതിവിവരക്കണക്കുകൾക്കായുള്ള ഒരു പൂർണ്ണ കേന്ദ്രവും ലൈബ്രറിയും സ്ഥാപിക്കുന്നതിനും വാഹനങ്ങൾ വാങ്ങുന്നതിനും കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും ഭൂവിഭവങ്ങളെ സംബന്ധിച്ച് പ്രശ്ന വിഷയങ്ങളിൽ പഠനം നടത്തുന്നതിനും തുക വിനിയോഗിക്കുന്നതാണ്.

## മൃഗസംരക്ഷണം

1. റിൻഡർ പെസ്ററ് നിവാരണത്തിനുള്ള ദേശീയ പദ്ധതി

(വിഹിതം 50 00 ലക്ഷം രൂപ)

റിൻഡർപെസ്ററ് നിവാരണത്തിനുള്ള ആഗോള പരിപാടിയുടെ ഭാഗമായി ഭാരതത്തിലും ഈ രോഗം ഉന്മൂലനം ചെയ്യാൻ ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു.

വ്യാപകമായി കുത്തിവയ്പു നടത്താനാവശ്യമായ സാമഗ്രികളും വാഹനമടക്കമുള്ള മററുപകരണങ്ങളും വാങ്ങുന്നതിനും രോഗനിർണ്ണയത്തിനുള്ള പരിശോധനാലയങ്ങൾ സ്ഥാപിക്കുന്നതിനും വേണ്ടി വരുന്ന ചെലവുകൾക്കുള്ളതാണീ വിഹിതം. വിഹിതത്തിൻെറ ഒരു ഭാഗം ഉദ്യോഗസ്ഥൻമാരുടെ ശമ്പളചെലവിനും കെട്ടിട നിർമ്മാണത്തിനുമായി ഉപയോഗിക്കുന്നതാണ്.

2. **വർഗ്ഗോത്തരിയുള്ള വിത്തു കാളകളെ കണ്ടെത്തുന്നതിനുമുള്ള പരിപാടി**

(വിഹിതം 33.00 ലക്ഷം രൂപ)

സങ്കരഇനം കന്നുകാലികളുടെ ഉല്പാദനപരവും പ്രത്യുല്പാദനപരവുമായ മികവിനെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് സൂക്ഷ്മമായി പഠിക്കുക വഴി വിത്തുകാളകളുടെ ഉല്പാദനശേഷി വിലയിരുത്തുക എന്നതാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഇതുമായി ബന്ധപ്പെട്ട ചെലവുകൾക്കുള്ളതാണ് ഈ വിഹിതം.

**കന്നുകാലി-എരുമ വികസന രംഗത്തെ ഫ്രോസൺ സെമൻ ടെക്നോളജി ഓപ്പറേഷൻഫ്ളഡ് ഏരിയായ്ക്ക് പുറത്തേക്കും വ്യാപിപ്പിക്കൽ**

(വിഹിതം 67.00 ലക്ഷം രൂപ)

കൃത്രിമ ബീജസങ്കലന പരിപാടി ഊർജ്ജിതപ്പെടുത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും ഇൻഡ്യാ ഗവൺമെൻറ് സഹായം നൽകിവരുന്നുണ്ട്. ബീജസങ്കലന സൗകര്യങ്ങൾ വിപുലമാക്കുന്നതിന് കെ. എൽ. ഡി. ബോർഡ് കൈകാര്യം ചെയ്യുന്ന ധോണി സ്റ്റേഷനിൽ ബോർഡിന്റെ ബീജോല്പാദന കേന്ദ്രങ്ങളുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സംസ്ഥാന പദ്ധതിക്ക് ആക്കം കൂട്ടാൻ വേണ്ടി കേന്ദ്രസഹായം പ്രയോജനപ്പെടുത്തുവാനുദ്ദേശിച്ചുകൊണ്ടാണ് ഈ തുക വകയിരുത്തിയിരിക്കുന്നത്.

## വനങ്ങളും വന്യജീവികളും

1. **നീലഗിരി ബയോസ്ഫിയർ റിസർവ്**

(വിഹിതം 48.00 ലക്ഷം രൂപ)

വനസംരക്ഷണം, പരിസ്ഥിതി വികസനം, കാട്ടുതീ തടയൽ, വനവിഭവ കൊള്ള തടയൽ, നശിച്ച വനങ്ങൾ മെച്ചപ്പെടുത്തിയെടുക്കുക എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് കേന്ദ്രവിഹിതം കൊള്ളിച്ചിരിക്കുന്നത്. വനത്തിൽ താമസിക്കുന്ന ഗിരിവർഗ്ഗക്കാർക്ക് ക്ഷേമപ്രവർത്തനങ്ങളും ഈ പദ്ധതിയിൻ കീഴിൽ നടത്തുന്നതാണ്.

2. **പെരിയാർ കടുവാ സങ്കേതത്തിൽ പരിസ്ഥിതി വികസനം**

(വിഹിതം 48.00 ലക്ഷം രൂപ)

1978-ലാണ് പെരിയാർ വനപ്രദേശത്തെ ഒരു കടുവാ സങ്കേതമായി പ്രഖ്യാപിച്ചത്. വന്യമൃഗ ആവാസ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുക, പരിസ്ഥിതി വികസനം, നശിച്ച വനങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയവ ഫലപ്രദമായി നടത്തി കടുവാ സങ്കേതം നിലനിർത്തുന്നതിനാണ് കേന്ദ്രാവിഷ്കൃതമായ ഈ പദ്ധതിക്ക് തുക നീക്കി വച്ചിരിക്കുന്നത്.

3. **ഗജ സംരക്ഷണ പദ്ധതി**

(വിഹിതം 277.00 ലക്ഷം രൂപ)

കേരളത്തിലെ വിവിധ വനങ്ങളിലായി ആകെ നാലു (നമ്പർ 7, 8, 9, 10) ആന സങ്കേതങ്ങളാണുള്ളത്. 1990 ലെ കണക്കനുസരിച്ച് 3643 ആനകളാണ് ഇവിടെയുള്ളത്. ആനകളെ സംരക്ഷിക്കുക, ആനകളിൽ നിന്ന് മനുഷ്യരെയും കൃഷിയെയും സംരക്ഷിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. ഗജസംരക്ഷണ പദ്ധതിയിൻ കീഴിൽ വിവിധ പരിപാടികൾ നടപ്പാക്കുന്നു. ഒരു കി. മീ. വീതിയുള്ള കോറിഡോറുകൾ സ്ഥാപിക്കുക, ജനങ്ങളെ മാറ്റി പാർപ്പിക്കുക, പരിസ്ഥിതി വികസനം മുതലായവ തുടങ്ങിയവയാണ് നടപ്പാക്കുന്ന പരിപാടികൾ.

4. **വിത്തു വികസനം**

(വിഹിതം 16.00 ലക്ഷം രൂപ)

വിവിധയിനം തോട്ടങ്ങൾ വികസിപ്പിക്കുവാൻ ആവശ്യമായ നടീൽ വസ്തുക്കൾ ഉണ്ടാക്കുന്നതിന് നല്ലയിനം വിത്തുകൾ നിർമ്മിക്കുന്നതിനാണ് കേന്ദ്ര സഹായത്തോടെ ഈ പദ്ധതി നടപ്പാക്കുന്നത്.

## ഗ്രാമ വികസനം

(i) **ജവഹർ റോസ്ഗാർ യോജന (കേന്ദ്രസഹായം 80%).**

(വിഹിതം 7000.00 ലക്ഷം രൂപ)

ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയനുസരിച്ച് റോഡുകൾ, വീടുകൾ, കെട്ടിടങ്ങൾ, പ്രത്യുല്പാദനപരമായ നിർമ്മാണ പ്രവർത്തനങ്ങൾ, സാമൂഹ്യവനവൽക്കരണം പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പദ്ധതികൾ തുടങ്ങിയവ ഏറ്റെടുത്തു നടത്താൻ പഞ്ചായത്തുകളെ അധികാരപ്പെടുത്തുന്നതാണ്. ആകെച്ചെലവിന്റെ 80% കേന്ദ്രസർക്കാർ വഹിക്കുന്നതാണ്. ആകെ വിഹിതത്തിൽ 6% ഹരിജന/ഗിരിജന കുടുംബങ്ങൾക്ക് ഗൃഹനിർമ്മാണ പ്രവർത്തനങ്ങൾക്കായി (ഇന്ദിരാ ആവാസ് യോജന) മാറ്റിവച്ചിരിക്കുന്നു. 1993-94-ൽ 194 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഭരണച്ചെലവ്, ഇന്ദിരാ ആവാസ് യോജന എന്നിവയ്ക്കൊഴികെ, ഈ പരിപാടിക്ക് വകകൊള്ളിച്ചിട്ടുള്ള ബാക്കിതുക, ജില്ലാ വികസന ഏജൻസികൾ, പഞ്ചായത്തുകൾ എന്നിവ വഴി 20:80 എന്ന അനുപാത ക്രമത്തിൽ ഗ്രാമപ്രദേശങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനായി വിനിയോഗിക്കുന്നതാണ്. ഈ പരിപാടിയുടെ 80% കേന്ദ്രസഹായമാണ് പദ്ധതി വിഹിതം

(ii) **ഗ്രാമ വികസനത്തിനായുള്ള സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന്**

(വിഹിതം 8.00 ലക്ഷം രൂപ)

ഗ്രാമ തലത്തിൽ പ്രവർത്തിക്കുന്ന വിവിധ ഉദ്യോഗസ്ഥർമാർക്ക് പരിശീലനം നൽകുന്നതിനായി ഗ്രാമ വികസനത്തിനായുള്ള ഒരു സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട് കൊട്ടാരക്കരയിൽ സ്ഥാപിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനും, പഠനോപകരണങ്ങൾ വാങ്ങുന്നതിനുമായി നീക്കിവച്ചിട്ടുള്ളതാണ് പ്രസ്തുത വിഹിതം.

(iii) **സാക്ഷരതാനന്തര പരിപാടികൾ**

(വിഹിതം 30.00 ലക്ഷം രൂപ)

പ്രവൃത്ത്യുൻമുഖ സാക്ഷരതാ പരിപാടിയിൽ സാക്ഷരരായവർക്ക് വിദ്യാഭ്യാസം തുടരുവാനും, സാക്ഷരതാനന്തര പരിപാടികളുടെ അഭാവം മൂലം നവസാക്ഷരർ നിരക്ഷരരായി മാറുന്ന പ്രവണത തടയുവാനും ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണിത്. ഈ പദ്ധതി നടപ്പിലാക്കുവാൻ വേണ്ട മുഴുവൻ ചെലവും കേന്ദ്രസർക്കാർ വഹിക്കും. കേന്ദ്രം 100 ശതമാനം സാക്ഷരതാ ഉപാധികളോടെ ഭാഗികമായെങ്കിലും ഇതോടൊപ്പം സാക്ഷരതാനന്തര പരിപാടിയായി തുടരുന്നു. ഇപ്പോൾ 450 ജനശിക്ഷൺ നിലയങ്ങൾ ഈ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ഇടുക്കിയിൽ 48 ഉം വയനാട്ടിൽ 42 ഉം മറ്റു ജില്ലകളിൽ 40 ഉം വീതമാണ് നിലവിലുള്ളത്. ഓരോ നിലയത്തിനും ഏകദേശം 7,000 രൂപ ആവശ്യമാണെന്നു കാണുകയും, 1993-94-ലെ ചെലവിലേക്കായി 30 ലക്ഷം രൂപ പദ്ധതിയിൽ വകകൊള്ളിച്ചിരിക്കുകയും ചെയ്യുന്നു.

## സഹകരണം

1. കാർഷിക വായ്പാ സ്ഥിരതാഫണ്ട്.

(വിഹിതം 15.00 ലക്ഷം രൂപ)

സംസ്ഥാന സഹകരണ ബാങ്കിന്റെ കാർഷിക വായ്പാ സ്ഥിരതാ ഫണ്ട് ശക്തിപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ ധനസഹായം നൽകിവരുന്നു. ഈ സഹായം ലഭ്യമാക്കാനാണ് പദ്ധതി തുക ഉൾക്കൊള്ളിച്ചിരിക്കുന്നത്.

2. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം.

(വിഹിതം 5.00 ലക്ഷം രൂപ)

ഈ പദ്ധതി അനുസരിച്ച് പട്ടികജാതി/പട്ടിക വർഗ്ഗക്കാരുടെ സഹകരണ സംഘങ്ങൾക്ക് മേൽനോട്ട സബ്സിഡി, ഓഹരി മൂലധന സംഭാവന, നഷ്ടം നികത്തുന്നതിന് ഗ്രാന്റ്, തുടങ്ങിയ ഇനങ്ങളിൽ കേന്ദ്ര സർക്കാർ ധനസഹായം നൽകിവരുന്നു ഈ ധനസഹായം ലഭ്യമാക്കാനാണ് പദ്ധതി വിഹിതം.

## ഊർജ്ജ വികസനം

പ്രസരണത്തിനും വിതരണത്തിനുംവേണ്ടി കേരളാ വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം

(വിഹിതം 40.00 ലക്ഷം രൂപ)

സംസ്ഥാനത്തിനുവെളിയിൽ നിന്നും വൈദ്യുതി കൊണ്ടു വരുന്നതിനും അത് വിതരണം. ചെയ്യുന്നതിനും ആവശ്യമായ ലൈനുകൾ സ്ഥാപിക്കുന്നതിന് വൈദ്യുതി ബോർഡിന് 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ചെറുകിട വ്യവസായങ്ങൾ

1. ചെറുകിട വ്യവസായ സെൻസസിനുവേണ്ടിയുള്ള ന്യൂക്ലിയസ് സെൽ

(വിഹിതം 4.00 ലക്ഷം രൂപ)

കേരളത്തിലെ ചെറുകിട വ്യവസായ യൂണിററുകളുടെ സെൻസസ് നടത്തി വിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി വ്യവസായവാണിജ്യ വകുപ്പിലും ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടുണ്ട്. ഇവരുടെ ശമ്പളവും മററ് ബത്തകളും പൂർണ്ണമായും കേന്ദ്ര ഗവൺമെൻറാണ് വഹിക്കുന്നത്. 1993-94-ൽ ഈ സെൻസസ് പ്രവർത്തനങ്ങൾ തുടരുന്നതിന് നാല് ലക്ഷം രൂപ കേന്ദ്രസഹായമായി പ്രതീക്ഷിക്കുന്നു.

## കൈത്തറി വ്യവസായം

1. കേരള സംസ്ഥാന കൈത്തറി നെയ്ത്ത് അപ്പെക്സ് സഹകരണ സംഘത്തിന്റെയും (ഹാൻറക്സ്) പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിന്റെയും പ്രീലൂം/പോസ്ററ്ലൂം സംസ്ക്കരണ കേന്ദ്രങ്ങൾ

(വിഹിതം 10.00 ലക്ഷം രൂപ)

കുടിൽ വ്യവസായ മാതൃകയിലുള്ള കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്കും, കൈത്തറി അപ്പെക്സ് സൊസൈററികൾക്കും പ്രീലൂം/പോസ്ററ്ലൂം സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് കേന്ദ്രത്തിൽനിന്നും 1993-94-ൽ പ്രതീക്ഷിക്കുന്നസാമ്പത്തിക സഹായമാണിത്. മൊത്തം 10.00 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ 5.00ലക്ഷം രൂപ ഓഹരി മൂലധനമായും 5.00 ലക്ഷം രൂപ വായ്പയായും നൽകുന്നതാണ്.

2. കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന്റെ പ്രീലൂം/പോസ്ററ്ലൂം സംസ്കരണ കേന്ദ്രങ്ങൾ

(വിഹിതം 7.50 ലക്ഷം രൂപ)

കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന് (ഹാൻവീവ്) പ്രീലൂം/പോസ്ററ്ലൂം സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ നിന്നുള്ള ധനസഹായമാണിത്. മൊത്തം തുകയിൽ 2.50 ലക്ഷം രൂപ ഓഹരി മൂലധനവും 5.00ലക്ഷം രൂപ വായ്പയുമാണ്.

3. എൻഫോഴ്സ്മെൻറ് മെഷീനറി

(വിഹിതം 1.50 ലക്ഷം രൂപ)

1989-ലെ റിസർവേഷൻ ആക്ട് പ്രകാരം കൈത്തറി മേഖലയ്ക്കു മാത്രമായി നീക്കിവച്ചിട്ടുള്ള തുണിത്തരങ്ങൾ യന്ത്രത്തറികളിലും തുണിമില്ലുകളിലും നിർമ്മിക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനുള്ള ഒരു എൻഫോഴ്സ്മെൻറ് മെഷനറി സ്ഥാപിച്ചിട്ടുണ്ട്. ഈ യൂണിററിലെ പരിശോധക വിഭാഗത്തിലെ ഉദ്യോഗസ്ഥൻമാരുടെ ശമ്പളത്തിനും മററു ചെലവുകൾക്കുമായി വേണ്ടിവരുന്ന തുകയാണ് പദ്ധതിയിൽ വക കൊള്ളിച്ചിരിക്കുന്നത്.

## റോഡുകളും പാലങ്ങളും

1. സംസ്ഥാനാന്തര പ്രാധാന്യമുള്ള റോഡുകൾ

(വിഹിതം 880.00 ലക്ഷം രൂപ)

കോട്ടാർ-അംബാസമുദ്രം റോഡ്, കോഴിക്കോട്-വൈത്തിരി-ഗൂഡല്ലൂർ റോഡ് മലംപ്രദേശ സംസ്ഥാന രാജപാതകൾ (ആറ്റിങ്ങൽ മുതൽ മൈസൂർ വരെ) മൂന്നാർ ടോപ്സ്റേറഷൻ മൂന്നാംറീച്ച്, തെൻമല വരെയുള്ള തിരുവനന്തപുരം ചെങ്കോട്ട റോഡ്, ബഡിയടുക്ക-യതടുക്ക-സുള്ളിയ പടവ് റോഡ് എന്നീ സംസ്ഥാനാന്തര റോഡുകളെ മെച്ചപ്പെടുത്തുന്നതിനുമാണ് മേൽക്കാണിച്ചിരിക്കുന്ന അടങ്കൽ തുക.

2. ഗേററുമാനില്ലാത്ത റെയിൽവേ ലെവൽക്രോസ്സുകളിൽ ആളെ നിയമിക്കൽ

(വിഹിതം 50.00 ലക്ഷം രൂപ)

ഗേററുമാനില്ലാത്ത ഏതാനും ലെവൽ ക്രോസ്സുകളിൽ ഗേററുമാൻമാരെ നിയോഗിക്കുവാൻ വേണ്ടിവരുന്ന തുക ചെലവാക്കുന്നതിനായി ഉദ്ദേശിച്ചിട്ടുള്ളതാണ് പ്രസ്തുത വിഹിതം.

3. കൊച്ചിയുടെയും അനുബന്ധ ദ്വീപുകളുടെയും സമഗ്ര വികസനം

(വിഹിതം 500.00 ലക്ഷം രൂപ)

കൊച്ചിയുടെയും അനുബന്ധ ദ്വീപുകളുടെയും സമഗ്ര വികസനത്തിനുവേണ്ടി സിററി റോഡുകൾ സാമ്പത്തിക പ്രാധാന്യമുള്ള റോഡുകൾ എന്നിവ ഒഴികെയുള്ള റോഡുകളുടെയും, പാലങ്ങളുടെയും നിർമ്മാണ ച്ചെലവിനാവശ്യമായ തുക നൽകുന്നതിനായാണ് പ്രസ്തുത വിഹിതം.

## റോഡുഗതാഗതം

1. ദേശീയ രാജപാതയിലെ ചില പ്രത്യേക പട്ടണങ്ങളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും, മററു പൊതു സൗകര്യങ്ങളും ഉണ്ടാക്കൽ

(വിഹിതം 4.00 ലക്ഷം രൂപ)

ട്രക്കുകൾ പാർക്കു ചെയ്യുന്ന കോംപ്ലക്സുകൾക്കു പകരമുള്ള പദ്ധതിയാണിത്. ലേബൈകൾ നിർമ്മിക്കുന്നതോടൊപ്പം പൊതു ജനങ്ങൾക്കാവശ്യമായ കുടിവെള്ള സൗകര്യം, കക്കൂസുകൾ, കുളിമുറികൾ എന്നിവ.

ദേശീയ രാജപാതയിൽ തെരഞ്ഞെടുക്കപ്പെടുന്ന പട്ടണങ്ങളിൽ നിർമ്മിക്കാനുള്ള തുകകൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 1993-94 ബഡ്ജററിൽ ഇതിനുവേണ്ടി 4.00 ലക്ഷം രൂപ വിഹിതമായി വച്ചിരിക്കുന്നു.

**ജലഗതാഗതം**

1. ഹൈഡ്രോഗ്രാഫിക് സർവ്വേ

(വിഹിതം 10.00 ലക്ഷം രൂപ)

ഇത് 100 ശതമാനം കേന്ദ്ര സഹായമുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. പശ്ചിമതീര കനാലിന്റെ കൊച്ചി മുതൽ വടകര വരെയുള്ള ഭാഗത്തിന്റെ ഹൈഡ്രോഗ്രാഫിക് സർവ്വേ നടത്തുവാനാണ് ഈ വിഹിതം.

2. ദേശീയ ജലപാത

(വിഹിതം 200.00 ലക്ഷം രൂപ)

പശ്ചിമതീര കനാലിന്റെ കൊല്ലം തൊട്ട് കൊച്ചി വരെയുള്ള ഭാഗം ദേശീയ ജലപാതയുടെ നിലവാരത്തിലേക്ക് വികസിപ്പിക്കുവാൻ, മണ്ണുമാന്തൽ, തീരപരിരക്ഷണം, ചരക്കു കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയിനുകൾ സ്ഥാപിക്കൽ ഉൾനാടൻ പോർട്ടു ടെർമിനലുകൾ നിർമ്മിക്കൽ മുതലായ അടിസ്ഥാന ഘടകങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ഈ വിഹിതം മേൽ കാണിച്ച പരിപാടികൾ നടപ്പിലാക്കുന്നതിലേക്കാണ്.

**വിനോദസഞ്ചാരം**

1. പാതയോര സൗകര്യങ്ങളും യാത്രിനിവാസും

(വിഹിതം 15.00 ലക്ഷം രൂപ)

വടകര, വാളര, കായംകുളം, കാസർഗോഡ്, പാലരുവി, കൊട്ടിയക്കൽ, പാറശ്ശാല എന്നിവിടങ്ങളിൽ പാതയോര സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് കേന്ദ്രാനുമതി ലഭിച്ചു കഴിഞ്ഞു. ഇതിൽ പണി തുടങ്ങിയവയുടെ ബാക്കി പണി തീർക്കുന്നതിനും പുതിയവയുടെ പണി തുടങ്ങുന്നതിനും കേന്ദ്ര ഗവൺമെൻറിൽ നിന്നും പ്രതീക്ഷിക്കുന്നതാണ് ഈ വിഹിതം. കൊച്ചിയിൽ യാത്രിനിവാസിന്റെ പണി പൂർത്തിയാക്കുന്നതിനും ഗുരുവായൂർ, കാലടി എന്നിവിടങ്ങളിൽ യാത്രിനിവാസുകളുടെ പണി ആരംഭിക്കുന്നതിനുമുള്ള ചെലവും ഇതിൽ നിന്നും വഹിക്കുന്നതാണ്.

2. പൊൻമുടിയിൽ താൽക്കാലിക താമസ സൗകര്യം

(വിഹിതം 2.90 ലക്ഷം രൂപ)

പൊൻമുടിയിൽ താല്ക്കാലിക താമസ സൗകര്യങ്ങൾ (ടെൻറുകൾ) ഏർപ്പെടുത്തുന്നതിനായി മൊത്തം 5.80 ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്ര ഗവൺമെൻറിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 2.90 ലക്ഷം രൂപ 1992-93-ൽ ലഭിച്ചു. ബാക്കി തുകയായ 2.90 ലക്ഷം രൂപ 1993-94 ലേക്ക് പ്രതീക്ഷിക്കുന്നു.

3. മേളകൾ, ഉത്സവങ്ങൾ എന്നിവ സംഘടിപ്പിക്കുക

(വിഹിതം 20.00 ലക്ഷം രൂപ)

വിദേശങ്ങളിൽ വിനോദസഞ്ചാര പ്രചാരണ പരിപാടിയുടെ ഭാഗമായി നെഹ്റു ട്രോഫി വള്ളംകളി, തൃശ്ശൂർ പൂരം, സമുദ്രോൽപ്പന്നങ്ങളുടെ പ്രദർശനവും വില്പനയും, വിനോദസഞ്ചാര വാരാഘോഷം, ഗജമേള എന്നീ മേളകൾക്ക് കേന്ദ്ര ഗവൺമെൻറ് ധനസഹായം നൽകി വരുന്നു. ഇതിലേക്കായി 1993-94-ൽ കേന്ദ്ര സർക്കാരിൽ നിന്നും 20 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

4/4672/S.

4. കുമരകത്ത് ബോട്ട് ട്രെയിൻ

(വിഹിതം 15.00 ലക്ഷം രൂപ)

വിനോദസഞ്ചാരികൾക്കായി കുമരകത്ത് ഒരു ബോട്ട് ട്രെയിൻ ഓടിക്കാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കായി കേന്ദ്രഗവൺമെൻറിൽ നിന്നും 15 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

5. ബേക്കലിന്റെ വികസനം

(വിഹിതം 90.00 ലക്ഷം രൂപ)

അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ബീച്ച് റിസോർട്ടായി ബേക്കലിനെ ഉയർത്താൻ പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നു. ഇതിലേക്കായി കേന്ദ്ര ഗവൺമെൻറിൽ നിന്നുള്ള ധനസഹായമായിട്ടാണ് ഈ വിഹിതം.

6. തീർത്ഥാടന കേന്ദ്രങ്ങളുടെ വികസനം

(വിഹിതം 10.00 ലക്ഷം രൂപ)

ശബരിമല, കാലടി, മലയാററൂർ, ഗുരുവായൂർ എന്നീ പുണ്യസ്ഥലങ്ങളിൽ തീർത്ഥാടകർക്ക് താമസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 1993-94-ൽ പത്തു ലക്ഷം രൂപ കേന്ദ്ര ധനസഹായമായി പ്രതീക്ഷിക്കുന്നു.

7. മൈക്രോലൈററ് ഫ്ളൈയിംഗ് എക്വിപ്പ്മെൻറ്

(വിഹിതം 1.00 ലക്ഷം രൂപ)

വിനോദ സഞ്ചാരം വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് മൈക്രോലൈററ് ഫ്ളൈയിംഗ് ഉപകരണങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കായി കേന്ദ്രധനസഹായമായി പ്രതീക്ഷിക്കുന്നതാണ് ഈ വിഹിതം.

8. നെഹ്റുട്രോഫി വള്ളംകളിക്കുവേണ്ടി ആലപ്പുഴയിൽ സ്മാരകം നിർമ്മിക്കുക

(വിഹിതം 20.00 ലക്ഷം രൂപ)

പുന്നമടകായലിൽ നെഹ്റുട്രോഫി വള്ളംകളി നടത്തുന്നതിന് സ്ഥിരമായ ഒരു പവലിയൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിക്ക് ഇന്ത്യാ ഗവൺമെൻറിന്റെ അംഗീകാരം പ്രതീക്ഷിക്കുന്നു.

9. മലമ്പുഴയിൽ കോട്ടേജുകളും ഒരു കോൺഫറൻസ് ഹാളും പണിയുക

(വിഹിതം 10.00 ലക്ഷം രൂപ)

ഈ പദ്ധതിക്ക് ഇന്ത്യാഗവൺമെൻറിന്റെ അംഗീകാരം പ്രതീക്ഷിക്കുന്നു.

**ശാസ്ത്രീയ സേവനങ്ങളും ഗവേഷണവും**

1. ശാസ്ത്ര—സാങ്കേതിക പരിസ്ഥിതി വകുപ്പ് രൂപീകരണം

(വിഹിതം 15.00 ലക്ഷം രൂപ)

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം നൽകുന്നതിനും മററ് എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾക്കുമായിട്ടാണ് വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നത്. പരിസ്ഥിതി പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ശമ്പളം, മററ് എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ മുതലായവ വഹിക്കുന്നത് കേന്ദ്ര പരിസ്ഥിതി വകുപ്പാണ്.

2. സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി സമിതി

(വിഹിതം 22.00 ലക്ഷം രൂപ)

സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി സമിതിയിലെ ഉദ്യോഗസ്ഥൻമാർ, അതിന്റെ ടാസ്ക് ഗ്രൂപ്പുകൾ, ഉപസമിതികൾ, അംഗങ്ങൾ എന്നിവരുടെ ശമ്പളം, യാത്രാബത്ത എന്നിവയ്ക്കും മററ് എസ്ററാബ്ലിഷ്മെന്റ് ചെലവുകൾക്കുമായാണ് ഈ തുക.

## പൊതു വിദ്യാഭ്യാസം

1. വയോജന വിദ്യാഭ്യാസം

(വിഹിതം 60.00 ലക്ഷം രൂപ)

സംസ്ഥാന/ജില്ലാ തലങ്ങളിൽ വയോജന വിദ്യാഭ്യാസ സംവിധാനം തുടരുന്നതിനും വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ ആവർത്തനച്ചെലവുകൾ വഹിക്കുന്നതിനും സന്നദ്ധ സംഘടനകൾക്ക് ധനസഹായം നല്കുന്നതിനും ഗ്രാമങ്ങളിൽ സാക്ഷരതാ പരിപാടികൾ നടപ്പാക്കുന്നതിനുംവേണ്ടി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന വിഹിതമാണിത്. ദേശീയ സാക്ഷരതാ പരിപാടി തുടരുന്നതിനുള്ള ചെലവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. വികലാംഗരുടെ സംയോജിത വിദ്യാഭ്യാസ പരിപാടി

(വിഹിതം 350.00 ലക്ഷം രൂപ)

ദേശീയ വിദ്യാഭ്യാസ നയത്തിൽ വിഭാവനം ചെയ്തിരിക്കുന്ന വിധം വികലാംഗരായ കുട്ടികൾക്ക് ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുക, അന്ധ-ബധിര-മൂക വിഭാഗത്തിലുൾപ്പെടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നല്കുക, ഇവരുടേയും ഇവർക്ക് അകമ്പടി പോകുന്നവരുടേയും യാത്രാചെലവ് വഹിക്കുക, ചികിത്സാച്ചെലവ് അദ്ധ്യാപക പരിശീലനച്ചെലവ് എന്നിവയ്ക്കുവേണ്ടിയാണ് ഈ വിഹിതം ഉപയോഗിക്കുന്നത്.

62. ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്

(വിഹിതം 185.00 ലക്ഷം രൂപ)

പഠന സാധനങ്ങൾ വാങ്ങുക, തെരഞ്ഞെടുത്ത എൽ. പി. സ്ക്കൂളുകൾക്ക് 2 മുറിയുള്ള കെട്ടിടം പണിയുക എന്നിങ്ങനെ രണ്ടു ഘടകങ്ങളാണ് ഈ പദ്ധതിക്കുള്ളത്. 1992-93-ൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി 105 ലക്ഷം രൂപ നീക്കിവച്ചിരുന്നു. പഠന സഹായികൾ ഉപയോഗിക്കുന്നതിനെപ്പററി അദ്ധ്യാപകർക്ക് പരിശീലനച്ചെലവ്, സാധനങ്ങളുടെ കടത്തുച്ചെലവ് മുതലായവയും ഈ വിഹിതത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 185 ലക്ഷം രൂപയിൽ 100 ലക്ഷം രൂപ സ്കൂളുകളിൽ കെട്ടിടം പണികൾക്കായി നീക്കിയിട്ടുണ്ട്.

4. ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങൾ സ്ഥാപിക്കൽ

(വിഹിതം 685.00 ലക്ഷം രൂപ)

നിലവിലുള്ള അദ്ധ്യാപക പരിശീലന സ്ഥാപനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ നല്കി ഓരോ ജില്ലയിലും ജില്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം. നിലവിലുള്ള സ്ഥാപനത്തിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും മററു നിർമ്മാണ പ്രവർത്തനങ്ങൾക്കും, പഠനോപാധികൾ വാങ്ങുന്നതിനും, പരിശീലന ചെലവുകൾക്കുമാണ് വിഹിതം ആകെ തുകയായ 685 ലക്ഷം രൂപയിൽ 4 0 ലക്ഷം രൂപ ആഭ്യന്തരപ്പണികൾക്കായി നിർദ്ദേശിച്ചിച്ചിരിക്കുന്നു.

5. ശാസ്ത്ര വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ

(വിഹിതം 250.00 ലക്ഷം രൂപ)

യു. പി. സ്ക്കൂളുകളിൽ സയൻസ് കിററുകൾ വിതരണം ചെയ്യുക, ഹൈസ്ക്കൂളുകളിലെ ലബോറട്ടറികളും ലൈബ്രറികളും വിപുലീകരിക്കുക, ജില്ലാ റിസോഴ്സ് കേന്ദ്രങ്ങൾ സ്ഥാപിക്കുക, ശാസ്ത്ര അദ്ധ്യാപകർക്ക് പരിശീലനം നല്കുക, മുതലായ പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 1993-94-ൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 250 ലക്ഷം രൂപ കേന്ദ്രസഹായമായി ലഭിക്കുന്നതാണ്.

6. ഹൈസ്ക്കൂളുകളിലും ടെക്നിക്കൽ ഹൈസ്ക്കൂളുകളിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

(വിഹിതം 350.00 ലക്ഷം രൂപ)

ഹൈസ്ക്കൂളുകളിലും ടെക്നിക്കൽ ഹൈസ്ക്കൂളുകളിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പാക്കുന്നതിന് കേന്ദ്ര സഹായമായി ലഭിക്കുന്നതാണ് പ്രസ്തുത വിഹിതം.

7. വിദ്യാഭ്യാസ-സാങ്കേതിക പദ്ധതി

(വിഹിതം 100.00 ലക്ഷം രൂപ)

തെരഞ്ഞെടുക്കപ്പെട്ട 1440 എൽ.പി. സ്ക്കൂളുകളിൽ ബ്ലാക്ക് ആൻഡ് വൈററ് ടെലിവിഷൻ വാങ്ങുന്നതിന് 87 ലക്ഷം രൂപയും ബാക്കി 13 ലക്ഷം രൂപ എൽ. പി. സ്കൂളുകളിൽ റേഡിയോ-കം-കാസററ് പ്ലേയേഴ്സ് വാങ്ങുന്നതിനും കേന്ദ്ര സഹായമായി ലഭിക്കുന്നതാണ്.

## സാങ്കേതിക വിദ്യാഭ്യാസം

1. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ ബിരുദാനന്തര കോഴ്സുകൾ

(വിഹിതം 70.00 ലക്ഷം രൂപ)

അദ്ധ്യാപകർക്ക് ശമ്പളവും മററു അലവൻസുകളും നല്കുക, ബിരുദാനന്തര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുക, യന്ത്രോപകരണങ്ങൾ വാങ്ങുക, ബിരുദാനന്തര കോഴ്സുകളുടെ നടത്തിപ്പിനാവശ്യമായ മററു ചെലവുകൾ വഹിക്കുക മുതലായ ആവശ്യങ്ങൾക്കായി കേന്ദ്ര സഹായമായി കിട്ടുന്നതാണ് പ്രസ്തുത വിഹിതം.

2. തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ ബിരുദാനന്തര കോഴ്സുകൾ

(വിഹിതം 30.00 ലക്ഷം രൂപ)

തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ ബിരുദാനന്തര കോഴ്സുകൾ നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് അദ്ധ്യാപകരുടെ ശമ്പളം, ബിരുദാനന്തര വിദ്യാർത്ഥികൾക്ക് കേന്ദ്രനിരക്കിൽ സ്കോളർഷിപ്പ്, യന്ത്രോപകരണങ്ങൾ വാങ്ങുക മുതലായ ആവശ്യങ്ങളിലേക്കാണ് പ്രസ്തുത വിഹിതം കേന്ദ്രസഹായമായി ലഭിക്കുന്നത്.

3. സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ/പോളിടെക്നിക്കുകൾ എന്നിവയുടെ വികസനത്തിനായി കേന്ദ്രസഹായം

(വിഹിതം 45.00 ലക്ഷം രൂപ)

പരീക്ഷണ ശാലകളുടെ ആധുനീകരണം, പിന്നോക്ക രംഗങ്ങളിൽ ആവശ്യമായ ലബോറട്ടറികൾ സ്ഥാപിക്കുക ഉല്പാദന-സേവന കേന്ദ്രങ്ങൾ ആരംഭിക്കൽ, സാമൂഹികമായ പോളിടെക്നിക്കുകളുമായി ബന്ധപ്പെട്ട പരിപാടികൾ നടത്തുക, മാസ്ററർ കംപ്യൂട്ടർ ആപ്ലിക്കേഷൻ

കോഴ്സുകൾ നടത്തുക, കംപ്യൂട്ടറുകൾ വാങ്ങുക മുതലായ ആവശ്യങ്ങളുടെ ചെലവിലേക്കായി സംസ്ഥാനത്തെ ഗവൺമെൻറ് എഞ്ചിനീയറിംഗ് കോളേജുകൾക്കും പോളിടെക്നിക്കുകൾക്കും നേരിട്ട് കേന്ദ്ര സഹായമായി വിഹിതം ലഭിച്ചു വരുന്നു. ഈ പദ്ധതികളുടെ നടത്തിപ്പു ചെലവിലേക്കായി 45 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്.

## പൊതുജനാരോഗ്യം

1. ഉന്നത വിദ്യാഭ്യാസം, പരിശീലനം, ഗവേഷണം എന്നിവക്കുള്ള പദ്ധതി (ബിരുദാനന്തരകോഴ്സ്, ഐ.എസ്.എം.)

(വിഹിതം 22.00 ലക്ഷം രൂപ)

ആയുർവേദവിഭാഗത്തിൽ സ്വസ്ഥവൃത്ത, പ്രസതി തന്ത്രവും അടിസ്ഥാന തത്വങ്ങളും എന്നീ ബിരുദാനന്തര കോഴ്സുകൾക്കുള്ള ഡിപ്പാർട്ടുമെൻറുകൾ തുടങ്ങേണ്ടതുണ്ട്. 3 വർഷം ദൈർഘ്യമുള്ള ഈ കോഴ്സിൽ 24 പേർക്ക് പ്രവേശനം നൽകുന്നുണ്ട്. ഇതിൽ 50 ശതമാനം സീററുകൾ കേരളത്തിനുപുറത്തുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു. പ്രസ്തുത ഡിപ്പാർട്ടുമെൻറുകൾ തുടങ്ങുന്നതിനും നിലവിലുള്ള ഡിപ്പാർട്ടുമെൻറുകളെ ഗവേഷണപ്രവർത്തനങ്ങൾക്കായി രാസവസ്തുക്കൾ, ലാബറട്ടറി ഉപകരണങ്ങൾ എന്നിവ നൽകി വികസിപ്പിക്കുന്നതിനുവേണ്ടിയാണ് വിഹിതമായ 22 ലക്ഷം രൂപ നീക്കിവച്ചിട്ടുള്ളത്.

2. കുടുംബക്ഷേമ പരിപാടി

(വിഹിതം 5300.00 ലക്ഷം രൂപ)

കുടുംബക്ഷേമ വിഭാഗത്തിൽ ഇപ്പോൾ സംസ്ഥാനത്തും ജില്ലാ-സബ് ഡിവിഷണൽ തലങ്ങളിലായി 78 പോസ്ററ്പാർട്ടം കേന്ദ്രങ്ങളും രണ്ടു മേഖലാ കുടുംബക്ഷേമ ആരോഗ്യപരിശീലന കേന്ദ്രങ്ങളും വനിത ആരോഗ്യ പ്രവർത്തകർക്കായി രണ്ടു പരിശീലന കേന്ദ്രങ്ങളും ഏഴ് ആക്സിലറി നേഴ്സ് മിഡ്വൈവ്സ് (എ എൻ. എം.) ട്രെയിനിംഗ് സ്കൂളും ഉണ്ട്. 2000 ആണ്ടോടുകൂടി 'നെററ് റി പ്രൊഡക്ഷൻ റേററ്' ഒന്ന് ആക്കുക എന്നതാണ് ലക്ഷ്യം. ഇതിലേക്കായി 1993-94-ൽ ഏകദേശം 53 കോടി രൂപയുടെ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു. ഇതിൽ 43 കോടി രൂപ ഒ. ആർ. ററി എം. ററി. പി., എം. ഇ എം., തുടങ്ങിയ പരിപാടികൾക്കും, കോമ്പൻസേഷൻനൽകുന്നതിനും, പി. ഒ എൽ. ചാർജിനും, നിലവിലുള്ള കുടുംബക്ഷേമ കേന്ദ്രങ്ങളുടെ നടത്തിപ്പിനും, പി. പി. കേന്ദ്രങ്ങൾക്കും, പരിശീലന കേന്ദ്രങ്ങൾക്കും, എ. എൻ. എം. പരിശീലന സ്കൂളുകൾക്കും 1992-93-ൽ കാസർകോട്, വയനാട് എന്നിവിടങ്ങളിൽ തുടങ്ങാൻ ഉദ്ദേശിച്ച ജില്ലാകുടുംബക്ഷേമ ബ്യൂറോകളുടെ തുടർന്നുള്ള നടത്തിപ്പിനും വേണ്ടിയാണ് നീക്കിവച്ചിട്ടുള്ളത്. ബാക്കി 10 കോടി രൂപ 1993-94 നിർമ്മാണപ്രവർത്തനങ്ങൾക്കുവേണ്ടിയാണ്.

3. കുഷ്ഠരോഗ നിയന്ത്രണ പരിപാടി

(വിഹിതം 145.00 ലക്ഷം രൂപ)

സംസ്ഥാനത്ത് ഇപ്പോൾ 8 ജില്ലാ കുഷ്ഠരോഗ നിയന്ത്രണ യൂണിററുകളും 15 കുഷ്ഠരോഗ നിയന്ത്രണ യൂണിററുകളും 10 മോഡിഫൈഡ് യൂണിററുകളും 47 അർബൻ കുഷ്ഠരോഗ നിയന്ത്രണ കേന്ദ്രങ്ങളും രണ്ട് സൂപ്പർവൈസറി അർബൻ കേന്ദ്രങ്ങളും 232 സർവ്വേ വിദ്യാഭ്യാസവും ചികിൽസാ കേന്ദ്രങ്ങളും ഒരു പൈലററ് സർവ്വേ യൂണിററും ഒരു റീകൺസ്ട്രക്ററീവ് യൂണിററും ഒരു കുഷ്ഠരോഗ പരിശീലന കേന്ദ്രവും ഉണ്ട്. 1991-92-ൽ തുടങ്ങിയ കേന്ദ്രങ്ങൾ തുടർന്നു കൊണ്ടുപോകുന്നതിനും 1992-93 തുടങ്ങാൻ ഉദ്ദേശിച്ചതു തുടർന്നു നടത്തുന്നതിനും 1993-94-ൽ പുതിയ യൂണിററ് തുടങ്ങുന്നതിനും സ്കോളർഷിപ്പ്, സ്റ്റൈപ്പൻറ്, തുടങ്ങിയ പരിശീലനചെലവിനും, പി. ഒ എൽ. ചാർജുകൾ വഹിക്കുന്നതിനും സന്നദ്ധ സംഘടനകൾക്ക് ധനസഹായം, നല്കുന്നതിനും ആരോഗ്യ വിദ്യാഭ്യാസം നല്കുന്നതിനും വാഹനങ്ങൾ മാററുന്നതിനും ഗിരിവർഗ്ഗ പ്രദേശങ്ങളിൽ കുഷ്ഠരോഗത്തിനെതിരെയുള്ള പ്രവർത്തനങ്ങൾക്കും വേണ്ടിയാണ് 1993-94-ൽ 145 ലക്ഷം രൂപ കേന്ദ്രസഹായമായി പ്രതീക്ഷിക്കുന്നത്.

4. അന്ധതാ നിയന്ത്രണത്തിനുള്ള ദേശീയ പരിപാടി

(വിഹിതം 52.00 ലക്ഷം രൂപ)

1993-94-ൽ ഈ പദ്ധതിക്കായി 52 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്, ഈ വിഹിതം താഴെ പറയുന്ന വിധം വിനിയോഗിക്കുന്നതാണ്.

തുക ലക്ഷത്തിൽ

| | | |
|---|---|---|
| 1. | സെൻട്രൽ മൊബൈൽ യൂണിററുകൾ | 2.70 |
| 2. | ഓപ്താൽമിക് അസിസ്ററൻറ് ട്രെയിനിംഗ് ഇൻസ്റ്റിട്യൂഷൻ | 9.00 |
| 3. | പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിന് | 12.60 |
| 4. | ജില്ലാ ആശുപത്രികളുടെ വികസനം | 3.50 |
| 5. | ആൻറി ബയോട്ടിക് ഓയിൻറ്മെൻറ് ററ്യൂബുകൾ നല്കുന്നതിന് | 1 00 |
| 6. | സന്നദ്ധ സംഘടനകൾക്കുള്ള ധനസഹായം | 5.00 |
| 7. | പ്രാഥമികാരോഗ്യകേന്ദ്രങ്ങൾക്കാവശ്യമായ മരുന്നിന് | 1 25 |
| 8. | ആരോഗ്യവിദ്യാഭ്യാസത്തിന് | 1.50 |
| 9. | സംസ്ഥാന ഓപ്താൽമിക് സെൽ | 2 20 |
| 10. | നേത്ര ബാങ്ക് ആരംഭിക്കുന്നതിന് | 2.00 |
| 11. | മെഡിക്കൽ ആഫീസർമാരുടെ തുടർന്നുള്ള വിദ്യാഭ്യാസത്തിന് | 2.00 |
| 12. | ജില്ലാമൊബൈൽ യൂണിററുകൾ | 5.10 |
| 13. | ജില്ലകളിലെ യൂണിററുകൾക്ക് അധികമായി സൗകര്യങ്ങൾ നല്കുന്നതിന് | 3.50 |
| 14. | ജില്ല അന്ധതാ നിയന്ത്രണ സൊസൈററികൾക്ക് | 0.65 |
| | ആകെ | 52.00 |

5. വിവിധോദ്ദേശ ആരോഗ്യപ്രവർത്തകർക്കുവേണ്ടിയുള്ള പരിശീലനം (പുരുഷൻമാർ)

(വിഹിതം 18.00 ലക്ഷം രൂപ)

തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള ഹെൽത്ത് ആൻറ് ഫാമിലി വെൽഫയർ ട്രെയിനിംഗ് സെൻററുകളിലെ വിവിധോദ്ദേശ ആരോഗ്യപ്രവർത്തകരുടെ (പുരുഷൻമാർ) പരിശീലന പരിപാടിയുടെ ചെലവ് വഹിക്കുന്നതിനാണ് പ്രസ്തുത വിഹിതം. 1993-94-ലെ വിഹിതമായ 18 ലക്ഷം രൂപയിൽ രണ്ട് ലക്ഷം രൂപ മെഡിക്കൽ ആഫീസർ വിഭാഗത്തിലുള്ള പരിശീലകർക്ക് പ്രതിമാസം 800 രൂപ നിരക്കിലും അല്ലാത്തവർക്ക് 600 രൂപ നിരക്കിലും സ്റ്റൈപ്പൻറ് നല്കുന്നതിന് വിനിയോഗിക്കാവുന്നതാണ്.

6. ദേശീയ ഗോയിററർ രോഗ നിയന്ത്രണ പരിപാടി

(വിഹിതം 2.00 ലക്ഷം രൂപ.)

ഇന്ത്യാ ഗവൺമെൻറിൻെറ നിർദ്ദേശമനുസരിച്ച് സംസ്ഥാനത്ത് ഗോയിററർ രോഗനിയന്ത്രണ പരിപാടികൾ നടപ്പാക്കുന്നതിനാണ് പ്രസ്തുത വിഹിതം. ഡയറക്ടറേററിലെ ഗോയിററർ സെല്ലിൻെറ ചെലവിലേയ്ക്കും സർവെ നടത്തുന്നതിനും, പരസ്യത്തിനും

ആരോഗ്യവിദ്യാഭ്യാസത്തിനും കൂടി വിഹിതം വിനിയോഗിക്കാവുന്നതാണ്.

7. <u>പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കും ഗ്രാമീണ ഡിസ്പെൻസറികൾക്കും ലാബ്രട്ടറി ഉപകരണങ്ങൾ നല്കുന്നതിനുള്ള പദ്ധതി</u>

(വിഹിതം 42 00 ലക്ഷം രൂപ)

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കും ഗ്രാമീണ ഡിസ്പെൻസറികൾക്കും ലാബ്രട്ടറി ഉപകരണങ്ങളും മററു സൗകര്യങ്ങളും നല്കുന്നതിലേക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. 1992-93-ൽ നല്കിയ സൗകര്യങ്ങൾ തുടർന്നുകൊണ്ടുപോകുന്നതിനും 1993-94-ൽ 120 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ കൂടി ലാബ്രട്ടറി സൗകര്യങ്ങൾ നല്കുന്നതിനും ഉദ്ദേശമുണ്ട്. ആയതിലേക്ക് ഉദ്യോഗസ്ഥൻമാർക്കുള്ള ചെലവിലേക്കും റീ-ഏജൻറ് കെമിക്കലുകൾ തുടങ്ങിയവ വാങ്ങുന്നതിനും വിഹിതം വിനിയോഗിക്കാവുന്നതാണ്.

8. <u>ഹോമിയോപ്പതിയുടെ കീഴിൽ മന്ദബുദ്ധികൾക്കുള്ള ഒരു പുനരധിവാസ കേന്ദ്രം</u>

(വിഹിതം 7.00 ലക്ഷം രൂപ)

1992-93-ൽ തിരുവനന്തപുരത്തു തുടങ്ങാനുദ്ദേശിച്ച മന്ദബുദ്ധികളുടെ പുനഃരധിവാസത്തിനായുള്ള കേന്ദ്രം തുടർന്നുകൊണ്ടുപോകുന്നതിനാണ് വിഹിതമായി 7 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്

## പുതിയ പദ്ധതികൾ

9. <u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നഴ്സിംഗ് സ്കൂൾ [illegible]</u>

(വിഹിതം 13.00 ലക്ഷം രൂപ)

കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുമാത്രമായി ഒരു നഴ്സിംഗ് സ്കൂൾ തുടങ്ങുന്നതിനാണ് വിഹിതമായി 13.00 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നത്. ഇതിൽ 1.20 ലക്ഷം രൂപ 20 വിദ്യർത്ഥികൾക്ക് പ്രതിമാസം 500 രൂപ നിരക്കിൽ സ്റ്റൈപെൻറ് നൽകുന്നതിനാണ്.

10. <u>എയ്ഡ്സ് നിയന്ത്രണപരിപാടി— ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സർവ്വീസുകളുടെ നവീകരണം, സംസ്ഥാന എയ്ഡ്സ് സെല്ലും പരിശീലനവും</u>

(വിഹിതം 10.00 ലക്ഷം രൂപ)

എയ്ഡ്സ് രോഗം നിയന്ത്രിക്കുന്നതിന് വിവിധ പരിപാടികൾ നടപ്പാക്കാൻ ഗവൺമെൻറുദ്ദേശിക്കുന്നു. മൊത്തം വിഹിതമായ 10 ലക്ഷം രൂപയിൽ 5 ലക്ഷം രൂപ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സർവ്വീസുകൾ വികസിപ്പിക്കുന്നതിനും നവീകരിക്കുന്നതിനുമാണ്.

എയ്ഡ്സ് രോഗ നിയന്ത്രണത്തിനായി സ്റ്റാഫിന് പരിശീലനം നല്കുന്നതിന് 34.62 ലക്ഷം രൂപ ആവർത്തനച്ചെലവും 5.24 ലക്ഷം രൂപ മൂലധന ചെലവും പ്രതീക്ഷിക്കുന്ന ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആവർത്തന ചെലവിൽ 3.50 ലക്ഷം രൂപ സ്റ്റാഫിൻെറ ഒരു വർഷത്തെ ചെലവിനും 5.84 ലക്ഷം രൂപ ഒരു വർഷത്തെ പരിശീലനത്തിൻെറ ചെലവിനും ബാക്കി മററ് ആവശ്യങ്ങൾക്കുമാണ്. സ്റ്റാഫിനെ നൽകുക, പരിശീലനം നൽകുക, ഉപകരണങ്ങൾ വാങ്ങുക തുടങ്ങിയ പ്രാരംഭ ചെലവുകൾക്കുവേണ്ടിയാണ് വിഹിതം വകകൊള്ളിച്ചിരിക്കുന്നത്.

## ശുദ്ധജല വിതരണവും മാലിന്യ നിവാരണവും

1. <u>ത്വരിതഗതിയിലുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്കുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ മോണിറ്ററിംഗ് സെൽ</u>

(വിഹിതം 8.00 ലക്ഷം രൂപ)

കേരള ജല അതോറിററിയുടെ ഇൻവെസ്റ്റിഗേഷൻ മോണിറ്ററിംഗ് സെല്ലിൻെറ പ്രവർത്തനം തുടങ്ങുന്നതിന് 1993-94-ൽ ലഭിക്കാവുന്ന കേന്ദ്രസഹായമാണ് വിഹിതം.

2. <u>ത്വരിതഗതിയിലുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ</u>

(വിഹിതം 1500.00 ലക്ഷം രൂപ)

സംസ്ഥാനത്തെ 1219 വില്ലേജുകളിൽ (1981 സെൻസസ് പ്രകാരം) 1196 എണ്ണം പ്രശ്ന ഗ്രാമങ്ങളായി തിരിച്ചിട്ടുണ്ട്. ഇവയിൽ 66 ഗ്രാമങ്ങളിൽ പൂർണ്ണമായും ബാക്കിയുള്ളവയിൽ ഭാഗികമായും ശുദ്ധജല വിതരണ സംവിധാനമുണ്ട്. പണി തീരാനുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും പുതിയ പദ്ധതികൾ ഏറെറടുക്കുന്നതിനുമായി ലഭിക്കാവുന്ന കേന്ദ്ര സഹായമാണ് വിഹിതം.

## പട്ടികജാതി, പട്ടികവർഗ്ഗ മററുപിന്നോക്ക സമുദായക്കാരുടെ ക്ഷേമം

<u>പോസ്ററ് മെട്രിക് സ്കോളർഷിപ്പുകൾ</u>

(വിഹിതം 425.00 ലക്ഷം രൂപ)

നൂറുശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. പോസ്ററ് മെട്രിക് സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ, മററുപിന്നോക്ക സമുദായത്തിലെ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാൻറ്, സ്റ്റൈപെൻറ്, ഭക്ഷണ ചെലവ് എന്നിവ നൽകുന്നതിനുവേണ്ടിയുള്ളതാണ് ഈ തുക.

<u>പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാര ഉയർത്തൽ</u>

(വിഹിതം 4.00 ലക്ഷം രൂപ)

റെസിഡൻഷ്യൽ സ്കൂളുകളിൽ പ്രവേശനത്തിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഒൻപതാം സ്ററാൻറേർഡിലെ പ്രഗത്ഭരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ സൗകര്യങ്ങൾ വിദ്യാർത്ഥികൾക്ക് 12-ാം സ്ററാൻറേർഡ് വരെ നൽകുന്നതാണ്. ഇതിനുവേണ്ട ബോർഡിംഗ് ലോഡ്ജിംഗ്, പഠനച്ചെലവ് എന്നിവ ഈ വിഹിതത്തിൽനിന്ന് വഹിക്കുന്നതാണ്. പഠന നിലവാരത്തിൻെറ അടിസ്ഥാനത്തിലായിരിക്കും വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്.

## സാമൂഹ്യക്ഷേമം

1. <u>സംയോജിത ശിശുക്ഷേമ പദ്ധതി</u>

(വിഹിതം 1000.00 ലക്ഷം രൂപ)

സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള 90 സംയോജിത ശിശുക്ഷേമ പദ്ധതികളിൽ 66 എണ്ണം കേന്ദ്രാവിഷ്കൃത പദ്ധതികളും ബാക്കി 24 എണ്ണം സംസ്ഥാനാവിഷ്കൃത പദ്ധതികളുമാണ്. ആകെയുള്ള 12000 അംഗനവാടികളിലായി 11.2 ലക്ഷം ഗുണഭോക്താക്കൾ ഇപ്പോൾ ഉണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന സംസ്ഥാന ജില്ലാതലങ്ങളിലുള്ള ഐ. സി. ഡി. എസ്. യൂണിററുകൾ ഉൾപ്പെടെയുള്ള എല്ലാ പ്രോജക്ടുകളുടേയും ഭരണ നിർവ്വഹണ ചെലവ് വഹിക്കാനാണ് പ്രസ്തുത വിഹിതം. 1993-94-ൽ 1000 ലക്ഷം രൂപ കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നു.

## സാമ്പത്തികോപദേശവും സ്ഥിതിവിവരക്കണക്കും

1. ചെറുകിട ജലസേചന സ്ഥിതിവിവരക്കണക്ക് യുക്തിസഹമാക്കൽ

(വിഹിതം 5.00 ലക്ഷം രൂപ)

ചെറുകിട ജലസേചന സംബന്ധമായ സ്ഥിതി വിവരക്കണക്കുകൾ സംയോജിപ്പിക്കുവാനും പ്രത്യേക സർവ്വേകൾ സംഘടിപ്പിക്കുവാനും വേണ്ടി കേന്ദ്ര ജലവിഭവ മന്ത്രാലയം 1987-88 മുതൽ നൂറു ശതമാനം കേന്ദ്ര സഹായമുള്ള പദ്ധതി നടപ്പാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. പുതുക്കിയ സമ്പ്രദായത്തിൽ, ഈ പദ്ധതി നടപ്പാക്കുന്ന നോഡൽ ഏജൻസി പൊതുമരാമത്ത് വകുപ്പ് (ജലസേചന വിഭാഗം) ആയിരിക്കും. 1993-94 വർഷം പദ്ധതി തുടരുന്നതിനാണ് 5 ലക്ഷം രൂപയുടെ ഈ കേന്ദ്ര സഹായം.

2 കാർഷിക കണേഷുമാരി

(വിഹിതം 27.00 ലക്ഷം രൂപ)

കൃഷിഭൂമിയുടെ വിതരണം, വിവിധ ഭൂവിതരണ സമ്പ്രദായങ്ങളുടെ അന്തിമഫലം, ഭൂവിനിയോഗസ്വഭാവം, വിവിധ വിളകൾ കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി എന്നിവ നിജപ്പെടുത്തുന്നതിനുവേണ്ടി ഓരോ അഞ്ചു വർഷത്തിലൊരിക്കൽ കാർഷിക കണേഷുമാരി നടത്തിവരികയാണ്. 1985-86-ലെ കാർഷിക കണേഷുമാരിയും 1986-87-ലെ ഇൻപുട്ട് സർവ്വേയും പൂർത്തിയായി. അഞ്ചാം കാർഷിക കണേഷുമാരിയുടെ ഫീൽഡ് ജോലികൾ പൂർത്തിയായി. മററ് പണികൾ വളരെ താമസിയാതെ പൂർത്തിയാകുന്നതാണ്. ആയതിലേക്ക് വേണ്ടിവരുന്ന ചെലവുകൾക്കാണ് 27 ലക്ഷം രൂപ നീക്കിവെച്ചിട്ടുള്ളത്.

3. സാമ്പത്തിക സർവ്വേ

(വിഹിതം 1.00 ലക്ഷം രൂപ)

മൂന്നാം സാമ്പത്തിക സർവ്വേയുടെ പണി സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷൻ, രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ, എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പ് എന്നിവർ ഒരു സംയുക്ത സംരംഭമായിട്ട് നടത്തിവരികയാണ്. സെൻസസ് സംബന്ധമായ ഫീൽഡ് വർക്ക് കഴിഞ്ഞു. ഡേററാ എൻട്രിയും വാലിഡേഷനും തുടരുന്നു. 1993-94 വർഷം ഇതിൻെറ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനാണ് ഈ 1 ലക്ഷം രൂപ വിനിയോഗിക്കുന്നത്.

## സിവിൽസപ്ലൈസ്

റീട്ടെയിൽ വിതരണ കേന്ദ്രങ്ങൾ

(വിഹിതം 50.00 ലക്ഷം രൂപ)

സഞ്ചരിക്കുന്ന മാവേലി സ്റേറാറുകളിലൂടെ ആദിവാസ കേന്ദ്രങ്ങളിൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്ന ഒരു പരിപാടി 1993-94 വർഷം ആരംഭിക്കുന്നതാണ്. ഈ കേന്ദ്രാവിഷ്കൃത പദ്ധതിക്ക് 50 ലക്ഷം രൂപയാണ് കേന്ദ്രസഹായമായി പ്രതീക്ഷിക്കുന്നത്. ഇതിനുവേണ്ട വിഹിതം 50 ശതമാനം വായ്പയും 50 ശതമാനം ഗ്രാൻറുമായിരിക്കും.



## (ബി) എൻ. സി. ഡി. സി. സഹായമുള്ള പദ്ധതി

### മൃഗസംരക്ഷണം

ഇറച്ചിക്കോഴി വളർത്തുന്നതിനുള്ള എൻ. സി. ഡി. സി. പരിപാടി

(വിഹിതം 190.00 ലക്ഷം രൂപ)

സഹകരണ മേഖലയിൽ എൻ.സി.ഡി.സി. യുടെ സഹായത്തോടെ വാണിജ്യാടിസ്ഥാനത്തിൽ 12.37 കോടി രൂപ ചെലവു വരുന്ന ഒരു ഇറച്ചിക്കോഴി ഉല്പാദന പദ്ധതിക്ക് കേരളാ പൗൾട്രി ഡെവലപ്പ്മെൻറ് കോർപ്പറേഷൻ രൂപം നൽകിയിരിക്കുന്നു. സഹായത്തിൻെറ അനുപാതം 5:95 എന്ന രീതിയിലായിരിക്കും. ഈ പദ്ധതിക്ക് 1993-94 വർഷത്തേക്കുള്ള ചെലവിലേക്കായി എൻ. സി. ഡി. സി. വിഹിതമായി തുക ഉൾപ്പെടുത്തിയിരിക്കുന്നു.

### മൽസ്യമേഖല

ഇൻറഗ്രേറഡ് ഫിഷറീസ് ഡവലപ്മെൻറ് പ്രോജക്ട്–എൻ. സി. ഡി. സി. സഹായം

(വിഹിതം 674.00 ലക്ഷം രൂപ)

1985-86-ൽ ആരംഭിച്ച ഈ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തിയാക്കുകയും ഇപ്പോൾ (1992-93 മുതൽ) മൂന്നാം ഘട്ടം നടപ്പിലാക്കിക്കൊണ്ടുമിരിക്കുകയാണ്. ആകെ 3560 ലക്ഷം രൂപ ചെലവുള്ള ഈ പദ്ധതിയുടെ രണ്ടാം വർഷത്തെ വിഹിതമായിട്ടാണ് ഈ തുക കൊള്ളിച്ചിരിക്കുന്നത്. മൽസ്യ ബന്ധന ഉപകരണങ്ങൾ വിതരണം ചെയ്യുക, മൽസ്യവിപണനം നടത്തുക തുടങ്ങിയവയാണ് മൂന്നാം ഘട്ടത്തിലെ പ്രധാന പരിപാടികൾ.

## വിപണനവും ഗുണനിലവാര നിയന്ത്രണവും

നാളികേര വികസനം, സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള സംയോജിത പരിപാടി

(വിഹിതം 1715.91 ലക്ഷം രൂപ)

ഈ. ഈ. സി. യുടെ സഹായത്തോടെ നടപ്പാക്കി വരുന്ന നാളികേര വികസന പദ്ധതി 1993-94-ലും തുടരുന്നതാണ്. ഫെഡറേഷനും ഈ പദ്ധതിയിൽ പെടുന്ന പ്രാഥമിക വായ്പാ വിതരണ സംഘ യൂണിററിനുള്ള നിക്ഷേപം, ഭരണ നിർവ്വഹണ ചെലവിനും വിപണന സൗകര്യങ്ങൾക്കും ഉൽപ്പന്ന വൈവിധ്യവൽകരണത്തിനും വേണ്ടിവരുന്ന ചെലവുകൾ തുടങ്ങിയവ എൻ. സി. ഡി. സി. വഹിക്കുന്നതാണ്. ഈ ആവശ്യങ്ങൾക്ക് തുക ലഭ്യമാക്കാനാണ് വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നത്.

### സഹകരണം

## ദേശീയ സഹകരണ വികസന കോർപ്പറേഷൻെറ സഹായമുള്ള പദ്ധതികൾ

1. സഹകരണ വിപണന ഫെഡറേഷനുകളിലെ ടെക്നിക്കൽ ആൻറ് പ്രമോഷൻ സെല്ലിലെ സ്ററാഫിൻെറ ചെലവിലേക്കുള്ള സബ്സിഡി

(വിഹിതം 2.00 ലക്ഷം രൂപ)

സംസ്ഥാന സഹകരണ വിപണന ഫെഡറേഷനുകളിലെ ടെക്നിക്കൽ ആൻറ് പ്രമോഷൻ സെല്ലിലെ ടെക്നിക്കൽ സ്ററാഫിൻെറ ചെലവിൻെറ 70% ദേശീയ സഹകരണ വികസന ഫെഡറേഷൻ സബ്സിഡിയായി നൽകി വരുന്നു. ഈ സഹായം ലഭ്യമാക്കാനാണ് തുക വകകൊള്ളിച്ചിരിക്കുന്നത്.

2. ഉപഭോക്തൃ സഹകരണ സംഘങ്ങൾക്ക് ധന സഹായം

(വിഹിതം 1000.00 ലക്ഷം രൂപ)

ഗ്രാമീണ ഉപഭോക്തൃ വികസന പദ്ധതിയുടെ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട ഉപഭോക്തൃ സഹകരണ സംഘങ്ങൾക്ക് വ്യവസായങ്ങൾ തുടങ്ങുന്നതിനും വിദ്യാർത്ഥി സഹകരണ സംഘങ്ങൾക്ക് അവയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും മററുമായി എൻ. സി. ഡി. സി. യിൽനിന്നും ധനസഹായം നൽകി വരുന്നു. ഈ സഹായം ലഭ്യമാക്കാനാണ് അടങ്കൽ തുക വകകൊള്ളിച്ചിരിക്കുന്നത്. കൂടാതെ സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സംയോജിത ഉപഭോക്തൃ വികസന പരിപാടിക്ക് ധനസഹായം നൽകുന്നതിനും ഈ വിഹിതം ചെലവാക്കാവുന്നതാണ്.

3. സഹകരണ സംഭരണ പദ്ധതിയിൻ കീഴിൽ ഗുദാമുകൾ നിർമ്മിക്കുന്നതിനു വായ്പ

(വിഹിതം 50.00 ലക്ഷം രൂപ)

പ്രാഥമിക കാർഷിക വായ്പാ വിതരണ സഹകരണ സംഘങ്ങൾക്കും വിപണന സഹകരണ സംഘങ്ങൾക്കും ഗുദാമുകൾ നിർമ്മിക്കുന്നതിന് നിർമ്മാണ ചെലവിന്റെ 60 ശതമാനം ദീർഘകാല വായ്പയായും, പട്ടികവർഗ്ഗ സംഘങ്ങൾക്ക് 50 ശതമാനം വായ്പയായും, 50 ശതമാനം സബ്സിഡിയായും നൽകിവരുന്നു. എൻ. സി. ഡി. സി. യിൽ നിന്നും ഈ ധനസഹായം ലഭ്യമാക്കാനാണ് തുക വകകൊള്ളിച്ചിരിക്കുന്നത്.

4. കേരള സംസ്ഥാന സഹകരണ വിപണന ഫെഡറേഷന് അതിന്റെ പ്രവർത്തന വികസനത്തിന് വായ്പ

(വിഹിതം 80.00 ലക്ഷം രൂപ)

സംസ്ഥാന സഹകരണ വിപണന ഫെഡറേഷന്റെ പ്രവർത്തനം വികസിപ്പിക്കുന്നതിന് എൻ. സി. ഡി. സി. വായ്പാരീതിയിൽ ധന സഹായം ചെയ്തുവരുന്നു. ഈ സഹായം ലഭ്യമാക്കാനാണ് തുക വകകൊള്ളിച്ചിരിക്കുന്നത്.

5. കേന്ദ്ര അടയ്ക്കാ വിപണന-സംസ്ക്കരണ സഹകരണ സംഘത്തിന് ഓഹരി മൂലധന സംഭാവന

(വിഹിതം 20.00 ലക്ഷം രൂപ)

കേന്ദ്ര അടയ്ക്കാ വിപണന-സംസ്ക്കരണ സംഘത്തിന് അതിന്റെ വികസന പ്രവർത്തനങ്ങൾക്കായി അധിക ഓഹരികൾ ഏടുക്കുന്നതിന് ധനസഹായം ലഭ്യമാക്കാനാണ് തുക വകകൊള്ളിച്ചിരിക്കുന്നത്.

6. കേരള സംസ്ഥാന റബ്ബർ മാർക്കററിംഗ് ഫെഡറേഷന് ധന സഹായം

(വിഹിതം 80.00 ലക്ഷം രൂപ)

സംസ്ഥാന റബ്ബർ മാർക്കററിംഗ് ഫെഡറേഷന് അതിന്റെ പ്രവർത്തനം വിപുലമാക്കാൻ എൻ. സി. ഡി. സി. യിൽ നിന്നും ദീർഘകാല വായ്പ നൽകി വരുന്നു. ഈ സഹായം ലഭ്യമാക്കാനാണ് പദ്ധതി തുക ഉൾക്കൊള്ളിച്ചിരിക്കുന്നത്.

7. പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് വിപണന ഫെഡറേഷന് ഗ്രാന്റ്

(വിഹിതം 5.00 ലക്ഷം രൂപ)

സംസ്ഥാന വിപണന ഫെഡറേഷനുകൾക്ക് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് എൻ. സി. ഡി. സി. സഹായധനം നൽകിവരുന്നു. ഈ സഹായം ലഭ്യമാക്കുന്നതിന് പദ്ധതി തുക വിനിയോഗിക്കാവുന്നതാണ്.

8. സഹകരണപരമായി വികസനം നേടിയിട്ടുള്ള സ്ഥലങ്ങളിലെ വിപണന സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സംഭാവന

(വിഹിതം 50.00 ലക്ഷം രൂപ)

പ്രാഥമിക വിപണന സംഘങ്ങൾക്ക് അവയുടെ മൂലധനശേഷി വർദ്ധിപ്പിക്കുന്നതിനും ദുർബല സംഘങ്ങളെ പുനരുദ്ധരിപ്പിക്കുന്നതിനും ദേശീയ സഹകരണ വികസന കോർപ്പറേഷനിൽ നിന്നും ധനസഹായം ലഭ്യമാക്കാനാണ് അടങ്കൽ തുക വകകൊള്ളിച്ചിരിക്കുന്നത്.

9. പുതിയ സംസ്ക്കരണ യൂണിററുകൾ സ്ഥാപിക്കുന്നതിനും ദുർബല യൂണിററുകളെ പുനരുദ്ധരിക്കുന്നതിനുംവേണ്ടിയുള്ള വായ്പ

(വിഹിതം 100.00 ലക്ഷം രൂപ)

പുതിയ സംസ്ക്കരണ യൂണിററുകൾ സ്ഥാപിക്കുന്നതിനും ദുർബല യൂണിററുകളെ പുനരുദ്ധരിക്കുന്നതിനും വേണ്ടിവരുന്ന ചെലവിന്റെ 65 ശതമാനം എൻ. സി. ഡി. സി. വായ്പയായി നൽകിവരുന്നു. ഈ സഹായധനം ലഭ്യമാക്കാനാണ് വിഹിതം.

10. കോഴി വളർത്തൽ സഹകരണ സംഘങ്ങൾക്ക് ധനസഹായം

(വിഹിതം 2.00 ലക്ഷം രൂപ)

കോഴി വളർത്തൽ സഹകരണ സംഘങ്ങൾക്ക് ഗുദാമുകൾ നിർമ്മിക്കുന്നതിനും, ഉപകരണങ്ങൾ, ട്രക്കുകൾ തുടങ്ങിയവ വാങ്ങുന്നതിനും കോഴിത്തീററ ഉൽപ്പാദന യൂണിററുകൾ സ്ഥാപിക്കുന്നതിനും എൻ. സി. ഡി. സി. യിൽ നിന്നും ധനസഹായം ലഭിച്ചുവരുന്നു. ഈ സഹായം ലഭ്യമാക്കാനാണ് തുക വകകൊള്ളിച്ചിരിക്കുന്നത്.

11. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ഗുദാമുകൾ നിർമ്മിക്കുന്നതിനും, വാഹനങ്ങൾ വാങ്ങുന്നതിനും സംസ്കരണ യൂണിററുകൾ ആരംഭിക്കുന്നതിനും ധനസഹായം

(വിഹിതം 10.00 ലക്ഷം രൂപ)

പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ സംസ്കരണം ചെയ്യുന്നതിന് സംസ്കരണ യൂണിററുകൾ സ്ഥാപിക്കുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ ഫെഡറേഷന് ഗുദാമുകൾ നിർമ്മിക്കുന്നതിനും വാഹനങ്ങൾ വാങ്ങുന്നതിനും എൻ. സി. ഡി. സി. യിൽ നിന്നും ധനസഹായം ലഭ്യമാക്കാനാണ് തുക ഉൾക്കൊള്ളിച്ചിരിക്കുന്നത്.

12. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം

(വിഹിതം 10.00 ലക്ഷം രൂപ)

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് വാഹനങ്ങൾ വാങ്ങുന്നതിനും, ഗുദാമുകൾ പണിയുന്നതിനും, സംസ്കരണ യൂണിററുകൾ സ്ഥാപിക്കുന്നതിനും, സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും എൻ. സി. ഡി. സി. യിൽ നിന്നും ധനസഹായം ലഭ്യമാക്കാനാണ് തുക വകകൊള്ളിച്ചിരിക്കുന്നത്.

13. 'റെയ്ഡ്കോ' യ്ക്ക് ധനസഹായം

(വിഹിതം 20.00 ലക്ഷം രൂപ)

'റെയ്ഡ്കോ'യ്ക്ക് അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഓഹരി മൂലധന സംഭാവന നൽകുന്നതിന് എൻ. സി. ഡി. സി. യിൽ നിന്നും ധനസഹായം ലഭ്യമാക്കാനാണ് അടങ്കൽ തുക വകയിരുത്തിയിരിക്കുന്നത്.

14. തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ സംയോജിത സഹകരണ വികസനം

(വിഹിതം 600.00 ലക്ഷം രൂപ)

വയനാട്, പാലക്കാട്, കോട്ടയം എന്നീ ജില്ലകളിൽ നടപ്പാക്കിവരുന്ന സംയോജിത സഹകരണ വികസന പരിപാടി തുടരുന്നതിനും, ഇടുക്കി, പത്തനംതിട്ട, തൃശ്ശൂർ എന്നീ ജില്ലകളിൽ പുതുതായി ഈ പരിപാടി നടപ്പാക്കുന്നതിനും വേണ്ടി എൻ. സി. ഡി. സി. യിൽ നിന്നും സഹായം ലഭ്യമാക്കാനാണ് തുക വകകൊള്ളിച്ചിരിക്കുന്നത്.

15. പുതിയ എൻ. സി. ഡി. സി. പദ്ധതികൾക്ക് ധനസഹായം

(വിഹിതം 2.00 ലക്ഷം രൂപ)

1993-94 വർഷത്തിൽ എൻ. സി. ഡി. സി. അനുമതി നൽകുന്ന പുതിയ പദ്ധതികൾക്ക് ധനസഹായം ലഭ്യമാക്കാൻ തുക വകയിരുത്തിയിരിക്കുന്നു.

16. കർഷക സേവന സംഘങ്ങൾ—ഓഹരി മൂലധന സംഭാവന

(വിഹിതം 2.00 ലക്ഷം രൂപ)

സഹകരണാടിസ്ഥാനത്തിൽ കർഷക സേവന സംഘങ്ങൾ സ്ഥാപിക്കാൻ എൻ.സി.ഡി.സി. ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കൂടുതൽ ജനവാസമുള്ള സ്ഥലങ്ങളിൽ സഹകരണ സംഘങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പുകളുടേയും ചുമതല 'ഇഫ്കോ' സംസ്ഥാന സഹകരണ വിപണന ഫെഡറേഷൻ, സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ തുടങ്ങിയ ഏജൻസികൾ ഏറ്റെടുക്കുന്നു. ഈ പദ്ധതിക്ക് എൻ. സി. ഡി. സി. യിൽ നിന്നും വായ്പയായി സംസ്ഥാന സർക്കാറിന് ലഭിക്കുന്ന ധനസഹായം ഓഹരി മൂലധനമായി സംഘങ്ങൾക്ക് വിതരണം ചെയ്യപ്പെടുന്നു. എൻ.സി.ഡി.സി. യിൽ നിന്നും ധനസഹായം ലഭ്യമാക്കാനാണ് തുക വകകൊള്ളിച്ചിരിക്കുന്നത്.

17. സംസ്ഥാന സഹകരണ വിപണന ഫെഡറേഷന്റെ പുനരുദ്ധാരണ പദ്ധതി

(വിഹിതം 100.00 ലക്ഷം രൂപ)

സംസ്ഥാന സഹകരണ വിപണന ഫെഡറേഷന്റെ പുനരുദ്ധാരണത്തിനുള്ള ഒരു സമഗ്ര പദ്ധതി സംസ്ഥാന സർക്കാരിന്റെ പരിഗണനയിലുണ്ട്. ഈ പദ്ധതിയുടെ മൊത്തം ചെലവിന്റെ 80 ശതമാനം എൻ. സി. ഡി. സി. യിൽ നിന്നും വായ്പയായി സംസ്ഥാന സർക്കാരിനു ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സഹായം ലഭ്യമാക്കാനാണ് അടങ്കൽ തുക വക കൊള്ളിച്ചിരിക്കുന്നത്.

18. സംയോജിത റബ്ബർ വികസന പദ്ധതി

(വിഹിതം 500.00 ലക്ഷം രൂപ)

റബ്ബറിന്റെ ഉല്പാദനം, സംഭരണം, വിപണനം, സംസ്ക്കരണം തുടങ്ങിയ മേഖലകൾ വികസിപ്പിക്കുന്നതിനു സംസ്ഥാന റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ഒരു സംയോജിത റബ്ബർ വികസന പദ്ധതി തയ്യാറാക്കിയിരിക്കുന്നു. ഈ പദ്ധതി 5 വർഷം കൊണ്ട് നടപ്പാക്കേണ്ടതാണ്. ഈ പദ്ധതിയുടെ മൊത്തം ചെലവ് 55.00 കോടി രൂപയാണ്. ഈ ചെലവിന്റെ 80 ശതമാനം എൻ. സി. ഡി. സി. സംസ്ഥാന സർക്കാരിന് വായ്പയായി നല്കുന്നതാണ്. ഇങ്ങനെ ലഭ്യമാകുന്ന വായ്പയുടെ 60 ശതമാനം സംഘങ്ങൾക്ക് വായ്പയായും 20 ശതമാനം ഓഹരി മൂലധന സംഭാവനയായും സർക്കാർ നൽകേണ്ടതാണ്. എൻ. സി. ഡി. സി. യിൽ നിന്നും സഹായം ലഭ്യമാക്കാനാണ് തുക വകകൊള്ളിച്ചിരിക്കുന്നത്.

19. റെയ്ഡ്കോയുടെ ഭക്ഷ്യ-പഴവർഗ്ഗ സംസ്ക്കരണ യൂണിറ്റുകൾ

(വിഹിതം 200.00 ലക്ഷം രൂപ)

കേരളത്തിൽ ഭക്ഷ്യ പഴവർഗ്ഗ സംസ്ക്കരണ യൂണിറ്റുകൾ രൂപീകരിക്കുന്നതിന്റെ സാദ്ധ്യതകളെക്കുറിച്ച് 'റെയ്ഡ്കോ' നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 16.62 കോടി രൂപ ചെലവുവരുന്ന 15 പ്രോജക്ടുകൾ തെരഞ്ഞെടുത്തു. സംസ്കരണ സംഘങ്ങൾക്ക് ധനസഹായം ചെയ്യുന്ന നിലവിലുള്ള രീതിയനുസരിച്ച് ഈ പദ്ധതിയുടെ ചെലവിന്റെ 70% എൻ സി.ഡി.സി. വായ്പയായി നല്കുന്നു. ഈ സഹായം ലഭ്യമാക്കാനാണ് തുക ഉൾക്കൊള്ളച്ചിരിക്കുന്നത്.

20. ലോക ബാങ്കിന്റെ സഹായമുള്ള എൻ. സി. ഡി. സി.-IV സ്റ്റോറേജ് പദ്ധതി

(വിഹിതം 250.00 ലക്ഷം രൂപ)

ലോക ബാങ്കിന്റെ സഹായമുള്ള എൻ. സി. ഡി. സി-IV സ്റ്റോറേജ് പദ്ധതി 1993-94 വർഷത്തിൽ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഈ പ്രോജക്ടിന്റെ കാലാവധി 5 വർഷമാണ്. ഈ പദ്ധതി പ്രകാരം 90500 മെട്രിക് ടൺ സംഭരണ ശേഷിയുള്ള 500 ഗുദാമുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതിക്ക് 42.65 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഈ ചെലവിന്റെ 85% എൻ. സി. ഡി. സി. വഹിക്കുന്നു. ഇതിൽ 50 ശതമാനം സംസ്ഥാന സഹകരണ ബാങ്ക് മുഖേനയും ബാക്കി 35 ശതമാനം സംസ്ഥാന സർക്കാരിന് വായ്പയായും ലഭ്യമാകുന്നു. എൻ.സി. ഡി.സി. യിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട വിഹിതം ലഭ്യമാക്കാനാണ് ഈ തുക വക കൊള്ളിച്ചിരിക്കുന്നത്.

## കൈത്തറി വ്യവസായം

പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾക്കും അപ്പക്സ് സൊസൈററിയ്ക്കും ഗുദാം, പണിപ്പുര, സംസ്ക്കരണ കേന്ദ്രം, പ്രദർശനശാല മുതലായവയുടെ നിർമ്മാണവും, സ്വന്തമായി തറികളില്ലാത്ത നെയ്ത്തുകാർക്കു വേണ്ടിയുള്ള പുനരധിവാസഉൽപാദന പരിപാടിയും (കേന്ദ്ര വിഹിതം 75 ശതമാനം)

(വിഹിതം 105.00 ലക്ഷം രൂപ)

ഈ പദ്ധതിയുടെ മൊത്തം ചെലവിന്റെ 75 ശതമാനം എൻ. സി. ഡി. സി. സംസ്ഥാന സർക്കാരിന് വായ്പയായി നൽകുന്നു. സംസ്ഥാന സർക്കാർ ഈ തുകയുടെ 50 ശതമാനം വായ്പയായും 25 ശതമാനം ഓഹരിയായും 20 ശതമാനം ഗ്രാൻറായും കൈത്തറി സഹകരണ സംഘങ്ങൾക്കു നൽകുന്നു. മൊത്തം ചെലവിന്റെ 5 ശതമാനം ഗുണഭോക്താക്കളായ സംഘങ്ങൾ നൽകേണ്ടതാണ്. അപ്പെക്സ് സൊസൈററിയുടെ കാര്യത്തിൽ 75 ശതമാനം വായ്പയായും 25 ശതമാനം ഓഹരിയുമായാണ് തുക നൽകുന്നത്. മൊത്തം വിഹിതത്തിന്റെ ഒരുഭാഗം സ്വന്തമായി തറികളില്ലാത്ത നെയ്ത്തുകാർക്കു വേണ്ടിയുള്ള പുനരധിവാസ ഉൽപ്പാദന പരിപാടിയുടെ നടത്തിപ്പിനും കൈത്തറി ഗ്രാമ പദ്ധതിയ്ക്കുമായി വിനിയോഗിക്കുന്നതാണ്. കൂടാതെ 61 ഗ്രാമങ്ങളിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന യന്ത്രത്തറി ഗ്രാമ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്കായും ഈ തുകയിൽ നിന്നും ചെലവഴിക്കുന്നതാണ്.

## കയർ വ്യവസായം

1. സംസ്ക്കരണ യൂണിററുകൾ സ്ഥാപിക്കുന്നതിനും പണിപ്പുരകൾ നിർമ്മിക്കുന്നതിനുമുള്ള വായ്പ

(വിഹിതം 35.00 ലക്ഷം രൂപ)

സംസ്ക്കരണ യൂണിററുകൾ സ്ഥാപിക്കുന്നതിന് കയർ സഹകരണ സംഘങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുന്നു. ഇതിന് ചെലവാകുന്ന തുകയുടെ 95 ശതമാനവും എൻ. സി. ഡി. സി. വായ്പയായി സർക്കാരിന് നൽകുന്നു. ഇതിന് വേണ്ടി വരുന്ന ചെലവിലേക്കാണ് പദ്ധതിയിൽ വിഹിതം വകകൊള്ളിച്ചിട്ടുള്ളത്.

2. പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് കയർ വിപണന ഫെഡറേഷനും കയർ സഹകരണ സംഘങ്ങൾക്കും സഹായധനം

(വിഹിതം 1.00 ലക്ഷം രൂപ)

സംസ്ക്കരണ യൂണിററുകൾ സ്ഥാപിക്കുന്നതിനു വേണ്ട പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് കയർ വിപണന ഫെഡറേഷന് ചെലവാകുന്ന മുഴുവൻ തുകയും എൻ. സി. ഡി. സി. വഹിക്കുന്നതാണ്. ഇതിനുവേണ്ടി 1993-94 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം രൂപ ഉൾപ്പെടുത്തിയിരിക്കുന്നു.

3. കയർ വിപണന ഫെഡറേഷനിൽ ടെക്നിക്കൽ ആൻറ് പ്രൊമോഷണൽ സെൽ സ്ഥാപിക്കുന്നതിന് ധനസഹായം

(വിഹിതം 1.00 ലക്ഷം രൂപ)

കയർ വിപണന ഫെഡറേഷനിൽ ഒരു ടെക്നിക്കൽ ആൻറ് പ്രൊമോഷണൽ സെൽ സ്ഥാപിക്കുന്നതിനും അതിലെ ഉദ്യോഗസ്ഥൻമാരുടെ ശമ്പളത്തിന്റെയും ഫെഡറേഷന്റെ കീഴിൽ പ്രവൃത്തിക്കുന്ന സൊസൈററികൾക്കു വേണ്ട സാങ്കേതിക സഹായവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനു വേണ്ടിവരുന്ന ചെലവിന്റെയും 90 ശതമാനം എൻ. സി. ഡി. സി. സബ്സിഡിയായി നൽകുന്നു. ഇതിനുവേണ്ടി വരുന്ന ചെലവിലേക്കാണ് തുക വകയിരുത്തിയിട്ടുള്ളത്.

4. കയർ വിപണന ഫെഡറേഷന് വാഹനം വാങ്ങാൻ വായ്പ

(വിഹിതം 5.00 ലക്ഷം രൂപ)

കയർ വിപണന ഫെഡറേഷനു വാഹനങ്ങൾ വാങ്ങുന്നതിനാവശ്യമായ തുകയുടെ 50 ശതമാനം എൻ. സി. ഡി. സി. വായ്പയായി നൽകുന്നു. 1993-94-ൽ ഈ പദ്ധതിക്കു വേണ്ടി വരുന്ന ചെലവിലേക്കാണ് തുക വകയിരുത്തിയിട്ടുള്ളത്.

5. യന്ത്രവൽകൃത ട്രെഡിൽ റാട്ടുകളിൽ പരിശീലനം നൽകുന്നതിന് സഹായധനം

(വിഹിതം 10.00 ലക്ഷം രൂപ)

ഈ പദ്ധതി പ്രകാരം 25,000 പരമ്പരാഗത കയർ തൊഴിലാളികൾക്ക് ട്രെഡിൽ റാട്ടുകളിൽ പരിശീലനം നൽകുന്നതിന് 800 രൂപാ വീതം സ്റൈറപ്പൻറായും 1,200 രൂപ വീതം വരുന്ന പരിശീലന ചെലവിന്റെ 50 ശതമാനം സബ്സിഡിയായും നൽകുന്നതിന് എൻ. സി. ഡി. സി. യിൽ നിന്നു പ്രതീക്ഷിക്കുന്ന ധനസഹായമാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

6. യന്ത്രവൽകൃത ട്രെഡിൽ റാട്ടുകൾ ഡീഫൈബറിംഗ് മില്ലുകൾ എന്നിവ തുടങ്ങുന്നതിനുള്ള സംയോജിത കയർ വികസന പദ്ധതി (വായ്പ)

(വിഹിതം 100.00 ലക്ഷം രൂപ)

ഈ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി വരുന്ന മൊത്തം ചെലവിലേക്കുള്ള എൻ. സി. ഡി. സി. സഹായമാണ് (50 ശതമാനം) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

7. കയർ ഫെഡ് കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന്

(വിഹിതം 0.10 ലക്ഷം രൂപ)

കയർ ഫെഡ് കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് വേണ്ടിവരുന്ന മൊത്തം ചെലവും എൻ. സി. ഡി. സി. സംസ്ഥാന സർക്കാരിന് തിരിച്ചു നൽകുന്നതാണ്. ഇതിനായി 6.00 ലക്ഷം രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കി വരികയാണ്. ഇതിന് വേണ്ടിവരുന്ന ചെലവിലേക്കാണ് പദ്ധതിയിൽ വിഹിതം ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(സി) യൂണിസെഫ് സഹായ പദ്ധതികൾ

## ഗ്രാമ വികസനം

ഗ്രാമീണ വനിതാ ശിശു വികസനം

(വിഹിതം 25.00 ലക്ഷം രൂപ)

ഡി. ഡബ്ല്യു. സി. ആർ. എ. പദ്ധതിയനുസരിച്ച് 1993-94-ൽ 300 വനിതാഗ്രൂപ്പുകൾ സംഘടിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. യൂണിസെഫിൽനിന്നു താഴെപ്പറയുന്ന സഹായം പ്രതീക്ഷിക്കുന്നു.

| | |
|---|---|
| റിവോൾവിംഗ് ഫണ്ട് | 15.00 ലക്ഷം രൂപ |
| ശമ്പള ചെലവ് | 10.00 ലക്ഷം രൂപ |
| ആകെ | 25.00 ലക്ഷം രൂപ |

# അനുബന്ധം സി

## 50 ശതമാനം ധനസഹായമുള്ള കേന്ദ്രാവിഷ്കൃതപദ്ധതികൾ

### കൃഷി

**1. ദേശീയ പയറുകൃഷി വികസന പദ്ധതി**

(വിഹിതം 10.00 ലക്ഷം രൂപ)

ഈ പദ്ധതിയുടെ ഭാഗമായി മിനിക്കിറ്റ് പ്രദർശനങ്ങൾ, ബ്ലോക്ക് പ്രദർശന തോട്ടങ്ങൾ, സസ്യസംരക്ഷണം, റൈസോബിയ കൾച്ചർ വിതരണം എന്നിവ സംഘടിപ്പിക്കും. ഇതിലേക്കുവേണ്ട കേന്ദ്ര വിഹിതം ലഭ്യമാക്കാനാണ് പദ്ധതി തുക ഉൾക്കൊള്ളിച്ചിരിക്കുന്നത്.

**2. കോക്കനട്ട് ബോർഡ് പരിപാടി—ചെറുകിട തോട്ടങ്ങളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഏകോപിത പരിപാടി**

(വിഹിതം 70.00 ലക്ഷം രൂപ)

ഈ കേന്ദ്രാവിഷ്കൃത പദ്ധതിയനുസരിച്ച് ചെറുകിട കേരകർഷകർക്ക് ജലസേചനത്തിനും മററ് വികസന പ്രവർത്തനങ്ങൾക്കും സഹായധനം ലഭ്യമാക്കും. 1991-92-ൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള 20 യൂണിററുകളിൽ ഈ പ്രവർത്തനങ്ങൾ തുടരുന്നതിനുവേണ്ട കേന്ദ്രവിഹിതമാണ് പദ്ധതി തുക.

**3. ററി × ഡി സങ്കരയിനം തെങ്ങിൻ തൈകളുടെ ഉൽപാദനവും വിതരണവും**

(വിഹിതം 15.00 ലക്ഷം രൂപ)

ഈ പദ്ധതി അനുസരിച്ച് ആണ്ടുതോറും 50,000 സങ്കരയിനം തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ചെലവിൻെറ 50 ശതമാനം കേന്ദ്രസർക്കാർ നൽകിവരുന്നു. ഈ സഹായം ലഭ്യമാക്കാനാണ് വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നത്.

**4 മെച്ചപ്പെട്ട കാർഷിക ഉപകരണങ്ങളുടെ വിതരണം**

(വിഹിതം 3.00 ലക്ഷം രൂപ)

കർഷക സേവന കേന്ദ്രങ്ങൾ മെച്ചപ്പെട്ട കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ചെലവിൻെറ 50 ശതമാനം കേന്ദ്രസഹായം ലഭിച്ചുവരുന്നു. ഈ സഹായധനം ലഭ്യമാക്കാൻ തുക നീക്കി വച്ചിരിക്കുന്നു.

**5. നാളികേര ബോർഡ് പരിപാടി—തെങ്ങിൻ തോട്ടങ്ങളിൽ ജലസേചനം**

(വിഹിതം 7.00 ലക്ഷം രൂപ)

തെങ്ങിൻ തോട്ടങ്ങളിൽ ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിന് 1,000 രൂപ നിരക്കിൽ ധനസഹായം പമ്പുസെററുകൾ സ്ഥാപിക്കുന്നതിന് നൽകിവരുന്നു. ഇപ്രകാരം 1993-94-ൽ 1400 പമ്പുസെററുകൾ സ്ഥാപിക്കാൻ വേണ്ടിവരുന്ന തുകയുടെ 50 ശതമാനം കേന്ദ്രവിഹിതമാണ് വകയിരുത്തിയിട്ടുള്ളത്.

### മൃഗ സംരക്ഷണം

### II മൃഗചികിൽസയും മൃഗാരോഗ്യവും

**1. കന്നുകാലി വികസനത്തിനുള്ള മൃഗസംരക്ഷണ സേവനങ്ങൾ**

(വിഹിതം 35.00 ലക്ഷം രൂപ)

തിരുവനന്തപുരം, കൊല്ലം പത്തനംതിട്ട എന്നീ മൂന്ന് തെക്കൻ ജില്ലകളിൽ വ്യാപിച്ചിട്ടുള്ള ദേശീയ പ്രാധാന്യമുള്ള കന്നുകാലി രോഗങ്ങൾ, കാലിവസന്ത, കുളമ്പ് രോഗം എന്നിവയെ അടിസ്ഥാനപരമായി നിയന്ത്രിച്ച് ഒരു രോഗ വിമുക്തമേഖല സൃഷ്ടിക്കുക എന്നതാണ് കേന്ദ്രാവിഷ്കൃതമായ ഈ പദ്ധതിയുടെ ലക്ഷ്യം. റിൻറർപെസ്ററ് രോഗത്തിനും പേവിഷബാധയ്ക്കും എതിരേയുള്ള കുത്തിവയ്പും ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പരിപാടിയുടെ നടത്തിപ്പിലേക്കായി 1993-94-വർഷത്തേക്കുള്ള കേന്ദ്രവിഹിതമാണ് ഈ തുക. രോഗത്തിന് നിദാനമായ വൈറസ് വംശത്തെ കണ്ടെത്തുന്നതിനും ചെലവ് കുറഞ്ഞ ഫലപ്രദമായ മാർഗ്ഗത്തിലൂടെ അവയെ നിയന്ത്രിക്കുന്നതിനും ഉപയുക്തമായ ഒരു വൈറസ് ടൈപ്പിംഗ് കേന്ദ്രം സ്ഥാപിക്കുന്നതിനും ഈ വിഹിതം ഉപയോഗിക്കേണ്ടതാണ്.

**2. സംസ്ഥാന വെററിനറി കൗൺസിൽ**

(വിഹിതം 1.50 ലക്ഷം രൂപ)

1984-ലെ ഇൻഡ്യൻ വെററിനറി കൗൺസിൽ ആക്ട് പ്രകാരം സ്ഥാപിച്ചിട്ടുള്ള കേരള സംസ്ഥാന വെററിനറി കൗൺസിലിൻെറ തുടർന്നുള്ള നടത്തിപ്പിനാവശ്യമായ ഓഫീസ് ചെലവിലേക്കും ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം നൽകുന്നതിനും വാഹനത്തിൻെറ അററകുററപ്പണിക്കുമായിട്ടുള്ള കേന്ദ്രവിഹിതമായി ഈ തുക വകയിരുത്തിയിരിക്കുന്നു,

### വിശദമായ അന്വേഷണ പഠനങ്ങളും സ്ഥിതിവിവര കണക്കുകളുടെ ശേഖരണവും

**1. കന്നുകാലി സെൻസസ്**

(വിഹിതം 13.50 ലക്ഷം രൂപ)

പതിനഞ്ചാമത് കന്നുകാലി സെൻസസിൻെറ ചെലവിലേക്കുള്ള കേന്ദ്രവിഹിതമായി തുക ഉൾപ്പെടുത്തിയിരിക്കുന്നു.

**2. മൃഗസംരക്ഷണ സ്ഥിതിവിവര കണക്കും സാമ്പിൾ സർവ്വേയും**

(വിഹിതം 10.00 ലക്ഷം രൂപ)

പ്രധാന മൃഗോൽപന്നങ്ങളുടെ ഉൽപാദനം തിട്ടപ്പെടുത്താനായി നടത്തിവരുന്ന സാമ്പിൾ സർവ്വേകൾ തുടർന്നു നടത്തുന്നതിനും മൃഗസംരക്ഷണ ഡയറക്ടറേററിൽ പ്രവർത്തിക്കുന്ന സ്ററാററിസ്ററിക്കൽ സെല്ലിനെ പുനഃസജ്ജീകരിച്ച് ഫലപ്രദവും വിശ്വാസവുമായ വിവരങ്ങൾ നൽകാൻ പ്രാപ്തമാക്കുന്നതിനും ഈ പരിപാടികൊണ്ടുദ്ദേശിക്കുന്നു.

ഈ പരിപാടിയുടെ നടത്തിപ്പിലേക്കുള്ള ചെലവുകൾക്കും ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കുന്നതിനും കേന്ദ്രവിഹിതമായ ഈ തുക വിനിയോഗിക്കേണ്ടതാണ്.

## കന്നുകാലി/എരുമ വളർത്തൽ

1. ദേശീയ വിത്തുകാള വികസന പരിപാടി

(വിഹിതം 45.00 ലക്ഷം രൂപ)

ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ സർക്കാരിന്റെ കന്നുകാലി വംശവർദ്ധന ഫാമുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. തെരഞ്ഞെടുത്ത നല്ലയിനം പശുക്കളിൽ തെളിയിക്കപ്പെട്ട പിതൃഗുണമുള്ള കാളകളുടെ മേററിംഗ് വഴി വികസിപ്പിച്ചെടുത്ത 230 വിത്തു കാളകളുടെ ഒരു ശേഖരത്തെ സ്ഥിരമായി നിലനിർത്തത്തക്ക വിധത്തിൽ കെ. എൽ. ഡി. ബോർഡിന്റെ മൂന്നു ബുൾസ്റേറഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതാണ്.

ഇതിനുപുറമെ നല്ലയിനം വിത്തുകാളകളെ വികസിപ്പിച്ചെടുക്കുന്ന പരിപാടിയിൽ സന്നദ്ധസംഘടനകളെയും സ്വകാര്യവ്യക്തികളെയും പങ്കാളികളാക്കാനും ഉദ്ദേശമുണ്ട്. ഇതിന്റെ ചെലവിലേക്കുള്ള കേന്ദ്രവിഹിതമായി ഈ തുക ഉൾപ്പെടുത്തിയിരിക്കുന്നു.

## പന്നി വളർത്തുന്നതിനായുള്ള ദേശീയ പരിപാടി

(വിഹിതം 30.00 ലക്ഷം രൂപ)

പ്രജനനാവശ്യത്തിലേക്ക് ഗുണമേൻമയുള്ള പന്നികളെ സർക്കാർ പന്നി വളർത്തൽ കേന്ദ്രങ്ങളിൽ ഉൽപ്പാദിപ്പിക്കാനുള്ളതാണ് ഈ പരിപാടി. ഇതിനുപുറമെ ഉൽപ്പാദന കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും പന്നിവളർത്തൽ/പ്രജനന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനും കേന്ദ്ര വിഹിതമായ തുക വിനിയോഗിക്കേണ്ടതാണ്.

## ആട് വളർത്തൽ

1. മുട്ടനാടുകളെ വളർത്താനുള്ള ദേശീയ പരിപാടി

(വിഹിതം 28.00 ലക്ഷം രൂപ)

നല്ല ഉൽപ്പാദനശേഷിയുള്ള 'മലബാറി' മുട്ടനാടുകളിൽ നിന്നും ഏററവും മെച്ചപ്പെട്ടവയെ തെരഞ്ഞെടുത്ത് വംശവർദ്ധനയ്ക്കായി ഉപയോഗിക്കുന്നതിനെ പ്രോൽസാഹിപ്പിക്കുക എന്നതാണ് ഈ ദേശീയ പരിപാടി കൊണ്ടുദ്ദേശിക്കുന്നത്. തൽപ്പരരായ കർഷകർക്ക് മൃഗചികിൽസാ സൗകര്യങ്ങളും മററു പ്രോൽസാഹനങ്ങളും നൽകുന്നതാണ്.

ഈ പരിപാടിയുടെ നടത്തിപ്പിനായി കേന്ദ്രവിഹിതമായ തുക വകയിരുത്തിയിരിക്കുന്നു.

## കാലിത്തീററയും തീററപ്പുൽ കൃഷി വികസനവും

(വിഹിതം 70.00 ലക്ഷം രൂപ)

സിൽവി പാസ്ചർ സമ്പ്രദായം വികസിപ്പിക്കുന്നതിന് സഹായം നൽകുക എന്നതാണ് ഈ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഉദ്ദേശം. മേൽത്തരം തീററപുൽകൃഷിക്കുവേണ്ട നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുവാനായി വലിയതുറ ഫാമിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതാണ്. കെ. എൽ. ഡി. ബോർഡ് അവരുടെ ഫാമിലൂടെയും രജിസ്ററർ ചെയ്തിട്ടുള്ള കൃഷിക്കാരിലൂടെയും തീററപ്പുൽ വിത്തിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതാണ്. ഇതിനുപുറമെ കെ. എൽ. ഡി. ബോർഡ് പീരുമേട്ടിൽ ഒരു ഫോഡർ ബാങ്ക് സ്ഥാപിക്കുന്നതാണ്. 100 ഹെക്ടർ സ്ഥലത്ത് പുൽ കൃഷി ചെയ്യുന്നതും തിരഞ്ഞെടുത്ത കർഷകർക്ക് അവരുടെ സ്ഥലങ്ങളിൽ സിൽവി പാസ്ചർ സമ്പ്രദായം വികസിപ്പിക്കുന്നതിനും സെല്ലുലോസ് വേയ്സ്ററ് സമ്പുഷ്ടമാക്കുന്നതിനും സഹായം നൽകുന്നതുമാണ്. ഈ പരിപാടികൾ ക്ഷീരവികസന വകുപ്പായിരിക്കും നടപ്പാക്കുക.

സ്കീമിന്റെ നടത്തിപ്പിലേക്കുള്ള കേന്ദ്രവിഹിതമായി തുക വകകൊള്ളിച്ചിരിക്കുന്നു.

## മററു പദ്ധതികൾ

1. മുയൽ വളർത്തൽ വ്യാപകമാക്കാനുള്ള പൈലററ് പ്രോജക്ട്

(വിഹിതം 1.50 ലക്ഷം രൂപ)

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നിലവിലുള്ള മുയൽ വളർത്തു കേന്ദ്രങ്ങളെ വികസിപ്പിക്കാനും മുയലിറച്ചിക്കുവേണ്ടി ഡിപ്പാർട്ടുമെൻറ് ഫാമുകളിൽ പുതിയ പ്രജനന യൂണിററുകൾ തുടങ്ങാനും ഉദ്ദേശിക്കുന്നു.

ഈ പരിപാടികൾ നടപ്പാക്കാനുള്ള കേന്ദ്രവിഹിതമായി തുക ഉൾപ്പെടുത്തിയിരിക്കുന്നു.

## പൊതുമേഖലാ നിക്ഷേപങ്ങൾ

1. മീററ് പ്രൊഡക്ററ്സ് ഓഫ് ഇൻഡ്യ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കുള്ള കേന്ദ്രസഹായം

(വിഹിതം 20.00 ലക്ഷം രൂപ)

മീററ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യ നടപ്പാക്കുന്ന താഴെ വിവരിക്കുന്ന പദ്ധതികൾക്ക് സാമ്പത്തിക സഹായം ചെയ്യുന്നതിനുള്ളതാണ് വകയിരുത്തിയിട്ടുള്ള തുക.

1. കയററുമതിക്കായി പോത്തിറച്ചി തയ്യാറാക്കുന്ന ഫാക്ടറി.

2. പന്നി ഇറച്ചി തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം.

3. ആട്ടിറച്ചി തയ്യാർ ചെയ്യുന്നതിനുവേണ്ട അറവു സൗകര്യങ്ങൾ.

4. കോഴി ഇറച്ചി തയ്യാർ ചെയ്യാനുള്ള ശാല.

5. വിപണന സൗകര്യം വികസിപ്പിക്കൽ.

ഇതിൽ ഓരോ സ്കീമിനും കേന്ദ്ര ഗവൺമെൻറിന്റെ ഭരണാനുമതി കിട്ടിയതിനുശേഷം മാത്രമെ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിഹിതം റിലീസ് ചെയ്യുകയുള്ളു.

ഈ പരിപാടിയുടെ നടത്തിപ്പിനായിട്ടുള്ള കേന്ദ്രവിഹിതമായി തുക വകയിരുത്തിയിരിക്കുന്നു.

2. പൗൾട്രി ഡെവലപ്പ്മെൻറ് കോർപ്പറേഷൻ സ്ഥാപിക്കുന്ന ഫീഡ് മിക്സിങ്ങ് ഫാക്ടറിക്കുള്ള കേന്ദ്രസഹായം

(വിഹിതം 10.00 ലക്ഷം രൂപ)

പൗൾട്രി ഡെവലപ്പ്മെൻറ് കോർപ്പറേഷൻ സ്ഥാപിക്കുന്ന ഫീഡ് മിക്സിങ്ങ് പ്ലാൻറിനുള്ള 50 ശതമാനം കേന്ദ്രവിഹിതം ഇൻഡ്യാ ഗവൺമെൻറ് നേരത്തെ തന്നെ അനുവദിച്ചിരുന്നു.

1992-93 വർഷത്തിൽ ബഡ്ജററിൽ പ്രത്യേകം തുക വകകൊള്ളിക്കാത്തതുകൊണ്ട് ഈ കേന്ദ്ര വിഹിതവും, സംസ്ഥാന വിഹിതവും കോർപ്പറേഷന് ലഭ്യമാക്കുവാൻ കഴിഞ്ഞില്ല.

കോർപ്പറേഷന് 1993-94 വർഷത്തിൽ ഈ ഇനത്തിൽ 20 ലക്ഷം രൂപ ലഭ്യമാക്കുന്നതിനുള്ള 50 ശതമാനം കേന്ദ്ര വിഹിതമായി തുക വകയിരുത്തിയിരിക്കുന്നു.

3. പൗൾട്രി ഡെവലപ്പ്മെൻറ് കോർപ്പറേഷൻ നടപ്പാക്കുന്ന സംസ്ഥാന സഹായമുള്ള കേന്ദ്രാവിഷ്കൃത എഗ്ഗ് കാർട്ടൂൺ പരിപാടി

(വിഹിതം 10.00 ലക്ഷം രൂപ)

എഗ്ഗ് കാർട്ടൺ പരിപാടി നടപ്പാക്കുന്നതിന് പൗൾട്രി ഡെവലപ്പ്മെൻറ് കോർപ്പറേഷന് ഇൻഡ്യാ ഗവൺമെൻറ് 50 ശതമാനം സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഈ പരിപാടിക്കുള്ള 50 ശതമാനം കേന്ദ്ര വിഹിതമായ തുക കേന്ദ്ര ഗവൺമെൻറിൻെറ ഭരണാനുമതി കിട്ടിയതിനുശേഷം മാത്രമെ ഉപയോഗിക്കാൻ പാടുള്ളൂ.

## ക്ഷീര വികസനം

1. ഓപ്പറേഷൻ ഫ്ളഡ് പരിപാടിയിൽപ്പെടാത്ത പ്രദേശത്തെ ക്ഷീര വിജ്ഞാന വ്യാപനത്തിനു വേണ്ടിയുള്ള ദേശീയ പരിപാടി

(വിഹിതം 20.00 ലക്ഷം രൂപ)

ഈ പരിപാടിയനുസരിച്ച് ഓപ്പറേഷൻ ഫ്ളഡ് ഏരിയയ്ക്ക് പുറമെ പ്രവർത്തിക്കുന്ന (ഓപ്പറേഷൻ ഫ്ളഡ് ജില്ലകളിൽപ്പെടുന്നതും എന്നാൽ ഈ പരിപാടിയിലുൾപ്പെടാത്തതുമായ പ്രദേശം) ക്ഷീരസഹകരണ സംഘങ്ങൾക്ക് പാൽ-പാൽ ഉല്പന്ന വിപണന പരിപാടികളുടെ വികസനാർത്ഥം ധനസഹായം ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

സംഘങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര വിഹിതമായ ഈ തുക വിനിയോഗിക്കുന്നതാണ്.

2 ക്ഷീര സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായം

(വിഹിതം 20.00 ലക്ഷം രൂപ)

പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ആവശ്യമായ പ്രാരംഭമുതൽമുടക്കിന് സബ്സിഡികൊടുക്കുന്നതിനും ആദ്യവർഷങ്ങളിലെ പരിമിത പ്രവർത്തനംമൂലം ഉണ്ടായേക്കാവുന്ന നഷ്ടം പരിഹരിക്കുന്നതിനും കേന്ദ്രാവിഷ്കൃതമായ ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നു. ഇതിൽ രണ്ടാമത് പറഞ്ഞിരിക്കുന്ന തരത്തിലുള്ള സഹായം വിദൂര സ്ഥലങ്ങളിലെ ഉൾപ്രദേശങ്ങളിൽ പൊതുനൻമയെ ലാക്കാക്കി നഷ്ടം സഹിച്ചും പ്രവർത്തിക്കുവാൻ നിർബന്ധിതമാകുന്ന സൊസൈററികൾക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

ഈ പരിപാടിക്ക് വേണ്ടിയുള്ള കേന്ദ്രവിഹിതമായി ഈ തുക വകയിരുത്തിയിരിക്കുന്നു.

## മത്സ്യ വികസനം

1. പൊതുമേഖലയിൽ ഓരുജല മത്സ്യ കൃഷിയിടങ്ങൾ

(വിഹിതം 10.00 ലക്ഷം രൂപ)

പൊയ്യ, ആയിരംതെങ്ങ് എന്നീ ഫാമുകളിലെ പണികൾ പൂർത്തീകരിച്ച് അവയെ മാതൃകാകൃഷിയിടമാക്കുന്നതിനുള്ള ചെലവിൻെറ കേന്ദ്ര വിഹിതമാണ് കൊള്ളിച്ചിരിക്കുന്നത്.

2. ചെമ്മീൻ മുട്ട വിരിപ്പു കേന്ദ്രങ്ങൾ

(വിഹിതം 5.00 ലക്ഷം രൂപ)

ചെമ്മീൻ വിത്തുൽപ്പാദിപ്പിക്കുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരമുള്ള വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനും അവർക്ക് സഹായം നൽകുന്നതിനുള്ള കേന്ദ്രവിഹിതമാണ് തുക.

3. മത്സ്യ കർഷക വികസന ഏജൻസികൾ

(വിഹിതം 37.50 ലക്ഷം രൂപ)

മൽസ്യ കൃഷിയിലേർപ്പെടുന്ന കർഷകർക്ക് ആവശ്യമായ സഹായധനം, വിത്ത്, തീററ, സാങ്കേതിക അറിവ് വായ്പാ സൗകര്യം എന്നിവ ലഭ്യമാക്കി ശുദ്ധജല മൽസ്യ കൃഷി വികസിപ്പിക്കുന്നതിനുവേണ്ടിയാണ് കേന്ദ്രവിഹിതം കൊള്ളിച്ചിരിക്കുന്നത്.

4. ദേശീയ വിത്തുൽപ്പാദന കേന്ദ്രങ്ങൾ

(വിഹിതം 10.00 ലക്ഷം രൂപ)

മലമ്പുഴയിലേയും പോളച്ചിറയിലേയും ദേശീയ വിത്തുൽപ്പാദന കേന്ദ്രങ്ങളിൽ അധിക ഉൽപ്പാദനത്തിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവിൻെറ കേന്ദ്രവിഹിതമാണ് കൊള്ളിച്ചിരിക്കുന്നത്.

5. മത്സ്യ രോഗ നിയന്ത്രണം

(വിഹിതം 5.00 ലക്ഷം രൂപ)

ഉൾനാടൻ മേഖലയിലെ മത്സ്യരോഗ കാരണങ്ങളെക്കുറിച്ച് പഠനവും ഗവേഷണവും നടത്തുന്ന ചെലവിൻെറ കേന്ദ്ര വിഹിതമാണ് കൊള്ളിച്ചിരിക്കുന്നത്.

6. ചൊമ്പാൽ മത്സ്യ ബന്ധന തുറമുഖം

(വിഹിതം 30.00 ലക്ഷം രൂപ)

ഈ തുറമുഖത്തിൻെറ 1993-94-ലെ പണികൾ പൂർത്തിയാക്കുന്നതിനാണ് കേന്ദ്ര വിഹിതം കൊള്ളിച്ചിരിക്കുന്നത്.

7. മാപ്പിളബേ തുറമുഖം

(വിഹിതം 30.00 ലക്ഷം രൂപ)

അഞ്ചാം പദ്ധതിയിൽ മുടങ്ങിയ ഈ തുറമുഖത്തിൻെറ പണികൾ 1992-93-ൽ പുനരാരംഭിക്കുകയുണ്ടായി. ഇതിൻെറ വേലകൾ നടത്തുന്നതിനാവശ്യമായ ചെലവിൻെറ കേന്ദ്രവിഹിതമാണ് കൊള്ളിച്ചിരിക്കുന്നത്.

8. വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം

(വിഹിതം 2.00 ലക്ഷം രൂപ)

പുനരധിവാസ പ്രശ്നം കാരണം തുറമുഖത്തിന്റെ നിർമ്മാണവേലകൾ മുടങ്ങി കിടക്കുകയാണ്. പ്രവർത്തനം തുടങ്ങുമ്പോൾ ചെലവു വഹിക്കുന്നതിനാണ് കേന്ദ്ര വിഹിതം കൊള്ളിച്ചിരിക്കുന്നത്.

9. നീണ്ടകര മത്സ്യബന്ധന തുറമുഖം

(വിഹിതം 20.00 ലക്ഷം രൂപ)

1988-ൽ കമ്മീഷൻ ചെയ്ത ഈ തുറമുഖത്തിന്റെ ബാക്കിയുള്ള വേലകൾ തീർക്കുന്നതിനായുള്ള കേന്ദ്ര വിഹിതമാണ് കൊള്ളിച്ചിരിക്കുന്നത്.

10. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള ചെറുതുറമുഖ കേന്ദ്രങ്ങൾ

(വിഹിതം 21.99 ലക്ഷം രൂപ)

പണികൾ തുടങ്ങിയവയുടെ വേലകൾ പൂർത്തിയാക്കുവാനും പുതിയവ ആവശ്യമുള്ളിടത്ത് തുടങ്ങുവാനും വേണ്ട ചെലവിന്റെ കേന്ദ്രവിഹിതമാണ് ഈ തുക.

11. മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ്

(വിഹിതം 10.00 ലക്ഷം രൂപ)

സംസ്ഥാനത്തെ 1.62 ലക്ഷം മത്സ്യബന്ധന തൊഴിലാളികളേയും അപകട ഇൻഷ്വറൻസിൽപ്പെടുത്തിയിട്ടുള്ളതിന്റെ പ്രീമിയം അടയ്ക്കുവാനുള്ള തുകയുടെ കേന്ദ്രവിഹിതമാണ് വകയിരുത്തിയിരിക്കുന്നത്.

12. ഓരു ജല മത്സ്യ/ചെമ്മീൻ കർഷക വികസന ഏജൻസികൾ

(വിഹിതം 37.50 ലക്ഷം രൂപ)

ചെമ്മീൻ കർഷകർക്കാവശ്യമായ വിവിധ സഹായ സേവനങ്ങൾ എത്തിക്കുന്നതിനും കൃഷി ഇൻഷ്വറൻസ് സംരക്ഷണം നൽകുന്നതിനുള്ള ചെലവിന്റെ കേന്ദ്ര വിഹിതമാണ് ഈ തുക.

13. മുനമ്പം മൽസ്യബന്ധന തുറമുഖം

(വിഹിതം 100.00 ലക്ഷം രൂപ)

ഈ തുറമുഖത്തിന്റെ പണികൾ എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിനാണ് കേന്ദ്ര വിഹിതമായി ഈ തുക കൊള്ളിച്ചിരിക്കുന്നത്.

14. തങ്കശ്ശേരി മത്സ്യബന്ധന തുറമുഖം

(വിഹിതം 100.00 ലക്ഷം രൂപ)

തുടങ്ങിവച്ച പണികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള ചെലവിന്റെ കേന്ദ്ര വിഹിതമാണ് കൊള്ളിച്ചിരിക്കുന്നത്.

15. യന്ത്രവൽകൃത ബോട്ടുകൾ അടുപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ

(വിഹിതം 4.00 ലക്ഷം രൂപ)

ചേററുവായ്, പാലക്കോട് എന്നി കേന്ദ്രങ്ങളുടെ തുടങ്ങിവച്ച പണികൾ പൂർത്തീകരിക്കുന്നതിനാണ് ഈ വിഹിതം കൊള്ളിച്ചിരിക്കുന്നത്.

16. പുതിയാപ്പ മത്സ്യബന്ധന തുറമുഖം

(വിഹിതം 50.00 ലക്ഷം രൂപ)

ഈ തുറമുഖത്തിന്റെ കടൽത്തീര പണികൾ നടത്തുന്നതിനാവശ്യമായ ചെലവിന്റെ കേന്ദ്രവിഹിതമാണ് ഈ തുക.

17. നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കൽ

(വിഹിതം 30.00 ലക്ഷം രൂപ)

പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ വള്ളങ്ങളിൽ യന്ത്രങ്ങൾ ഘടിപ്പിക്കുന്നതിന് യന്ത്രത്തിന്റെ വിലയുടെ 50% സബ്സിഡി നൽകുന്നതിനുള്ള ചെലവിന്റെ കേന്ദ്രവിഹിതമാണ് തുക.

18. സ്ഥിതി വിവര കണക്കു വിഭാഗത്തിന്റെ പ്രവർത്തനം.

(വിഹിതം 6.00 ലക്ഷം രൂപ)

ഫിഷറീസ് ഡയറക്ടറേററിലെ സ്ഥിതി വിവര കണക്കു വിഭാഗത്തിന്റെ പ്രവർത്തനം തുടർന്നു നടത്തുന്നതിനുള്ള കേന്ദ്ര വിഹിതമാണ് ഈ തുക.

19. മൽസ്യബന്ധന നിയന്ത്രണ നിയമം വിപുലീകരിക്കൽ

(വിഹിതം 15.00 ലക്ഷം രൂപ)

മൽസ്യബന്ധന നിയന്ത്രണ നിയമം ഫലപ്രദമായി നടപ്പാക്കുവാൻ ആവശ്യമായ യന്ത്രസാമഗ്രികളും ബോട്ടുകളും വാങ്ങുന്നതിനുള്ള ചെലവിന്റെ കേന്ദ്രവിഹിതമാണ് വകയിരുത്തിയിരിക്കുന്നത്.

20. പൊന്നാനി മത്സ്യബന്ധന തുറമുഖം

(വിഹിതം 0.01 ലക്ഷം രൂപ)

കേന്ദ്രാനുമതി ലഭിച്ചാലുടൻ പണികൾ ആരംഭിക്കുന്നതിനാണ് കേന്ദ്രവിഹിതമായി ഈ തുക കൊള്ളിച്ചിരിക്കുന്നത്.

21. തുറമുഖങ്ങളുടെ നടത്തിപ്പും ഭരണവും

(വിഹിതം 2.00 ലക്ഷം രൂപ)

കമ്മീഷൻ ചെയ്തിട്ടുള്ള തുറമുഖങ്ങളും ലാൻഡിംഗ് കേന്ദ്രങ്ങളും ഭംഗിയായി നടത്തുന്നതിനുള്ള ചെലവിന്റെ കേന്ദ്ര വിഹിതമാണ് കൊള്ളിച്ചിരിക്കുന്നത്.

22. പുതിയ തലമുറയിൽപ്പെട്ട വള്ളങ്ങൾ പ്രചരിപ്പിക്കൽ

(വിഹിതം 10.00 ലക്ഷം രൂപ)

എഫ്. എ. ഒ. വികസിപ്പിച്ചെടുത്ത വള്ളത്തിന്റെ മാതൃകയിലുള്ള വള്ളങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിന് ധനസഹായം നൽകാനുള്ള ചെലവിന്റെ കേന്ദ്ര വിഹിതമാണ് തുക.

23. മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ-രക്ഷാ പദ്ധതി

(വിഹിതം 300.00 ലക്ഷം രൂപ)

മൺസൂൺ മാസങ്ങളിൽ (നാലുമാസം) തൊഴിൽ ഇല്ലാത്തതുകൊണ്ട് ഓരോ മാസവും ഒരു തൊഴിലാളിക്ക് 270 രൂപ നിരക്കിൽ സഹായം നൽകുന്നതിന് മററ് 8 മാസങ്ങളിൽ തൊഴിലാളിയിൽനിന്നും 45 രൂപ വീതം ഓരോ മാസവും വാങ്ങി സൂക്ഷിക്കുകയും അതുപോലെ കേന്ദ്ര സംസ്ഥാന സർക്കാരുകളും ഓരോ വിഹിതം അടയ്ക്കുകയും ചെയ്യും. അതിനുള്ള കേന്ദ്ര വിഹിതമാണ് ഈ തുക.

24. മേൻമ കുറഞ്ഞ മൽസ്യങ്ങൾ മററ് ഉപഭോഗ ഉൽപ്പന്നങ്ങളാക്കുന്ന സംരംഭം

(വിഹിതം 3.00 ലക്ഷം രൂപ)

ഗുണമേൻമ കുറഞ്ഞ മൽസ്യം മററുപഭോഗ വസ്തുക്കളാക്കി മാററുന്ന വ്യവസായ യൂണിററാരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്ന ചെലവിലേക്കുള്ള കേന്ദ്ര വിഹിതമാണ് ഈ തുക.

25. ശീത സംഭരണ ശൃംഖലകൾ സ്ഥാപിക്കൽ

ഉൾപ്രദേശങ്ങളിൽ മൽസ്യം എത്തിക്കുന്നതിനും, നിത്യവും നിശ്ചിത വില ലഭിക്കുന്നതിനുംവേണ്ടി മൽസ്യം അടുപ്പിക്കുന്നിടത്തും വിപണനം നടത്തേണ്ടിടത്തും ശീതസംഭരണികൾ സ്ഥാപിക്കുക ശീതീകരണികളുള്ള വാഹനങ്ങൾ വാങ്ങുക തുടങ്ങിയ ചെലവുകൾക്കുള്ള കേന്ദ്രവിഹിതമാണ് കൊള്ളിച്ചിരിക്കുന്നത്.

26. ദേശീയ മൽസ്യത്തൊഴിലാളി ക്ഷേമ ഫണ്ടിന്റെ സഹായത്തോടെയുള്ള ഭവന നിർമ്മാണം

(വിഹിതം 70.00 ലക്ഷം രൂപ)

മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിൽ അവർ കൂട്ടമായി വസിക്കുന്ന സ്ഥലത്ത് കുഴൽക്കിണർ, കമ്മ്യൂണിററി ഹാൾ തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള ചെലവിന്റെ കേന്ദ്ര വിഹിതമാണ് കൊള്ളിച്ചിരിക്കുന്ന തുക.

27. ആഴക്കടൽ മൽസ്യബന്ധനം

(വിഹിതം 5.00 ലക്ഷം രൂപ)

കേരളത്തിൽ ആഴക്കടൽ മൽസ്യബന്ധനം വികസിക്കാത്തതിന്റെ കാരണങ്ങളെക്കുറിച്ചും അതിന്റെ വികസനത്തിനുള്ള വിവിധ വശങ്ങൾ അറിയുന്നതിനു ഒരു പഠനം നടത്തുവാനും, ആഴക്കടൽ മൽസ്യബന്ധന ഉരുക്കൾ വാങ്ങി ഈ സംരംഭത്തിനിറങ്ങുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുമാണ് കേന്ദ്ര വിഹിതം കൊള്ളിച്ചിരിക്കുന്നത്.

## വനങ്ങളും വന്യജീവികളും

1. ദേശീയ ഉദ്യാനങ്ങൾ

(വിഹിതം 24.00 ലക്ഷം രൂപ)

ഭാരതത്തിലെ തന്നെ ഏററവും പ്രധാനപ്പെട്ട രണ്ടു ദേശീയ ഉദ്യാനങ്ങളാണ് ഇരവികുളവും, സൈലന്റ് വാലിയും. ഇവയുടെ പരിസ്ഥിതി സംരക്ഷണത്തിനും വന്യജീവികളുടെ പരിപാലനത്തിനും മററു വന സംരക്ഷണ പ്രവർത്തനങ്ങൾക്കുമുള്ള കേന്ദ്ര വിഹിതമാണ് കൊള്ളിച്ചിരിക്കുന്നത്

2. വന്യമൃഗ സങ്കേതങ്ങളും കടുവാ കേന്ദ്രവും

(വിഹിതം 160.00 ലക്ഷം രൂപ)

വന്യമൃഗ സങ്കേതങ്ങളിലെ ഗതാഗത വാർത്താ വിനിമയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വിവിധ വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, ശാസ്ത്രീയമായ രീതിയിൽ വിവിധ ഘടകങ്ങളെക്കുറിച്ചുള്ള സ്ഥിതിവിവര കണക്കു ശേഖരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള കേന്ദ്രവിഹിതമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. സങ്കേതം തിരിച്ചുള്ള വിഹിതം താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1. | പറമ്പികുളം | 24.00 | ലക്ഷം രൂപ |
| 2. | നെയ്യാർ | 12.00 | ,, |
| 3. | വയനാട് | 24.00 | ,, |
| 4. | ഇടുക്കി | 12·00 | ,, |
| 5. | പീച്ചി-വാഴനി | 6.00 | ,, |
| 6. | പെപ്പാറ | 10.00 | ,, |
| 7. | ചെന്തുരുണി | 6.00 | ,, |
| 8. | ചിമ്മിനി | 8.00 | ,, |
| 9. | ആറളം | 10.00 | ,, |
| 10. | ചിന്നാർ | 8.00 | ,, |
| 11. | തട്ടേക്കാട് | 10.00 | ,, |
| 12. | പെരിയാർ ടൈഗർ കേന്ദ്രം | 30.00 | ,, |

3. അനധികൃത നായാട്ടും വ്യാപാരവും തടയൽ

(വിഹിതം 6.00 ലക്ഷം രൂപ)

വനത്തിൽ നിന്ന് വിഭവങ്ങൾ മോഷ്ടിച്ച് വിൽക്കുന്നതും വന്യ മൃഗങ്ങളെ വേട്ടയാടി പിടിക്കുന്നതും നിയന്ത്രിക്കുവാൻ ഉദ്യോഗസ്ഥൻമാർക്ക് ആവശ്യമായ തോക്കും വെടിക്കോപ്പുകളും സന്ദേശമയക്കുവാനുള്ള ഉപകരണങ്ങളും മോഷണവാർത്ത നൽകുന്നവർക്ക് പ്രതിഫലം നൽകുന്നതിനും മററുമുള്ള ചെലവിലേക്കാണ് കേന്ദ്ര വിഹിതമായ ഈ തുക കൊള്ളിച്ചിരിക്കുന്നത്.

4. വന്യജീവി സംരക്ഷണത്തെക്കുറിച്ച് വിദ്യാഭ്യാസവും വിശദീകരണവും

(വിഹിതം 12.00 ലക്ഷം രൂപ)

പ്രകൃതി പഠനം നടത്തുക, വനത്തെക്കുറിച്ചുള്ള വിവരങ്ങൾ ബോദ്ധ്യപ്പെടുത്തുക, വന സംരക്ഷണത്തിന്റെ പ്രാധാന്യം ജനങ്ങളിൽ ഉളവാക്കുക തുടങ്ങിയ പ്രവർത്തനങ്ങളുടെ ചെലവിന്റെ കേന്ദ്ര വിഹിതമാണ് കൊള്ളിച്ചിരിക്കുന്നത്.

## ഭക്ഷ്യസംഭരണവും സൂക്ഷിപ്പും വിപണനവും

കാർഷികോല്പന്നങ്ങൾക്ക് ദേശീയ ശൃംഖലയിലുള്ള ഗ്രാമീണ സംഭരണ ശാലകൾ.

(വിഹിതം 5.00 ലക്ഷം രൂപ)

ഗ്രാമപ്രദേശങ്ങളിൽ സംഭരണശാലകൾ പണിയുന്നതിനുള്ള ചെലവിന്റെ 50 ശതമാനം കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കാനാണ് തുക വകകൊള്ളിച്ചിരിക്കുന്നത്.

## ഗ്രാമ വികസനം

1. സംയോജിതഗ്രാമവികസന പരിപാടി

(വിഹിതം 171.00 ലക്ഷം രൂപ)

ഭരണവും നടത്തിപ്പും, ട്രെയിനിങ്ങ് (ട്രൈസം), ട്രൈസത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ബ്ലോക്ക് ഭരണം ശക്തിപ്പെടുത്തൽ, മോണിററിങ്ങ് സെൽ (ഐ. ആർ. ഡി. പി) ഡി. ഡബ്ല്യു. സി ആർ. എ, കേരംസ് എന്നീ ഐ. ആർ. ഡി. പി. യുമായി ബന്ധപ്പെട്ട പരിപാടികൾക്കായിട്ടാണ് കേന്ദ്രസഹായം പ്രതീക്ഷിക്കുന്നത്. വിവിധ പദ്ധതികൾക്കുള്ള പ്രതീക്ഷിത കേന്ദ്രസഹായം ചുവടെ ചേർക്കുന്നു.

| | പദ്ധതിയുടെ പേര് | പ്രതീക്ഷിത കേന്ദ്ര സഹായം (ലക്ഷം രൂപ) |
|---|---|---|
| 1. | ഭരണവും നടത്തിപ്പും | 8.00 |
| 2. | ട്രെയിനിങ്ങ് (ട്രൈസം) | 76.00 |
| 3. | ട്രൈസത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 20.00 |
| 4. | ബ്ലോക്ക് ഭരണം ശക്തിപ്പെടുത്തൽ | 45.00 |
| 5. | മോണിററിങ്ങ് സെൽ (ഐ.ആർ.ഡി) | 2.00 |
| 6. | ഡി. ഡബ്ല്യു. സി. ആർ. എ. | 15.00 |
| 7. | കേരംസ് | 5.00 |
| | ആകെ | 171.00 |

### സാമൂഹ്യ വികസനം.

**2. ഗ്രാമവികസനത്തിനായുള്ള സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന്**

(വിഹിതം 7.50 ലക്ഷം രൂപ)

ഗ്രാമതലത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം സംസ്ഥാനത്തെ ഗ്രാമവികസന ഉദ്യോഗസ്ഥൻമാർക്കു പരിശീലനം നൽകുന്നു. പഠന സഹായ സാമഗ്രികളുടെ വില, പരിശീലനച്ചെലവ്, മററുപകരണങ്ങൾ എന്നിവയ്ക്ക് പ്രതീക്ഷിക്കുന്ന കേന്ദ്ര സഹായമാണ് പദ്ധതി വിഹിതം

### ഭൂപരിഷ്ക്കരണം

**3. മിച്ചഭൂമി ലഭിച്ചവർക്ക് ധനസഹായം**

(വിഹിതം 15.00 ലക്ഷം രൂപ)

മിച്ചഭൂമി ലഭിച്ചവർക്ക് ആ ഭൂമി മെച്ചപ്പെടുത്തി കൃഷി ചെയ്യുന്നതിനുപയുക്തമാക്കുന്നതിനും, കൃഷി ചെയ്യുന്നതിനുമായി ധന സഹായം നൽകുന്നതാണ്. ഹെക്ടറൊന്നിന് 2,500 രൂപ എന്ന നിരക്കിലാണ് സഹായം. ഈ പരിപാടിയുടെ 50% കേന്ദ്ര സഹായമാണ്. പ്രസ്തുത വിഹിതം ആകെ വിഹിതത്തിൽ 6 ലക്ഷം രൂപ ഹരിജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കും, 1.50 ലക്ഷം രൂപ ഗിരിവർഗ്ഗ ഉപ പദ്ധതിക്കും മാററി വച്ചിരിക്കുന്നു.

**4. റവന്യൂ മെഷീനറി മെച്ചപ്പെടുത്തലും, അവകാശ പ്രമാണങ്ങളുടെ രേഖപ്പെടുത്തൽ പൂർണ്ണമാക്കലും**

(വിഹിതം 75.00 ലക്ഷം രൂപ)

കേന്ദ്രവിഹിതവും, സംസ്ഥാന വിഹിതവും കൂടിയുള്ള തുക വിനിയോഗിച്ച് സർവ്വെ, ലാൻഡ് റിക്കാർഡ്സ് എന്നീ വിഭാഗങ്ങളിലെ നവീകരണത്തിനുതകുന്ന ആധുനിക യന്ത്ര സാമഗ്രികൾ വാങ്ങുന്നതിലേക്കായി ഉപയോഗിക്കുന്നതാണ്.

### സഹകരണം

**1. ജില്ലാസഹകരണ ബാങ്കുകൾക്ക് വായ്പാ കുടിശ്ശിക തീർക്കുന്നതിനുള്ള ധനസഹായം**

(വിഹിതം 10.00 ലക്ഷം രൂപ)

ഇത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. റിസർവ് ബാങ്കിന്റെ വായ്പാ പരിധി പൂർണ്ണമായും കൈകാര്യം ചെയ്യാൻ ധനശേഷിയുടെ അപര്യാപ്തത മൂലം സാധിക്കാതെ വരുന്ന ജില്ലാ സഹകരണ ബാങ്കുകൾക്ക് വായ്പാ കുടിശ്ശിക നികത്തുന്നതിന് കേന്ദ്ര സർക്കാർ ധനസഹായം നൽകിവരുന്നു. ഈ സഹായം ലഭ്യമാക്കാനാണ് വിഹിതം വകകൊള്ളിച്ചിരിക്കുന്നത്.

**2. ദുർബല വിഭാഗ സംഘങ്ങൾക്കായുള്ള ധനസഹായ പദ്ധതി.**

(വിഹിതം 2.00 ലക്ഷം രൂപ)

ദുർബല വിഭാഗ സംഘങ്ങളായ അലക്കുതൊഴിലാളി സഹകരണസംഘങ്ങൾ, നീററുകക്കാ സഹകരണ സംഘങ്ങൾ തുടങ്ങിയവയക്ക് ധനസഹായം നൽകുന്നതിന് ഉദ്ദേശിച്ചുള്ള ഈ പദ്ധതി 50 ശതമാനം കേന്ദ്രസഹായമുള്ളതാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനായ കേന്ദ്ര സഹായം ലഭ്യമാക്കാനാണ് തുക വകകൊള്ളിച്ചിരിക്കുന്നത്.

### ചെറുകിട ജലസേചനം.

**1. വെള്ളം കിട്ടാത്ത കിണറുകൾക്കുള്ള നഷ്ടപരിഹാരത്തിനുള്ള പദ്ധതികൾ.**

(വിഹിതം 25.00 ലക്ഷം രൂപ)

കൃഷിക്കാവശ്യമായി കുഴിച്ച കിണറുകൾ പൂർത്തിയായിട്ടും ചെറിയ തോതിൽ പോലും വെള്ളം കിട്ടാത്ത കിണറുകൾ ഉള്ള കർഷകന് അതിനു ചെലവായ തുക മൊത്തമായും തിരികെ നൽകുവാൻ വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. ഇത് 50% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്.

### കമാൻറ് ഏരിയ വികസനം.

(വിഹിതം 1000.00 ലക്ഷം രൂപ)

50% കേന്ദ്ര സഹായം ലഭിക്കുന്ന ഒരു പദ്ധതിയാണിത്. പണി തീർന്നു കഴിഞ്ഞ ജലസേചന പദ്ധതികളിലെ കർഷകനു പരമാവധി പ്രയോജനം ലഭിക്കത്തക്ക രീതിയിൽ കനാലുകളും, ചാലുകളും കീറി എത്തിക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് എട്ടാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാന വിഹിതമായി 6000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 1993-94—ൽ 19000 ഹെക്ടർ ഭൂമിക്ക് പ്രയോജനം ലഭിക്കുന്നതിനായി സംസ്ഥാന വിഹിതമായി 1000 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. പമ്പ, പെരിയാർവാലി, കുററിയാടി ചിററൂർപ്പുഴ എന്ന് പുതുതായി പൂർത്തയായ ജലസേചന പദ്ധതികളും കമാൻറ് ഏരിയ വികസനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയതിൽ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

### ഊർജ്ജ വികസനം.

**മാമൂലിതര ഊർജ്ജ ശ്രോതസ്സുകളുടെ വികസനം കേരള സ്റേററ് വിദ്യുച്ഛക്തി ബോർഡ് നടപ്പിലാക്കുന്ന പദ്ധതി (കേന്ദ്ര സഹായം 50% മുതൽ 90% വരെ ലഭ്യമാണ്.)**

(വിഹിതം 215.00 ലക്ഷം രൂപ)

മാമൂലിതര ഊർജ്ജ ശ്രോതസ്സുകളിൽ നിന്നും വൈദ്യുതി കണ്ടെത്താനുള്ള പദ്ധതികൾ 'അനർട്ട്' എന്ന സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് നടപ്പിലാക്കി വരുന്നത്. സൗരോർജം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുക കാററിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുക, ജൈവവാതകം ഉപയോഗിച്ച് വിളക്കുകൾ കത്തിക്കുക എന്നിവ ഈ സ്ഥാപനം നടപ്പിലാക്കി വരുന്നുണ്ട് 1993-94—ൽ ഇതിന് 215 ലക്ഷം രൂപ ഈ സ്ഥാപനത്തിന് നിക്കിവെച്ചിട്ടുണ്ട.

**4. സമഗ്ര ഗ്രാമീണ ഊർജ്ജാസൂത്രണ വികസം പരിപാടി.**

(വിഹിതം 155.00 ലക്ഷം രൂപ)

കേന്ദ്ര സഹായം ലഭിക്കുന്ന ഒരു പദ്ധതിയാണിത്. ഗ്രാമീണ തലങ്ങളിൽ സുലഭമായിട്ടുള്ള ഊർജ്ജ ശ്രോതസ്സുകളുടെ വികസനവും വിനിയോഗവും ഉൾകൊണ്ട ഉള്ള പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ വേണ്ടയുള്ള ഒരു പദ്ധതിയാണിത്. ഇതിന്റെ കേന്ദ്ര വിഹിതമായ 155 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

### ചെറുകിട വ്യവസായങ്ങൾ.

1. പട്ടിക ജാതിയിൽപ്പെട്ട ചെറുകിട വ്യവസായ സംരംഭകർക്ക് പണിപ്പുരകൾ നിർമ്മിച്ച് കൊടുക്കുക

(വിഹിതം 65.00 ലക്ഷം രൂപ)

പട്ടിക ജാതിക്കാരായ ചെറുകിട വ്യവസായ സംരംഭകർക്ക് വ്യവസായ ഷെഡ്ഡുകൾ നിർമ്മിച്ചു കൊടുക്കുന്നതാണ്. ഇതിലേയ്ക്കു സ്ഥലമെടുപ്പ്, പണിപ്പുര നിർമ്മാണം, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ തുടങ്ങിയ മൂലധനച്ചെലവുകൾക്കാണ് ഈ പദ്ധതി വിഹിതം വിനിയോഗിക്കുക. അമ്പത് ശതമാനം കേന്ദ്രാവിഷ്കൃതമായ ഈ പദ്ധതിയുടെ കേന്ദ്ര വിഹിതമായി തുക വകകൊള്ളിച്ചിരിക്കുന്നു.

2. പട്ടിക വർഗ്ഗത്തിൽപ്പെട്ട വ്യവസായ സംരംഭകർക്ക് പണിപ്പുരകൾ നിർമ്മിച്ചു നൽകൽ

(വിഹിതം 15.00 ലക്ഷം രൂപ)

പട്ടിക വർഗ്ഗത്തിൽപ്പെട്ട ചെറുകിട വ്യവസായ സംരംഭകർക്ക് പണിപ്പുരകൾ നിർമ്മിച്ചു നൽകുന്നതിനാണ് പദ്ധതി വിഹിതം വകകൊള്ളിച്ചിരിക്കുന്നത്. സ്ഥലമെടുപ്പ്, പണിപ്പുര നിർമ്മിക്കൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയ്ക്കായി തുക വിനിയോഗിക്കും. അമ്പതു ശതമാനം കേന്ദ്രാവിഷ്കൃതമായ ഈ പദ്ധതിയുടെ കേന്ദ്ര വിഹിതമാണ് ഈ തുക.

### കൈത്തറി വ്യവസായം

1. ഉൽപ്പാദനപരമായ പരിപാടികൾ.

എ. സഹകരണ മേഖല.

1. നെയ്ത്തുകാർക്ക് ഓഹരി മൂലധന വായ്പ.

(വിഹിതം 1.00 ലക്ഷം രൂപ)

ഫാക്ടറി മാതൃകയിലും കുടിൽ വ്യവസായ മാതൃകയിലുമുള്ള കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിലെ നെയ്ത്തുകാർക്ക് 1993-94 വർഷത്തിൽ ഓഹരി മൂലധന വായ്പ നൽകുന്നതിനാണ് പദ്ധതി വിഹിതം. 1993-94 ൽ 500 നെയ്ത്തുകാർക്ക് ഈ പദ്ധതി അനുസരിച്ച് സഹായധനം നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

2. തറികൾ ആധുനീകരിക്കൽ.

(വിഹിതം 10.00 ലക്ഷം രൂപ)

ഫാക്ടറി മാതൃകയിലും കുടിൽ വ്യവസായ മാതൃകയിലുമുള്ള കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിലെ തറികൾ ആധുനീകരിക്കുന്നതിലേക്കാണ് പദ്ധതി വിഹിതം. 1993-94 വർഷത്തിൽ ഈ പദ്ധതിയനുസരിച്ച് 1000 തറികൾ നവീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

3. തറികളില്ലാത്ത നെയ്ത്തുകാർക്ക് തറികൾ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള ധനസഹായം

(വിഹിതം 15.00 ലക്ഷം രൂപ)

സ്വന്തമായി തറികളില്ലാത്ത നെയ്ത്തുകാർക്ക് തറികൾ വാങ്ങി വിതരണം ചെയ്യുന്നതിനുവേണ്ടി കൈത്തറി നെയ്ത്തു സഹകരണസംഘങ്ങൾക്കു ധനസഹായം നൽകുന്നതിനാണ് തുക വകയിരുത്തിയിട്ടുള്ളത്. പദ്ധതി വർഷം 500 നെയ്ത്തുകാർക്ക് ചിത്തരഞ്ജൻ,ഇൻജാൽകരഞ്ജി തുടങ്ങിയ ആധുനിക രീതിയിലുള്ള തറികൾ വിതരണം ചെയ്യുകയും ഉൽപ്പാദനം വർദ്ധിപ്പിച്ചും ഗുണനിലവാരം മെച്ചപ്പെടുത്തിയും നെയ്ത്തുകാരുടെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുകയെന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം.

### II ക്ഷേമ പരിപാടികൾ

1. അംശദാന സമ്പാദ്യ പദ്ധതി

(വിഹിതം 2.75 ലക്ഷം രൂപ)

സഹകരണ മേഖലയിലേയും കോർപ്പറേറ്റ് മേഖലയിലേയും നെയ്ത്തുകാർക്ക് അംശദാന സമ്പാദ്യ പദ്ധതി രൂപീകരിക്കുന്നതിനുവേണ്ടിയുള്ള കേന്ദ്ര സർക്കാരിന്റെ സംഭാവനയാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇതിനുവേണ്ടി സംസ്ഥാന സർക്കാരും, കേന്ദ്രസർക്കാരും ഓരോ നെയ്ത്തുകാരനും പരമാവധി 90 രൂപ എന്ന ക്രമത്തിൽ തുല്യമായി സംഭാവന ചെയ്യുന്നതാണ്.

2. പ്രത്യേക ഘടക പദ്ധതി

(വിഹിതം 3.00 ലക്ഷം രൂപ)

പട്ടികജാതിയിൽപ്പെട്ട കൈത്തറി നെയ്ത്തു തൊഴിലാളികൾക്ക് ഗുണകരമായ പരിപാടികൾ ആവിഷ്ക്കരിക്കുന്നതിനുവേണ്ടിയാണ് 1993-94-ലെ വാർഷിക പദ്ധതിയിൽ തുക വകകൊള്ളിച്ചിട്ടുള്ളത്. ആകെ മൂന്നു ലക്ഷം രൂപയിൽ രണ്ടു ലക്ഷം രൂപ തറികൾ ആധുനീകരിക്കുന്നതിന് സഹായ ധനമായും ശേഷിക്കുന്ന ഒരു ലക്ഷം രൂപ സ്വന്തമായി തറികളില്ലാത്ത നെയ്ത്തുകാർക്ക് തറികൾ വാങ്ങി വിതരണം ചെയ്യുന്നതിന് വായ്പയായും വിനിയോഗിക്കുന്നതാണ്.

3. ഗിരിവർഗ്ഗ ഉപ പദ്ധതി

(വിഹിതം 1.00 ലക്ഷം രൂപ)

പട്ടികവർഗ്ഗത്തിൽപ്പെട്ട കൈത്തറി നെയ്ത്തുകാരുടെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന പരിപാടിയാണ് ഇത്. ഇതിൽ 50,000 രൂപ സ്വന്തമായി തറികളില്ലാത്ത നെയ്ത്തുകാർക്ക് തറികൾ വാങ്ങി വിതരണം ചെയ്യുന്നതിനുവേണ്ടി സഹായ ധനമായും 50,000 രൂപ വായ്പയായും നൽകുന്നതാണ്.

### യന്ത്രത്തറി വ്യവസായം

1. ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം

(വിഹിതം 0.40 ലക്ഷം രൂപ)

യന്ത്രത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ നിന്നും പ്രതീക്ഷിക്കുന്ന സഹായ ധനമാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. 1993-94 വർഷത്തിൽ 1000 തൊഴിലാളികളെ സഹായിക്കാനാണ് ലക്ഷ്യം. രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ യന്ത്രത്തറി യൂണിറ്റിലേയും ഓരോ നെയ്ത്തു തൊഴിലാളിക്കും 40 രൂപ എന്ന ക്രമത്തിൽ സഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്.

### കയർ വ്യവസായം

കയർ ബോർഡ് പദ്ധതികൾ

1. വിൽപ്പനശാലകൾ തുറക്കൽ

(വിഹിതം 0.50 ലക്ഷം രൂപ)

കയർ സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ വിററഴിക്കുന്നതിനായി വിപണന ഡിപ്പോകൾ തുറക്കുന്നതിലേക്ക് കയർ വിപണന ഫെഡറേഷന് ലഭിക്കേണ്ട കേന്ദ്രധനസഹായമാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## 2. കയർ സഹകരണ സംഘങ്ങളുടെ വികസനം

(വിഹിതം 1.00 ലക്ഷം രൂപ)

കയർ സഹകരണ സംഘങ്ങളിലെ സെക്രട്ടറി/ബിസിനസ് മാനേജരുടെ ശമ്പളം നൽകുന്നതിനു വേണ്ടി വരുന്ന കേന്ദ്രസഹായമാണിത്.

## 3. കയർ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന വായ്പ.

(വിഹിതം 40.00 ലക്ഷം രൂപ)

കയർ സഹകരണ സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിലേക്ക് പ്രതീക്ഷിക്കുന്ന കേന്ദ്ര സഹായമാണ് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്.

## 4. കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള റിബേററ്

(വിഹിതം 120.00 ലക്ഷം രൂപ)

കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്ക് റിബേററ് നൽകാൻ വേണ്ടി വരുന്ന ചെലവിലേക്ക് 1993-94 സാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്നും പ്രതീക്ഷിക്കുന്ന സഹായമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 5. സംയോജിത കയർ വികസന പദ്ധതിയുടെ ഭാഗമായി ചകിരി പിരിക്കൽ മില്ലുകളും യന്ത്രവൽകൃത ട്രെഡ്ൽ റാട്ടുകളും സ്ഥാപിക്കുന്നതിനുള്ള ധനസഹായം

(വിഹിതം 40.00 ലക്ഷം രൂപ)

സഹകരണ മേഖലയിൽ ചകിരി പിരിക്കൽ മില്ലുകളും യന്ത്രവൽകൃത നെയ്ത്തു യൂണിററുകളും സ്ഥാപിക്കുന്നതിനായി പ്രതീക്ഷിക്കുന്ന കേന്ദ്ര വിഹിതമാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 6. വനിതാ കയർ യോജനാ പദ്ധതി പ്രകാരം വനിതാ കയർ തൊഴിലാളികൾക്ക് യന്ത്രവൽകൃത റാട്ടുകളുടെ വിതരണം

(വിഹിതം 5.00 ലക്ഷം രൂപ)

പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഈ പരിപാടിയുടെ മൊത്തം ചെലവിന്റെ 25 ശതമാനം കേന്ദ്രസഹായമായി പ്രതീക്ഷിക്കുന്നു. ഈ തുകയാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

# വൻകിട ഇടത്തരം വ്യവസായങ്ങൾ

## വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ

(വിഹിതം 350.00 ലക്ഷം രൂപ)

ആലപ്പുഴ, കണ്ണൂർ, പത്തനംതിട്ട, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 1993-94 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന കേന്ദ്രസഹായമാണ് വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

# റോഡുകളും പാലങ്ങളും

## 1. സാമ്പത്തിക പ്രധാന്യമുള്ള റോഡുകൾ.

(വിഹിതം 80.00 ലക്ഷം രൂപ)

സാമ്പത്തിക പ്രാധാന്യമുള്ള റോഡുകളായ കൊല്ലം, വർക്കല തീരപ്രദേശ റോഡിന്റെയും, തൃക്കരിപ്പൂർ ദ്വീപുകളെ കരയുമായി ബന്ധിപ്പിക്കുന്ന ഏട്ടികുളം–നീലേശ്വരം തീരപ്രദേശ പാലത്തിന്റെയും പണിക്കായി ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കേന്ദ്രവിഹിതമായി 80.00 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു സംസ്ഥാന പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള നാഷണൽ ഹൈവേവിഭാഗമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ എം. സി. റോഡിന്റെ കി. മീ. 0/000 മുതൽ 43/200 വരെയുള്ള വികസനത്തിനും കൊല്ലം ജില്ലയിൽ എം. സി റോഡിന്റെ കി. മീ. 43/200 മുതൽ 70/000 വരെയുള്ള വികസനത്തിനും കൂടിയാണ് പ്രസ്തുത തുക.

## 2. ഡി. ആർ. ഐ. ക്യൂ ബോർഡിൻ കീഴിൽ ഒരു ജിയോടെക്നിക്കൽ യൂണിററ് രൂപീകരിക്കൽ

(വിഹിതം 8.00 ലക്ഷം രൂപ)

ഇത് അൻപതു ശതമാനം കേന്ദ്രസഹായമുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. പ്രസ്തുത യൂണിററിന് യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും, ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കുന്നതിനുമായി 8.00 ലക്ഷം രൂപ കേന്ദ്രവിഹിതമായി വക കൊള്ളിച്ചിരിക്കുന്നു.

# ജലഗതാഗതം

## 1. ഉൾനാടൻ കനാൽ പദ്ധതികൾ—

(വിഹിതം 105.00 ലക്ഷം രൂപ)

ഇത് 50 ശതമാനം കേന്ദ്ര സഹായമുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കൊച്ചി–ഉദ്യോഗമണ്ഡൽ കനാൽ മെച്ചപ്പെടുത്തൽ, ചമ്പക്കര കനാൽ മെച്ചപ്പെടുത്തൽ—രണ്ടാം ഘട്ടം, കേരളത്തിന്റെ ജട്ടികളുടെ നവീകരണം, ഡ്രെഡ്ജറുകളും വാട്ടർ ഹയാസിന്ത് ഹാർവെസ്ററുകളും വാങ്ങൽ, പശ്ചിമതീര കനാലിന്റെ കൊല്ലം മുതൽ കോവളം വരെയുള്ള ഭാഗത്തിന്റെ വികസനം, ആലപ്പുഴ ഭാഗത്തുള്ള കനാലുകളുടെ അററകുററപ്പണികൾ, പരിരക്ഷണം, മോടി പിടിപ്പിക്കൽ എന്നിവയ്ക്കായുള്ള പദ്ധതി എന്നീ ആറു പരിപാടികളുടെ 1993-94 വർഷത്തെ നടത്തിപ്പിനുവേണ്ട ആകെ ചെലവിന്റെ 50 ശതമാനമായ സംസ്ഥാന വിഹിതമായാണ് ഈ തുക മാററിവച്ചിട്ടുള്ളത്.

# ഗവേഷണവും ശാസ്ത്രീയ സർവ്വീസുകളും

## 1. സെൻറർ ഫോർ ഡെവലപ്പ്മെൻറ് ഓഫ് ഇമേജിംഗ് ടെക്നോളജി

(വിഹിതം 70.00 ലക്ഷം രൂപ)

ചലച്ചിത്രം, ടെലിവിഷൻ എന്നീ മേഖലകളിൽ ഹാർഡ്വെയറിലും സോഫ്ററ്വെയറിലും ആധുനിക സാങ്കേതിക വിദ്യയിൽ ഗവേഷണം നടത്തുക എന്നതാണ് കേന്ദ്രത്തിന്റെ ഉദ്ദേശം. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 70 ലക്ഷം രൂപ കേന്ദ്ര ഗവൺമെൻറിന്റെ ധനസഹായമായി പ്രതീക്ഷിക്കുന്നു.

2. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

(a) സമയ ബന്ധിത ആക്ഷൻ പ്ലാൻ

(വിഹിതം 1.00 ലക്ഷം രൂപ)

മലിനീകരണം കൂടുതലായുള്ള പ്രദേശങ്ങളിൽ സമയബന്ധിത ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതാണ്. ഉപകരണങ്ങൾ വാങ്ങുന്നതിനും, യാത്രാച്ചെലവുകൾക്കും കൺസൾട്ടൻറുകളെ നിയമിക്കുന്നതിനുമായിട്ടാണ് ഈ തുക ഉൾപ്പെടുത്തിയിരിക്കുന്നത്.

(b) കോമൺ എഫ്ളുമെൻറ് ട്രീററുമെൻറ് പ്ലാൻറുകൾ

(വിഹിതം 0.10 ലക്ഷം രൂപ)

കേന്ദ്ര ഗവൺമെൻറിൻെറ ധനസഹായത്തോടെ സംസ്ഥാനത്ത് പൊതുവായ എഫ്ളുമെൻറ് ട്രീററുമെൻറ് പ്ലാൻറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡാണ് ഇത് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്.

## പൊതു വിദ്യാഭ്യാസം

1. ജനസംഖ്യാ വിദ്യാഭ്യാസം

(വിഹിതം 3.00 ലക്ഷം രൂപ)

സ്കൂൾ കുട്ടികൾക്കിടയിലും അദ്ധ്യാപകർക്കിടയിലും ജനസംഖ്യാ വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കുക എന്നതാണ് ലക്ഷ്യം. സ്കൂളിലെ പാഠ്യപദ്ധതിയോടൊപ്പം ജനസംഖ്യാ വിദ്യാഭ്യാസത്തിൻെറ നാലു ഘടകങ്ങൾ—സാധനങ്ങളുടെ വിപുലീകരണം, അദ്ധ്യാപക പരിശീലനം, പാഠ്യേതര പ്രവർത്തനങ്ങൾ, വിലയിരുത്തലും ഗവേഷണവുംകൂടി ഉൾപ്പെടുത്താൻ നിർദ്ദേശമുണ്ട്. 1993-94-ൽ 3000 അദ്ധ്യാപകർക്ക് പരിശീലനം നൽകുവാനുദ്ദേശിക്കുന്നു.

2. ജില്ലാ ഇംഗ്ലീഷ് കേന്ദ്രം സ്ഥാപിക്കൽ

(വിഹിതം 15.00 ലക്ഷം രൂപ)

1989-90-ൽ തൃശ്ശൂരിൽ ജില്ലാ ഇംഗ്ലീഷ് കേന്ദ്രം സ്ഥാപിച്ചു. ഹൈദരാബാദിലെ സെൻട്രൽ ഇൻസ്ററിട്യൂട്ട് വഴി നടത്തുന്ന പരിശീലന പരിപാടിയുടെ ചെലവ് കേന്ദ്ര ഗവൺമെൻറ് വഹിക്കുന്നതാണ്. 10 ദിവസം കൊണ്ടവസാനിക്കുന്ന 25 കോഴ്സുകൾ എല്ലാ വർഷവും നടത്താനാണ് നിർദ്ദേശമുള്ളത്. ഈ പദ്ധതിയുടെ നടത്തിപ്പിലേക്കാവശ്യമായ കേന്ദ്രവിഹിതമാണ് 15 ലക്ഷം രൂപ.

## കായിക വിനോദവും യുവജന സേവനവും

1. യുവജനങ്ങൾക്ക് പരിശീലന പദ്ധതി

(വിഹിതം 5.00 ലക്ഷം രൂപ)

യുവജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി, സാങ്കേതികമായ രീതിയിൽ കൃഷി, വിളസംരക്ഷണം, മൃഗസംരക്ഷണം, ക്ഷീരവ്യവസായം, കോഴി വളർത്തൽ, തേനീച്ചവളർത്തൽ, ആരോഗ്യപഠനം, തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. താമസ സൗകര്യം, ഭക്ഷണം, യാത്രച്ചെലവ് മുതലായ കാര്യങ്ങൾക്ക് കേന്ദ്രസഹായം ലഭിക്കുന്നതാണ്.

2. യുവജനങ്ങൾക്കായുള്ള പ്രദർശനങ്ങൾ

(വിഹിതം 3.00 ലക്ഷം രൂപ)

ദേശീയ വികസനത്തിൽ യുവജന പ്രവർത്തനങ്ങളെ പുനഃസംഘടിപ്പിക്കുക, മതേതരത്വം, ദേശീയോദ്ഗ്രഥനം, എന്നിവയിൽ യുവാക്കൾക്ക് ആവേശമുയർത്തുക, ഭാരതീയ സംസ്ക്കാരത്തേയും പ്രശ്നങ്ങളേയുംപററി ബോധവാൻമാരാക്കുക, വികസനപ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുക, യുവജനങ്ങളിൽ നേതൃത്വ ഗുണങ്ങൾ വികസിപ്പിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിലേക്കുള്ള താമസസൗകര്യം, ഭക്ഷണം എന്നിവയ്ക്കുള്ള ചെലവുകൾ കേന്ദ്ര സർക്കാർ വഹിക്കുന്നതായിരിക്കും.

3. ദേശീയ ഐക്യപരിപാടി

(വിഹിതം 1.00 ലക്ഷം രൂപ)

സംസ്ഥാനങ്ങൾ തമ്മിൽ യുവജന കൈമാററ പരിപാടികൾക്കും യുവജന സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നതിനും യുവജനങ്ങൾക്കായി മൽസരങ്ങളും നിരീക്ഷണങ്ങളും നടത്തുന്നതിനായി കേന്ദ്രവിഹിതമായ 1 ലക്ഷം രൂപ ലഭിക്കുന്നതാണ്.

4. സ്പോർട്സ് പ്രോജക്ട് വികസന പ്രദേശങ്ങൾ

(വിഹിതം 3.00 ലക്ഷം രൂപ)

കേന്ദ്രസഹായമുള്ള ഈ പദ്ധതി പ്രകാരം കൊല്ലത്തും തൃശ്ശൂരും രണ്ടു കേന്ദ്രങ്ങൾ സ്ഥാപിച്ചു കഴിഞ്ഞു. നിർമ്മാണച്ചെലവിൻെറ ഒരു ഭാഗം. കേന്ദ്ര ഗവൺമെൻറ് വഹിക്കുന്നതിനായി 3 ലക്ഷം രൂപ ഉൾപ്പെടുത്തിയിരിക്കുന്നു.

5. കളിസ്ഥലങ്ങളുടെ വികസനം

(വിഹിതം 3.00 ലക്ഷം രൂപ)

കൂടുതൽ ജനവിഭാഗങ്ങളെ കായിക വിനോദ പരിപാടികളിൽ പങ്കെടുപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ തുറസ്സായ സ്ഥലങ്ങളിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ആവിഷ്ക്കരിച്ച ഒരു പദ്ധതിയാണിത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ സ്കൂളുകളുടേയോ അധീനതയിലുള്ളതും കുറഞ്ഞത് രണ്ടേക്കർ വിസ്തീർണ്ണമുള്ളതുമായ സ്ഥലമാണ് ഇതിനുവേണ്ടി പരിഗണിക്കപ്പെടുന്നത്. ഓരോ ബ്ലോക്കിലും ഓരോ പഞ്ചായത്ത് വീതം ഇതിനായി തെരഞ്ഞെടുക്കുന്നതാണ്. ബ്ലോക്ക് വികസന ഓഫീസർ വഴി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ചെലവിൻെറ കേന്ദ്ര വിഹിതമാണ് 3 ലക്ഷം രൂപ.

6. തുറസ്സായ സ്റേറഡിയങ്ങളുടെ നിർമ്മാണം.

(വിഹിതം 1.00 ലക്ഷം രൂപ)

അമ്പതു ശതമാനം കേന്ദ്രസഹായമുള്ള ഈ പദ്ധതിക്ക് പരമാവധി 5 ലക്ഷം രൂപവരെ ഓരോ സ്റേറഡിയത്തിൻെറ നിർമ്മാണത്തിനും കേന്ദ്രസഹായം ലഭിക്കുന്നതാണ് 1993-94-ൽ 1 ലക്ഷം രൂപ വിഹിതമായി ലഭിക്കും.

7. ഇൻഡോർ സ്റേറഡിയങ്ങളുടെ നിർമ്മാണം

(സഹായം 1.00 ലക്ഷം രൂപ)

കായിക വിനോദവും കളികളും വികസിപ്പിക്കുന്നതു ലക്ഷ്യമാക്കിയുള്ള ഈ പദ്ധതിക്ക് ചെലവിൻെറ 50 ശതമാനം പരമാവധി 5 ലക്ഷം രൂപവരെ കേന്ദ്രസഹായമായി ലഭിക്കും. (ഉയർന്ന പ്രദേശങ്ങളിൽ നിർമ്മാണ

ചെലവിന്റെ 75 ശതമാനം ലഭിക്കുന്നതാണ്). ഓരോ വർഷവും ഓരോ സ്റ്റേഡിയം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്ര വിഹിതമായി 1 ലക്ഷം രൂപ 1993-94-ൽ ലഭിക്കുന്നതാണ്.

8. നീന്തൽ കുളങ്ങളുടെ നിർമ്മാണം

(വിഹിതം 1.00 ലക്ഷം രൂപ)

ഈ കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം നീന്തൽ കുളം നിർമ്മിക്കുന്നതിന്റെ അംഗീകൃത ചെലവിന്റെ അൻപതു ശതമാനമോ പരമാവധി 5 ലക്ഷം രൂപയോ കേന്ദ്രസഹായധനമായി ലഭിക്കുന്നതാണ്. ഉയർന്ന പ്രദേശങ്ങളിൽ ചെലവിന്റെ 75 ശതമാനം കേന്ദ്രസഹായമായി ലഭിക്കുന്നതാണ്. 1993-94-ൽ ഒരു നീന്തൽകുളം നിർമ്മിക്കുന്നതിനായി ഒരു ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

9. സ്പോർട്സ് സാധനങ്ങളുടെ വിതരണം.

(വിഹിതം 1.00 ലക്ഷം രൂപ)

സ്പോർട്സ് ഉപകരണങ്ങളുടെ എപ്പോഴുമുള്ള വിലവർദ്ധനവ് സ്പോർട്സിൽ താൽപ്പര്യമുള്ള പ്രഗൽഭരായ യുവാക്കളെ തുടർച്ചയായി വിവിധയിനങ്ങളിൽ പരിശീലനം നേടുന്നതിന് നിരുൽസാഹപ്പെടുത്താറുണ്ട്. ആയതിനാൽ കായികോപകരണങ്ങൾ യുവാക്കൾക്ക് വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഹിതം. ഇതിനു വേണ്ടി വരുന്ന ചെലവിന്റെ 50 ശതമാനം സ്പോർട്സ് അതോറിട്ടി ഓഫ് ഇൻഡ്യ വഹിക്കുന്നതാണ്. 1993-94-ലെ കേന്ദ്രവിഹിതമായി 1 ലക്ഷം രൂപ ലഭിക്കുന്നതാണ്.

10. സാഹസിക പരിപാടികൾ

(വിഹിതം 1.00 ലക്ഷം രൂപ)

സാഹസിക പരിപാടികൾ നടത്തുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമായി നിശ്ചിത നിരക്കിൽ കേന്ദ്രസഹായം ലഭിക്കുന്ന ഒരു പദ്ധതിയാണിത്. ഈ പദ്ധതിയുടെ നടത്തിപ്പിലേക്കാവശ്യമായ ചെലവിന്റെ കേന്ദ്രവിഹിതമാണ് ഒരു ലക്ഷം രൂപ.

11. സംസ്ഥാനതല സ്പോർട്സ് കോംപ്ലക്സ്

(വിഹിതം 10.00 ലക്ഷം രൂപ)

സംസ്ഥാന തലത്തിൽ അന്താരാഷ്ട്ര നിലവാരത്തിൽ പരിശീലന സൗകര്യമുള്ള ഒരു സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുവേണ്ടി വരുന്ന ചെലവിന്റെ അമ്പതു ശതമാനമോ പരമാവധി രണ്ടു കോടി രൂപ വരെ കേന്ദ്ര വിഹിതമായി ലഭിക്കുന്നതാണ്. ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം സെൻട്രൽ സ്റ്റേഡിയം എന്നിവയുടെ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും പുതിയ സൗകര്യങ്ങൾ ഉണ്ടാക്കിയും ഒരു സ്പോർട്സ് കോംപ്ലക്സ് തിരുവനന്തപുരത്ത് സ്ഥാപിക്കാനാണ് ഉദ്ദേശം. ഇതിനായി 10 ലക്ഷം രൂപ കേന്ദ്ര വിഹിതമായി 1993–94-ൽ ലഭിക്കുന്നതാണ്.

12. യുവജന പ്രവർത്തനങ്ങൾ പട്ടിക വർഗ്ഗത്തിൽപ്പെട്ട യുവാക്കളിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി

(വിഹിതം 1.00 ലക്ഷം രൂപ

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സംയോജിത പട്ടികവർഗ്ഗ വികസന ബ്ലോക്കുകളിൽ, കൃഷി, ആരോഗ്യം വിദ്യാഭ്യാസം, പോഷകാഹാരം, സഹകരണ സംഘങ്ങളുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും ഭരണ നിർവ്വഹണം മുതലായവയിൽ പട്ടികവർഗ്ഗ യുവാക്കൾക്ക് മാത്രമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി ഒരു ലക്ഷം രൂപ കേന്ദ്രസഹായമായി ലഭിക്കുന്നതാണ്.

13. സ്പോർട്ട്സ് കോംപ്ലക്സുകളുടെ നിർമ്മാണം—25 ശതമാനം കേന്ദ്രസഹായം

(വിഹിതം 2.50 ലക്ഷം രൂപ)

ചെറിയ പട്ടണങ്ങളിൽ കായിക വിനോദ സൗകര്യങ്ങൾക്കുവേണ്ടി സ്റ്റേഡിയങ്ങൾ, ഹാളുകൾ, നീന്തൽ കുളങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനായി ആരംഭിച്ച ഒരു പദ്ധതിയാണിത്. ഇതിന് ആവശ്യമായി വരുന്ന ചെലവിന്റെ 25 ശതമാനമോ പരമാവധി 20 ലക്ഷം രൂപയോ കേന്ദ്രസഹായമായും ചെലവിന്റെ 50 ശതമാനമോ പരമാവധി 40 ലക്ഷം രൂപയോ സംസ്ഥാന വിഹിതമായും ലഭിക്കുന്നതാണ്. ശേഷിച്ച 25 ശതമാനം ചെലവ് ബന്ധപ്പെട്ട കോർപ്പറേഷനോ മുനിസിപ്പാലിറ്റിയോ വഹിക്കേണ്ടതാണ്. ഈ പദ്ധതിക്കായി 1993-94-ൽ 2.50 ലക്ഷം രൂപ കേന്ദ്ര സഹായമായി ലഭിക്കും.

## വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും

1. ക്ഷയരോഗം—പ്രവർത്തന ചെലവൊഴികെ.

(വിഹിതം 38.00 ലക്ഷം രൂപ)

ഇടുക്കിയിലും വയനാട്ടിലും ഉള്ള ജില്ലാ ക്ഷയരോഗ കേന്ദ്രങ്ങളിൽ അധികമായി നിയമിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ ശമ്പളത്തിനും എല്ലാ ജില്ലാ ക്ഷയരോഗ കേന്ദ്രങ്ങളിലേയ്ക്കും ക്ഷയരോഗ പ്രതിരോധ മരുന്നുകൾ, രാസവസ്തുക്കൾ, സ്റ്റെറയിൻസ് ചെറിയ തരം ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും വിഹിതമായ 38 ലക്ഷം രൂപ വിനിയോഗിക്കാവുന്നതാണ്.

2. മന്തുരോഗ നിയന്ത്രണം.

(വിഹിതം 20.00 ലക്ഷം രൂപ)

മന്തുരോഗം പിടിപെട്ട ഏകദേശം 70 ലക്ഷം ആളുകളിൽ ഏകദേശം 28 ലക്ഷം രോഗികളെ 17 ദേശീയ മന്തുരോഗ നിയന്ത്രണ യൂണിറ്റുകളുടേയും 11 മന്തുരോഗ ക്ലീനിക്കുകളുടേയും പ്രവർത്തന പരിധിയിൽ കൊണ്ടു വന്നിട്ടുണ്ട്. തൃശ്ശൂരിലും തളിപ്പറമ്പയിലുമുള്ള രണ്ടു മന്തുരോഗ സർവ്വെ യൂണിററുകൾ മന്തുരോഗ ബാധിത പ്രദേശങ്ങൾ സർവ്വെ ചെയ്തു. ഇപ്പോൾ ഈ രോഗമുണ്ടാകുന്നതിനുള്ള സാഹചര്യം എന്താണെന്ന് വിലയിരുത്തുകയും ചെയ്തു വരുന്നു. മരുന്നിനുള്ള ചെലവിനും, വാഹനങ്ങൾ മാററുന്നതിനും സ്പ്രെയറുകൾ, മൈക്രോ സ്ക്കോപ്പുകൾ, മൈക്രോ സ്ലൈഡുകൾ അണുനാശിനികൾ എന്നിവ വാങ്ങുന്നതിനാണ് പ്രസ്തുത വിഹിതം.

3. ദേശീയ മലമ്പനി നിർമ്മാർജ്ജന പരിപാടി.

(വിഹിതം—10 00 ലക്ഷം രൂപ)

ഈ പദ്ധതിയ്ക്കു വേണ്ടിയുള്ള കേന്ദ്രസഹായം മരുന്നും ഉപകരണങ്ങളുമായി നൽകുന്നു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലേക്കായി ശമ്പളവും മററിനങ്ങളിലുള്ള എസ്ററാബ്ലിഷ്മെൻറ് ചെലവുകൾ വഹിക്കുന്നതിനും ഔഷധങ്ങൾ, സ്പ്രേ ഉപകരണങ്ങൾ, മൈക്രോസ്ലൈഡുകൾ, വാഹനങ്ങൾ മററ് അത്യാവശ്യ വസ്തുക്കൾ തുടങ്ങിയവ വാങ്ങുന്നതിനുമാണ് 10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്.

## ശുദ്ധജല വിതരണവും മാലിന്യ നിവാരണവും

### 1. ത്വരിതഗതിയിലുള്ള നഗരജല വിതരണ പദ്ധതി

(വിഹിതം 20.00 ലക്ഷം രൂപ)

20,000-ൽ താഴെ ജനസംഖ്യയുള്ള നഗരങ്ങളിൽ നഗര നിലവാരത്തിലുള്ള ജലവിതരണ സംവിധാനം വിഭാവന ചെയ്യുന്ന പദ്ധതിയാണിത്. ഈ പദ്ധതിയ്ക്ക് അൻപത് ശതമാനം കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നുണ്ട്. ഈ പദ്ധതിക്ക് 1993-94-ൽ പ്രതീക്ഷിക്കുന്ന കേന്ദ്ര സഹായമാണ് വിഹിതം.

## നഗര വികസനം

### 1. പാവപ്പെട്ടവർക്ക് വേണ്ടി നഗരത്തിലെ അടിസ്ഥാന സേവന പരിപാടികൾ

60 ശതമാനം കേന്ദ്രസഹായം

(വിഹിതം 60.00 ലക്ഷം രൂപ)

അടിസ്ഥാന സേവനങ്ങളും അത്യാവശ്യ സൗകര്യങ്ങളുമായ ശുദ്ധജല വിതരണം, ചെലവു കുറഞ്ഞ ശുചീകരണ പ്രവർത്തനങ്ങൾ, അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യം, പരിസ്ഥിതിമെച്ചപ്പെടുത്തൽ എന്നിവയ്ക്ക് പ്രചോദനവും മെച്ചപ്പെട്ട ബോധവൽക്കരണവും നൽകുന്നതിലേക്ക് വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് 60 ശതമാനം കേന്ദ്രസഹായം ലഭിക്കുന്ന ഈ പദ്ധതിയുടെ ലക്ഷ്യം 1992-93 മുതൽ 60 ശതമാനം കേന്ദ്രസഹായത്തോടുകൂടി ഈ പദ്ധതി നെയ്യാററിൻകര, വർക്കല, പുനലൂർ, പറവൂർ, കൊടുങ്ങല്ലൂർ, ചാവക്കാട്, തിരൂർ, പൊന്നാനി, വടകര, കണ്ണൂർ, തലശ്ശേരി, കാസറഗോഡ്, കാഞ്ഞങ്ങാട് എന്നീ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കി വരുന്നു. 1993-94 ലേക്ക് കേന്ദ്രവിഹിതമായി 60 ലക്ഷം രൂപയാണ് നൽകിയിരിക്കുന്നത്.

### 2. നെഹ്റു തൊഴിൽദാന പദ്ധതി

60 ശതമാനം കേന്ദ്രസഹായം

(വിഹിതം 240.00 ലക്ഷം രൂപ)

നഗരങ്ങളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിന് 1989-90-ൽ ആരംഭിച്ച ഒരു പദ്ധതിയാണിത്. 1989-90-ലെ വില നിലവാരത്തെ അടിസ്ഥാനമാക്കി 9950 രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കാൻ അർഹതയുണ്ട്.

ഈ പദ്ധതിയുടെ മൂന്നു ഘടകങ്ങൾ നഗരത്തിലെ ചെറിയ തൊഴിൽ സംരംഭങ്ങൾ, വേതനം കിട്ടുന്ന തൊഴിലുകൾ, ഭവന നിർമ്മാണവും, പാർപ്പിടസൗകര്യവും മെച്ചപ്പെടുത്തൽ എന്നിവയാണ്, നഗരത്തിലെ ചെറിയ സംരംഭങ്ങളുടെ രണ്ട് പ്രധാന ഘടകങ്ങൾ വായ്പയും സബ്സിഡിയും, പരിശീലനം നൽകലും അടിസ്ഥാന സജ്ജീകരണ സഹായവുമാണ്.

നഗരത്തിലെ വേതനം കിട്ടുന്ന തൊഴിൽ എന്ന പദ്ധതി പ്രത്യേകിച്ചും താഴ്ന്ന വരുമാനക്കാർക്കും നഗരത്തിലെ പാവപ്പെട്ടവർക്കും സാമൂഹികവും സാമ്പത്തികവുമായ പൊതുമുതൽ പ്രയോജനപ്പെടുത്തി തൊഴിലവസരങ്ങൾ നല്കുന്നതിനുദ്ദേശിച്ചു രൂപവൽക്കരിച്ചതാണ്.

ഭവന നിർമ്മാണവും പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തലും കൊണ്ടുദ്ദേശിക്കുന്നത് ഭവന നിർമാണത്തിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ്. ഇതിന്റെ രണ്ടു ഘടകങ്ങൾ (i) കല്പണിക്കാർ, മരപ്പണിക്കാർ, പ്ലംബർമാർ, ശുചീകരണ തൊഴിലാളികൾ മുതലായവർക്ക് പരിശീലനം നല്കി പരിചയ സമ്പന്നരാക്കുക. (ii) ഭവന നിർമ്മാണം/താമസ സൗകര്യം ഇവ മെച്ചപ്പെടുത്തുന്നതിന് സഹായ ധനവും വായ്പാ സഹായവും നല്കുക എന്നിവയാണ്. കേന്ദ്രസംസ്ഥാന സർക്കാർ 60:40 എന്ന അനുപാതത്തിലാണ് സഹായം നല്കുന്നത്. കേന്ദ്ര വിഹിതമായി 1993-94—ലേക്ക് 240 ലക്ഷം രൂപയാണ് നീക്കി വച്ചിരിക്കുന്നത്. ഇതിൽ 30 ലക്ഷം രൂപ പ്രത്യേക ഘടക പദ്ധതിക്കായിട്ടാണ് നൽകിയിരിക്കുന്നത്.

### 3. ചെറുതും ഇടത്തരവുമായ നഗരങ്ങളുടെ സംയോജിത വികസന പദ്ധതി

(വിഹിതം-60.00 ലക്ഷം രൂപ)

ഇത് 50 ശതമാനം ധനസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായി 1979-80-ൽ ആരംഭിച്ചു. തെരഞ്ഞെടുത്ത നഗരങ്ങളിൽ ശുചീകരണ പദ്ധതികൾക്കുള്ള 6 ലക്ഷം രൂപ ഉൾപ്പെടെ 52 ലക്ഷം രൂപയാണ് സാമ്പത്തിക സഹായമായി കേന്ദ്ര സർക്കാർ നൽകുന്നത്. ഈ പദ്ധതിയിൻ കീഴിൽ 21 പട്ടണങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. പൂർത്തീകരിക്കേണ്ട പദ്ധതികളുടെ മൊത്തം ചെലവ് 316.38 ലക്ഷം രൂപയാണ്. 60 ലക്ഷം രൂപ ഇതിനു വേണ്ടിയും 1992–93, 1993-94-ൽ പുതിയ പദ്ധതികൾ തുടങ്ങുന്നുണ്ടെങ്കിൽ അതിനുള്ള വിഹിതവുമായിട്ടാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## തൊഴിലും തൊഴിലാളിക്ഷേമവും

### 4 തൊഴിൽ വൈദഗ്ദ്ധ്യ വികസന പദ്ധതി

(വിഹിതം 208.00 ലക്ഷം രൂപ)

1988-89 മുതൽ വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ നവീകരിക്കുന്നതിന് 15.08 കോടി രൂപ ചെലവുള്ള തൊഴിൽ വൈദഗ്ദ്ധ്യ വികസന പദ്ധതി നടപ്പിലാക്കി വരികയാണ്. പദ്ധതിയുടെ കാലാവധി 1989-90 മുതൽ 1994-95 വരെ 6 വർഷത്തേക്കാണ്. ഇതിന്റെ പ്രധാന ഘടകങ്ങൾ ഉപകരണ നവീകരണം, ഉപകരണ പരിപാലനം, ദൃശ്യ-ശ്രവണോപകരണങ്ങൾ, പദ്ധതി നിയന്ത്രണ യൂണിററുകൾ, പുതിയ തൊഴിലുകൾ ആരംഭിക്കൽ, സ്ത്രീകൾക്കു മാത്രമായുള്ള പുതിയ വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ എന്നിവയാണ് ഇതിനായിട്ട് 30-11-1992 വരെ 448.29 ലക്ഷം രൂപ ചെലവായി. ഉപകരണങ്ങളും മററും വാങ്ങുന്നതിന് താമസം നേരിടുന്നതുകൊണ്ട് പുരോഗതി വളരെ മന്ദഗതിയിലാണ്. പദ്ധതിപ്രകാരം 1993-94-ലേക്ക് 147.30 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഡോളറിന്റെ മൂല്യം കൂടിയതുകൊണ്ടും തുക മിച്ചമുള്ളതുകൊണ്ടും മുൻവർഷങ്ങളിലെ മന്ദഗതിയിലുള്ള പുരോഗതി കണക്കിലെടുത്തുംകൊണ്ട് 1993-94-ലേയ്ക്ക് 208 ലക്ഷം രൂപ വിഹിതമായി നൽകിയിട്ടുണ്ട്. ഇതിൽ 30 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് വകകൊള്ളിച്ചിരിക്കുന്നത്.

### 2. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കമ്പ്യൂട്ടർവൽക്കരണം

(വിഹിതം 13.60 ലക്ഷം രൂപ)

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഘട്ടംഘട്ടമായി കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനാണ് പ്രസ്തുത വിഹിതം, ഇതിൽ ഹാർഡ് വെയറും സോഫ്റ്റ്

വെയറും കേന്ദ്രസർക്കാർ ചെലവാക്കുന്നതാണ്. സ്ഥലത്തിനാവശ്യമായ 1.5 ലക്ഷം രൂപ സംസ്ഥാന സർക്കാർ ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനും വേണ്ടി ചെലവാക്കേണ്ടതാണ്. കൂടാതെ സ്റ്റാഫ്, എയർകണ്ടിഷനിംഗ് എന്നീ അടിസ്ഥാന സൗകര്യങ്ങൾക്ക് ആവശ്യമായ ചെലവും സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. 1993-94-ലേക്ക് ഇതിലേക്കായി 13.60 ലക്ഷം രൂപ നൽകിയിരിക്കുന്നു.

## 1. കേരള സംസ്ഥാന പട്ടികജാതി /പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

(വിഹിതം 82.00 ലക്ഷം രൂപ)

കോർപ്പറേഷന്റെ അംഗീകൃത മൂലധനത്തിൻ മേലുള്ള മുതൽമുടക്ക് സംസ്ഥാനവും കേന്ദ്രവും 51:49 എന്ന അനുപാതത്തിൽ വീതിച്ചിരിക്കുന്നു. കൃഷിഭൂമി വാങ്ങി വിതരണം ചെയ്യൽ വിദേശത്ത് തൊഴിൽ സാദ്ധ്യത, തൊഴിൽ കണ്ടെത്തലിന് മാർജിൻ മണി പദ്ധതി, സീഡ്മണി പദ്ധതി, പെട്രോൾപമ്പ്, പാചക ഗ്യാസ് എന്നിവ തുടങ്ങുന്നതിന് മാർജിൻ മണിലോൺ, നാലുചക്ര വാഹനങ്ങൾ വാങ്ങുന്നതിനും, വ്യവസായം തുടങ്ങുന്നതിനും സാമ്പത്തിക സഹായം നൽകൽ, ഓട്ടോമൊബൈൽ/ഇലക്ട്രിക്കൽ/മെക്കാനിക്കൽ വർക്ക്ഷോപ്പ് ആരംഭിക്കൽ എന്നീ പരിപാടികൾ കോർപ്പറേഷൻ നടത്തി വരുന്നു.

തോന്നയ്ക്കൽ കയറ് കോംപ്ലക്സ് പ്രോജക്ട്, ഡോ. അംബേദ്കർ ത്രിഫ്റ്റ് സ്കീം എന്നീ പദ്ധതികൾകൂടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. തോന്നയ്ക്കൽ കയറ് കോംപ്ലക്സ് എൻ. എസ്. എഫ്. ഡി. സി. യുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കുന്നതാണ്. പ്രത്യേക ഘടക പദ്ധതിയുടേയും ഗിരിവർഗ്ഗ ഉപ പദ്ധതിയുടേയും പ്രത്യേക കേന്ദ്രസഹായം ഉപയോഗിച്ച് ഈ കോർപ്പറേഷൻ പരിശീലന പരിപാടികൾ നടത്തിവരുന്നു.

കോർപ്പറേഷൻ നടത്തുന്ന ഫീൽഡ് സ്റ്റഡീസ്, മോണിറ്ററിംഗ് വിലയിരുത്തൽ, ടെക്നിക്കലും റിക്കവറിംഗിന്റെ ചെലവും എന്നിവയ്ക്കായി മൊത്തം കേന്ദ്രസഹായമായ 82 ലക്ഷം രൂപയിൽ 10 ലക്ഷം രൂപ മാച്ചിംഗ് ഗ്രാന്റായി വകയിരുത്തിയിരിക്കുന്നു.

## 2. പരിശീലനവും അനുബന്ധ പദ്ധതികളും

(വിഹിതം 16.00 ലക്ഷം രൂപ)

50% കേന്ദ്ര സഹായമുള്ള ഒരു പരിപാടിയാണിത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ പ്രീ എക്സാമിനേഷൻ പരിശീലനകേന്ദ്രങ്ങളും ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരികയും അനുയോജ്യമാംവിധം ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശയനുസരിച്ച് ഈ കേന്ദ്രങ്ങളുടെ മാദ്ധ്യമ നിലവാരം ഉയർത്തുന്നതാണ്. പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശന പരീക്ഷയ്ക്കുവേണ്ട തയ്യാറെടുപ്പ് ഉൾപ്പെടെയുള്ള ആവശ്യാധിഷ്ടിത പരിശീലനം ഈ സെന്ററുകളിൽ കൂടി നൽകുന്നതായിരിക്കും. ആൾ ഇൻഡ്യാ സർവ്വീസ് പരീക്ഷയ്ക്ക് തെരഞ്ഞെടുക്കുന്ന പട്ടികജാതി യുവാക്കൾക്ക് അതിനുവേണ്ടി മാത്രമായി സ്ഥാപിച്ചിരിക്കുന്ന കേന്ദ്രംവഴി പരിശീലനം നൽകുന്നതായിരിക്കും.

## 3. പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കൽ

(വിഹിതം 12.00 ലക്ഷം രൂപ)

പോലീസ് സ്ക്വാഡിനുള്ള ചെലവുകൾ ഈ വിഹിതത്തിൽ നിന്ന് വഹിക്കാവുന്നതാണ്. ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ പട്ടികജാതിക്കാർക്കിടയിൽ അവയർനസ് ക്യാമ്പുകൾ സംഘടിപ്പിക്കാൻ ഈ വിഹിതം ഉപയുക്തമാക്കുന്നതാണ്. പട്ടികജാതിക്കാർക്കിടയിൽ പ്രത്യേകിച്ച് മേൽപ്പറഞ്ഞ ജില്ലകളിൽ ക്രൂരകൃത്യങ്ങൾക്ക് വിധേയരാകുന്നവർക്കുവേണ്ടി ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതാണ്. ഈ ഗ്രൂപ്പുകളിൽ പട്ടികജാതിയിലെ പ്രതിനിധികളും പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് മെമ്പർമാരും അംഗങ്ങളായിരിക്കും. താലൂക്ക്,/ബ്ലോക്ക് തലങ്ങളിൽ പട്ടികജാതി താലൂക്ക് വികസന ആഫീസറും പോലീസ് സർക്കിൾ ഇൻസ്പെക്ടറും ഈ ഗ്രൂപ്പിലെ അംഗങ്ങളും ചേർന്ന ഒരു സമിതി മാസം തോറും പ്രവർത്തനം വിലയിരുത്തുകയും വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

തൊട്ടുകൂടായ്മയുടെ ദൂഷ്യവശങ്ങളെ സംബന്ധിച്ച പ്രദർശനം, നാടകങ്ങൾ, സെമിനാറുകൾ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ സന്നദ്ധ സംഘടനകൾക്കുള്ള സഹായം മുതലായവ ഈ പരിപാടിയുടെ ഭാഗങ്ങളാണ്. പട്ടിക ജാതിയിലെ സ്ത്രീകളെ പങ്കെടുപ്പിച്ച് ഓരോ ബ്ലോക്കിലും ഉൽബോധന മാർഗ്ഗ നിർദ്ദേശക കേന്ദ്രങ്ങൾ സ്ഥാപിച്ച് അവർക്കുള്ള ആനുകൂല്യങ്ങളേയും അവസരങ്ങളേയും അറിയിക്കാനുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്.

മിശ്രവിവാഹിതരായ ദമ്പതികളനുഭവിക്കുന്ന സമൂഹത്തിലുള്ള ഒറ്റപ്പെടലും വൈഷമ്യങ്ങളും ലഘൂകരിക്കുന്നതിനും അവരെ സ്വാശ്രയരാക്കുന്നതിനുംവേണ്ടി ഈ വിഹിതം ഉപയോഗിക്കുന്നതാണ്. ദമ്പതികൾക്ക് ഇപ്പോൾ നൽകിവരുന്ന ധനസഹായമായ 2,000 രൂപ അവരുടെ സാമ്പത്തികനില ഉയർത്തുവാൻ മതിയാവുന്നതല്ല. അതിനാൽ പ്രസ്തുത സഹായം എട്ടാം പദ്ധതിയിൽ 5,000 രൂപയായി ഉയർത്തിയിട്ടുണ്ട്. ഏതെങ്കിലും സംരംഭവുമായി ബന്ധപ്പെടുത്തിയായിരിക്കും സഹായധനം നൽകുക. പ്രസ്തുത സംരംഭം ആരംഭിക്കുന്നതിനാവശ്യമായ ധനസഹായം സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും ഒരുക്കി കൊടുക്കുന്നതിനും ഡിപ്പാർട്ടുമെന്റ് ശ്രമിക്കുന്നതാണ്.

## 1. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള കേരള സംസ്ഥാന ഗവേഷണ പരിശീലന വികസന സ്ഥാപനം

(വിഹിതം 15.00 ലക്ഷം രൂപ)

പട്ടികജാതി /പട്ടികവർഗ്ഗക്കാർക്കുള്ള കേരള സംസ്ഥാന ഗവേഷണ പരിശീലന വികസന സ്ഥാപനം ഗവേഷണത്തിനും വിലയിരുത്തലിനും വേണ്ടിയുള്ള ഒരു പ്രത്യേക കേന്ദ്രമാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ജീവിതം, സംസ്കാരം, പുരോഗതി എന്നവയെക്കുറിച്ച് പഠനവും ഗവേഷണവും നടത്തുന്നതിനുള്ള ചുമതല ഈ കേന്ദ്രത്തിനെ ഏൽപ്പിച്ചിരിക്കുന്നു. ഉദ്യോഗാനുദ്യോഗസ്ഥർക്കും ഈ സ്ഥാപനത്തിൽ പരിശീലനം നൽകുന്നതിനും ഈ വർഷം പരിപാടിയുണ്ട്.

## നിർമ്മാണ ജോലികൾ

ആസ്ഥാന മന്ദിരം പണിയുന്നതിന് 52 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി കിട്ടിയിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ ആദ്യഘട്ടം 31 ലക്ഷം രൂപ ചെലവ് ചെയ്ത് പണി പൂർത്തിയാക്കിയിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്ന് ശേഖരിച്ചിട്ടുള്ള കലാമേന്മയുള്ള പുരാവസ്തുക്കൾ സൂക്ഷിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുമായി ഒരു പ്രത്യേക മ്യൂസിയവും നിർമ്മിക്കുന്നതാണ്. ഇതിലേയ്ക്ക് മൂന്ന് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

NIEPA DC
D07892

5. പ്രൊഫഷണൽ കോളേജുകളിലും പോളിടെക്നിക്കുകളിലും ബുക്ക് ബാങ്കുകൾ

(വിഹിതം: 8.00 ലക്ഷം രൂപ)

അമ്പതു ശതമാനം കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിലപിടിപ്പുള്ള പുസ്തകങ്ങളും പഠനോപകരണങ്ങളും മററും വാങ്ങുന്നതിനുള്ളതാണ് ഈ വിഹിതം. എട്ടാം പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ പ്രൊഫഷണൽ കോളേജുകളിലും പോളിടെക്നിക്കുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. ഈ കോളേജുകളിൽ ലഭ്യമായ പുസ്തകങ്ങളുടെ പുനപ്രസിദ്ധീകരണത്തിനും ശേഖരിക്കുന്നതിനും അവ സൂക്ഷിച്ചു വയ്ക്കുന്നതിനും പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിനും ഉദ്ദേശമുണ്ട്. കാർഷിക കോളേജ്, ലോ കോളേജ്, വെററിനറി കോളേജ് എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളേയും പോളിടെക്നിക്കുകളിൽ ഡിപ്ലമോ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളെയുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

6. പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ ഹോസ്ററലുകൾ

(വിഹിതം: 13.00 ലക്ഷം രൂപ)

അൻപതു ശതമാനം കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. കേന്ദ്രസഹായമായിട്ട് ലഭിക്കുന്ന മൊത്തം തുകയും ഹോസ്ററലിന്റെ നിർമ്മാണത്തിനാണ്. മുൻവർഷങ്ങളിൽ ആരംഭിച്ച പണികളുടെ പൂർത്തീകരണത്തിനും പദ്ധതി വിഹിതത്തിൽ നിന്ന് ചെലവു വഹിക്കുന്നതാണ്.

7. ആൺകുട്ടികളുടെ ഹോസ്ററൽ

(വിഹിതം: 6.00 ലക്ഷം രൂപ)

ജില്ലാ ആസ്ഥാനങ്ങളിൽ ആൺകുട്ടികളുടെ ഹോസ്ററൽ നിർമ്മാണത്തിനുള്ളതാണ് ഈ തുക. സംസ്ഥാനത്തിൽ ഇൻഡ്യാ ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള നഗരപ്രദേശത്തിലെ ഹോസ്ററൽ നിർമ്മാണത്തിനും ഈ തുക ഉപയോഗിക്കാവുന്നതാണ്. 1993-94-ൽ രണ്ടു ഹോസ്ററലുകൾ പണിയുന്നതാണ്.

8. വൃത്തിരഹിത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികജാതിക്കാരുടെ കുട്ടികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് ഏർപ്പെടുത്തൽ

(വിഹിതം: 1.00 ലക്ഷം രൂപ)

വൃത്തിരഹിത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികജാതിക്കാരുടെ 1 കുട്ടികൾക്ക് പ്രീ-മെട്രിക്സ്കോളർഷിപ്പുകൾ നൽകുകയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

9. 1989-ലെ അതിക്രമങ്ങൾ തടയൽ നിയമം നടപ്പിലാക്കൽ

(വിഹിതം: 15.00 ലക്ഷം രൂപ)

ക്രൂരകൃത്യങ്ങൾക്കും പ്രകൃതി ക്ഷോഭങ്ങൾക്കും വിധേയരാകുന്ന പാവപ്പെട്ട പട്ടികജാതിക്കാർക്ക് സാമ്പത്തിക ബുദ്ധിമുട്ടു കാരണം ഇവയൊക്കെ തരണം ചെയ്യാൻ കഴിയുന്നില്ല. തൻമൂലം അവരുടെ സ്വത്തുക്കൾ വിൽക്കാൻ നിർബന്ധിതരാകുന്നു. ക്രൂരകൃത്യങ്ങൾക്ക് വിധേയരാകുന്ന പട്ടികജാതിക്കാരെ സഹായിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി. ഇത്തരം കൃത്യങ്ങൾക്ക് ഇരയാകുന്നവർക്കോ അവരുടെ ആശ്രിതർക്കോ ഗ്രാൻറ്, സബ്സിഡി, തൊഴിലവസരം, താൽക്കാലികാശ്വാസം, പണസംബന്ധമായ ഇളവുകൾ തുടങ്ങി ഏതെങ്കിലും തരത്തിൽ ധനസഹായം നൽകുന്നതായിരിക്കും.

10. പട്ടികവർഗ്ഗത്തിൽപ്പെട്ട പെൺകുട്ടികൾക്കുള്ള ഹോസ്ററലുകളുടെ നിർമ്മാണം

(വിഹിതം: 20.00 ലക്ഷം രൂപ)

50% കേന്ദ്രസഹായമുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. ഘട്ടം ഘട്ടമായി ഹോസ്ററലുകൾക്ക് സ്ഥിരമായ കെട്ടിടം നിർമ്മിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആകെയുള്ള 27 ഹോസ്ററലുകളിൽ 13 എണ്ണത്തിനു മാത്രമേ സ്ഥിരമായ കെട്ടിടങ്ങൾ ഉള്ളൂ. ബാക്കിയുള്ളവ ഇപ്പോൾ വാടകകെട്ടിടങ്ങളിലോ താൽക്കാലികഷെഡ്ഡുകളിലോ ആണ് പ്രവർത്തിക്കുന്നത്. മുൻ വർഷങ്ങളിൽ ആരംഭിച്ച അററകുററപ്പണികളുടെ പൂർത്തീകരണത്തിനും 1993-94 വർഷത്തിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും വേണ്ടിയാണ് പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ളത്.

11. പട്ടിക വർഗ്ഗക്കാരായ ആൺകുട്ടികൾക്കുള്ള ഹോസ്ററലുകളുടെ നിർമ്മാണം

(വിഹിതം: 20.00 ലക്ഷം രൂപ)

അൻപതു ശതമാനം കേന്ദ്രസഹായമുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിവരുന്ന 79 ഹോസ്ററലുകളിൽ 16 എണ്ണത്തിനുമാത്രമേ സ്വന്തം കെട്ടിടങ്ങൾ ഉള്ളൂ. ഇപ്പോൾ വാടക കെട്ടിടങ്ങളിലോ താൽക്കാലിക ഷെഡ്ഡുകളിലോ പ്രവർത്തിക്കുന്ന ഹോസ്ററലുകൾക്ക് സ്ഥിരമായ കെട്ടിടങ്ങൾ നിർമ്മിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 20 ലക്ഷം രൂപയാണ് പദ്ധതിയുടെ കേന്ദ്ര വിഹിതം.

12. പട്ടികവർഗ്ഗക്കാർക്ക് പ്രയോജനമുള്ള സാമ്പത്തിക പദ്ധതി നടപ്പാക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനുള്ള ഓഹരി മൂലധനം (49% കേന്ദ്ര വിഹിതം.)

(വിഹിതം 7.20 ലക്ഷം രൂപ)

പട്ടികവർഗ്ഗക്കാർക്ക് പ്രയോജനമുള്ള സാമ്പത്തിക വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന് ഓഹരി മൂലധനം നൽകുന്നതിലേക്കാണ് തുക നീക്കി വച്ചിട്ടുള്ളത്.

13. വയനാട് ജില്ലയിലെ നല്ലൂർ നാട്ടിൽ ആൺകുട്ടികൾക്കുള്ള ഒരു മാതൃകാ റസിഡൻഷ്യൽ സ്ക്കൂൾ (ആശ്രമം സ്ക്കൂൾ) സ്ഥാപിക്കൽ

(വിഹിതം 10.00 ലക്ഷം രൂപ)

മുപ്പത് വിദ്യാർത്ഥികളെ അഞ്ചാം സ്ററാൻഡേർഡിൽ പ്രവേശിപ്പിച്ചുകൊണ്ട് 1990-91-ൽ ആണ് നല്ലൂർനാട് മാതൃകാ റസിഡൻഷ്യൽ സ്ക്കൂൾ ആരംഭിച്ചത്. ആവർത്തനച്ചെലവുകളുടെ അൻപത് ശതമാനം കേന്ദ്ര സഹായമായി ഈ പദ്ധതിക്ക് ലഭിക്കുന്നതാണ്.

സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ ആദ്യഘട്ടം പൂർത്തിയായിക്കഴിഞ്ഞു. ഹോസ്റ്റൽ, കളിസ്ഥലം, ഉദ്യോഗസ്ഥർക്കുള്ള താമസസ്ഥലം തുടങ്ങിയവയുടെ നിർമ്മാണ പരിപാടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 10 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള 50 % കേന്ദ്ര വിഹിതമാണ.

14. വയനാട് മലപ്പുറം ജില്ലകളിലെ പ്രാകൃത ഗിരിവർഗ്ഗക്കാർക്ക് മാതൃകാ റസിഡൻഷ്യൽ പ്രൈമറി സ്കൂൾ (ആശ്രമം സ്കൂൾ)

(വിഹിതം 13.00 ലക്ഷം രൂപ)

പ്രാകൃത ഗിരിവർഗ്ഗക്കാരുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് പബ്ലിക് സ്കൂൾ മാതൃകയിലുള്ള ഒരു ആശ്രമം സ്കൂൾ വയനാട് ജില്ലയിലെ നൂൽപ്പുഴയിൽ ആരംഭിക്കുകയുണ്ടായി. ഇപ്പോൾ Iഉം IIഉം സ്റ്റാൻഡേർഡുകളിൽ 30 കുട്ടികളെ വീതം ഉൾപ്പെടുത്തി ഈ സ്കൂൾ പ്രവർത്തിക്കുന്നു. ആഹാരവും താമസ സൗകര്യവും ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും ഉണ്ട്. മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ ഇത്തരം ഒരു സ്കൂൾ ആരംഭിക്കുന്നുണ്ട്. ചോലനായ്ക്കൻ, കാട്ടുനായ്ക്കൻ വിഭാഗത്തിൽപ്പെടുന്നവർക്കാണ് ഈ സ്കൂളിന്റെ പ്രയോജനം കൂടുതൽ ലഭിക്കുന്നത്. ഓരോവർഷവും ഒന്നാം സ്റ്റാൻഡേർഡിൽ 30 കുട്ടികൾക്ക് പ്രവേശനം നൽകുന്നതും അവരെ നാലാം സ്റ്റാൻഡേർഡു വരെ ഇവിടെ പഠിപ്പിക്കുന്നതുമാണ്.

4-ാമത്തെ വർഷം മുതൽ ആകെ 120 വിദ്യാർത്ഥികൾ ഈ സ്കൂളിലുണ്ടാവും. മലപ്പുറം ജില്ലയിൽ ആകെയുള്ള 1592 അപരിഷ്കൃത ഗിരിവർഗ്ഗക്കാരിൽ 190 പേർ സ്കൂൾ വിദ്യാർത്ഥികളായതിനാൽ 1993-94-ൽ 30 കുട്ടികളെ ഒന്നാം സ്റ്റാൻഡേർഡിൽ പ്രവേശിപ്പിക്കുവാൻ വളരെ എളുപ്പമായിരിക്കും.

അനാവർത്തനച്ചെലവുകളുടെ 50 % കേന്ദ്രസഹായമായി ലഭിക്കുന്നതാണ്. 13 ലക്ഷം രൂപയാണ് കേന്ദ്ര വിഹിതം.

15. തിരുവനന്തപുരം ജില്ലയിലെ കട്ടേലയിൽ പെൺകുട്ടികൾക്കുള്ള മാതൃകാ റസിഡൻഷ്യൽ സ്കൂൾ (ആശ്രമം സ്കൂൾ)

(വിഹിതം 20.00 ലക്ഷം രൂപ)

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികൾക്കുവേണ്ടി പബ്ലിക് സ്കൂൾ മാതൃകയിലുള്ള സ്കൂൾ ആരംഭിച്ച് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 30 വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചുകൊണ്ട് 1990-91-ൽ ആണ് ഈ സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചത്. വാടക കെട്ടിടത്തിലാണ് ഇപ്പോൾ ഈ സ്കൂൾ പ്രവർത്തിക്കുന്നത്. സ്വന്തമായൊരു സ്കൂൾ കെട്ടിടത്തിന് ആവശ്യമായ സ്ഥലവും നിർമ്മാണത്തിനുള്ള ഭരണാനുമതിയും ലഭിച്ചുകഴിഞ്ഞു. അനാവർത്തന ചെലവുകളുടെ 50 % കേന്ദ്ര സഹായമായി ഈ പദ്ധതിക്ക് ലഭിക്കുന്നതാണ്.

16. 1989-ലെ അതിക്രമങ്ങൾ തടയൽ നിയമം നടപ്പിലാക്കൽ

(വിഹിതം 8.00 ലക്ഷം രൂപ)

മേൽപ്പറഞ്ഞ നിയമത്തിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾക്ക് ദ്രുതഗതിയിലുള്ള വിധി നിർണ്ണയത്തിനുവേണ്ടി എല്ലാ ജില്ലകളിലും ഒരു പ്രത്യേക ബെഞ്ച് ഉണ്ട്. അതിക്രമ കൃത്യങ്ങൾക്കിരയാകുന്നവർക്ക് തക്കതായ നഷ്ടപരിഹാരം നൽകി അവരെ പുനരധിവസിപ്പിക്കേണ്ടതാണ്. ഇവർക്ക് തൊഴിലും മററു ജീവിതമാർഗ്ഗങ്ങളും ലഭിക്കുന്നതിനുതകുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. ആവശ്യമുള്ളിടത്തെല്ലാം നിയമസഹായം നൽകുന്നതുമാണ്. വയനാടു ജില്ലയിൽ ഒരു സഞ്ചരിക്കുന്ന പോലീസ് സ്ക്വാഡ് അനുവദിച്ചിട്ടുണ്ട്. 8 ലക്ഷം രൂപയാണ് 1993-94-ലെ കേന്ദ്രവിഹിതം.

## സാമൂഹ്യക്ഷേമം

1. ജയിൽ പുള്ളികളുടെ ക്ഷേമം

(വിഹിതം 2.00 ലക്ഷം രൂപ)

ജയിലിലുള്ള വായന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കായിക വിനോദ സാമഗ്രികൾ വാങ്ങുക, ജയിൽ വാർഷിക ദിനാഘോഷങ്ങളും സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കുക സെൻട്രൽ ജയിൽ, ഡിസ്ട്രിക്റ്റ് ജയിൽ, വനിതാ ജയിൽ, ബാലമന്ദിരം എന്നിവിടങ്ങളിലേക്കു ടെലിവിഷൻ, റേഡിയോ, ആംപ്ലിഫയർ എന്നിവ നൽകുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 1993-94-ൽ 2 ലക്ഷം രൂപ കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നു.

2. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വിമുക്ത ഭടൻമാരെ തയ്യാറാക്കൽ

(വിഹിതം 2.00 ലക്ഷം രൂപ)

സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി വിമുക്ത ഭടൻമാർക്ക് പരിശീലനം നൽകുന്നതിനുള്ള ഒരു പദ്ധതിയാണിത്. ഈ പദ്ധതി വിഹിതം കൊണ്ടു ഏകദേശം 250 വിമുക്ത ഭടൻമാർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു.

3. ജുവനൈൽ ജെസ്റ്റീസ് നിയമ പ്രകാരം നിരീക്ഷണാലയം സ്ഥാപിക്കൽ

(വിഹിതം 10.00 ലക്ഷം രൂപ)

ബാലകുററവാളികൾക്കു വേണ്ടിയുള്ള നിരീക്ഷണശാല സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ജെ. ജെ. നിയമത്തിൻ കീഴിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഒരു പ്രധാന പരിപാടി. കേന്ദ്രത്തിൽ നിന്നും ഈ പദ്ധതിക്ക് 50 ശതമാനം സഹായം ലഭിക്കും. ബാക്കി 50 ശതമാനം സംസ്ഥാന ഗവൺമെന്റും നൽകേണ്ടതാണ്. 1993-94 കാലയളവിൽ ഈ പദ്ധതിക്ക് 10 ലക്ഷം രൂപ കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നു.

## സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

**1. സംസ്ഥാന ആസൂത്രണ സംവിധാനം ശക്തിപ്പെടുത്തൽ**

(വിഹിതം 4.00 ലക്ഷം രൂപ)

മൂന്നിൽ രണ്ട് ഭാഗം കേന്ദ്ര സഹായം ലഭിക്കുന്ന ഒരു കേന്ദ്രവിഷ്കൃത പദ്ധതിയാണ് ഇത്. സംസ്ഥാന ആസൂത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് ഈ വിഹിതം വിനിയോഗിക്കും.

**2. ജില്ലാ ആസൂത്രണ സംവിധാനം ശക്തിപ്പെടുത്തൽ**

(വിഹിതം 2.00 ലക്ഷം രൂപ)

ജില്ലാ ആസൂത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിലേക്ക് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന 50 ശതമാനം കേന്ദ്രവിഹിതമാണിത്.

## സാമ്പത്തികോപദേശവും സ്ഥിതി വിവരക്കണക്കും

**കാർഷിക സ്ഥിതി വിവരക്കണക്ക് യഥാസമയം പ്രസിദ്ധീകരിക്കൽ**

(വിഹിതം 160.00 ലക്ഷം രൂപ)

1993-94 വർഷം ഈ പദ്ധതി തുടരുന്നതിനാണ് കേന്ദ്ര സഹായമായി ഈ വിഹിതം വകയിരുത്തിയിരിക്കുന്നത്.

## പൊതുമരാമത്ത് പണികൾ

**ഹൈക്കോടതിക്ക് പുതിയ കെട്ടിടം നിർമ്മിക്കൽ**

(വിഹിതം 25.00 ലക്ഷം രൂപ)

നിയമവാഴ്ച എന്നത് പദ്ധതി പരിപാടിയായിട്ടാണ് ഇപ്പോൾ പരിഗണിച്ചിരിക്കുന്നത്. ജില്ലാ കോടതികൾക്കും മററ് ഉന്നത കോടതികൾക്കും വേണ്ടി വരുന്ന ചെലവുകൾ വഹിക്കുന്നതിന് 50:50 അടിസ്ഥാനത്തിൽ സഹായം ലഭിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പാക്കുവാൻ കേന്ദ്രസർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്. അതനുസരിച്ച് 1993-94 വർഷം 25 ലക്ഷം രൂപ ഹൈക്കോടതിക്ക് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കേന്ദ്രസഹായമായി പ്രതീക്ഷിക്കുന്നു.

---

LIBRARY & DOCUMENTATION C
National Institute of Educational
Planning and Administration
17-B, Sri Aurobindo Marg,
New Delhi-110016
DOC, No ... D-7892
Date ... 18-1-94